# ഭാഷാസാഹിതി

കേരളസർവകലാശാല മലയാളവിഭാഗത്തിന്റെ
ത്രൈമാസികപ്രസിദ്ധീകരണം

PEER REVIEWED JOURNAL

192

# ഭാഷാസാഹിതി

(Peer reviewed Journal)

**192**


| | | |
|---|---|---|
| മുഖ്യപത്രാധിപർ | - | പ്രൊഫ. സീമാ ജെറോം |
| സഹപത്രാധിപർ | - | പ്രൊഫ. കെ. കെ. ശിവദാസ് |
| ലക്കം പത്രാധിപർ | - | ഡോ. സീമാ ജെറോം |

മലയാളവിഭാഗം, കേരളസർവ്വകലാശാല
കാര്യവട്ടം, തിരുവനന്തപുരം - 695 581

**Department of Malayalam, University of Kerala**
Kariavattom, Thiruvananthapuram - 695 581

# ഭാഷാസാഹിതി

**പിയർ റിവ്യൂഡ് ജേണൽ (ത്രൈമാസികം)**
**2024 ഒക്ടോബർ - ഡിസംബർ പുസ്തകം -47 ലക്കം 4**

| | | |
|---|---|---|
| മുഖ്യപത്രാധിപർ | : | പ്രൊഫ. സീമാ ജെറോം |
| സഹപത്രാധിപർ | : | പ്രൊഫ. കെ. കെ. ശിവദാസ് |
| പത്രാധിപസമിതി | : | പ്രൊഫ. സി. ആർ. പ്രസാദ് |
| | | പ്രൊഫ. എസ്. ഷിഫ |
| | | പ്രൊഫ. എം. എ. സിദ്ദീഖ് |
| | | ഡോ. ഷീബ എം. കുര്യൻ |
| | | ഡോ. ടി. കെ. സന്തോഷ്കുമാർ |
| ഉപദേശകസമിതി | : | ഡോ. എൻ. മുകുന്ദൻ |
| | | ഡോ. ഡി. ബഞ്ചമിൻ |
| | | ഡോ. ദേശമംഗലം രാമകൃഷ്ണൻ |
| | | പ്രൊഫ. എ. എം. ഉണ്ണികൃഷ്ണൻ |
| | | പ്രൊഫ. പി. എസ്. രാധാകൃഷ്ണൻ |
| | | ഡോ. എസ്. നസീബ് |

ഭാഷാസാഹിതി ഭാഷയെയും സാഹിത്യത്തെയും സംസ്കാരത്തെയും സംബന്ധിച്ച ഗവേഷണത്തിനും പഠനത്തിനും പ്രാധാന്യം നൽകുന്ന പ്രസിദ്ധീകരണമാണ്. പ്രതിവർഷം നാലു ലക്കങ്ങൾ: ജനുവരി - മാർച്ച്, ഏപ്രിൽ - ജൂൺ, ജൂലൈ - സെപ്തംബർ, ഒക്ടോബർ - ഡിസംബർ

| | | |
|---|---|---|
| വാർഷികവരിസംഖ്യ | – | 600 രൂപ (പോസ്റ്റൽ ചാർജ്ജ് ഉൾപ്പെടെ) |
| ഒറ്റ ലക്കം വില | – | 100 രൂപ (പോസ്റ്റൽ ചാർജ്ജ് ഒഴികെ) |

**Department of Malayalam, University of Kerala**
Kariavattom, Thiruvananthapuram - 695 581

# BHAASHAASAHITHI

Peer Reviewed Journal (Trimonthly)
2024 October - december Volume 47 Issue 4

Chief Editor : **Dr. Seema Jerome**
Professor & Head, Department of Malayalam
University of Kerala
drseemajerome@gmail.com,
Phone - 9495993198

Sub Editor : **Dr. K K Sivadas**
Professor, Department of Malayalam
University of Kerala, Phone - 9446429793
drkksivadas@keralauniversity.ac.in

Editorial Board : **Dr. C R Prasad**
Senior Professor, Department of Malayalam
University of Kerala, Phone -9447552876
drcrp@keralauniversity.ac.in,

**Dr. S Shifa**
Professor, Department of Malayalam
University of Kerala, Phone – 9745001012
drsshifa@keralauniversity.ac.in

**Dr. M A Siddeek**
Professor, Department of Malayalam
University of Kerala, Phone – 9447125202
drmasiddeek@keralauniversity.ac.in,

**Dr. Sheeba M Kurian**
Asst. Professor, Department of Malayalam
University of Kerala, Phone - 9495672559
drsheebamkurian@keralauniversity.ac.in

**Dr. T K Santhoshkumar**
Asst. Professor, Department of Malayalam
University of Kerala, Phone – 94497447713
drtksanthoshkumar@keralauniversity.ac.in

Advisory Committee : **Dr. P S Radhakrishnan**
Professor in Malayalam, School of Letters
M G University, Kottayam, Phone - 9446567097
drradhakrishnanps@gmail.com
**Dr. A M Unnikrishnan .** (Rtd. Senior Professor)
Emeritus Professor, Department of Kerala Studies,
University of Kerala, Phone - 9447453145
dramunnikrishnan@gmail.com
**Dr. D. Benjamin**
Rtd. Professor, Department of Malayalam
University of Kerala, Phone - 9846495474
drdbenjamin2013@gmail.com
**Dr. N Mukundan**
Rtd. Professor, Department of Malayalam
University of Kerala, Phone - 9446340346
1drnmukundan@gmail.com
**Dr. S Nazeeb**
Asst. Professor, Department of Kerala Studies,
University of Kerala, Phone – 9447722346
drnazeeb@gmail.com
**Dr. Desamangalam Ramakrishnan**
Red.. Professor, Department of Malayalam,
University of Kerala, Phone –9447649020
desamangalamramakrishnan@gmail.com

Bhaashaasahithi is a quartely publication that places a strong emphasis on research and studies pertaining to the Malayalam Language, Literature and Culture.

Annual Subscription Charge : Rs. 600/- (including postal charge)
Price of Single Issue : Rs. 100/- (postal charge extra)

# പത്രാധിപക്കുറിപ്പ്

വിദ്യാഭ്യാസത്തെ മൂലധനനിക്ഷേപപദ്ധതിയായി മുതലാളിത്തം പരിഗണിക്കുമ്പോൾ വളരെയധികം അരികിലേയ്ക്കോ മറവുകളിലേക്കോ പലപ്പോഴും മാറ്റിനിർത്തപ്പെടാറുള്ളത് പ്രാദേശികഭാഷകളിലെ സാഹിത്യത്തിലും വ്യവഹാരങ്ങളിലും ഊന്നിനിന്നുകൊണ്ടുള്ള പഠനഗവേഷണങ്ങളാണ്. അതേസമയം തികച്ചും പ്രാദേശികമായ സാംസ്കാരികസന്ദർഭങ്ങളും ജ്ഞാനരൂപങ്ങളും വിപണിവത്കരിക്കുന്ന വൻകിട ആസൂത്രണങ്ങളും മറ്റൊരുവശത്ത് സംഭവിക്കുന്നുണ്ട്. ഇവ രണ്ടിനുമിടയിലെ പ്രയോജനയുക്തികളെ പരിഗണിച്ചുകൊണ്ടുള്ള പരിഷ്കരണങ്ങൾ സാഹിത്യപഠനഗവേഷണങ്ങളിലും പ്രതിഫലിക്കുന്നുണ്ട്.

ഒരു ദേശത്തിന്റെ വികസനചരിത്രമോ സാമൂഹിക പരിണാമചരിത്രമോ അവിടെയുണ്ടായ കലാ-സാഹിത്യാവിഷ്കാരങ്ങളെ മാറ്റിനിർത്തിക്കൊണ്ടു നിർമ്മിക്കുക സാധ്യമല്ല. അതുകൊണ്ടുതന്നെ അവയുടെ ആസ്വാദനം എന്നതിനപ്പുറം, പലവിധത്തിലും സർഗാത്മകത സ്ഫോടനാത്മകമാകുന്നതെങ്ങനെ എന്ന് സൂക്ഷ്മമായി നിരീക്ഷിച്ച്, മൗലികമായ കണ്ടെത്തലുകളാൽ വെളിപ്പെടുത്തേണ്ട ദൗത്യം ഗവേഷണമേഖലയുടേതാണ്. ഇരുപതാം നൂറ്റാണ്ടിലെയും ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെയും പല രചനകളും ചരിത്രത്തെയും പല സാമൂഹികക്രമങ്ങളെയും അഭിസംബോധന ചെയ്തത് എങ്ങനെയെന്ന് അന്തർവിദ്യാകേന്ദ്രിതമായി അന്വേഷിക്കുന്ന പ്രബന്ധങ്ങളാണ് ഭാഷാസാഹിതിയുടെ 2024 ഒക്ടോബർ - ഡിസംബർ ലക്കത്തിൽ ഉൾപ്പെട്ടിരിക്കുന്നത്. വായനയെ ഗൗരവമായി സമീപിക്കുന്ന പഠിതാക്കൾക്കും ഗവേഷകർക്കുമായി ഈ ലക്കം സമർപ്പിക്കുന്നു

**ഡോ. സീമാ ജെറോം**
മുഖ്യപത്രാധിപ, ഭാഷാ സാഹിതി
മലയാളവിഭാഗം
കേരളസർവകലാശാല

## ഉള്ളടക്കം


| | | | |
|---|---|---|---|
| 1. | ഡോ. നിത്യ പി. വിശ്വം | 11 | അധികാരഘടനയോടുള്ള സമീപനം വൈലോപ്പിള്ളിക്കവിതയിൽ |
| 2. | ഡോ. സ്മിതാ ഡാനിയേൽ എസ്.എൽ. | 32 | എസ്തേർ : വംശീയപ്രത്യയ ശാസ്ത്രങ്ങളുടെ ഭൂമിക |
| 3. | ജെനിഫർ സി.ജെ. | 43 | ശ്രവ്യപാഠത്തിന്റെ കേൾവികാലങ്ങൾ |
| 4. | സഫ്ല തസ്നീം എസ്. | 51 | വല്ലി : പശ്ചിമഘട്ട പാരിസ്ഥിതിക വായന |
| 5. | ഡോ. രേഖ.എസ്. | 60 | അതിജീവനം ബെന്യാമിന്റെ നോവലുകളിൽ |
| 6. | ബി.എസ്. രേഷ്മ | 71 | മലയാള ഹ്രസ്വസിനിമകളിലെ സ്വവർഗ്ഗപ്രണയിനികളുടെ സ്വത്വാവിഷ്കാരം |
| 7. | ആരതി ജോസഫ് | 81 | മലയാളചെറുകഥയിലെ ജീവപരിസരം എസ്. ഹരീഷിന്റെ ആദം എന്ന കഥയെ മുൻനിർത്തി ഒരുപഠനം |
| 8. | നജ മെഹ്ജബിന്. കെ.ബി. | 90 | പ്രവാസജീവിതത്തിന്റെ ആവിഷ്കാരം കത്തുപാട്ടുകളിൽ |
| 9. | ശരണ്യ. ബി | 100 | തോട്ടിയുടെ മകൻ : വിവർത്തനവും അധികാരവും |
| 10. | ഡോ. ആശ ആർ.ഐ. | 114 | പരിത്യക്തരുടെപൊരുൾ മാറ്റിയ കീഴാള രചനയും പറയ സമുദായചരിത്രാഖ്യാനവും |

| | | | |
|---|---|---|---|
| 11. | ആശാ സ്റ്റീഫൻ | 125 | ദൃശ്യതയുടെയും അദൃശ്യതയുടെയും രാഷ്ട്രീയബോധ്യം 'എതിരിൽ' |
| 12. | ആതിരഎസ്. പിള്ള | 130 | അധികാരത്തിന്റെയും ഹിംസയുടെയും ഇടങ്ങൾ – ജോജിയിൽ |
| 13. | അഞ്ജന വിജയൻ | 138 | ആധുനികാനന്തര മലയാള നോവലും ദേശീയതയുടെ പുനരാഖ്യാനവും : ആനന്ദിന്റെ വിഭജനങ്ങൾ മുൻനിർത്തിയുള്ള പഠനം. |
| 14. | ഫ്രീഡാജിഇശയ്യജി. ജെ | 148 | ക്വിയർസൗന്ദര്യശാസ്ത്രം |
| 15. | അന്ന മരിയ ജോസഫ് | 168 | സാഹിതീയ ചികിത്സാശാസ്ത്രവും വൈദ്യശാസ്ത്ര മാനവികതയും : നൂതന കാവ്യസംസ്ക്കാരത്തിൽ |
| 16. | വിനയ്. പി. ദാസ് | 181 | ഫോക്‌ലോറിന്റെ നവീനമുഖം; അർബൻഫോക്‌ലോറിന്റെ സാധ്യതകൾ |
| 17. | സുജീഷ് ജോയ് | 191 | ഹരിതഭാഷയും ജ്ഞാനവ്യവസ്ഥയും : ആനവേട്ടയെ മുൻനിർത്തിയുള്ള പഠനം |
| 18. | ലിബിൻ ജോർജ് | 201 | സക്കറിയയുടെ ബൈബിൾ കഥകൾ |

# ആമുഖം

സാഹിത്യം, സംസ്കാരം, മാധ്യമം എന്നിവയിലൂടെ അടയാളപ്പെടുന്ന പാഠങ്ങളുടെ പാരായണവൈവിധ്യങ്ങളാണ് ഈ ലക്കം ഭാഷാസാഹിതി മുന്നോട്ടുവെയ്ക്കുന്നത്. വായനയുടെയും വിശകലനങ്ങളുടെയും പരീക്ഷണാത്മകമായ സാധ്യതകളെ രീതിശാസ്ത്രകൃത്യതയോടെ അക്കാദമിക് സമൂഹം ഏറ്റെടുക്കുന്നതിന്റെ സൂചനകൂടിയാണിത്. അതിജീവനം, അധികാരം, വംശീയത, വിവർത്തനപഠനം, ക്വിയർ സൗന്ദര്യശാസ്ത്രം, പരിസ്ഥിതിരാഷ്ട്രീയം എന്നിവയിലൂന്നിയ ഏറ്റവും നൂതനമായ സമീപനങ്ങളാണ് പ്രബന്ധരചയിതാക്കൾ തെരഞ്ഞെടുത്തിരിക്കുന്നത്.

അധികാരഘടനയുടെ സ്വാധീനവും വിച്ഛേദവും വൈലോപ്പിള്ളിക്കവിതയിൽ കണ്ടെത്താൻ ശ്രമിക്കുന്ന പ്രബന്ധവും ശരീരത്തിന്റെയും മനസ്സിന്റെയും ക്ലേശങ്ങളെ ഏറ്റെടുത്ത് കവിത സ്വയംചികിത്സാനുഭവമാണെന്നു കണ്ടെത്തുന്ന പ്രബന്ധവും രണ്ടുകാലങ്ങളിലെ കവിതകളുടെ പുതിയതരം അപഗ്രഥനങ്ങളാണ്. ആടുജീവിതം, വല്ലി, എരി, എസ്തേർ, തോട്ടിയുടെ മകൻ, വിഭജനങ്ങൾ എന്നീ നോവലുകൾ ഓരോന്നും പ്രവാസം, പരിസ്ഥിതിരാഷ്ട്രീയം, കീഴാളത, മാനവാനന്തരത, വിവർത്തനപാഠം, ദേശീയത എന്നിവയുടെ സിദ്ധാന്തതലങ്ങളിൽ നിന്നുകൊണ്ട് പഠനവിധേയമാക്കുന്ന പ്രബന്ധങ്ങളാണ് മറ്റൊരുവിഭാഗം. ക്വീർസൗന്ദര്യശാസ്ത്രം, അർബൻ ഫോക്‌ലോർ എന്നിവയുടെ നിരവധി സംവാദങ്ങളിലൂന്നിനിന്നുകൊണ്ട് സ്വന്തമായ തത്ത്വരൂപീകരണങ്ങളിലേക്കു സഞ്ചരിക്കുന്ന പ്രബന്ധങ്ങളും ഈ ലക്കത്തിന്റെ സവിശേഷതയാണ്.

വായനയുടെ പരിമിതികളെ അട്ടിമറിക്കുന്ന സാങ്കേതികവിപ്ലവം ആകുന്ന ഓഡിയോബുക്കുകളുടെ പാഠരൂപങ്ങൾ പരിശോധിക്കുന്ന പ്രബന്ധവും സിനിമയിലെ ഹിംസയുടെ ഇടങ്ങൾ പരിശോധിക്കുന്ന പ്രബന്ധവും ലസ്ബിയൻ ജീവിതാഖ്യാനമായ ഹ്രസ്വചിത്രപഠനവും മാധ്യമ

പഠനത്തിലെ പുതുവാതായനങ്ങളിലേക്കു പ്രവേശിക്കുന്നു. സാമ്പത്തിക ശാസ്ത്രജ്ഞനായിരുന്ന ഡോ. കുഞ്ഞാമന്റെ ജീവിതമെഴുത്തായ 'എതിര്' ദൃശ്യതയുടെയും അദൃശ്യതയുടെയും രാഷ്ട്രീയബോധ്യം എന്ന നിലയിൽ ഒരു പ്രബന്ധം ചർച്ച ചെയ്യുന്നു. കത്തുപാട്ടുകൾ കേന്ദ്രീകരിച്ചുള്ള ഡയസ്പോറാന്വേഷണം, ചെറുകഥകളുടെ വ്യത്യസ്തസമീപനങ്ങളുടെ പഠനങ്ങൾ എന്നിവയാലും ഈ ലക്കം സമ്പന്നമാണ്. തുടരെഴുത്തുകളും സംവാദങ്ങളും പ്രതീക്ഷിക്കുന്നു.

**ഡോ. സീമാ ജെറോം**

# അധികാരഘടനയോടുള്ള സമീപനം വൈലോപ്പിള്ളിക്കവിതയിൽ

**ഡോ. നിത്യ പി.വിശ്വം**
അസി. പ്രൊഫസർ, മലയാള വിഭാഗം
ശ്രീനാരായണകോളേജ്, കൊല്ലം

**ആമുഖം**

അധികാരബന്ധങ്ങളും അവയിലൂന്നിയ സാമൂഹിക പരിവർത്തനങ്ങളും പ്രകടമായും പരോക്ഷമായും വൈലോപ്പിള്ളിയുടെ പല കവിതകളിലും കടന്നുവരുന്നുണ്ട്. മലതുരക്കൽ, ജലസേചനം, പടയാളികൾ, കുടിയൊഴിക്കൽ, കടൽക്കാക്കകൾ, യുഗപരിവർത്തനം, പുതിയ കാഴ്ചപ്പാട്, സർപ്പക്കാട്, ഓണപ്പാട്ടുകാർ, ഓണക്കളിക്കാർ, തൊഴിലാളി, കവിയും സൗന്ദര്യബോധവും, ഭേരി, കേരളകവി, വാഴാനിയിൽ, അഭിവാദനം, ഓണക്കിനാവ്, വിഷുക്കണി, ഗണപതിഹോമം, ഓണമുറ്റത്ത് എന്നിങ്ങനെ ഒട്ടേറെ കവിതകളിൽ സാമൂഹികപരിണാമത്തിന്റെ ചിത്രങ്ങൾ അടയാളപ്പെട്ടിട്ടുണ്ട്. ആശയസംഹിതകളിലും അധികാരഘടനയിലും വന്ന പരിവർത്തനങ്ങൾ പ്രകടമായി പ്രമേയതലത്തിലും പരോക്ഷമായി ഭാഷാഘടനയിലും ഉള്ളടങ്ങിയിരിക്കുന്നു. ഇവയിലെല്ലാം കാവ്യാന്തരീക്ഷത്തെ സജീവമാക്കുകയും നിയന്ത്രണാധീനമാക്കുകയും ചെയ്യുന്നത് വൈയക്തികതയിലൂന്നിയ സാമൂഹികതയാണ്. കമ്മ്യൂണിസ്റ്റ് ആശയസംഹിതകൾ വൈലോപ്പിള്ളിയിൽ ആഴത്തിൽ സ്വാധീനം ചെലുത്തുകയും അതേസമയം പാരമ്പര്യത്തിന്റേതായ പിൻവിളികളിൽ കവിമനസ്സ് പുനർചിന്തകൾക്ക് വിധേയമാവുകയും ചെയ്യുന്ന നിരവധി കാവ്യസന്ദർഭങ്ങൾ ഈ കവിതകൾ മുന്നോട്ടുവെക്കുന്നുണ്ട്. ഇവയെ വിശകലനം ചെയ്യുന്നതിലൂടെ മാത്രമേ സാമൂഹികമായ അധികാരഘടനയുടെ സ്വാധീനവും വിച്ഛേദവും വൈലോപ്പിള്ളിക്കവിതകളിൽ ഏതേതു തലങ്ങളിൽ ഏതേതു സന്ദർഭങ്ങളിൽ, എപ്രകാരമാണ് പ്രവർത്തിക്കുന്നതെന്നു വ്യക്തമാവൂ.

**താക്കോൽവാക്കുകൾ:**

അധികാരം, ആദിപ്രരൂപങ്ങൾ, കരിസ്മാറ്റിക് അധികാരം, വർഗ്ഗാവബോധം, നവോത്ഥാനം, മിത്ത്

തങ്ങളുടെ ആഗ്രഹങ്ങൾ സഫലമാക്കാനുള്ള കഴിവാണ് അധികാരം (power) എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. പഴകിയ വീഞ്ഞു പോലെ മനുഷ്യനെ ലഹരിപിടിപ്പിക്കയും വിട്ടുപോരാൻ കഴിയാത്ത മട്ടിൽ സ്വാധീനിക്കുകയും ചെയ്യാൻ അധികാരത്തിനു സാധിക്കും. ഒരു മനുഷ്യൻ നേടാൻ ആഗ്രഹിക്കുന്ന ഏറ്റവും ഉയർന്ന പ്രവൃത്തിപഥം അധികാരത്തിന്റേതായിരിക്കുമെന്ന് സ്റ്റ്യുവർട്ട് മിൽ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഓരോ ജനസമൂഹത്തിലും വേരോടിയിരിക്കുന്ന അധികാരഘടനയുടെ രൂപം വളരെ സങ്കീർണമാണ്. മതാത്മകവും ജാത്യധിഷ്ഠിതവും സാമ്പത്തികവും ലിംഗാധിഷ്ഠിതവും രാഷ്ട്രീയവും പ്രത്യശാസ്ത്രപരവുമായ ഒട്ടനവധി ഇഴകൾ കോർത്ത് രൂപപ്പെടുത്തിയതാണ് നമ്മുടെ സമൂഹത്തിലെ അധികാരഘടന. കാലാനുസൃതമായ ഭാവുകത്വവ്യതിയാനങ്ങൾ അധികാരരൂപങ്ങൾക്ക് മാറ്റം വരുത്തുവാൻ ഉത്സാഹിച്ചിട്ടുണ്ടെങ്കിലും കാതലായ ഒരു ചലനവും അടിത്തട്ടിൽ സൃഷ്ടിക്കുവാൻ ഇന്നും സാധിച്ചിട്ടില്ല. പ്രകടമായി സൗഹാർദ്ദപരമായാണ് ആധുനികസമൂഹത്തിൽ അധികാരം പ്രവർത്തിക്കുന്നത്. എന്നാൽ സമൂഹാബോധത്തിലൂന്നിയ ആദിപ്രരൂപങ്ങളിൽ (Archetypes) അതിശക്തമായാണ് അധികാരബോധം ഇന്നും നിലകൊള്ളുന്നത്.

മാർക്സ് വെബർ മൂന്നു വിധത്തിലുള്ള അധികാരത്തെക്കുറിച്ച് പറയുന്നുണ്ട്.

1. പാരമ്പര്യാധികാരം
2. കരിസ്മാറ്റിക് അധീശത്വം
3. നിയമപരമായ അധികാരം

ഒരു വ്യക്തിക്കോ സാമൂഹിക ഗ്രൂപ്പിനോ പരമ്പരാഗതമായി കിട്ടുന്ന അധികാരമാണ് പാരമ്പര്യാധികാരം. സ്വന്തം കഴിവും ശക്തിയും ഉപയോഗിച്ച് നേതൃനിരയിൽ എത്തിച്ചേരുമ്പോൾ ലഭിക്കുന്ന അധികാരമാണ് കരിസ്മാറ്റിക് അധികാരം. നിയമാനുസൃതമായി ലഭിക്കുന്ന അധികാരമാണ് മൂന്നാമത്തേത്.

മാർക്സും എംഗൽസും വർഗപരമായ കാഴ്ചപ്പാടിലാണ് അധികാരത്തെ നിരീക്ഷിക്കുന്നത്. അധീശവർഗവും ( Dominant) ആശ്രിത

വർഗവും (Dependent) സ്വകാര്യസ്വത്തിന്റെ ആവിർഭാവകാലം മുതൽക്കേ സമൂഹത്തിൽ നിലകൊള്ളുന്നുണ്ടെന്ന് വൈരുദ്ധ്യാത്മക ഭൗതികവാദം മുൻനിർത്തി മാർക്സ് വെളിപ്പെടുത്തുന്നു. 'കുടുംബം, സ്വകാര്യസ്വത്ത്, ഭരണകൂടം എന്നിവയുടെ ഉൽഭവം' എന്ന കൃതിയിലൂടെയാണ് അധികാരത്തെ സംബന്ധിച്ച തന്റെ ആശയങ്ങൾ പ്രധാനമായും എംഗൽസ് പങ്കുവെക്കുന്നത്. പ്രാകൃതത്വത്തിൽനിന്നും പരിഷ്കൃതത്തിലേക്കുള്ള നരവംശചരിത്രത്തെ സാമൂഹികാധീശത്വം കൈയടക്കാനുള്ള മനുഷ്യന്റെ തന്ത്രങ്ങളുടെ ആകെത്തുകയായാണ് എംഗൽസ് നിരീക്ഷിക്കുന്നത്. ഉള്ളവനും ഇല്ലാത്തവനും (Haves, and Have notes) തമ്മിലുള്ള അന്തരം കൃത്യമായി പ്രതിഫലിപ്പിക്കുവാൻ നവോത്ഥാനകാലം മുതലുള്ള സാഹിത്യരൂപങ്ങൾക്കു സാധിച്ചു എന്നതാണ് സാഹിത്യവും അധികാരരൂപങ്ങളും തമ്മിലുള്ള വിചിന്തനത്തിന് അടിസ്ഥാനം.

വർഗസമരങ്ങളുടെ പക്ഷത്ത് നിലയുറപ്പിച്ചുകൊണ്ട് നിസ്വവർഗത്തിന്റെ നാവായി മാറിയ കവിയല്ല വൈലോപ്പിള്ളി. ദന്തഗോപുരങ്ങളിലിരുന്ന് തൂലിക പടവാളാക്കിയ ചരിത്രമോ, ഇതിനൊക്കെ പ്രതികാരം പിന്മുറക്കാർ ചെയ്യുമെന്ന് പതിതരെ ആശ്വസിപ്പിച്ച പാരമ്പര്യമോ, ശക്തിയുടെ കവിയായി ഘോഷിക്കപ്പെട്ട സമരവീര്യമോ വൈലോപ്പിള്ളിക്കവിതയ്ക്ക് അവകാശപ്പെടാനാവില്ല. എന്നാൽ അദ്ദേഹം താൻ ജീവിക്കുന്ന സമൂഹത്തെയും സംസ്കാരത്തെയും പാരമ്പര്യത്തെയും ആഴത്തിൽ ഉൾക്കൊള്ളുകയും കാലാനുസൃതമായ പരിണാമങ്ങളെ സൂക്ഷ്മമായി നിരീക്ഷിക്കുകയും ചെയ്ത കവിയാണ് കുടുംബബന്ധങ്ങളിലും, ജന്മി-കുടിയാൻ ഇടപെടലുകളിലും പ്രകൃതിയോടുള്ള സമീപനത്തിലും വർഗസമരങ്ങളുടേതായ ആന്തരസംഘർഷങ്ങൾ വൈലോപ്പിള്ളിക്കവിതയിൽ മുഴങ്ങുന്നുണ്ട്. എന്നാൽ ഒരിക്കലും അവ ഉച്ചത്തിലുള്ള ആക്രോശങ്ങളോ മുദ്രാവാക്യങ്ങളോ ആയി മാറിയിട്ടില്ല. ധ്വനിസാന്ദ്രവും ക്രാന്തദർശിത്വമാർന്നതുമായ കാവ്യസന്ദർഭങ്ങളിലൂടെ ഇഴപിരിച്ച് നാരും വേരും വ്യവച്ഛേദിക്കാവുന്ന വീക്ഷണതലം അധികാരഘടനയോടുള്ള സമീപനത്തിലും വൈലോപ്പിള്ളി തന്റെ കവിതകളിൽ ഉൾച്ചേർത്തിരിക്കുന്നു.

ശംഖിൽ സാഗരത്തിന്റെ നിശ്വാസം കേൾക്കുവാനും പുള്ളിമാനിന്റെ പുറകേ പുലിയെ കാണുവാനും വസന്തവായുവിൽ വസൂരിരോഗാണുക്കളെ തിരിച്ചറിയുവാനും അദ്ദേഹത്തിന്റെ കാവ്യകലയ്ക്ക് അസാമാന്യ പാടവമുണ്ടായിരുന്നു. ഏതു വിഷയത്തിലും വിരുദ്ധമായ രണ്ടു തലങ്ങളിലുള്ള ചിന്ത വൈലോപ്പിള്ളിയുടെ സഹജപ്രകൃതിയായിരുന്നു. ചരിത്രത്തെയും പാരമ്പര്യത്തെയും നെഞ്ചേറ്റിയപ്പോഴും ശാസ്ത്രീയമായ ദർശ

നങ്ങൾ അദ്ദേഹത്തിനു വഴി കാണിച്ചു. ഗ്രാമീണ വിശുദ്ധിയുടെ സത്യ സൗന്ദര്യലോകങ്ങളിൽ അഭിരമിക്കുമ്പോഴും പുരോഗമനചിന്തകൾക്ക് സ്വാഗതമരുളി. ഭൂതകാലത്തിന്റെ സ്മൃതിമാധുര്യങ്ങളിൽ അടയിരിക്കു മ്പോഴും പരിസരയാഥാർത്ഥ്യങ്ങളെ സൂക്ഷ്മമായി ഉൾക്കൊണ്ടു. പൊരു ത്തപ്പെടലിന്റെ പാഠങ്ങളാണ് അദ്ദേഹം പല കവിതകളിലൂടെയും പങ്കു വെക്കുന്നത്. ജീവിതത്തെ അതിന്റെ സമഗ്രമായ സത്യസൗന്ദര്യപരിസര ങ്ങളിലും യുക്തിപരവും ശാസ്ത്രീയവുമായ ചിന്തകളിലും ഊന്നിക്കൊണ്ടു നിരീക്ഷിക്കുന്നതിന്റെ ഫലമായുള്ള കവിമനസ്സിന്റെ പാകപ്പെടലാണ് മേൽപറഞ്ഞ പൊരുത്തപ്പെടലിന്റെ അടിസ്ഥാനം. "കാണേണ്ടത് എല്ലാം കാണുക, ഓരോന്നും ആകാവുന്നത്ര പൂർണമായിക്കാണുക" എന്ന സവി ശേഷത വൈലോപ്പിള്ളിക്കവിതയിലെമ്പാടും കാണാവുന്നതാണ്. ജീവി തത്തെ സംബന്ധിച്ചതെന്തും കവിതയ്ക്കന്യമല്ലെന്നും അദ്ദേഹം പ്രഖ്യാ പിച്ചിട്ടുണ്ടല്ലോ.

"സൗഹൃദനിലാവിനാൽ സമരത്തീയാൽ പാരി-
താകവെ പരന്നൊരു തറവാടായിക്കണ്ടോർ
തുടുവെള്ളാമ്പൽപ്പൊയ്കയല്ല, ജീവിതത്തിന്റെ
കടലേ, കവിതയ്ക്ക് ഞങ്ങൾക്കു മഷിപ്പാത്രം"
(പുതിയ കാഴ്ചപ്പാട്, കടൽകാക്കകൾ)

ഏറെ ചർച്ചചെയ്യപ്പെട്ടിട്ടുള്ളതാണ് വൈലോപ്പിള്ളിയുടെ ഓണസ ങ്കല്പം. വൈലോപ്പിള്ളിക്കവിതയിലെ ഓണസങ്കല്പത്തെ അടിസ്ഥാന മാക്കി അധികാരഘടനയുടെ സാമൂഹികതലങ്ങളെ വിശകലനം ചെയ്യു ന്നത് ഫലപ്രദമായിരിക്കും. ഓണത്തേയും മാവേലിയേയും പോലെ വൈലോപ്പിള്ളിക്കവിതയെ ആഴത്തിൽ സ്വാധീനിച്ച മറ്റൊരു മിത്തില്ല. മാനു ഷികതയുടെ ആത്യന്തിക ലക്ഷമായി വൈലോപ്പിള്ളി ഓണത്തെ നിർവ ചിക്കുന്നു. താല്ക്കാലികമായൊരു ആഘോഷവേളയല്ല അദ്ദേഹത്തിന് ഓണം. രാഷ്ട്രീയ അധികാരസ്ഥാനത്തുനിന്നും തന്ത്രപൂർവം പുറത്താ ക്കപ്പെട്ടവന്റെ തിരിച്ചുവരവും അതിനായുള്ള ജനതയുടെ കാത്തിരുപ്പുമാ ണത്. വർഗീയമായ അധമത്വത്തിനുമേൽ വരേണ്യന്റെ താല്ക്കാലിക വിജയം ശാശ്വതമല്ല എന്ന ഓർമ്മപ്പെടുത്തൽ കൂടിയാണത്. സ്ഥിതിസമ ത്വത്തിന്റെ ഗുണഫലങ്ങൾ അനുഭവിച്ചുകൊണ്ടിരുന്ന ജനതയിൽനിന്നും തട്ടിപ്പറിക്കപ്പെട്ട നാളുകളുടെ മടങ്ങിവരവുകൂടിയാണത്.

"നമ്മൾ തുരത്തീ വാമനമൂർത്തിയെ,
വഞ്ചനകാമനയെ, ബഹുദൂരം" (ഓണക്കിനാവ്)

എന്നും

"പോയതിൽ നിന്നിനിയെന്നോ വിരിയു-
ന്നായതിലേക്കു കുതിക്കുകയാണി-
ന്നായത വിശ്വാസത്തോടു ഞങ്ങടെ
ഭാസുര ചിന്താസങ്കൽപ്പങ്ങൾ" (ഓണപ്പാട്ടുകൾ)

എന്നും

"അലിഖിതമായൊരു ധർമം പാലി-
ച്ചുന്നത വിസ്തൃത ചിന്താകർമ-
പ്പൊലിമയിലന്നു പരസ്പരമൊത്തു
പുലർന്നു മനുഷ്യർ മഹാസത്വന്മാർ" (ഓണപ്പാട്ടുകാർ)

എന്നും മറ്റും കുറിച്ചിരിക്കുന്നത് സാമൂഹികമായ ഒട്ടേറെ അധികാരബന്ധങ്ങളുടെ സ്ഥാപനവും വിച്ഛേദവും ഉൾക്കൊണ്ടുകൊണ്ടാണ്.

"ഓണം തിരിച്ചുവരുമെന്നും എന്നെന്നേക്കുമായി നിലനിൽക്കുമെന്നുമുള്ള 'ആയതവിശ്വാസം' കവിയ്ക്കുണ്ട്. പ്രാകൃത കമ്യൂണിസത്തിൽ നിന്ന് അവസ്ഥാഭേദങ്ങളിലൂടെ വളർന്ന് കമ്യൂണിസത്തിലെത്തിച്ചേരുന്ന മനുഷ്യചരിത്രത്തെക്കുറിച്ചുള്ള മാർക്സിയൻ ദർശനം തന്നെയാണ് വൈലോപ്പിള്ളിയുടെ ഓണസങ്കല്പത്തിനാധാരം. മറ്റൊരുവിധത്തിൽ പറഞ്ഞാൽ കമ്യൂണിസം വിഭാവനം ചെയ്യുന്ന സാമൂഹികസമത്വവും അതിന്റെ മാനവികസദ്ഫലങ്ങളും തന്നെയാണ് ഓണം." (എസ്. രാജശേഖരൻ, 'കാവ്യദർശനം', വൈലോപ്പിള്ളിക്കവിതാ സമീക്ഷ)

"ഓണപ്പാട്ടുകളാണെൻ പാട്ടുകൾ" (ഓണമുറ്റത്ത്) എന്ന് ഉറപ്പിച്ചു പറഞ്ഞ കവിയാണ് വൈലോപ്പിള്ളി എന്നും ഓണം പുലരുന്ന ഒരു സമൂഹ നിർമ്മിതിക്കായി കവി കല്പിച്ചിരിക്കുന്ന രണ്ടു മാർഗ്ഗങ്ങൾ അധ്വാനവും മർദ്ദനോപകരണങ്ങളെ കീഴ്പ്പെടുത്തലുമാണ്. വൈലോപ്പിള്ളിയുടെ കണ്ണിൽ അധ്വാനത്തിന് സത്യസൗന്ദര്യങ്ങളുടെ ദാർശനിക മാനങ്ങളുണ്ട്. 'മലതുരക്കലും' 'ജലസേചനവും' പോലുള്ള ഒട്ടേറെ കവിതകളിൽ അധ്വാനത്തിന്റെ മഹത്വം പ്രഘോഷിക്കുന്നുമുണ്ട്.

"വേലയെ വേട്ടവരെങ്ങും വെല്ലും
പോലെവരട്ടെ പൊന്നോണം" (ഓണക്കളിക്കാർ)

എന്ന് ധീരവും സ്വതന്ത്രവുമായി പ്രഖ്യാപിക്കുന്ന പുരോഗമനപക്ഷപാതിത്വം വൈലോപ്പിള്ളിക്കവിതയിൽ ദൃശ്യമാണ്. അതിനാൽ അദ്ദേഹത്തിന്റെ കവിതയിലെ ഓണസങ്കല്പത്തിന് സാമൂഹികവും ദാർശനികവും സ്ഥിതിസമത്വചിന്തയിലൂന്നിയതും അധികാരഘടനയുടെ അടരുകളെ ഉല്ലംഘിക്കുന്നതുമായ ഔന്നത്യങ്ങളുണ്ട്.

ഇത്തരത്തിൽ ചിന്തിക്കുമ്പോൾ മലയാളിയുടെ മാത്രം ഓണത്തെക്കുറിച്ചല്ല വൈലോപ്പിള്ളി പാടുന്നത്. മനുഷ്യവർഗത്തിന്റെ പ്രാചീനസ്മൃതിയിലെങ്ങോ തങ്ങിനില്ക്കുന്നൊരു നഷ്ടസ്വർഗത്തിന്റെ വീണ്ടെടുപ്പ് അദ്ദേഹത്തിന്റെ ഓണസങ്കല്പത്തിലുണ്ട്. തലമുറകളിലൂടെ പകർന്നുകിട്ടുന്ന ഈ ഓർമ്മയെ യുങിന്റെ വർഗസ്മൃതിസിദ്ധാന്തവുമായി ഇണക്കി വായിക്കാവുന്നതാണ്

"പൃഥ്വിയിലന്നു മനുഷ്യർ നടന്നപ-
ദങ്ങളിലിപ്പോഴധോമുഖ വാമനർ,
ഇത്തിരിവട്ടം മാത്രം കാണ്മവ-
രിത്തിരിവട്ടം ചിന്തിക്കുന്നവർ,
മൂവടിമണ്ണിനിരന്നു, കവർന്നു, വ-
ധിച്ചു നശിപ്പോരൽപ്പസുഖത്തിൻ
പാവകളിച്ചതു തല്ലിയുടച്ചു, ക-
രഞ്ഞുമയങ്ങിയുറങ്ങീടുന്നോർ,
സൽഗുണമഹിമ ചവിട്ടിയമർത്തി
വസുന്ധരയൊക്കെ സുന്ദരമാക്കി
സ്വർഗപഥത്തിൽ നയിപ്പാനന്ധ-
വിരക്തിയെ നിന്നു വിളിച്ചീടുന്നോർ" (ഓണപ്പാട്ടുകാർ)

പ്രാകൃത സമൂഹനീതിയിൽനിന്ന് പുരോഹിതന്റെയും ജന്മിയുടെയും മുതലാളിയുടെയും ആധിപത്യത്തിലേക്ക് മനുഷ്യവർഗം അധഃപതിക്കുന്നതിന്റെ ചിത്രം ഈ വരികളിൽ വ്യക്തമാണ്. സ്വകാര്യസ്വത്തിന്റെ ഉദയവും അതുവഴി മഹാബലിയുടെ ആദിമസ്വർഗത്തിന്റെ നഷ്ടവും പുരോഹിതർ ഈ വൈപരീത്യത്തിൽ വഹിച്ച പങ്കുമെല്ലാം കാച്ചിക്കുറുക്കിയ മട്ടിൽ കവിതയിൽ പകർന്നുവെച്ചിരിക്കുന്നു. അധികാരത്തോളം മനുഷ്യനെ (ദൈവത്തെയും!) ദുഷിപ്പിക്കുന്ന മറ്റൊന്നുമില്ലെന്ന അതിപ്രാചീന സത്യം വെളിപ്പെടുന്നതിനൊപ്പം പൊയ്പ്പോയ സ്വർഗസ്മൃതികളുടെ ഓർമ്മപ്പെടുത്തലുമാവുന്നു ഈ കവിത.

വർഗാവബോധത്തിന്റെ കവിയായി മുദ്രകുത്തപ്പെട്ടിട്ടില്ല ഒരിക്കലും വൈലോപ്പിള്ളി ശ്രീധരമേനോൻ. എന്നാൽ അദ്ദേഹത്തിന്റെ പ്രശസ്തമായ കവിതാ സമാഹാരങ്ങളിലെല്ലാം നിസ്വർഗത്തോടുള്ള സഹാനുഭൂതിയും വർഗാവബോധവും ആഴത്തിൽ വേരോടിയിട്ടുണ്ട്. 1930-കൾക്കുശേഷം കേരളസമൂഹത്തിന്റെ ഗതിവിഗതികൾ നിർണയിച്ച കർഷകസമരങ്ങളും തൊഴിലാളിപ്രസ്ഥാനങ്ങളും സാമ്രാജ്യത്വവിരുദ്ധപ്രക്ഷോഭങ്ങളും വൈലോപ്പിള്ളിക്കവിതയ്ക്ക് പുരോഗമന പക്ഷപാതിത്വത്തിലൂന്നിയ ദിശാ

ബോധം നൽകി. സമകാലിക സംഭവങ്ങളോട് തികഞ്ഞ ചരിത്രബോധത്തിലും ശുഭാപ്തിവിശ്വാസത്തിലും ശാസ്ത്രീയ അടിത്തറയിലും ഊന്നിക്കൊണ്ട് സർഗാത്മകമായി പ്രതികരിക്കുവാൻ ബദ്ധശ്രദ്ധനായിരുന്ന കവിയാണ് വൈലോപ്പിള്ളി. സാമുദായിക ചലനങ്ങളെ വർഗാവബോധത്തോടെ വിലയിരുത്താനും പലപ്പോഴും ആത്മശുദ്ധീകരണോപാധിയാക്കി മാറ്റുവാനും അദ്ദേഹത്തിനുകഴിഞ്ഞു. ജന്മിവർഗജാതനായിട്ടും കർഷകരുടെ ദൈന്യവും ജീവിതത്തിനുമേൽ അവർ പുലർത്തുന്ന ശുഭാപ്തിവിശ്വാസവും കവിയെ പ്രചോദിതനാക്കി. എറണാകുളം മഹാരാജാസ് കോളേജിലെ സഹപാഠിയായിരുന്ന ഇടപ്പള്ളി കരുണാകരമേനോന്റെ ഗൃഹലൈബ്രറിയിലുള്ള റഷ്യൻകൃതികളുടെ വായന വർഗസമരങ്ങളുടെ നിരവധി അറിവനുഭൂതികൾ അദ്ദേഹത്തിനു സമ്മാനിച്ചു. "തർജനീവ്, ടോൾസ്റ്റോയി, ദസ്തയേവിസ്കി എന്നിവരുടെ  കൃതികളിൽ വെന്തുരുകുന്ന മനസ്സാക്ഷിയുടെ വ്യഗ്രതകളും ധൂമപടലങ്ങളും ജ്വാലകളും മനുഷ്യസ്നേഹത്തിന്റെ അടിയറവയ്ക്കാത്ത മുന്നേറ്റങ്ങളും നരകയാതനകളും ആധ്യാത്മികനിർവൃതികളും ഞാൻ കണ്ടെത്തി. അവയിലൂടെ അനവധി ജന്മങ്ങൾ ഞാൻ ജീവിച്ചു. ഗോർക്കിയുടെയും ഷോളക്കോവിന്റെയും നോവലുകൾ സത്വരപരിണാമങ്ങളിലൂടെ മുന്നേറി ചരിത്രം സൃഷ്ടിക്കുന്ന ഒരു ജനതയുടെ വാശികളും വൈരുദ്ധ്യങ്ങളും നിറഞ്ഞ കർമരംഗങ്ങൾ എന്റെ മുന്നിൽ തുറന്നിട്ടു. മയക്കോവിസ്കിയുടെ കവിതകളിലൂടെ മുഷ്ടി ചുരുട്ടുന്ന പൗരുഷവും ആത്മാഭിമാനവും എനിക്കു വളരെ ബോധിച്ചു" ('എന്റെ കവിത', വിത്തും കൈക്കോട്ടും).

ഇത്തരത്തിൽ സ്വാനുഭവങ്ങളിലൂടെയും വായനാനുഭവങ്ങളിലൂടെയും പ്രത്യയശാസ്ത്രപഠനം. കൂടാതെ 'കമ്യൂണിസത്തിന്റെ വൈദ്യുതി നിറഞ്ഞ അന്തരീക്ഷത്തിലൂടെ' (മകരക്കൊയ്ത്ത് ആമുഖം) വർഗാവബോധത്തിലേക്ക് എത്തിച്ചേർന്ന കവിയാണ് വൈലോപ്പിള്ളി.

"ഇരുമ്പു, മിരമ്പുന്നൊരൂർജ്ജവും, യുവാക്കൾ തൻ
ഞരമ്പിലൂടെ പാളും നൂതനചൈതന്യവും
പാറവെട്ടാനും പുഴയ്ക്കണകെട്ടാനും വിദ്യു-
ദ്ധാരയാൽ പൊതുകർമ്മശാലകളൂട്ടീടാനും
കൂട്ടായ കൃഷിഭൂവിൽ യന്ത്രത്തിൽ കലപ്പായാൽ
പൂട്ടാനും, കതിർ കൊയ്തുകൂട്ടാനും, ത്വരിക്കവേ,
ആ മഹാസംരംഭത്തിൻ സംഘഗാനത്തിൽ ചേർന്നു
നാമനുഭവിക്കാം പണ്ടില്ലാത്തൊരഭിമാനം

ഈടുവെപ്പുകളെല്ലാം പോകിലും പുതിയൊരു
നാടു നമ്മുടേതാകാം; അസംഖ്യം തോഴന്മാരും!"
(യുഗപരിവർത്തനം, കടൽകാക്കകൾ)

കേരളത്തിലെ കർഷകസമരങ്ങളുടെ ത്യാഗോജ്ജ്വല പ്രഭാവത്തിൽ നിന്നും ഊർജ്ജമുൾക്കൊണ്ടെഴുതിയ വരികളാണിത്. 1958-ലാണ് *കടൽക്കാക്കകൾ* എന്ന കാവ്യസമാഹാരം പ്രസിദ്ധീകരിക്കപ്പെടുന്നത്. അക്കാലമായപ്പോഴേക്കും കവിയിലെ വർഗചിന്തകൾക്ക് തെളിച്ചം വന്നിരുന്നു എന്നാൽ 1945-ൽ 'കന്നിക്കൊയ്ത്ത്' രചിക്കുമ്പോൾ കർഷകസമരങ്ങളുടെ ഉൾച്ചൂട് വൈലോപ്പിള്ളിക്കവിതയിൽ ഏശിയിട്ടില്ല. വള്ളത്തോളിന്റെയും കുറ്റിപ്പുറത്ത് കേശവൻനായരുടെയും ഗ്രാമീണസൗന്ദര്യാഭിമുഖ്യമാണ് വൈലോപ്പിള്ളിക്കവിതയിലും അക്കാലത്ത് കാണാൻ കഴിയുക. ജീവിത ദുഃഖങ്ങളെ സധൈര്യം നേരിടുന്ന ഗ്രാമീണരെ സഹതാപത്തോടെ നോക്കിനിന്ന് അവരുടെ 'ഏകജീവിതാനശ്വരഗാനം' പാടാൻ തന്റെ വിപഞ്ചികയെ ഉദ്ബോധിപ്പിക്കുന്ന കവിയെയാണ് 'കന്നിക്കൊയ്ത്തിൽ' കാണാനാവുന്നത്. വർഗബോധവും ചരിത്രബോധവും സമരവീര്യവും ഉൾക്കൊണ്ടിട്ടില്ലാത്ത നിശ്ചലരായ കവിയേയും ഗ്രാമീണരേയുമാണ് 'കന്നിക്കൊയ്ത്തിൽ' ചിത്രീകരിക്കുന്നതെങ്കിൽ 1958-ൽ പുറത്തുവന്ന *കടൽക്കാക്കകൾ* എന്ന സമാഹാരത്തിലെ 'ചലനവും ശബ്ദവും' എന്ന കവിതയിലേക്കെത്തുമ്പോൾ ഈ അവസ്ഥയ്ക്കു മാറ്റം വന്നിരിക്കുന്നു. കർഷകരവിടെ സംഘടിതരും ഭൂരിശതാബ്ദങ്ങൾ നിർത്തിയ ഭിത്തികളെ തെറ്റെന്നുടയ്ക്കുന്ന സ്വതന്ത്രരുമാണ്. കർഷകരുടെ സംഘടനാബോധം കവിയെ ആശങ്കപ്പെടുത്തുന്നില്ല എന്നുമാത്രമല്ല, നൂതനശക്തിക്ക് ആശംസയേകാൻ അഭ്യർത്ഥിക്കുകയും ചെയ്യുന്നുണ്ട്.

കർഷകമുന്നേറ്റം ഗ്രാമജീവിതത്തിൽ മാത്രമല്ല കവിയിലും ചലനങ്ങൾ സൃഷ്ടിക്കുന്നുണ്ട്. താൻ ഹൃദയൈക്യം പ്രഖ്യാപിച്ച ഗ്രാമീണ ജനത അധ്വാനിക്കുന്നവരുടെ ചേരിയിൽ അണിചേരുന്നത് ജന്മിവർഗമായ കവി നോക്കിനില്ക്കുകയാണ്. മറുപക്ഷവുമായി ആശയപരമായി പൊരുത്തപ്പെടുന്നെങ്കിലും പ്രവൃത്തിപഥത്തിൽ അതത്ര എളുപ്പമല്ലെന്ന് അദ്ദേഹം തിരിച്ചറിയുന്നു. ഓടുവാനുഴറിയാലും കൂടു നീങ്ങാത്തവനായ വൈലോപ്പിള്ളിയുടെ ഈ ആന്തരസംഘർഷത്തിന്റെ ബഹിർസ്ഫുരണമാണ് തൊട്ടുപുറകേ രചിക്കപ്പെട്ട 'യുഗപരിവർത്തനം' എന്ന കവിത.

"കാലങ്ങൾ മാറീ, പുരാണാസ്ഥികൂടങ്ങൾക്കൊപ്പം
കാണുന്നു വിദ്യുച്ഛക്തിത്തൂണുകൾ നെൽപ്പാടത്തിൽ
കുന്നിലെക്കരിംപന പോ,യതിൽ കുടിവെച്ചി-

രുന്ന യക്ഷിയിന്നഭയാർത്ഥിനിയായിട്ടുണ്ടാം!
ഇന്നലെപ്പൂങ്കോഴിതൻ കൂകലേ ചെവിക്കൊണ്ടോ-
രിന്നു കമ്പനിച്ചൂള വിളികേട്ടുണരുന്നു.
കണ്ടു ഞാനിന്നാളയൽപ്പാടത്തു, പെരും കൊഴു-
കൊണ്ടുഴുമൊരു യന്ത്രം, ആയതിൻ ജയോദ്ഘോഷം"

കാലം മാറുന്നതും ഗ്രാമം മാറുന്നതും യന്ത്രസംസ്കാരം കടന്നു വരുന്നതും ഗ്രാമീണമിത്തുകൾക്ക് അഭയസ്ഥാനം നഷ്ടമാവുന്നതും മാറി നിന്ന് സൂക്ഷ്മമായി നിരീക്ഷിക്കുന്നുണ്ട് കവി. യന്ത്രത്തിന്റെ ജയോദ്ഘോഷവും മൃതപ്രായരായിരുന്ന മനുഷ്യരുടെ കരളിൽ സ്ഫുരിക്കുന്ന അന്ധമായ ശക്തിവിശേഷവും കവി തിരിച്ചറിയുന്നു. അതേസമയം,

"മൂകമായ് ശ്രദ്ധിച്ച മൂവായിരം കൊല്ലങ്ങളും
മൂരികൾ കൃഷിക്കാരും മണ്ണുമുൾത്തരിപ്പാർന്നോ"

എന്ന് ഒടുവിലെ ചോദ്യചിഹ്നത്തിലൂടെ അതിശക്തമായി ഈ മാറ്റത്തിൽ ആശങ്കിക്കുന്നുമുണ്ട് വൈലോപ്പിള്ളി.

വേല ചെയ്വതേക്കാളും വേല ചെയ്യിക്കുന്നത് ശീലമായ തറവാട്ടിലെ സുകൃതക്കൊടിയെ വേട്ടവനാണു കവി. മൂടിവെച്ചൊരഭിമാനം ഈ പരിചയപ്പെടുത്തലിൽ തുളുമ്പുന്നുണ്ട്. അങ്ങനെയിരിക്കെയാണ്;

"ഇന്നലെസ്സന്ധ്യയ്ക്കു നാമീവഴിപോകെ, കണ്ടു
മുൻനിലയ്ക്കൊഴിഞ്ഞു വന്ദിച്ചൊരാക്കുടിക്കാരൻ
ഒന്നു ഞാൻ തിരിഞ്ഞു നോക്കീടവേ കാണായ്, ക്രൂരം
തൻ നെടുംകരമുഷ്ടി ചുരുട്ടിയുയർത്തുന്നു"

എന്ന സംഭവം നടക്കുന്നത്. 'ക്രൂരം' എന്ന വിശേഷണത്തിലാണ് കവിയുടെ ജന്മിവർഗപക്ഷപാതിത്വം മറനീക്കി വെളിപ്പെടുന്നത്. തൊട്ടുപുറകേ കവിയ്ക്ക് സമാശ്വസിക്കുവാനുള്ള വകയും തൊഴിലാളി നീട്ടുന്നുണ്ട്.

"ഞാനതു കാൺകെ, ത്തല ചൊറിയും ഭാവത്തോടും
മ്ലാനമാം ചിരിയോടും നടന്നാനവൻ വീണ്ടും"

വർഗസംഘർഷങ്ങളിൽ ദിക്കറിയാതെ ഉഴലുന്ന ജന്മിയെ മാത്രമല്ല, തൊഴിലാളിയെയും കൃത്യമായി അടയാളപ്പെടുത്തുന്ന കവിതയാണ് 'യുഗപരിവർത്തനം.' സങ്കോചത്തോടെയെങ്കിലും തൊഴിലാളികൾ സംഘടിക്കുവാൻ തുടങ്ങുന്നു.

"ഈ ലഹളയിൽ സ്വൈര്യജീവിതത്തിന്റെ
താളവും ലയവും പോയ് നമ്മളമ്പരന്നാലും
തിരുത്തപ്പെടാം തീക്ഷ്ണ വാദങ്ങളിവരോടു
പൊരുത്തപ്പെടാം നമുക്കൊന്നു ഞാനാശിക്കുന്നു."

ഇത്തരത്തിൽ മാറ്റം അനിവാര്യമാണെന്നും പൊരുത്തപ്പെടലുകൾ ശീലിക്കണമെന്നുമുള്ള തിരിച്ചറിവിലേക്കു വളരുന്ന ജന്മിയുടെ പരിവർത്തനത്തിന്റെ കവിത കൂടിയായി 'യുഗപരിവർത്തനം' മാറുന്നുണ്ട്. "ഈ പൊരുത്തപ്പെടലാണ് വൈലോപ്പിള്ളിയെ ആധുനിക മലയാളകവിതയിലെ യുഗസംക്രമപുരുഷനാക്കി ഉയർത്തിയത്. റൊമാന്റിക് സ്വപ്നങ്ങളിൽനിന്നും ഇറങ്ങിവന്ന് പുതിയ യാഥാർത്ഥ്യങ്ങളോട് അദ്ദേഹം പൊരുത്തപ്പെട്ടു. അധ്വാനശക്തിയിൽ സൗന്ദര്യം ദർശിക്കാനും സൗന്ദര്യബോധജന്യമാണ് പുരോഗമനമെന്ന വിപ്ലവകരമായ കാഴ്ചപ്പാടിലെത്താനും വൈലോപ്പിള്ളിക്കു കഴിഞ്ഞു. ധീരനൂതനലോകം നേടാനുള്ള സംരംഭത്തിന്റെ സംഘഗാനത്തിൽ ഒരീണമായി അലിഞ്ഞുചേരാനും കവി അഭിലഷിക്കുന്നു" (പി.സോമൻ, 'വർഗാവബോധം', വൈലോപ്പിള്ളിക്കവിതാസമീക്ഷ).

'പുതിയ വസന്ത'മെന്ന കവിതയിലും പരിവർത്തനോന്മുഖമായ തന്റെ വർഗചിന്തകൾ പങ്കുവെയ്ക്കുന്നുണ്ട് വൈലോപ്പിള്ളി. വസന്തോത്സവത്തിൽ പങ്കെടുക്കുവാനായി ഗ്രാമത്തിലെത്തുന്ന കവിക്ക് നിരാശനാകേണ്ടിവന്നു. പതിവ് കാഴ്ചകളോ ഒച്ചയനക്കങ്ങളോ അവിടില്ല. അന്ധാളിച്ചുനിന്ന കവിയുടെ മുമ്പിലേക്ക് ഒരു കർഷകജാഥ കടന്നുവരുന്നു. ചെങ്കൊടികളും വിപ്ലവാഹ്വാനങ്ങളും അന്തരീക്ഷത്തിൽ മുഴങ്ങുന്നു. "കേവലം പഞ്ഞപ്പടയിതെങ്ങെങ്ങെന്റെ ഭാവന ദർശിച്ച ചൈത്രകലോൽസവം?" എന്ന് വിഹ്വലപ്പെട്ട കവി പൊടുന്നനെ യാഥാർത്ഥ്യലോകത്തിലേക്കെത്തുന്നു.

"എങ്കിലുമോർത്തു ഞാനെൻ, പ്രിയ നാട്ടാരി-
ലിങ്ങനെയാകാം വസന്തം വിരിയുന്നു.
ചൂളിക്കിടന്നൊരാ ഗ്രാമീണനാഡിയിൽ
കാലചൈതന്യം കടന്നു പുളയ്ക്കവേ
കാന്തികൾ മിന്നുന്നു മങ്ങിയ കൺകളിൽ
കാകളിയായീ പരുഷകണ്ഠങ്ങളിൽ
പൂവിടരുന്നൂ കൊടികളിൽ, മേളിപ്പി-
താവിധം തൻ ചുറ്റുപാടുകളോടിവർ
നിഷ്ഫലമാം നില മാറ്റും മനോഹര-
വിപ്ലവമല്ലോ വസന്തം പ്രകൃതിയിൽ!"

- ഇവിടെ കവി യാഥാർത്ഥ്യലോകത്തിലേക്കെത്തപ്പെടുകയാണ്. “നേർന്നു ഞാൻ, മണ്ണിന്റെ മക്കളെ, സൽഫലമാർന്നു ജയിക്കട്ടെ നിങ്ങൾ തൻ ചൈത്രവും” എന്ന് മംഗളം ആശംസിക്കുമ്പോഴും താൻ ജന്മിവർഗ മാണല്ലോ എന്നും തന്റെ വർഗത്തിന്റെ ഉന്മൂലനാശത്തിനാണിവർ. സംഘടി ക്കുന്നതെന്നും ശക്തമായി ആശങ്കപ്പെടുന്നുണ്ട്.

ഒടുവിൽ ജന്മിവർഗത്തിന്റെ ദുരന്തം ചരിത്രപരമായ ഒരു അനിവാര്യ തയാണെന്ന സത്യത്തിലേക്ക് കവി എത്തപ്പെടുന്നു. ആത്മസംഘർഷ ത്തിന്റെ കനലിൽ വെന്ത കവി സാമൂഹ്യബന്ധങ്ങളെ വർഗവീക്ഷണ ത്തോടെ വിലയിരുത്തുവാൻ തുടങ്ങി. ഇത്തരത്തിൽ വിപ്ലവശക്തികളോ ടുള്ള കൂറും, ജന്മിവർഗത്തിന്റെ വിനാശത്തിൽ അതിരറ്റ സന്താപവും ഒരേ മട്ടിൽ പുലർത്തുന്ന കവിയുടെ ആന്തരസംഘർഷത്തിന്റെ സമുജ്ജ്വലമായ ആവിഷ്ക്കാരമായി മാറിയ കവിതയാണ് ‘കുടിയൊഴിക്കൽ.’

വേട്ടക്കാരായ യജമാനവർഗത്തിന് എതിരെ ഇരകളായ നിസ്വവർഗ ത്തിന്റെ പടയിളക്കത്തിന്റെ നേർക്കാഴ്ചകളും കേൾവികളും കുടിയൊഴിക്ക ലിലുണ്ട്. തന്റെ വർഗത്തിനു സംഭവിക്കുവാൻ പോകുന്ന അനിവാര്യമായ വിനാശം കവി തിരിച്ചറിയുന്നുണ്ടെങ്കിലും മനസ്സുകൊണ്ട് തൊഴിലാളിവർഗ ത്തിന് മംഗളം നേരുകയാണയാൾ. മനുഷ്യപുരോഗതിയുടെ അടിസ്ഥാന പ്രമാണമാണിത്. വൈരുദ്ധ്യങ്ങളുടെ സംഘർഷവും സമന്വയവും പുതു നിർമിതിയുമാണ് മാനവപുരോഗതിയുടെ ഓരോ ചുവടുവെയ്പിലും സംഭ വിക്കുന്നത്. സത്യദർശനത്തിനായി സ്വയം അപനിർമിക്കുന്ന കാഴ്ചയാണ് കുടിയൊഴിക്കലിൽ കാണുന്നതെന്ന് പി. സോമൻ നിരീക്ഷിക്കുന്നുണ്ട്. (വൈലോപ്പിള്ളിക്കവിത ഒരു ഇടതുപക്ഷ വായന) മധ്യവർഗപ്രതിനിധി യായ റൊമാന്റിക് കവിയാണ് കുടിയൊഴിക്കലിലെ നായകൻ. ലോകസാ മൂഹ്യ ദുർനിയമങ്ങൾ തിരുത്തുവാൻ സ്നേഹസുന്ദരപാത ഒരുക്കുവാൻ ഒക്കെയും അയാൾ ആശിക്കുന്നുണ്ട്. എന്നാൽ സാധിക്കുന്നില്ല; അതിനു വിഘാതമായി നില്ക്കുന്നതാവട്ടെ അയാളുടെ വരേണ്യബോധവും. ജീവി തസുഖങ്ങളുടെ മണിമേടയിൽ നിന്നിറങ്ങി വരാൻ അയാൾക്കാവുന്നില്ല. തന്റെ സ്വൈര്യജീവിതത്തെയും കാല്പനികവിഭ്രാന്തികളേയും അലോസ രപ്പെടുത്തിക്കൊണ്ട് കള്ളുകുടിച്ച് തെറിവിളിച്ച് കെട്ടിയ പെണ്ണിനെ തല്ലുന്ന കുടിയാനെ അയാൾ നേർക്കുന്നത് ആഭിജാത്യത്തിന്റെ വെള്ളികെട്ടിയ ചൂരലുമായിച്ചെന്നാണ്. അയാളുടെ ആജ്ഞകളും ശാസനകളും കാതിനു പിടിച്ചു മുന്നിൽ നിർത്തലുമെല്ലാം അധികാരത്തിന്റെ പ്രകടമായ ഭാഷ്യങ്ങ ളാണ്.

“നിൻ കുടിയൊഴിഞ്ഞീടണം, ഈ ഞാൻ
‘നിൻ കുടി’യൊഴിപ്പിക്കുമല്ലെങ്കിൽ”

എന്ന കാർക്കശ്യവും ജന്മിയുടെ അധികാരസീമയിൽപെട്ടതാണ്. ഏതും മിണ്ടാതെ തലതാഴ്ത്തി പ്രേതംപോലെ തന്റെ കൂരയിലേക്കു പോയ കുടിയന്റെ ശരീരഭാഷ വിധേയത്വത്തിന്റേതാണ്. എങ്കിലും ഏറുകൊണ്ടു പൊട്ടിയ ഭാവനാദർപ്പണത്തിന്റെ ചില്ലുകൾ വെണ്ണിലാവിൽ കണ്ടു നില്ക്കെ താനല്ലേ യഥാർത്ഥത്തിൽ മേധാവിത്വത്തിന്റെ കുടിയൊഴിയേണ്ടതെന്ന പുരോഗമനചിന്ത കവിയിൽ അങ്കുരിക്കുന്നുണ്ട്. "നന്നു നന്നു നീ വൻതറവാടി! നിൻ കുടിയൊഴിഞ്ഞീടണം, ഞങ്ങൾ നിൻ കുടിയൊഴിപ്പിക്കുമല്ലെങ്കിൽ" എന്ന വരികൾ മാറുന്ന സമൂഹവ്യവസ്ഥിതിയെക്കുറിച്ച് ധാരണയുള്ള കവിമനസ്സിൽ നിന്നുതന്നെ പുറപ്പെടുന്നതാണ്.

"ദുഷ്പ്രഭുപ്പുലയാടികൾ പാർക്കുമിപ്പുരയ്ക്കിടിവെട്ടു കൊള്ളട്ടെ!" എന്ന കവിതയുടെ രണ്ടാം ഖണ്ഡത്തിലെ കുടിയാന്റെ പ്രതിഷേധം ജന്മിത്വത്തിന്റെ വെൺമാളികയിലേറ്റ കറയായി മാറുകയാണ്. "ബോധമറ്റ കടന്നലേ, നീയെൻ മാതൃസോദരിമാരെയോ കുത്തി?" എന്ന് രോഷാകുലനാവുകയാണ് കവി. അമ്മപെങ്ങന്മാരെ സമൂഹത്തിന്റെ വാക്കിൽനിന്നും നോക്കിൽനിന്നും സംരക്ഷിക്കേണ്ട രക്ഷകബിംബത്തിന്റെ രോഷമാണ് അയാളിൽ തിളയ്ക്കുന്നത്. ആണധികാര വ്യവസ്ഥയുടെ കെട്ടുമാറാപ്പിൽ നിന്നും മരുമക്കത്തായ തറവാടുകൾപോലും മുക്തമായിരുന്നില്ല അന്നും. മേലാളന്റെ കോപാഗ്നിയിൽ പെട്ട് കള്ളു വെള്ളമായ്പ്പോയ് വിറച്ചുനില്ക്കുന്ന കുടിയാന്റെ ചെകിടുനോക്കി അടി കൊടുക്കുന്നുണ്ട്. "പോരിൽ വെന്നൊരപൂർവ്വിക രക്തധാര"യോർത്ത് അഭിമാനപുളകിതനാവുന്നുണ്ട് ജന്മി. സാമൂഹിക വ്യവസ്ഥിതി, ജാതി വ്യവസ്ഥ, തൊഴിൽ, വർണം, കുടുംബവ്യവസ്ഥ എന്നിവയിലെല്ലാം അധികാരം പ്രത്യക്ഷമായും പരോക്ഷമായും പ്രവർത്തിക്കുന്നത് 'കുടിയൊഴിക്കലി'ൽ സൂക്ഷ്മമായി അടയാളപ്പെട്ടിരിക്കുന്നു. അടിവാങ്ങി തലതാഴ്ത്തി പ്രേതം കണക്കെ കൂരയിലേക്കു മടങ്ങിയ കുടിയാനിൽ "അല്പമാമനുകമ്പയെപ്പോലും കയ്പുനീരാക്കും ഗൗരവ"മുണ്ടെന്ന് കവി കാണുന്നുണ്ട്. സ്വന്തം വാലിനാൽ കുത്തിച്ചാകുന്ന കരിംതേളിനെപ്പോലെ തന്റെ പ്രവൃത്തിയെ കവിയായ ജന്മി വിലയിരുത്തുന്നുണ്ട്. "ഹാ കുലീനതേ, നീയടി കൊണ്ടു!" എന്ന് അനിവാര്യമായ ദുരന്തത്തെ അയാൾ നോക്കിക്കാണുന്നു.

കുടിയൊഴിക്കലിലെ മൂന്നാംഖണ്ഡത്തിൽ പ്രണയലോലനായ കവിയെയാണ് കാണാനാവുന്നത്. 'മീൻ കഴുകിയ വെള്ളത്തിൽ വാച്ചാത്തേൻ കദളി' പോലൊരുവൾ എന്നാണ് പ്രണയിനിയെ കവി വിശേഷിപ്പിക്കുന്നത്. കാമുകിയുടെ മേനിക്കൊഴുപ്പും ജാതീയമായ അധമർണ്യവും സൂചിപ്പിക്കുവാൻ ഇതിലും മികച്ചൊരു ഉപമ കണ്ടെത്തുക പ്രയാസം. 'ഇന്നൊരോണ

മഞ്ഞക്കിളിയെ ഞാൻ കണ്ടു' എന്ന കാമുകസല്ലാപത്തിൽ അയാളുടെ ഇംഗിതം വ്യക്തം. മഞ്ഞക്കിളിയെ കണ്ടാൽ മധുരം ലഭിക്കുമെന്ന നാട്ടു വിശ്വാസത്തിലൂന്നിയുള്ള ചുംബനാഭിലാഷം. തുടർന്നയാൾ നിഷ്ക്കളങ്ക പ്രണയത്തിന്റെ മൂടുപടമണിഞ്ഞ് അവളെ അനുഭവിക്കുന്നുമുണ്ട്.

"എന്മകളേ, യിതെന്തൊരു ഭംഗി!"
എന്നു ചൊല്ലി പ്രകൃതിയാം ദേവി
ഓമനിച്ചൊന്നു നുള്ളിയപോലു-
ള്ളാ നുണക്കുഴിയുമ്മ യാചിക്കേ,
വീണതൻകുടം പോലാം നിതംബം
വീണുരുമ്മുന്ന വേണീകദംബം
വാരി, ഞാനെന്റെ മാറിലാ ലജ്ജാ-
കേരകങ്ങളെ സ്പന്ദിതമാക്കി,
ഉമ്മവെച്ചേൻ, ചെറുപൊടി രോമ-
ച്ചെമ്മിയന്ന തൽച്ചെന്നിയിൽ, ചുണ്ടിൽ,
അശ്രുനീരോ, ചെറുതുമിനീരോ,
നിസ്രുതമായ് നിറഞ്ഞൊരാക്കണ്ണിൽ.
കൊയ്ത്തുനെല്ലിൻ പുതുമണം, ആദ്യ-
പ്പെയ്ത്തു മണ്ണിൽ പരിമളപൂരം!"

ശരീരബദ്ധം തന്നെയാണീ പ്രണയം. ഏകപക്ഷീയമായ ആൺകൗതുകങ്ങൾ ഓരോ വരിയിലും സ്പഷ്ടവുമാണ്. അവൾ എതിർക്കാത്തതിനു കാരണം 'ആശയുണ്ടെനി'ക്കെന്നതു മാത്രമല്ല, ജന്മിയുടെ കൗതുകങ്ങളെ മറികടക്കുവാൻ അടിയാത്തിപ്പെണ്ണിനു സാധ്യമല്ലാത്ത ഒരു അധികാരവ്യവസ്ഥയും സാമൂഹികസമ്പ്രദായവും ഇവിടെ പുലർന്നുപോന്നതു കൊണ്ടുകൂടിയാണ്.

മറ്റാരുമറിഞ്ഞില്ലെന്നു കരുതിയ ഈ പ്രണയരംഗങ്ങൾ കുടിയാനായ തൊഴിലാളി ഗൂഢമായി വീക്ഷിക്കുന്നുണ്ട്. "പൊൻപണത്തിനു മാനത്തെ വിറ്റു നിൻവയർ നീ നിറയ്ക്കയോ, ബാലേ?" എന്നയാൾ അവളെ അധിക്ഷേപിക്കുന്നുമുണ്ട്. ആ നിമിഷം വരെയും പ്രണയത്തിന്റെ കാല്പനിക ലോകത്തു വിഹരിച്ചിരുന്ന കവി നൊടിനേരംകൊണ്ട് പ്രായോഗികമതിയാവുന്നു. അവന്റെ പരിഹാസത്തിന്റെ പേരിൽ പ്രഹരിച്ചാൽ ലോകമൊക്കെയും ഇക്കഥയറിയും. അവന്റെ കൊള്ളിവാക്കിലും വാസ്തവനാളമില്ലയോ എന്ന് കവി ആത്മവിശകലനം നടത്തുന്നു. ആ നിമിഷം മുതൽ അയാൾ രാഗവഞ്ചനയ്ക്ക് യുക്തികൾ തേടുന്നു.

“എന്നെയിഷ്ടപ്പെടുന്നതാത്തയ്യി-
ന്നന്തരംഗമല്ലർദ്ധ ദാരിദ്ര്യം
അന്തരംഗമാണെന്നിരുന്നാലെ-
ന്തന്തരം?-അതുമസ്ഥിര താരം
കന്യമാർക്കു നവാനുരാഗങ്ങൾ
കമ്രശോണ സ്ഫടികവളകൾ
ഒന്നു പൊട്ടിയാൽ മറ്റൊ-ന്നിവണ്ണ-
മുന്നയിപ്പു ഞാൻ തത്ത്വനിരകൾ”

ഇമ്മട്ടിൽ പ്രണയിനിയെയും അവളുൾപ്പെടുന്ന സ്ത്രീസമൂഹത്തെയും അയാൾ നിർലജ്ജം വിധിക്കുന്നു; പ്രണയത്തിൽ നിന്നൊഴിയാൻ വഴികൾ തേടുന്നു. “മറ്റു പൂച്ചെടി ചെന്നുതിന്നാനെൻ കൊറ്റനാടിനുണ്ടിപ്പോഴേ മോഹം!” എന്ന് സ്വയം തിരിച്ചറിയുകയും ചെയ്യുന്നു. “ചെറ്റയാം വിടൻ ഞാനിനിമേലിൽ കഷ്ടമെങ്ങനെ കണ്ണാടി നോക്കും?” എന്ന ആത്മവിശകലനത്തിൽ ഉരുകുന്ന കവിയെയും നമുക്കിവിടെ കാണാം.

കുടിയാന്റെ മാടം എരിഞ്ഞതിന്റെ പഴിയും ജന്മിയെ തേടിയെത്തി. “നീയെരിച്ചതിൽ പിന്നെയാണല്ലോ തീയെരിച്ചതസ്സാധുവിൻമാടം” എന്ന തിരിച്ചറിവിലേക്കയാൾ എത്തുന്നുണ്ട്. “ഭീരുതന്നെ ഞാൻ: എൻതല, നോക്കൂ, നാരുനാരായ് നരച്ചിരിക്കുന്നു!” എന്നു തുറന്നു സമ്മതിക്കുന്നത് പോരിൽവെന്ന പൂർവിക രക്തധാരയുടെ പാരമ്പര്യത്തിൽ അഭിമാനം കൊണ്ടിരുന്ന ജന്മി തന്നെയാണ്. സാമൂഹികക്രമത്തിന്റെ മാറ്റം. മനോഭാവങ്ങളിൽ പടിപടിയായി പ്രകടമാവുന്നതെങ്ങനെയെന്നും അധികാരക്രമങ്ങൾ എപ്രകാരമാണ് സമൂഹഘടനയിൽ ചലനമുണ്ടാക്കുന്നതെന്നും തന്നെത്തന്നെ ഉദാഹരിച്ചു വ്യക്തമാക്കുന്ന മറ്റൊരു കവിയില്ല; മറ്റൊരു കവിതയുമില്ല മലയാളത്തിൽ. “യാഥാർത്ഥ്യത്തെ നേരിടാനാകാതെ ഒഴിഞ്ഞുമാറുകയും ലോകാസമസ്താ സുഖിനോ ഭവന്തു എന്നു നിരന്തരം ഉരുവിടുകയും ഉരുവിടുന്നതിന്റെ പൊരുൾ സാക്ഷാത്കരിക്കത്തക്കവണ്ണം പ്രവർത്തിക്കാനാവാതെ സ്വപ്നം കാണുകയും ചെയ്യുന്ന ഇടച്ചേരിക്കാരനായ ബുദ്ധിജീവിയുടെ പതനം ഇതിലധികം ഹൃദയസ്പർശിയായി ചിത്രീകരിക്കുക സാധ്യമാണെന്നു തോന്നുന്നില്ല” എന്ന് എം. ലീലാവതി അഭിപ്രായപ്പെടുന്നുണ്ട് (വിട, വൈലോപ്പിള്ളിക്കവിതാസമീക്ഷ).

രാഷ്ട്രീയവും സാമൂഹികവുമായ അധികാരബന്ധങ്ങൾ മാത്രമല്ല വൈലോപ്പിള്ളിക്കവിതയിൽ ആവിഷ്കൃതമായിരിക്കുന്നത്. ഏതെതെല്ലാം ഇടങ്ങളിലും ബന്ധങ്ങളിലും മേൽത്തട്ടും കീഴ്ത്തട്ടും പുലരുന്നുവോ അവിടങ്ങളിലെല്ലാം അധികാരഘടന നിയതമായ രൂപംപാലിച്ചുകൊണ്ട് പ്രവർത്തിക്കുന്നുണ്ട്. പ്രത്യക്ഷവും പരോക്ഷവുമായ ഇത്തരം ബന്ധങ്ങളെക്കൂടി

വിശകലനം ചെയ്യുന്നതിലൂടെ മാത്രമേ വൈലോപ്പിള്ളിക്കവിതകളിലെ അധികാരഘടനയെ വിലയിരുത്തുവാനാകൂ.

ഏറ്റവും പ്രകടമായ അധികാരബന്ധങ്ങൾ നിലനിന്നു പോരുന്നത് കുടുംബത്തിനകത്താണ്. ഭാര്യാഭർത്തൃബന്ധത്തിലും പിതാവും മക്കളും തമ്മിലുള്ള ബന്ധത്തിലും അമ്മാവനും മരുമക്കളും തമ്മിലുള്ള ബന്ധ ത്തിലും യജമാനനും പണിക്കാരും തമ്മിലുള്ള ബന്ധത്തിലും അധികാര വിനിമയങ്ങൾ ശക്തമായി പുലരുന്നുണ്ട്. ഏറെ ചർച്ച ചെയ്യപ്പെട്ടതാണ് വൈലാപ്പിള്ളിക്കവിതയിലെ ദാമ്പത്യചിത്രങ്ങൾ. കാല്പനികാംശങ്ങൾ പാടേ ചോർന്ന് നേർക്കാഴ്ചകളും ചിന്തകളുമായി ആദ്യം മുന്നിലെത്തുന്ന കവിത 'കണ്ണീർപ്പാട'മാണ്. ജീവിതത്തിന്റെ കണ്ണീർപ്പാടം മുറിച്ചുകടക്കു വാൻ ചെളിക്കുഴമ്പു വരമ്പിലൂടെ ക്ലേശിച്ചു നടക്കുന്ന ദമ്പതിമാർ. സ്നേഹ വൈകൃതത്താൽ പരിക്കേറ്റവർ. ദാമ്പത്യത്തിന്റെ ആദ്യവർഷങ്ങളിൽ അയാൾ മുന്നെയും ഇപ്പോഴിപ്പോൾ പിമ്പെയും നടന്നുനീങ്ങുന്നു. പൂവിരി ക്കാവുകൾ വിട്ട് തന്നോടൊപ്പം ചളിക്കുഴമ്പു വരമ്പുകൾ വരിച്ചവളെ 'പുണ്യവ്രതേ' എന്നേ 'ഭദ്രേ' എന്നും അയാൾ സംബോധന ചെയ്യുന്നു. നീരൊഴുക്കയാളെ ചുറ്റിപ്പിടിച്ച് മറിക്കാനൊരുങ്ങവേ വിതുമ്പിത്തുളുമ്പുന്ന അവളുടെ മിഴിയിൽ തുളുമ്പുന്ന മൃതിയെ ദ്രവിപ്പിക്കാൻ കരുത്തുള്ള സ്നേഹത്തിന്നഗാധത അയാൾ തിരിച്ചറിയുന്നു. കവിയുടെ സങ്കല്പവും അവളുടെ യാഥാർത്ഥ്യവും പലപ്പോഴും രഞ്ജിപ്പിൽ പോകാറില്ല. ദാമ്പത്യം നിയമം നിറവേറ്റലാണെന്നും, നയവും അഭിനയവുമാണതിനെ താങ്ങി നിർത്തുന്നതെന്നും തിരിച്ചറിയുന്ന പ്രായോഗികമതിത്വം കവി പ്രദർശി പ്പിക്കുന്നുണ്ട്. മൂകശീതസംഗരത്തിന്റെയും കൊള്ളിവാക്കുകളുടെയും ഒറ്റ പ്പെടലുകളുടെയും യാഥാർത്ഥ്യങ്ങൾക്കകത്തും സ്നേഹത്തിന്റെയും കരു തലിന്റെയും പിണങ്ങാത്ത കണ്ണികൾ അവരെ വഴുതിവീഴാതെ മുന്നോട്ടു നയിക്കുന്നുണ്ട്. അധികാരമല്ല കണ്ണീർപ്പാടത്തെ ദമ്പതിമാരെ ഭരിക്കുന്നത്. സാമൂഹിക നിയമങ്ങളും കുടുംബക്രമവും സ്നേഹാതിരേകവും അവരെ ഒന്നിപ്പിച്ചു നിർത്തുന്നുണ്ട്. പരസ്പരാധികാരത്തിന്റെയും ഉത്തരവാദിത്ത ത്തിന്റെയും ശൃംഖലകൾ അവർക്കിടയിലുണ്ട്.

'സ്നേഹാധികാര ശകാരഘോഷത്തെ (കാക്ക) അരുമയോടെ ചേർത്തുനിർത്തിയിട്ടുമുണ്ട് വൈലോപ്പിള്ളിക്കവിത. വേലക്കു നില്ക്കുന്ന കറുത്തപെണ്ണിന് അവളുടെ തന്റേടവും കൂറും വേലയിലുള്ള മിടുക്കും പരിഗണിച്ച് പ്രണയവാത്സല്യഭാവത്തോടെ ഏറിയ പരിഗണന നൽകി യിട്ടുണ്ടദ്ദേഹം.

'നീചനാകിലും നാഥൻ ദൈവതം കുലസ്ത്രീയ്ക്ക് (ഉജ്ജ്വലമു ഹൂർത്തം) എന്ന പഴയ മട്ടിലുള്ള ചട്ടത്തെ തൊട്ടടുത്ത വരിയിൽ തിരുത്തു

ന്നുണ്ടദ്ദേഹം. "നീ സുകൃതിനി, രാമൻ നിൻപ്രിയൻ, ലോകപ്രിയൻ" എന്ന അനസൂയയുടെ മൊഴിയിൽ വൈവാഹികബന്ധത്തിലെ നന്മതിന്മകൾ സുകൃതഫലമാണെന്ന ധ്വനിയുണ്ട്.

"ഞങ്ങളൊ, ന്നൊന്നീ ഞങ്ങ, 'ളെന്നു നിങ്ങടെ ഹൃദ-
യങ്ങളൊപ്പമേ ചൊല്ലുമദ്വൈതസൂക്തത്തിങ്കൽ
ഭാവിതന്നിളം കൊഞ്ചൽ കേൾക്കെ, യമ്മാതാവിന്നു
ദേവലോകവും തുച്ഛം, നിർഗന്ധം ചിദാനന്ദം!"

വൈലോപ്പിള്ളി വിഭാവനം ചെയ്യുന്ന ഗാർഹസ്ഥ്യവും അതിന്റെ നെടുംതൂണായ വൈവാഹികബന്ധവും എത്ര ഉദാത്തമാണെന്ന കല്പന ഈ വരികളിലുണ്ട്. അധികാരത്തിന്റേതായ ദാർഢ്യമല്ല, പാരസ്പര്യത്തിന്റേതായ നൈർമല്യമാണതിന്റെ മുഖമുദ്ര. ഇത്രയും പറഞ്ഞ് കവിത അവസാനിപ്പിക്കുവാൻ വൈലോപ്പിള്ളിക്കാവില്ല. ഏതു ചിന്തയുടെയും മറുപുറം കൂടി വീക്ഷിച്ചേ അദ്ദേഹം തൂലിക താഴെവെയ്ക്കൂ.

"എങ്കിലും ദൗഷ്ട്യത്തിന്റെ കെടുവില്ലോടിയുന്നീ,-

ലങ്ങൊരു പുലർകാലേ തമസാനദികൂലേ.
അഞ്ചിതരാഗം തമ്മിൽ കൊക്കു ചേർത്തൊരു കൊമ്പിൽ
തഞ്ചിടും ക്രൗഞ്ചങ്ങളിലൊന്നിനെ വനവേടൻ
കൊന്നുവീഴ്ത്തിയ നോവാലാദിമകവി വാർത്ത
കണ്ണുനീരൊരു പെരുങ്കടലായ്പ്പരക്കുന്നു"

എന്നു കൂടി സീതായനത്തിന്റെ ദുഃഖകാണ്ഡം അനുസ്മരിക്കുന്നുണ്ടദ്ദേഹം. രാജാധികാരവും ഭർതൃഹിതവും പൗരിയേയും പത്നിയേയും എങ്ങനെയെല്ലാം ദണ്ഡിക്കുന്നുവെന്ന് ചുരുങ്ങിയ വരികളിൽ പകർത്തിവെച്ചിരിക്കുന്നു വൈലോപ്പിള്ളി.

ജലസേചനമെന്ന കവിതയിലെ അധികാരത്തിന്റെ വ്യാപനം വ്യത്യസ്തമാണ്. മഴപെയ്യാതെ വരണ്ടുണങ്ങിയ നാടിന്റെ ദൈന്യം ഗോപർ ബലരാമനോടുണർത്തിക്കുന്നു. പോംവഴിയായി കാളിന്ദിയെ ഗോകുലത്തിന്റെ പരിസരത്തേക്കു വിനയപൂർവം ക്ഷണിക്കുന്നു.

"വൃന്ദാവനക്കരിംകൂവള മാലികേ,
തന്നാലും നിൻ ദാനത്തൂമരന്ദം!"

എന്ന അപേക്ഷയുടെ സ്വരത്തിന് ചെവികൊടുക്കാതെ "കാറ്റിനാൽക്കുന്തളം ചീകിച്ചിരിച്ചങ്ങു കാട്ടിലെസ്സുന്ദരി പാഞ്ഞുപോവുക"യാണുണ്ടാ

യത്. ക്രോധഗ്രസ്തനായ ഹലായുധൻ കാളിന്ദീതീരത്തെ ഭേദിച്ച് പുതു വഴിയൊരുക്കി.

പട്ടിണി പാരിനെ തിന്നവേ, നീ വെള്ള-
പ്പട്ടുകിടക്ക വിടില്ലയെന്നോ?
നീറിടുമുർവ്വിതൻ ജീവനം കൊണ്ടുപോയ്
നീ വെറുമുപ്പിൽ കലക്കുമെന്നോ?

എന്ന ആക്രോശങ്ങളിൽ സ്ഫുരിക്കുന്നത് അധികാരത്തിന്റെ മുഴക്കമല്ല; ഭൂതദയയുടെ തീർപ്പേറിയ സ്വരമാണത്.

"ആ ഹലാഘാതം സഹിച്ചു ധരിത്രിയാൾ
ആസന്ന സൽഫല ഭാവനയാൽ"

എന്ന വരികളിൽ ഉർവരതാസങ്കല്പത്തിന്റെ ആന്തരചൈതന്യമുണ്ട്. "അത്ര മഹാന്മാർക്കേ ഭൂതദയയിൽ നിന്നിത്തരമുണ്ടാവൂ നിർദ്ദയത്വം" എന്ന് ബലരാമപക്ഷത്തെ ന്യായീകരിക്കുന്നുമുണ്ട് കവി. ആശകൾ പ്രാവർത്തികമാക്കുവാനുള്ള കഴിവായി അധികാരത്തിന്റെ കൈയൂക്ക് പ്രവർത്തിക്കുന്നതിന്റെ ഉത്തമോദാഹരണമാണിത്. നന്മയുടെ പക്ഷത്ത് നിലകൊള്ളുമ്പോൾ അധികാരം ശോഭനമാവും. ആദ്യത്തെ കർഷകരാജാവായ് ശോഭിച്ചാൻ എന്ന വിശേഷണം വൈലോപ്പിള്ളിക്കവിതയിലെ അധികാരഘടനയുടെ സവിശേഷവിന്യസനത്തിന് നിദാനമായി നിലകൊള്ളുന്നു.

അധികാരം ദുഷിക്കുമ്പോൾ ഊക്കുകുറഞ്ഞവന് ജീവിതം അസഹ്യമാവും. അപ്പോഴാണ് കൂട്ടായ്മയുടെ അഗ്നി ആളിപ്പടർത്തേണ്ടത്.

അടിമച്ചങ്ങല നീറ്റിയുടപ്പാൻ,
അഭിനവലോകം നിർമ്മിപ്പാൻ,
ആശയ്ക്കൊത്തു തുണച്ചൂ ഞങ്ങളെ
യാളിക്കത്തും പന്തങ്ങൾ (പന്തങ്ങൾ)

എന്ന് കവി സാക്ഷ്യപ്പെടുത്തുന്നുണ്ട്.

അധ്യാപക-വിദ്യാർത്ഥി ബന്ധത്തിലും അധികാരത്തിന്റെ ചൂരൽപ്പാടുകളുണ്ട്. ദീർഘകാലം അധ്യാപകവൃത്തിയിലേർപ്പെട്ട വൈലോപ്പിള്ളിയെ വിദ്യാലയത്തിലെ കാർക്കശ്യങ്ങൾ അലോസരപ്പെടുത്തിയിട്ടുണ്ടെന്നതിൽ തർക്കമില്ല.

"ചേലഞ്ചും ബാലകന്മാരുടെ കരതളിരിൽ
കൊള്ളിവെയ്ക്കുന്ന ചൂര-
ക്കോലും കൈക്കൊണ്ടു ഞാനെങ്ങിനെ മരുവിടുമി-
പ്പാഠശാലാന്തരത്തിൽ?" (കാരാഗൃഹത്തിൽനിന്ന്)

എന്ന് അദ്ദേഹം ആശങ്കപ്പെടുന്നുണ്ട്.

"ഏട്ടിൽ സ്വാതന്ത്ര്യസൂര്യപ്രതിഫലനപടം
ബാലകന്മാർക്കു ചൂണ്ടി-
ക്കാട്ടിക്കൊണ്ടെത്രനാൾ ഞാൻ മരുവുമിഹപരി-
ഷ്ക്കാര കാരാഗൃഹത്തിൽ!"

എന്ന് കവിതാന്ത്യത്തിൽ കുറിക്കുമ്പോൾ അധികാരത്തിന്റെ ചൂരൽവടി താഴെവെച്ച് ബാലകർക്കു നഷ്ടമാവുന്ന സ്വാതന്ത്ര്യത്തിന്റെ തുറസ്സുകളെക്കുറിച്ച് പേർത്തും പേർത്തും വ്യാകുലപ്പെടുന്ന അധ്യാപക ഹൃദയമാണ് വെളിപ്പെട്ടു വരുന്നത്.

വൈലോപ്പിള്ളിയുടെ ഏറെ ചർച്ച ചെയ്യപ്പെടാത്ത കവിതയാണ് 'ഒരു കൊടി'. 1947-ലെ സ്വാതന്ത്ര്യദിനത്തിൽ നാട്ടുരാജ്യക്കൊടിയുടെ അകമ്പടി കൂടാതെ ഭാരതപതാക നാട്ടി വന്ദിപ്പാൻ മുതിർന്ന ഒരു സംഘം കലാശാലവിദ്യാർത്ഥികളുടെ അനുഭവത്തെ ആസ്പദമാക്കിയാണിത് രചിച്ചിരിക്കുന്നത്.

"നിൻ നിണം, നിൻ മാംസമാം
കേരളം, നിവർന്നേറ്റാ-
രിന്ത്യയിൽ ദാസ്യത്തിന്റെ
മന്തുകാലായ് നിൽക്കയോ?
നാടൊക്കെ സ്വാതന്ത്ര്യത്തിൻ
മംഗല ശംഖ ധ്വാനം
മാടത്തിൽ ഞങ്ങൾക്കെന്നാൽ
മർദ്ദിത ദീനാരവം"

1942-ലെ ക്വിറ്റിന്ത്യാ സമരത്തിൽ പങ്കെടുത്ത് അറസ്റ്റു വരിച്ചവരാണീ വിദ്യാർത്ഥികൾ. പുസ്തകദളം വെടിഞ്ഞ് സ്വാതന്ത്ര്യത്തിനായി പോരാടി കൈവിലങ്ങുകളാൽ കാപ്പുകെട്ടിയ ധീരരാണവർ.

"തമ്പുരാനുടെ കൂറ
കാവൽനിൽക്കണം പോലും
മുമ്പിലായ്-ഹാ ബന്ദിയോ
ഭാരത ജയക്കൊടി?"

എന്ന് നാട്ടുരാജ്യഭരണത്തിന്റെ അധികാരവമ്പിനു മുന്നിൽ നിവർന്നുനിന്ന് ചോദ്യം ചെയ്യാൻ കരളുറപ്പുള്ളവർ. ഇവരുടെ ചെയ്തികൾ കണ്ട് 'പിഴച്ചു പിഴച്ചു' എന്നു പഴിക്കുന്നവരെ 'പിറന്ന നാട്ടിൻ മാനം കാണാത്ത മണ്ണട്ടകൾ' എന്നാണ് വിളിച്ചിരിക്കുന്നത്. 'കുടിയൊഴിക്കലിലെ' ചീവീടു

കളുടെ പാട്ടിന് എതിർസ്വരമായി ഗണിക്കാവുന്നതാണ് ഈ മണ്ണട്ടകളുടെ പാട്ട്.

"ദേവനും ഭൂദേവനും
മന്നനും സമ്പന്നനു-
മേവനുമുയർത്തുന്നൂ
തൻ കൊടിക്കൂടാരങ്ങൾ!"

എന്നിങ്ങനെ വിശന്നുവലഞ്ഞ ഇന്ത്യക്കാരന്റെ മുന്നിൽ രാഷ്ട്രീയാധികാരത്തിന്റെയും ജാത്യാധികാരത്തിന്റെയും സാമ്പത്തികാധികാരത്തിന്റെയും പേരിൽ തങ്ങളുടെ കൊടിക്കൂടാരങ്ങൾ ഉയർത്തുന്നവരുടെ ചെയ്തികളെ ചോദ്യംചെയ്ത ചോരതുടിക്കും ചെറുകയ്യുകളുടെ, വിദ്യാർത്ഥികളുടെ, സമരവീര്യത്തെ മനോഹരമായി ആവിഷ്ക്കരിച്ചിരിക്കുന്ന കവിതയാണ് 'ഒരു കൊടി'.

അധികാരം അദൃശ്യമായി പ്രവർത്തിക്കുന്നതിന്റെ നേരടയാളങ്ങളാണ് 'കടൽക്കാക്കകൾ' എന്ന കവിതയിലെ വിദ്യാർത്ഥികളായ ജ്യേഷ്ഠാനുജന്മാർ. 'കുളിയാശുദ്ധ'വുമായി ഭക്ഷണം കഴിക്കാനാവാതെ ഉച്ചപ്പട്ടിണിയാൽ വലയുന്നവർ. 'കുടുമ വളർത്തിയ ദൈന്യങ്ങൾ'. വീട്ടിലെത്തി കുളിച്ചിട്ടേ ഭക്ഷിക്കാവൂ എന്നു കല്പിക്കുന്ന കാരണവരായ വല്യമ്മാവൻ.

"സ്ഥൂലമഹോന്നതവിഗ്രഹ, മാജ്ഞ-
ശീലമിയന്നോരിടിനാദം,
ഗൗരവഭാവം, ഭസ്മം, തിലകം,
ഗൗരീശങ്കര രുദ്രാക്ഷം
സമ്പ,ത്തനുചരസംഘം, നാട്ടിൽ
സകലജനാഭൃതനദ്ദേഹം:
ശുദ്ധാശുദ്ധവിധിക്കു തനിക്കൊരു
ശൂരതയുണ്ടു വിശേഷിച്ചും"

-ഈ ഗംഭീരഗാത്രവും അനുചരവൃന്ദവും സമ്പദ്സമൃദ്ധിയുമെല്ലാം അയിത്തംപോലുള്ള അനാചാരങ്ങളെ ശൈശവം മുതൽ പാലിക്കേണ്ട പരിശീലനക്കളരിയാക്കി മാറ്റുന്നതിനുള്ള മികച്ച ഉപകരണമായി മാറുന്നുണ്ട്. അധികാരവിന്യാസങ്ങൾ കുടുംബത്തിനകത്തും പുറത്തും അതിസൂക്ഷ്മതലങ്ങളിൽപ്പോലും അതിസാധാരണമെന്ന മട്ടിൽ പ്രവർത്തിക്കുന്നതിന്റെ ദൃഷ്ടാന്തമാണീ കവിത.

പ്രകൃതിയുടെമേലും അധീശത്വത്തിന്റെ നഖങ്ങളല്ല വൈലോപ്പിള്ളിക്കവിത ആഴ്ത്തുന്നത്. ഉർവിയെ പുഷ്പിക്കുന്ന നിർവൃതികരമായ

സർഗവ്യാപാരത്തിലേർപ്പെടുന്ന കവിയെ 'കയ്പവല്ലരി'യിൽ മാത്രമല്ല കാണാനാവുന്നത്. 'മലതുരക്കലിലും' 'ലാടം തറയ്ക്കലിലും' 'സർപ്പക്കാടിലും' പ്രകൃതിയെ കരുതുന്ന അതേസമയം പുരോഗമനത്തെ സ്വാഗതം ചെയ്യുന്ന വൈലോപ്പിള്ളിയെ കാണുവാനാകും. 'സഹ്യന്റെ മകൻ', 'എണ്ണപ്പുഴുക്കൾ', മുതലായ കവിതകളിൽ ജീവജാലങ്ങളിലുള്ള ആഴമേറിയ കാരുണ്യവും സഹജീവിസ്നേഹവും അനുഭവിച്ചറിയുവാനാകും. പക്ഷി, പുഷ്പ, സസ്യ സമൃദ്ധിയുടെ കാഴ്ചകൾ വൈലോപ്പിള്ളിയുടെ കാവ്യലോകത്ത് എമ്പാടുമുണ്ട്. അധികാരത്തിന്റേതായ കർക്കശസ്വരം ഇവയിലെവിടെയും കേൾക്കുവാനാവില്ല. പ്രകൃതിയും സർവചരാചരങ്ങളും ഒരുമിച്ച് സ്പന്ദിക്കുന്ന, ഒരേ ഊർജപ്രവാഹമായി മാറുന്ന, പുതിയ ഉണർവുകളെ സ്വപ്നം കാണുന്ന പ്രകൃതി മാനവികതയിലാണ് വൈലോപ്പിള്ളിക്കവിത ഊർജം കണ്ടെത്തുന്നത്.

ഇത്തരത്തിൽ താൻ ജീവിക്കുകയും ഇടപെടുകയും ചെയ്യുന്ന സമൂഹത്തെയും പരിസ്ഥിതിയെയും വ്യവസ്ഥിതിയെയും അതിസൂക്ഷ്മമായി ഇരുപുറവുംനിന്ന് നിരീക്ഷിക്കുകയും മാറ്റങ്ങളെ അവധാനതയോടെ നോക്കിക്കാണുകയും ചെയ്ത കവിയാണ് വൈലോപ്പിള്ളി. അധികാരഘടനയോടുള്ള അദ്ദേഹത്തിന്റെ സമീപനത്തിലും ഈ സവിശേഷതകൾ സുവ്യക്തമായി അടയാളപ്പെട്ടിട്ടുണ്ട്. അധികാരത്തിന്റെ സാമൂഹികതലം, സാമ്പത്തികതലം, വൈയക്തികതലം, കായികതലം, മതാത്മകതലം എന്നീ അടരുകളെല്ലാം തികഞ്ഞ അവബോധത്തോടെയും യാഥാർത്ഥ്യബോധത്തോടെയും ആവിഷ്ക്കരിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. കാല്പനികതയുടെ അതിലോലഭാവനകൾക്കൊന്നും ഒട്ടുമേ ഇടമില്ലാത്ത ഈ ആശയങ്ങളുടെ കാവ്യാത്മകമായ അവതരണത്തിൽ വൈലോപ്പിള്ളി പുലർത്തിയ കൃതഹസ്തതയാണ് അദ്ദേഹത്തിന്റെ കവിയശസ്സിനെ ഏറെ മഹത്തരമാക്കുന്നത്. ആശയവും ആവിഷ്കാരവും ഒന്നിനൊന്നു മികച്ചത്. പദതലത്തിലും പാദതലത്തിലും സ്പർശമണിയായിത്തീരുന്ന കവിതയുടെ മാന്ത്രികത. അപൂർ വസ്തുനിർമ്മാണത്തിനായി കവി കണ്ടെത്തുന്ന അലങ്കാരകല്പനകൾ. ആശയത്തിന് അനുപൂരകമായ വൃത്തഭംഗി-ഇവയെല്ലാം ചേർന്ന കാവ്യലയം. കാച്ചിക്കുറുക്കിയ, എല്ലുറപ്പുള്ള കവിത സ്വയമേവാഗതമായതല്ല. കൃത്യമായ ഉൾക്കാഴ്ചയും പഠനവും പരിശീലനവും അവയുടെ പിറവിക്കു പിന്നിലുണ്ട്. ഇത്തരത്തിലുള്ള കാവ്യാനുശീലനം വൈലോപ്പിള്ളിക്കവിതകളുടെ സവിശേഷതയാണ്. അധികാരഘടനയോടുള്ള അദ്ദേഹത്തിന്റെ സമീപനവും ഈ മട്ടിൽ ബുദ്ധിക്കും ഹൃദയത്തിനും നവോന്മേഷങ്ങൾ നല്കുന്നതാണ്. ഒപ്പം, നമ്മുടെ പൂർവചരിത്രത്തിലേക്കും സംസ്കാരത്തിലേക്കും വിശകലനബുദ്ധിയോടെ സഞ്ചരിക്കാവുന്ന മികച്ച പാഠമായി ഇത്തരത്തിലുള്ള വായനകൾ മാറുന്നുണ്ട്.

**ഗ്രന്ഥസൂചി**


അജയഘോഷ്, എസ്. (ഡോ) *കനിവിന്റെ കൈ വൈലോപ്പിള്ളിക്കവിതാ പഠനം.* കൊല്ലം: സുജിലി പബ്ലിക്കേഷൻസ്, 2017.

പ്രസന്നരാജൻ. *അധികാരം സാഹിത്യത്തിൽ സമകാലിക വായനകൾ.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2018.

രാജശേഖരൻ, എസ്. (ഡോ.) (സമ്പാ.). *വൈലോപ്പിള്ളിക്കവിതാസമീക്ഷ.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2002.

രാജശേഖരൻ, എസ്. (ഡോ.) *മലയാള സാഹിത്യനായകന്മാർ വൈലോപ്പിള്ളി ശ്രീധരമേനോൻ.* തിരുവനന്തപുരം: പ്രകാശനവിഭാഗം, കേരള സർവകലാശാല, 2001.

മുരളി പള്ളിപ്പുറം (ഡോ.) *കവിതയുടെ ജ്വാലാമുഖങ്ങൾ.* കോട്ടയം: സാഹിത്യപ്രവർത്തക സഹകരണ സംഘം, 2011.

ലീല, സി.പി. (ഡോ.) *വൈലോപ്പിള്ളി നേരിന്റെ വേനൽപ്പൊരുൾ.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2008.

ലീലാവതി, എം.(ഡോ.) *കവിതാധ്വനി.* കോട്ടയം: നാഷണൽ ബുക്ക് സ്റ്റാൾ, 2023.

വസന്തൻ, എസ്.കെ. (ഡോ.) *പുസ്തകപരിചയം.* എടപ്പാൾ: വള്ളത്തോൾ വിദ്യാപീഠം, 2015.

വസന്തൻ, എസ്.കെ. (ഡോ. നിരൂപകന്റെ വായന. തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി, 2015.

ശങ്കരൻ, കെ.പി. (പ്രൊഫ.). *മറ്റൊരു വൈലോപ്പിള്ളി.* തിരുവനന്തപുരം: പ്രകാശനവിഭാഗം, കേരള സർവകലാശാല, 2007.

ശിവപ്രസാദ്, പി. (ഡോ.). *കവിതയുടെ രാഷ്ട്രതന്ത്രം.* കോഴിക്കോട്: കേരള ബുക്ക് ട്രസ്റ്റ്, 2018.

ശ്രീധരമേനോൻ, വൈലോപ്പിള്ളി. *വൈലോപ്പിള്ളി സമ്പൂർണ്ണകൃതികൾ ഭാഗം 1 & 2.* തൃശ്ശൂർ: കറന്റ് ബുക്സ്, 2013.

സീന, ഇ.കെ. (ഡോ.). *പ്രതിരോധസംസ്കാരം സിദ്ധാന്തവും പ്രയോഗവും.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2014.

സോമൻ, പി. (ഡോ.) *വൈലോപ്പിള്ളിക്കവിത ഒരു ഇടതുപക്ഷവായന.* തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2017.

# എസ്തേർ : വംശീയപ്രത്യയശാസ്ത്രങ്ങളുടെ ഭൂമിക

**ഡോ. സ്മിതാ ഡാനിയേൽ എസ്.എൽ.**
അസിസ്റ്റന്റ് പ്രൊഫസർ, മലയാളവിഭാഗം,
സി.എം.എസ്. കോളേജ്, കോട്ടയം (ഓട്ടോണമസ്)

**സംഗ്രഹം**

വംശീയപ്രത്യയശാസ്ത്രങ്ങളുടെ നിലപാടിൽ സാഹിത്യ കൃതികളെ വിലയിരുത്തുന്നതിന് സാംഗത്യം ഏറെയുണ്ട്. സാറാ ജോസഫിന്റെ എസ്തേർ എന്ന നോവൽ വംശീയ ബോധത്തിന്റെയും പ്രതിരോധത്തിന്റെയും സാംസ്കാരിക പരിസരമായി മാറുന്നത് എങ്ങനെയെന്ന് സൈദ്ധാന്തികമായി അപഗ്രഥിക്കുന്നതാണ് ഈ പ്രബന്ധം. കീഴ്പ്പെടുത്തലിന്റെ രീതിശാസ്ത്രവുമായി വംശീയത പരിണമിക്കുന്നതിനെ നോവലിൽനിന്ന് കണ്ടെടുത്ത് ഇതിൽ വിശദീകരിക്കുന്നു.

**താക്കോൽ വാക്കുകൾ**

വംശം (Race), വംശീയത (Ethinicity), വംശീയബോധം (Systemic Racism), വംശീയസ്വത്വം (Ethnic Identity), വംശവെറി (Race Hatred), വംശഹത്യ (Genocide).

വംശം ഒരു സാമൂഹികനിർമ്മിതിയും വംശീയത ഒരു പ്രത്യയ ശാസ്ത്രവുമാണ്. വംശീയതയുടെ അടിസ്ഥാനമാണ് വംശം എന്ന ആശയം. അത് സ്വതഃസിദ്ധവും മാറ്റാനാകാത്തതുമായ രൂപമാണ്. വംശത്തെ അടിസ്ഥാനമാക്കിയുള്ള വിവേചനം, മുൻവിധി, വിദ്വേഷം ഇവയൊക്കെ വംശീയതയായി മാറുന്നു. വംശം മനുഷ്യസ്വഭാവങ്ങളെയും കഴിവുകളെയും നിർണയിക്കുന്ന ഘടകങ്ങളിലൊന്നാണ്. അഗാധവും ജൈവയാഥാർഥ്യങ്ങളിൽ അധിഷ്ഠിതവുമായത് നിലകൊള്ളുന്നത്.

വംശത്തിന് രാഷ്ട്രീയ സാമൂഹികമാനങ്ങളുണ്ട്. പ്രത്യേക സ്വഭാവ സവിശേഷതകൾ പങ്കിടുന്ന ഒരു കൂട്ടം ആളുകളെ വിവരിക്കുന്നതിനുള്ള സൂചകപദമാണ് വംശം. അതിൽ ഒരേ ഭാഷ, ചരിത്രം തുടങ്ങിയവയെല്ലാം ഉൾപ്പെടുന്നു.

ഒരു സാമൂഹികപശ്ചാത്തലത്തിൽ അർഥം സ്ഥാപിക്കു ന്നതിനായി പലപ്പോഴും പ്രബലരായ സമൂഹം സൃഷ്ടിച്ച സ്വത്വമാണ് വംശം. വംശങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങൾ ഒരു പ്രത്യേക വംശത്തിന്റെ സ്വാഭാവികമായ മേന്മയിൽ കലാശിക്കുന്നുവെന്ന വിശ്വാസമാണ് വംശീയത. വംശീയ വിഭാഗങ്ങളും വംശീയ പ്രത്യയശാസ്ത്രങ്ങളും ഏകപക്ഷീയവും ആത്മ നിഷ്ഠവുമാണ്. സ്വന്തം വംശത്തെ ക്കുറിച്ചുള്ള ആന്തരിക ആശയത്തിൽനിന്നാണ് വംശീയസ്വത്വത്തിന്റെ പിറവി. എസ്തനോസ് എന്ന വാക്കിൽനിന്നാണ് എത്നിസിറ്റി (Ethnicity) എന്ന പദം ഉണ്ടായത്. വംശീയത എന്ന അർത്ഥവിവക്ഷയാണിതിനുള്ളത്. നിശ്ചിതമായ പൊതുചരിത്രവും നിശ്ചിതമായ പൊതുലക്ഷണങ്ങളുമുള്ള സാമൂഹി കകൂട്ടായ്മയാണ് വംശീയത. ഇതിലേക്ക് ബാഹ്യഉറവിടങ്ങളിൽനിന്നുള്ള സന്ദേശങ്ങൾ ഉൾച്ചേരുന്നു. വംശീയസ്വത്വം കാരണം നീതി, അന്തസ്സ്, തുല്യത എന്നിവ അനുഭവിക്കുന്നതിൽ നിന്ന് ജനങ്ങളെ തടയുന്ന എല്ലാ നിയമങ്ങളും നയങ്ങളും പ്രത്യയശാസ്ത്രങ്ങളും വംശീയതയിൽ ഉൾപ്പെടുന്നു. മനുഷ്യസ്വഭാവസവിശേഷതകളുടെ സിദ്ധാന്തമായാണ് ഓക്സ്ഫോർഡ് ഇംഗ്ലീഷ് നിഘണ്ടു വംശീയതയെ നിർവചിക്കുന്നത്. മനുഷ്യജനതയെ ഭിന്നശേഷികളും സ്വഭാവങ്ങളുമുള്ള വംശങ്ങളായി തരംതിരിക്കാൻ കഴിയുമെന്ന ധാരണയെ ഉറപ്പിക്കുന്ന പദമാണ് വംശീയത.

വംശവും വംശീയതയും വ്യത്യസ്ത സങ്കല്പനങ്ങളാണ്. വംശത്തെ സംബന്ധിച്ച ഭൂരിഭാഗം നിർവചനങ്ങളും ജനങ്ങളെ പ്രാഥമികമായി അവരുടെ ശാരീരിക വ്യത്യാസങ്ങളാൽ വർഗീകരിക്കാനുള്ള ശ്രമമാണ് നടത്തിയിരിക്കുന്നത്. വംശങ്ങൾ അസമമാണ്. ഓരോ വംശത്തിന്റെയും പെരുമാറ്റപരവും ശാരീരികവുമായ ഗുണങ്ങൾ പാരമ്പര്യവും സഹജവു മാണ്. അവയുടെ സ്വഭാവം, ധാർമ്മികത, മനോഭാവം, ബൗദ്ധികകഴിവ് എന്നിവയ്ക്ക് പ്രത്യേകഗുണങ്ങളുണ്ട്. അതുകൊണ്ടുതന്നെ ഓരോ വംശവും വ്യതിരിക്തമാണ്. ലോകത്തിലെ എല്ലാ ജനങ്ങളും വംശങ്ങൾ എന്നു വിളിക്കുന്ന, ജൈവശാസ്ത്രപരമായി വേറിട്ടുനിൽക്കുന്ന ജനവിഭാഗ ങ്ങളായി തിരിക്കാം. ചർമ്മത്തിന്റെ നിറം, ചില മുഖസവിശേഷതകൾ, മുടിയുടെ ഘടന എന്നിവയുൾപ്പെടുന്ന ശാരീരികസവിശേഷതകളും മാനസികവും പെരുമാറ്റപരവുമായ പ്രവണതകളും ഉൾച്ചേർന്ന സാങ്കല്പി കമായ ഒരു ഇടമാണ് വംശത്തിൽ നിലകൊള്ളുന്നത്.

വംശീയത ദൈനംദിന ജീവിതത്തിന്റെ ഭാഗമാണ്. വ്യക്തിപക്ഷ പാതത്തിന്റെയോ മുൻവിധിയുടെയോ ഫലമാണ് വംശീയത. അത് നിയമവ്യവസ്ഥകളിലും നയങ്ങളിലും ഉൾച്ചേർന്നിട്ടുള്ള ആശയമാണ്; മനുഷ്യസമൂഹങ്ങളുടെ സവിശേഷതയാണ്. സാംസ്കാരികമായ സവിശേഷതകൾ, ഭാഷ, മൂല്യങ്ങൾ, വിശ്വാസങ്ങൾ, മതം, ഭക്ഷണശീലങ്ങൾ, ആചാരങ്ങൾ മുതലായവ പങ്കിടുന്ന സ്വത്വബോധമാണ് വംശീയത. ചർമ്മത്തിന്റെ നിറം, വംശം, ദേശീയത, പൗരത്വം എന്നിവയുടെ അടിസ്ഥാനത്തിൽ വ്യക്തികളെ അടിച്ചമർത്തുന്നതും പാർശ്വവത്കരിക്കുന്നതും വംശീയതയുടെ ഭാഗമാണ്. അസ്വസ്ഥത, വിഷാദം, ഏകാന്തത, ഭയം തുടങ്ങിയ വികാരങ്ങൾ ഉൾപ്പെടെ അത് അനുഭവിക്കുന്നവരിൽ വംശീയതയുടെ സ്വാധീനം ദോഷകരവും ദീർഘകാലം നിലനിൽക്കുന്നതുമാണ്.

വംശീയത രാഷ്ട്രീയ ആധിപത്യമുള്ള ഒരു നിലപാടാണ്. അത് സാമ്പത്തിക നേട്ടങ്ങളും ഉയർന്ന സാമൂഹികനിലയും നിലനിർത്തുന്നതിനുള്ള ഒരു മാർഗ്ഗംകൂടിയാണ്. ആധിപത്യമുള്ള വ്യക്തികളും സ്ഥാപനങ്ങളും വംശീയത പുലർത്തുന്നു. അടിമത്തവും വംശഹത്യയും ഉൾപ്പെടെ നിരവധി ദുരന്തങ്ങൾക്ക് വംശീയത കാരണമായിട്ടുണ്ട്. ചിന്തയിലോ പ്രവൃത്തിയിലോ ഉള്ള മുൻവിധിയാണ് വംശീയത. മറ്റുള്ളവരുടെ അവകാശങ്ങൾക്കെതിരെ വിവേചനം കാണിക്കാനോ അടിച്ചമർത്താനോ പരിമിതപ്പെടുത്താനോ ഉള്ള അധികാരമുണ്ടാകുമ്പോഴാണത് സംഭവിക്കുന്നത്. കീഴ്പ്പെടുത്തലിന്റെ രീതിശാസ്ത്രവുമായി ബന്ധപ്പെട്ട് നിലകൊള്ളുന്ന ഒരു സംജ്ഞയാണ് വംശീയത. വേർതിരിവ്, വെറുപ്പ്, മുൻവിധി, വിദ്വേഷം, വിവേചനം, അതിക്രമം, അടിച്ചമർത്തൽ തുടങ്ങിയ പദങ്ങളോട് ചേർത്താണ് വംശീയത പ്രയോഗിക്കപ്പെടുന്നത്. വംശീയ സവിശേഷതകൾ പെരുമാറ്റത്തിന്റെ പാഠരൂപങ്ങളാണ്. അത് ക്ഷണികവും ഉപരിപ്ലവവുമാണ്.

സാമൂഹികവ്യവസ്ഥിതികൾക്കുള്ളിൽനിന്ന് നിർമ്മിക്കപ്പെടുന്നതാണ് വംശീയത. മനുഷ്യർ സവിശേഷവും ജൈവപരവുമായ പ്രത്യേക വിഭാഗങ്ങളായി ജനിക്കുന്നുവെന്ന പ്രബലമായ വിശ്വാസം ഇതിന് പിന്നിലുണ്ട്. ഇങ്ങനെ സവിശേഷവിഭാഗത്തിൽപ്പെടുന്ന ജനതയ്ക്ക് ശാരീരികവും മാനസികവും സാംസ്കാരികവും ബൗദ്ധികവുമായ കഴിവുകൾ കൂടുതലുണ്ടായിരിക്കുമെന്നും അത്തരം വംശങ്ങൾക്ക് മറ്റ് വംശങ്ങളുടെമേൽ ആധിപത്യത്തിന് അവകാശമുണ്ടായിരിക്കുമെന്നും വംശീയവാദികൾ വിശ്വസിക്കുന്നു. ഉത്തമം/അധമം എന്ന ദ്വന്ദ്വപരികല്പന

യിലും വെളിപ്പെടുന്നത് ഈ ആധിപത്യസ്വഭാവമാണ്. ഒരു വംശത്തിന്റെ ശ്രേഷ്ഠത നിശ്ചയിക്കുന്നതിൽ ആധിപത്യവാസനയാണ് പ്രവർത്തിക്കുന്നത്. തങ്ങളുടെ വംശം ഉത്കൃഷ്ടമാണെന്ന ചിന്ത രൂഢമൂലമായ യഹൂദരിൽ ഉയിർകൊ ആധിപത്യപ്രവണതയുടെ വളർച്ച വിശകലനം ചെയ്യുന്ന നിലപാടുകൾ ബൈബിളിലുണ്ട്.

വംശീയചരിത്രവായന ബൈബിളിനെ കേന്ദ്രീകരിച്ച് നിർവഹിക്കുമ്പോൾ അത് വേരോടിയിരിക്കുന്നത് യഹൂദാ വംശത്തിലാണ്. യഹൂദാവംശത്തിൽ ആഴത്തിൽ വേരുറച്ച വ്യവസ്ഥാപിത വംശീയബോധം (systemic racism) തലമുറകളോളം നിലനിൽക്കുന്നുണ്ട്. സമാനതകളില്ലാത്ത ക്രൂരതകൾ അഭിമുഖീകരിക്കേണ്ടി വന്നപ്പോഴും അതിജീവനത്തിന്റെ പന്ഥാവിൽ മുന്നേറാൻ അവരെ പ്രാപ്തരാക്കിയത് ഈ ഉൾക്കാഴ്ചയാണ്. വംശീയതയ്ക്ക് ഇരയാകുമ്പോഴും ശക്തമായ രാഷ്ട്രീയ-അധികാരവ്യവസ്ഥകളിലൂടെ വംശീയതയ്ക്ക് അടിസ്ഥാനമിടാനും യഹൂദർക്ക് കഴിഞ്ഞു. മറ്റുള്ളവരെ മുൻവിധിയോടെ കാണാനും അവരെ തങ്ങളുടെ ഇരകളാക്കാനും അവർ പലപ്പോഴും വെമ്പൽകൊള്ളുന്നു. ഉന്മൂലനത്തിന്റെയും ഹിംസയുടെയും രീതിശാസ്ത്രത്തിൽ മുന്നേറുന്ന യഹൂദാചരിത്രത്തിന്റെ വെളിപ്പെടലുകൾ ബൈബിളിൽ നിരവധിയുണ്ട്. വംശപാരമ്പര്യങ്ങളെ രേഖപ്പെടുത്തിയാണ് ഉല്പത്തി പുസ്തകം ആരംഭിക്കുന്നത്. ആദാമിന്റെ വംശപാരമ്പര്യമാവിതു: (ഉല്പത്തി :5) അതിനുശേഷം ഭൂമിയിൽ ജലപ്രളയം ഉണ്ടായി. അതേത്തുടർന്ന് കാണുന്നത് നോഹയുടെ വംശപാരമ്പര്യമാണ്. ജാതിജാതിയായും കുലംകുലമായും നോഹയുടെ പുത്രന്മാരുടെ വംശങ്ങളെക്കുറിച്ചുള്ള വ്യാഖ്യാനം ഉല്പത്തി പത്താം അധ്യായത്തിലുണ്ട്. അവരിൽനിന്നാണ് ജലപ്രളയാനന്തരം ഭൂമിയിൽ ജാതികൾ പിരിഞ്ഞുപോയതെന്ന് മനസ്സിലാക്കാം. അവരിൽ ശിനാർദേശത്തേക്ക് കുടിയേറിയ മനുഷ്യരാണ് ബാബേൽ ഗോപുരനിർമ്മാണം തുടങ്ങിയത്. നോഹയുടെ വംശാവലിയിൽ ഹാം ശപിക്കപ്പെട്ടവനായി മാറി. ശേമിന്റെ വംശപരമ്പരയിൽ നിന്നും അബ്രഹാമിന്റെ തലമുറവരെ നീളുന്ന പട്ടിക ബൈബിൾ രേഖപ്പെടുത്തുന്നു. അബ്രഹാമിന്റെ മകനായ യിസ്ഹാക്കിന്റെ വംശപാരമ്പര്യവും സാറായുടെ മിസ്രയീമ്യ ദാസി ഹാഗാർ അബ്രഹാമിന് പ്രസവിച്ച മകനായ യിശ്മായേലിന്റെ വംശപാരമ്പര്യവും ഇതിന്റെ പിന്തുടർച്ചയായുണ്ട്. യിസ്ഹാക്കിന്റെ വംശപരമ്പരയിലാകട്ടെ, ഒരേ ഉദരത്തിൽനിന്ന് രണ്ട് വംശങ്ങൾ പിരിയുന്ന ചരിത്രമാണുള്ളത്. അതിൽത്തന്നെ ഒരു വംശം മറ്റേ വംശത്തിലും ശക്തിപ്പെടുന്നു. യിസ്ഹാക്കിന്റെ മൂത്തമകൻ ഏശാവ് ഹിത്യവംശത്തിൽനിന്നും ഭാര്യമാരെ

തെരഞ്ഞെടുത്ത് സ്വവംശപരമ്പരയിൽനിന്ന് അന്യമാവുകയാണ്. ഇളയപുത്രൻ യാക്കോബ് പദ്ദൻ-അരാമിൽ ചെന്ന് അമ്മാവന്റെ പുത്രിമാരെ വിവാഹം ചെയ്ത് സ്വവംശത്തിന്റെ പിന്തുടർച്ചക്കാരനാകുന്നു. പദ്ദൻ-അരാമിൽനിന്ന് മടങ്ങിയെത്തിയപ്പോൾ ദൈവം യാക്കോബിന്റെ പേര് യിസ്രായേൽ എന്ന് ഉറപ്പിക്കുന്നു. (ഉല്പത്തി 35:10). യാക്കോബിന്റെ വംശപാരമ്പര്യത്തിലെ കണ്ണിയാണ് യഹൂദ; യിസ്രായേലിന്റെ ജാതൻ.

യിസ്രായേൽ വംശത്തിലെ എഴുപത് അംഗങ്ങൾ മിസ്രയീം ദേശത്തേക്ക് നടത്തിയ കുടിയേറ്റമാണ് വംശീയതയ്ക്ക് നിദാനമാകുന്ന പ്രധാന സംഭവം. മിസ്രയീമ്യഭരണാധികാരി ഫറവോ വിശാലമായ ഗോശെൻ ഭൂപ്രദേശം, യിസ്രായേൽ ജനതയ്ക്ക് വിട്ടുകൊടുത്തു. അവരുടെ തൊഴിൽമേഖലയായ ഇടയപരിപാലനം മിസ്രയീമ്യർക്ക് വെറുപ്പുളവാക്കുന്നതാണെന്ന് മനസ്സിലാക്കിയാണ് പ്രത്യേക വാസസ്ഥലം ഫറവോ അവർക്ക് നൽകിയത്. യിസ്രായേൽ വംശം ഗോശെനിൽ പ്രബലമാകുന്നത് മനസ്സിലാക്കി, പില്ക്കാല രാജ്യഭരണം നിർവഹിച്ച ഫറവോ അവരെ ക്രൂരമായ പീഡനങ്ങൾക്കിരയാക്കി. യിസ്രായേൽ-മിസ്രയീമ്യ അടിമത്തത്തിന്റെ സങ്കീർണ സ്ഥലിയിലെത്തിച്ചേർന്ന ചരിത്രസന്ദർഭമിതാണ്. അവർ ആരാധനാസമ്പ്രദായത്തിലും ആചാരാനുഷ്ഠാനത്തിലും ഭക്ഷണാദി കാര്യത്തിലും തികച്ചും വ്യത്യസ്തരായ വംശങ്ങളായിരുന്നു. അധികാരത്തിൽ ഔന്നത്യം പുലർത്തിയിരുന്ന മിസ്രയീം, യിസ്രായേലിനെ നീവർഷങ്ങൾ (430 സംവത്സരം) അടിമകളാക്കി ഭരണം തുടർന്നു. അതിനുശേഷം കനാൻദേശം യിസ്രായേൽ അവകാശമാക്കി. യിസ്രായേൽ വംശത്തിന്റെ വാഗ്ദത്ത പ്രയാണത്തിനിടയിൽ നിരവധി വംശീയ കലാപങ്ങൾ നടന്നു. ലക്ഷക്കണക്കിന് മനുഷ്യർക്ക് അതിൽ ജീവഹാനി സംഭവിച്ചു. ബൈബിൾ ചരിത്രത്തിൽ യിസ്രായേൽ പ്രവാസജീവിതത്തിലേക്ക് പോകുന്നതും പ്രതിസന്ധികളും അതിക്രമങ്ങളും ഒറ്റപ്പെടലുകളും നേരിടുന്നതുമായ തുടർഅധ്യായവുമുണ്ട്. പ്രബലമായ യഹൂദാ പ്രാമാണ്യത്തിന്റെ തകർച്ചയുടെ ചിത്രം തുറന്നുകാട്ടുന്ന ബൈബിളിലെ ഒരു പുസ്തകമാണ് എസ്ഥേർ. ഇതിലെ ചരിത്രപശ്ചാത്തലങ്ങളെ മുൻനിർത്തി സാറാ ജോസഫ് രചിച്ച നോവലാണ് എസ്തേർ.

വംശീയസംഘർഷങ്ങളുടെ ഭൂമികയാണ് എസ്തേർ എന്ന നോവൽ. യഹൂദർക്കെതിരെ ഗൂഢാലോചനകൾക്ക് നേതൃത്വം നൽകിയ ഹാമാന്റെ കുലം മുടിച്ച് അനന്തരവംശത്തെ നിർമൂലനം ചെയ്യാൻ പദ്ധതിയൊരുക്കുകയാണ് മൊർദ്ദെഖായി. യഹൂദജനതയുടെ വംശാധിപത്യത്തിന്റെ കറുത്ത അധ്യായം രചിക്കാൻ വളർത്തുമകളായ എസ്തേറിനെ അയാൾ

കരുവാക്കി. വംശീയതയുടെ ക്രൂരപന്ഥാവിൽ പുരുഷാധിപത്യത്തിന്റെ സ്വാർത്ഥത വിരിച്ച കെണിയിലകപ്പെട്ടു പോകുന്ന ഒരു പാവം പെൺ കുട്ടിയാണ് എസ്തേർ. യഹൂദാവംശത്തിൽനിന്ന് അഹശ്വറോസ് രാജാവിന്റെ പട്ടമഹിഷിയായവൾ എത്തിച്ചേർന്നു. മനുഷ്യനന്മയുടെയും മാനവികതയുടെയും ഇടങ്ങളിലൂടെ സഞ്ചരിച്ച അവളുടെ മനസ്സ് അധികാരത്തിന്റെ കരാളഹസ്തങ്ങളിൽ പിടഞ്ഞു. അവൾ അനുഭവിച്ച സ്വാതന്ത്ര്യത്തിന്റെ മനോഹരകാഴ്ചകൾ ഗതകാലസ്മരണകളിലൂടെ സാറാ ജോസഫ് നോവലിൽ അവതരിപ്പിക്കുന്നു. പട്ടുമെത്തയും വിശേഷവസ്ത്രങ്ങളും രാജകീയ പ്രൌഢിയും അവളിൽ അമ്പരപ്പു ണർത്തിയില്ല. എസ്തേറിന്റെ ജീവിതം, പ്രണയം, ദേശം, സ്വപ്നം, ഭാവി സകലതും അധികാരത്തിന്റെ രൌദ്രതയിൽ തകർന്നടിഞ്ഞു. മൊർദ്ദെഖായി മുന്നോട്ടുവച്ച കടപ്പാടുകളിൽ ചിന്നിച്ചിതറുന്ന എസ്തേറിന്റെ സ്വത്വസങ്കീർണതകളെ നോവൽ ഭാവനിഷ്ഠമായി അടയാളപ്പെടുത്തുന്നു.

കുന്നിനു മുകളിലെ യോഹാന്റെ വീട്ടിലേക്ക് കയറിപ്പോകുന്ന എസ്തേറിന്റെ ചിന്തകളിലാണ് നോവലാരംഭം. യഹൂദരുടെ ശത്രുക്കളായ അമാലേക്യർ അടിച്ചു തകർത്ത ശൂശനിലെ യഹൂദ ദേവാലയത്തിന്റെ ചിത്രം അതിൽ സുവ്യക്തമാണ്. അഹശ്വറോസിന്റെ അധീനതയിലുള്ള നൂറ്റിയിരുപത്തിയേഴു പ്രവിശ്യകളിലായി ചിതറിപ്പാർത്തിരുന്ന യഹൂദർ പ്രതിഷേധവുമായി തെരുവിലിറങ്ങി. വിലാപയാത്ര കൊട്ടാരവാതിൽക്കൽ എത്താൻ ഫെലിസ്ത്യർ അനുവദിച്ചില്ല. അതിനു കാരണമന്വേഷിച്ച എസ്തേറിനോട് വംശവെറിയുടെ ദീർഘചരിത്രം മൊർദ്ദെഖായി പറയുന്നു. ഹാമിന്റെ വംശപരമ്പരയിൽപ്പെട്ട ഫെലിസ്ത്യർ യഹൂദരുടെ വലതു കണ്ണ് ചൂഴ്ന്നെടുക്കാൻ തക്കം പാർത്തിരുന്നവരാണെന്ന ഞെട്ടിക്കുന്ന വസ്തുത എസ്തേറിനെ ഭയവിഹ്വലയാക്കി. എസ്തേർ കാണുന്ന സ്വപ്നത്തിൽ അമാലേക്യർ ബാൽദേവനു നൽകുന്ന കാഴ്ചദ്രവ്യങ്ങളിൽ യഹൂദരുടെ വലതുകണ്ണുകളാണെന്ന് മനസ്സിലാക്കി നിലവിളിക്കുന്നു.

അഹശ്വറോസിന്റെ പ്രധാനപത്നി വസ്ഥിക്കു പകരം കന്യക മാരുടെ തെരഞ്ഞെടുപ്പ് നടപടി ആരംഭിച്ചു. അതിലേക്ക് മൊർദ്ദെഖായി എസ്തേറിനെ നിർബന്ധപൂർവ്വം പങ്കെടുപ്പിച്ചു. കുലവും വംശവും സ്വജനങ്ങളും മിത്രവും ഒന്നും വെളിപ്പെടുത്തരുതെന്ന ഓർമ്മപ്പെടുത്ത ലോടെ അയാൾ എസ്തേറിനെ കൊട്ടാരത്തിലെത്തിച്ചു. കൊട്ടാരത്തിൽ ശുദ്ധീകരണവിധിക്കായി കാത്തുനിന്ന എസ്തേറിന്റെ ഓർമ്മകളിലൂടെ അവളുടെ വീടിന്റെ ചിത്രവും മൊദ്ദെഖായിയുടെ ഗോത്രവും വംശച

രിത്രവും നോവലിസ്റ്റ് ചിത്രീകരിക്കുന്നു. എസ്തേർ ഉടുപ്പിനുള്ളിൽ സൂക്ഷിച്ചിരുന്ന തുകൽച്ചട്ടയുള്ള പുസ്തകത്തിലെ താളുകൾക്ക് ചോരയുടെ മണമാണ്. കൊട്ടാരത്തിലെത്തിയ അവൾക്ക് അതിൽ സ്വന്തം ഭാഷയിൽ എഴുതാനാകുന്നില്ല. ഹീബ്രുഭാഷയിൽ എഴുതിക്കൊണ്ടിരിക്കുന്നു എന്നു കണ്ടാൽ അവളുടെ വംശവും കുലവും വെളിപ്പെടും (പുറം 35). ഭാഷയിലൂടെ സൃഷ്ടിക്കപ്പെടുന്ന ഒരു വംശത്തിന്റെ അടഞ്ഞ അധ്യായമാണ് എസ്തേറിന്റെ മൂടുപടത്തിനുള്ളിൽ മറഞ്ഞുകിടന്നത്. അഹശ്വറോസിന്റെ മഹാറാണിപ്പട്ടത്തിലേക്കുള്ള പരീക്ഷണശാലയിലേക്ക് ആനയിക്കപ്പെട്ട എസ്തേർ കുന്നിൻചെരുവിലെ തകർക്കപ്പെട്ട ദേവാലയമാണ് (പുറം 40) താനെന്ന് സ്വയം കരുതി പേരിലൂടെ വെളിപ്പെടുന്ന വംശസ്വത്വവും ഈ നോവലിൽ മറയ്ക്കപ്പെടുന്നു. ഹദസ്സെ എന്നതിനു പകരം എസ്തേർ എന്ന പേരിലാണ് മൊർദ്ദെഖായി അവളെ രാജസന്നിധിയിലെത്തിച്ചത്. എസ്തേർ രാജാവിന്റെ കിടപ്പറയിലായിരുന്ന രാത്രി മുഴുവൻ മൊർദ്ദെഖായി മഹാറാണിപ്പട്ടത്തിനായി പ്രാർത്ഥിച്ചു. എസ്തേറാകട്ടെ, ചിതറിക്കിടക്കുന്ന സ്വന്തം ജനതയ്ക്കുവേണ്ടിയും. എസ്തേർ വൈകാരിക സമ്മർദ്ദങ്ങളിൽപ്പെട്ട് ഞെരുങ്ങുമ്പോഴും വംശീയവിദ്വേഷത്തിന്റെ തീക്കനൽ മൊർദ്ദെഖായിയിൽ അണയാതെനിന്നു. അവളെ രാജ്ഞിപദവിയിലെത്തിക്കാൻ അയാൾ വെമ്പൽ കൊണ്ടു.

പാർസ്യൻ സാമ്രാജ്യത്തിന്റെ മഹാറാണിയായി എസ്തേർ തിരഞ്ഞെടുക്കപ്പെട്ടു. പുതിയ രാജ്ഞിയുടെ കുലമോ ഗോത്രമോ അറിയില്ലെങ്കിലും അവൾ കുലീനയും ഉദാരമതിയുമാണെന്ന സംസാരം നാട്ടിലാകെ പടർന്നു. ഇതിനിടെ കൊട്ടാരത്തിൽ മറ്റൊരു സംഭവം നടന്നു. ബിഗ്ധാൻ, തേരശ് എന്നീ തിരുനങ്കകൾ രാജാവിനെതിരെ ഗൂഢാലോചന നടത്തുന്ന വിവരം മൊർദ്ദെഖായി എസ്തേറിനെ അറിയിച്ചു. ഈ വിവരം രാജാവിനെ അറിയിക്കാൻ അയാൾ എസ്തേറിനോട് പറഞ്ഞു. അതനുസരിച്ച് അവൾ രാജാവിനെ വിവരം ധരിപ്പിച്ചു. പതിവിനു വിപരീതമായി രാജാവ് അന്വേഷണത്തിന് ഉത്തരവിട്ടു. കാര്യം ബോധ്യമായപ്പോൾ മൊർദ്ദെഖായിയുടെ പേര് ദിനവൃത്താന്ത പുസ്തകത്തിൽ രേഖപ്പെടുത്തി. കൊട്ടാരത്തിൽ അഴിച്ചുപണി നടത്തി. അമാലേക്യനായ ഹാമാന് സ്ഥാനക്കയറ്റം നൽകി. അമാലേക്യർക്കാകട്ടെ യഹൂദ ജനതയെ എവിടെക്കാലും കൊല്ലുക എന്നതിൽ കവിഞ്ഞൊരു പ്രമാണവും ഉണ്ടായിരുന്നില്ല. മൊർദ്ദെഖായിയാകട്ടെ, അമാലേക്യരെ സമൂലം നശിപ്പിച്ചുകളയാൻ യഹൂദരെ ദിനവും ഉത്സാഹിപ്പിച്ചു. അമാലേക്യരുടെ പേരുപോലും ഉച്ചരിക്കരുതെന്ന് താക്കീത് ചെയ്തു. ഈ

വംശവെറിയുടെ നിറവിൽ നിന്ന മൊർദ്ദെഖായിക്ക് മുന്നിൽ ഹാമാനു ലഭ്യമായ സ്ഥാനക്കയറ്റം വെല്ലുവിളിയായി.

അപ്രതീക്ഷിതസ്ഥാനലബ്ധിയിൽ മതിമറന്ന ഹാമാൻ, താൻ കടന്നുപോകുമ്പോൾ കൊട്ടാരം കാവൽക്കാർ തന്നെ കുമ്പിട്ടു വണങ്ങണമെന്ന രാജകല്പന പുറപ്പെടുവിച്ചു. മൊർദ്ദെഖായി അത് നിരസിച്ചു. മറ്റ് കാവൽക്കാർ വിവരം ഹാമാനെ അറിയിച്ചു. മൊർദ്ദെഖായിയെയും യഹൂദവംശത്തെയും വേരോടെ പിഴുതെറിയാൻ ഹാമാൻ ദൃഢപ്രതിജ്ഞ ചെയ്തു. പുരിം നറുക്കിട്ട് ജനാഭിപ്രായം ശേഖരിച്ച് യഹൂദരെ കൊന്നൊടുക്കാൻ ഹാമാൻ ഉത്തരവ് നേടി. വംശീയവിദ്വേഷം ആളിപ്പടർന്നു. ഹേലായും അക്കൂബും മൊർദ്ദെഖായിയുമായുള്ള സംഭാഷണത്തിൽ വംശീയ കലാപത്തിന്റെ തീവ്രത പ്രതിഫലിക്കുന്നുണ്ട്. അകാരണമായി ഒരു ജനതയെ തെരഞ്ഞുപിടിച്ച് വംശഹത്യനടത്തി കൊള്ളയിടാൻ മാത്രം വിലകുറഞ്ഞ രാജാവല്ല അഹശ്വറോസ് എന്ന് നോവലിൽ വ്യക്തമാണ്. എന്നാൽ ഹാമാന്റെ കുതന്ത്രത്തിന് മുന്നിൽ യഹൂദർ വീണടിഞ്ഞു. യഹൂദരായതിന്റെ പേരിൽ ശൂശൻ രാജവീഥികളിലവർ വംശഹത്യാ ഭീഷണി നേരിട്ടു. രാജാവുപോലും യഹൂദർക്കെതിരെ യായ സ്ഥിതി. സ്വന്തം വംശത്തിനുണ്ടായ ദുര്യോഗത്തിന്റെ കാരണം അന്വേഷിച്ചപ്പോൾ എസ്തേറിന് ഹാമാന്റെ ചതി മനസ്സിലായി. അതിന് പരിഹാരം കണ്ടെത്താൻ എസ്തേറിനു മാത്രമേ കഴിയൂ എന്ന് കത്തിലൂടെ മൊർദ്ദെഖായി അവളെ അറിയിച്ചു. രാജാവിന്റെ പൊൻചെങ്കോൽ നീട്ടിയാൽ മാത്രമേ തനിക്കിനി രാജമുഖം ദർശിക്കാനാകൂ എന്നവൾ മൊർദ്ദെഖായിയ്ക്ക് വിവരം നൽകി. യഹൂദജനതയുടെ പ്രവാസവും പലായനചരിതവും അഭയാർത്ഥികളായി മാറ്റപ്പെട്ട അവസ്ഥയും മറുപടിയായി മൊർദ്ദെഖായി കത്തിലൂടെ എസ്തേറിനെ ധരിപ്പിച്ചു. ഏതു യഹൂദനെയും കൊന്നുകളയാൻ ഹാമാൻ തയ്യാറെടുക്കുമ്പോൾ, യഹൂദരുടെ രക്ഷ എസ്തേറിന്റെ കൈകളിലാണെന്നും അത് യഹോവ നിനക്ക് നൽകിയ നിയോഗമാണെന്നും പറഞ്ഞ് വംശബോധത്തെയും വിശ്വാസത്തെയും കൂട്ടിയിണക്കി മൊർദ്ദെഖായി അവളെ മുന്നോട്ട് നയിക്കുന്നു.

മൂന്ന് ദിവസത്തെ കഠിന ഉപവാസത്തിനുശേഷം യഹൂദരുടെ രക്ഷയ്ക്കായി എസ്തേർ രാജസഭാമന്ദിരത്തിലെത്തി. എസ്തേറിന്റെ അനുപമസൗന്ദര്യത്തിനു മുന്നിൽ രാജാവിന്റെ പൊൻചെങ്കോൽ നീട്ടപ്പെട്ടു. എന്തു വരം വേണമെങ്കിലും ചോദിക്കാൻ പറഞ്ഞു. എസ്തേർ രാജാവിനെയും ഹാമാനെയും വിരുന്നിന് ക്ഷണിച്ചു. പടിവാതിൽക്കൽ,

തന്നെ വണങ്ങാത്ത മൊർദ്ദെഖായിയെ കണ്ട് ക്രുദ്ധനായി അയാളെ കഴുവേറ്റാൻ തന്റെ വീട്ടിൽ ഹാമാൻ ഒരു കഴുമരം ഉണ്ടാക്കി. അതേ രാത്രി അഹശ്വേറോസ് രാജാവ് നിദ്രാവിഹീനനായി ദിനവൃത്താന്തങ്ങളുടെ പുസ്തകം തുറന്നു. അവിടെ മൊർദ്ദെഖായിക്കുള്ള അംഗീകാരം നൽകിയതായി കണ്ടില്ല. രാജാവ് ബഹുമാനിക്കാൻ ആഗ്രഹിക്കുന്ന വ്യക്തിയെക്കുറിച്ച് വിളിച്ചു പറയാൻ ഹാമാൻ നിയോഗിതനായി. അത് മരണതുല്യമായി ഹാമാന് അനുഭവപ്പെട്ടു. ക്രുദ്ധനായി വീട്ടിലെത്തിയ ഹാമാനോട് ഭാര്യ സേരെസ് പറയുന്നത് ഇങ്ങനെയാണ്; മൊർദ്ദെഖായി യഹൂദവംശജനെങ്കിൽ അമാലേക്യനായ ഹാമാനേ, നീയവനെ ജയിക്കില്ല. നീ തോറ്റുപോവുകയേയുള്ളൂ. (പുറം 89) ഇത് പറയുമ്പോൾ തന്നെ തിരുനങ്കകൾ വന്ന് ഹാമാനെ എസ്തേർ ഒരുക്കിയ വിരുന്നിന് കൊണ്ടുപോയി.

വിരുന്നുശാലയിൽ കറുത്ത വസ്ത്രങ്ങളണിഞ്ഞ് നിന്ന എസ്തേർ രാജ്ഞിയോട് അഹശ്വേറോസ് രാജാവ് മൂന്നാം പ്രാവശ്യവും എന്താണ് ചെയ്തുതരേണ്ടതെന്ന് ചോദിച്ചു. എന്റെ ജീവൻ വിലയ്ക്കു വാങ്ങിയ വരിൽനിന്ന് എന്നെ രക്ഷിക്കണം. എന്റെ ജനതയൊന്നാകെ കൊല്ലപ്പെട്ടിട്ട് എനിക്ക് മാത്രമായിട്ട് ജീവൻ തിരിച്ചുകിട്ടണമെന്നില്ല. ഈ വാക്കുകൾ കേട്ട് കുപിതനായ രാജാവ് ഇതിനുത്തരവാദി ആരാണെന്നന്വേഷിച്ചു. അത് ഹാമാനാണെന്ന് പറഞ്ഞതും രാജാവ് എഴുന്നേറ്റ് ഉദ്യാനത്തിലേക്ക് പോയി. ഹാമാൻ ജീവരക്ഷയ്ക്കായി രാജ്ഞിയോട് അപേക്ഷിക്കുന്ന സമയം നിലതെറ്റി മെത്തയിലേക്ക് വീണു കിടക്കുന്ന കാഴ്ചയാണ് തിരികെയെത്തിയ രാജാവ് കണ്ടത്. ഉടനെ ഹാമാനെ തൂക്കിക്കൊല്ലാൻ രാജകല്പനയുണ്ടായി. ഹാമാന്റെ ഉപായലേഖനങ്ങളെ അസാധുവാക്കുന്ന പുതിയ ലേഖനങ്ങൾ രാജമുദ്രയോടെ പുറത്തിറങ്ങി. അതിൽ യഹൂദരുടെ പക ആളിക്കത്തിക്കുന്ന വാക്കുകളായിരുന്നു. ലേഖനരചയിതാവ് മൊർദ്ദെഖായിയും. അപ്പോഴും എസ്തേർ തന്റെ വംശവും ഭാഷയും മറച്ചുവച്ചു. താനെഴുതിയ പ്രതിലേഖനവുമായി ഔദ്യോഗിക വേഷത്തിൽ നിൽക്കുന്ന മൊർദ്ദെഖായിയിൽ എസ്തേർ ഹാമാന്റെ മുഖച്ഛായയാണ് ദർശിച്ചത്. പാർസ്യൻ സാമ്രാജ്യത്തിലെ സകല യഹൂദർക്കും അവരുടെ ശത്രുക്കളെ കൊന്നൊടുക്കാനുള്ള ആധികാരികത ഉറപ്പാക്കിയ ലേഖനത്തിൽ രാജമുദ്ര പതിപ്പിക്കാനുള്ള മൊർദ്ദെഖായിയുടെ വരവിനെ എസ്തേർ തടയുന്നു. യഹൂദാസ്ത്രീക്ക് യഹോവയുടെ പ്രമാണത്തേക്കാൾ വലുതായിട്ടൊന്നുമില്ലെന്ന് പറഞ്ഞ് വംശസ്നേഹത്തിന്റെ വക്താവായി അയാൾ ആ നീക്കത്തെ മറികടന്നു.

ആദാർമാസം പതിമൂന്നാം തീയതി ഔദ്യോഗിക വേഷധാരിയായി മൊർദ്ദെഖായി നഗരമദ്ധ്യേ എത്തി. ജീവരക്ഷാർത്ഥം അന്യവംശജർ അയാളോട് തങ്ങളെക്കൂടി യഹൂദാവംശത്തിൽ ചേർക്കണേ എന്ന പേക്ഷിച്ചു. അധികാരം കൈപ്പിടിയിലായതോടെ ഉദ്യോഗസ്ഥവൃന്ദം മൊദ്ദെഖായിയുടെ പക്ഷം ചേർന്നു. സൂര്യോദയത്തിന് മുമ്പ് ഹാമാന്റെ ബന്ധുവായ മല്ലൻ ഓമറിന്റെ കുടുംബത്തെ ഒന്നടങ്കം വകവരുത്തി ക്കൊണ്ട് മൊർദ്ദെഖായി ശൂശനിലെ വംശഹത്യയ്ക്ക് തുടക്കമിട്ടു. ഓമറിന്റെ ഒന്നാം ഭാര്യയും മുലകുടിച്ചുകൊണ്ടിരുന്ന കുഞ്ഞുമായിരുന്നു വംശ വെറിയുടെ ആദ്യ ഇരകൾ. ഓമറിന്റെ മൂന്നു ഭാര്യമാർ, പതിനൊന്നു കുട്ടികൾ, ആറ് ദാസീദാസന്മാർ, ഇരുപതോളം അടിമകൾ ഇവരെല്ലാം കൊല്ലപ്പെട്ടു. വംശീയവിദ്വേഷത്തിന്റെ ക്രൌര്യഭാവത്തോടെ മൊർദ്ദെഖായി പറയുന്ന വാക്കുകളിതാണ്; യഹൂദാവംശത്തിന്റെ ഉദയമായിരിക്കുന്നു. നിങ്ങൾക്ക് പക തോന്നുന്നവരോട് ബോധിച്ചതു പോലെ ചെയ്തുകൊൾക (പുറം 100). തദ്ദേശവാസികളായ പാർസ്യരെ ഒഴിവാക്കി സകലവംശജരും ആക്രമണത്തിനിരയായി. ഹാമാന്റെ കുടുംബത്തെ സമൂലം നിഗ്രഹിച്ചു. യഹൂദരുടെ വംശചരിത്രം പറഞ്ഞു പഠിപ്പിച്ച നാളിൽ രക്തം കണ്ടാൽ തലകറങ്ങുമായിരുന്ന മൊർദ്ദെഖായി യിൽ ഇപ്പോൾ വന്ന മാറ്റം എസ്തേർ വ്യസനത്തോടെ ഓർത്തു. ശത്രുക്കളുടെ ഉന്മൂലനാശത്തിനായി രണ്ട് ദിവസം കൂടി അവസരം ലഭ്യമാക്കാൻ രാജാവിൽ നിന്നുള്ള അനുമതിയ്ക്കായി അയാൾ എസ്തേറിനെ നിർബന്ധിച്ചു. ഒന്നും തനിക്കായിട്ടല്ലാ എന്നും സകലതും യഹൂദാവംശത്തിനുവേണ്ടിയാണെന്നും മൊർദ്ദെഖായി എസ്തേറിനോട് പറഞ്ഞു. അഹശ്വറോസും എസ്തേറും തമ്മിലുള്ള സംഭാഷണത്തിൽ യുദ്ധത്തിലുണ്ടായ മരണവും വംശവെറിയുടെ ഭാഗമായുണ്ടായ മരണവും വിവേചിച്ച് അറിയുന്നു. അവസാനത്തെ അമാലേക്യനെയും അരിഞ്ഞു വീഴ്ത്താതെ തനിക്ക് പിന്മടക്കമില്ലെന്ന മൊർദ്ദെഖായിയുടെ വാക്കുകൾ എസ്തേറിന്റെ മനസ്സിനെ കീറിമുറിച്ചു. നിശ്ചയദാർഢ്യത്തോടെ ആദാർ മാസം പതിനഞ്ചാം തീയതി എസ്തേർ എഴുതിയ ലിഖിതം യഹൂദരിലെ പ്രതികാരാഗ്നി കെടുത്തുന്നതായിരുന്നു. തകർക്കപ്പെട്ട ദേവാലയത്തിന്റെ പുനർനിർമ്മിതിക്കായുള്ള സാമ്പത്തികസഹായം രാജാവിനോട് അഭ്യർത്ഥിക്കണമെന്ന മൊർദ്ദെഖായിയുടെ സന്ദേശം എസ്തേറിൽ നിർവികാരമാണുളവാക്കിയത്. രാജാവിന്റെ വിരുന്നുശാലയിലേക്ക് അണിഞ്ഞൊരുങ്ങാതെ പോകുന്ന എസ്തേറിനെ കണ്ട് അന്തഃപുരമാകെ ഞെട്ടി. അനന്തഫല മോർത്തവർ നടുങ്ങി. എന്നാൽ രാത്രി ഏറെ കാത്തിരുന്നിട്ടും രാജാവ് വിരുന്നിനെത്തിയില്ല. സകല വിളക്കുകൾ

അണയുവോളം എല്ലാ ശബ്ദങ്ങളും നിലയ്ക്കുവോളം എസ്തേർ വിരുന്നുശാലയിലിരുന്നു. ആളിക്കത്തുന്ന അനാഥമായ ജീവിതത്തെ എങ്ങനെ നേരിടുമെന്നറിയാതെ ഇരുളിലേക്ക് കണ്ണുംനട്ടിരുന്ന അവളി ലേക്ക് അവ്യക്തവും വേദനാനിർഭരവുമായ ബാല്യകാലം തെളിഞ്ഞുവന്നു. അതിൽ മായാതെ നിന്ന ഒരു ചിത്രം, അതൊരു സ്ത്രീയുടേതാണ്. മുഖമോ ശബ്ദമോ സ്പർശമോ ഓർമ്മയില്ല. എങ്കിലും അതവളുടെ അമ്മയാണ്. അഞ്ച് വയസ്സുള്ള അനാഥയായ ഹദെസ്സെ എന്ന യഹൂദാ പെൺകുട്ടി മാത്രമാണ് സത്യം എന്നു എസ്തേർ തിരിച്ചറിയുന്നിടത്താണ് നോവൽ അവസാനിക്കുന്നത്.

ബൈബിളിലെ പ്രവാസചരിത്രത്തിലെ അടരുകളിലൊന്നാണ് എസ്ഥേറിന്റെ പുസ്തകം. അതിൽ അന്തർലീനമായിരിക്കുന്ന വസ്തു തകളെ നോവലിന്റെ ഘടനയിലേക്ക് ഉടച്ചു വാർത്തപ്പോൾ ചരിത്രാം ശങ്ങൾ ചോർന്നുപോകാതെ ഭാവനാത്മകമായി ചിത്രീകരിക്കാൻ സാറാജോസഫിന് കഴിഞ്ഞു. വംശീയ വിദ്വേഷത്തിനും പ്രവാസ ജീവിതത്തിനും ഇരയാകേണ്ടിവന്ന യഹൂദാ ജനതയുടെ പ്രതികാരജ്വാല യാണ് ഈ നോവലിൽ പടർന്നു കയറുന്നത്. മൊർദ്ദെഖായിയെന്ന യഹൂദാപുരുഷന്റെ വളർത്തുമകളാകേണ്ടി വന്നവളാണ് എസ്തേർ. വംശവെറിയുടെ പ്രതികാരം തീർക്കാൻ കടപ്പാടുകളുടെ കണക്ക് പറഞ്ഞ് അയാൾ അവളെ ചൂഷണം ചെയ്യുന്ന യഥാർത്ഥാനുഭവം സാറാ ജോസഫ് ഗൗരവത്തോടെ അവതരിപ്പിക്കുന്നു. വംശീയതയുടെ ക്രൂരമായ പന്ഥാവിൽ നിസ്സഹായയായിത്തീരുന്ന എസ്തേർ, ഉറച്ച നിലപാടിലൂടെ യഹൂദാ ജനതയുടെ പ്രതികാരത്തെ പിടിച്ചുകെട്ടാൻ ശ്രമിക്കുന്നുണ്ട്. എസ്തേറിന്റെ സ്വത്വത്തിന്റെ ഭാഗമായ യഹൂദാവംശബോധ ത്തെയും വിശ്വാസത്തെയും ഉണർത്തിയാണ് മൊർദ്ദെഖായി വംശീയതയുടെ അധമസഞ്ചാരം നടത്തിയത്. കീഴ്പ്പെടുത്തലിന്റെ രാഷ്ട്രീയപ്രത്യയ ശാസ്ത്രമായി വംശീയത മാറുന്ന ചരിത്രമാണ് എസ്തേർ എന്ന നോവൽ.

# ശ്രവ്യപാഠത്തിന്റെ കേൾവികാലങ്ങൾ

**ജെനിഫർ സി.ജെ.**
ഗവേഷക
മലയാളവിഭാഗം, കേരളസർവകലാശാല

സാംസ്കാരിക ജീവിതത്തിന്റെ ദിശ നിർണയിക്കുന്നതിൽ സവിശേഷസ്ഥാനം വഹിക്കുന്ന എഴുത്തും വായനയും വിജ്ഞാനാർജ്ജനവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. വായനയും വായനക്കാരും വ്യത്യസ്തകാലഘട്ടങ്ങളിൽ നിരന്തരപരിണാമത്തിന് വിധേയമായിക്കൊണ്ടിരിക്കുന്നു. പരമ്പരാഗത വായനപരിസരങ്ങളിൽ നിന്നുള്ള വ്യതിയാനമാണ് ഓഡിയോബുക്കുകളുടെ ആവിർഭാവത്തോടുകൂടി സാധ്യമായത്. പാഠവും അനുവാചകനും തമ്മിലുള്ള ഏകശിലാത്മകമായ ബന്ധത്തിൽനിന്നും കേൾവിയിലൂടെയുള്ള വായന ബഹുതലസ്പർശിയായി മാറുന്നു. ഋജുവായ ഒരു രേഖീയ സഞ്ചാരമല്ല വായന എന്ന ടെറി ഈഗിൾട്ടണിന്റെ കാഴ്ചപ്പാട് ഇതിനോട് ചേർത്തുവായിക്കാം. വായനസങ്കല്പങ്ങളെയും ആസ്വാദനരീതികളെയും പൊളിച്ചെഴുതാനുള്ള ശ്രമമാണ് കേൾവിപുസ്തകങ്ങൾ, അഥവാ സംസാരിക്കുന്ന പുസ്തകങ്ങൾ മുന്നോട്ടുവയ്ക്കുന്നത്. വിജ്ഞാനത്തിന്റെ അപ്രമാദിത്വം ഒരുകൂട്ടം ആളുകളിലേക്ക് ചുരുങ്ങിപ്പോകുന്നതു തടയാൻ ഇവയ്ക്കാവും. ഭൗതിക സാഹചര്യങ്ങളിലെ പരിമിതിമൂലം വായന സാധ്യമാകാത്ത ജനങ്ങൾക്കും പരിമിതികൾ നേരിടുന്നവർക്ക് വായനയുടെ വിശാലപരിപ്രേക്ഷ്യങ്ങൾ കേൾവിയിലൂടെ സാധ്യമാകുന്നു. ഭാഷയുടെ എല്ലാസാധ്യതകളും ഉപയോഗിച്ച് വിജ്ഞാനവിനിമയം സാധ്യമാക്കുക എന്നബോധം ഇതിനടിസ്ഥാനമായി പ്രവർത്തിക്കുന്നു. റേഡിയോനാടകങ്ങളും സിനിമാ ശബ്ദരേഖകളുമായി കേരളീയ ജീവിതപരിസരത്ത് സാഹിത്യ കൃതികളെ ജനകീയമാക്കാൻ ശ്രമിച്ചതിന്റെ തുടർച്ചയാണ് ഓഡിയോ ബുക്സുകളും അവയുടെ പ്ലാറ്റ്ഫോമുകളും.

ഓഡിയോബുക്ക്സ്, അവയുടെ സാങ്കേതികത, കേരളത്തിന്റെ വായനാ ചരിത്രത്തിൽ അതുളവാക്കിയ സ്വാധീനത, വിജ്ഞാനവിനിമയത്തിന്റെ സമത്വവത്കരണശ്രമം എന്നിവയെ ഈലേഖനത്തിൽ അപഗ്രഥിക്കുന്നു.

**താക്കോൽവാക്കുകൾ**

ഓഡിയോബുക്ക്, വായന, ടെക്സ്റ്റ് റ്റു സ്പീച്ച്, അകസാങ്കേതികത, വിജ്ഞാനവിനിമയം, അറിവിന്റെ ജനാധിപത്യവത്ക്കരണം

**ചരിത്രവീക്ഷണം**

1930-കളിൽ അമേരിക്കൻ ഫൗണ്ടേഷൻ ഫോർ ദി ബ്ലൈൻഡ് 'സംസാരിക്കുന്ന പുസ്തകങ്ങൾ' വികസിപ്പിച്ചതോടെ ഓഡിയോബുക്കുകൾ എന്ന ആശയം പ്രചാരത്തിലായിത്തുടങ്ങി. വിനൈൽ റെക്കോർഡിംഗുകളിൽ നിർമ്മിച്ച ഈ ആദ്യകാല റെക്കോർഡിംഗുകൾ, പ്രധാനമായും കാഴ്ചപരിമിതിയുള്ളവരെ സാഹിത്യകൃതികൾ വായിച്ചാസ്വദിക്കുന്നതിന് സഹായിക്കാൻ ഉദ്ദേശിച്ചുള്ളതാണ്. അമേരിക്കയിൽ അവതരിപ്പിച്ച ടോക്കിംഗ്ബുക്ക് പ്രോഗ്രാം, പുസ്തകങ്ങളിലേക്കുള്ള പ്രവേശനം ജനാധിപത്യവൽക്കരിക്കുന്നതിൽ ഒരു സുപ്രധാന നാഴികക്കല്ലാണ്. ശബ്ദലേഖനവിദ്യയുടെ സഹായത്തോടെ കാഴ്ചപരിമിതർക്കു വേണ്ടി ഷേക്സ്പിയർ നാടകങ്ങളുടെ അവതരണത്തോടെയാണ് സാഹിത്യകൃതികളുടെ ശബ്ദരൂപം പ്രചരിക്കാൻ തുടങ്ങിയത്. ബൈബിളിന്റെ ഭാഗങ്ങളും ഷേക്സ്പിയറുടെ നാടകങ്ങളും പോലുള്ള ജനപ്രിയ കൃതികൾ ആദ്യറെക്കോർഡിംഗുകളിൽ ഉൾപ്പെടുന്നു.

സാങ്കേതികപുരോഗതിക്കൊപ്പം, 1960-കളിലും 70-കളിലും ഓഡിയോബുക്കുകൾ വിനൈലിൽനിന്ന് കാസറ്റ്ടേപ്പുകളിലേക്ക് പരിണമിച്ചു. കാസറ്റുകളുടെ പോർട്ടബിലിറ്റിയും താങ്ങാനാവുന്ന വിലയും ഓഡിയോബുക്കുകളെ യാത്രചെയ്യുന്നവരും തിരക്കുള്ള പ്രൊഫഷണലുകളും ഉൾപ്പെടെ വായനയ്ക്കുവേണ്ടി പ്രത്യേകം സമയം മാറ്റിവയ്ക്കാനില്ലാത്ത, എന്നാൽ വായിക്കാനിഷ്ടപ്പെടുന്ന വിശാലമായ പ്രേക്ഷകരിലേക്ക് എത്തിച്ചു. 1980-കളിലും 90-കളിലും കോംപാക്റ്റ് ഡിസ്കുകൾ (സിഡി) അവതരിപ്പിച്ചതോടെ ഈ മേഖലയിൽ കൂടുതൽ വളർച്ചയുമായി. 1990-കളുടെ അവസാനത്തിൽ ഇന്റർനെറ്റിന്റെയും ഡിജിറ്റൽ ഓഡിയോ ഫോർമാറ്റുകളുടെയും വരവ് ഓഡിയോബുക്കുകളിൽ വിപ്ലവംസൃഷ്ടിച്ചു.

1995-ൽ ആരംഭിച്ച ഓഡിബിൾ പോലുള്ള ഓൺലൈൻ പ്ലാറ്റ്ഫോമുകൾ, ഓഡിയോബുക്കുകൾ ആക്സസ് ചെയ്യുന്നത് താരതമ്യേന എളുപ്പമാക്കി, അവയുടെ മുഖ്യധാരാ സ്വീകാര്യതയ്ക്ക് വഴിയൊരുക്കി.

ആളുകൾ പുസ്തകങ്ങൾ ഉപയോഗിക്കുന്നവിധം അപനിർമ്മിക്കപ്പെടുകയും വിജ്ഞാനനിർമ്മിതി കൂടുതൽ വിശാല മാക്കുകയും ചെയ്യുന്ന ലോകത്ത് ഒരു പരിവർത്തനമാധ്യമമായി ഓഡിയോബുക്കുകൾ ഉയർന്നു വന്നിട്ടുണ്ട്. 20-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ കാഴ്ചപരിമിതിയുള്ളവർക്ക് വിനോദത്തിനും വിജ്ഞാനത്തിനും വേണ്ടി വിനോദത്തിന്റെ മുഖ്യധാരാരൂപമായി മാറുന്നതിന് അവയ്ക്ക് സാധിച്ചു.,

21-ാം നൂറ്റാണ്ടിൽ, സ്മാർട്ട് ഫോണുകളുടെയും സ്ട്രീമിംഗ് സേവനങ്ങളുടെയും വരവ് ഓഡിയോബുക്ക് ഉപഭോഗത്തിൽ കുതിച്ചുചാട്ടത്തിന് കാരണമായി. Audible, Scribd, Google Play Books തുടങ്ങിയ പ്ലാറ്റ്ഫോമുകൾ ഓഡിയോബുക്കുകളെ സാഹിത്യവിഭാഗങ്ങളിലെ അവിഭാജ്യ ഘടകമാക്കിമാറ്റി. കൂടാതെ, പോഡ്കാസ്റ്റുകളുടെയും വോയ്സ്-ഡ്രൈവ് ഉള്ളടക്കത്തിന്റെയും വർദ്ധനവ് കേൾവിയിലൂടെ ദൈർഘ്യമേറിയ ഉള്ളടക്കമുള്ള കൃതികൾപോലും ഉപയോഗിക്കുന്നതിനുള്ള സാഹചര്യമൊരുക്കി.

വ്യത്യസ്ത അൽഗോരിതങ്ങൾ ഉപയോഗിച്ച് ലിഖിതപാഠത്തെ ശബ്ദമായി പരിവർത്തിപ്പിക്കുന്ന ടെക്സ്റ്റ് ടു സ്പീച്ച് എന്ന സാങ്കേതിക വിദ്യയാണ് ഇതിനായി ഉപയോഗപ്പെടുത്തുന്നത്. ഇതു കൂടാതെ ഓഡിയോബുക്സിൽ ഉപയോഗിക്കുന്ന മറ്റു സാങ്കേതികവിദ്യകൾ താഴെപറയുന്നു.

1. **ഡിജിറ്റൽ ആക്സസിബിൾ ഇൻഫർമേഷൻ സിസ്റ്റം (DAISY)**
ഡിജിറ്റൽ ഓഡിയോബുക്കുകൾ, ആനുകാലികങ്ങൾ, കമ്പ്യൂട്ടറൈസ്ഡ് ടെക്സ്റ്റ് എന്നിവ സൃഷ്ടിക്കാൻ രൂപകൽപ്പന ചെയ്തിരി ക്കുന്ന ഒരുസാങ്കേതികമാനദണ്ഡമാണ് ഡെയ്സി, അന്ധത അല്ലെങ്കിൽ ഡിസ്ലെക്സിയ ബാധിച്ച വ്യക്തികളെ സഹായിക്കുന്നതിനു വേണ്ടി MP3, XML ഫോർമാറ്റുകൾ അടിസ്ഥാനമാക്കി തിരച്ചിൽ, ബുക്ക്മാർക്കിംഗ്, നാവിഗേഷൻ എന്നിവ ചെയ്യാൻ ഡെയ്സി സഹായിക്കുന്നു. കൂടാതെ സംഭാഷണവേഗത വികലമാക്കാതെ ക്രമീകരിക്കാനും സാധിക്കും. എൻസൈക്ലോപീഡിയകൾ പാഠപുസ്തകങ്ങൾ ഉൾപ്പെടെയുള്ള സങ്കീർണ്ണമായ ഗ്രന്ഥങ്ങളുമായി സൗകര്യപ്രദമായ രീതിയിൽ സംവദിക്കാൻ ഈ സിസ്റ്റം ഉപയോക്താക്കളെ സഹായിക്കുന്നു

2. **ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (AI)** : AI-യിലെ മുന്നേറ്റങ്ങൾ ടെക്സ്റ്റ്-ടു-സ്പീച്ച് സിസ്റ്റങ്ങളുടെ വികാസത്തിലേക്ക് നയിച്ചു. Eleven Labsപോലെയുള്ള കമ്പനികൾ ശബ്ദത്തിലെ വികാരങ്ങളും സ്വരങ്ങളും സമന്വയിപ്പിച്ച് സ്വാഭാവിക ശബ്ദസംഭാഷണം സൃഷ്ടിക്കാൻ കഴിവുള്ള AI-സഹായ ഉപകരണങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഈ ഉപകരണങ്ങൾ സ്വര സൂചകവും വേഗതയും ക്രമീകരിക്കുന്നതിനും വാക്യസന്ദർഭം വിശകലനം ചെയ്യുന്നതിനും, ഇത്യഥാർത്ഥവും മനുഷ്യസമാനവുമായ ഇൻഫ്ലക്ഷ നുകൾ സൃഷ്ടിക്കാൻ സഹായിക്കുന്നു. ഇത്തരം സാങ്കേതികവിദ്യ ഓഡിയോബുക്കുകളുടെ ദ്രുതനിർമ്മാണം സുഗമമാക്കി. ഹ്രസ്വഓഡിയോ സാമ്പിളുകളിൽ നിന്ന് വോയിസ് ക്ലോണിംഗ് ഉൾപ്പെടെ വൈവിധ്യമാർന്ന ശബ്ദശൈലികൾ സൃഷ്ടിക്കാൻ സഹായിക്കും.

3. **AI വോയ്സ് ക്ലോണിംഗ് സംരംഭങ്ങൾ** : ഓഡിയോബുക്ക് നിർമ്മാണം കാര്യക്ഷമമാക്കുന്നതിന് പ്രധാന പ്ലാറ്റ്ഫോമുകൾ AI വോയ്സ് ക്ലോണിംഗ് സങ്കേതങ്ങൾ ഉപയോഗിക്കുന്നു. ഉദാഹരണത്തിന്, ആമസോണിന്റെ ഓഡിബിൾ ആഖ്യാതാക്കളുടെ ശബ്ദങ്ങളുടെ AI പകർപ്പു കൾ നിർമ്മിക്കാൻ സാധിക്കുന്ന ഒരുപ്രോഗ്രാം ആരംഭിച്ചു. AI- ജനറേറ്റു ചെയ്ത ശബ്ദങ്ങളിൽ ആഖ്യാതാക്കളുടെ നിയന്ത്രണം നിലനിർത്തി ക്കൊണ്ടുതന്നെ ഓഡിയോബുക്കുകളിൽ അവ ഉപയോഗിക്കുന്നു. അതുപോലെ, AI- ഉപയോഗിച്ച ഓഡിയോബുക്കുകൾ സംയോജ ിപ്പിക്കുന്നതിന് Spotify ഇലവൻലാബ്സുമായി സഹകരിച്ചുകൊണ്ട് പരമ്പരാഗത ആഖ്യാനത്തിന് പകരം ചെലവ് കുറഞ്ഞ ബദൽ രചയിതാക്ക ൾക്ക് വാഗ്ദാനം ചെയ്യുന്നു.

4. **പ്രൊഫഷണൽ പ്രൊഡക്ഷൻ സ്റ്റുഡിയോകൾ**: ഡെയാൻ ഓഡിയോ പോലുള്ള കമ്പനികൾ ഉയർന്ന നിലവാരമുള്ള ഓഡിയോ ബുക്കുകൾ നിർമ്മിക്കുന്നതിൽ പ്രധാനപങ്കു വഹിച്ചിട്ടുണ്ട് 1990-ൽ സ്ഥാപിതമായ ഡീയാൻഓഡിയോ പ്രമുഖ പ്രസാധകരുമായി സഹകരിച്ച് അഭിനേതാക്കളുടെയും എഡിറ്റർമാരുടെയും എഞ്ചിനീയർമാരുടെയും വിപുലമായ ശൃംഖല രൂപപ്പെടുത്തി 12,000-ലധികം ഓഡിയോബുക്കുകൾ ഇവർ നിർമ്മിച്ചു. കാസ്റ്റിംഗും സംവിധാനവും ഉൾപ്പെടെ നിർമ്മാണ ത്തിന്റെ എല്ലാവശങ്ങളും അവർ കൈകാര്യം ചെയ്യാൻ വളരെ പ്രൊഫഷ ണലായ ഒരുസംഘം തന്നെയുണ്ട്.

5. **ഡിജിറ്റൽ ഡിസ്ട്രിബ്യൂഷൻ പ്ലാറ്റ്ഫോമുകൾ**: ഡിജിറ്റൽ പ്ലാറ്റ്ഫോമുകളുടെ സ്വീകാര്യത ഓഡിയോബുക്ക് വളർച്ചയിൽ വിപ്ലവം സൃഷ്ടിച്ചു. Audible, Spotify പോലുള്ള സേവനങ്ങൾ ഓഡിയോ

ബുക്കുകളുടെ വിപുലമായ ലൈബ്രറികൾ നൽകുന്നു, വിവിധ ഉപകരണങ്ങളിൽ ഉള്ളടക്കം സ്ട്രീം ചെയ്യാനോ ഡൗൺലോഡ് ചെയ്യാനോ ഉപയോക്താക്കളെ പ്രാപ്തരാക്കുന്നു. ഈ പ്ലാറ്റ്ഫോമുകൾ പ്ലേബാക്ക് വേഗത ക്രമീകരിക്കാനും ബുക്ക്മാർക്കിംഗ് എന്നിവയൊക്കെ വാഗ്ദാനം ചെയ്യുന്നു.

**ഓഡിയോബുക്കുകളുംമാറുന്നവായനാശീലങ്ങളും**

സാങ്കേതികവിദ്യയുടെ ദ്രുതഗതിയിലുള്ള പുരോഗതി ഓഡിയോബുക്ക് വ്യവസായത്തെ സ്വാധീനിച്ചു. MP3, AAC പോലുള്ള ഡിജിറ്റൽ ഓഡിയോ ഫോർമാറ്റുകൾ ഓഡിയോബുക്കുകളുടെ നിർമ്മാണത്തിലും വിതരണത്തിലും വിപ്ലവംസൃഷ്ടിച്ചു. കൂടാതെ, സ്മാർട്ട്ഫോണുകളുടെയും ടാബ്‌ലറ്റുകളുടെയും വ്യാപനം ഉപഭോക്താക്കൾക്ക് എവിടെയായിരുന്നാലും ഓഡിയോബുക്കുകൾ ആക്സസ് ചെയ്യാനും കേൾക്കാനും എളുപ്പമാക്കി.

ഓഡിയോബുക്കുകളുടെ വളർച്ച പരമ്പരാഗത വായനാശീലങ്ങളിൽ കാര്യമായ മാറ്റം വരുത്തിയിട്ടുണ്ട്. ചരിത്രപരമായി, വായന ഏകാഗ്രമായ ശ്രദ്ധ ആവശ്യമുള്ള ഒരു ഏകാന്തപ്രവർത്തനമായി കണക്കാക്കപ്പെട്ടിരുന്നു. എന്നിരുന്നാലും, ഓഡിയോബുക്കുകൾ സാഹിത്യവുമായി ഇടപഴകുന്നതിന് കൂടുതൽ സൗകര്യപ്രദവും മൾട്ടിടാസ്കിംഗ്- സൗഹൃദവുമായ മാർഗ്ഗം അവതരിപ്പിച്ചു. യാത്ര ചെയ്യുമ്പോഴോ വ്യായാമം ചെയ്യുമ്പോഴോ വീട്ടുജോലികൾ ചെയ്യുമ്പോഴോ 'വായിക്കാൻ' അവ വ്യക്തികളെ പ്രാപ്തരാക്കുന്നു, അങ്ങനെ പുസ്തകങ്ങളെ ദൈനംദിന ദിനചര്യകളുടെ ഭാഗമാക്കാൻ സഹായിക്കുന്നു.

സമയപരിമിതികൾ, ഡിസ്‌ലക്സിയ പോലുള്ള പഠനവൈകല്യങ്ങൾ അല്ലെങ്കിൽ കാഴ്ചവൈകല്യങ്ങൾ എന്നിവ കാരണം പരമ്പരാഗത വായനയുമായി ബുദ്ധിമുട്ടുന്ന വ്യക്തികൾക്ക്, ഓഡിയോബുക്കുകൾ ഒരു ബദൽ മാർഗമാണ്. അക്ഷരാഭ്യാസം ഇല്ലാത്തവർക്കും മുഖ്യധാര സാഹിത്യങ്ങളുമായി ഇടപഴകുന്നതിന് ഇത് അവസരം ഒരുക്കുന്നു. ഓഡിയോബുക്കുകൾ കേൾക്കുന്നത് ഭൗതികപുസ്തക ങ്ങൾ വായിക്കുന്നത് പോലെയുള്ള വൈജ്ഞാനികവും വൈകാരികവുമായ ഇടപഴകലിനെ ഉത്തേജിപ്പിക്കുകയും സാഹിത്യകൃതികളുമായി ഇടപഴകുന്നതിന് ഫലപ്രദമായിതീരുകയും ചെയ്യുന്നു വെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. പുതിയ ഭാഷകൾ പഠിക്കാനും അവയുടെ ഉച്ചാരണം ശരിയായി മനസ്സിലാക്കാനും കേൾവിപാഠങ്ങൾ സഹായിക്കുന്നുണ്ട്.

അങ്ങനെ വിനോദത്തിലൂടെ വിജ്ഞാനം എന്നലക്ഷ്യം കൂടിയാണ് ഇവിടെ നിറവേറപ്പെടുന്നത്.

ഓഡിയോബുക്കുകൾ വാമൊഴി പാരമ്പര്യത്തിലെ കഥപറച്ചിലിൽ രീതിയെ പുനർനിർമ്മിക്കുന്നു. പണ്ടുകാലത്ത് കഥകളും ഗാനങ്ങളുമെല്ലാം വാമൊഴി വഴക്കത്തിലൂടെയാണ് കൈമാറിയിരുന്നത്. കഥകൾ ആഖ്യാനം ചെയ്യുന്നവർ എല്ലാനാടുകളിലുമുണ്ടായിരുന്നു. പഞ്ചതന്ത്രം, ജാതക കഥകൾ, വിക്രമാദിത്യകഥകൾ എന്നിവയൊക്കെ ഇന്ത്യൻ കഥാപാരമ്പര്യ ത്തിന്റെ വാചികപാരമ്പര്യത്തിന്റെ നിദർശനങ്ങളാണ്. മഹാഭാരതത്തിലെ കഥ ആഖ്യാനം ചെയ്യുന്ന ഉഗ്രശ്രവസ്, മഹർഷിമാർ ആവശ്യപ്പെട്ട പ്രകാരമാണ് മഹാഭാരതകഥ ആഖ്യാനം ചെയ്യാൻ തുടങ്ങുന്നത്. ജനമേജയന്റെ യാഗസദസ്സിൽ വച്ച് വൈശമ്പായന വാക്കായി കേട്ട കഥകൾ ഉഗ്രശ്രവസ് നൈമിശാരണ്യത്തിലെ യാഗവേദിയിൽ ആവർത്തി ക്കുന്നു. ശ്രോതാക്കൾ കഥയെ വിസ്തരിച്ച് പറയാൻ ആവശ്യപ്പെടുന്ന തോടെയാണ് വിശദമായ ആഖ്യാനം ചുരുൾ നിവരുന്നത്. കഥാഖ്യാന ത്തിൽ വക്താവിന്റെ ശബ്ദത്തിനും ഭാഷയ്ക്കും പ്രേക്ഷകരിൽ യാഥാർത്ഥ്യ പ്രതീതി ജനിപ്പിക്കാൻ സാധിക്കുമായിരുന്നുവെന്ന് മഹാഭാരത കഥാഖ്യാനം സാക്ഷ്യം നൽകുന്നു. ആധുനിക ഓഡിയോബുക്കുകളും വിദഗ്ദ്ധരായ ആഖ്യാതാക്കളെയും ശബ്ദത്തെയും ഫലപ്രദമായി ഉപയോഗിച്ചുകൊണ്ട് ശ്രവണത്തിന്റെ വൈകാരികവും ആഴത്തിലുള്ള തുമായ അനുഭവം നൽകികൊണ്ട് പുസ്തകങ്ങൾക്ക് പുത്തൻമാനം നൽകി.

പ്രസിദ്ധീകരണ പ്രവണതകളെയും സാഹിത്യ സംസ്കാരത്തെയും ഓഡിയോബുക്കുകൾ സ്വാധീനിച്ചിട്ടുണ്ട്. രചയിതാക്കളും പ്രസാധകരും ഇപ്പോൾ ഓഡിയോയെ ഒരു പ്രാഥമിക ഫോർമാറ്റായി കണക്കാക്കുന്നു, പലപ്പോഴും പ്രിന്റ്, ഇ-ബുക്ക് പതിപ്പുകൾക്കൊപ്പം ഓഡിയോബുക്കുകൾ ഒരേസമയം പുറത്തിറക്കുന്നു. രചയിതാക്കൾ അവരുടെതന്നെ ശബ്ദത്തിൽ ആഖ്യാനംചെയ്യുന്ന പുസ്തകങ്ങൾക്ക് ധാരാളം ആരാധകരുണ്ട്.

കൃതിയുടെ ആഖ്യാനത്തിൽ വേഗവും വ്യാഖ്യാനവും വായന ക്കാരനെക്കാൾ ആഖ്യാതാവിനെ ആശ്രയിച്ചിരിക്കുന്നതിനാൽ, ഓഡിയോ ബുക്കുകൾ പരമ്പരാഗത വായനാനുഭ വത്തിന്റെ വായനാസുഖം നൽകുന്നില്ലെന്ന് ചില നിരൂപകർ വാദിക്കുന്നു. എന്നാൽ ആധുനിക സാങ്കേതികവിദ്യ ഇതിനെല്ലാം പരിഹാരം കാണുന്നു. കേൾവിക്കാരന്റെ സൗകര്യത്തിനനുസരിച്ച് വായനയുടെ വേഗതനിയന്ത്രിക്കാവുന്ന സംവിധാനങ്ങൾ ഇന്ന് ലഭ്യമാണ്. ഭൗതികപുസ്തകങ്ങളുമായി ഇടപഴ

കാത്ത ആളുകൾക്കിടയിൽ പോലും ഓഡിയോബുക്കുകൾ സാഹിത്യത്തോടുള്ള താത്പര്യം വളർത്തിയിട്ടുണ്ട്. അക്ഷരാഭ്യാസം ഇല്ലാത്തവർക്ക്പോലും സാഹിത്യവുമായി ഇടപഴകുന്നതിനും സാഹിത്യകൃതികൾ അവരവരുടെ സൗകര്യത്തിന് അനുസരിച്ച് കേൾക്കുന്നതിനും ഓഡിയോബുക്കുകൾ സഹായിക്കുന്നു.

നവമാധ്യമങ്ങളിലൂടെ നവീനമായ പരസ്യതന്ത്രങ്ങൾ ഓഡിയോബുക്ക്പ്ലാറ്റ്ഫോമുകൾ ഇപ്പോൾനടത്തുന്നുണ്ട്. പ്രസിദ്ധരായ വ്യക്തികളുടെ ശബ്ദംഉപയോഗിച്ച ആഖ്യാനം ചെയ്തു കൃതിയുടെ ഉദ്വേഗജനകമായ ആശയത്തെകുറിച്ച് സൂചനനൽകി തുടർന്ന് എന്ത് സംഭവിക്കും എന്ന് ആകാംഷ പ്രേക്ഷകർ വളർത്തി കൃതിയെ കേൾക്കാനുള്ള ത്വരയുണ്ടാക്കുന്നു. പശ്ചാത്തലസംഗീതം നൽകുന്ന ഓഡിയോബുക്ക് പ്ലാറ്റ്ഫോമുകൾ ഇപ്പോൾ ഉണ്ട്. കുക്കു എഫ്.എം., ആമസോൺ, സ്പോട്ടിഫൈ, മൈബുക്സ് മലയാളംലൈബ്രറി, സ്റ്റോറിടെൽ, ഡിസി ബുക്സ്, കോട്ടയം പുഷ്പനാഥ് പബ്ലിക്കേഷൻ എന്നി വയൊക്കെ മലയാളത്തിലുള്ള പുസ്തകങ്ങൾ ഓഡിയോബുക്കുകൾ ആക്കിപുറത്തിറക്കുന്നുണ്ട്. ഗവൺമെന്റ് ബ്രെണ്ണൻ കോളേജിന് ഒരു ഓഡിയോബുക്ക് ലൈബ്രറി ഉണ്ട്. മറ്റ് പ്രധാന ഓഡിയോബുക്ക് പ്ലാറ്റ്ഫോമുകളിലും ധാരാളം മലയാളം പുസ്തകങ്ങൾ ലഭ്യമാണ്. സബ്സ്ക്രൈബ് ചെയ്തു ഉപയോഗിക്കാവുന്നവയും സൗജന്യമായി ഉപയോഗിക്കാവുന്നവയും ഇപ്പോൾ ലഭ്യമാണ്. വായനയെ ചെലവ് കുറഞ്ഞതാക്കുവാനും ഇവസഹായിക്കുന്നു

**ഉപസംഹാരം**

ഓഡിയോബുക്കുകളുടെ ചരിത്രവും പരിണാമവും സാങ്കേതിക വിദ്യയ്ക്ക് സാംസ്കാരിക സമ്പ്രദായങ്ങളെ എങ്ങനെ പുനർനിർവചിക്കാമെന്ന് വ്യക്തമാക്കുന്നു. എല്ലാത്തരം വായനക്കാരെയും ഉൾക്കൊള്ളാനുള്ള ഒരു ഉപകരണമെന്ന നിലയിൽ അവയുടെ ഉത്ഭവം മുതൽ എല്ലാവർക്കും ഒരു ജനപ്രിയ മാധ്യമമായി മാറുന്നത് വരെ, ഓഡിയോബുക്കുകൾ ജനങ്ങളെ സാഹിത്യവുമായി അടുപ്പിക്കുന്നതിൽ വിപ്ലവം സൃഷ്ടിച്ചു. പുസ്തകങ്ങൾ കൂടുതൽ ആക്സസ് ചെയ്യാവുന്നതും ആധുനിക ജീവിതശൈലികൾക്ക് അനുയോജ്യവുമാക്കുന്നതിലൂടെ, ഓഡിയോബുക്കുകൾ 'വായന' എന്നതിന്റെ നിർവചനം വികസിപ്പിക്കുകയും മനുഷ്യജീവിതത്തിലെ കഥകളുടെ ശാശ്വതമായ ആകർഷണം ശക്തിപ്പെടുത്തുകയും ചെയ്തു. സാങ്കേതികവിദ്യ വികസിക്കുന്നതു തുടരുമ്പോൾ, ഭാവിയിൽ വായനാശീലങ്ങളും സാഹിത്യസംസ്കാരവും രൂപപ്പെടുത്തുന്നതിൽ ഓഡിയോബുക്കുകൾ കൂടുതൽ പ്രധാന പങ്കു വഹിക്കാൻ സാധ്യതയുണ്ട്.

ഉള്ളടക്കം ഉപയോഗിക്കുന്നതിന് വഴക്കമുള്ളതും ആകർഷകവുമായ മാർഗം വാഗ്ദാനം ചെയ്യുന്ന ഓഡിയോബുക്കുകൾ സാഹിത്യലോകത്ത് അവിഭാജ്യഘടകമായി മാറിയിരിക്കുന്നു. സാങ്കേതികവിദ്യ വികസിക്കുന്നതു തുടരുമ്പോൾ, ഓഡിയോബുക്ക് നിർമ്മാണത്തിലും വിതരണത്തിലും കൂടുതൽ പുതുമകൾ നമുക്ക് പ്രതീക്ഷിക്കാം. ഭാവിയിലെ ഗവേഷണങ്ങൾ ഓഡിയോബുക്കുകൾ രൂപപ്പെടുത്തുന്ന സാമൂഹിക-സാംസ്കാരിക പശ്ചാ ത്തലവും വായനയുടെയും കഥപറച്ചിലിന്റെയും ഭാവിരൂപപ്പെടുത്താനുള്ള അവയുടെ കഴിവിലും ശ്രദ്ധ കേന്ദ്രീകരിക്കണം. കഥകളുമായി ഇടപഴകുന്നതിന് സൗകര്യപ്രദവും എളുപ്പത്തിൽ ആക്സസ് ചെ യ്യാവുന്നതുമായ മാർഗം ഓഡിയോബുക്ക് പ്ലാറ്റ്ഫോമുകൾ വാഗ്ദാനം ചെയ്യുന്നുണ്ട്. സാഹിത്യം ഉപയോഗിക്കുന്നതിനുള്ള ഒരു ജനപ്രിയമാധ്യമമായി ഓഡിയോബുക്കുകൾ ഉയർന്നുവന്നിട്ടുണ്ട്. വായനാശീലം, സാക്ഷരത, പ്രസിദ്ധീകരണ വ്യവസായം എന്നിവയിൽ ഒക്കെ ഇത്തരം പ്ലാറ്റ്ഫോമുകൾ ക്രിയാത്മകമായ സ്വാധീനം ചെലുത്തുന്നുണ്ട്

**സഹായകഗ്രന്ഥങ്ങൾ/ ഓൺലൈൻ ലേഖനങ്ങൾ**

1. www.wired.com/story/audible-audiobook-narrators-ai voice-clone
2. blog.libro.fm/how-do-audiobooks-get-made/
3. https://scribemedia.com/service/audiobook/

# വല്ലി : പശ്ചിമഘട്ട പാരിസ്ഥിതിക വായന

**സഹ്ല തസ്നീം എസ്.**
ഗവേഷക
മലയാള വിഭാഗം, കാര്യവട്ടം കാമ്പസ്

**പ്രബന്ധ സംഗ്രഹം**

2021 ൽ ചെറുകാട് അവാർഡ് നേടിയ ഷീലാ ടോമിയുടെ നോവലാണ് വല്ലി. ഇന്ത്യൻ പരിസ്ഥിതിയിൽ സവിശേഷ സ്ഥാനമുള്ള പശ്ചിമഘട്ടത്തിന്റെ പരിണാമചരിത്രം കൂടിയാണ് വല്ലിയിലൂടെ നിർമ്മിക്കപ്പെടുന്നത്. ദാരിദ്ര്യം, തൊഴിലില്ലായ്മ, കൃഷിഭൂമിയുടെ അപര്യാപ്തത, വ്യാവസായിക താൽപര്യങ്ങൾ തുടങ്ങിയ കാരണങ്ങളാൽ ഘട്ടംഘട്ടമായി സംഭവിച്ച കടന്നു കയറ്റങ്ങളും അത് പശ്ചിമഘട്ടത്തിലുണ്ടാക്കിയ പരിവർത്തനങ്ങളും തുടർന്ന് സംഭവിക്കാവുന്ന പാരിസ്ഥിതിക- സാമൂഹിക ദുരന്തങ്ങളും കൂടിയാണ് വല്ലിയിലൂടെ വായിക്കപ്പെടുന്നത്.

**താക്കോൽ വാക്കുകൾ**

പശ്ചിമഘട്ടം - പരിസ്ഥിതി

"കല്ലുവയലിനെ ചുറ്റിവളഞ്ഞ് വയലിന്റെ ഹൃദയത്തിലേക്ക് നൂണ്ടുകയറി പൂത്തു തളിർത്തു കിടക്കുന്ന കാട്. ഈട്ടീം വെന്തേക്കും കരിമരുതും ഇലവും വേങ്ങയും ഇരുമുള്ളു മരവും കാട്ടുനാരകവും കാട്ടുനെല്ലിയും കാട്ടാലും പരട്ടിയും പുന്നയും പേഴും കമ്പകവും പ്ലാശും ചേരും പിന്നെ കാക്കത്തൊള്ളായിരം മരക്കൂസന്മാരും തട്ടിയും മുട്ടിയും ഉമ്മ വെച്ച് കഴിയുന്ന കാട്. ശതാവരിയും കാട്ടിഞ്ചിയും കാട്ടുപടവലവും നറുനീണ്ടിയും ഇഞ്ചവള്ളിയും മലന്തുടയും കഥ പറഞ്ഞു പടരുന്ന കാട്. പുലിയും കരടിയും മുള്ളൻ പന്നിയും കാട്ടുപോത്തും കാട്ടുപന്നിയും ഈനാമ്പേച്ചിയും വെരുകും ഉടുമ്പും പാമ്പും കീരിയും കോഴിയും

കലമാനും കൂരനും കുറുനരിയും കാട്ടാനക്കൂട്ടവും മിണ്ടിയും പറഞ്ഞും ഇരപിടിച്ചും ഇണചേർന്നും കളിച്ചും മതിച്ചും നടക്കുന്ന കാട്. തുമ്പികളുടെ, പൂമ്പാറ്റകളുടെ, ചീവീടുകളുടെ, ഉറുമ്പുകളുടെ, ചിതലുകളുടെ നൂറു നൂറായിരം സൂക്ഷ്മജീവികളുടെ കാട്. ആർത്തിപൂണ്ട ഇരുകാലികൾ മഴുവുമേന്തി ഒളിച്ചും പാത്തും എത്തിയിരുന്നെങ്കിലും അക്കാലത്ത് കാനനം വിശുദ്ധമായിരുന്നു. പ്രശാന്തമായിരുന്നു. കാടു നിറയെ അന്ന് മഞ്ഞു പെയ്തിരുന്നു."[1] പക്ഷെ പിന്നീടെപ്പോഴോ ഈ കാട് നമുക്ക് നഷ്ടമായി.

വയനാട്ടിൽ നക്സലാക്രമണം നടന്ന 1970 ഫെബ്രുവരി 11 ന് സാറയും തോമാച്ചനും ആനക്കാട്ടിലേക്ക് ബസ് കയറിയ ഇടത്തു നിന്നാണ് കല്ലുവലയിന്റെ പരിണാമ ചരിത്രം പറഞ്ഞു തുടങ്ങുന്നത്. ഇത് പശ്ചിമഘട്ടത്തിന്റെ പരിണാമ ചരിത്രം കൂടിയാണ്. പുരാതന കാലം മുതൽക്കു തന്നെ ജനവാസമുണ്ടായിരുന്ന പ്രദേശമാണ് പശ്ചിമഘട്ടം. മഹാശിലായുഗ മനുഷ്യർ അവശേഷിപ്പിച്ചു പോയ കൊടും കല്ലറകളും ഗുഹകളും അവയെ ചൂഴ്ന്നു നിൽക്കുന്ന ഒരുപാട് രഹസ്യങ്ങളും ഉറങ്ങുന്നനാട്[2]. അറബിക്കടലിന് സമാന്തരമായി പശ്ചിമതീരത്ത് നിന്നും അൻപതോ അറുപതോ കി.മീ ദൂരത്തിൽ സ്ഥിതി ചെയ്യുന്ന മലനിര. ചെങ്കുത്തായ മലയിടുക്കുകൾ, പാറക്കെട്ടുകൾ, കുന്നുകൾ, താഴ്വരകൾ[3]. മാനത്തുനിന്ന് ഉരുണ്ടുവീഴാനായ ഭീമൻപാറക്കെട്ടുകൾ. ആഴംകാണാ കൊക്കകൾ. ഇടുങ്ങിയ വഴികൾ. വളവോടുവളവ്. ചുരം[4] എന്നിങ്ങനെ ഡക്കാൺ പീഠഭൂമിയുടെ പടിഞ്ഞാറെ അതിർത്തിയിൽ നിന്നാരംഭിച്ച് ചെങ്കുത്തായ മലനിരകളോടും ഇടുങ്ങിയ ചരിവുകളോടും കൂർത്ത പാറക്കൂട്ടങ്ങളോടും കൂടി കന്യാകുമാരിയിൽ അവസാനിക്കും വിധമാണ് പശ്ചിമഘട്ടത്തിന്റെ പ്രാഥമിക ഭൂഘടന. ഇവിടുത്തെ നദികളും വനങ്ങളും കാവുകളും മൃഗങ്ങളും ചേർന്ന് ആത്മീയവും ഭൗതികവുമായ ഒരു സാംസ്കാരിക പരിസരം രൂപപ്പെടുത്തിയിരുന്നു. താപ്തി നദി മുതൽ കന്യാകുമാരി വരെ 1600 km നീളവും 160000 ച.കി.മീ വിസ്തൃതിയുമുള്ള, വ്യത്യസ്ത ഭൂപ്രകൃതിയോടുകൂടിയ സങ്കീർണ്ണതകളേറെയുള്ള ഈ ഭൂപ്രദേശം ഇന്ന് ഏറ്റവുമധികം ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നൊരു പാരിസ്ഥിതിക മേഖലയാണ്. ലോകത്താകമാനം സംഭവിച്ചു കഴിഞ്ഞ പാരിസ്ഥിതിക വ്യതിയാനം പശ്ചിമഘട്ടത്തിലും പ്രതിസന്ധികൾ സൃഷ്ടിച്ചു തുടങ്ങിയിട്ട് ഒരുപാട് വർഷങ്ങളായെങ്കിലും ഗൗരവമായി ചർച്ചചെയ്തു തുടങ്ങിയിട്ട് കുറച്ചു കാലമേ ആയിട്ടുള്ളൂ. പശ്ചിമഘട്ടത്തിൽ പാരിസ്ഥിതിക പരിണാമം ആരംഭിച്ചത് BC1000 വർഷങ്ങൾക്ക് മുമ്പ് നിന്നാണ്. ദാരിദ്ര്യം, തൊഴിലില്ലായ്മ, കൃഷി ഭൂമിയുടെ അപര്യാപ്തത,

വ്യാവസായിക താൽപര്യങ്ങൾ തുടങ്ങിയ കാരണങ്ങളാൽ ഘട്ടംഘട്ടമായി സംഭവിച്ച കടന്നു കയറ്റങ്ങൾ അതിന്റെ ജൈവിക ഘടനയെ തന്നെ പരിവർത്തനപ്പെടുത്താനുതകുന്നതായിരുന്നു. കൊടുങ്കാടായിരുന്നു കല്ലു വയൽ ഗ്രാമത്തിന്റെ ഓരം ചേർന്ന് കബനി കിഴക്കിനെ നോക്കിയൊഴുകി ക്കൊണ്ടിരിക്കുന്നു. സഞ്ചാരികളുടെ, സന്ന്യാസികളുടെ, വണിക്കുകളുടെ കാലടികൾ പതിഞ്ഞ ചരൽവഴികളിലൂടെ, പടക്കുതിരകൾ പാഞ്ഞ കാട്ടുവഴികളിലൂടെ, തുടിച്ചെത്തങ്ങൾക്കിടയിലൂടെ, കുടിയേറ്റക്കാരുടെ കാളവണ്ടികൾ നിരങ്ങി നിരങ്ങി വന്നു. ചതുപ്പുകളിലെ ജലസമൃദ്ധിയിൽ പെറ്റു പെരുകി മലമ്പനിക്കൊതുകുകൾ മരണം മൂളി നടന്നു. പയ്യെപ്പയ്യെ കാട് തെളിഞ്ഞു. മുള്ളൻ പന്നിയും കരടിയും കാട്ടുപന്നിയും ഈനാമ്പേച്ചിയും വെരുകും ഉടുമ്പും പാമ്പും കീരിയും മുയലും മയിലും കേഴമാൻകൂട്ടങ്ങളും മറ്റായിരം ജീവിഗണങ്ങളും ഉൾക്കാടുകളിലേക്ക് ഓടിമറഞ്ഞു[5]. പശ്ചിമഘട്ടം പോലൊരു സവിശേഷ ഭൂപ്രദേശത്തേക്ക് കുടിയേറ്റമുണ്ടാകുന്നതും കൃഷിക്കും മേച്ചിൽപ്പുറങ്ങൾക്കുമായി ചുറ്റുപാടിനെ പരുവപ്പെടുത്തുന്നതും സ്വാഭാവികമാണ്. എന്നാൽ പശ്ചിമഘട്ടത്തിന്റെ ജൈവവൈവിധ്യവും ധാതു സമ്പന്നതയും ജലസ്സമ്പ ന്നതയും തിരിച്ചറിഞ്ഞ കടന്നുകയറ്റക്കാർ അതിനെ ദുരുപയോഗം ചെയ്തിടത്താണ് പശ്ചിമഘട്ടത്തിന് അതിന്റെ പാരിസ്ഥിതിക സന്തുലനം നഷ്ടമായത്. കൃഷി ചെയ്തും നായാടിയും ജീവിച്ച ആദിമജനത വനങ്ങളെയും കുളങ്ങളെയും കാവുകളെയുമൊക്കെ പരിശുദ്ധികൽപ്പിച്ച് ആരാധിക്കുകയും സംരക്ഷിക്കുകയും ചെയ്തിരുന്നു.

മീൻ പിടിക്കാനായി ഒരിക്കലുമവർ ആറ്റിൽ നഞ്ചു കലക്കിയില്ല. വാളയും കുറുവയും വരാലും കൂരലും കല്ലേമുട്ടിയും നെറ്റ്യ പൊട്ടനും അവരുടെ മുളഞ്ചാടകളിൽ നിറഞ്ഞു കവിഞ്ഞു. തേൻ മുഴുവനു മെടുക്കാതെ തേനീച്ചയ്ക്കുള്ളത് അവർ ബാക്കിവച്ചു. കാട്ടുകിഴങ്ങുകളും പഴങ്ങളും ആവശ്യമുള്ളത് മാത്രം ശേഖരിച്ചു.[6] അവരുടെ വിശ്വാസങ്ങളിൽ പശ്ചിമഘട്ടം ഒരു നിർണ്ണായക സ്വാധീനമായിരുന്നു.

ഓർമ്മയിൽ ഒരു ഗൗരവക്കാരൻ പുളിമരമുണ്ട്. തെക്കുവശത്ത് പുളിയുണ്ടെങ്കിൽ ഐശ്വര്യമാണെന്ന് പറഞ്ഞ് മുറ്റം വലുതാക്കിയപ്പോൾ മുറിച്ചു മാറ്റാത്തതിന്റെ തെല്ലഹങ്കാരവും അതിനുണ്ട്. പൂവിടുന്ന കാലത്ത് മുറ്റം നിറയെ ഓറഞ്ചും മഞ്ഞയും ഇതളുകൾ പൊഴിയും. നന്നേ നേർത്ത സുഗന്ധം പരക്കും. പുളി പഴുക്കുന്ന കാലമായാൽ അന്നംകുട്ടി അമ്മാമ്മ അത് തോടുകളഞ്ഞ് ഉപ്പ് തിരുമ്മി വെക്കും.പുളിന്തോടും കുരു അടർത്തിയ കുരുമുളക് തിരികളുമൊക്കെ നടവഴിയിൽ നീളെ വിതറിയിടും. ആളുകൾ

അതിന്മേൽ ചവിട്ടി നടന്നാൽ വരും കൊല്ലം നന്നായി ഫലം പിടിക്കുമത്രേ! തെളിനീര് പോലത്തെ മനസ്സിലെ ഓരോ വിശ്വാസങ്ങളെയ്! ചെരുപ്പിട്ട് ശീലിക്കാത്ത പഴമക്കാർ ആ പുളിന്തോടിന്മേൽ ചവിട്ടി, തിരികൾ അമർത്തി, അങ്ങനെ നടന്നുപോകും. നഗ്നമായ പാദങ്ങൾക്ക് നല്ല ഔഷധ ചികിത്സ! ഒക്കൽകളത്തിനപ്പുറം കൊള്ളിന്മേൽ കാവൽക്കാരനെന്ന മട്ട് നിൽക്കുന്ന ഒരു കാഞ്ഞിരമുണ്ട്. കാഞ്ഞിരമുള്ളിടത്ത് നീരോട്ടമുണ്ടാവു മെന്ന നിഗമനത്തിൽ കാവൽക്കാരൻ കാഞ്ഞിരത്തെയും ആരും മുറിച്ചു കളഞ്ഞില്ല.[7] എന്നാൽ തോട്ട വിളകൾക്കും വലുതും ചെറുതുമായ വനാധിഷ്ഠിത വ്യവസായങ്ങൾക്കും ഊർജ്ജോൽപ്പാദനത്തിനുമായി ലക്ഷക്കണക്കിന് മരങ്ങളാൽ കടന്നുകയറ്റക്കാർ മുറിച്ചു കളഞ്ഞത്. താഴ്വരകളിൽ നെല്ലും മലഞ്ചെരുവുകളിൽ ധാന്യങ്ങളും മലകളിൽ അടക്കയും തീരദേശങ്ങളിൽ തെങ്ങും മാവുമൊക്കെ കൃഷി ചെയ്തിരുന്ന പശ്ചിമഘട്ടത്തിലേക്ക് കശുമാവും ഏലവും കാപ്പിയും കുരുമുളകും ഇഞ്ചിയും റബ്ബറും വ്യാപിപ്പിച്ചു. ഏക്കറുകണക്കിന് വനഭൂമിയാണ് നാണ്യവിളകൾക്ക് മാത്രമായി മാറ്റിവെച്ചത്. അത് മണ്ണിന്റെ ഫലഭൂയിഷ്ഠത നഷ്ടപ്പെടുത്തി. തുണ്ടം തുണ്ടമായി ഭൂമി വിഭജിക്കാൻ കാരണമായി. അടിക്കാടുകൾ വെട്ടിനശിപ്പിച്ച് തിരിച്ചു കിട്ടാത്ത വിധം വനസമ്പത്തിനെ നഷ്ടപ്പെടുത്തി.

പശ്ചിമഘട്ടത്തിലേക്കുള്ള കടന്നുകയറ്റം ഒരു ജനതയുടെ സാംസ്കാരിക ഭൂമികയിലേക്കുള്ള കടന്നുകയറ്റം കൂടിയായിരുന്നു. അത് കാടിനെ ആരാധിച്ചിരുന്ന/സംരക്ഷിച്ചിരുന്ന ആദിമജനതയ്ക്കും അതിജീവനാർഥം മലകേറിയ ജനതയ്ക്കും അവരുടെ സാമൂഹിക-സാംസ്കാരിക ഇടങ്ങൾ നഷ്ടമാകാനിടയാക്കി. വനറാണിയുടേതെന്ന് അവർ വിശ്വസിച്ചിരുന്ന തോട്ടോം വയലും കാടും പൊഴേമൊക്കെ മനുഷ്യരുടേതായി. അതുകൊണ്ടാണ്

"ബാണാസുരൻ മലയുടെ, ചെമ്പ്രമലയുടെ, ബ്രഹ്മഗിരിയുടെ, മലയായ മലകളുടെയെല്ലാം തെളിനീർ ദേശത്തെ നനച്ചു കൊണ്ടിരിക്കുന്ന കാലത്ത്"[8]

"പെയ്യുറുപെയ്യുറുമായെ
അടേച്ചു കുത്തിയും പെയ്യുറു അനെക്കുളിപ്പാണും വൊള്ളം
കാണി
കുതിരെക്കുളിപ്പാണും വൊള്ളം കാണി
ആച്ചാം ആറാറിചെയ്യുറു
പൂമി പോരാറിപെയ്യുറു

പാപ്പെ കുളിപ്പാണും വൊള്ളം കാണി
പാപ്പത്തികുളിപ്പാണും വൊള്ളം കാണി"[9]

എന്ന് പലചരക്കുകടയുടെ കോലായിലിരുന്ന് മൂപ്പന് വെള്ളമില്ലാത്ത കാലത്തെക്കുറിച്ച് പാടേണ്ടി വന്നത്. ആ പാട്ട് കാലാന്തരത്തിൽ യാഥാർ ത്ഥ്യമായി.ഇന്ന് വേനൽക്കാലം വരും മുമ്പേ കേരളം വരണ്ടു തുടങ്ങി യിരിക്കുന്നു.

"ഞങ്ങടെ മൊതലാളി പണം കൊടുത്ത് വാങ്ങ്യ ഫൂമിൽ എന്തു ചെയ്യണന്ന് നിങ്ങള് പറയണ്ട"[10] എന്ന മേസ്തിരിമാരുടെ വെല്ലുവിളിയാണ് പത്തൊമ്പതാം നൂറ്റാണ്ടിനു ശേഷം പശ്ചിമഘട്ടത്തിലേറ്റവുമധികം ഉയർന്നു കേട്ടത്. തടി വ്യാപാരത്തിനും പേപ്പർ, തീപ്പെട്ടി, പ്ലൈവുഡ് പോലുള്ള വനാധിഷ്ഠിത വ്യവസായങ്ങൾക്കും വൈദ്യുത പദ്ധതികൾക്കും ഗതാഗതത്തിനും ടൂറിസത്തിനുമായി വൻതോതിലാണ് ഭൂമി കയ്യേറിയത്. "കാലാന്തരേണ കല്ലുവയലിൽ ഒരുപാട് മാറ്റങ്ങളുണ്ടായി. കബനിക്ക് കുറുകെ പാലംപൊങ്ങി. പട്ടണം ഗ്രാമത്തിലേക്ക് ഓടിക്കയറി. വഞ്ചിയും വഞ്ചിക്കാരനും കുളക്കടവും കടത്തും ഓർമ്മയായി. വയലിലെ പാടങ്ങൾ, കുന്നുകൾ, പാതി പ്രളയം കൊണ്ടു പോയി. പാതി ചെകുത്താന്മാരും".[11]

"ഓളപ്പരപ്പിലേക്ക് എടുത്തുചാടി ആർത്തുല്ലസിച്ച് കളിക്കാൻ വന്നിരുന്ന കുട്ടികളുടെ ഓർമ്മയിൽ ചീങ്കണ്ണിപ്പാറ പാലത്തിന്റെ അടിയിൽ അമർന്നു കിടന്നു. നൂറ്റാണ്ടുകളുടെ കാൽപ്പെരുമാറ്റങ്ങൾ മനസ്സിൽനിറച്ച്, മണലൂറ്റിയെടുത്ത ചതിക്കുഴികളിലേക്ക് രോഷത്തോടെ നോക്കി, ആരാലും ശ്രദ്ധിക്കപ്പെടാതെ, പുനർജനികാത്ത് അങ്ങനെ മിണ്ടാതെ കിടന്നു. അവശേഷിച്ച ഒരുപിടി കൂരിയും വരാലും കല്ലേമുട്ടിയും കുറുവയും അടയാത്ത കണ്ണുകളുമായി അതിനെ തൊട്ടുരുമ്മി നീന്തി. പാടത്തിന്റെ നെഞ്ചു പിളർന്നുണ്ടായ നിരത്തിലൂടെ പുകയൂതിയെത്തിയ വണ്ടികൾ പാലം കുലുക്കി കടന്നുപോയി."[12] "മണ്ണിന്റെ യഥാർത്ഥ അവകാശികൾ വിരട്ടിയോടിക്കപ്പെട്ടു. കോളനികൾ മണ്ണിനടിയിലായി. കല്ലുവയലിലെ വനം കൊള്ളക്കാർ ഒരു ജന്മത്തിൽ നശിപ്പിച്ചതിനേക്കാൾ വനം ദിവസങ്ങൾക്കുള്ളിൽ അപ്രത്യക്ഷമായി. കാട് കരയാൻ പോലും മറന്നു. മൃഗങ്ങളായ മൃഗങ്ങളെല്ലാം ചോലകൾ തേടി പരക്കം പറഞ്ഞു. കിളികളായ കിളികളെല്ലാം കൂടുതേടി കരഞ്ഞു പറന്നു"[13] എന്നിങ്ങനെ വല്ലിയിൽ ഷീല ടോമി വരച്ചിടുന്ന കല്ലുവയലിന്റെ പരിണാമം 3000 വർഷങ്ങൾ കൊണ്ട് സംഭവിച്ച പശ്ചിമഘട്ടത്തിന്റെ തന്നെ പരിണാമമാണ്. വനനശീകരണവും മലകൾ ഇടിച്ചു നിരത്തുന്നതും മണ്ണൊലിപ്പിനു മലയിടിച്ചിലിനും കാരണമാകും. മേൽ മണ്ണ് നഷ്ടപ്പെടുന്നത് മണ്ണിന്റെ

ഫലഭൂയിഷ്ഠത നഷ്ടപ്പെടുത്തും. അടിക്കാടുകൾ വെട്ടി നശിപ്പിക്കുന്ന തോടെ തിരിച്ചെടുക്കാനവാത്തവിധം ആ പാരിസ്ഥിതിക മേഖല നഷ്ടപ്പെട്ടു പോകും. "ഒരു വ്യാഴവട്ടത്തിൽ പൂത്തുണങ്ങുന്ന മുളകൾക്കുചുറ്റും വർഷങ്ങൾക്കുള്ളിൽ പുതിയ മുളകൾ മൊളയ്ക്കുമായിരുന്നു പണ്ട്. ഇന്ന് അങ്ങനെയൊന്നും കാണാനില്ല"[14] എന്ന വല്യപ്പച്ചന്റെ ആവലാതിക്കു കാരണമതാണ്. മഴ മണ്ണിനോട് പിണങ്ങും ചിലകാലം ചിലപ്പോൾ ആകാശമിടിഞ്ഞ് തിമിർത്തു ചെയ്യും. "യാതൊരുവ്യവസ്ഥയുമില്ല മഴയ്ക്ക്. ഭൂമിയുടെ കണക്കുകൾ തെറ്റിക്കാൻ തുടങ്ങിയത് മനുഷ്യനാണ്. ദേശകാല ജ്ഞരെന്ന് വൃഥാ അഹങ്കരിക്കുന്ന മനുഷ്യർ"[15]എന്ന് പിൽക്കാലത്ത് ജയിംസ് തിരിച്ചറിഞ്ഞ കാലാവസ്ഥാ വ്യതിയാനമാണ് ഇന്ന് പശ്ചിമഘട്ടമുയർത്തുന്ന ഏറ്റവും വലിയ വെല്ലുവിളി.

പശ്ചിമഘട്ട പാരിസ്ഥിതിക പരിണാമത്തെ സൂക്ഷ്മമായി അടയാളപ്പെടുത്തുന്ന വല്ലി പറയാൻ ശ്രമിക്കുന്നത് തിരിച്ചറിവിന്റെയും പാഠങ്ങളാണ്.

"അതേടോ. പെറുതീരത്തുണ്ടാകുന്ന എൽനിനോ പ്രവാഹോ, ബംഗാൾ ഉൾക്കടലിലെ ന്യൂനമർദ്ദോ, ചക്രവാതമോ, മൺസൂണിനെ നിയന്ത്രിക്കുന്നത് എന്തായാലും ഇംഗ്ലീഷുകാരുടെ വരവോടെ തൊടങ്ങി. പിന്നെയങ്ങോട്ട് കുടിയേറ്റക്കാര് തുടർന്നു പോന്ന കൃഷിം നിർമ്മാണോം പശ്ചിമഘട്ടത്തിലെ നല്ലൊരു ഭാഗം കാടുകളും ഇല്ലാതാക്കി. ഇനി പണ്ടത്തെപ്പോലെ ഒരു പെരുമഴക്കാലം വന്നാൽ അത് നമ്മുടെ മലഞ്ചെരിവുകളേം പട്ടണങ്ങളേം ഗ്രാമങ്ങളേംഒരുമിച്ച് തുത്തുതുടച്ച് കൊണ്ടോകും. ഒറപ്പാ."[16] "ഗ്രീൻ ഹൗസ് വാതകങ്ങൾ തടഞ്ഞുവെക്കണ ചൂടിന്റെ ഭൂരിഭാഗവും വിഴുങ്ങി ഭൂമിയെ രക്ഷിക്കുന്നത് സമുദ്രജലമാണ്. ഓരോ വർഷവും കടലിന്റെ ചൂട് ക്രമാതീതമായി കൂടിവരുന്നു. സമുദ്രനിരപ്പ് ഉയർന്നാൽ ഹിമ കരടികൾക്കും പവിഴപുറ്റുകൾക്കും മാത്രമല്ല ദോഷം. കൊടുങ്കാറ്റുകളും ചുഴലികളും താണ്ഡവം തുടരുന്നു. പ്രളയത്തിന്റെ കഥകൾ ലോകമെമ്പാടും കേൾക്കാം. സർവ്വ സംഹാരശക്തി ജലത്തിനുണ്ടെന്ന് നാം മറക്കുന്നു. പലതും മനുഷ്യനിർമ്മിതമായ കൂട്ടക്കുരുതികളാ. ഉത്തരാഖണ്ഡിൽ ലാഭക്കൊത 1കൊണ്ട് തീർത്ഥാടനടൂറിസം പ്രകൃതിക്കേൽപ്പിച്ച നാശം പ്രളയവും മലയിടിച്ചിലുമുണ്ടാക്കാനുള്ള കാരണങ്ങളിൽ ഒന്നല്ലേ. കാട്ടിലെ കോവിലിന്റെ മറവിൽ അങ്ങനെയൊന്ന് പരീക്ഷിക്കാൻ ജിതേന്ദ്രൻ മന്ത്രവാദിയെ മുന്നിൽനിർത്തി പണ്ടിവിടെ നൂണ്ടുകയറി വന്ന ചിലർ ഒരു ശ്രമം നടത്തീങ്കിലും അന്നത് തടയാനായി. പക്ഷേ, പിന്നീട് വന്ന

നശീകരണമൊക്കെ നോക്കിനിക്കണ്ട വന്നില്ലേ. അതിന് വലിയ വെല കൊടുക്കേണ്ടി വരും ഉറപ്പാ."[17] "മലനിരകളെ വെട്ടിപ്പിളർന്നു റോഡും അണക്കെട്ടുമൊക്കെ പണിതപ്പോളല്ലേ ഉരുൾപൊട്ടലൊക്കെ വ്യാപക മായത്. പതിനാലാം നൂറ്റാണ്ടിൽ മുസിരിസിനെ ഇല്ലാതാക്കിയകണക്ക് ഒരു പ്രളയം എപ്പോഴും ഏത് പ്രദേശത്തെയും ശൂന്യമാക്കാം."[18]

90ദശലക്ഷം വർഷങ്ങൾക്കു മുമ്പ് ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ നിന്ന് മഡഗാസ്കർ ദ്വീപ് വേർപ്പെട്ടപ്പോഴുണ്ടായ സമ്മർദ്ദത്തിൽ രൂപപ്പെട്ട പശ്ചിമഘട്ട മലനിരകൾ സംരക്ഷിക്കപ്പെടേണ്ടത് ഒരു ജനതയുടെ മാത്രമല്ല അനേകം സസ്യ-ജന്തുജാലങ്ങളുടെയും ആവശ്യമാണ്. കാരണം "ഈ മരങ്ങൾക്കും ചെടികൾക്കും കാലും കൈയും ഉണ്ടായിരുന്നെങ്കിൽ കൊടിപിടിച്ച്, മുദ്രാവാക്യം വിളിച്ച് മേലാളന്മാരുടെ കൊട്ടാരങ്ങളിലേക്ക് അവർ മാർച്ചു ചെയ്തേനെ. നാനാജാതി വന്യ മൃഗങ്ങളുടെ ജാഥ നാടുവിറപ്പിച്ച് കടന്നു പോയേനെ. ഇപ്പോൾ തന്നെ പ്രതിഷേധവുമായി നാട്ടിലിറങ്ങി വിളയാട്ടം തുടങ്ങിയിട്ടുണ്ട് അവർ. വാസയിടങ്ങളിൽ നിന്ന് പറിച്ചെറിയപ്പെട്ടവർ. ജലാശയങ്ങൾ കൊള്ളയടിക്കപ്പെട്ടവർ പുൽമേടു കളും ഗഹ്വരങ്ങളും മരപ്പൊത്തുകളും നഷ്ടമായവർ."[19] പശ്ചിമഘട്ടത്തിൽ ജനവാസമാരംഭിച്ചിട്ട് 3000 വർഷങ്ങളെ ആയിട്ടുള്ളൂ.പക്ഷെ പശ്ചിമ ഘട്ടത്തെ സംബന്ധിച്ചിടത്തോളം ഈയൊരു കാലയളവ് അനിയന്ത്രിത മായ ചൂഷണങ്ങളും ഭാവിയെ കരുതാത്ത വികസന താൽപ്പര്യങ്ങളും സൃഷ്ടിച്ച പാരിസ്ഥിതിക പരിണാമത്തിന്റെ ചരിത്ര രൂപീകരണത്തിൻറേ താണ്. ജെയിംസിനെ ചേർത്തണച്ച് പത്മനാഭൻമാഷ് പറഞ്ഞതു പോലെ "ഓരോ മനുഷ്യനും കാടിന്റെ കരച്ചിൽ കേൾക്കാനാവുന്ന കാലം വരണം. കാടിന്റെ ഭാഷയും മനുഷ്യഭാഷയും ഒന്നാകുന്ന കാലം. അന്ന് മുഴുവൻ അറക്കവാളും മരംവെട്ടിയും ഭൂമുഖത്ത് നിന്ന് അപ്രത്യക്ഷമാകും. അന്ന് മനുഷ്യൻ പരസ്പരം സ്നേഹിക്കും. അവൻ ഭൂമിയെ സ്നേഹിക്കും. അക്കാലത്ത് മനുഷ്യൻ ചിരിക്കുമ്പോൾ കാട് പൂക്കും. ഓരോ കുഞ്ഞു ജീവനും, ഒരു തൊട്ടാവാടിക്കുപോലും, ശ്രേഷ്ഠതയുണ്ടെന്ന് കാട് നമ്മോട് പറയുന്നു. കാട് കരയുന്നത് നിങ്ങളെയോർത്താണ് മക്കളേ."[20] അത്തര മൊരു തിരിച്ചറിവിന്റെ കാലമാണ് പശ്ചിമഘട്ടവും ആവശ്യപ്പെടുന്നത്. കാരണം പശ്ചിമഘട്ടത്തിന് മുമ്പിൽ മനുഷ്യൻ പരാജയപ്പെടുകയേയുള്ളൂ.

"ഭൂമിയിലെ നദികളായ നദികളെല്ലാം കൂടി കയ്യേറ്റങ്ങൾക്കെതിരെ, മലിനീകരണത്തിനെതിരെ, പ്രക്ഷോഭത്തി നിറങ്ങിയാൽ എന്താവും കഥ! അപാരമായ ജലശക്തിക്ക് മുന്നിൽ പിടിച്ചു നില്ക്കാനാവ്വോ നമുക്ക്"[21]

എന്ന ടെസയുടെ ചോദ്യത്തിന് ഇല്ല എന്നതുതന്നെയാണ് ഉത്തരം. ഇനിവരും കാലങ്ങളിലും കാട്ടാലിനു ചോട്ടിലിരുന്ന് ഫോറസ്റ്റ് റേഞ്ചർ പ്രകാശൻ പറഞ്ഞു കൊണ്ടേയിരിക്കും

"നമ്മൾ ആട്ടിപ്പായിച്ചു കൊണ്ടിരിക്കുന്ന ജീവികളുടെ കണക്ക് അറിയാമോ നിങ്ങൾക്ക്? അവയെക്കുറിച്ചുമാത്രം ഒരു പുസ്തക മെഴുതാനുണ്ട്. നിങ്ങൾ പടിഞ്ഞിരിക്കുന്ന ഈ കരിയിലമെത്ത ഒന്ന് പൊക്കി നോക്കൂ. നൂറു നൂറു ജാതി ഉറുമ്പുകൾ, ഷഡ്പദങ്ങൾ, പല്ലികൾ, പാറ്റകൾ, വിട്ടിലുകൾ, പുഴുക്കൾ നോക്കൂ, നമ്മളിരിക്കുന്ന ഈ മണ്ണിലൂടെ അനേകായിരം പുള്ളിമാനുകൾ ഓടിപ്പോയിട്ടുണ്ട്. പാമ്പും ഉടുമ്പും ഇഴഞ്ഞു പോയിട്ടുണ്ട്. കരടികളും അവരുടെ കുഞ്ഞുങ്ങളും നടന്നു പോയിട്ടുണ്ട്. മുള്ളൻ പന്നികൾ ഇവിടെ പതുങ്ങി നിന്നിട്ടുണ്ട്. മരനായകളും പുലിപ്പൂച്ചകളും ഇതിലെ ചാടിച്ചാടി പോയിട്ടുണ്ട്. ചെങ്കീരികൾ ഇവിടെ കടിപിടി കൂടിയിട്ടുണ്ട്. ആകാശത്തു പറക്കുന്ന അനേകശതംപക്ഷികളുടെ നിഴലുകൾ ഈ മണ്ണിനെ ഉണർന്നു പോയിട്ടുണ്ട്. നമ്മൾ ഇല്ലായ്മകളെ കുറിച്ച് കരയുന്നു. കാട്ടിൽ കയറി കൃഷിചെയ്തിട്ട് കാട്ടാന ശല്യത്തെപ്പറ്റി പരാതി പറയുന്നു. കാട് സംരക്ഷിക്കൂ എന്ന് കരഞ്ഞു വിളിക്കുന്നു. അതിക്രമിച്ചു കയറിയവരല്ലേ നമ്മൾ. കൊന്നുമുടിക്കരുത് വെട്ടിനശിപ്പിക്കരുത്."[22].

**കുറിപ്പുകൾ**

1. ഷീലാ ടോമി,വല്ലി,പുറം 49
2. അതേ പുസ്തകം, പുറം 20
3. അതേ പുസ്തകം, പുറം 20
4. അതേ പുസ്തകം, പുറം 284
5. അതേ പുസ്തകം, പുറം 19
6. അതേ പുസ്തകം, പുറം 25
7. അതേ പുസ്തകം, പുറം 73
8. അതേ പുസ്തകം, പുറം 42
9. അതേ പുസ്തകം, പുറം 37
10. അതേ പുസ്തകം, പുറം 304
11. അതേ പുസ്തകം, പുറം 299

12. അതേ പുസ്തകം, പുറം 299

13. അതേ പുസ്തകം, പുറം 303

14. അതേ പുസ്തകം, പുറം 347

15. അതേ പുസ്തകം, പുറം 316

16. അതേ പുസ്തകം, പുറം 348

17. അതേ പുസ്തകം, പുറം 349,350

18. അതേ പുസ്തകം, പുറം 350

19. അതേ പുസ്തകം, പുറം 303

20. അതേ പുസ്തകം, പുറം 145

21. അതേ പുസ്തകം, പുറം 183

22. അതേ പുസ്തകം, പുറം 226

**ഗ്രന്ഥസൂചി**

1. ഷിലാ ടോമി, വല്ലി, ഡിസി ബുക്സ്, കോട്ടയം, 2023

# അതിജീവനം ബെന്യാമിന്റെ നോവലുകളിൽ

**ഡോ. രേഖ.എസ്.**
അസിസ്റ്റന്റ് പ്രൊഫസർ
ശ്രീനാരായണ വനിതാ കോളേജ്, കൊല്ലം

**പ്രബന്ധസംഗ്രഹം**

മുന്നോട്ട് ധൈര്യത്തോടെ പോകാനുള്ള പ്രവർത്തനമെന്നും അതിജീവനത്തെ വിശേഷിപ്പിക്കാം. മനുഷ്യരടക്കമുള്ള എല്ലാ ജീവജാലങ്ങളും അതിജീവനപ്രവർത്തനങ്ങൾ നടത്തുന്നവരാണ്. ജീവജാലങ്ങൾ മുഴുവൻ അതിജീവിക്കാനുള്ള സംരക്ഷണ സഹജാവബോധമുള്ളവരാണ്. മനുഷ്യനെ സംബന്ധിച്ചിടത്തോളം കഠിനമായ ജീവിത സന്ദർഭങ്ങൾ എങ്ങനെ നേരിടുന്നുവെന്നതാണ് അതിജീവനംകൊണ്ട് അർത്ഥമാക്കുന്നത്. യുദ്ധത്തിൽ അകപ്പെടുക, ഭക്ഷണമോ വെള്ളമോ ഇല്ലാതെ വഴിതെറ്റുക, ആക്രമിക്കപ്പെടുക, പ്രകൃതിദുരന്തത്തിൽ അകപ്പെടുക എന്നീ സാഹചര്യങ്ങളിലെ അതിജീവനമാണ് സാഹിത്യത്തിലെ മുഖ്യപ്രമേയം. ശാരീരികവും മാനസികവുമായ അതിജീവന സംഭവങ്ങളും പ്രമേയമായി വരുന്നുണ്ട് ഇതു പ്രധാനമായും നായകൻ/ നായിക എന്നിവരുടെ ജീവിതത്തെ കേന്ദ്രീകരിച്ചാണ് മുന്നേറുന്നത്. ഇത്തരത്തിലുള്ള വിഷയം കൈകാര്യം ചെയ്യുന്ന ബെന്യാമിന്റെ രണ്ടു നോവലുകളാണ് ആടുജീവിതവും മുല്ലപ്പൂനിറമുള്ള പകലുകളും. പ്രവാസം രണ്ടു വ്യക്തികൾക്കു നൽകുന്ന അതിജീവനമാണ് ഈ രണ്ടു നോവലുകളിലെയും ഇതിവൃത്തം. മരുഭൂമിയിൽ നജീബ് എന്ന വ്യക്തി അനുഭവിക്കുന്ന ഒറ്റപ്പെടലിന്റെയും ചൂഷണത്തിന്റെയും സ്വാതന്ത്ര്യത്തിനായുള്ള ആഗ്രഹത്തിന്റെയും അനുഭവങ്ങളാണ് ആടുജീവിതത്തിൽ ചിത്രീകരിക്കുന്നത്. ലോകമെമ്പാടുമുള്ള കുടിയേറ്റ തൊഴിലാളികളും കുടിയേറ്റക്കാരും മുല്ലപ്പൂ വിപ്ലവത്തിന്റെ ഫലമായി അനുഭവിച്ച സാമൂഹിക/ സാമ്പത്തിക അസമത്വങ്ങളാണ് സമീറ എന്ന പെൺകുട്ടിയുടെ ജീവിതത്തിലൂടെ മുലപ്പൂനിറമുള്ള പകലുകളിൽ ആവിഷ്കരിക്കുന്നത്.

**താക്കോൽ വാക്കുകൾ**

അതിജീവന സാഹിത്യസൃഷ്ടികൾ, മതാധിപത്യം, ഏകാന്തവാസം, മസറ, അറബ് വസന്തം, മുലപ്പൂ വിപ്ലവം, ഓറഞ്ച് റേഡിയോ, ഷിയാ-സുന്നി വിഭാഗങ്ങൾ, കഴുതവണ്ടി, മജസ്റ്റി, തായ്ഘർ

**ആമുഖം**

ആരോഗ്യത്തിന് ഗുരുതരമായ കേടുപാടുകൾ വരുത്താതെ വളരെ പ്രയാസകരമായ സാഹചര്യത്തെ അതിജീവിക്കുക എന്നതാണ് അതി ജീവനവാദത്തിന്റെ പൊരുൾ. അതിജീവനം എന്ന ആശയം രൂപവത്ക രിച്ചത് അമേരിക്കൻ പണ്ഡിതനും എഴുത്തുകാരനുമായ ജെറാൾഡ് വിസെനറിനാണ്. അങ്ങേയറ്റം ജീവൻ അപകടപ്പെടുന്ന അവസ്ഥയിലുള്ള ഒരു വ്യക്തിയ്ക്കു പലപ്പോഴും മാനസികസ്ഥിരത നഷ്ടപ്പെടുകയും പരിഭ്രാന്തരാകുകയും ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയാതെ വരുകയും ചെയ്യുന്നു. അസാധാരണവും പ്രയാസകരവുമായ ഇത്തരം സാഹചര്യ ത്തിൽ ജീവിതത്തെ അവർ എങ്ങനെ നേരിട്ടുവെന്നതാണ് അതിജീവന സാഹിത്യത്തിൽ ചർച്ച ചെയ്യുന്നത്.

അതിജീവന സാഹിത്യസൃഷ്ടികൾ ലോകസാഹിത്യത്തിൽ തന്നെ എല്ലാക്കാലത്തേയ്ക്കും ക്ലാസിക്കുകളാണ്. മനുഷ്യന്റെ ഇച്ഛാശക്തിയാണ് എല്ലാ ദുരന്തങ്ങളിൽ നിന്നും മനുഷ്യനെ കരകയറ്റുന്നത്. 'കിഴവനും കടലും' എന്ന കൃതിയിലെ നായകൻ പറയുന്ന അതിജീവനവാക്യമുണ്ട് 'നിങ്ങൾക്കെന്നെ നശിപ്പിക്കാനാകും എന്നാൽ എന്നെ തോൽപ്പി ക്കാനാവില്ല...' - ഇതു തന്നെയാണ് ആടുജീവിതത്തിലെ നജീബിന്റെയും മുല്ലപ്പൂനിറമുള്ള പകലുകലിലെ സമീറയുടെയും ജീവിതവാക്യം. ആടുജീവിതത്തിലെ നജീബിന് മരുഭൂമിയിലെ ജീവിതകാലം കൊടിയ മർദ്ദനങ്ങളുടെയും അപമാനിക്കപ്പെടലിന്റെയും നാളുകളാണ്. എന്നാൽ അയാൾ അവിടെ പരാജയപ്പെട്ടു കൊടുക്കുന്നില്ല. ആ നിശ്ചയദാർഢ്യമാണ് മരുഭൂമിയിൽനിന്നും രക്ഷപ്പെടാൻ നജീബിനെ സഹായിക്കുന്നത്. അങ്ങനെ ആടുജീവിതം മനുഷ്യവിജയത്തിന്റെ കഥയായിത്തീരുന്നു. അച്ഛനോടൊപ്പം സ്വസ്ഥമായി കഴിയുവാൻ ആർ.ജെ.യുടെ ജോലി സ്വീകരിച്ച് സമീറപർവീൺ മനാമയിലെത്തുന്നു. അലി എന്ന യുവാവിനെ പരിചയപ്പെട്ട് യാദൃശ്ചികമായി ജനമുന്നേറ്റത്തിന്റെ ഭാഗമായി മാറുന്നു. വിപ്ലവത്തിന്റെ ദുരന്തഫലങ്ങൾ അവളുടെ ജീവത്തെയും ബാധിക്കുന്നുണ്ട്. എന്നാൽ മനഃധൈര്യംകൊണ്ട് അതിനെ തരണം ചെയ്യുന്നതാണ് 'മുല്ലപ്പൂ നിറമുള്ള പകലുകൾ' എന്നതിലെ ഇതിവൃത്തം. വിപ്ലവത്തിന്റെ

വിവിധതലങ്ങൾ, ഏകാധിപത്യവും മതാധിപത്യവും മൂലം സാധാരണ ജനങ്ങളുടെ നിലനിൽപ്പിനായുള്ള പോരാട്ടങ്ങൾ സമീറയുടെ കണ്ണിലൂടെ ഈ നോവലിൽ വിശകലനം ചെയ്യുന്നു.

**വിഷയാവതരണം**

കാലാതീതമായി നിലനില്ക്കുന്ന ബെന്യാമിന്റെ അതിജീവന നോവലാണ് ആടുജീവിതം. ആലപ്പുഴ ജില്ലയിലെ കാർത്തികപ്പള്ളി താലൂക്കിൽ ആറാട്ടുപുഴ പഞ്ചായത്തിൽ 1962 മെയ് 15 ന് ജനിച്ച നജീബ് എന്ന വ്യക്തിയുടെ ജീവിതത്തെ ആസ്പദമാക്കി ബെന്യാമിൻ രചിച്ചതാണ് ആടുജീവിതം. 'നാം അനുഭവിക്കാത്ത ജീവിതങ്ങളെല്ലാം നമുക്ക് കെട്ടുകഥകൾ മാത്രമാണ്'-എന്ന മുഖവുരയോടെയാണ് ആടുജീവിത ത്തിലെ അതിജീവനകഥ ആരംഭിക്കുന്നത്. നമ്മൾ അനുഭവിക്കാത്ത മറ്റുള്ളവരുടെ വേദനയാണിത്. ആടുജീവിതമെന്ന നോവൽ വായിച്ചു കഴിയുമ്പോൾ നമ്മുക്ക് മനസില്ലാകുന്ന യാഥാർത്ഥ്യവും അതുതന്നെ യാണ്. ഈ കഥ ഒരു മനുഷ്യൻ അനുഭവിച്ചു തീർത്തതാണെന്നു മനസ്സിലാക്കുമ്പോഴാണ് നാം എത്രത്തോളം ഭാഗ്യവാന്മാരാണെന്ന് മനസ്സിലാകുന്നത്. നാട്ടിൽനിന്നും കൊണ്ടുവന്ന മാങ്ങാ അച്ചാർ ഓരോ ദിവസവും കഴിക്കുന്നത്, വെള്ളത്തിൽ തല കുനിച്ച് ആടുകളെപ്പോലെ വെള്ളം കുടിക്കുന്നത്, കൂട്ടം തെറ്റിയ ആടുകളെ ഒരുമിപ്പിക്കാൻ പ്രയാസപ്പെടുന്ന നജീബിനെ സഹാനുഭൂതിയോടെ നോക്കുന്ന കുഞ്ഞാട് - എന്നിങ്ങനെ ഓരോ ദിവസവും ഒരു മനുഷ്യൻ മരുഭൂമിയിൽ നടത്തിയ ദുരന്തജീവിതം വായനക്കാരെ ഒരേ സമയം മുൾമുനയിലും പ്രതീക്ഷയിലു മെത്തിക്കുന്നതാണ്.

ആടുജീവിതം മരുഭൂമിയിൽ ഏകാന്തവാസം നടത്താൻ വിധിക്കപ്പെട്ട ഒരാളുടെ ജീവിതമാണ്. ഈ ദുരന്തജീവിതം അയാൾ സ്വയം തിരഞ്ഞെടുത്തതല്ല. മറിച്ച്, സാഹചര്യങ്ങളിലൂടെ ചെന്നെത്തപ്പെട്ടതാണ്. വടക്കൻ കേരളത്തിലെ ഒരു കൊച്ചുഗ്രാമത്തിൽ മണൽവാരി തൊഴിലാളി യായി ജീവിക്കുന്ന നജീബ് എന്ന സാധാരണ പട്ടിണിക്കാരൻ ഉമ്മയെയും സൈനുവെന്ന ഭാര്യയെയും ഉപേക്ഷിച്ച് ഒരുപാട് സ്വപ്നങ്ങളുമായിട്ടാണ് ഗൾഫിൽ എത്തിച്ചേരുന്നത്. അവിടെയെത്തുന്ന എല്ലാ യുവാക്കളെയും പോലെ സാമ്പത്തികഭദ്രതയാണ് നജീബ് സ്വപ്നം കണ്ടത്. കരുവാറ്റ ക്കാരൻ സുഹൃത്ത് നൽകിയ വിസയിൽ നജീബ് അങ്ങനെ സൗദി അറേബ്യയിലെത്തിച്ചേരുന്നു. അയൽനാട്ടുകാരനായ ഹക്കീമെന്നൊരു പയ്യനും നജീബിന്റെ കൂടെ കൂടുന്നുണ്ട്. മുംബൈ വഴി അവിടെ രണ്ടാഴ്ച താമസിച്ചിട്ട് അയാൾ റിയാദ് എയർപോർട്ടിൽ വിമാനമിറങ്ങുന്നു. അവിടെ

സ്പോൺസർ കാത്തു നിൽക്കുമെന്നായിരുന്നു അവരെ അറിയിച്ചത്. എന്നാൽ കൂടെ വിമാനമിറങ്ങിയവരെല്ലാം പോയിക്കഴിഞ്ഞിട്ടും നജീബിനെയും ഹക്കീമിനെയും കൊണ്ടുപോകാൻ ആരും എത്തുന്നില്ല. മറ്റാരെയോ തിരക്കി പിക്ക് അപ്പ് വാനിൽ വന്ന അറബിയെ അവരുടെ യജമാനനാണെന്ന് ധരിച്ച് പിക്ക് അപ്പ് വാനിൽ കയറിപ്പോകുന്നു. യാത്രയിലുടനീളം നജീബിന്റെ മനസ്സിൽ വേവലാതി രൂപംകൊള്ളുന്നുണ്ടായിരുന്നു. എന്നാലത് പുറത്തു കാട്ടിയില്ല. മരുഭൂമിയിലെ രണ്ടു മസറകളിലേയ്ക്കാണ് അവരെ കൊണ്ടുപോയത്. നജീബിന്റെയും ഹക്കീമിന്റെയും മൂന്നുവർഷവും നാലുമാസവും ഒൻപതു ദിവസവും നീളുന്ന ഏകാന്തവാസത്തിന്റെ തുടക്കമായിരുന്നു അത്. അന്നുമുതൽ അതിജീവനത്തിനായി അയാൾ പോരാടുകയായിരുന്നു. മരുഭൂമിയിലെ മസറയിലെ മനുഷ്യർക്കും  നൂറുകണക്കിന് ആടുകൾക്കുമിടയിൽ അതിജീവനം മാത്രമായിരുന്നു നജീബിന്റെ സ്വപ്നം.

നോവലിന്റെ മധ്യഭാഗത്തോടുകൂടി മുടിയും വളർന്നു  താടിയും ജടയുമായി നാറുന്ന വസ്ത്രങ്ങളും ശോഷിച്ച ശരീരവുമായുള്ള നജീബിന്റെ ജീവിതമാണ്. കുളിക്കുവാനും ശൗചിത്യത്തിനുപോലും വെള്ളമില്ല. വെള്ളത്തെക്കുറിച്ചോർത്താൽ ചാട്ടയുടെ അടി ഓർമ്മവരും. പകലന്തിയോളം മരുഭൂമിയിൽ ആടിനെ മേയ്ക്കുക, രാത്രി വെറും മണലിൽ വിശ്രമം ഇങ്ങനെ ജനിച്ചുവളർന്ന മണ്ണിൽനിന്നുമകന്ന് മനുഷ്യജീവിയെ കാണാതെ മരുഭൂമിയിലെ തടവുജീവിതം അയാളെ മാനസിക വിഭ്രാന്തിയിലെത്തിക്കുന്നു. ആടിനെ മേയ്ക്കാനുള്ള വടിയുടെ നിഴലിൽ പോലും തണൽ കണ്ടെത്താൻ അയാൾ ആഗ്രഹിച്ചിരുന്നു. ഈ അനുഭവങ്ങൾ വായനക്കാരിലും അയാളുടെ അതിജീവനം സ്വപ്നം കാണിക്കുന്നു. ആവശ്യമുള്ള വാക്കുകളെ പുറത്തുവിടുക എന്നതാണ് ഓരോ മനുഷ്യന്റെയും ആവശ്യം. ആ മരുഭൂമിയിൽ ഒന്നു സംസാരിക്കുവാൻ ഒരു കൂട്ടിനായി അയാൾ കൊതിച്ചിരുന്നു. ‘ഏതു യാതനയും നമുക്ക് സഹിക്കാം പങ്കുവയ്ക്കാൻ ഒരാൾ നമുക്കൊപ്പമുണ്ടെങ്കിൽ...’ എന്ന് നജീബ് ഈകാര്യം വ്യക്തമാക്കുന്നുണ്ട്. ഹക്കീമിന് സംസാരിക്കാനും കൂട്ടുകൂടാനും ഒരാളെ കിട്ടിയത് അസൂയയോടെയാണ് നോക്കിക്കാണുന്നത്. അവിടം മുതലാണ് അയാളുടെ അതിജീവനം തുടങ്ങുന്നത്. മനുഷ്യർക്ക്  പകരം ആടുകൾ അയാളുടെ കൂട്ടുകാരനായി മാറുന്നു. ഓരോ ആടിനും നജീബ് ഓരോ മനുഷ്യരുടെ പേരിട്ടു വിളിച്ചു. അവരോട് തന്റെ കഥകൾ പറഞ്ഞും ആശ്വാസംകൊണ്ടു. ആട്ടിടയനാകാൻ കൊതിച്ച് യഥാർത്ഥ  ജീവിതത്തിൽ അതു സാഫല്യമടഞ്ഞപ്പോൾ അയാൾ ശൂന്യതയിലെത്തിച്ചേർന്നു .

മരുഭൂമിയിൽ കഴിയുമ്പോഴും എങ്ങോട്ടെങ്കിലും ഓടിരക്ഷ പെടണമെന്നുള്ള ചിന്ത നജീബിൽ വരുന്നുണ്ട്. എന്നാൽ എങ്ങോട്ടേയ്ക്ക് എന്ന ചിന്ത അയാളെ കൂടുതൽ അസ്വസ്ഥനാക്കുന്നു. പലപ്പോഴും തന്റെ സ്വപ്നങ്ങളെയും യാഥാർത്ഥ്യങ്ങളെയും കൂട്ടിയിണക്കി ജീവിതത്തെ പരിഹാസപൂർവ്വം വിമർശിക്കാനും ആശ്വാസംകൊള്ളുവാനും അയാൾ ശ്രമിക്കുന്നുണ്ട്. നജീബിന് രക്ഷപെടാൻ വീണുകിട്ടിയ ഒരേ ഒരു അവസരമായിരുന്നു മരുഭൂമിയിലെ മഴ. യജമാനനായ അർബാസിനെ വെടിവെച്ചുകൊല്ലാൻ ലഭിച്ച അവസരം പോലും ദൈന്യതകൾക്കി ടയിലും മനുഷ്യത്വത്തിന്റെ പേരിൽ അയാൾ ഉപേക്ഷിക്കുന്നു. വേദനയും ദാരിദ്ര്യ വുമെല്ലാം അയാളിലെ അവസാനത്തെ ശക്തിയെ തകർക്കുമ്പോഴും രക്ഷപെടാനുള്ള മാർഗ്ഗം കണ്ടെത്താൻ ശ്രമിക്കുന്നുണ്ടായിരുന്നു. മരുഭൂമിയിലെ ആടുകളിലും ഒട്ടകങ്ങളിലും മഴയിൽ പൊട്ടിമുളച്ച് ചെറിയ ചെടികളിലും പറവകളിലുമെല്ലാം അയാൾ ആശ്വാസത്തിന്റെയും സന്തോഷത്തിന്റെയും കിരണങ്ങൾ കണ്ടെത്തുന്നു. 'നജീബേ മരുഭൂമിയുടെ ദത്തുപുത്രാ... ഞങ്ങളെപ്പോലെ നീയും നിന്റെ ജീവനെ അടക്കിപ്പിടിച്ച് ഈ മരുഭൂമിയോട് മല്ലിടുക. തീക്കാറ്റും വെയിൽനാളവും നിന്നെ കടന്നുപോകും. നീ അവയ്ക്കു മുന്നിൽ കീഴടങ്ങരുത്. അത് നിന്റെ ജീവനെ ചോദിക്കും വിട്ടുകൊടുക്കരുത്...' എന്നിങ്ങനെ തലേദിവസത്തെ മഴയിൽ കുരുത്ത പുൽനാമ്പുകൾ നജീബിനോടു മന്ത്രിക്കുന്നതായി അയാൾക്ക് തോന്നുന്നുണ്ട്. നോവലിന്റെ ഹൃദയം തന്നെയാണീ ഭാഗം. നജീബിന്റെ മനസ്സിലെ പ്രതീക്ഷയുടെ വസന്തകാലം ഇതിലേറെ ഭംഗിയായി പറയാൻ സാധിക്കില്ല. അവസാനം നജീബും ഹക്കീമും ഇബ്രാഹിം ഖാദിരിയും ചേർന്ന് ആ മസറയിൽ നിന്നും രക്ഷപ്പെടുന്നു. മരുഭൂമി താണ്ടിയെത്തിയ നജീബിന്റെ മുമ്പിൽ ദൈവദൂതനെപ്പോലെ ഒരു അറബിയും കുറച്ചു മലയാളികളും പ്രത്യക്ഷപ്പെടുന്നു. തുടർന്നു നാട്ടിലേയ്ക്കുള്ള പ്രയാണമാണ്.

നജീബ് എന്നത് ബെന്യാമിൻ സൃഷ്ടിച്ച സാങ്കൽപിക കഥാപാത്ര മല്ല. മറിച്ച് ആ ജീവിതവും അനുഭവങ്ങളും പരമമായ യാഥാർത്ഥ്യമാണ്. തീവ്രമായ ചർച്ചകളിലൂടെയും പങ്കുവയ്ക്കലുകളിലൂടെയും ബെന്യാമിൻ സൃഷ്ടിച്ചെടുത്ത ഈ ലോകം നമുക്കിടയിലുള്ള ഒരു സഹോദരന്റെ ജീവിതം തന്നെയാകുന്നു. മൂന്നു വർഷത്തോളം അർബാസിന്റെ ക്രൂരത നിറഞ്ഞ മുഖമല്ലാതെ മറ്റൊരു മനുഷ്യജീവിയെയും നജീബ് കണ്ടിട്ടില്ല. മതിയാവോളം ഭക്ഷണം കഴിക്കാനോ, മനസ്സറിഞ്ഞ് ചിരിക്കാനോ അയാൾക്ക് സാധിച്ചിട്ടില്ല. എന്നിട്ടും അയാൾ ജീവിച്ചു. തളർന്നു വീഴുമ്പോഴും എണീക്കാൻ ശ്രമിച്ചു. ഒടുവിൽ ആ ദുരന്ത പ്രവാസജീവിതം

അതിജീവിച്ച് നാട്ടിലെത്തി കുടുംബത്തോട് ചേരുന്നു. നജീബ് എന്ന വ്യക്തിയിൽ നിന്നും നമുക്ക് കിട്ടുന്നത് ജീവിതത്തിലെ പ്രതിസന്ധികളെ തരണം ചെയ്യുവാനുള്ള ഊർജ്ജ മാണ്. ചെറിയ കാര്യങ്ങളിൽ തളരുമ്പോൾ അയാളുടെ ജീവിതം ഓർക്കുക. മനുഷ്യന്റെ സഹനശക്തി എത്രത്തോളമായിരുന്നുവെന്ന് നമുക്ക് ബോധ്യമാകും.

സ്വാതന്ത്ര്യം അപഹരിക്കപ്പെട്ട ഒരു ജനതയുടെ ആവിഷ്കാര മായിരുന്നു അറബ് വസന്തം. ഇതിന്റെയിടയിൽ നിസ്സഹായായിപ്പെട്ടുപോയ സമീറയുടെ അതിജീവനമാണ് മുല്ലപ്പൂനിറമുള്ള പകലുകൾ എന്ന നോവൽ. 2010 കളുടെ ആരംഭകാലം അറബ് ലോകത്തിന്റെ ഭൂരിഭാഗവും വർദ്ധിച്ച സർക്കാർ വിരുദ്ധ പ്രതിഷേധങ്ങളുടെയും പ്രക്ഷോഭങ്ങളുടെയും സായുധ കലാപങ്ങളുടെയും പരമ്പരകളായിരുന്നു. ഇതിനെ പൊതുവിൽ വിളിച്ചിരുന്ന പേരായിരുന്നു മുല്ലപ്പൂവിപ്ലവം. മനുഷ്യാവകാശ ലംഘനം, രാഷ്ട്രീയ അഴിമതി, ജനസംഖ്യാപരമായ നിരവധി ഘടകങ്ങൾ, വിദ്യാസമ്പന്നരായ വർഗ്ഗത്തിന്റെ പ്രശ്നങ്ങൾ തുടങ്ങിയവയാണ് മുല്ലപ്പൂവിപ്ലവത്തിലേയ്ക്കു നയിച്ചത്. അറബ് പ്രക്ഷോഭം ശക്തമായിരുന്ന കാലത്ത് നഗരത്തിലെ ഓറഞ്ച് റേഡിയോയിൽ ആർ.ജെ.യായി ജോലി ചെയ്തിരുന്ന സമീറ പർവീൺ എന്ന പാകിസ്ഥാനി പെൺകുട്ടി രചിച്ച 'എ സ്പ്രിങ് വിത്ത് ഔട്ട് സ്മൈൽ' എന്ന പുസ്തകം മുല്ലപ്പൂവിപ്ലവത്തിന്റെ ദുരന്തമുഖത്തെയും അവളുടെ അതിജീവനത്തെയും വെളിപ്പെടു ത്തുന്നതാണ്.

ബെന്യാമിന്റെ മറ്റൊരു നോവലായ അൽ അറേബ്യൻ നോവൽ ഫാക്ടറി മുല്ലപ്പൂനിറമുള്ള പകലുകളുമായി വളരെയധികം ബന്ധപ്പെട്ടി രിക്കുന്നു. അൽ അറേബ്യൻ ഫാക്ടറികളിൽ പറയുന്ന നിരോധിക്കപ്പെട്ട നോവലാണ് മുല്ലപ്പൂനിറമുള്ള പകലുകൾ. ഒരു വിദേശ നോവലിസ്റ്റിന് നോവൽ എഴുതാനുള്ള വിവരശേഖരണത്തിനായി കനേഡിയൻ പൗരത്വമുള്ള ഇന്ത്യൻ പത്രപ്രവർത്തകനായ പ്രതാപ് അറബ് തുറമുഖ നഗരത്തിൽ എത്തിച്ചേരുന്നു. അവിടെ തന്റെ സഹപ്രവർത്തകയുടെ മുറിയിൽ നിന്നും 'എ സ്പ്രിങ് വിത്തൗട്ട് സ്മൈൽ' എന്നൊരു പുസ്തകം ലഭിക്കുന്നു. ആ പുസ്തകം പൂർണമായി വായിക്കുവാനോ അതെഴുതിയ സമീറയ്ക്കു എന്തു സംഭവിച്ചെന്നു അറിയുവാനോ പ്രതാപിന് സാധിക്കുന്നില്ല. സമീറ പർവീണിന് എന്തു സംഭവിച്ചെന്നുള്ള അയാളുടെ അന്വേഷണമാണ് മുല്ലപ്പൂനിറമുള്ള പകലുകൾ എന്ന നോവൽ. മുല്ലപ്പൂവിപ്ലവത്തിലെ ആയിരക്കണക്കിന് ഇരകളിൽ ഒരാളാണവൾ. വിപ്ലവമെന്ന ദുരിതക്കയങ്ങളിലേയ്ക്കു സമീറപോലുമറിയാതെ ചെന്നു

വീഴുന്നു. ആ അവസരങ്ങളിലെല്ലാം അവളുടേതായ ശരികളുടെയും സത്യങ്ങളുടെയും പ്രതിരോധലോകം കണ്ടെത്തുന്ന ധീരയായ പെൺകുട്ടിയാണവൾ.

പാകിസ്ഥാനിൽനിന്നും റേഡിയോ ജോക്കിയായി ജോലി ലഭിച്ച് ബാബയും കുടുംബവും താമിക്കുന്ന തായ്ഘറിലേയ്ക്കു എത്തിച്ചേരുന്ന സമീറയ്ക്കു അതികഠിനമായ ജീവിതാവസ്ഥകളാണ് നേരിടേണ്ടിവന്നത്. സമീറയുടെ ബാബ ഉയർന്ന പോലീസുദ്യോഗസ്ഥനായി ജോലി നോക്കുന്നു. ഗിറ്റാർ വായനയിൽ തൽപരയായ സമീറ റേഡിയോ സ്റ്റേഷനിലെ അലി എന്ന യുവാവിനെ പരിചയപ്പെടുന്നതു മുതലാണ് സുപ്രധാനമായ പല സംഭവങ്ങളും അരങ്ങേറുന്നത്. തായ്ഘറിൽ അലിയുമായുള്ള സൗഹൃദം വിലക്കപ്പെടുന്നു. അവൻ ഷിയാ വംശജനാണ് എന്നതാണ് അവർ കണ്ടെത്തിയ ന്യായം. ആ നാട്ടിൽ സുന്നി, ഷിയാ എന്നിങ്ങനെ രണ്ടു വിഭാഗക്കാർ ഉണ്ടായിരുന്നു. ഷിയാ വർഗ്ഗത്തെ സമൂഹത്തിലെ രണ്ടാംതരക്കാരായി അവഗണിച്ചിരുന്നു. ഇതിന് കാരണം ഭരണാധികാരികളാണെന്നും അവരുടെ നാശത്തിലൂടെ മാത്രമെ അർഹമായ സ്വാതന്ത്ര്യം ലഭിക്കുകയുള്ളൂവെന്നും ഷിയാവംശങ്ങൾ വിശ്വസിച്ചിരുന്നു. ആയിടയ്ക്കാണ് അവിടെ സുപ്രധാനമായ മറ്റൊരു സംഭവം അരങ്ങേറിയത്. മജസ്റ്റി എന്ന വാക്ക് ബഹുമാന പുരസ്കരം ഉപയോഗിക്കാത്തതിന്റെ പേരിൽ കഴുതവണ്ടിയിൽ പച്ചക്കറി വിറ്റു നടന്ന രണ്ടു ചെറുപ്പക്കാരെ പോലീസുകാർ കഠിനമായി മർദ്ദിച്ചു. ഇതിൽ ഒരു പയ്യന്റെ ആത്മഹത്യ യൂട്യൂബിൽ പകർത്തി പ്രദർശിപ്പിച്ചത് ജനങ്ങളെ പ്രക്ഷോഭത്തിലേയ്ക്കു വഴിതെളിച്ചു. ഈ സമരം അവരുടെ നാട്ടിൽ മാറ്റം കൊണ്ടുവരുമെന്ന് അലിയടക്കമുള്ള ഷിയാ വിഭാഗക്കാർ വിശ്വസിച്ചു.

ആദ്യമാദ്യം സ്വാതന്ത്ര്യത്തിന് വേണ്ടി നടന്ന പ്രക്ഷോഭം പിന്നീട് അക്രമാസക്തതയിലേയ്ക്കു പരിണമിച്ചു. തെരുവുകൾ വൃത്തിയാക്കുന്ന സമരത്തിന് പെട്ടെന്ന് തെരുവുകളെ നശിപ്പിക്കുന്ന മുഖം കൈവന്നു. ലോകത്തിലെ എല്ലാ കലാപവും കൂടുതൽ മുറിപ്പെടുത്തുന്നത് പെണ്ണിനെ യാണെന്നപോലെ സമീറയുടെ ജീവിതത്തെ അതു താറുമാറാക്കി. പുറത്തിറങ്ങുന്ന സമയത്തെല്ലാം ഷിയാ വിഭാഗക്കാരുടെ കൂർപ്പിച്ച നോട്ടത്തിന് അവൾ ഇരയായി. ചിലർ അസഭ്യവാക്കുകൾ ഉപയോഗി ക്കുകയും ചെയ്തു. സമരം വംശീയപ്രശ്നമായി മാറിയപ്പോഴേയ്ക്കും ഇതര വിഭാഗക്കാർക്കും നാട്ടുകാർക്കും അവിടെ നിൽക്കക്കള്ളിയി ല്ലാതെയായി. ഈ സന്ദർഭത്തിലും ഒരു ജനതയുടെ മോചനത്തിനുവേണ്ടി യാണ് അവൾ പ്രാർത്ഥിച്ചത്. മാർക്കറ്റിൽ പോയി സാധനം വാങ്ങി മടങ്ങി

വരുമ്പോൾ രക്തത്തിൽ കുളിച്ച് റോഡിൽ മുറിവേറ്റു കിടന്ന വ്യക്തിയെ സമീറ ആശുപത്രിയിൽ എത്തിച്ചെങ്കിലും സുന്നിവിഭാഗക്കാരനെന്ന പേരിൽ അയാളെ ശുശ്രൂഷിക്കാൻ ഡോക്ടർമാർ വരെ വിമുഖത കാട്ടുന്ന രീതിയിൽ ആ നാട്ടിലെ വർഗ്ഗസമരം മാറിക്കഴിഞ്ഞു. 'നിന്നെയൊക്കെ നോക്കാൻ പോലും എനിക്ക് മനസ്സില്ല. നീ കൊണ്ടുവന്ന പന്നിയോട് നിനക്കത്ര സ്നേഹമാണെങ്കിൽ നീ അവനെയും കൊണ്ട് അയാളുടെ ആശുപത്രിയിലേയ്ക്ക് ചെല്ല്...' എന്നിങ്ങനെ ധാർഷ്ഠ്യത്തോടെ പെരുമാറുന്ന ഡോക്ടർമാരെയും നഴ്സുമാരെയുമാണ് അവിടെ കാണാൻ സാധിച്ചത്. ഒരു രാജ്യത്തിന്റെ മെഡിക്കൽ കോളേജ് അവിടെ ചികിത്സ തേടിയെത്തുന്നവരെ നിങ്ങളുടെ ആൾ, ഞങ്ങളുടെ ആൾ എന്നിങ്ങനെ വേർതിരിക്കുന്ന അവസ്ഥയെ അവൾ ചോദ്യം ചെയ്യുന്നുണ്ട്. അരാജകത്വത്തിൽ മുങ്ങിത്താണ ആ രാജ്യത്തിന്റെ പ്രതികരിക്കാനുള്ള ശ്രമങ്ങളും നിഷ്ഫലമാണെന്ന് സമീറ മനസ്സിലാക്കുന്നുണ്ട്. അവൾ ജോലി ചെയ്യുന്ന ഓറഞ്ച് റേഡിയോയിൽ സമരസംബന്ധമായ വാർത്തകൾ പ്രക്ഷേപണം ചെയ്യാൻ മാനേജരോട് ആവശ്യപ്പെട്ടപ്പോൾ താൻ കഷ്ടപ്പെട്ടുണ്ടാക്കിയ സ്ഥാപനം ഒരു ദിവസം കൊണ്ട് മജസ്റ്റിയുടെ കോപത്തിനിരയാക്കാൻ ആഗ്രഹിക്കുന്നില്ലായെന്നു പറഞ്ഞ് അവളെ മടക്കിയയക്കുകയാണ് ചെയ്യുന്നത്. അന്ന് അവൾക്ക് തന്നോടുതന്നെ പുച്ഛം തോന്നുന്നു. മതചിഹ്നങ്ങൾ ഉപയോഗിക്കാത്ത മതപുരോഹിതന്മാരുടെയോ ഇമാമുമാരുടെയോ ഫോട്ടോകൾ വയ്ക്കാത്ത അവരുടെ പേരിൽ മുദ്രാവാക്യം വിളിക്കാത്ത ദേശീയപതാകകളും സമാധാന പതാകകളും ചിഹ്നങ്ങളായി സ്വീകരിച്ച ഒരു സമരത്തെയായിരുന്നു സമീറ അനുകൂലിച്ചത്. ഭരണത്തിനെതിരായ സമരം വർഗ്ഗത്തിനെതിരായി തിരിഞ്ഞപ്പോൾ അതിന്റെ തീഷ്ണതകൾ മുഴുവൻ അനുഭവിച്ചത് അവളായിരുന്നു. ഓറഞ്ച് റേഡിയോസ്റ്റേഷൻ വിപ്ലവകാരികൾ ആക്രമിക്കാൻ ശ്രമിക്കുന്നുണ്ട്. വിദേശിയായ സമീറ പിടിക്കപ്പെടുമെന്ന അവസ്ഥയിൽ സഹപ്രവർത്തകരുടെ സംരക്ഷണകവചം ജീവിതത്തിന്റെ പ്രതിസന്ധി ഘട്ടത്തിൽ അതിർത്തികളും ഭിന്നതകളും വിദ്വേഷങ്ങളും ഇല്ലാതാകുമെന്ന് സ്വപ്നം കാണാൻ അവളെ പ്രേരിപ്പിക്കുന്നു.

വേട്ടക്കാരുടെയും ഇരകളുടെയും മുദ്രാവാക്യം ഒന്നായിത്തീരുന്ന അവസ്ഥയിൽ വീടിനു വെളിയിലേയ്ക്കു ഇറങ്ങാൻ സാധിക്കാതെ അടച്ചിട്ട മുറിയിൽ സമീറയ്ക്കു കഴിയേണ്ടി വരുന്നു. ജോലിയ്ക്കു പോകാൻ കഴിയാതെ ഇരിക്കുന്ന അവസ്ഥയിൽ തോറ്റോടിയ സമരക്കാരെയോ അതോ മജസ്റ്റിയുടെ പട്ടാളത്തെയോ പേടിക്കേണ്ടതെന്നു പുച്ഛിക്കുന്നു. സമരക്കാരുടെ കൈകൊണ്ടു ബാബ മരിച്ചപ്പോൾ ബന്ധങ്ങളുടെയും

സൗഹൃദങ്ങളുടെയും പൊള്ളത്തരങ്ങളും നന്മകളും തിരിച്ചറിയാൻ അവൾക്ക് സാധിക്കുന്നുണ്ട്. ബാബയുടെ ശരീരംപോലും ഫൈസലബാദിൽ കബറടക്കാൻ സ്വാർത്ഥതകൊണ്ട് അദ്ദേഹത്തിന്റെ ബന്ധുക്കൾ സമ്മതിക്കുകയുണ്ടായില്ല. ബാബയുടെ മരണത്തിന് നഷ്ടപരിഹാരമായി കിട്ടിയ തുക തായ്ഘറിലുള്ളവർ വീതിച്ചെടുക്കാൻ ശ്രമിക്കുമ്പോൾ അവരുടെ സ്വാർത്ഥ പ്രവൃത്തിയെ സമീറ ചോദ്യം ചെയ്യുന്നുണ്ട്. ഇതിന്റെ പേരിൽ ആ വീട്ടിലുള്ളവർ അവളെ ഒറ്റപ്പെടുത്തുന്നു. 'ഈ കുടുംബത്തിന് എല്ലാവർക്കുമായി തരുന്ന സമ്മാനം' എന്ന് തന്റെ അച്ഛന്റെ മരണത്തിന് വിലയിട്ടപ്പോൾ അവരുടെ പ്രവൃത്തിയെ അവൾ പരിഹസിക്കുന്നു. അന്നു മുതൽ സ്വന്തം കുടുംബം അപരിചിതമായ ഒരാൾക്കൂട്ടമായി മാറുന്നതിനും സമീറ സാക്ഷ്യം വഹിച്ചു. ബാബയുടെ മരണത്തിന് കാരണം തന്റെ സുഹൃത്തായ അലിയാണെന്ന യാഥാർത്ഥ്യം സമീറയെ കൂടുതൽ മാനസിക സംഘർഷത്തിലെത്തിക്കുന്നു. തെരുവുപട്ടിയെപ്പോലെ വണ്ടിയിടിപ്പിച്ച് കൊല്ലുന്ന ബാബയുടെ ചിത്രം അവളെ വേട്ടയാടിക്കൊണ്ടിരുന്നു. ഈ സമയത്താണ് ഒരു വൃദ്ധന്റെ സാമീപ്യം അവൾക്ക് അതിജീവനം നല്കുന്നത്. അലിയെ ന്യായീകരിക്കുകയും അവനുവേണ്ടി വാദിക്കുകയും ചെയ്യുന്ന ആ കിളവനെ ഇനി കാണരുത് എന്ന് തീരുമാനിച്ചെങ്കിലും ബാബയെപ്പോലെ ആശ്വാസം നൽകുന്നു. അയാളെ വീണ്ടും കാണാൻ ശ്രമിക്കുന്നു. ബാബയുടെയും അലിയുടെയും പ്രവർത്തി കളെ കഴുകനോടും മുയലിനോടും ഉപമിച്ച് രണ്ടുപേരുടെയും പ്രവർത്തികളിലെ നന്മതിന്മകൾ അയാൾ അവൾക്ക് മനസ്സിലാക്കിക്കൊടുക്കുന്നു. ആ വാക്കുകൾ അതുവരെ അനുഭവിച്ച വേദനകളിൽ നിന്നും അവളെ കരകയറ്റുന്നതായിരുന്നു. വികാരം കൊണ്ട് ജീവിക്കാതെ ബുദ്ധികൊണ്ട് ജീവിക്കാൻ അയാൾ സമീറയ്ക്കു ഉത്തേജനം നല്കുന്നു.

മജസ്റ്റിയുടെയും കാവൽപോലീസിന്റെയും ഗൂഢലക്ഷ്യങ്ങളും അതിക്രൂരമായ ശിക്ഷാനടപടികളും അടിച്ചമർത്തൽ രീതികളും ഞെട്ടലോടെയാണ് സമീറ നോക്കിക്കാണുന്നത്. ഞാൻ കണ്ടതും അനുഭവിച്ചതും സോഷ്യൽ മീഡിയായിലൂടെ എഴുതിയിടുമ്പോൾ വലിയ അപകടത്തിലേയ്ക്കു പോകുന്നതും സർക്കാരിന്റെ നോട്ടപ്പുള്ളിയാകുന്നതും അവൾ തിരിച്ചറിഞ്ഞിരുന്നില്ല. ഭരണകൂടത്തിന്റെ മുഖ്യ ശത്രുവായി അവരോധിക്കപ്പെട്ട് തായ്ഘറിലുള്ളവരുടെ വെറുപ്പുകൾ അവൾ നേരിടേണ്ടി വരുന്നു. കുടുംബംപോലും ഭരണകൂടത്തെ ഭയന്ന് അവളെ ഒറ്റപ്പെടുത്തുമ്പോൾ നീതിയുടെയും സത്യത്തിന്റെയും കൂടെ നിൽക്കാനാണ് സമീറ ശ്രമിക്കുന്നത്. ബാബയെ കൊന്ന കുറ്റത്തിന് അലിയ്ക്ക് മാപ്പു കൊടുക്കാൻ പോകുന്നുവെന്ന വാർത്ത പ്രചരിപ്പിച്ച് ഒരു

രാജ്യം മുഴുവൻ അവളെ വളഞ്ഞിട്ട് ആക്രമിക്കാൻ ശ്രമിക്കുമ്പോഴും തോറ്റുകൊടുക്കാൻ അവൾ തയ്യാറാകുന്നില്ല. ആ സമയത്തും മനസ് സമീറയെ ഉപദേശിച്ചത് ജീവിതത്തിന്റെ പ്രതിസന്ധി ഘട്ടങ്ങളിൽ അത്യന്തധികമായി ശരിയെന്നു തോന്നുന്നതു ചെയ്യുക എന്നതാണ്. 'നാം ഇപ്പോൾ നില്ക്കുന്നത് ഒരു കിഴുക്കാംതൂക്കിന്റെ മുന്നിലാണെങ്കിലും അതിൽ വീഴാതെ നാം രക്ഷപ്പെടും എന്ന് എനിക്കുറപ്പുണ്ട്. വേദനകൾ മറക്കും നഷ്ടങ്ങൾ ഇല്ലാതെയാകും. ആഹ്ലാദങ്ങൾ മടങ്ങിവരും. ജീവിതം പഴയതുപോലെയാകും.' എന്നായിരുന്നു അവളുടെ അതിജീവനവാക്യം.

'മുല്ലപ്പൂനിറമുള്ള പകലുകൾ' എന്ന നോവലിന്റെ മുഖ്യകഥാതന്തു വെന്നത് സമീറയുടെ ദുരന്തമുഖവും മജസ്റ്റിയുടെ ഏകാധിപത്യ ഭരണവും സ്വാതന്ത്ര്യത്തിനായി കലാപം സൃഷ്ടിച്ച ഒരു ജനതയുടെ നേർചിത്രവുമാണ്. ജീവിതത്തിലെ എല്ലാ പ്രതിസന്ധികൾക്കും ദുരിതങ്ങൾക്കുമിടയിൽ ഇതിലെ മുഖ്യകഥാപാത്രമായ സമീറ ശരിയേത് തെറ്റേത് എന്ന് തിരിച്ചറിയാൻ ശ്രമിക്കുന്നുണ്ട്. തന്റെ ജീവിതം മറ്റുള്ളവരുടെ ശരികൾക്കനുസരിച്ച് തോറ്റുകൊടുക്കാൻ അവൾ തയ്യാറാകുന്നില്ല. തന്റെ നഷ്ടങ്ങളെല്ലാം തന്റെ മാത്രമാണെന്നു തിരിച്ചറിഞ്ഞു ജീവിച്ചു കാണിക്കാൻ തീരുമാനിക്കുന്നു. തായ്ഘറിൽ നിന്നും പൂർണമായും പുറത്തായി സമീറയ്ക്കു രക്ഷപ്പെടാൻ രാജ്യം അവസരമൊരുക്കി ക്കൊടുത്തിട്ടും നീതിയുടെ മുമ്പിൽവെച്ച് അളന്ന് അതിനെ എതിർത്ത് സമീറ പൊരുതുന്നു. തന്റെ സുഹൃത്തായ അലിയോട് ബാബയെ കൊന്നതിനു പ്രതികാരം ചെയ്യുന്നതിനു പകരം നീതിനിഷേധത്തിന്റെ കൂടെ നില്ക്കാനാണ് അവൾ ശ്രമിച്ചത്. സുഗന്ധമുള്ള മുല്ലപ്പൂനിറഞ്ഞ വഴിയല്ലാ അവൾ താണ്ടിയത്. സുഗന്ധ മില്ലാത്ത പൂക്കൾ തീർത്ത വഴിയിൽ ഒറ്റയ്ക്കു സഞ്ചരിച്ച് അനേകായിരം ആളുകൾക്ക് വേണ്ടിയുള്ള ശബ്ദമായി സമീറ പർവീൺ മാറുന്നു.

നമ്മുടെ ലോകത്തിന്റെ ഇരുളടഞ്ഞ കോണുകളിൽ പ്രകാശം പരത്താനും നിരാശയുടെ മുഖത്ത് പ്രത്യാശ ഉണർത്താനും സാഹിത്യ ത്തിന്റെ ശക്തി ഓർമ്മപ്പെടുത്തുന്നതാണ് ആടുജീവിതവും മുല്ലപ്പൂ നിറമുള്ള പകലുകളും. അശാന്തിയിലേയ്ക്കും ദുഃസ്വപ്നങ്ങളിലേയ്ക്കും നമ്മെ നയിക്കുന്ന ബെന്യാമിന്റെ രണ്ടു കൃതികളാണിവ. മറ്റുള്ളവരുടെ അതിജീവനങ്ങൾ നോവലിസ്റ്റിൽ ഉണ്ടാക്കിയ ചിന്തകളാണ് ഈ രണ്ടു നോവലുകളും. മുല്ലപ്പൂവിപ്ലവത്തിന്റെ തീഷ്ണതയിൽ നിന്നും ജീവിത ത്തിലേയ്ക്കു കരകയറാൻ ശ്രമിക്കുന്ന സമീറയുടെ അതിജീവനവുമായി ബന്ധപ്പെടുത്തി നമുക്ക് ആടുജീവിതത്തിലെ നജീബിനെയും

വായിക്കാവുന്നതാണ്. പ്രതികൂല സാഹചര്യങ്ങൾക്കിടയിലും പിന്മാറാത്ത മനുഷ്യാത്മാക്കളുടെ അചഞ്ചലമായ ചിത്രീകരണമാണ് ആടുജീവിതത്തിലെ മുല്ലപ്പൂനിറമുള്ള പകലുകളിലും കാണുന്നത്. സങ്കല്പിക്കാനാവാത്ത കഷ്ടപ്പാടുകൾ ജീവിതത്തിൽ ഏറ്റുവാങ്ങുമ്പോഴും നജീബും സമീറയും തങ്ങളുടെ സ്വപ്നങ്ങളും ആഗ്രഹങ്ങളും നഷ്ടപ്പെടുത്തുന്നില്ല. അതുതന്നെയാണ് അവരുടെ അതിജീവനത്തിന്റെ ശക്തിയും. എല്ലാ പ്രതിബന്ധങ്ങളെയും നേരിടാനുള്ള അവരുടെ അചഞ്ചലമായ ദൃഢനിശ്ചയം വായനക്കാർക്ക് നൽകുന്ന ഓർമപ്പെടുത്തലായി വ്യാഖ്യാനിക്കാവുന്നതാണ്.

**കുറിപ്പുകൾ**

1. ആടുജീവിതം, ബെന്യാമിൻ, ഗ്രീൻബുക്സ്, തൃശൂർ, 2009, പുറം-133.
2. ആടുജീവിതം, ബെന്യാമിൻ, ഗ്രീൻബുക്സ്, തൃശൂർ, പുറം-115
3. മുല്ലപ്പൂനിറമുള്ള പകലുകൾ, ബെന്യാമിൻ, ഡി.സി.ബുക്സ്, കോട്ടയം 1, പുറം-179.
4. മുല്ലപ്പൂനിറമുള്ള പകലുകൾ, ബെന്യാമിൻ, ഡി.സി.ബുക്സ്, കോട്ടയം, പുറം-290.

**സഹായകഗ്രന്ഥങ്ങൾ**


1. ആടുജീവിതം അതിജീവനത്തിന്റെ കഥ, ജോസഫ് നമ്പിമഠം, ഇ-മലയാളം, 14 നവംബർ 2011.
2. ആടുജീവിതം വിമർശിക്കപ്പെടുമ്പോൾ, ജി. പ്രമോദ്, മനോരമ ഓൺലൈൻ, 12-1-2016.
3. ആടുജീവിതം ആരുടെ ജീവിതം, താഹാമാടായി, മലയാളം വാരിക, 11-4-2024.
4. ആടുജീവിതം, ബെന്യാമിൻ, ഗ്രീൻബുക്സ്, തൃശൂർ, 2009, പുറം-133.
5. മുല്ലപ്പൂനിറമുള്ള പകലുകളിൽനിന്നും സുഗന്ധമില്ലാത്ത വസന്തത്തിലേയ്ക്കുള്ള ദൂരം, ശ്രീപാർവതി, മനോരമ ഓൺലൈൻ, 17-05-2016.
6. മുല്ലപ്പൂനിറമുള്ള പകലുകൾ, ബെന്യാമിൻ, ഡി.സി.ബുക്സ്, കോട്ടയം, പുറം-290.

# മലയാളഹ്രസ്വസിനിമകളിലെ സ്വവർഗ്ഗപ്രണയിനികളുടെ സ്വത്വാവിഷ്കാരം

ബി.എസ്. രേഷ്മ

**പ്രബന്ധ സംഗ്രഹം**

മലയാളികളുടെ സൂക്ഷ്മമായ സാമൂഹികബോധത്തിൽ ചലനം സൃഷ്ടിക്കാൻ ഹ്രസ്വചിത്രങ്ങളുടെ നിലപാടുകൾ കാരണമാകുന്നുണ്ട്. അവ ഏതു വിഷയത്തെയും അതിന്റെ പരിമിതികൾക്കുള്ളിൽ നിന്ന് ഭംഗിയായി ആവിഷ്കരിക്കുകയും ആസ്വാദകന് ചിന്തിക്കാനുള്ള വിഭവം നല്കാനും തയാറാകുന്നു. ലൈംഗികന്യൂനപക്ഷത്തെ ആവിഷ്കരിക്കുന്ന സിനിമകൾ ഒട്ടേറെ നിർമിക്കപ്പെട്ടിട്ടുണ്ടെങ്കിലും അതിൽനിന്നും വ്യത്യസ്തമായാണ് ഹ്രസ്വസിനിമകളിൽ ലൈംഗിക ന്യൂനപക്ഷത്തിന്റെ ദൃശ്യഭാഷ. ലെസ്ബിയനുകളുടെ സ്വത്വം ആവിഷ്കരിക്കുന്നതിന് മലയാള ഹ്രസ്വസിനിമകൾക്ക് എത്രമാത്രം സാധിച്ചിട്ടുണ്ടെന്നും സമൂഹം ലെസ്ബിയനിസത്തെ എപ്രകാരം വിലയിരുത്തുന്നതെന്നും 'അന്താദി', 'ദി നോഷൻ' എന്നീ ഹ്രസ്വചിത്രങ്ങളെ മുൻനിർത്തി കണ്ടെത്താൻ ശ്രമിക്കുന്നു.

**താക്കോൽ വാക്കുകൾ**

സ്വത്വം, ലെസ്ബിയനിസം, ഹ്രസ്വസിനിമ, പരമ്പരാഗതം

**ആമുഖം**

പൊതുസമൂഹം സങ്കീർണ്ണതകളും വൈവിധ്യങ്ങളും നിറഞ്ഞതാണ്. ലൈംഗികതയുടെ ബഹുസ്വരതയെ അന്യവത്കരിക്കാനാണ് സമൂഹം ശ്രമിക്കുന്നത്. സാംസ്കാരികമായി അസാധാരണമെന്ന് മുദ്രകുത്തപ്പെട്ട ലൈംഗികന്യൂനപക്ഷ വിഭാഗങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് സാമ്പ്രദായിക ഭിന്നവർഗ്ഗ ലൈംഗികതയോടൊപ്പം

ചേർത്ത് നിർത്തേണ്ടതുണ്ട്. 1990-നു ശേഷം തെരേസ ഡി ലൗറട്സ് (Teresa de Lauretis) ആണ് അധികാര സംവിധാനങ്ങൾക്ക് പുറത്ത് നിൽക്കുന്നത് എന്ന അർത്ഥത്തിൽ ക്യൂർ (Queer) എന്ന പദം ആദ്യമായി ഉപയോഗിച്ചത്. ശേഷം ക്യൂർ തിയറിക്ക് ആദ്യപടവുകൾ പാകിയത് കാലിഫോർണിയ സർവ്വകലാശാലയിലെ പ്രൊഫസറായ ജൂഡിത്ത് ബട്‌ലറും (Judith Butler) സെഡ്ഗ്വിക്കുമാണ് (Eve Kosofsky Sedwick). സാഹിത്യവിമർശനം, രാഷ്ട്രീയം, സാമൂഹ്യശാസ്ത്രം, ചരിത്രം എന്നീ മേഖലകളിൽ ക്യൂർ തിയറി വ്യാപിച്ചു. ഈ സിദ്ധാന്തം ലൈംഗികതയെയും ലൈംഗികതയെക്കുറിച്ചുള്ള സമൂഹത്തിന്റെ പരമ്പരാഗത വീക്ഷണ ങ്ങളെയും മറികടക്കാൻ തയാറാവുകയും വിവേചനം നേരിടുന്ന ആളുക ളുടെ അനുഭവങ്ങളെ ഉൾക്കൊള്ളാനും അതിനെതിരെ പൊരുതാനും ശ്രമിച്ചിട്ടുണ്ട്. സാമൂഹിക അതിരുകൾക്ക് അപ്പുറത്ത് നിൽക്കുന്ന വ്യക്തിത്വങ്ങളുടെ പുറത്തുവരലും ദ്വന്ദ്വഭാവനകളിൽ നിന്നുള്ള വിമോചന വും ക്യൂർ സിദ്ധാന്തത്തിന്റെ അടിത്തറയാണ്. എല്ലാ ലൈംഗികന്യൂനപക്ഷ വിഭാഗങ്ങളെയും ഉൾക്കൊള്ളാൻ കഴിയുന്ന കുടയായാണ് ക്യൂർ സിദ്ധാന്തം അവതരിപ്പിക്കപ്പെടുന്നത്. നൂറ്റാണ്ടുകളുടെ ചരിത്രം ഉണ്ടായിട്ടു പോലും ന്യൂനപക്ഷങ്ങളുടെ ലൈംഗിക ആഭിമുഖ്യത്തെ(sexual orientation) ചോദ്യം ചെയ്യാൻ ലജ്ജയില്ലാത്ത സമൂഹം ഇന്നും തയാറാണ്. സാമ്പ്രദായിക എതിർലിംഗ ലൈംഗികതയെ പരിപാവന ബന്ധമായാണ് സമൂഹം സൃഷ്ടിച്ചെടുത്തിട്ടുള്ളത്. സമൂഹാന്തരീക്ഷത്തിൽ ആൺകോയ്മ തകർന്നു പോകാതിരിക്കാൻ സ്വവർഗ്ഗാനുരാഗത്തെ അവർ ആധുനിക സൃഷ്ടിയായി മുദ്രക്കുത്തുന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനം വരെ സ്വവർഗ്ഗാനുരാഗത്തെ മനോരോഗവിഭാഗത്തിന്റെ പട്ടികയിൽ ഉൾച്ചേർത്തിരുന്നു. പിന്നീട് വന്ന പഠനങ്ങളിൽ സ്വവർഗ്ഗാനുരാഗം രോഗ മല്ലെന്ന് കണ്ടെത്തുകയും മനോരോഗവിഭാഗം പട്ടികയിൽനിന്നും WHO ഒഴിവാക്കുകയും ചെയ്തു. എങ്കിലും, ഇന്നും സ്വവർഗ്ഗാനുരാഗത്തെ ഭ്രാന്തായി കാണുന്നവർ ചെറിയ വിഭാഗമൊന്നുമല്ല. സ്വവർഗാനുരാഗികൾ എന്താണെന്നുള്ള യാഥാർത്ഥ്യം തിരിച്ചറിയാതെ മുൻവിധിയോടെ കാണാനാണ് ജനസമൂഹം ശ്രമിക്കുന്നത്. ലിബറൽ ഫെമിനിസം തൊടാൻ മടിച്ചുനിന്ന പല മേഖലകളെയും കണ്ണിചേർത്ത് 1960 കളിൽ റാഡിക്കൽ ഫെമിനിസ്റ്റുകൾ രംഗത്തുവന്നു. അധികാര രാഷ്ട്രീയത്തിന്റെ കുടിലതന്ത്ര ങ്ങളെ ചോദ്യംചെയ്ത റാഡിക്കൽ ഫെമിനിസ്റ്റുകൾ സ്ത്രീയെ പ്രത്യുല്പാദനോപകരണമായി മാത്രം കണ്ടിരുന്ന പുരുഷാധികാരത്തെ വിമർശിച്ചു. വ്യത്യസ്തത അംഗീകരിക്കാൻ മടികാണിച്ചിരുന്ന സമൂഹത്തിനിടയിൽ ലൈംഗികവിപ്ലവം സൃഷ്ടിക്കാൻ റാഡിക്കൽ

ഫെമിനിസ്റ്റുകൾ ശ്രമിച്ചു. സ്വവർഗ്ഗാനുരാഗികൾ എന്ന് കേൾക്കുമ്പോൾ നെറ്റിചുളിയുന്നവർക്കിടയിലേക്ക് സ്വവർഗ്ഗപ്രണയത്തിന്റെ റാഡിക്കൽ ഫെമിനിസ്റ്റുകൾ പിന്തുണ നൽകി. സ്വവർഗാനുരാഗത്തെ പിന്തുണ യ്ക്കുന്ന ഫെമിനിസ്റ്റുകളെല്ലാം ലെസ്ബിയനുകളാണെന്ന അപഖ്യാതി അക്കാലത്ത് പ്രചരിച്ചിരുന്നു. ലൈംഗിക വിലക്കുകൾ (taboo) സംസ്കാര ത്തെ നിലനിർത്താൻ ലക്ഷ്യമാക്കിയുള്ളതാണെന്ന് ഫ്രോയിഡ് പറയുന്നുണ്ട് (സത്യൻ പി.പി, 2014:20). ലെസ്ബിയനിസം കുടുംബ വ്യവസ്ഥയെ തകർക്കുന്നു എന്നും ഇത് സംസ്കാരശൂന്യതയ്ക്ക് കാരണമാകുമെന്നും ഒരു കൂട്ടർ വാദിച്ചു. സ്ത്രീകളുടെ മാന്യത, എന്നും കുടുംബപരിസരത്തോടാണ് ചേർത്തുവെച്ച് കാണുന്നത്. കുടുംബിനി കളായ സ്ത്രീകൾ മാത്രമാണ് നല്ല സ്ത്രീകൾ എന്നും ആചാരചിഹ്നങ്ങൾ ധരിക്കുന്നവർ മാത്രമാണ് പതിവ്രതകൾ ആണെന്നുമുള്ള കാഴ്ചപ്പാട് 'തന്താധിപത്യ'[1] സമൂഹം നിർമിച്ചെടുത്തതാണെന്നതിൽ സംശയമില്ല. പെണ്ണിന്റെ വർഗബോധവും സ്വത്വബോധവുമെല്ലാം ദുർബലമായി തീരുന്നിടത്തുനിന്ന് സ്വത്വബോധം വീണ്ടെടുത്ത അവർ തന്തവാഴ്ചയോട് പടപൊരുതി. അടിച്ചമർത്തപ്പെടലിനിടയിലും വർത്തമാനകാലത്ത് ലെസ്ബിയനുകൾ സ്വത്വബോധം വീണ്ടെടുത്ത് ചിലരെങ്കിലും പുറത്തു വരാൻ ശ്രമിക്കുന്നുണ്ട് എന്നത് ആശ്വാസകരമാണ്.

**ലെസ്ബിയൻ സ്വത്വാവിഷ്കാരവും മലയാള ഹ്രസ്വചലച്ചിത്രങ്ങളും**

സിനിമ ഒരു നിശ്ചിത ഫ്രെയിമിനുള്ളിൽ ചെയ്തെടുക്കുന്നതാ ണെങ്കിലും അവ പ്രേക്ഷകമനസ്സിൽ സൃഷ്ടിക്കുന്ന ചലനങ്ങൾ വളരെ വലുതാണ്. ദൃശ്യത്തിൽ അർഥവും ഭംഗിയും വൈകാരികതയുമെല്ലാം ആവിഷ്കൃതമാകുമ്പോൾ പ്രേക്ഷകന്റെ മനസ്സ് കഥാസന്ദർഭത്തോടൊത്ത് സഞ്ചരിക്കുകയും വൈകാരികാംശങ്ങളെ ഉൾക്കൊള്ളുകയും ചെയ്യുന്നു. കഥയോ നോവലോ ഒരാളിലേക്കെത്തുന്നതിനേക്കാൾ വേഗത്തിൽ സിനിമ ഒരു മനുഷ്യന്റെ ബോധതലങ്ങളെ പലതരത്തിലും സ്വാധീനിക്കുന്നുണ്ട്. സാമൂഹികവും സാംസ്കാരികവുമായ മാറ്റത്തിന് സിനിമ വിധേയ മാകുന്നത് പോലെ ആശ്ചര്യകരമായ മാറ്റം സൃഷ്ടിക്കാൻ ഹ്രസ്വ ചലച്ചിത്ര ങ്ങളും കാരണമാകുന്നുണ്ട്. ആദ്യ കാലങ്ങളിൽ വിനോദത്തിനായും, സിനിമയിലേക്ക് കടന്നുവരുന്നതിനുള്ള തുടക്കമെന്ന രീതിയിലുമാണ് ഹ്രസ്വസിനിമകൾ നിർമ്മിക്കപ്പെട്ടത്. എന്നാലിന്ന് ആ ചിന്താഗതിക്ക് മാറ്റം വന്നു. ഹ്രസ്വസിനിമകളും സാമൂഹിക പ്രതിബദ്ധതയും കലാപരമേന്മയും അവതരിപ്പിക്കാനുള്ള ഇടമായി മാറി. ചുരുങ്ങിയ ചിലവിൽ നിർമ്മിച്ചിരുന്ന ഹ്രസ്വചിത്രങ്ങൾ ഇന്ന് സിനിമയോളം വരുന്ന സാങ്കേതികവിദ്യകൾ

ഉപയോഗിച്ച് നിർമ്മിക്കപ്പെടുന്നുണ്ട്. അവിടെ ഹ്രസ്വചലച്ചിത്രങ്ങളും കച്ചവടമായിമാറുന്നു. നീഹാരം പെയ്ത രാവിൽ (ശ്യാംലാൽ, 2021) നാളെ പറയാം (രോഹിത് സുന്ദർ, 2021), ഭൂമിയുടെ അറ്റം വരെ(സുമേഷ് കെ സുരേഷൻ, 2022) തുടങ്ങിയ ഹ്രസ്വചിത്രങ്ങൾ രണ്ട് പേർ തമ്മിലുള്ള ലോകത്തിൽ (പ്രണയം) ചുരുങ്ങി നിൽക്കുന്നു. ഇവയിൽ സാമൂഹിക പ്രതിബദ്ധത നിഴലിക്കുന്നില്ല. ഈ ഹ്രസ്വസിനിമകൾ യുട്യൂബിൽ ചുരുങ്ങിയ ദിവസങ്ങൾകൊണ്ട് വലിയ കാഴ്ചക്കാരെ സൃഷ്ടിച്ചവയാണ്. യഥാർഥ്യത്തെ തള്ളിമാറ്റികൊണ്ട് മനോരഥസൃഷ്ടിയിലാണ് സഹൃദയർ എന്ന് മനസിലാക്കാൻ യുട്യൂബിലെ ലൈക്കും കമന്റും ഷെയറുമെല്ലാം കണ്ടാൽ മതിയാകും. ഇത്തരം ഷോർട് ഫിലിമുകൾക്ക് സ്വീകാര്യതയേറുന്നിടത്ത് നിന്നാണ് അപരവൽക്കരിക്കപ്പെടുന്നവരെ കുറിച്ച് അവതരിപ്പിക്കേണ്ടത്.

**അന്താദി**

ലെസ്ബിയനായ രണ്ട് പേർ തമ്മിലുള്ള സംഭാഷണത്തിലൂടെയാണ് കഥനീങ്ങുന്നത്. രണ്ടുപേർ അവർക്കിടയിലുള്ള മാനസിക സമ്മർദ്ദങ്ങൾ പങ്കുവക്കുന്നു. സ്വന്തം സ്വത്വം വെളിപ്പെടുത്തി. സ്വന്തം സ്വത്വം വെളിപ്പെടുത്തിയതിനുശേഷം ഒരുമിച്ച് ജീവിക്കാൻ ഇവർ നേരിടേണ്ടിവരുന്ന പ്രശ്നങ്ങളുടെ സങ്കീർണ്ണതയെ അന്താദി മുന്നോട്ട് വയ്ക്കുന്നു.

**ലെസ്ബിയൻ സ്വത്വവും രൂഢധാരണകളും**

ലെസ്ബിയൻ സ്വത്വത്തെക്കുറിച്ച് രൂഢധാരണകൾ (Stereo typed notions) വച്ച് പുലർത്തുന്ന സമൂഹത്തെ നേരിടുകയാണ് അന്താദി എന്ന ഹ്രസ്വസിനിമ. പൊതുവെ കാര്യങ്ങൾ പറയുമ്പോൾ ആദ്യമന്തം എന്നാണ് പറയുക. അതിൽ നിന്നും വ്യത്യസ്തമായി അന്താദി എന്ന പേരാണ് സിനിമയ്ക്ക് സ്വീകരിച്ചിട്ടുള്ളത്. സമൂഹം അനുസരിക്കുന്ന പതിവ് ശൈലികളിൽ നിന്നും വ്യത്യസ്തമായി ചിന്തിക്കണം എന്ന ആശയം ഹ്രസ്വസിനിമയുടെ പേരിൽ നിന്ന് തന്നെ തുടങ്ങുന്നു. അനുവിൽ നിന്ന് വ്യത്യസ്തമായാണ് അന്താദിയുടെ നിർമിതി. പുരോഗമനപരമായ കാഴ്ചപ്പാടുള്ള മാതാപിതാക്കൾക്ക് ലെസ്ബിയനായ മകളെ അംഗീകരിക്കാൻ സാധിക്കുന്നില്ല. ഇത് സമൂഹത്തിന്റെ ചുറ്റുപാടിനെ ഭയക്കുന്നതുകൊണ്ടാണ്. അന്താദിയിലെ കഥാപാത്രങ്ങൾക്ക് പേരുകളില്ല. ലെസ്ബിയൻ വിഭാഗത്തെ മുഴുവനായും ഈ കഥാപാത്രങ്ങൾ പ്രതിനിധീകരിക്കുന്നു. ലെസ്ബിയൻ സ്വത്വത്തെക്കുറിച്ചുള്ള രൂഢധാരണകളെ

പൊളിച്ചെഴുതാനാണ് ഈ ഹ്രസ്വസിനിമ ശ്രമിക്കുന്നത്. ലെസ്ബിയനാണെന്ന് കമിംങ്ങ് ഔട്ട് നടത്തിയ രണ്ടുപേർ ഒന്നിച്ചു ജീവിക്കുന്നതിൽ സമൂഹത്തിന്റെ കാഴ്ചപ്പാടാണ് കഥാപാത്രം വിവരിക്കുന്നത്. മാതാപിതാക്കളും സമൂഹവും തന്റെ ഉയർച്ചയിലോ സന്തോഷത്തിലോ ശ്രദ്ധ പ്രകടിപ്പിക്കുന്നില്ല. മറിച്ച് തന്റെ ലൈംഗികാഭിമുഖ്യത്തെയാണ് ചോദ്യം ചെയ്യുന്നതെന്ന് കഥാപാത്രം വിഷമത്തോടെ പറയുന്നു. ഞാൻ സന്തോഷമായാണോ ഇരിക്കുന്നത്. Do I have a partner I can trust? ഞാൻ ചെയ്ത പോജക്ട്സ് എന്തൊക്കെയാണ് അതൊന്നും അവർക്കറിയണ്ട (6:25) എന്നും പറയുന്നുണ്ട്. ലൈംഗീകാഭിമുഖ്യം സ്വവർഗാനുരാഗത്തോടാണെങ്കിൽ അതൊരു മാനസികരോഗമായി കാണാനാണ് സമൂഹം ഇന്നും ശ്രമിക്കുന്നതെന്ന് കഥാപാത്രം വ്യക്തമാക്കുന്നുണ്ട്. ഇരുപത്തൊന്നാം നൂറ്റാണ്ടിൽ പോലും പിറകോട്ട് സഞ്ചരിക്കുന്ന സാമൂഹികവും സാംസ്കാരികവുമായ ചിന്തകളെ അന്താദിയിലൂടെ കഥാപാത്രങ്ങൾ ചോദ്യം ചെയ്യുന്നു. സമൂഹം കല്പിക്കുന്ന വിശ്വാസ വ്യവസ്ഥിതിയ്ക്കപ്പുറം യാത്രചെയ്യാൻ കുടുംബഘടന തയാറാകുന്നില്ലെന്ന് മനസ്സിലാക്കാം. ചിത്രത്തിൽ കുടുംബഘടനയുടെ താളപ്പിഴകളെയും കഥാപാത്രത്തിന്റെ അമ്മ അനുഭവിക്കുന്ന പ്രശ്നത്തെയും വിവരിക്കുന്നുണ്ട് (8:19). ആൺകോയ്മ സമൂഹം അടിച്ചേൽപ്പിക്കുന്ന കുടുംബ വ്യവസ്ഥയിൽ നിന്ന്പ്രശ്നങ്ങൾ അനുഭവികയും സ്ത്രീകൾ ഇത്തരം പ്രശ്നങ്ങൾ അനുഭവിക്കേണ്ടത് നാട്ടുനടപ്പാണെന്ന് കരുതുകയും ചെയ്യുന്ന രൂഢധാരണ തന്നെയാണ് സമൂഹത്തിലിന്നും നിലനിൽക്കുന്നത്. അതുകൊണ്ട് തന്നെ ലെസ്ബിയൻ സ്വത്വത്തെ അംഗീകരിക്കാൻ ഒരുപാടുകാലം വേണ്ടിവരും എന്ന് പറയേണ്ടിയിരിക്കുന്നു. ആത്മാവിന് ജൻഡറില്ല എന്ന് കഥാപാത്രം പറയുന്നുണ്ട്. ഈ ഹ്രസ്വസിനിമയുടെ അന്തസ്സത്ത തന്നെ ഈ ഒരു വാചകമാണ്. LGBT യെന്ന് കാണുകയോ കേൾക്കുകയോ ചെയ്താൽ ആദ്യം തിങ്ക് ചെയ്യുന്നത് it's purely physical എന്നാണ് (9:14). ഈ സാമൂഹികധാരണയെ ഹ്രസ്വസിനിമ ഓർമ്മിപ്പിക്കുന്നു. ലൈംഗിക ന്യൂനപക്ഷത്തെപ്പറ്റി സമൂഹത്തിനായാലും കൂടെയുള്ളവർക്കായാലും പതിയെ പറഞ്ഞ് മനസ്സിലാക്കാനേ സാധിക്കൂ എന്നും പെട്ടെന്നൊരു മാറ്റം സാധ്യമാവുകയില്ലെന്നും ഇതിന് കാരണം തലമുറകൾ തമ്മിലുള്ള വിടവാണെന്നും (Generation Gap) ലഘുസിനിമയിൽ പറയുന്നു. ഹ്രസ്വസിനിമയിൽ ആവിഷ്കരിച്ചിട്ടുള്ള സ്വവർഗാനുരാഗികൾ വിശേഷാധികാര(Privilege) മുള്ളവരാണ്. അവർ കമിങ് ഔട്ട് നടത്താൻ സാധിക്കാത്ത LGBTക്കാരെക്കുറിച്ചും അവർ അനുഭവിക്കുന്ന മാനസിക പ്രശ്നത്തെക്കുറിച്ചും (10:23) വ്യാകുലരാ

കുന്നുണ്ട്. അവരെ വെച്ചുനോക്കുമ്പോൾ നമുക്ക് ഐഡിന്റിറ്റി വെളിപ്പെടുത്താനും ഇങ്ങനെ ജീവിക്കാനും സാധിക്കുന്നുണ്ടല്ലോ എന്നും ചിന്തിക്കുന്നുണ്ട്. ഒരു കുടുംബഘടനയിൽ നിന്നും ലഭിക്കാത്ത എന്ത് സംതൃപ്തിയാണ് സ്വവർഗാനുരാഗത്തിൽ നിന്ന് ലഭിക്കുന്നത് എന്ന ചിന്ത മാതാപിതാക്കൾ അടങ്ങുന്ന സമൂഹം മുന്നോട്ടു വയ്ക്കുന്നതായി മനസ്സിലാക്കാം. മൃഗങ്ങൾ കാണിക്കുന്ന ആത്മാർത്ഥത പോലും മനുഷ്യന്മാർക്ക് എന്താ കാണിക്കാൻ പറ്റാത്തെ? (4:33) എന്ന ചോദ്യവും അന്താദിയിൽ പ്രസക്തമാണ്. ഒരു വ്യക്തിയുടെ സ്വാതന്ത്ര്യത്തെയും ലൈംഗികാഭിമുഖ്യത്തെയും ചോദ്യം ചെയ്യുകയാണ് ഇവിടെ ചെയ്യുന്നത്. അന്താദിയിൽ രണ്ട് പ്രണയിനികൾ തമ്മിലുള്ള വൈകാരികാടുപ്പത്തെ മനസ്സിലാക്കാൻ ശ്രമിക്കാത്ത സമൂഹത്തെയാണ് ആവിഷ്ക്കരിക്കുന്നതെങ്കിലും എല്ലാവരും ആ വിഭാഗത്തിൽ വരുന്നവരല്ലെന്ന് ഊഹിക്കാം. കാരണം ഒരുപാട് സ്ഥലത്ത് വീടന്വേഷിച്ച് അലഞ്ഞ അവർക്ക് ഒരു ഒറ്റമുറി ലഭിക്കുന്നത് ഇതിനുദാഹരണമാണ്. ലെസ്ബിയൻ സമൂഹത്തെ ചിലരെങ്കിലും അംഗീകരിക്കുന്നുണ്ടെന്നും എന്നാലവർക്ക് താമസിക്കാൻ വീട് നൽകാൻ മടിച്ച സമൂഹമാണ് അനുപാതത്തിൽ കൂടുതലെന്നും ഷോർട് ഫിലിം പറഞ്ഞുവയ്ക്കുന്നുണ്ട്. പാട്രിയാർക്കിയൽ സമൂഹത്തിൽ നിലനിൽക്കുന്ന ആധിപത്യശക്തി (dominant power) കുടുംബം എന്ന സ്ഥാപനത്തിലെത്തുമ്പോൾ പുരുഷന്മാർക്ക് മാത്രമാണെന്ന ധാരണ നിലനിൽക്കെ രണ്ട് സ്ത്രീകൾക്കിടയിൽ അതെങ്ങനെ ശരിയാകും എന്ന് സമൂഹം കരുതുന്നുണ്ട്. സ്വവർഗാനുരാഗികളുടെ ലൈംഗിക പ്രക്രിയയിൽ ഡോമിനന്റ് പവർ ആർക്കാണെന്ന് വരെ അവർ ചിന്തിക്കുന്നു. സ്വവർഗാനുരാഗികളോട് പലരും പലപ്പോഴും ചോദിക്കുന്ന ചോദ്യവുമാണിത്. സമൂഹത്തിൽ രൂഢമൂലമായിരിക്കുന്ന ഇത്തരം അനാവശ്യചോദ്യങ്ങളെയും തെറ്റിദ്ധാരണകളെയും മാറ്റുകയെന്നത് എളുപ്പമല്ലെങ്കിലും സാമൂഹിക ചിന്താഗതിക്ക് ചെറിയൊരളവ് വരെ മാറ്റം കൊണ്ടുവരാൻ ഹ്രസ്വസിനിമ വഴി സാധിക്കുമെന്ന് കരുതാം. സാമ്പ്രദായിക എതിർലിംഗ ലൈംഗികവിവാഹം മാത്രം സാധ്യമാവുക എന്നതിൽ നിന്ന് മാറി വ്യത്യസ്ത ലൈംഗികാഭിമുഖ്യമുള്ളവർക്കും അവർക്കിഷ്ടപ്പെടുന്നവർക്കൊപ്പം ജീവിക്കാൻ സാധിക്കണം എന്നർത്ഥത്തിലാണ് ആത്മാവിന് ജെൻഡർ ഇല്ല എന്ന്കഥാപാത്രം പറയുന്നത്.

**ദി നോഷൻ**

പത്മ അയ്യർ, മോഹൻ റോയ് എന്നിവരാണ് കഥാപാത്രങ്ങൾ. ബുക്കർപ്രൈസ് ജേതാവായ പത്മ അയ്യരുടെ ഭർത്താവും NSG

കമാന്ററുമായ മോഹൻ റോയ് സ്വയം നിറയൊഴിച്ച് മരിച്ചു എന്ന വാർത്ത യോടെയാണ് ലഘു സിനിമ ആരംഭിക്കുന്നത്. സംഭവത്തിൽ പദ്മയെ പോലീസ് അറസ്റ്റ് ചെയ്യുന്നു. മാനസികനില തകരാറിലായ പത്മയിലൂടെ ഫ്ളാഷ് ബാക്കിലേക്ക് കഥ കൊണ്ടുപോവുകയാണ് ഇവിടെചെയ്യുന്നത്.

**അദൃശ്യ ന്യൂനപക്ഷവും സ്വത്വനിർമ്മിതിയും**

സമൂഹത്തിന്റെ കീഴ്വഴക്കവും പാരമ്പര്യവും ലൈംഗിക ന്യൂനപക്ഷങ്ങളെ അടിച്ചമർത്തുക എന്നതാണ്. അദൃശ്യ ന്യൂനപക്ഷമായി (Invisible minorities) ഏറ്റവുമധികം കാണപ്പെടുന്നത് സ്ത്രീ സ്വവർഗ്ഗാനുരാഗ പ്രണയിനികളാണ്. ഇവരിൽ കമിങ്ഔട്ട് ചെയ്യുന്നവർ അധികാരഘടനയ്ക്ക് ഭീഷണിയായേക്കാം എന്ന ധാരണ അടിച്ചമർത്തലിന് കാരണമായി കരുതാം. സ്ത്രീസ്വവർഗാനുരാഗികളുടെ പുറത്തുവരലിന് ജാതി, മതം, കുടുംബം, സാമൂഹികപദവി, സമ്പത്ത് തൊഴിലില്ലായ്മ, എന്നിവയെല്ലാം തടസ്സം നിൽക്കുന്ന കാരണങ്ങളാണ്. ഒരു സാമൂഹിക സ്ഥാപനമായ കുടുംബത്തിനുള്ളിൽ നിൽക്കുന്ന ലെസ്ബിയനുകൾ കുടുംബ ഭദ്രതയും സാമൂഹികപദവിയും തകരുമെന്ന ഭയത്താൽ കമിങ് ഔട്ടിനെ മനപ്പൂർവ്വം തടുക്കുന്നവരുണ്ട്. (എന്നാലവർക്ക് സമൂഹവും കുടുംബവും അറിയാത്ത പ്രണയിനികൾ ഉണ്ടാകാം.) വിദ്യാഭ്യാസവും സമ്പാദ്യവും നേടുന്ന ഇത്തരക്കാരായ സ്വവർഗാനുരാഗികൾ തനതു സത്ത തിരിച്ചറിഞ്ഞ് അവരായി ജീവിക്കാൻ സമൂഹത്തിൽ പോരാടുന്നുണ്ട്. എന്നാൽ പ്രത്യേക സ്ഥാനങ്ങൾ കൈക്കൊള്ളുന്ന പല ലെസ്ബിയനുകളും അദൃശ്യരായി കഴിയാൻ ആഗ്രഹിക്കുന്നു. കുടുംബജീവിതം അവിടെ അവർക്കൊരു മറയായി വർത്തിക്കുന്നു. ആ അവസരത്തിൽ അവർ മനപ്പൂർവ്വം നിർമ്മിച്ചെടുക്കുന്നത് മറ്റൊരു സ്വത്വവും മുഖംമൂടിയുമാണ്. സങ്കല്പം, ചിന്ത, അഭിപ്രായം, ധാരണ എന്നിങ്ങനെ നോഷൻ എന്ന പദത്തിന് അനേകം അർത്ഥങ്ങളുണ്ട്. പേര് പോലെ തന്നെ കഥാപാത്രങ്ങളുടെയും സമൂഹത്തിന്റെയും ചിന്തയും സങ്കല്പവുമൊക്കെയാണ് സിനിമയിൽ ആവിഷ്കരിച്ചിട്ടുള്ളത്. പരമ്പരാഗതമൂല്യങ്ങളെന്ന് വിശ്വസിക്കുന്ന സാമൂഹിക തീരുമാനങ്ങളുടെ കെട്ടുറപ്പിനെ മുറുകെ പിടിക്കുന്ന, സമൂഹത്തിന്റെ ഉന്നതസ്ഥാനത്ത് കഴിയുന്ന ബുക്കർ പ്രൈസ്ജേതാവായ പത്മയെ പോലീസ് അറസ്റ്റ് ചെയ്യുന്നു. മാനസിക നില തകരാറിലായ പത്മ ഫ്ളാഷ് ബാക്കിലൂടെ കാര്യങ്ങൾ ഓർത്തെടുക്കാൻ ശ്രമിക്കുന്നു. താൻ പുരോഗമനവാദി ആണെന്ന പൊള്ളത്തരം സമൂഹത്തെ അറിയിക്കാൻ ചുംബന സമരത്തെ പിന്താങ്ങി മോഹൻ റോയ് ഫേസ്ബുക്കിൽ പോസ്റ്റ് ഇടുന്നുണ്ട്. എന്നാൽ പത്മയും പെൺസുഹൃ

ത്തും തമ്മിലുള്ള സ്വവർഗ്ഗാനുരാഗപ്രണയം കാണുന്ന റോയ് നിറയൊഴിച്ചു മരിക്കാൻ നിർബന്ധിതനാകുന്നു. ഇത് സമൂഹത്തോടുള്ള ഭയം കാരണ മാണ്. ഇതേ ഭയം തന്നെയാണ് സ്വത്വനിർമ്മിതി നടത്താൻ തയാറാകാത്ത പത്മയിലും കാണുന്നത്. പത്മയും സുഹൃത്തും തമ്മിലുള്ള പ്രണയം മാനസികവും വൈകാരികവും ശാരീരികവുമായ എല്ലാ തലങ്ങളെയും സ്പർശിക്കുന്നതായി കാണാം. പ്രണയിനി പത്മയോട് സ്വത്വം വെളിപ്പെടു ത്താൻ ആവശ്യപ്പെടുമ്പോൾ (8:03) ഒഴുക്കിനൊപ്പം നീങ്ങാം (8:35) എന്ന് മാത്രമാണ് പത്മ മറുപടി പറയുന്നത്. അറസ്റ്റ് ചെയ്ത സമയത്ത് ഒരുപാട് ആളുകൾ തടിച്ചുകൂടുന്നുണ്ട്. അതിൽ വിധവയായ ഒരു സ്ത്രീയെയും കാണാം (11:53). സ്വത്വം വെളിപ്പെടുത്താൻ മടിക്കുന്ന പത്മയും വൈധവ്യം സംഭവിച്ച് ഒതുങ്ങികൂടേണ്ടി വരുന്ന ആ സ്ത്രീയും നാണയത്തിന്റെ ഇരുവശങ്ങളാകാം. സമൂഹനിർമ്മിതമായ സാംസ്കാരികചട്ടക്കൂടിൽ നിന്ന് പുറത്തുവരാൻ പത്മയും റോയിയും ശ്രമിക്കുന്നില്ല. പത്മ അവിടെ അദൃശ്യ ന്യൂനപക്ഷത്തോട് കണ്ണിചേർക്കപ്പെടുകയാണ്. റോയിയുടെ മരണശേഷം സ്വത്വ പ്രതിസന്ധിയിൽ ആവുകയും മാനസികമായി തകരുകയും ചെയ്യുന്ന പത്മയെയാണ് കാണാൻ (6:58) സാധിക്കുന്നത്. പത്മയും സുഹൃത്തും തമ്മിലുള്ള ചുംബനരംഗങ്ങൾ ഏച്ചുകെട്ടലുകൾ ഇല്ലാതെ തന്നെയാണ് ലഘു സിനിമയിൽ ആവിഷ്കരിച്ചിട്ടുള്ളത്. തന്റെ സ്വത്വം തന്നെ ഒരു കൊലയാളിയാക്കി എന്ന കുറ്റബോധമാണ് പത്മയുടെ കണ്ണുകളിൽ കാണാൻ സാധിക്കുന്നത് (7:32). ഒരു സ്ത്രീയെന്ന നിലയിൽ ഉയർത്തിക്കൊണ്ടുവന്ന അംഗീകാരത്തിന്റെ നിറവിൽ ഉള്ള ജീവിതമാണ് പത്മയ്ക്കുള്ളത്. സമൂഹം അംഗീകരിക്കാൻ മടിക്കുന്ന ലൈംഗികാഭിമുഖ്യ ത്തിന് ഉടമയാണ് താനെന്നറിയുമ്പോൾ കെട്ടിപ്പടുത്തതെല്ലാം തകർന്നു പോകുമോ എന്ന ചിന്തയാണ് പത്മയെ അദൃശ്യതയിലേക്ക് നയിക്കുന്നത്.

സ്വത്വത്തെ ഭയപ്പെടുന്നവരും സ്നേഹിക്കുന്നവരും ആയ സ്ത്രീ സ്വവർഗാനുരാഗികൾ സമൂഹത്തിലുണ്ട്. സമൂഹത്തിന്റെ രൂഢധാരണകളെ ചോദ്യം ചെയ്യാനാണ് അന്താദി ശ്രമിക്കുന്നത്. ആത്മാവിന് ജെൻഡർ ഇല്ലെന്ന ആശയം അന്താദി മുന്നോട്ട് വെക്കുന്നുണ്ട്. ദി നോഷനിൽ എത്തുമ്പോൾ മുൻപ് ആവിഷ്കരിച്ച ഹ്രസ്വചിത്രങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തമാണ് അത് മുന്നോട്ടു വെയ്ക്കുന്ന ആശയം. സ്വത്വത്തെ വെളിപ്പെടുത്താൻ തയാറാകാത്ത പത്മ അയ്യർ ന്യൂനപക്ഷ വിഭാഗത്തിൽ അദൃശ്യയായി കഴിയാനാണ് ആഗ്രഹിച്ചത്. തന്റെ സ്വത്വം സാമൂഹിക പദവിക്ക് വിലങ്ങുതടി ആകുമെന്നവർ ഭയപ്പെടുന്നുണ്ട്.

**ഉപസംഹാരം**

സ്വവർഗാനുരാഗപ്രണയത്തിന് നീണ്ടചരിത്രമുണ്ട്. ആദ്യകാലത്ത് ഇതൊരുമാനസികരോഗമായാണ് കണ്ടിരുന്നത്. അതിൽനിന്നും മോചനം ലഭിക്കാൻ ശാസ്ത്രസാങ്കേതികവിദ്യയും പഠനങ്ങളും കാരണമായി. ശാസ്ത്രസാങ്കേതിക വിദ്യ വികസിച്ചെങ്കിലും മനുഷ്യരുടെ മാനസിക വളർച്ച മന്ദഗതിയിലാണ്. എന്തെന്നാൽ, സ്വവർഗാനുരാഗത്തെ അംഗീകരിക്കാത്ത ഹോമോഫോബിയയ്ക്ക് അടിമപ്പെട്ട സമൂഹം ഇന്നും രൂപമാറ്റം സംഭവിക്കാതെ തുടരുന്നുണ്ട്. ലിംഗസമത്വത്തെയും വിഭിന്ന ലൈംഗികാഭിമുഖ്യങ്ങളേയും ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യേണ്ടത് മാനവരുടെ കടമയാണ്. അതിന് ശരിയായ ലൈംഗിക വിദ്യാഭ്യാസം സ്കൂൾ തലം മുതൽ നൽകേണ്ടതുണ്ട്. സിനിമ രണ്ടുമണിക്കൂറിൽ പറയാനുദ്ദേശിക്കുന്ന ആശയത്തെ ഹ്രസ്വസിനിമകൾ ചുരുങ്ങിയ സമയംകൊണ്ട് പറഞ്ഞുവയ്ക്കുന്നു. അന്താദി, ദി നോഷൻ എന്നിവ ലെസ്ബിയൻ സ്വത്വത്തെ ആവിഷ്കരിക്കുന്ന ഹ്രസ്വ സിനിമ കളാണ്. അന്താദിയിൽ കമിങ്ഔട്ട് നടത്തിയ സ്വവർഗ്ഗാനുരാഗികളുടെ പ്രശ്നത്തെ അവതരിപ്പിച്ചിരിക്കുന്നു. ലെസ്ബിയൻ സ്വത്വത്തെക്കുറിച്ചുള്ള സമൂഹത്തിന്റെ രൂഢധാരണകൾ ലെസ്ബിയനുകളെ മാനസികമായി എങ്ങനെ ബാധിക്കുന്നതെങ്ങനെയെന്നും ആവിഷ്കരിച്ചിരിക്കുന്നു. ദി നോഷൻ എന്ന ഹ്രസ്വസിനിമ ചുറ്റുമുള്ളവരെ ഭയന്ന് സ്വത്വം വെളിപ്പെടു ത്താനാഗ്രഹിക്കാത്ത പത്മയെ ചിത്രീകരിച്ചിരിക്കുന്നു. സമൂഹത്തിൽ രൂഢമൂലമായിരിക്കുന്ന ധാരണകളാൽ മുൻവിധികളോടെ പെരുമാറുന്ന സമൂഹം കമിങ് ഔട്ട് നടത്താൻ ശ്രമിക്കുന്നവരെ ലെസ്ബിയനുകളെ സ്വത്വ സംഘർഷ ത്തിലാക്കുകയും അവരെ അദൃശ്യരായിരിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു. ഒരു ജെന്ററിന് തന്റെ സ്വത്വബോധം തിരിച്ച റിഞ്ഞ് കമിങ് ഔട്ട് നടത്താൻ സാമൂഹികവും സാംസ്കാരികവുമായ ചുറ്റുപാടുകൾ സമ്മതം നൽകുന്നില്ല. ഇത്തരം സാംസ്കാരികവും സാമൂഹികവുമായ അവസ്ഥയെ അതിജീവിച്ചുവരുന്നവർ ഇന്നും സമൂഹത്തിൽ നിന്ന് മാനസികമായ പ്രശ്നങ്ങൾ അനുഭവിക്കു ന്നുണ്ട്. ഹോമോഫോബിയയെ തലമുറയായി കൈമാറ്റം ചെയ്യുകയും അതിനെ പരിപാലിച്ചു പോരുകയുമാണ് സമൂഹംമാറ്റങ്ങൾക്ക് തയാറാകേ ണ്ടതുണ്ട്. ലൈംഗിക ന്യൂനപക്ഷങ്ങളോടുള്ള മനോഭാവത്തിൽ ആരോഗ്യകരമായ സമീപനം പുലർത്താൻ സമൂഹത്തെ നയിക്കേണ്ടത് ജനങ്ങളോട് ഏറ്റവും അടുത്ത് നിൽക്കുന്ന ഹ്രസ്വസിനിമ പോലുള്ള മാധ്യമങ്ങളാണ്.

**കുറിപ്പുകൾ**

1. സ്ത്രീ എഴുത്തും വിമോചനവും എന്ന പുസ്തകത്തിൽ വി. സുകുമാരൻ ഉപയോഗിച്ച വാക്ക്

**ഗ്രന്ഥസൂചി**


1. രശ്മി.ജി, അനിൽ കുമാർ. കെ .എസ്, വിമതലൈംഗികത ചരിത്രം സിദ്ധാന്തം രാഷ്ട്രീയം, ചിന്ത പബ്ലിക്കേഷൻ, തിരുവനന്തപുരം, 2016
2. സത്യൻ.പി. പി, ലൈംഗികതയുടെ ചരിത്രം, ചിന്ത പബ്ലിക്കേഷൻ, തിരുവനന്തപുരം, 2014
3. സുകുമാരൻ.വി, സ്ത്രീ എഴുത്തും വിമോചനവും, ചിന്ത പബ്ലിക്കേഷൻ, തിരുവനന്തപുരം, 2011
4. സെബാസ്റ്റ്യൻ. കെ. സി, പരസ്പരം പ്രണയിക്കുന്ന സ്ത്രീകൾ, പ്രണത ബുക്സ്, കൊച്ചി, 2003


**ആനുകാലിക ഗ്രന്ഥസൂചി**


1. എതിരൻ കതിരവൻ, സ്വവർഗാനുരാഗം ഭ്രൂണത്തിന്റെ തീരുമാനമാണ്, മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2009 ജൂലൈ 20
2. താഹിർ ഇജാസ്, സ്വവർഗാനുരാഗം: ജൈവീകമോ സാമൂഹികമോ?, മാധ്യമം ആഴ്ചപ്പതിപ്പ് , 2009 ജൂലൈ


**ഫിലിമോഗ്രാഫി**


- അനുസ്റ്റോറി ഓഫ് എ ലെസ്ബിയൻ ഗേൾ https://www.youtube.com/watch?v=RPm0UwLgKdY
- അന്താദി – https://www.youtube.com/watch?v=sTt99CjUAL8
- ദി നോഷൻ https://www.youtube.com/watch?v=19802jJ1rC0&feature=youtu.be

# മലയാളചെറുകഥയിലെ ജീവപരിസരം എസ്. ഹരീഷിന്റെ ആദം എന്ന കഥയെ മുൻനിർത്തി ഒരുപഠനം

**ആരതി ജോസഫ്**
ഗവേഷക
മലയാളവിഭാഗം, കാര്യവട്ടംക്യാമ്പസ്

**താക്കോൽവാക്ക്**

ജീവപരിസരം

**ആമുഖം**

സാഹിത്യം മനുഷ്യർക്കിടയിലെ ചെറുകണികകളെപ്പോലും പ്രതിനിധീകരിക്കാൻ കെൽപ്പുള്ളതാണ്. ഇന്നത് മനുഷ്യ കേന്ദ്രിതമായ ഇടങ്ങൾക്കു പിന്നിലെ ജീവപരിസരത്തെക്കൂടി അടയാളപ്പെടുത്തുന്നു. സവിശേഷബുദ്ധിയുള്ള മനുഷ്യർ എന്നർത്ഥം വരുന്ന ഹോമോസാ പിയൻസിന്റെ പ്രയാണ ത്തോടൊപ്പം മറ്റുപല ജീവജാലങ്ങളും ഭൂമിയിൽ സഞ്ചരിച്ചെത്തിയിട്ടുണ്ട് എന്ന കാര്യത്തിൽ തർക്കമില്ല. പ്രകൃതിയിൽ മറ്റു ജീവജാതികൾക്കൊപ്പം അതിവസിക്കുന്ന ഒരു ജീവിവർഗമാണു മനുഷ്യർ എന്ന തിരിച്ചറിവിലേക്കുകൂടി ശാസ്ത്രലോകം വന്നുകഴിഞ്ഞു. സാഹിത്യത്തിലും ഇത്തരം കണ്ടെത്തലുകൾ മുന്നോട്ടുവയ്ക്കുന്ന മാറ്റങ്ങൾ കണ്ടുതുടങ്ങി എന്ന് വ്യക്തമാണ്.

സാഹിത്യത്തിന്റെ പിന്നോട്ടുള്ള വായനയിലും മനുഷ്യർക്കൊപ്പം തന്നെ ഉരിത്തിരിഞ്ഞുവന്ന ധാരാളം ജീവവ ർഗങ്ങളെ കണ്ടെടുക്കുവാനും ഇത്തരം വ്യത്യസ്ത ജീവജാതികൾ കൂടിച്ചേർന്ന വളരെ വിപുലമായൊരു ജീവിപരിസരം സാഹിത്യത്തിൽ തന്നെ ഏറ്റവും ജനപ്രിയമേഖലയായ ചെറുകഥാസാഹിത്യം മുന്നോട്ടുവയ്ക്കുന്നു. ചെറുകഥ ഉൾപ്പെടെയുള്ള സാഹിത്യത്തെ അതിന്റെ സൂക്ഷ്മവായനയിൽ മനുഷ്യജീവിതാ

വിഷ്ക്കാരം മാത്രമായി കാണാൻ സാധിക്കില്ല. അവ അറിഞ്ഞോ അറിയാതെയോ ചുറ്റുമുള്ള ജീവജാലങ്ങളെക്കൂടി പ്രതിനിധീകരിക്കുന്നു. ആദ്യകാലപുരാണകഥകൾ തുടങ്ങി ഇന്നുവരെ എഴുതപ്പെട്ട സാഹിത്യകൃതികളടക്കം ജീവജാലങ്ങളുടെ പ്രാതിനിധ്യം പ്രകടമാണ്. അതുകൊണ്ടുതന്നെ സാഹിത്യത്തിലെ മനുഷ്യപ്രകൃതിക്ക് പുറമേ ജീവപ്രകൃതിയേയും അവലോകനം ചെയ്യുക എന്നത് വളരെപ്രധാനമാണ്. കാരണം സാഹിത്യം അത്രകണ്ട് ജീവവൈവിധ്യത്താൽ ചിട്ടപ്പെടുത്തപ്പെട്ടിരിക്കുന്നു. അതുകൊണ്ടുതന്നെ മനുഷ്യന്റേതുമാത്രമായ ഒരു കഥാപരിസരത്തിന് പുറമെ ഇതര ജീവവർഗങ്ങളുടെ ചുറ്റുപാടുകളെ അവലോകനം ചെയ്യുന്നതാണ് ഈ പ്രബന്ധം. ചെറുകഥ മുന്നോട്ടുവയ്ക്കുന്ന ജീവപരിസരത്തെ സൂക്ഷ്മമായി നിർവ്വചിക്കാൻ എസ്. ഹരീഷിന്റെ ആദം എന്ന കഥയെ പ്രത്യേകമായെടുത്തു പഠിക്കുന്നു.

**മലയാളചെറുകഥകളിലെ ജീവപരിസരം: ആദ്യകാലം മുതൽ സമകാലികം വരെ**

പ്രകൃതിയിൽ നാം അറിയാത്ത അനേകം ജീവജാലങ്ങളുണ്ട്. അവ നമ്മളറിയാതെ നമുക്കുവേണ്ടി ജോലിചെയ്യുന്നു. അതുകൊണ്ടുതന്നെ പ്രകൃതിയുടെ സ്വാഭാവിക ആവാസവ്യവസ്ഥയിൽ ഒരു ചെറുജീവാണുവും പ്രധാനമാണ്. ഇവയോരോന്നുമാണ് ഭൂമിയിൽ ആവാസവ്യവസ്ഥയുടെ സന്തുലനം നിലനിർത്തുന്നത്. എന്തിനേറെപ്പറയുന്നു ഒരു പരിസ്ഥിതി സംവിധാനത്തിൽ (ecosystem) ജീവനുള്ള ഘടകങ്ങളെപ്പോലെതന്നെ അജൈവഘടകങ്ങളും പ്രധാനമാണ്. ഇത്തരം ഘടകങ്ങൾ തമ്മിലുള്ള വിനിമയസാധ്യതകൾ വ്യത്യസ്ത വിജ്ഞാനമേഖലകൾ അംഗീകരിച്ചുകഴിഞ്ഞു. ഓരോ സംവിധാനത്തിലും തുടർച്ചയായി വിവിധതരത്തിലുള്ള പ്രതിവിനിമയങ്ങൾ നടക്കുന്നുണ്ട്. ഇത് ജീവികൾ തമ്മിൽ മാത്രമല്ല ജൈവികവും അജൈവികവുമായവയും തമ്മിലും സംഭവിക്കുന്നു[1] ഇത്തരം വിനിമയസാധ്യതകളെ നിരാകരിച്ചുകൊണ്ട് സാഹിത്യം ഉൾപ്പെടെയുള്ള ജ്ഞാനമേഖലകൾക്ക് നിലനിൽക്കാനാവില്ല. അതുകൊണ്ടുതന്നെ സാഹിത്യം ഒരുത്തിരിഞ്ഞുവന്ന കാലംമുതൽ ഇന്നുവരെ സാഹിതീയ വർത്തമാനങ്ങൾക്കിടയിൽ വ്യത്യസ്ത ജീവിവർഗങ്ങളും കയറിവരുന്നു.

മനുഷ്യർ ഒത്തുചേർന്നിരുന്ന ഇടങ്ങളിൽ എല്ലാം വിവിധങ്ങളായ കഥകളും പ്രചരിച്ചിരുന്നു. പ്രകൃതിയോടും ജീവജാലങ്ങളോടും ബന്ധപ്പെട്ടു കഴിഞ്ഞിരുന്ന ആദിമ മനുഷ്യരുടെ കഥകളിൽ ജീവികളും സ്ഥിരസാന്നിധ്യമായി എന്നതിൽ അത്ഭുതപ്പെടാനില്ല. ഒരുപക്ഷേ

ജീവികളുമായുള്ള മനുഷ്യന്റെ പരസ്പരാശ്രിതമായ നിലനിൽപ്പായിരിക്കാം ഇതിന് കാരണമായിത്തീർന്നത്. ചുരുക്കത്തിൽ കഥകേൾക്കാനും പറയാനുമുള്ള താല്പര്യം മനുഷ്യസഹജമാണെന്നിരിക്കെ ചെറുകഥകളുടെ ചരിത്രത്തിന് മനുഷ്യരുടെയും മൃഗങ്ങളുടെയും ആവിർഭാഗത്തോളം പഴക്കമുണ്ട്. ഒറ്റനോട്ടത്തിൽ ചെറുകഥ മനുഷ്യജീവിതപ്രശ്നങ്ങളെ ആവിഷ്കരിക്കാനുള്ള മാധ്യമമായി തോന്നിയേക്കാം. എന്നാൽ കഥാസാഹിത്യം അറിഞ്ഞോ അറിയാതെയോ മനുഷ്യർക്ക് ചുറ്റുമുള്ള ജീവപരിസരത്തെകൂടി അടയാളപ്പെടുത്തുന്നു. മലയാളത്തിലെ ആദ്യകാലകഥകൾ എന്ന് വിലയിരുത്തപ്പെട്ട പലകഥകളും തികച്ചും മാനുഷികമായ പ്രശ്നങ്ങളിലേക്ക് നോക്കിയപ്പോൾ നവോത്ഥാന കഥകളിൽ വിനോദത്തിന്റെ ഭാഗമായെങ്കിലും ജീവികൾ പ്രത്യക്ഷപ്പെട്ടുതുടങ്ങി. മൂർക്കോത്ത് കുമാരന്റെ നരിയക്കുന്നവെടി സി. എസ്. ഗോപാലപ്പണിക്കരുടെ മുതലനായാട്ട്  കെ. സുകുമാരന്റെ ആനനായാട്ട് തുടങ്ങിയകഥകൾ ഇതിനുദാഹരണമാണ്. ചെറുകഥ ഇന്നലെ ഇന്ന് എന്ന പുസ്തകത്തിൽ എം. അച്യുതൻ നമ്മുടെ ആദ്യകാലകഥകളിൽ ചില നായാട്ട് കഥകളുമുണ്ട് എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. ചെറുകഥയുടെ തുടക്കകാലങ്ങളിൽ മൃഗരൂപവും മനുഷ്യസ്വഭാവവും പ്രകടിപ്പിച്ചുകൊണ്ട് ഗുണപാഠങ്ങളുടെ ഉപദേശകരായിരുന്ന ജീവികൾ കുറച്ചധികനാളുകൾക്കുശേഷം വേട്ടയാടപ്പെടേണ്ടവരായി ചിത്രീകരിക്കപ്പെട്ടു. ഇവിടെ മനുഷ്യജീവിതസുഖങ്ങൾക്കും വിനോദത്തിനും മാത്രമാണ് പ്രാമുഖ്യം ലഭിച്ചത്. തുടർന്ന് സാമുദായികവിമർശനം ലക്ഷ്യമാക്കിക്കൊണ്ടുള്ള ധാരാളം കഥകൾ പുറത്തുവന്നു. മനുഷ്യജീവിതപ്രശ്നങ്ങളുടെ യഥാർത്ഥമായ ആവിഷ്കരണമേ ഇത്തരം ചെറുകഥകൾ ലക്ഷ്യമാക്കിയിരുന്നുള്ളൂ. വീണ്ടും മനുഷ്യരും മറ്റുജീവജാലങ്ങളും തമ്മിലുള്ള ബന്ധത്തിന്റെ വ്യത്യസ്തതലങ്ങൾ അവതരിപ്പിക്കാൻ ശ്രമിച്ചത് നവോത്ഥാനകാല എഴുത്തുകാരാണ്. സാഹിത്യം ഒരു വ്യക്തിയുടെ മാത്രം സൃഷ്ടിയല്ല സമൂഹത്തിന്റെ കൂടിയാണ് എന്നചിന്ത സാഹിത്യപ്രസ്ഥാനങ്ങളിലും കാര്യമായ മാറ്റമുണ്ടാക്കുന്നു. ഇതിന്റെ ഫലമായാവാം മനുഷ്യന്റെ സാമൂഹ്യജീവിതവുമായി ബന്ധപ്പെട്ടു നിൽക്കുന്ന ജീവികളും കഥകൾക്ക് വിഷയമായി.

പതിനെട്ടാം നൂറ്റാണ്ടിന്റെ അവസാനത്തോടെ മനുഷ്യരും ജീവജാലങ്ങളും തമ്മിലുള്ള അടുപ്പം സമൂലമായ പരിവർത്തനത്തിന് വിധേയമായി.  മനുഷ്യരും മറ്റ് ജീവികളും തമ്മിലുള്ള ബന്ധത്തിന്റെ ചരിത്രം പഠിക്കുന്ന മിക്കപണ്ഡിതന്മാരും വ്യാവസായിക ആധുനികതയുടെ ആവിർഭാവം മൃഗങ്ങളുടെ ചരിത്രത്തിൽ നിർണായകമായിരുന്നു.

എന്ന് അഭിപ്രായപ്പെടുന്നു. വ്യവസായിക വിപ്ലവത്തോടെ ഉണ്ടായ സാമ്പത്തികമാറ്റം, സാങ്കേതികവിദ്യയുടെ വളർച്ച, ജനസംഖ്യാവ്യതിയാനം എന്നിവ ജീവജാലങ്ങളെ മനുഷ്കൃത്രിമത്വത്തിന്റെ വസ്തുക്കളാക്കി മാറ്റി. ഇത് മൃഗങ്ങളെ വന്യമൃഗങ്ങളെന്നും വളർത്തുമൃഗങ്ങളെന്നുമുള്ള വേർതിരിവുകൾക്ക് കാരണമായി. ഇത്തരമൊരു സാഹചര്യത്തിലാവാം മലയാളത്തിലെ നവോത്ഥാനകാല എഴുത്തുകാരും വളർത്തുമൃഗങ്ങളായി പരിഗണിച്ചു പോന്നിരുന്ന ജീവികളെ തങ്ങളുടെ കഥകളിൽ ഉൾപ്പെടുത്തി തുടങ്ങിയത്. തകഴിയുടെ വെള്ളപ്പൊക്കത്തിലെ നായ, ലളിതാംബിക അന്തർജ്ജനത്തിന്റെ മാണിക്കൻ, പൊൻകുന്നംവർക്കിയുടെ കണ്ണൻ എന്ന കാള എന്നിവരാണ് മലയാളത്തിലെ ശ്രദ്ധേയരായ മൃഗകഥാപാത്രങ്ങൾ.

ആധുനികകഥാ സാഹിത്യം പ്രകൃതിയിലെ ജീവജാലങ്ങളെ മാറിനിന്ന് വീക്ഷിക്കാതെ കുറച്ചുകൂടി അടുത്ത് അവരുടെ തന്നെ മാനസികഭാവങ്ങളിലൂടെ കഥപറയുന്നു. ഇത്തരത്തിൽ ജന്തുക്കളും മൃഗങ്ങളും മനുഷ്യരും അടങ്ങുന്ന ജീവലോകത്തെ തന്റെ കഥപറച്ചി ലുകൾക്ക് വിഷയമാക്കിയ എഴുത്തുകാരനാണ് ടി. പത്മനാഭൻ. ശേഖുട്ടി, കത്തുന്ന ഒരു രഥചക്രം, ഹാരിസൺ സാഹിബിന്റെ നായ, പൂച്ചക്കുട്ടി കളുടെ വീട് തുടങ്ങിയ കഥകൾ ഉദാഹരണം. ജീവികളിൽ മനുഷ്യപ്രകൃതി ആരോപിക്കാതെ അവരുടെ സ്വാഭാവിക ജീവിതത്തെ വളരെ തന്മയ ത്വത്തോടെ ആവിഷ്കരിക്കാനാണ് ടി. പത്മനാഭൻ ശ്രമിക്കുന്നത്. മനുഷ്യജീവിതാവസ്ഥകളിൽ വന്നുഭവിക്കുന്ന സംഘർഷങ്ങളുടെ വർത്തമാനം പറയാൻ തുനിയുന്ന എഴുത്തുകാരനാണ് എം. ടി. വാസുദേവൻനായർ. അദ്ദേഹത്തിന്റെ ഷെർലക്ക് എന്ന കഥയിൽ പൂച്ചയാണ് കേന്ദ്രകഥാപാത്രം. പിന്നീട് ഇങ്ങോട്ട് സക്കറിയ എന്ന കഥാകാരൻ സൃഷ്ടിച്ചെടുത്ത ജീവപരിസരം അന്നുവരെ തുടർന്നുവന്ന ഭാവനലോകത്തെവരെ പൊളിച്ചെഴുതാൻ തക്കതായിരുന്നു. തേൻ, ഒരു നസ്രാണി യുവാവും ഗൗളിശാസ്ത്രവും, ശാന്തനുവിന്റെ പക്ഷികൾ, പ്രപഞ്ചത്തിന്റെ അവശിഷ്ടങ്ങൾ, ഒരു പിടക്കോഴിയുടെ ആസന്ന മരണചിന്തകൾ, വല തുടങ്ങിയവയാണ് സക്കറിയ സൃഷ്ടിച്ചെടുത്ത കഥകൾ.

സക്കറിയയിൽ നിന്നും വ്യത്യസ്തമായി എസ്. വി. വേണുഗോപൻ നായരിലേത്തുമ്പോൾ മനുഷ്യരും ജീവികളും തമ്മിലുള്ള ബന്ധം കുറച്ചുകൂടി ദൃഢമായി ചെറുകഥകളിൽ ആവിഷ്കരിക്ക പ്പെട്ടുതുടങ്ങി. നാടോടി കഥാപാരമ്പര്യത്തിൽ തെറ്റിദ്ധരിക്കപ്പെട്ടുപോയ പലമൃഗങ്ങളു ടെയും വീണ്ടെടുപ്പ് എസ്.വി. വേണുഗോപൻനായരുടെ കഥകൾ സാധ്യമാക്കുന്നുണ്ട്. ആമയും മുയലും ഒരിക്കൽക്കൂടി, പല്ലി, എലിയും

മണിയും തുടങ്ങിയ കഥകൾ ജീവജാലങ്ങളെ അവയുടെ സ്വാഭാവിക പരിസരങ്ങളിൽ അവതരിപ്പിക്കുന്നു.

സമകാലികരായ എഴുത്തുകാർ മൃഗജീവിതങ്ങളിൽ മനുഷ്യ പ്രകൃതി ആരോപിക്കാതെ അവരുടെ സ്വഭാവിക പ്രകൃതി തേടിപോകുന്നു. മനുഷ്യസമൂഹത്തിൽ അരികു വൽക്കരിക്കപ്പെടുന്ന ജീവജാലങ്ങൾ പുതുകഥകൾക്ക് ഇതിവൃത്തമാകുന്നു. സാഹിത്യത്തിലുടനീളം തെറ്റിദ്ധരിക്കലുകൾക്ക് വിധേയമായ ജീവപ്രകൃതി ഇതോടെ തിരുത്തിവായിക്കപ്പെടുന്നു. അതുകൊണ്ടുതന്നെ ജൈവികമായ സൂക്ഷ്മതകളിലേക്ക് കടന്നുചെന്നുകൊണ്ട് മനുഷ്യന്റെതല്ലാത്ത ഒരു സ്വത്വനിർമ്മിതി ജീവിവർഗ്ഗങ്ങൾക്കുണ്ടെന്ന് സ്ഥാപിക്കാൻ സമകാലിക ചെറുകഥകൾക്ക് സാധിക്കുന്നു. ഇത്തരത്തിൽ നായയിലെ ജീവപ്രകൃതിയെ വിശകലന വിധേയമാക്കുന്ന എസ്. ഹരീഷിന്റെ ചെറുകഥയാണ് ആദം.

**ഏകാന്തതയും മനുഷ്യേതരജീവികളും**

ആദം ജീവിതത്തിൽ തനിച്ചായിപ്പോകുന്ന മനുഷ്യരുടെയും മൃഗങ്ങളുടെയും കൂടി കഥപറയുന്നു. മനുഷ്യ-മൃഗ ബന്ധത്തിന്റെ ചരിത്രം പരിശോധിക്കുമ്പോൾ മനുഷ്യർ അവരുടെ ഏകാന്തതയ്ക്കു പരിഹാരമായും മൃഗങ്ങളെ വളർത്തിയിരുന്നതായി കാണാം. ഇതിനായി ഏറ്റവും കൂടുതൽ ഉപയോഗിക്കപ്പെട്ട ജീവി നായയാണ്. കുറുപ്പും നൂറിനെ വീട്ടിലേക്ക് കൊണ്ടുവരുന്നത് തന്റെ പട്ടാളജീവിതത്തിന് ശേഷമുള്ള ഏകാന്തത ഒഴിവാക്കാനായിരിക്കാം. കുറുപ്പിന്റെ വീട്ടിൽ അദ്ദേഹത്തെ മാത്രമേ ആ നായ ഗൗനിക്കുന്നുള്ളൂ. അതുപോലെതന്നെ നൂറിന്റെ മക്കളിൽ കാർഡിയും ജോർദാനും ചില അവസരങ്ങളിൽ ആണെങ്കിലും മനുഷ്യന്റെ ഒറ്റപ്പെട്ട ജീവിതത്തിന് പരിഹാരമാകുന്നുണ്ട്.

കാൻഡിയും ജോർദാനും കാലങ്ങളായി മനുഷ്യനെ സ്നേഹിക്കാനും വീടുകാക്കാനുമായി ഉപയോഗിക്കപ്പെടുന്ന രണ്ട് ജീവനുകളായാണ് പരിണമിക്കുന്നത്. എന്നാൽ മനുഷ്യർ അവരോട് കാട്ടുന്ന സ്നേഹപ്രകടനങ്ങൾക്ക് അധികംനാൾ ആയുസ്സുണ്ടായിരുന്നില്ല. കാൻഡിയുടെ യജമാനനായ ഡോ. കമലേഷും ഉപയോഗശേഷം അവന് മരണമാണ് വിധിക്കുന്നത്. എന്നാൽ ഒരുകാലത്ത് കാൻഡി അയാളുടെ ജീവിതശീലങ്ങളെ ആകെ മാറ്റിമറിച്ചിരുന്നു. എനിക്കൊരു ബന്ധുവേയുള്ളൂ. മൈ ബ്രദർ; ഹി ഈസ് എ ഡോഗ്[3] കമലേഷിന്റെ വാക്കുകൾ ഇതിന് തെളിവാണ്. അവർ വളരെയധികം സ്നേഹത്തിലാണ് കഴിഞ്ഞിരുന്നത്. എന്നാൽ കമലേഷ് ഒരു കുടുംബജീവിതത്തിലേക്ക്

കടക്കുന്നതോടെ കാൻഡി ഉപയോഗമില്ലാത്ത ഒരു വസ്തുവായി മാറി. വീട്ടകങ്ങളിൽ മൃഗങ്ങൾ അനുഭവിക്കുന്ന ചൂഷണത്തിന് തെളിവാണിത്. എന്നാൽ ഡോക്ടറും കുടുംബവും ഉപേക്ഷിച്ചു പോകുന്ന അവസരത്തിലും നിഷ്കളങ്കനായ ആ ജന്തു യജമാനന്റെ ക്ഷേമത്തിനുവേണ്ടി മാത്രമാണ് ആഗ്രഹിക്കുന്നത്. ഇതിലൂടെ നായ മനുഷ്യരോട് കാട്ടുന്ന സ്നേഹത്തിന്റെ ആഴം വ്യക്തമാക്കാൻ എഴുത്തുകാരൻ ശ്രമിക്കുന്നു.

കാൻഡിക്കുശേഷം കർഷക കോൺഗ്രസ് ജില്ലാപ്രസിഡന്റ് ഐസക് തോമസിന്റെ പെങ്ങളുടെ മകൻ റോയിക്കാണ് കുറുപ്പ് അടുത്ത നായക്കുഞ്ഞിനെ കൈമാറുന്നത്. റോയി അവന് ജോർദാൻ എന്ന് പേരിട്ടു. നൂറിന്റെ മക്കളിൽ ഏറ്റവും കൂടുതൽ സുഖസൗകര്യങ്ങൾ ലഭിച്ചിരുന്നത് ജോർദാനാണ് എന്ന് കഥയുടെ തുടക്കത്തിൽ തോന്നിയേക്കാം. എന്നാൽ മതിൽക്കെട്ടിനുള്ളിൽ അവന് അനുഭവിക്കേണ്ടിവരുന്ന ഒറ്റപ്പെടൽ മനുഷ്യർക്ക് ഒരിക്കലും മനസ്സിലാകുന്നതല്ല. ഇവിടെ എഴുത്തുകാരൻ നായയുടെ ഭാഗത്ത് നിന്ന് ചിന്തിക്കുന്നു. അതുകൊണ്ടാവാം ജോർദാന് തനിക്ക് മുൻപിലുള്ള മതിൽക്കെട്ടുകൾ ഭേദിച്ച് സ്വാതന്ത്ര്യത്തിലേക്ക് ഓടിമറയാനുള്ള അവസരം കഥാകൃത്ത് നൽകുന്നത്. എന്നാൽ തന്റെ ജീവിതത്തിലെ മനുഷ്യരെ ഒന്ന് തിരിഞ്ഞുനോക്കി മലയിറങ്ങുന്ന ജോർദാന് പിന്നീടെന്ത്സംഭവിച്ചു എന്ന് കഥയിലെവിടെയും പറയുന്നില്ല. മൃഗങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കാനുള്ള മടങ്ങിപ്പോക്കായി ജോർദാന്റെ ഒളിച്ചോട്ടത്തെ വിലയിരുത്താം. എന്നാൽ ജോർദാന്റെ സ്ഥാനത്ത് മറ്റൊരുനായയെ പ്രതിഷ്ഠിച്ചുകൊണ്ടാണ് യജമാനൻ റോയി ഈ പ്രശ്നത്തിന് പരിഹാരം കാണുന്നത് എന്നതും ശ്രദ്ധേയമാണ്.

ജോർദാനിൽനിന്നും വ്യത്യസ്തനായി മനുഷ്യരുടെ അധികാര വിനിയോഗങ്ങളിൽ വരെ കൈകടത്താൻ അവകാശമുള്ള നായകകഥാ പാത്രമാണ് വിക്ടർ. ഒരുവേള വിക്ടർ ആയിരിക്കാം കഥയിലെ കേന്ദ്രകഥാ പാത്രം എന്നുപോലും വായനക്കാർക്ക് തോന്നിയേക്കാം. എന്നാൽ ബഷീറിന്റെ ടൈഗറിലെ നായയെപോലെ മൃഗരൂപവും മനുഷ്യസ്വഭാവ വുമുള്ള പോലീസുകാരന്റെ പ്രതീകമായിമാത്രം വിക്ടർ ഒതുങ്ങുന്നു. ഇവർ മുഴുവനും ആശ്രിതത്വത്തിന്റെ തണലിൽ അകപ്പെട്ടു പോകുമ്പോഴും ആദം സ്വന്തം ചങ്ങലകൾ പൊട്ടിച്ചെറിഞ്ഞ് കഥയിലെ നായകത്വം കയ്യാളുന്നു മുണ്ട്.

എന്നാൽ തന്റെ നായത്വത്തിൽ ഉറച്ചുനിൽക്കുന്ന കഥാപാത്രമാണെ ങ്കിലും ഒറ്റപ്പെടലിന്റെ നോവറിഞ്ഞിട്ടുള്ളവനാണ് ആദവും. ആദത്തിന് ഒരുനേരത്തെ വിശപ്പടക്കാനായി മീൻപള്ളത്തികൾ എറിഞ്ഞുകൊടുക്കുന്ന

മത്സ്യബന്ധനതൊഴിലാളി മാത്രമാണ് അവന്റെ വേദന തിരിച്ചറിയുന്നത്. കാരണം പീഡിതനായ നായക്കുട്ടിയെപോലെ അയാൾക്കും ഏറെ സഹോദരന്മാർ ഉണ്ടായിരുന്നു.[4] അവർക്കിടയിൽ സാമ്പത്തികവും തൊഴിൽപരവുമായ വേർതിരിവുകൾ വന്നുതുടങ്ങിയതിനാലാവാം മീൻപിടുത്തക്കാരനായ ഒരാൾമാത്രം വീട്ടിലെ വിശേഷ അവസരങ്ങൾക്ക് പോലും ക്ഷണിക്കപ്പെടാത്തവനായി മാറി. ആദവും എല്ലാം ഉണ്ടായിരുന്നിടത്ത് നിന്നും പെട്ടെന്നൊരു നിമിഷം ഇല്ലായ്മയിലേക്ക് വന്നവനാണ്. അതേസമയം ആദത്തിനുമാത്രമേ ബെൽജിയം ബാലനോയിസ് എന്ന സ്വന്തം നായവംശത്തിന്റെ തലമുറ നിലനിർത്താനുള്ള അവസരം ലഭിക്കുന്നുള്ളൂ. ആദം താൻ സ്വതന്ത്രനാണെന്ന് മനസ്സിലാക്കുന്ന ദിവസം ആഹ്ലാദത്താൽ ഭ്രാന്തുപിടിച്ച് പേ ഇളകി എന്ന് തോന്നിക്കും മട്ടിൽ വാൽകാലുകൾക്കിടയിലാക്കി നാടെങ്ങും ഓടിനടന്നു. രണ്ടു മനുഷ്യരെയും ഒരു പശുവിനെയും കടിച്ചു[5] കാൻഡിയെയും ജോർദാനെയും വികൂറിനെയും കൊണ്ട് സാധിക്കാത്തത് ആദത്തിന് കഴിയുന്നു. പട്ടിപിടുത്തക്കാർക്ക് പോലും അവനൊരു ഭീഷണിയായി മാറി. പട്ടിപിടുത്തക്കാർ കൊന്ന തന്റെ സഹജീവികൾക്ക് പകരമായി ആദം അനേകം കുഞ്ഞുങ്ങളെ ജനിപ്പിച്ചു. അവർ ഈ മണ്ണിലെ ഒരുവംശത്തിന്റെ അനന്തരതലമുറകളായി സ്വൈര്യവിഹാരം നടത്തുന്നു. ഒടുവിൽ കുറുപ്പിന്റെ വീട്ടിൽ ഏകനായി കഴിയാൻ തീരുമാനിക്കുന്ന കുറുപ്പിന്റെ മകൻ അഖിലേഷിന് കൂട്ടായിവരുന്നതും ആദത്തിന്റെ സന്താന പരമ്പരയിലെ നായതന്നെയാണ്. ഇങ്ങനെ മനുഷ്യരുടെ ഏകാന്തതയിൽ ആശ്വാസമായി നായ്ക്കളുടെ ജീവിതം തുടർന്നുകൊണ്ടേയിരിക്കുന്നു.

**വികൂർ എന്ന മനുഷ്യപ്രതീകം**

നൂറിന്റെ നാല് മക്കളിൽ ഏറ്റവും പേരെടുത്തത് പോലീസ്സേനക്ക് കുറിപ്പ് സമ്മാനിച്ച വികൂർ എന്ന നായയാണ്. വികൂറിൽ നായത്വത്തെക്കാളേറെ മാനുഷികഭാവമാണ് മുന്നിൽനിൽക്കുന്നത്. അതുകൊണ്ടാവാം പോലീസ്സേനയിൽ വികൂർക്ക് ആദ്യഘട്ടപരിശീലനം നൽകാൻ വരുന്ന സുന്ദരൻനാടാരെ അവൻ അനുസരിക്കാതെ പോകുന്നത്. ആദ്യഘട്ടത്തിൽ പ്രലോഭനവും രണ്ടാംഘട്ടത്തിൽ ശിക്ഷയും നൽകിയിട്ടും അവൻ സുന്ദരൻനാടാരെ അനുസരിച്ചില്ല. മാത്രമല്ല മീശയ്ക്ക് പിന്നിൽ ഭീരുവിനെ ഒളിപ്പിച്ചുവെച്ച ആ പാവം പോലീസുകാരൻ ഒരു ഭൃത്യനെ പോലെയാണ് വികൂറിന് മുൻപിൽ നടന്നത്[6] വികൂർക്ക് പോലീസ് സേനയുടെ അധികാരകേന്ദ്രങ്ങളുമായി രഹസ്യബന്ധമുണ്ടെന്ന് വരെ സഹപ്രവർത്തകരായ പോലീസുകാർ

കരുതുന്നു. എന്നാൽ വിക്ടറിനെ അധികാരവിനിയോഗത്തിനുള്ള ഒരു ഉപകരണമായി മാത്രമാണ് അവർ കണ്ടത്. അതുകൊണ്ടാവാം ഇൻസ്പെക്ടർ സർവീസിൽനിന്നും പിരിച്ചുവിടുന്നതിന്റെ പിറ്റേന്ന് വിക്ടർ വധിക്കപ്പെടുന്നത്. ജീവനോടെ തോലുരിച്ചതിന്റെയും കണ്ണ് ചൂഴ്ന്നെടുത്തതിന്റെയും അടയാളങ്ങൾ അവന്റെ ശരീരത്തിൽ ഉണ്ടായിരുന്നു. ഇവിടെ അധികാരം മുതലാളിത്തത്തിന് അടിപ്പെട്ട് ഒടുവിൽ സ്വന്തം ജീവൻതന്നെ ബലികഴിക്കേണ്ടിവരുന്ന തൊഴിലാളി വർഗ്ഗത്തിന്റെ പ്രതിനിധിയാണ് വിക്ടർ എന്ന നായ.

മാത്രമല്ല അധികാരകേന്ദ്രങ്ങൾക്ക് പുറത്ത് ഒന്നുമല്ലാതായിതീരുന്ന പോലീസുകാരുടെ പ്രതീകം കൂടിയായി വിക്ടർ മാറുന്നുണ്ട്. അതുകൊണ്ടാണ് ദാരുണമായി അവൻ കൊലചെയ്യപ്പെടുന്നത്. കഥയുടെ ആദ്യഭാഗത്ത് കുറുപ്പ് തന്റെ നായയെ ഇനി ആരും പട്ടി എന്ന് വിളിക്കരുതെന്ന് പറയുന്നതിലൂടെ നായയുടെ നായകത്വത്തെ എഴുത്തുകാരൻ തന്നെ നിരാകരിക്കുന്നുമുണ്ട്. ചുരുക്കത്തിൽ ആദത്തിലെ നായകഥാപാത്രങ്ങളെല്ലാം മൃഗപരമായ ചോദനകൾ ഉള്ളവരല്ല. അവരിൽ ചിലരെങ്കിലും മനുഷ്യജീവിതഅനുഭവങ്ങളെ പ്രതീകവൽക്കരിക്കുന്നതിനായി എഴുത്തുകാരൻ ബോധപൂർവ്വം നിർമ്മിച്ചിട്ടുള്ള കഥാപാത്രങ്ങളാണ്. അതായത് പലപ്പോഴും മലയാളത്തിലെ ആദ്യകാല ചെറുകഥയിലെ ജീവപ്രകൃതി മനുഷ്യരിലേക്ക്മാത്രം ഒതുങ്ങിപ്പോയിരുന്നു എന്ന കാര്യത്തിൽ തർക്കമില്ല. അതേസമയം മനുഷ്യരോടൊപ്പം ദൈനംദിന ജീവിതത്തിൽ ഇടപെട്ടുകൊണ്ടിരിക്കുന്ന ജീവജാലങ്ങൾ സമകാലിക ചെറുകഥകളിൽ ബോധപൂർവ്വമല്ലാതെതന്നെ അവരുടേതായ സ്ഥാനം ഉറപ്പിക്കുന്നു. അതുകൊണ്ടുതന്നെ പുതുകാലകഥകൾ ജീവജാലങ്ങളെ അവയുടെ സ്വാഭാവികപ്രകൃതിയിൽ അവതരിപ്പിക്കാൻ മുതിരുന്നതിന് തെളിവായി ആദം എന്നചെറുകഥയെ ചൂണ്ടിക്കാട്ടാം.

**കുറിപ്പുകൾ**


1. ക്രിസ്വില്യംസ്, പരിസ്ഥിതിയും സോഷ്യലിസവും, പുറം 912
2. Mario ortiz Robles, Literature and animal studies, പുറം:5
3. എസ്. ഹരീഷ്, ആദം, പുറം 18
4. അതേപുസ്തകം, പുറം 20
5. അതേപുസ്തകം, പുറം:24
6. അതേപുസ്തകം, പുറം:19

**ഗ്രന്ഥസൂചി**

1. അച്യുതൻ എം., ചെറുകഥ ഇന്നലെ ഇന്ന്, ഡി.സി. ബുക്സ്, കോട്ടയം, 2016
2. ക്രിസ് വില്യംസ്, പരിസ്ഥിതിയും സോഷ്യലിസവും, രതിമേനോൻ (വിവ.), ഡി.സി. ബുക്സ്, കോട്ടയം, 2013
3. മധുസൂദനൻ ജി., കഥയും പരിസ്ഥിതിയും, കറന്റ് ബുക്സ്, കോട്ടയം, 2011
4. മേനോൻ സി .പി. (ഡോ.), മനുഷ്യപ്രകൃതി, ഡി.സി. ബുക്സ്, കോട്ടയം, 2000
5. ഹരീഷ് എസ്., ആദം, ഡി. സി. ബുക്സ്, കോട്ടയം, 2021

# പ്രവാസജീവിതത്തിന്റെ ആവിഷ്കാരം കത്തുപാട്ടുകളിൽ

**നജ മെഹ്ജബിന്. കെ.ബി.**
ഗവേഷക
മലയാളവിഭാഗം, കേരളസർവകലാശാല, കാര്യവട്ടം

**സംഗ്രഹം**

പ്രവാസം സാഹിത്യത്തിലേക്ക് പഠനമേഖലയായി കടന്നുവന്നിട്ട് കൂടുതൽ കാലമായിട്ടില്ല. കഥ, കവിത, നോവൽ, കലകൾ, സംഗീതം, സിനിമ തുടങ്ങി വിവിധമേഖലകളിൽ പ്രവാസപഠനത്തിന്റെ സാധ്യതകൾ ഇതിനോടകം ചർച്ച ചെയ്യപ്പെട്ടു കഴിഞ്ഞു. ഇതിൽ മാപ്പിളപ്പാട്ടുകളുടെ സ്ഥാനവും പരിഗണിക്കേണ്ടതാണ്. മാപ്പിളപ്പാട്ടുകളിലെ കത്തുപാട്ടെഴുത്തുകാർ പല വിഷയങ്ങളാണ് സ്വീകരിച്ചിരുന്നത്. പുലിക്കോട്ടിൽ ഹൈദറിന്റെ മറിയക്കുട്ടിയുടെ കത്തിലും ബീടരുടെ കത്തിലും പ്രവാസം വിഷയമായി വരുന്നു. പിന്നീടിങ്ങോട്ട് കത്തുപാട്ട് എന്ന സാഹിത്യരൂപത്തിന്റെ സ്വാധീനം കൊണ്ടാണ് എസ്. എ. ജമീൽ തന്റെ പാട്ടുകൾ എഴുതിയത്. രണ്ടുപേരുടെയും കത്തുപാട്ടുകൾ വ്യത്യസ്ത കാലഘട്ടത്തെയാണ് പ്രതിനിധീകരിക്കുന്നത്. എങ്കിലും പ്രവാസത്തിന്റെ ആവിഷ്കാരത്തിൽ സമാനത പുലർത്തുന്നതായി കാണാം.

**താക്കോൽവാക്കുകൾ**

ഡയസ്പോറ മാപ്പിളപ്പാട്ടുസാഹിത്യം - കത്തുപാട്ട് - പുലിക്കോട്ടിൽ ഹൈദർ - മറിയക്കുട്ടിയുടെ കത്ത് - ബീടരുടെ കത്ത് - എസ്.എ. ജമീൽ

ഒരു കായയിൽ നിന്ന് വിത്ത് ചിതറിത്തെറിച്ചതുപോലെയാണ് 'ഡയസ്പോറ'എന്ന പദത്തിന്റെ അർത്ഥവ്യാപ്തി. പുരാതന ഗ്രീക്ക്

പദമായ 'ഡയസ്പീറോ' (Dia speiro) എന്ന പദത്തിൽ നിന്നാണ് ഡയസ്പോറ (Diaspora)യുണ്ടാകുന്നത്. വിതയ്ക്കുക' (to sow over) എന്ന അർത്ഥമാണ് ഡയസ്പീറോയ്ക്കുക്കുള്ളത്. വിതയ്ക്കുമ്പോൾ നാനാഭാഗത്തേക്ക് ചിതറുന്ന വിത്തുകളെപ്പോലെയാണ് ലോകത്തെമ്പാടു മുള്ള മനുഷ്യർ ഡയസ്പോറയ്ക്ക് കീഴിൽ വരുന്നത്. 'ജന്മനാട്ടിൽ നിന്നുള്ള വിട്ടുതാമസം' എന്നാണ് ഡയസ്പോറ എന്ന വാക്കിന്റെ അർത്ഥമായി ഉപയോഗിക്കുന്നത്. 'പ്രവാസം'എന്ന വാക്കാണ് നമുക്ക് പരിചിതം. വീടുവിട്ടുള്ള പാർപ്പ്, തല്ക്കാല വിരഹം, സ്വയമേ വിദേശത്തു പോയി പാർക്കൽ എന്നീ അർത്ഥങ്ങളാണ് പ്രവാസത്തിന് ശബ്ദതാരാ വലിയിൽ നല്കുന്നത്. ബി. സി. ആറാം നൂറ്റാണ്ടിന്റെ ആദ്യാർധത്തിലുണ്ടാ യിരുന്ന ഹെലനിക് ലോകത്തിലെ ഗ്രീക്കുകാരെയും ജറുസലേമിന്റെ പതനത്തിനു ശേഷമുള്ള ജൂതരെയും അടയാളപ്പെടുത്താൻ ഡയസ്പോറ എന്ന വാക്കുപയോഗിച്ചിരുന്നു. ജന്മസ്ഥലം ഉപേക്ഷിച്ച് ബാബിലോണിയ യിലേക്ക് പലായനം ചെയ്ത് ജൂതരെ സംബോധന ചെയ്യുന്ന തരത്തിലാണ് ഇംഗ്ലീഷ് നിഘണ്ടുക്കൾ ഡയസ്പോറയ്ക്ക് അർത്ഥം നല്കുന്നത്. അറുപതുകൾക്കു ശേഷമാണ് സാമൂഹികശാസ്ത്രപഠനമേഖലയിൽ ഈ പദം/ആശയം കടന്നുവരുന്നത്. പത്തൊമ്പതാംനൂറ്റാണ്ടിൽ കാർഷിക - വ്യാവസായിക ജോലികൾക്കായി വിവിധ ദേശങ്ങളിലേക്ക് കുടിയേറുന്ന തൊഴിലാളികളുടെ വർധനവ് ലോകശ്രദ്ധയാകർഷിച്ചു. ഇരുപതാം നൂറ്റാണ്ടിലാണ് ഡയസ്പോറയെ വിശകലനം ചെയ്യുന്ന തരത്തിലുള്ള പ്രാധാന്യം അതിന് ലഭിച്ചത്. ഒരു പഠനമേഖലയായി ഡയസ്പോറ ലോകത്താകെ വ്യാപിക്കുകയും കല, സാഹിത്യം, സംസ്കാരം, ഭാഷ, ആഘോഷങ്ങൾ എന്നിവയിൽ അർത്ഥവത്തായ അന്വേഷണങ്ങൾക്ക് പ്രാരംഭം കുറിക്കുകയും ചെയ്തു. പ്രവാസപഠനത്തിന്റെ പരിധിയ്ക്കു ള്ളിൽ മാപ്പിളപ്പാട്ട് സാഹിത്യത്തിലെ കത്തുപാട്ടുകളെ ഉൾപ്പെടുത്താൻ കഴിയും.

മലയാളസാഹിത്യചരിത്രത്തിൽ സവിശേഷമായ സ്ഥാനമാണ് മാപ്പിളപ്പാട്ടുകൾക്കുള്ളത്. അതിൽത്തന്നെ കത്തുപാട്ടുകൾ വേറിട്ടു നില്ക്കുന്നു. പേരു സൂചിപ്പിക്കുന്നതുപോലെ കത്തുരൂപത്തിലുള്ള പാട്ടുകളാണ് അഥവാ പാട്ടായി രചിക്കുന്ന കത്തുകളാണ് കത്തുപാട്ടുകൾ. അതു കത്തായിട്ടു വായിക്കാനും പറ്റണം. പാട്ടായിട്ടു പാടാനും പറ്റണം എന്ന നല്ലളം ബീരാന്റെ വാക്കുകളിൽ തന്നെ കത്തുപാട്ടുകളുടെ ഘടന വ്യക്തമാണ്. മോയിൻകുട്ടി വൈദ്യർ, ചാക്കീരി മൊയ്തീൻകുട്ടി, കുഞ്ഞിക്കമ്മു മാസ്റ്റർ, ലാഹാജി, കമ്മുട്ടി മരക്കാർ, കുഞ്ഞിസീതിക്കോയ തങ്ങൾ, തറത്താലി മമ്മദ്, കുഞ്ഞാവ വൈദ്യർ എന്നിവരെല്ലാം

കത്തുപാട്ടെഴുതിയവരാണ്. പ്രേമലേഖനത്തിന് പറ്റിയ സാഹിത്യരൂപമാണ് കത്തുപാട്ടുകൾ. കത്തുപാട്ടുകളിലൂടെ ജനപ്രിയനായ കവിയാണ് പുലിക്കോട്ടിൽ ഹൈദർ. വായിൽ തോന്നുന്നതും തോന്നാത്തതുമൊക്കെ അദ്ദേഹത്തിന് പാട്ടായിരുന്നു എന്നാണ് ഹൈദറിനെക്കുറിച്ചുള്ള പരാമർശം. പാട്ടുകൾ പരിശോധിച്ചാൽ അതു ശരിയാണുതാനും. വെറുതെ രസംകൊല്ലിയായല്ല, പാട്ടുപാടി അർത്ഥം പറഞ്ഞാണ് ഹൈദർ തന്റെ സ്ഥാനം ഉറപ്പിച്ചത്. സാധാരണ പ്രയോഗത്തിലുള്ള, ലളിതമായ വാക്കുകൾക്കൊണ്ടാണ് ഹൈദർ പാട്ടുമെനഞ്ഞിരുന്നത്. മാപ്പിളപ്പാട്ടുകാർക്കിടയിലെ പച്ചമലയാളക്കാരൻ എന്ന വിശേഷണം അതുകൊണ്ടുതന്നെ ഹൈദറിന് ചേരുന്നതുമാണ്. സജീവഭാഷയോടും ജീവിതത്തോടും മനുഷ്യഹൃദയത്തോടുമുള്ള ബന്ധമാണ് ഹൈദറിനെ മലബാറിലെ ഏറ്റവും പോപ്പുലറായ പാട്ടുകാരനാക്കിയത്. ഇത്രയധികം മാപ്പിളപ്പാട്ടുകളെഴുതിയ ഒരു പാട്ടുകാരനില്ല. ഇത്രയധികം ആളുകൾക്കിടയിൽ ഇത്രയധികം പ്രചാരം നേടിയ വേറെ പാട്ടുകളില്ല.[1] വാമൊഴിയോടുള്ള ബന്ധവും ഭാഷയുടെ ചൊടിയും കൈകാര്യം ചെയ്ത വിഷയങ്ങളും (അനാചാരങ്ങൾ, അന്ധവിശ്വാസങ്ങൾ) ഹൈദറിന്റെ രചനകളെ സവിശേഷമാക്കി. പ്രത്യേകിച്ച് സ്ത്രീകളുടെ നൊമ്പരം ചിത്രീകരിക്കുന്ന രചനകൾ.

പുലിക്കോട്ടിൽ ഹൈദറിന്റെ പ്രസിദ്ധമായ കത്തുപാട്ടാണ് 'മറിയക്കുട്ടിയുടെ കത്ത്'. 1921 ലെ മലബാർ ലഹളയെത്തുടർന്ന് ബെല്ലാരിയിൽ തടവില്ക്കഴിയുന്ന ചെറുപ്പക്കാരന് തന്റെ ഭാര്യ മറിയക്കുട്ടിയെക്കുറിച്ച് ചില അപവാദങ്ങൾ കേൾക്കുകയും അത് കാണിച്ച് ഉമ്മയ്ക്ക് ഒരു കത്തെഴുതുകയും ചെയ്യുന്നു. ആ കത്ത് കണ്ട് ദുഃഖിതയായ മറിയക്കുട്ടി എഴുതിയ മറുപടിയാണ് മറിയക്കുട്ടിയുടെ കത്തിന്റെ ഉള്ളടക്കം. പതിനെണ്ണായിരം ലോകത്തെ മുഴുവൻ സൃഷ്ടിച്ച ദൈവത്തിന് സ്തുതി പറഞ്ഞാണ് മറിയക്കുട്ടിയുടെ കത്ത് ആരംഭിക്കുന്നത്. 'തന്റെ ഇരു കണ്ണിന്റെയും കൃഷ്ണമണിയായ ഹസ്സൻകുട്ടി' എന്നാണ് ഭർത്താവിനെ മറിയക്കുട്ടി വിളിക്കുന്നത്.

> "പൂമനം തെളിന്തുണർന്നീടുവാൻ കെട്ടി - കവിതൈ
> പോട്ടീടുന്നിതാ സ്വന്തം മറിയക്കുട്ടീ"

കത്തിന്റെ പ്രാഥമികോദ്ദേശ്യം മറിയക്കുട്ടി വിശദമാക്കി ക്കഴിഞ്ഞു. മനസ്സ് തെളിയുന്നതിനു വേണ്ടിയാണ് സ്വന്തം മറിയക്കുട്ടി കവിതകെട്ടി അയക്കുന്നതെന്ന് വ്യക്തം. ജയിലിൽ നിന്ന് ഹസ്സൻകുട്ടി ഉമ്മയ്ക്കയച്ച കത്ത് താൻ കണ്ടെന്നും അതിൽ ദുഃഖിതയായിട്ടാണ് താനീ കത്തെഴുതാൻ മുതിർന്നതെന്നും തുടർന്ന് മറിയക്കുട്ടി ബോധിപ്പിക്കുന്നു.

"താലമിന്നുയിര് വിട്ട് പിരിയും മുൻ തലാഖാണേ
താങ്കളങ്ങിളക്കിയാൽ പെരിയകോനാം പുവിയില്
താമസിച്ചിടാ, തൂങ്ങിമരിക്കും ഞാനേ!"

ഇഹലോകത്ത് നിന്ന് ലോകം വിട്ടുപോകുന്നതിന് മുൻപ് നിങ്ങളെന്നെ മൊഴി ചൊല്ലുകയാണെങ്കിൽ (വിവാഹബന്ധം വേർപ്പെടുത്തുക) പടച്ചതമ്പുരാനാണ് സത്യം പിന്നെ തനിക്ക് ജീവിക്കണമെന്നില്ല എന്നാണ് മറിയക്കുട്ടി അറിയിക്കുന്നത്. പ്രവാസികളുടെ ഭാര്യമാർ അനുഭവിക്കുന്ന വ്യഥകളാണ് തുടർന്നുള്ള വരികളിലുള്ളത്. ചന്ദ്രന്റെ നിഴൽ വെള്ളത്തില് വീണുകിടക്കുന്നത് കണ്ട് മോഹിച്ച് വെള്ളം മുഴുവൻ കുടിച്ചുതീർക്കുന്ന നായയോടാണ് മറിയക്കുട്ടി സ്വയം ഉപമിക്കുന്നത്. ഹസ്സൻകുട്ടിയുടെ വരവ് പ്രതീക്ഷിച്ച് നാലഞ്ചുവർഷമാണ് താൻ കാത്തിരുന്നതെന്നു കൂടി ഓർമ്മിപ്പിക്കുന്ന മറിയക്കുട്ടി, കണ്ണകന്നപ്പോൾ എല്ലാം മറന്നുപോയോ യെന്നും വേവലാതിപ്പെടുന്നു. ഭർത്താവ് പോയ ദിവസം മുതൽ താനാകുന്ന സ്വർണ്ണപ്പെട്ടി പൂട്ട് തുറക്കാതെ അടച്ചുപൂട്ടി കാത്തിരിക്കുന്ന തായി പറഞ്ഞ് തനിക്ക് നേരേ വന്ന ആരോപണങ്ങളെക്കൂടി ചെറുക്കാൻ മറിയക്കുട്ടി മുതിരുന്നു.

"തേനാരേ! ഉമ്മൈ കത്തിൽ പറഞ്ഞ ആ വിധമുള്ള
തേടിച്ചിത്തരം കാട്ടി നടന്നോളല്ല - എന്നൈ ഒരു
തെമ്മാടിത്തറവാട്ടിൽ ജനിച്ചോളല്ലാ"

ഉമ്മയ്ക്കയച്ച കത്തിൽ പറഞ്ഞപ്രകാരമുള്ള തേവിടിത്തരം താൻ കാണിക്കുകയില്ലെന്നും താൻ തെമ്മാടിത്തറവാട്ടിൽ ജനിച്ചവളല്ലെന്നും മറിയക്കുട്ടി ആണയിടുന്നു. നിങ്ങളല്ലാതെ എനിക്ക് കൂട്ടായി വേറെ ആരുമില്ലയെന്നും അങ്ങനെയുള്ള നിങ്ങൾ എന്നെ സംശയിക്കരുതെന്നും പറയുമ്പോൾ ഒരു സ്ത്രീയുടെ നിസ്സഹായവസ്ഥ വ്യക്തമാകുന്നുണ്ട്. ആരെങ്കിലും പറയുന്ന പരദൂഷണം കേട്ട് വെറുപ്പോ മുഷിവോ തന്നോട് തോന്നരുതെന്നും മറിയക്കുട്ടി കൂട്ടിച്ചേർക്കുന്നു.

ദൈവത്തിന്റെ നിയോഗമെന്നോണം കഴിഞ്ഞ ജുമുഅ രാവിൽ താൻ കിനാവ് കണ്ടെന്നും അതിലെന്റെ ജീവൻ കരിഞ്ഞുപോയെന്നും പറയുന്നു. വിരഹത്തിന്റെ തീവ്രത ഈ വരികളിൽ തെളിയുന്നുണ്ട്. തുടർന്നുള്ള വരികൾ മറിയക്കുട്ടിയുടെ നിസ്സഹായാവസ്ഥയും നിഷ്കളങ്കതയും തുറന്നുകാണിക്കുന്നു;

"ബല്ലാരിക്കുടനെ ഞാൻ വരാം, ഒട്ടു വഴിയുണ്ടോ?
വല്ലികൾക്കവിടേക്ക് വരാൻ പാടുണ്ടോ? ഉമതെ
വരുകിൽ കണ്ടിടാൻ വല്ല നിവൃത്തിയുണ്ടോ?"

ബല്ലാരിക്കുടനെ ഞാൻ വരാമെന്നും അതിനെന്താണ് വഴിയെന്നും മറിയക്കുട്ടി ചോദിക്കുന്നു. സ്ത്രീകൾക്ക് അവിടെ വരാൻ പാടുണ്ടോ അഥവാ ഇനി വന്നാൽ തന്നെ കാണാൻ സാധിക്കുമോ എന്നും ചോദിക്കുന്നു. തനിക്ക് മേൽ ചാർത്തപ്പെട്ട ആരോപണത്തിന്റെ കാഠിന്യം മറിയക്കുട്ടിയെ അത്രയേറെ വ്യസനിപ്പിക്കുന്നതായി കാണാം. വരാനും കാണാനും കഴിഞ്ഞാൽ കണ്ടപടി താൻ മരിച്ചുപോയാലും കുഴപ്പമില്ല എന്നാണ് മറിയക്കുട്ടി എഴുതുന്നത്.

തനിക്കെതിരെ ആരോപണം ഉയർന്നതിന്റെ വഴി ഹസ്സൻകുട്ടിയ്ക്ക് മറിയക്കുട്ടി വ്യക്തമാക്കുന്നുണ്ട്. താൻ പാണ്ടിക്കാടുള്ള അമ്മായിയുടെ വീട്ടിൽ വിരുന്നുപോയ സമയത്ത് റെയിൽപണിക്കാർ ഇവിടെ വന്ന് കിടന്നിരുന്നു. ഇതാണ് എന്റെ മേൽ ആരോപണം വരാനുള്ള കാരണമായി ചൂണ്ടിക്കാണിക്കുന്നത്. കൂടാതെ എന്നോട് മോശമായി പെരുമാറാൻ വന്ന ഒരുത്തനെ ഞാൻ ചൂലുകൊണ്ടടിച്ചതിന്റെ പ്രതികാരമായി താൻ മോശമാണെന്ന് പറഞ്ഞുനടക്കലാണ് അവന്റെ പണി. ഇതൊന്നും നിങ്ങൾ വിശ്വസിക്കരുതെന്നും നിങ്ങളല്ലാതെ എന്നെ മറ്റാരും തൊട്ടിട്ടില്ലെന്നും മറിയക്കുട്ടി പറയുന്നു. കൊണ്ടോട്ടി തങ്ങളുടെ മേലാണ് മറിയക്കുട്ടി സത്യമിടുന്നത്. താൻ നിരപരാധിയാണെന്ന് തെളിയിക്കാനുള്ള അവസാന വഴിയായിരിക്കണം കൊണ്ടോട്ടി തങ്ങൾ. മലബാർ കലാപത്തിന്റെ പശ്ചാത്തലത്തിൽ മാപ്പിളസ്ത്രീകൾ അനുഭവിച്ച ശാരീരികവും മാനസികവുമായ വിശപ്പിന്റെ പുലിക്കോട്ടിൽ ഹൈദർ രേഖപ്പെടുത്തുന്നത് ഇങ്ങനെയാണ്;

“ബാലരെ വലയിലിന്നോളം പിണഞ്ഞിട്ടില്ല
വന്ന് നോക്കിപ്പോയതൊയ്യെ, കോള് തിന്നിട്ടില്ല.
കാലാവസ്ഥ കൊണ്ട് നാട്ടിൽ ഏറിയെ പെണ്ണുങ്ങൾ
കയ്യ് കുത്താതെ മറിയുന്നു റിവിന്, നിങ്ങള്!”

തന്റെ ഭാഗത്തെ ബലപ്പെടുത്താൻ മറിയക്കുട്ടി ചേരമാൻ പെരുമാളിന്റെ കഥകൂടി അവതരിപ്പിക്കുന്നത് കാണാം. ചേരമാൻ പെരുമാളിന്റെ ഭാര്യ പടനായകനെ വശീകരിക്കാൻ ശ്രമിക്കുകയും അതിൽ പരാജയപ്പെട്ടപ്പോൾ തന്നെ കടന്നുപിടിക്കാൻ ശ്രമിച്ചതായി പെരുമാളിനോട് പറഞ്ഞ് പടനായകനെ തൂക്കിലേറ്റുകയും ചെയ്തു. തൂക്കുമരത്തിൽ മേഘമേറി വന്ന മാലാഖമാർ പടനായകനെ ആശ്വസിപ്പിക്കുന്നത് കണ്ട് പെരുമാൾ ദുഃഖിക്കുകയും ചെയ്തു എന്നതാണ് കഥ. അപ്രകാരം വല്ലവരും വിരോധം കൊണ്ടു പറയുന്നത് കേട്ട് തന്നെ ശിക്ഷിച്ചാൽ ഒടുക്കം ദുഃഖിക്കേണ്ടി വരുമെന്ന് മറിയക്കുട്ടി ഹസ്സൻക്കുട്ടിയെ ഓർമ്മിപ്പിക്കുന്നു. വേഗം

ദുഃഖമാകുന്ന കുഴിയിൽ നിന്ന് കരകയറ്റാൻ ദൈവത്തോട് പ്രാർത്ഥിച്ച് മറിയക്കുട്ടി കത്ത് അവസാനിപ്പിക്കുന്നു.

ഹൈദറിന്റെ മറ്റൊരു കത്തുപാട്ടായ ബീടരുടെ കത്തിലും പ്രവാസം കടന്നുവരുന്നു. മുപ്പത് വരികൾ മാത്രമുള്ള അപൂർണമായ രചനയാണിത്. കുട്ടികളുടെ പിതാവിന്റെ വാർത്തയറിയുവാൻ എഴുതുന്ന കത്ത് എന്ന ആശയത്തോടെയാണ് കത്തുപാട്ടാരംഭിക്കുന്നത്. താൻ ആരോടാണ് സങ്കടം പറയേണ്ടതെന്നും മക്കൾ ഉപ്പായെ വിളിച്ച് കരയുന്നെന്നും കത്തിൽ പരാമർശിക്കുന്നു. ഭാര്യയിലുള്ള സംശയം നിമിത്തം തിരിച്ച് വീട്ടിൽ കൊണ്ടുചെന്നാക്കി രണ്ടുകൊല്ലം കഴിഞ്ഞിട്ടും കാണാതെയാണ് കത്തെഴുതുന്നതെന്ന് കാണാം. എന്നാണ് തന്റെ കണ്ണുനീര് വറ്റുന്നതെന്നും എങ്ങനെ താൻ മക്കളെ വളർത്തുമെന്നും ചോദിക്കുമ്പോൾ നിസ്സഹായ യായ സ്ത്രീയെ കാണാൻ സാധിക്കുന്നു. കുഞ്ഞിനെ ഗർഭം ധരിച്ച അന്നുപേക്ഷിച്ച ഭർത്താവിനോട് അള്ളാഹുവിനേയും റസൂലിനെയും പിടിച്ചാണ് താൻ തെറ്റുകാരിയല്ല എന്ന് ഭാര്യ ആണയിടുന്നത്. ഇല്ലാത്ത കാര്യം പറഞ്ഞു പരത്തിയവരെ ദൈവം ശിക്ഷിക്കുമെന്നും പറയുന്നു. ഞങ്ങളുടെ ദുഃഖം മനസ്സിലാക്കി മക്കളെയും എന്നെയും കൊണ്ടു പോയാൽ ദൈവം നന്മ ചൊരിയുമെന്ന് പറഞ്ഞാണ് ലഭ്യമായ ഭാഗം അവസാനിക്കുന്നത്.

പുലിക്കോട്ടിൽ ഹൈദറിനു ശേഷം കത്തുപാട്ടെഴുതി പ്രവാസജീവി തത്തെ അവതരിപ്പിച്ചത് എസ്.എ. ജമീലാണ്. അന്നത്തെ സാമൂഹിക-സാംസ്കാരികമണ്ഡലത്തിൽ വളരെയേറെ പ്രസിദ്ധമായവയായിരുന്നു ജമീലിന്റെ കത്തുപാട്ടുകൾ. പ്രവാസിയുടെ ഭാര്യ ആഖ്യാതാവായി വരുന്ന കത്തുപാട്ടിന് പ്രവാസി മറുപടി പറയുന്ന തരത്തിലുള്ള മറുപടികത്തു പാട്ടും രചിച്ചത് ജമീൽ തന്നെയായിരുന്നു. അന്ന് വീടുകളിൽ, പ്രത്യേകിച്ച് പ്രവാസികളുടെ വീടുകളിലും അല്ലാതെയും ഏറെ പ്രചരിക്കപ്പെട്ട ഗാനങ്ങളാണിത്. ഉള്ളടക്കത്തിനു പുറമേ പാട്ടുകളുടെ മാപ്പിളരീതിയും പ്രചാരത്തിന് കാരണമായിട്ടുണ്ട്.

"എത്രയും ബഹുമാനപ്പെട്ട എന്റെ
പ്രിയ ഭർത്താവു വായിക്കുവാൻ
സ്വന്തം ഭാര്യ എഴുതുന്നതെന്തെന്നാലേറെ
പിരിശത്തിൽ ചൊല്ലീടുന്നു അസ്സലാം"

ഇങ്ങനയാണ് കത്തുപാട്ട് ആരംഭിക്കുന്നത്. ഞങ്ങൾക്കിവിടെ സുഖമാണിവിടെ എന്നു തന്നെയെഴുതട്ടെ എന്നു പറയുമ്പോൾ പ്രവാസി

യായ ഭർത്താവിനെ സമാധാനിപ്പിക്കാനുള്ള ഒരു ശ്രമം ഭാര്യ നടത്തുന്നതായി കാണാം. എഴുതുകയല്ലാതെ വേറെന്താണ് വഴി എന്ന ആശങ്കയിൽ നിന്ന് സാങ്കേതികവിദ്യ ഇന്നത്തെ അത്ര വികസിച്ചിട്ടില്ല എന്നു വ്യക്തമാകുന്നു. ഭാര്യയുടെ വിരഹവേദന തീവ്രമാണെന്ന്

"എൻ മിഴികൾ തൂകും കണ്ണുനീരതു കണ്ട്
എൻ കരൾ വേദന കാണുവാനാരുണ്ട്
ഇങ്ങനെ ഞാൻ പറയും എല്ലാമോർത്ത്
എന്നെന്നും ഞാൻ കരയും"

ഈ വരികളിൽ നിന്ന് സ്പഷ്ടമാണ്. കത്തിനു ഉടൻ മറുപടി അയയ്ക്കണമെന്നും ജോലി മാത്രമല്ല, ഇടക്ക് എന്നെയും ഓർക്കണമെന്നും ഭാര്യ കൂട്ടിച്ചേർക്കുന്നു. ഇത്രയും കാലത്തെ ദാമ്പത്യജീവിതത്തിൽ ഭാര്യ ഓർത്തിരിക്കുന്ന നല്ല നിമിഷങ്ങൾ കല്ല്യാണത്തിന്റെയും മധുവിധുനാളുകളുടെയുമാണ്. ഭർത്താവിനോടൊത്ത് ചുരുങ്ങിയ നിമിഷങ്ങളാണ് ഭാര്യ ചെലവിടുന്നത്. തനിക്ക് ഉറങ്ങാൻ കഴിയുന്നില്ലെന്നും ഉറങ്ങിയാലും സ്വപ്നങ്ങൾ ഉണർത്താറുണ്ടെന്നും തന്റെ കണ്ണുനീരിന് തലയണയാണ് സാക്ഷിയെന്നും ഭാര്യ പറയുന്നു.

എല്ലാ പ്രവാസികളുടെയും ലീവിന്റെ സ്ഥിതിഗതിയാണ് തുടർന്നുള്ള വരികളിൽ കാണുന്നത്. രണ്ടോ നാലോ വർഷം മുൻപ് നാട്ടിൽ വന്ന് പത്തുദിവസം മാത്രം നില്ക്കുന്നു. അന്നുണ്ടായ കുഞ്ഞിന് മൂന്ന് വയസ്സായിയെന്നും ബാപ്പയെ അവൻ എന്നും ചോദിക്കാറുണ്ടെന്നും പറയുന്നു. കുഞ്ഞുങ്ങളുടെ വളർച്ച കാണാനുള്ള അവസരം പ്രവാസികൾക്ക് നിഷേധിക്കപ്പെട്ടിരുന്നു. കുടുംബത്തെ നയിക്കാനാണ് താല്പര്യമില്ലാതിരുന്നിട്ടും പലരും പ്രവാസജീവിതം തെരഞ്ഞെടുക്കുന്നത്. ആ നിസ്സഹായാവസ്ഥ ഇവിടെ വ്യക്തമാണ്. ഒരുപാട് മോഹങ്ങൾ കൊണ്ട് കയറിവന്ന മണിയറ തനിക്ക് ഇന്ന് തടവറയായി അനുഭവപ്പെടുന്നെന്നും കര കാണാതെ നടുക്കടലിൽ നീന്തുകയാണെന്നും പറയുമ്പോൾ പ്രവാസിയുടെ ഭാര്യമാർ അനുഭവിക്കുന്ന നിസ്സഹായാ വസ്ഥയിലേക്ക് വഴി ചൂണ്ടുന്നു. ദാമ്പത്യജീവിതത്തിൽ ലൈംഗികതയ്ക്ക് വലിയ പ്രധാന്യമുണ്ട്. അത് നിഷേധിക്കപ്പെടുന്നു എന്നു മാത്രമല്ല, സമൂഹത്തിന്റെ സംശയക്കണ്ണുകളാൽ നിരീക്ഷിക്കപ്പെടുന്നു എന്ന വാസ്തവം പ്രവാസികളുടെ ഭാര്യമാർക്ക് നിഷേധിക്കാൻ കഴിയില്ല. തന്റെ ലൈംഗിക ഇച്ഛയെ ഇവിടെ മറ കൂടാതെ പറയുന്നുണ്ട്;

"മധുരം നിറച്ചൊരെൻ മാംസപ്പൂവമ്പഴം
മറ്റാർക്കും തിന്നാൻ കൊടുക്കില്ലൊരിക്കലും
മരിക്കോളം ഈ നിധി കാക്കും ഞാനെങ്കിലും
മലക്കല്ല ഞാൻ പെണ്ണെന്നോർക്കണം നിങ്ങളും"

തന്നെ ഭാര്യ സ്വയം സാമ്യപ്പെടുത്തുന്നത് കാഴ്ചപ്പണ്ടത്തോടും ഉഴിഞ്ഞിട്ട നേർച്ചക്കോഴിയോടുമാണ്. ജീവിതത്തിൽ ഒരു വ്യക്തി നേരിടുന്ന വ്യർഥതയുടെ സൂചനകളാണിത്.

പ്രവാസജീവിതത്തിന്റെ ആവശ്യകതയെ ആശങ്കയോടെ യാണ് പിന്നീടുള്ള വരികൾ സമീപിക്കുന്നത്. മണൽക്കാട്ടിൽ കഠിനമായ ചൂടിൽ അധ്വാനിക്കുന്ന ഭർത്താവും അത് അനുഭവിക്കാൻ നാട്ടിലുള്ള ഭാര്യയും മകനും. ഇങ്ങനെ അധ്വാനിച്ചിട്ട് കാര്യമെന്താണെന്ന് ചോദിക്കുന്ന ഭാര്യ, ഒരു പാത്രത്തിലുണ്ട് ഒരുപായിലുറങ്ങി ജീവിക്കാൻ ഞാൻ തയ്യാറാണെന്നും കൂട്ടിച്ചേർക്കുന്നു. എത്ര ഇല്ലായ്മയിലും പരസ്പരം കണ്ടുകൊണ്ട് ജീവിക്കാം എന്നാണ് ഇവിടെ ധ്വനിക്കുന്നത്. കത്തുവായിച്ച് കരയരുതെന്നും ഇനിയുള്ള കാലം അവിടെ കളയരുതെന്നും പറഞ്ഞ് ഭാര്യ കത്ത് ചുരുക്കുന്നതിപ്രകാരമാണ്; യാത്ര തിരിക്കുമല്ലോ എനിക്കാ മുഖം കണ്ടു മരിക്കാമല്ലോ!.

പ്രവാസത്തിന്റെ കഠിനതകൾ പൂർണ്ണമായി ആവിഷ്കൃത മാകുന്നത് ഇതിനുള്ള മറുപടിയായി ജമീൽ തന്നെ രചിച്ച മറ്റൊരു കത്തുപാട്ടിലാണ്. ഇവിടെ ആഖ്യാതാവ് പ്രവാസിയായ ഭർത്താവാണ്.

"അബുദാബീലുള്ളൊരെഴുത്തുപെട്ടി
അന്ന് തുറന്നപ്പോൾ കത്തുകിട്ടീ
എൻ പ്രിയേ നീ നിന്റെ ഹൃദയം പൊട്ടീ
എഴുതിയ കത്തു ഞാൻ കണ്ടു ഞെട്ടീ"

ഇങ്ങനെയാണ് പ്രസ്തുത കത്തുപാട്ട് തുടങ്ങുന്നത്. കത്ത് എഴുതുന്ന വേളയിൽ തന്റെ ഭാര്യ അനുഭവിച്ചിരിക്കാവുന്ന മാനസിക വ്യാപാരങ്ങളെ ഭർത്താവ് ഊഹിച്ചെടുക്കുന്നതായി കാണാം. കരളിന്റെ ചുടുരക്തമഷിയിൽ മുക്കിയെഴുതി ലഭിച്ച കത്തിലെ വാക്കുകൾ കൂരമ്പുപോലെ കുത്തിത്തറയ്ക്കുകയും വാക്യങ്ങൾ ഈർച്ചവാളായി അറുക്കുകയും ചെയ്യുന്ന അനുഭവമാണ് പ്രവാസിയ്ക്ക് സമ്മാനിക്കുന്നത്. പ്രവാസിയുടെ ഹൃദയം പൊട്ടുകയും കരൾ നൂറുകഷ്ണമായി നുറുങ്ങുകയും ചെയ്യുന്ന അവസ്ഥയിൽ കത്ത് പിടിച്ച കൈകൾ വിറക്കുകയും ഉത്തരം കിട്ടാതെ ഉഴറുകയും ചെയ്യുന്നു.

പ്രവാസി ആദ്യമായി അഭിസംബോധന ചെയ്യുന്നത് ഭാര്യ അവതരിപ്പിച്ച ലൈംഗികേച്ഛയെയാണ്. എത്ര സുഖഭോഗം നിനക്കുണ്ടായാലും എന്നും സ്വർണം വിളമ്പിക്കഴിച്ചാലും എത്ര സൂക്ഷിച്ച് വീട്ടിൽ നിന്നാലും തെറ്റ് പറ്റിപ്പോകുമെന്നാണ് പ്രവാസി പറയുന്നത്. അതിൽ ഭാര്യയെ മാത്രം കുറ്റപ്പെടുത്താൻ പ്രവാസി മുതിരുന്നില്ല. പങ്കാളിയുടെ ആവശ്യങ്ങൾ നിറവേറ്റാൻ കഴിയാത്ത തന്നെ വിഡ്ഢിയെന്നും പ്രവാസി വിളിക്കുന്നുണ്ട്. നാട്ടിൽ നടക്കുന്ന അവിഹിതങ്ങൾ താനും കേൾക്കുന്നുണ്ട് എന്നും കൂട്ടിച്ചേർക്കുന്നു. പൗരുഷത്തെ ചോദ്യം ചെയ്യുന്ന തരത്തിലുള്ള ചോദ്യശരമാണ് പ്രവാസിയുടെ നേർക്ക് ഭാര്യ എയ്യുന്നതെന്നാണ് പറഞ്ഞുവെക്കുന്നത്. ബന്ധങ്ങളുടെ മുന്നിൽ പണത്തിന്റെ കൊടുമുടി കൊണ്ട് കാര്യമില്ല എന്നും ഇവിടെ വ്യക്തമാക്കുന്നു.

പ്രവാസജീവിതത്തിൽ താൻ മൂരിയായും ഭാര്യ കറവ വറ്റിയ പശുവായും മാറി എന്നദ്ദേഹം പറയുന്നു. പിതാവ്, പങ്കാളി എന്നീ സ്ഥാനങ്ങൾക്ക് കടമകളുണ്ടെന്നും അതിനു പകരമാകാൻ പണത്തിനും മറ്റും കഴിയുകയില്ലെന്നുമുള്ള തിരിച്ചറിവാണിവിടെ. നല്ല കാലം മുഴുവൻ രണ്ടിടത്തായി ജീവിച്ചിക്കുന്നത് വ്യർഥമാണെന്നും ഞാൻ തിരിച്ചുവരാമെന്നും പ്രവാസി എഴുതുന്നു. നാട്ടിലെത്തിയാൽ മകനെ ഓമനിക്കണമെന്നും ഭാര്യയുടെ കൂടെയുണ്ടാകണമെന്നും പ്രത്യാശിച്ചാണ് കത്ത് അവസാനിപ്പി ക്കുന്നത്.

പുലിക്കോട്ടിൽ ഹൈദറിന്റെയും എസ്.എ. ജമീലിന്റെയും കത്തുപാട്ടുകളുടെ കാതൽ പ്രവാസജീവിതമാണ്. ഹൈദർ മറിയക്കുട്ടിയിലൂടെയും ബീടരിലൂടെയും ആണ് ആഖ്യാനം ചെയ്തതെങ്കിൽ ജമീൽ ഭാര്യയെയും ഭർത്താവിനെയും അതിനായി നിയോഗിക്കുന്നു. കത്തുപാട്ടുകളിൽ തീവ്രമായി മുന്നോട്ടുവെയ്ക്കുന്ന ഒന്ന് ലൈംഗികമായ ആവശ്യകതയാണെന്ന് കാണാം. അത് തുറന്നുപറയാൻ കത്തുപാട്ടുകളിലെ സ്ത്രീകൾ മുന്നോട്ടു വരുന്നതും എടുത്തുപറയേണ്ടതാണ്. ജമീലിന്റെ മറുപടി കത്തിൽ ഭർത്താവ് ആകെ അഭിസംബോധന ചെയ്യുന്നതും ഇതാണ്. മറിയക്കുട്ടിയുടെ കത്തിലും ബീടരുടെ കത്തിലും ഭാര്യയെ സംശയിക്കുന്ന ഭർത്താക്കന്മാരെ കാണാം. ഹസ്സൻകുട്ടി ജയിലിലാണെന്നതും ബീടരുടെ കത്തിലെ ഭർത്താവ് എവിടെയാണെന്ന് സൂചിപ്പിക്കാത്തതും പ്രവാസം എന്ന ആശയത്തെ പൂർണമായി അവതരിപ്പിച്ചു എന്നു പറയുന്നതിന് തടസ്സമാകുന്നുണ്ട്. സാങ്കേതികവിദ്യ അവികസിതമായിരുന്ന കാലത്താണ് ഈ പാട്ടുകൾ എഴുതപ്പെട്ടത് എന്നതും പരിഗണനീയമാണ്. പ്രവാസത്തിന്റെ എല്ലാ വശങ്ങളെയും കത്തുപാട്ടുകൾ സ്വാംശീകരിച്ച് അവതരി

പ്പിച്ചു എന്ന് പറയാനാകില്ല. എങ്കിലും പ്രവാസത്തെ വിഷയമായി സ്വീകരിച്ച് രചന നടത്തുകയും അതിനെ ജനപ്രിയമാക്കുകയും ചെയ്തതിൽ ഹൈദറും ജമീലും വിജയിച്ചെന്ന് നിസ്സംശയം പറയാം.

**കുറിപ്പുകൾ**

1. എം.എൻ. കാരശ്ശേരി, അവതാരിക, പുലിക്കോട്ടിൽ കൃതികൾ, പുറം 17.

**സഹായകഗ്രന്ഥങ്ങൾ**


1. പത്മനാഭപ്പിള്ള, ജി, ശ്രീകണ്ഠേശ്വരം., ശബ്ദതാരാവലി, സാഹിത്യപ്രവർത്തക സഹകരണസംഘം, 2013.
2. ഹൈദർ പുലിക്കോട്ടിൽ, പുലിക്കോട്ടിൽ കൃതികൾ, എഡി. എം. എൻ. കാരശ്ശേരി, മാപ്പിളകലാസാഹിത്യവേദി, വണ്ടൂര്, 1979.
3. The American College Dictionary, Random house, New York, 1962.


**ഓൺലൈൻ ലിങ്കുകൾ**


1. https://youtu.be/S5jAuVnLU8g?si=LaN0FazldsD0Tc60 മറിയകുട്ടിയുടെ കത്ത് യൂട്യൂബ് വീഡിയോ.
2. https://youtu.be/zE2tb6BlR4I?si=JeBFIrHRnJHFAmþL' എത്രയും ബഹുമാനപ്പെട്ട' - എസ്.എ. ജമീൽ മാപ്പിളപ്പാട്ട് യൂട്യൂബ് വീഡിയോ.
3. https://youtu.be/uNZTiUZTQ2U?si=KsLrhkfJru7BUkHI അബുദാബീലുള്ളൊരെഴുത്തുപെട്ടി' എസ്.എ. ജമീൽ മാപ്പിളപ്പാട്ട് യുട്യൂബ് വീഡിയോ.

# തോട്ടിയുടെ മകൻ : വിവർത്തനവും അധികാരവും

**ശരണ്യ. ബി**
ഗവേഷക, മലയാള വിഭാഗം
എസ്.എൻ.ജി.എസ് കോളേജ്, പട്ടാമ്പി

**സംഗ്രഹം**

തോട്ടി തൊഴിലാളികൾക്ക് കേരളത്തിൽ അനുഭവിക്കേണ്ടി വന്ന ദുരിതങ്ങളെ മൂന്നു തലമുറകളിലൂടെ മലയാളിയ്ക്ക് പരിചയപ്പെടുത്തിയ തകഴിയുടെ തോട്ടിയുടെ മകൻ എന്ന നോവൽ തമിഴിലേക്ക് വിവർത്തനം ചെയ്യുന്നതിലൂടെ സുന്ദര രാമസ്വാമി സവിശേഷമായ കേരള സാഹചര്യത്തെ തമിഴർക്ക് പരിചയപ്പെടുത്തുന്നു. സർഗ്ഗാത്മകമായ ഈ വിവർത്തനത്തിൽ വിവർത്തകന് മൂലകൃതിയോട് പൂർണ്ണമായ വിശ്വസ്തത പുലർത്താൻ കഴിഞ്ഞിട്ടുണ്ടോയെന്നും വിവർത്തനത്തിൽ വിവർത്തകൻ സ്വീകരിച്ചിരിക്കുന്ന രീതി, നിലപാട് എന്നിവയെ സ്വാധീനിച്ച ഘടകങ്ങൾ എന്തൊക്കെയാണ് എന്നും പരിശോധിക്കേണ്ടിയിരിക്കുന്നു. ഇത്തരത്തിൽ വിവർത്തനവേളയിൽ ലക്ഷ്യഭാഷയിലെ സവിശേഷമായ അധികാര ഘടകങ്ങൾ വിവർത്തനപാഠത്തെ പലരീതിയിൽ സ്വാധീനിക്കാറുണ്ട്. തമിഴിലെ സവിശേഷമായ അധികാര, പ്രത്യയ ശാസ്ത്ര ഘടകങ്ങൾ വിവർത്തനത്തെ എപ്രകാരമാണ് സ്വാധീനിക്കുന്നതെന്ന് സുന്ദരരാമസ്വാമി തമിഴിലേക്ക് നടത്തിയ വിവർത്തനപാഠത്തെ വ്യവഹാരമായി കണ്ടു ഭാഷയ്ക്കകത്ത് പ്രവർത്തിക്കുന്ന അധികാരത്തെ അപഗ്രഥിക്കാൻ ഉപയോഗിക്കുന്ന വിമർശ്നാത്മക വ്യവഹാരാപഗ്രഥനം എന്ന രീതിശാസ്ത്രം ഉപയോഗിച്ച് പഠിക്കാനാണ് ഈ പഠനം കൊണ്ട് ഉദ്ദേശിക്കുന്നത്.

**താക്കോൽ വാക്കുകൾ**

വിവർത്തനം, വിമർശനാത്മക വ്യവഹാരപഗ്രഥനം, വ്യവഹാരം, ലക്ഷ്യഭാഷാപാഠം, സ്രോതഭാഷാപാഠം, ലക്ഷ്യഭാഷാ കർത്താവ്, സ്രോതഭാഷാകർത്താവ്.

ഒരു ഭാഷയിൽ നിന്നും ഒരു ആശയം മറ്റൊരു ഭാഷയിലേക്ക് മാറ്റുന്നതിനെ വിവർത്തനം എന്നു സാമാന്യമായി പറയാം. വിശാലമായ അർത്ഥത്തിൽ സ്രോതഭാഷയിൽ ആവിഷ്കരിക്കപ്പെട്ട ആശയങ്ങളെ കഴിയുന്നത്ര ഏറ്റക്കുറച്ചിൽ കൂടാതെ ലക്ഷ്യഭാഷയുടെ ആവിഷ്കരണരീതിയ്ക്ക് ഇണങ്ങുന്ന രീതിയിലും ലക്ഷ്യഭാഷയിൽ ആവിഷ്കരിക്കുന്നതിനുള്ള പ്രയത്നമാണ് വിവർത്തനം (എൻ.വി കൃഷ്ണവാര്യർ). ഒരു ഭാഷയിലെ അർത്ഥം കഴിയുന്നിടത്തോളം സംരക്ഷിച്ചു കൊണ്ട് മറ്റൊരു ഭാഷയിലേക്കുള്ള മാറ്റമാണ് വിവർത്തനം എന്നു ഏ.എച്ച്. സ്മിത്ത് അഭിപ്രായപ്പെടുന്നു. ഈ നിർവ്വചനങ്ങൾ എല്ലാം സ്രോതപാഠത്തോട് വിവർത്തകൻ പുലർത്തേ സാമ്യത്തെ ചൂണ്ടുന്നു. എന്നാൽ സർഗ്ഗാത്മക രചനങ്ങൾ യാതൊരുവിധ ഏറ്റകുറച്ചിലും കൂടാതെ വിവർത്തനം ചെയ്യുക എന്നത് കുറേകൂടി സങ്കീർണ്ണമാണ്. സർഗ്ഗാത്മക രചനകളെ വിവർത്തനം ചെയ്യുമ്പോൾ വിവർത്തകനും സർഗ്ഗാത്മക തലത്തിൽ നിന്നുകൊണ്ടാണ് രചന നിർവ്വഹിക്കുന്നത്. ഒരു എഴുത്തുകാരെന്റെ ഭാവനയെ/സർഗ്ഗാത്മകതയെ പല സാമൂഹിക ആധികാരിക സാംസ്കാരിക ഘടകങ്ങളും സ്വാധീനിക്കാറുണ്ട്. സാമൂഹിക ജീവിയായ ഓരോ വ്യക്തിയ്ക്കും ഇത്തരം ഘടകങ്ങളുടെ ബന്ധനത്തിൽ നിന്ന് പൂർണ്ണമായും സ്വതന്ത്രനാവാൻ സാധിക്കില്ല. അതുപോലെ തന്നെ ഒരു എഴുത്തുകാരന്റെ സർഗ്ഗാത്മകതയും ഇത്തരം ഘടകങ്ങളാൽ ബന്ധിപ്പിക്കപ്പെട്ടിരിക്കും. സ്രോതഭാഷയിൽ രചന നിർവ്വഹിക്കുന്ന എഴുത്തുകാരനുതന്നെ ഇത്തരം നിയന്ത്രണങ്ങളുള്ളപ്പോൾ സ്രോതഭാഷ രചയിതാവിന്റെ രചനയ്ക്ക് പരമാവധി ന്യായീകരണം നൽക്കാൻ ശ്രമിക്കുകയും മറ്റൊരു ഭാഷയിലേക്ക് ആശയത്തെ യാതെരുവിധ ഏറ്റക്കുറച്ചിലും കൂടാതെ അവതരിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന വിവർത്തകനു സ്രോതഭാഷയിലെയും ലക്ഷ്യഭാഷയിലെയും അധികാരത്തിനും മറ്റനേകം ഘടകങ്ങൾക്കും വിധേയപ്പെടേണ്ടി വന്നേക്കാം. അങ്ങനെ വരുമ്പോൾ സ്രോതഭാഷാ പാഠത്തിനുള്ള എല്ലാ നിയന്ത്രണങ്ങളും ലക്ഷ്യഭാഷാ പാഠത്തിലേക്കും കൈമാറ്റം ചെയ്യപ്പെടുന്നു. എന്നാൽ സ്രോതഭാഷയിലില്ലാത്ത ലക്ഷ്യഭാഷയിൽ സവിശേഷമായി കാണപ്പെടുന്ന ചില അധികാര പ്രത്യയശാസ്ത്ര മനോഭാവങ്ങളും സാഹചര്യങ്ങളും വിവർത്തകന്റെ രചനയെ സ്വാധീനിക്കാറുണ്ട്. ഇത്തരത്തിൽ എപ്രകാരമാണ് ലക്ഷ്യഭാഷാ അധികാരം വിവർത്തനത്തെ സ്വാധീനിക്കുന്നതെന്ന് തകഴിയുടെ തോട്ടിയുടെ മകൻ എന്ന നോവലിന് സുന്ദരരാമസ്വാമി തമിഴിലേക്ക് നടത്തിയ വിവർത്തനത്തെ മുൻനിർത്തി പഠിക്കാനാണ് ഈ പഠനം കൊണ്ട് ഉദ്ദേശിക്കുന്നത്.

തോട്ടിതൊഴിലാളികൾ കേരളത്തിൽ അനുഭവിച്ച പ്രശ്നങ്ങളെ മൂന്നു തലമുറകളുടെ അവതരണത്തിലൂടെ മലയാളിക്ക് നല്കിയ തകഴി യുടെ തോട്ടിയുടെ മകൻ എന്ന നോവൽ തമിഴിന്റെ പ്രത്യേക രാഷ്ട്രീയ സാഹചര്യത്തിലേക്ക് അവതരിപ്പിക്കപ്പെടുമ്പോൾ അതിന് വിവർത്തകൻ സ്വീകരിച്ചിരിക്കുന്ന രീതി, നിലപാട്, ഭാഷാപ്രയോഗങ്ങൾ എന്നിവ പരിശോധിച്ചാൽ ഈ കൃതിയുടെ വിവർത്തനത്തെ സ്വാധീനിച്ച അധികാര ഘടകങ്ങളെ കണ്ടെത്താനവും. ഇതിനായി ഭാഷയ്ക്കകത്ത് പ്രവർത്തി ക്കുന്ന അധികാരത്തെ അപഗ്രഥിക്കാൻ ഉപയോഗിക്കുന്ന വിമർശനാത്മക വ്യവഹാരപഗ്രഥനം എന്ന രീതിശാസ്ത്രം ഉപയോഗിക്കുന്നു.

അധികാരപ്രകടനത്തിന്റെ ശക്തമായ ഉപാധിയാണ് ഭാഷ. ഭാഷ യിൽ അടങ്ങിയിരിക്കുന്ന അധികാരത്തെ പലപ്പോഴും അത്ര എളുപ്പത്തിൽ കണ്ടെത്താനാവില്ല. നിഷ്പക്ഷതയുടെ ആവരണമണിഞ്ഞു നിലക്കു മ്പോൾ പ്രത്യേകിച്ചും. വളരെ സൂക്ഷ്മമായി ഭാഷയിലെ അധികാര ഘടനയെ കണ്ടെത്താനുള്ള ഉപാധിയാണ് സാമൂഹികഭാഷാശാസ്ത്ര ത്തിൽനിന്ന് ഉരുവംകൊണ്ട വിമർശനാത്മക വ്യവഹാരപഗ്രഥനം (പി.എം.ഗിരീഷ്). വ്യവഹാരത്തിൽ മറഞ്ഞിരിക്കുന്ന അധികാരത്തെയും ആധിപത്യത്തെയും പ്രത്യയശാസ്ത്രത്തെയും കണ്ടെത്താൻ ഈ രീതി സഹായിക്കുന്നു. വ്യവഹാരം എഴുത്തോ പറച്ചിലോ ആകാം. കുക്കിന്റെ അഭിപ്രായത്തിൽ നോവൽ, ചെറിയ സംഭാഷണങ്ങൾ, പുലമ്പലുകൾ (groans) ഇവയെല്ലാം വ്യവഹാരങ്ങളാണ്. അദ്ദേഹത്തിന്റെതന്നെ അഭി പ്രായത്തിൽ സാഹിത്യകൃതികളുടെ അപഗ്രഥനത്തിനും വിമർശനാത്മക വ്യവഹാരപഗ്രഥനം ഉപയോഗിക്കാവുന്നതാണ്.

സാമൂഹിക ഭാഷാശാസ്ത്രജ്ഞർ നോവൽ, ചെറുകഥ എന്നീ സർഗ്ഗാത്മക രചനകളുടെ കഥപറച്ചിലിനെ ഒരിക്കലും സംസ്കാരത്തിന്റെ വിവിധ ഘടനാത്മക വിഭാഗങ്ങൾ മാത്രം ഉൾക്കൊള്ളുന്ന ഒന്നായി പറഞ്ഞവസാനിപ്പിക്കുന്നില്ല, കഥാകഥനത്തിൽ മറ്റ് ചില സവിശേഷ ഘടകങ്ങളും അവർ പരിഗണിക്കുന്നുവെന്ന് വാൻ ഡിജിക്ക് പറയുന്നു. ആ സവിശേഷ ഘടകങ്ങൾ താഴെ പറയുന്നവയാണ്.

- ആരാണ് പറയുന്നത്,
- ആരോട്,
- ഏത് സാഹചര്യത്തിൽ,
- പ്രത്യേക സംസ്കാരം, ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ എന്നിവ യുടെ സ്ഥാനം ( വാൻ ഡിജിക്ക് 1983)

ഇത്തരം ഘടങ്ങളിലൂടെയാണ് സാമൂഹികഭാഷാ ശാസ്ത്രജ്ഞർ സാഹിത്യകൃതികളെ വായിക്കുന്നത്.

വാമൊഴിയായോ വരമൊഴിയായോ പൊതുസമൂഹത്തിലേക്ക് സംവേദനം ചെയ്യുന്ന സാഹിത്യപാഠത്തിന് ബഹുവിധമായ ഘടനയാണുള്ളത്. ധാരാളം അടരുകളുള്ള കട്ടിയുള്ള പ്ലൈവുഡുപോലെയാണത്. (പി.എം. ഗിരീഷ്)അർത്ഥവും വ്യാകരണവുമാണ് സാഹിത്യപാഠത്തിന്റെ അടിസ്ഥാന വസ്തുതകൾ. അവയിലൂടെ കർത്താവ് തന്റെ സാമൂഹിക ധാരണകളെ/ മനോഭാവങ്ങളെ പ്രകടിപ്പിക്കുന്നു. കർത്താവിന്റെയും സ്വീകർത്താവിന്റെയും ഇടയിലുള്ള ഈ മനോഭാവ - ആശയ വിനിമയം സുഗമവും അതുപോലെ സങ്കീർണ്ണവുമാകാം. സ്വീകർത്താവു കർത്താവായി മാറുന്ന വിവർത്തനപ്രക്രിയയിൽ കർത്തൃസ്ഥാനത്ത് രണ്ടു വ്യക്തികൾ കടന്നുവരുന്നു. സ്രോതഭാഷ കർത്താവും ലക്ഷ്യഭാഷാ കർത്താവും. സ്രോതഭാഷ കർത്താവ് തന്റെ രചനയിലൂടെ മുന്നോട്ടുവെച്ച ധാരണകളെയും മനോഭാവങ്ങളെയും ലക്ഷ്യഭാഷാകർത്താവ് ഒരു സ്വീകർത്താവിന്റെ സ്ഥാനത്ത് നിന്നും ഉൾക്കൊള്ളേണ്ടിയിരിക്കുന്നു. തുടർന്ന് അതിനെ ലക്ഷ്യഭാഷയിലേക്ക് പകർത്തുന്നു. സ്രോതഭാഷ കർത്താവ് മുന്നോട്ടുവയ്ക്കുന്ന ധാരണകളെയും മനോഭാവത്തെയും ധാരാളം സാമൂഹിക ഘടകങ്ങൾ സ്വാധീനിച്ചിരിക്കും. ഈ സാമൂഹിക ഘടകങ്ങളും ഇതുകൂടാതെ ലക്ഷ്യഭാഷയുടെ സവിശേഷ അധികാര ഘടകങ്ങളും ഒരു വിവർത്തനപാഠത്തെ നിയന്ത്രിക്കുന്നു. ഇത്തരത്തിൽ വിവർത്തനത്തെ സ്വാധീനിക്കുന്ന ലക്ഷ്യഭാഷയിലെ സവിശേഷമായ അധികാര ഘടകങ്ങളെ വിവർത്തന പാഠത്തിന്റെ അപഗ്രഥനത്തിലൂടെ പഠിക്കാനാണ് ഈ പഠനം കൊണ്ട് ഉദ്ദേശിക്കുന്നുത്.

പുരോഗമന സാഹിത്യ പ്രസ്ഥാനത്തിന്റെയും ഇടതുപക്ഷ ചിന്താഗതിയുടെയും അംശങ്ങൾ ധാരാളം കാണപ്പെടുന്ന തകഴിയുടെ നോവലാണ് തോട്ടിയുടെ മകൻ. ആലപ്പുഴ പട്ടണത്തിലെ തോട്ടികളുടെ നരകതുല്യമായ ജീവിതം പശ്ചാത്തലമാക്കി രചിച്ചതാണ് ഈ നോവൽ. തൊഴിലാളി വർഗ്ഗത്തിന്റെ ദുരിതജീവിതം ചിത്രീകരിക്കുകയും അധ്വാനത്തിന്റെയും വിയർപ്പിന്റെയും വില മലയാള വായനക്കാർക്ക് മനസ്സിലാക്കികൊടുക്കുകയും ചെയ്തതിൽ ഈ നോവലിന് വലിയ പങ്കുണ്ട്. 1947 ലാണ് നോവൽ ആദ്യമായി പ്രസിദ്ധീകരിക്കുന്നത്. സമൂഹം അറപ്പോടെയും അവജ്ഞയോടെയും കണ്ടിരുന്ന ഒരു ജന വിഭാഗം മനുഷ്യരാണെന്നും അവർക്കും ഒരു ജീവിതം ഉണ്ടെന്നും വായനക്കാരെ ബോധ്യപ്പെടുത്താൻ തോട്ടിയുടെ മകന് കഴിഞ്ഞു. ഈ നോവൽ തമിഴിലേക്ക് വിവർത്തനം ചെയ്തത് സുന്ദര രാമസ്വാമിയാണ്. ആധുനിക തമിഴ് സാഹിത്യരംഗത്ത് അറിയപ്പെടുന്ന ഒരു എഴുത്തുകാരനാണിദ്ദേഹം. ഇദ്ദേഹത്തിന്റെ പ്രാരംഭകാല രചനകളിൽ ഒന്നാണ് ഈ വിവർത്തനം.

1947 കാലഘട്ടങ്ങളിൽ മലയാളത്തിൽ എഴുതപ്പെട്ട ഈ നോവലിന് 1950 കളിൽ തന്നെ വിവർത്തനം നടത്തിയതായി അദ്ദേഹം അഭിപ്രായപ്പെടുന്നു. എന്നാൽ കുറേ കാലങ്ങൾക്ക് ശേഷം സരസ്വതി എന്ന മാസികയിലാണ് ഇത് തുടർകഥയായി പ്രസിദ്ധീകരിക്കപ്പെട്ടത്. സ്വയം ഒരു ആത്മാ വിശ്വാസ്കുറവും പ്രസിദ്ധീകരണ രംഗത്തെ ചില തടസ്സങ്ങളും കാരണം 50 വർഷങ്ങൾക്ക് ശേഷം 2000 ത്തിലാണ് ഈ നോവൽ തമിഴിൽ പ്രസിദ്ധീകരിക്കുന്നത്. 50 വർഷത്തെ ഇടവേള എന്നതിനെ നിസാരമായി കാണാൻ കഴിയില്ല. മലയാളത്തിന്റെയും തമിഴിന്റെയും വായനസംസ്കാരം തന്നെ ധാരാളം മാറ്റങ്ങൾ ഉൾക്കൊള്ളുന്ന ഒന്നാണ്. അതിനോടോപ്പം 50 വർഷത്തെ ഇടവേളയും കൂടി ചേരുമ്പോൾ തമിഴ് വായനക്കാർക്ക് ഈ നോവൽ ഒരു പുതിയ അനുഭവം ആയിരുന്നിരിക്കും.

മൂന്നു തലമുറകളുടെ കഥപറയുന്ന തോട്ടിയുടെ മകനിൽ ഇശക്കുമുത്തുവും ചുടലമുത്തുവും മോഹനനും മൂന്നു തലമുറകളുടെ പ്രതിനിധികളാണ്. സ്വന്തം പാട്ടയും മമ്മട്ടിയും ചുടലമുത്തുവിനു കൊടുത്തു ഒരു നല്ല തോട്ടിയായി തീരാൻ മകനെ ആശീർവദിച്ചു ഇശക്കുമുത്തു മരിക്കുന്നു. ചുടലമുത്തുവാണെങ്കിൽ തന്റെ അവസ്ഥ തന്റെ മകന് വരരുതെന്ന് ആഗ്രഹിക്കുന്നു. നഗരത്തിലാകേ പടർന്നുപിടിച്ചു കോളറ ചുടലമുത്തുവിനേയും വിഴുങ്ങുമ്പോൾ മോഹനനും തോട്ടിയായി മാറുന്നു. സ്വന്തം മകന് തന്റെ ജോലിയെങ്കിലും നല്കിയശേഷം മാത്രം മരണത്തിന് കീഴടങ്ങുന്ന ഇശക്കുമുത്തുവും തന്റെ മകൻ തോട്ടിയാ വരുതെന്ന് ആഗ്രഹിക്കുന്ന ചുടലമുത്തുവും തന്റെ മക്കളുടെ ഭാവിയെ ക്കുറിച്ച് വേവലാതിപ്പെടുന്ന രണ്ടു തലമുറയിലെ അംഗങ്ങളാണ്. തന്റെ വർഗ്ഗത്തിന്റെ രക്ഷ എന്നതിനേക്കാൾ തന്റെ തലമുറയുടെ ഭാവിയെന്ന് സ്വാർത്ഥമായി ചിന്തിക്കുന്ന ചുടലമുത്തു പണം സമ്പാദിച്ചു മകനെ സ്കൂളിൽ അയക്കുന്നു. എന്നാൽ അവിടെയും മോഹനന് അപമാനം നേരിടേണ്ടി വരുന്നു. തോട്ടിയെ ഒരു മനുഷ്യനായിപ്പോലും കാണാൻ കഴിയാത്ത ഒരു സമൂഹ സാഹചര്യത്തെയാണ് തകഴി തന്റെ നോവലിൽ വരച്ചിടുന്നത്. ഇത്തരത്തിൽ അന്നത്തെ സാമൂഹിക സാഹചര്യങ്ങളും അധികാര ഘടനയും ധാരാളം ഉൾക്കൊള്ളുന്ന നോവലാണ് തോട്ടിയുടെ മകൻ. തോട്ടികളുടെ കഥപറയുന്നതിലൂടെ പുരോഗന ചിന്താഗതി പ്രകടിപ്പിച്ചാലും തകഴിയുടെ സവർണമേധാവിത്വബോധവും ഇടതുപക്ഷ രാഷ്ട്രീയത്തോടുള്ള നിലപാടും നോവലിൽ പ്രകടമാണ്. തോട്ടിയുടെ അസ്തിത്വം തോട്ടിപ്പണിയിലാണെന്ന് നോവൽ സമർത്ഥിക്കുന്നു. അവനൊരിക്കലും മേലാളർ എന്നു പറയുന്ന മനുഷ്യവിഭാഗത്തിലോ മനുഷ്യ സമൂഹത്തിന്റെ മുഖ്യമായ നിലയിലോ എത്താനാവില്ലെന്ന് അവൻ

താഴെതന്നെ നിലനിൽക്കുമെന്നും നോവൽ അബോധപൂർവം പറഞ്ഞു പോകുന്നു. തകഴിയുടെ രചനയെ അദ്ദേഹത്തിന് ചുറ്റും നിലനിന്നിരുന്ന സാമൂഹിക സാഹചര്യങ്ങളും അധികാര പ്രത്യയശാസ്ത്രങ്ങളും സ്വാധീനിച്ചിരുന്നു എന്നതിന് തെളിവാണ് തോട്ടിയുടെ മകൻ എന്ന നോവൽ. കേരളത്തിൽ 1940 കാലത്തു നിലനിന്നിരുന്നു സവിശേഷമായ സാഹചര്യങ്ങളും അധികാര ഘടനയും മനോഭാവവും പ്രത്യയ ശാസ്ത്രവും ഈ നോവലിൽ ഉള്ളടങ്ങിയിരിക്കുന്നു. എന്നാൽ ഇത്തരം സാഹിത്യ കൃതി മറ്റൊരു ഭാഷയിലേക്ക് വിവർത്തനം ചെയ്യപ്പെടുമ്പോൾ വിവർത്തകനെ ചില ഘടകങ്ങൾ സ്വാധീനിച്ചിരിക്കാം. തകഴിയെ ഈ നോവലിന്റെ വിവർത്തനത്തിലൂടെ തമിഴിലേക്ക് പരിചയപ്പെടുത്തുമ്പോൾ വിവർത്തകനെ സ്വാധീനിക്കുന്ന ലക്ഷ്യഭാഷയിലെ സവിശേഷ അധികാര പ്രത്യയ ശാസ്ത്ര ഘടകങ്ങളെ വിവർത്തന പാഠത്തെഒരു വ്യവഹാരമായി കണ്ടു വിമർശനാത്മക വ്യവഹാരപഗ്രഥനം എന്ന അപഗ്രഥന രീതിയുപയോഗിച്ച് പഠിക്കുന്നതിലൂടെ വിവർത്തകനെ സ്വാധീനിക്കുന്ന അധികാരഘടകങ്ങളെ കെ ത്താനാവും. പ്രഥമ വായനയിൽ ഈ വിവർത്തന പാഠം മൂലകൃതിയിൽ നിന്നും യാതൊരു വിധ മാറ്റവും വരുത്താതെ തകഴിയെ അതേപടി തമിഴിലേക്കും അവതരിപ്പിക്കുന്ന ഒരു രചനയാണ്. പരമാവധി പദാനുപദ വിവർത്തനമാണ് വിവർത്തകൻ നടത്തിയിട്ടുള്ളത്. എന്നാൽ പ്രത്യക്ഷത്തിൽ ഇത്തരം ഒരു തോന്നൽ ജനിപ്പിക്കുമ്പോഴും വിവർത്തന പാഠത്തിന്റെ സൂക്ഷ്മ പരിശോധനയിൽ വിവർത്തകൻ ചില മാറ്റങ്ങൾ വരുത്തിയതായി കാണാം. ഇത്തരത്തിൽ വരുത്തിയ ചെറിയ മാറ്റങ്ങൾക്ക് പിന്നിൽ അധികാരത്തിന് വിധേയമായ ലക്ഷ്യങ്ങളുണ്ടോയെന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു.

നോവലിന്റെ തുടക്കത്തിൽ ചുടലമുത്തു തന്റെ അച്ഛന്റെ തോട്ടി തൊഴിൽ മനസില്ല മനസോടെ സ്വീകരിച്ചു തൊഴിലിന് പോവുന്നു. വൃത്തിഹീനമായ സാഹചര്യത്തിൽ ഭക്ഷണം കഴിക്കാൻ മടിക്കുന്ന ചുടലമുത്തു വീടുകളിൽ നിന്ന് ലഭിക്കുന്ന ഭക്ഷണമൊന്നും തന്നെ സ്വീകരിക്കുന്നില്ല. ദിവസം മുഴുവൻ ഒന്നും കഴിക്കാതെ വിശന്നു വലഞ്ഞു വീട്ടിലേക്ക് വരുമ്പോഴാണ് താൻ കൊണ്ടുവരുന്ന ഭക്ഷണവും കാത്ത് തന്റെ അച്ഛൻ ഇരിപ്പുണ്ടെന്ന യാഥാർഥ്യം അവന് ബോധ്യപ്പെടുന്നത്. അവിടെനിന്നും തിരിച്ചു ജോലിസ്ഥലങ്ങളിൽ പോയി അച്ഛനുവേണ്ടി ഭക്ഷണം ആവശ്യപ്പെടുന്ന രംഗം നോവലിൽ വളരെ പ്രധാനപ്പെട്ട ഭാഗമാണ്. രാവിലെ തോട്ടിതൊഴിലിനായി ചെന്നപ്പോൾ ഭക്ഷണം ആവശ്യപ്പെടാതെ തന്നെ കൊടുത്തവർ വൈകുന്നേരം ഭക്ഷണം അന്വേഷിച്ചു ചെന്നപ്പോൾ കണ്ടഭാവം നടിക്കുന്നില്ല. അച്ഛനുവേണ്ടി

ഭക്ഷണത്തിനായി തെണ്ടി നടന്ന ചുടലമുത്തു ആദ്യം പോവുന്നത് ഒരു ഹോട്ടലിലേക്കാണ്. അവിടെ നിന്നു ഒന്നും ലഭിക്കുന്നില്ല. പിന്നീട് അയാൾ താൻ ജോലിച്ചെയുന്ന ഒരു വീട്ടിലേക്കാണ് പോവുന്നത്. അതൊരു ജഡ്ജി യുടെ വീടാണ്. അവിടെ ഗെയ്റ്റിൽ കാവൽ നില്ക്കുന്ന ശിപ്പായിയോട് അയാൾ ഭക്ഷണം ആവശ്യപ്പെടുന്നു. അതിനയാൾ നൽകുന്ന മറുപടി ഇപ്രകാരമാണ്.

"എല്ലാവരും പ്രാർത്ഥനയിലാ ഇപ്പം പറ്റത്തില്ല.
അകത്തു കൂട്ടമായി സ്തോത്രം ചൊല്ലുന്നത് കേൾക്കാമായിരുന്നു.
ചുടലമുത്തു ചോദിച്ചു പ്രാർത്ഥന എപ്പം തീരും
രണ്ടു നാഴികയ്ക്കകം തീരും"

ഇതിന്റെ തന്നെ തമിഴ് വിവർത്തനം ഇപ്രകാരമാണ്

"എല்லோரும் பூசையிலெ இருக்காங்க இப்போ முடியாத്.
உள்ளே பலர் கோஷ்டியாக பாடுவத் கேட்டுகொண்டிருந்தத്.
சுடலைமுத்து கேட்டான்
பூசை எப்ப முடியும்?
இரண்டுமணிநேரமாக்கும்."

മലയാള നോവൽ വായനക്കാർക്ക് സ്തോത്രം എന്ന വാക്കിൽ നിന്നും അതൊരു ക്രിസ്തുമത വിശ്വാസിയുടെ വീടാണെന്ന വ്യക്തത ലഭിക്കുന്നു. എന്നാൽ "സ്തോത്രം ചൊല്ലുന്നത് കേൾക്കുന്നുണ്ടായി രുന്നു" എന്നതു "ഗോഷ്ടിയാക പാടുവത" എന്നായി മാറിയപ്പോൾ മത ത്തിന്റെ സൂചന നഷ്ടമായി എന്നു മാത്രമല്ല അവിടെ അവതരിപ്പിക്ക പ്പെടുന്ന പ്രാർത്ഥന ഒരു ഗോഷ്ഠിയാണെന്ന തോന്നൽ ജനിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ അങ്ങനെയൊരു മത സൂചന ലഭിക്കേണ്ടതിന്റെ ആവശ്യമില്ലെന്ന് തോന്നാം. എന്നാൽ നോവലിന്റെ തുടർവായനയിൽ നിന്നും അതിന്റെ അനിവാര്യത ബോധ്യമാവും.

അടുത്തായി അയാൾ ഒരു വീട്ടിൽ ചെല്ലുമ്പോൾ അവിടെ ഒരു വൃദ്ധ നാമം ജപിക്കുന്നത് കാണുന്നു. അവിടെയും അയാൾ ഭക്ഷണം അഭ്യർത്ഥി യ്ക്കുന്നു. അതിന് ആ വൃദ്ധ ദേഷ്യത്തോടെ പറയുന്നത് ഇപ്രകാരമാണ്.

"ധർമ്മത്തിന് ഈ ത്രിസന്ധ്യയ്ക്ക് ഇതു നാലാമത്തെ ആളാ ണത്രെ"

ഇതിന്റെ തന്നെ തമിഴ് ഇപ്രകാരമാണ്.

"பூஜை வேளையில் பிச்சைய്க്ക് வந்த நாலாவத் ஆள் இவன்"

പിന്നീട് പല പാവപ്പെട്ടവരുടെ വീടുകളിൽ നിന്നായാണ് അയാൾക്കു കുറച്ചു ഭക്ഷണമെങ്കിലും കിട്ടുന്നത്. സമ്പന്നരുടെ വീടുകളിൽ യാചിച്ചു ചെന്ന ചുടലമുത്തുവിന്നു ഒന്നും ലഭിച്ചില്ല. പാവങ്ങളുടെ വീടുകളിൽ നിന്നായി കുറച്ചു കഞ്ഞിവെള്ളമെങ്കിലും ലഭിച്ചു എന്നൊരാശയം തകഴി അവതരിക്കുന്നു. എന്നാൽ ഈ അവതരണത്തിൽ ഈയൊരു ചെറിയ ആശയം മാത്രമല്ല ഉള്ളത്. രണ്ടു വീടുകളിൽ കയറി ചെല്ലുമ്പോൾ ചുടലമുത്തുവിന് ഉണ്ടാവുന്ന അനുഭവം വിശദീകരിക്കുന്നതിലൂടെ മറ്റൊരു ആശയവും തകഴി അവതരിപ്പിക്കുന്നുണ്ട്. തകഴിയുടെ നോവലിൽ ചുടലമുത്തു ചെല്ലുന്നത് രണ്ടു വ്യത്യസ്തമതസ്ഥരുടെ വീടുകളിലേക്കാണ്. രണ്ടു മതസ്ഥരും അവരുടേതായ വിശ്വാസപ്രകാരമുള്ള പ്രാർത്ഥനയിലിരിക്കുന്ന വേളയിലാണ് ചുടലമുത്തു ചെല്ലുന്നത്. എല്ലാ മതങ്ങളും ഒരുപോലെ പുണ്യമായി കരുതുന്ന അന്നദാനം നിർവ്വഹിക്കാൻ ഇരു കൂട്ടരും തയ്യാറാവുന്നില്ല എന്ന അർഥം കൂടെ തകഴി പറഞ്ഞു വയ്ക്കുന്നു. മലയാള വായനക്കാർക്കു ഈ ആശയം വളരെ സ്വഭാവികമായി ലഭിക്കുന്നു. എന്നാൽ വ്യത്യസ്ത മതസ്ഥരുടെ വീടുകളിൽ ചെന്നു ഭക്ഷണം യാചിക്കുന്ന അനുഭവമോ അവരുടെ അവഗണയോ ഒന്നും തന്നെ തമിഴ് വായനക്കാർക്ക് ലഭിക്കണമെന്നില്ല. തമിഴിലേക്ക് നടത്തിയ വിവർത്തനത്തിൽ വിവർത്തകൻ അപ്രധാന്യമെന്ന് തോന്നിയതുകൊണ്ടോ, ശ്രദ്ധയിൽ പെടാത്തതുകൊണ്ടോ ആയിരിക്കാം ആശയ മാറ്റത്തിന് കാരണമെന്ന് ധരിക്കാം. എന്നാൽ വിവർത്തകൻ വരുത്തിയ ഈ മാറ്റം ബോധപൂർവമാണെങ്കിൽ അതിന് തീർച്ചയായും കാരണം ഉണ്ടായിരുക്കുമല്ലോ.

ചുടലമുത്തുവിന്റെ അച്ഛൻ ഇശക്കുമുത്തു മരിച്ചന്ന് അവിടെ നടക്കുന്ന സംഭാഷണമാണ് മറ്റൊരു സന്ദർഭം. മരിച്ച വീട്ടിൽ നടക്കുന്ന സംസാരത്തിൽ ഇശക്കുമുത്ത് ഭാഗ്യവാനാണെന്ന് പളനി പറയുന്നു. കിടക്കാതെ മരിച്ചതാണ് ഭാഗ്യമെന്ന് അയാൾ വ്യാഖ്യാനിക്കുന്നു. അത് ശരിയാണെന്ന് എല്ലാവരും ശരിവയ്ക്കുന്നു. ഈ സംഭാഷണത്തിൽ യോജിക്കാനാവാതെ ഔസേപ്പ് തോട്ടികളുടെ ജീവിതം തന്നെ ഭാഗ്യമില്ലാത്തതാണ്, മരണത്തിലെന്ത് ഭാഗ്യം വരാനാണ് എന്നു പറയുന്നു. ഇത്തരത്തിൽ ഔസേപ്പും വടിവേലുവും തമ്മിലുള്ള സംഭാഷണമാണ് വിവർത്തകൻ മാറ്റി പ്രയോഗിച്ചിരിക്കുന്ന മറ്റൊരു സന്ദർഭം .

ഔസേപ്പ് മതം മാറിയ ആളാണ് മാത്രവുമല്ല എല്ലാവരെയും നിരന്തരം മതം മാറുന്നതിന് പ്രേരിപ്പിക്കുകയും ചെയ്യും. ഔസേപ്പിന്റെ ചോദ്യത്തിന് വടിവേലു മറുപടി പറയുന്നത് ഇപ്രകാരമാണ്.

“എന്ന കൂവേ പിന്നെ പാക്യം? മാർക്കം കൂടുവാണോ?”

ഔസേപ്പ് അൽപ്പം വീറോടെ പറഞ്ഞു

“നമ്മളെന്തിനാ പെറണെ? ദൈവത്തെ സ്തോത്രം ചെയ്യാനാ. ചത്തു ചെന്നാലും ഗതി വേണം.

അന്ത്യകൂദാശ സൊബോദത്തോടെ കൈക്കൊണ്ടു ചാവണം.”

മറ്റുള്ളവർ പൊട്ടി ചിരിച്ചു.

ഇത് തന്നെ തമിഴിലേക്ക് പരിഭാഷ ചെയ്തപ്പോൾ

“വടിവേലു കേട്ടാൻ

വേറെൻട്ര അതിരിഷ്ടം മനിതനുക്ക്?

അതർക്കു ഔസേപ്പ് കമ്പീരമാക പതിൽ സൊൻനാൻ

നാം എതർക്കാക പിറന്തോം? ആണ്ടവറൈ തുതിക്ക. സെത്ത് പൊന്നാലും മോച്ചം

കിടൈക്കണും. കടൈസി കാലത്തിൽ സുയനെനപ്പോടെ മയപോടണും.”

ഇതൊരു പരിഹാസം നിറഞ്ഞ സംഭാഷണ രംഗമാണ്. എന്നാൽ ഇത് വെറുമൊരു പരിഹാസ സംഭാഷണ രംഗം മാത്രമായല്ല അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. ഔസേപ്പ് മതം മാറിയ അന്ന് മുതൽ എല്ലാവരേയും മതം മാറാൻ പ്രേരിപ്പിക്കുന്നതായി തമിഴിലും മലയാളത്തിലും പറയുന്നുണ്ട്. അയാളുടെ പേരിൽ നിന്നും അയാൾ ക്രിസ്തുമതത്തിലേക്കാണ് മാറിയതെന്ന് ഊഹിക്കാവുന്നതാണ്. അന്നത്തെ സാമൂഹിക സാഹചര്യം വ്യക്തമായി അറിയാവുന്ന മലയാള വായനക്കാർക്ക് ഇത് ഊഹിക്കാവുന്നതേയുള്ളൂ. ഇനിയിപ്പോൾ ഊഹിക്കാൻ കഴിഞ്ഞില്ലെങ്കിലും സംഭാഷണത്തിന്റെ തുടർച്ചയായി വരുന്ന ഭാഗങ്ങളിൽ മത സൂചന പ്രകടമാണ്. “എന്ന കൂവേ പിന്നെ പാക്യം? മാർക്കം കൂടുവാണോ?” എന്നു വടിവേലു ചോദിക്കുന്നത്തിൽ നിന്നും ഔസേപ്പ് ക്രിസ്തുമതത്തിലേക്കാണ് മാറിയതെന്ന് വ്യക്തം. വടിവേലു പറഞ്ഞതിൽ ചൊടിച്ചു ഔസേപ്പ് പറയുന്ന മറുപടിയിലെ പ്രയോഗങ്ങൾ “ദൈവത്തെ സ്തോത്രം ചെയ്യാനാ,” “അന്ത്യകൂദാശ സൊബോദത്തോടെ” എന്നിവ ക്രിസ്തുമത സൂചന കുറേകൂടി വ്യക്തമാക്കുന്നു. ഈ പ്രയോഗങ്ങൾ വെറും മതസൂചന മാത്രമല്ല അതോടൊപ്പം ആ മതത്തിൽ അയാളുടെ വിധേയത്വവും

അയാളുടെ മതപ്രചാരണ മനോഭാവവും വ്യക്തമാക്കുന്നു. എന്നാൽ തമിഴിൽ "മാർക്കം കൂടുവാണോ?" എന്ന വടിവേലുവിന്റെ ചോദ്യം കാണുന്നേയില്ല. ഔസേപ്പ് പറയുന്ന ദൈവത്തെ സ്തോത്രം ചെയ്യാനാ, അന്ത്യകൂദാശ സൊബോദത്തോടെ എന്നീ പ്രയോഗങ്ങളോ അതിന് സമാന ആശയങ്ങളുള്ള പ്രയോഗങ്ങളോ വിവർത്തകൻ ഉപയോഗിച്ചതായി കാണുന്നില്ല. മതം മാറിയ ഔസേപ്പ് മറ്റുള്ളവരെ അതിന് പ്രേരിപ്പിക്കുന്ന തായി പറഞ്ഞ വിവർത്തകൻ ഏത് മതത്തിലേക്കാണ് മതം മാറിയതെന്നും അവൻ എങ്ങനെയാണ് മറ്റുള്ളവരെ പ്രേരിപ്പിക്കുന്നതെന്നും വ്യക്തമാക്കുന്ന ഈ സംഭാഷണരംഗം ലഘൂകരിച്ച് അവതരിപ്പിച്ചത് ഈ ആശയം അപ്രധാനമായി തോന്നിയതുകൊണ്ടോ ആശയം കൃത്യമായി ഗ്രഹിക്കാത്തതുകൊണ്ടോ ആണെങ്കിൽ അതിനെ വിവർത്തനത്തിൽ സംഭവിച്ച പിഴവായി മാത്രം കണക്കാക്കാം. എന്നാൽ ആശയം വ്യക്തമാക്കാത്തതിന് പിന്നിൽ ബോധപൂർവമുള്ള ശ്രമമാണെങ്കിൽ അത് വെറും വിവർത്തനത്തിലെ പിഴവവായി മാത്രം കരുതാൻ കഴിയില്ല.

ഇതുപോലൊരു സന്ദർഭം കൂടി നോവലിലുണ്ട്. ഇശക്കുമുത്തുവിന്റെ ശരീരം എവിടെയാണ് മറവ് ചെയ്യേണ്ടതെന്ന് ഒരു വലിയ ചർച്ചയുണ്ടായി. എല്ലാവർക്കും രാവിലെ പണിയ്ക്ക് പോവണം. പറ്റുമെങ്കിൽ രാത്രിതന്നെ മറവ് ചെയ്യണം. കൂട്ടത്തിൽ ഒരാൾ ശ്മശാനത്തിൽ മതിയെന്ന അഭിപ്രായം പറഞ്ഞു. അതിനാണെങ്കിൽ കാശുവേണം. ചുടലമുത്തുവിന്റെ കൈയിലാണെങ്കിൽ കാശില്ല. ഇത്തരമൊരു സന്ദർഭത്തിൽ ഔസേപ്പ് ഒരു പ്രതിവിധി പറയുന്നു.

"ഔസേപ്പിനു അപ്പോഴും അഭിപ്രായമുണ്ടായിരുന്നു."

"പള്ളിലാണെലെന്താ? കുഴിക്കാണം മതി. ഇപ്പമിരിക്കുന്ന അച്ചൻ നല്ലയാളാ. നാമ്പറയാം. കാശില്ലെങ്കിലും ഒരു കുർബ്ബാന ചൊല്ലാം" ആ അഭിപ്രായം ആരും ഗൌനിച്ചില്ല.

ഈ സംഭാഷണം തമിഴിൽ ഇങ്ങനെയാണ്

"ഔസേപ്പയ്ക്ക് അപ്പോതും പഴയ അപിപിരിരായംന്താൻ"

"മാതാകോയിലുക്ക് പോയിട്ട എന്ന? പെട്ടിതാൻ ഒണ്ണ് വേണും. ഇപ്പോ ഇരുക്കിര സാമിയാറ് നല്ലവറ്, നാൻ സൊല്ലുറേൻ. കാശ് ഇല്ലേണ്ണാലും കാരിയം മുടിച്ചിരും."

ഇവിടെയും കുഴിക്കാണം, കുർബ്ബാന മുതലായ മതസൂചനയുള്ള പ്രയോഗങ്ങൾക്ക് സമാനമായ പദപ്രയോഗം വിവർത്തകൻ കണ്ടെത്തി

കാണുന്നില്ല. കുഴിക്കാണം എന്ന പദം ആദ്യകാലങ്ങളിൽ കൃഷിസ്ഥലത്തിന് നൽകുന്ന പാട്ടം എന്നർത്ഥത്തിലാണ് ഉപയോഗിച്ചിരുന്നത്. എന്നാൽ ക്രിസ്തുമതത്തിന്റെ വരവോടെ ശരീരം മറവ് ചെയ്യാൻ പള്ളിയിൽ നിന്നും അനുവദിക്കുന്ന സ്ഥലത്തിന് പള്ളിയ്ക്കു നൽകുന്ന തുകയെന്നർത്ഥം വന്നുചേർന്നു. പിന്നീട് കൃഷിസ്ഥലത്തിന് നൽകുന്ന പാട്ടം എന്നതിനെക്കാൾ മതസൂചനയുള്ള പദമായിട്ടാണ് ഇത് പ്രയോഗിക്കപ്പെടുന്നത്. കുർബ്ബാന എന്നതും ഇത്തരത്തിൽ മതസൂചനയുള്ള പദമാണ്. ഇതിന് സമാനമായ പദങ്ങൾ കണ്ടെത്തുന്നില്ലെങ്കിലും ചെറിയ രീതിയിലെങ്കിലും ക്രിസ്തുമതാശയം കൊണ്ടുവരാൻ വിവർത്തകൻ ശ്രമിച്ചിട്ടുണ്ട്. “പള്ളിലാണെലെന്താ?” എന്നതിന് “മാതാകോയിലുക്ക് പോയിട്ട എന്ന?” എന്നു പ്രയോഗിച്ചിരിക്കുന്നത് ക്രിസ്തുമതത്തിൽ അഭയം പ്രാപിച്ചാൽ എന്താ എന്ന ഔസേപ്പിന്റെ ചോദ്യത്തെ വ്യക്തമായി കൈമാറ്റം ചെയ്യുന്നു. എന്നാൽ അതുകൊണ്ടു മാത്രം ആശയം പൂർണ്ണമാവുന്നില്ല. അടുത്ത വാക്ക് ഇപ്രകാരമാണ് കുഴിക്കാണം മതി ഇതിനെ പെട്ടിതാൻ ഒണ്ണ് വേണും എന്നാക്കി മാറ്റിയിരിക്കുന്നു. കുഴിക്കാണം നല്കി പണമുള്ളവന് പള്ളിയിൽശവശരീരം മറവ് ചെയ്യാം പെട്ടിതാൻ ഒണ്ണ് വേണും ഇങ്ങനെ പെട്ടിയാണ് ഒന്ന് വേണ്ടത് എന്നർത്ഥത്തിൽ ഉപയോഗിക്കുമ്പോൾ ക്രിസ്തുമത സൂചന ലഭിച്ചെങ്കിലും കുഴിക്കാണം എന്ന പദത്തിന് സമാന പദം കണ്ടെത്താത്തത് അതിന്റെ തുടർച്ചയായി കാശില്ലെങ്കിലും ഒരു കൂർബ്ബാന ചൊല്ലാം എന്നത് കൂടിച്ചേരുമ്പോൾ ലഭിക്കേ സവിശേഷാർത്ഥം ലഭിക്കുന്നില്ല. പണമില്ലാത്തവനെ ഞങ്ങൾ സ്വീകരിക്കുന്നു എന്ന ക്രിസ്തുമത വിശ്വാസിയുടെ സ്വീകരണ മനോഭാവവും ആ മതത്തിന്റെ അന്നത്തെക്കാലത്തെ തുറന്ന സമീപനവും മതം മാറിയവർ മറ്റുള്ളവരെ പ്രേരിപ്പിക്കാനായി സാഹചര്യത്തെ ഉപയോഗിക്കുന്ന ഭാഷതന്ത്രവും ഈ പദങ്ങൾക്കു സമാനപദം ക െത്താത്തതിൽ നഷ്ടമാവുന്നുണ്ട്. മാത്രവുമല്ല കാശില്ലെങ്കിലും ഒരു കൂർബ്ബാന ചൊല്ലാം എന്നതിന് വിവർത്തകൻ കാശ് ഇല്ലേണ്ണാലും കാരിയം മുടിച്ചിരും എന്നാണ് പ്രയോഗിച്ചിരിക്കുന്നത്. പണമിലെങ്കിലും തൽക്കാലത്തേക്കും കാര്യം നടക്കും എന്നു തമിഴിൽ അവതരിപ്പിക്കുമ്പോൾ കൂർബ്ബാന ചൊല്ലൽ അത്തരത്തിൽ തൽക്കാലത്തേക്കു മാത്രമുള്ള ഒരു പ്രതിവിധിയായിട്ടല്ല തകഴി അവതരിപ്പിക്കുന്നത്. ഭാവിയിൽ ആ മതത്തിന്റെ ഭാഗം അവന്നുള്ള ഒരു തുടക്കമാണ് തകഴി അവതരിക്കുന്ന കൂർബ്ബാന ചൊല്ലൽ.

തകഴിയുടെ തോട്ടിയുടെ മകനിൽ ഈ മൂന്നു സന്ദർഭങ്ങളിലാണ് മതം ഒരു വിഷയമായി കടന്നുവരുന്നത്. ഇവിടങ്ങളിലെല്ലാം വിവർത്തകന് ഒരുപോലെ അബദ്ധം പറ്റിയെന്ന് പറയാനാവില്ല. ആശയം കൃത്യമായി

ഗ്രഹിക്കാത്തതാണെന്ന് വരാനും വഴിയില്ല. അപ്പോൾ ഇതിനെ വിവർത്തന ത്തിൽ സംഭവിച്ച പിഴവായി മാത്രം കാണാൻ വയ്യ. വിവർത്തകൻ സ്വതന്ത്ര മായി വിവർത്തനം നടത്തി എന്നു കരുതാം എന്നിരുന്നാലും നോവലിന്റെ ആദ്യംമുതൽ അവസാനം വരെയുള്ള ആശയങ്ങൾക്കു യാതൊരുവിധ ചോർച്ചയും സംഭവിക്കാതെ ഏറെക്കുറെ പദാനുപദം വിവർത്തനം ചെയ്ത വിവർത്തകൻ ഇവിടങ്ങളിൽ മാത്രം സ്വാതന്ത്ര്യമെടുത്ത് വിവർത്തനം നടത്തിയത് എന്തുകൊണ്ടായിരിക്കാം. ഇത്തരം സന്ദർഭങ്ങളിൽ തകഴി പ്രയോഗിച്ചിരിക്കുന്ന മത സൂചന നല്കുന്ന പദങ്ങൾക്കു വലിയ പ്രധാന്യ മില്ലെന്ന് വിവർത്തകൻ ഒഴുവാക്കിയതാണെങ്കിൽ അതിന് പിന്നിലും വ്യക്തമായ ഒരു നിഗൂഢലക്ഷ്യം ഇല്ലാതെ തരമില്ല.

ആദ്യത്തെ സന്ദർഭത്തിൽ രണ്ടു വ്യത്യസ്ത മതസ്ഥരുടെ വീടു കളിൽ ചെന്നു ഭക്ഷണം അപേക്ഷിച്ചിട്ടും ഭക്ഷണം ലഭിച്ചില്ല എന്ന ആശയം അവതരിപ്പിക്കാതെ പോയ വിവർത്തകൻ മതങ്ങൾ താഴ്ന്ന വിഭാഗത്തോട് പുലർത്തിയിരുന്ന അവഗണ മനോഭാവവും വായനക്കാർക്ക് നൽകുന്നില്ല. സവർണ്ണമേധാവിത്വബോധം, മതപരമായി വിവർത്തകന്നു ണ്ടായിരുന്നു വ്യക്തി താല്പര്യങ്ങൾ, തമിഴ് വായനാ സംസ്കാരത്തിന്റെ നിലവാരം, വിവർത്തനം നടത്തിയ കാലഘട്ടത്തിലെ സാമൂഹിക സാഹചര്യങ്ങൾ, പ്രസിദ്ധീകരണ വിപണന രംഗം, ജനപ്രീയത എന്നീ ഘടകങ്ങൾ ഈ സന്ദർഭത്തെ ഇങ്ങനെ അവതരിപ്പിക്കാൻ വിവർത്തകനെ പരോക്ഷമായി സ്വാധീനിച്ചിട്ടുണ്ട്. ഔസേപ്പിന്റെ സംഭാഷണങ്ങളിലെ ഏതാനും ഭാഗങ്ങൾ ഒഴുവാക്കുന്ന വിവർത്തകൻ അന്ന് കേരളത്തിലു ണ്ടായിരുന്നു ചില സവിശേഷ അവസ്ഥയെയാണ് പറയാതെ പോവുന്നത്. അടിച്ചമർത്തപ്പെട്ട് സമൂഹത്തിന്റെ താഴെതട്ടിലേക്ക് താഴ്ത്തപ്പെടുന്ന ആളുകൾ തങ്ങളുടെ സ്ഥിതിയിൽ നിന്ന് രക്ഷപ്പെടുന്നതിനായി മതപരി വർത്തനത്തിന് വിധേയരായിയെന്നും അത്തരത്തിൽ മതം മാറിയവർ മറ്റുള്ളവരെകൂടി മതം മാറാൻ പ്രേരിപ്പിച്ചിരുന്നുയെന്നും അത്തരം പ്രേരണ കളെ ജനങ്ങൾ പരിഹസിച്ചിരുന്നുയെന്നുമുള്ള ആശയങ്ങൾ ഉൾക്കൊള്ളു ന്നതാണ് ഔസേപ്പിന്റെ സംഭഷണങ്ങൾ ഒരോന്നും. എന്നാൽ ആ സംഭാഷ ണങ്ങളിലെ മതസൂചന നൽകുന്ന പദങ്ങളെ വിവർത്തകൻ ഒഴുവാക്കുക യും പകരം പദം ഉപയോഗിക്കാതെ വിടുകയും ചെയ്യുമ്പോൾ ഈ പറഞ്ഞ ആശയം ഒന്നും തന്നെ ആ സംഭാഷണത്തിൽ വരുന്നില്ല. വിവർത്തകൻ നടത്തിയ ഇത്തരം മാറ്റങ്ങൾ വലിയൊരു ആശയത്തെ ലക്ഷ്യഭാഷാ വായനക്കാർക്ക് നൽകാതെ പോയി.

കേരളത്തിലെ ആലപ്പുഴ ജില്ലയിൽ ഇത്തരം തോട്ടി തൊഴിൽ ചെയ്തിരുന്ന തൊഴിലാളികളിൽ ഭൂരിഭാഗവും തമിഴ്നാടിലെ തഞ്ചാവൂരിൽ

നിന്നും കൊണ്ടുവരപ്പെട്ടവരാണ്. അവർക്കു ഇവിടെ സംഭവിക്കുന്ന ദുരിതം കാരണം അവർ മതമാറ്റത്തിന് വിധേയരായി എന്ന വസ്തുത തമിഴ് വായനക്കാർ അറിയാതിരിക്കാനോ, ദേശീയതബോധം ധാരാളമുള്ള തമിഴർ തന്റെ ജനതയ്ക്ക് മറ്റൊരു സ്ഥലത്ത് സംഭവിക്കുന്ന ദുരിതമറിഞ്ഞ് വികാരഭരിതർ അവരുതെന്നോ വായനക്കാരുടെ പ്രീതിയ്ക്കയോ മതപരിവർത്തനത്തെ സംബന്ധിച്ചു തന്റേതായ ഒരു അഭിപ്രായം ഒരിടത്തു പ്പോലും പ്രകടിപ്പിക്കാതിരിക്കാൻ വിവർത്തകൻ നടത്തിയ ബോധപൂർവ മായ ശ്രമമോ തമിഴ് വായന സംസ്കാരത്തിന്റെ സ്വാധീനമോ, തമിഴ് സാഹിത്യത്തിലെ വരേണ്യ അധികാര സ്വാധീനമോ, സവർണ്ണമേധാ വിത്വബോധമോ ഇത്തരം ധാരാളം ഘടകങ്ങൾ ഒന്നായി ചേർന്നു വിവർ ത്തകന്റെ വിവർത്തനപാഠത്തെ സ്വാധീനിച്ചിട്ടുണ്ട്.

**ഉപസംഹാരം**

ഒരു സാഹിത്യ കൃതി ഒരു ഭാഷയിൽ നിന്നും മറ്റൊരു ഭാഷയിലേക്ക് വിവർത്തനം ചെയ്യുമ്പോൾ ലക്ഷ്യഭാഷയിലെ ചിലകാരണങ്ങളാൽ വിവർത്തകന് മൂലകൃതിയോട് വേണ്ടത്ര വിശ്വസ്തത പുലർത്താൻ കഴിഞ്ഞെന്ന് വരില്ല. ഇത്തരത്തിൽ എപ്രകാരമാണ് ലക്ഷ്യഭാഷാ അധികാരം വിവർത്തനത്തെ സ്വാധീനിക്കുന്നതെന്ന് തകഴിയുടെ തോട്ടിയുടെ മകൻ എന്ന നോവലിന് സുന്ദരരാമസ്വാമി തമിഴിലേക്ക് നടത്തിയ വിവർത്തനത്തെ മുൻനിർത്തി പഠിക്കാനാണ് ഈ പഠനം കൊണ്ട് ശ്രമിച്ചത്. അതിനായി വിമർശനാത്മകവ്യവഹാരപഗ്രഥനം എന്ന രീതിശാസ്ത്രമാണ് പ്രയോഗിച്ചത്. പ്രത്യക്ഷത്തിൽ സമാനമെന്ന് തോന്നുന്ന വിവർത്തന പാഠത്തിന്റെ സൂക്ഷ്മ പരിശോധനയിൽ വിവർത്തകൻ ചില മാറ്റങ്ങൾ വരുത്തിയതായി കണ്ടെത്താൻ കഴിഞ്ഞു. ഈ മാറ്റങ്ങൾ വിവർത്തകന്റെ സ്വാതന്ത്ര്യതിന്റെ ഫലമോ വിവർത്തന ത്തിൽ സംഭവിച്ച പിഴവോ ആശയ സ്വീകരണത്തിൽ വന്ന തെറ്റിദ്ധാര ണയോ അല്ലെന്നും ബോധപൂർവമായ ഈ മാറ്റങ്ങൾക്കു പിന്നിൽ വ്യക്തമായ കാരണങ്ങളുള്ള ചില ഘടകങ്ങളുണ്ടെന്നും അപഗ്രഥനത്തിൽ നിന്ന് വ്യക്തമായി. മതപരമായി വിവർത്തകന്നുണ്ടായിരുന്നു വ്യക്തി താല്പര്യങ്ങൾ, തമിഴ് വായനാ സംസ്കാരത്തിന്റെ നിലവാരം, വിവർത്തനം നടത്തിയ കാലഘട്ടത്തിലെ സാമൂഹിക സാഹചര്യങ്ങൾ, മതപരിവർത്തനത്തെ സംബന്ധിച്ചു തന്റേതായ ഒരു അഭിപ്രായപ്പോലും എവിടെയും വരാതിരിക്കാൻ വിവർത്തകൻ നടത്തിയ ബോധപൂർവമായ ശ്രമം, തമിഴ് സാഹിത്യത്തിലെ വരേണ്യ അധികാരം, പ്രസിദ്ധീകരണ വിപണന രംഗം, ജനപ്രീയത എന്നിവ വിവർത്തകനെ സ്വാധീനിച്ച ഘടകങ്ങളാണെന്ന് അപഗ്രഥനത്തിലൂടെ വ്യക്തമായി.

**ഗ്രന്ഥസൂചി**

1. അജയ്ശേഖർ. ചന്ദ്രശേഖർ, എസ്.ആർ. കേരള നവോത്ഥാനം: പുതു വായനകൾ, തിരുവനന്തപുരം: റെയ്‌വൻ പബ്ലിക്കേഷൻ, 2017.
2. ഗിരീഷ്, പി.എം., അധികാരവും ഭാഷയും. കോഴിക്കോട്: പാപ്പിയോൺ, 2001.
3. ഗിരീഷ്, പി.എം., മലയാളം സ്വത്വവും വിനിമയവും. ശുകപുരം : വള്ളത്തോൾ വിദ്യാപീഠം, 2013
4. ഗിരീഷ്, പി.എം. (എഡി.), ഭാഷാശാസ്ത്രം ചോംസ്കിക്കപ്പുറം. തിരുവനന്തപുരം : കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2018.
5. ഗിരീഷ് പി.എം., വിമർശനാത്മകഭാഷാശാസ്ത്രം, ഭാഷാശാസ്ത്രം മലയാളത്തിൽ ഇന്നലെ, ഇന്ന്, നാളെ. ശരത്ചന്ദ്രൻ നായർ, വി (എഡി.). മൈസൂർ: സതേൺ റീജിയണൽ ലാംങ്ഗ്വേജ് സെന്റർ. 2005.
6. ജയാസുകുമാരൻ. സ്കറിയ സക്കറിയ., തർജ്ജമ സിദ്ധാന്തവും പ്രയോഗവും മലയാളത്തിൽ, കോട്ടയം: കറന്റ് ബുക്സ്, 1997.
7. തോമസ്, കെ. വി. മുട്ടത്ത് മാത്യൂ, ജെ. വിവർത്തനവിചിന്തനം കോഴിക്കോട്: ലിപി പബ്ലിക്കേഷൻസ്, 2013.
8. പ്രബോധചന്ദ്രൻ, വി. ആർ., വിവർത്തനചിന്തകൾ, കോട്ടയം: ഡി. സി. ബുക്സ്, 1994.
9. വിശ്വനാഥയ്യർ, എൻ. ഇ., വിവർത്തനവിചാരം, തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1996.
10. ശിവശങ്കരപ്പിള്ള, തകഴി, തോട്ടിയുടെ മകൻ, കോട്ടയം: ഡി. സി ബുക്സ്, 1998.
11. സുന്ദരരാമസ്വാമി. തോട്ടിയിൻ മകൻ. നാഗർകോവിൽ. കാലച്ചുവട് പബ്ലിക്കേഷൻസ്, 2000.

# പരിത്യക്തരുടെപൊരുൾ മാറ്റിയ കീഴാള രചനയും പറയ സമുദായചരിത്രാഖ്യാനവും

**ഡോ. ആശ ആർ.ഐ.**
അസി.പ്രൊഫസർ, മലയാള വിഭാഗം
മഹാത്മാഗാന്ധി കോളേജ്, തിരുവനന്തപുരം

**പ്രബന്ധസംഗ്രഹം**

നവോത്ഥാനത്തിന്റെയും ആധുനികീകരണത്തിന്റെയും ആദ്യഘട്ടത്തിൽ ഉണ്ടായിരുന്ന ശക്തമായ ദളിത് ധാര പിൽക്കാലത്ത് ശിഥിലമാക്കപ്പെട്ടു. സാമൂഹ്യ രാഷ്ട്രീയ രംഗങ്ങളിലും സാഹിത്യ സാംസ്കാരിക വ്യവഹാരങ്ങളിലും അതിനനുസരിച്ച് ദലിത് അദൃശ്യത വർദ്ധിച്ചു. വർത്തമാനകാല സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടവരുടെ ജീവിതം പ്രമേയമാക്കുന്ന ധാരാളം കൃതികൾ പ്രസിദ്ധീകരിക്കുന്നുണ്ട്, എങ്കിലും നവോത്ഥാനകാല നേതാക്കളുടെ ആശയങ്ങളും ആദർശങ്ങളും അനുദിനം ക്ഷയിക്കുന്നതാണ് കാണുന്നത്. ജാതിമത വർഗീയത സമൂഹത്തിൽ അനുദിനം വർദ്ധിക്കുന്നു. സമകാല സമൂഹത്തിൽ ജാതി വിരുദ്ധവും മതനിരപേക്ഷവുമായ ഒരു സമൂഹത്തെ സൃഷ്ടിക്കേണ്ടത് അനിവാര്യമാണ്. ശ്രേണീ കൃതമായ ജാതിവ്യവസ്ഥയുടെ അടിത്തട്ടിൽ പെട്ടുപോയസ്വന്തം സമുദായത്തിലെ മനുഷ്യരുടെ ദുരിതം തിരിച്ചറിഞ്ഞ് ആ സമുദായത്തിന്റെ ആന്തരിക നവീകരണത്തിനും സമുദായത്തെ മുഖ്യധാരയിൽ എത്തിക്കാനും വേണ്ടി ചരിത്രം പുറന്തള്ളിയവരുടെ ജീവിതം മുൻനിറുത്തി പ്രദീപൻ പാമ്പിരിക്കുന്ന് എഴുതിയ എരി എന്ന നോവൽ അപഗ്രഥിക്കുന്നതോടൊപ്പം പറയൻ എന്നാൽ പറകൊട്ടി രാജ വിളംബരങ്ങൾ അറിയിക്കുന്നവൻ എന്നതിൽ നിന്നും പിൽകാലത്ത് ആരാലും പറയപ്പെടാത്തവനായി, കേൾക്കപ്പെടാത്തവനായി, പകൽവെളിച്ചത്തിൽ പ്രത്യക്ഷപ്പെടാൻ

പാടില്ലാത്തവനായി മാറിയത് എങ്ങനെ എന്ന ചരിത്ര അന്വേഷണവും ഈ പ്രബന്ധത്തിലൂടെ നടത്തുന്നു.

**താക്കോൽ വാക്കുകൾ**

ശിഥിലം, അദൃശ്യത, പ്രയാണ പഥങ്ങൾ, വംശവൃക്ഷം, സാംബവർ, വിളംബരം, സാമന്ത പദവി , പാർശ്വവൽകൃതർ, ജാത്യാധികാരം.

**ആമുഖം**

”The battle against discrimination is not won in the courts but in the heart and mind of people.” Dr. B.R. Ambedkar

ലോകത്ത് ഒരു സമൂഹവും മറ്റൊരു സമൂഹത്തെ പോലെയല്ല എന്ന് അവരുടെ പ്രയാണപഥങ്ങൾ പരിശോധിച്ചാൽ അറിയാവുന്നതാണ്. ഏവരും അവരവർക്ക് പങ്കു പറ്റാവുന്ന നിശ്ചിതമായ ഒരു ജീവിതക്രമവും ജീവിത നിലവാരവും വളർത്തിയെടുക്കുന്നു. മനുഷ്യരിൽ ഒരു വിഭാഗം താരതമ്യേന ദുർബലരായ മറ്റൊരു വിഭാഗത്തെ അടിമകളാക്കി അവരെ ക്കൊണ്ട് ദാസ്യവേല ചെയ്യിക്കുന്നു. അധികാരവും സമ്പത്തും സാംസ്കാരികവൈജ്ഞാനിക മേഖലകളും കൈയ്യടക്കിയ സവർണ്ണവർഗ്ഗത്തിന് ജീർണ്ണമെങ്കിലും വലിയ വിള്ളലുകൾ ഒന്നുമില്ലാത്ത പൗരാണിക മതവിശ്വാസത്തിന്റെ ഉരുക്ക് കോട്ട ഉള്ളതുകൊണ്ട് തങ്ങളുടെ പരമ്പരാഗത മേധാവിത്വം നിലനിർത്താൻ കഴിഞ്ഞിരുന്നു. ഇന്ത്യയിലെ സാമൂഹ്യ സംവിധാനത്തിന്റെ മുഖമുദ്രയാണ് ജാതി വ്യവസ്ഥ . അനേകായിരം ജാതികളും അവയുടെ ഉച്ചനീച തരംതിരിവുകളും ഉൾപ്പെടെ സങ്കീർണ്ണമായൊരു സംവിധാനമായി ജാതി വ്യവസ്ഥ ഇന്നും അഭംഗുരം തുടരുന്നു. സവർണ്ണ അവർണ്ണ ഭേദങ്ങളുടെ ഗോപുരങ്ങളും ഗർത്തങ്ങളും രൂപീകരിച്ചു കൊണ്ടാണ് ജാതിഘടന നിലകൊള്ളുന്നത്. മേൽ കീഴ് ബന്ധങ്ങളുടെ സൃഷ്ടിയിലൂടെയാണ് സവർണ്ണർ അധികാരത്തിന്റെ അനന്തലോകം നിർമ്മിക്കുന്നത്. കീഴാളന്റെ വംശവൃക്ഷത്തിന്റെ വേരുകൾ തേടിയുള്ള യാത്ര പലപ്പോഴും എത്തിച്ചേരുന്നത് ഇരുപശിമയാർന്ന മണ്ണടരിലേക്കാണ്. എന്നാൽ ലോകത്തിന്റെ ഇതര ഭാഗങ്ങളിലെ പോലെ ആധുനിക കാലഘട്ടത്തിന്റെ പിറവിയോടെ ഉരുക്കഴിക്കപ്പെടുകയും അങ്ങേയറ്റം ലളിതമാക്കപ്പെടുകയും ചെയ്ത സാമൂഹിക ചേരിതിരിവുകൾ ഈ നൂറ്റാണ്ട് ആരംഭത്തോടെ ഇന്ത്യയിലും ശക്തി പ്രാപിച്ചു. മുതലാളിത്ത യുഗത്തിലേക്ക് ഇന്ത്യയും പ്രവേശിച്ചു. തത്ഫലമായിരണ്ടായിരത്തോളം വർഷമായി തുടരുന്ന ജാതിവ്യവസ്ഥയ്ക്ക് മുൻപൊരിക്കലും ഏൽക്കേണ്ടി വന്നിട്ടില്ലാത്ത ശക്തമായ ആഘാതങ്ങൾ ഉണ്ടായി.

**പറയസമുദായസംസ്കാരവും ചരിത്രാവലോകനവും:**

ആദിമ ദ്രാവിഡ വിഭാഗങ്ങളിലെ പ്രധാന വിഭാഗമാണ് പറയ സമുദായക്കാർ. തമിഴ്നാട്, കേരളം എന്നിവിടങ്ങളിൽ കൂടുതലായും കർണാടകയിൽ പരിമിതമായും കാണുന്ന ജാതി വിഭാഗമാണ് പറയ സമുദായം. സാംബവർ എന്ന പേരിലും ഇവർ അറിയപ്പെടുന്നു. കൂടാതെ പറവൻ, പാണ്ടി, മാംഗ്, മാഡിക, പത്മ, സാംബവ, വള്ളുവർ, പറയൻ തുടങ്ങിയ പേരുകളും ഇവർക്കുണ്ട്. ശിവ ഭക്തർ എന്നാണ് സാംബവർ എന്ന വാക്കിന്റെ അർത്ഥം[1]. തമിഴിൽ പറയർ എന്ന പദത്തിന് ഉയർന്ന തലത്തിൽ മലയുടെ മുകളിൽ വസിക്കുന്നവൻ, പണ്ഡിതൻ, ബുദ്ധി യുള്ളവൻ എന്നൊക്കെ അർത്ഥങ്ങൾ നൽകിയിട്ടുണ്ട്. സംഘകാല കൃതികളായ പുറം നാന്നൂറിലും അകംനാന്നൂറിലും സാംബവരെ കുറിച്ച് പരാമർശം ഉള്ളതായി കാണാം. സംഘ കാലഘട്ടത്തിൽ സാംബവർ ക്ഷേത്രപൂജാദികളിലും ക്ഷേത്രവാദ്യ നടത്തിപ്പിലും പങ്കെടുത്തിരുന്നു. ജാതികൾ രൂപം കൊള്ളുന്നത് തൊഴിലുകളുടെ അടിസ്ഥാനത്തിൽ ആണെന്നുള്ള ധാരണ പ്രബലമായ കാലഘട്ടത്തിൽ പറകൊട്ടുന്നവർ പറയരാണെന്നും പുലയിൽ (വയലിൽ) പണിയെടുക്കുന്നവർ പുലയർ ആണെന്നുമാണ് കരുതിവന്നിരുന്നത്. എന്നാൽ ഒരു വർഗ്ഗത്തിൽപ്പെട്ട മുഴുവൻ ജനങ്ങളും ഒരു തൊഴിൽ തന്നെ സ്വീകരിച്ചിരുന്നില്ല. കൃഷിപ്പണി, കരകൗശല വേലകൾ, മന്ത്രതന്ത്രങ്ങൾ, മറ്റു കലകൾ എന്നിവയിൽ പ്രാഗൽഭ്യം തെളിയിച്ചവരും ഉണ്ടായിരുന്നു. പറയരെ കുറിച്ചുള്ള അന്വേഷണം എത്തിക്കുന്നത് സംഘകാല കൃതികളിലും തമിഴ് സംസ്കാരപഠനത്തിലുമാണ്. പറയ സമുദായം ചരിത്രം, ഐതിഹ്യം എന്നിവ കൊണ്ട് സമ്പന്നമായ ജാതിയാണ്. സംഘകാലസാഹിത്യങ്ങൾ നമുക്ക് തരുന്ന തെളിവുകൾ അപഗ്രഥിക്കുമ്പോൾ ഒരുകാലത്ത് ദക്ഷിണേന്ത്യയിലെ പ്രതാപശാലികളായി ജീവിച്ചിരുന്നവരാണിവരെന്നു കാണാം. തുടിയൻ (പുലയർ) പാണൻ (ഗാനാലാപകർ) പറൈയർ (വിളംബരർ) കടമ്പർ (കൃഷിക്കാർ) എന്നിവരാണ് പറയ സമുദായ വിഭാഗത്തിൽപ്പെട്ടിരുന്നവർ. ക്രിസ്തുവർഷാരംഭത്തിന് മുമ്പും പറയ വംശജർ ഇവിടെ വസിച്ചിരുന്നതായി നരവംശ ശാസ്ത്രജ്ഞന്മാർ സൂചനകൾ നൽകുന്നുണ്ട്. ഭാരതത്തിൽ വ്യാപകമായി പല പേരുകളിൽ അറിയപ്പെട്ടിരുന്ന ഇവരുടെ അടിസ്ഥാന ജനതയെ കുറിച്ചുള്ള ശാസ്ത്രീയ പഠനങ്ങൾ ഇതുവരെ വ്യക്തമായ രീതിയിൽനടന്നിട്ടില്ല. പറയസമുദായ ത്തെക്കുറിച്ച് പറയുമ്പോൾ പറകൊട്ടുന്നവർ പറയ വംശജർ ആയി എന്നും പാടത്ത് പണിയെടുക്കുന്നവർ പുലയ വംശജരായി എന്നുമാണ് പൊതുവേ പറഞ്ഞുവരുന്നത്. ഒരു ജനത തൊഴിലുകളുടെ ഭാഗമായി പല ജാതി

കൂട്ടങ്ങളായി പിരിഞ്ഞു എന്ന് പറയുമ്പോൾ ആ വർഗ്ഗത്തിൽപെടുന്ന മുഴുവൻ ജനങ്ങളും ഒരു തൊഴിൽ തന്നെ സ്വീകരിച്ചു എന്ന് കരുതേണ്ട തില്ല. പറയ സമുദായത്തിൽ തന്നെ കൃഷിപ്പണിയിൽ ഏർപ്പെട്ടിരുന്നവ രുമുണ്ട്. പാലക്കാട്, മലപ്പുറം എന്നിവിടങ്ങളിൽ കരകൗശല വേലകൾ സ്വീകരിച്ചിരുന്നവരുണ്ട്. ഇവരിൽ വെറും മന്ത്ര തന്ത്രങ്ങൾ കൊണ്ട് ജീവിച്ചിരുന്നവരും ഉണ്ട്. അടിസ്ഥാനമായി വിശകലനം ചെയ്യുമ്പോൾ പ്രാചീന ഭാരതത്തിൽ വലിയ പ്രതാപികളും ശ്രേഷ്ഠന്മാരുമായ ഭരണാധികാരികളും കലാകാരന്മാരും കൺകെട്ട് കലകളിൽ പ്രമാണിമാരും ആയിരുന്ന ഒരു വിഭാഗം ജനതയായിരുന്നു പറയ സമുദായമെന്ന് കാണാൻ കഴിയും. ഇന്ത്യയിൽ നിലനിന്ന ബുദ്ധമതത്തെ ആര്യ ബ്രാഹ്മണർ തകർത്തപ്പോൾ ആ മതത്തിൽ അവശേഷിച്ചിരുന്നവരെ മത്സ്യമാംസാദികൾ ബലമായി തീറ്റിച്ച് സമൂഹം പുറന്തള്ളുകയും ഹീന ജാതിക്കാരെന്ന് മുദ്രകുത്തുകയും ചെയ്തു എന്നാണ് ചരിത്രത്തിൽ. ഇവരാണ് പിന്നീട് പുലയ വംശജരും പറയ വംശരുമായി തീർന്നത്. സംഘകാല കൃതികളിൽ ഭൂരിഭാഗവും പറയ സമുദായവുമായിബന്ധ പ്പെട്ടിരിക്കുന്നു.[2] പ്രബലജാതിയായ പള്ളർകേരളത്തിലെ പറയ സമുദായമാണ്. സംഘകാല കവിതകളിൽ സ്തുതിക്കുന്ന എയിനർ അഥവാ പറയർ ദക്ഷിണേന്ത്യയിലെ ജനസഞ്ചയത്തിലെ പ്രധാന ശക്തിയാണ്. പറയവംശത്തിന്റെ ഉൾപ്പിരിവുകളാണ് പുലയർ, മാളർ, മഡിഹർ, പള്ളർ തുടങ്ങിയവർ. പറയനും പുലയനും പ്രത്യേക ജാതികളല്ല. ഇവർ ഒറ്റ സമൂഹമെന്ന നിലയിൽ കഴിഞ്ഞു കൂടിയവരാ യിരുന്നു. നരവംശ ശാസ്ത്രജ്ഞന്മാരുടെ പഠനങ്ങളനുസരിച്ച് പറയ സമുദായം പല ഉപവിഭാഗങ്ങളായിട്ടായിരുന്നു കാണുന്നത്. ഓരോ പ്രദേശത്തിന് അനുസരിച്ചും വ്യത്യസ്ത ജീവിതവും സംസ്കാരവും ആചാരങ്ങളും വിശ്വാസങ്ങളും പുലർത്തുന്ന ജനവിഭാഗമാണ് പറയ സമുദായക്കാർ. ചമ്പ പറയൻ, പോള പറയൻ, പാണ്ടി പറയൻ, ജിന്റാല പറയൻ, തിണ്ട പറയൻ, വേൽ പറയൻ എന്നിങ്ങനെ കേരളത്തിൽ പറയവംശജർക്ക് ആറ് ഉപവർഗ്ഗങ്ങളുണ്ട്. ഈറ, മുള, ചൂരൽ എന്നിവ കൊണ്ട് കുട്ട, വട്ടി, മുറം പരമ്പ് തുടങ്ങിയവ നെയ്യുകയാണ് ഇവരുടെ മുഖ്യ തൊഴിൽ. ഇവരുടെ പേരിന്റെ ഉത്ഭവത്തെക്കുറിച്ചും വ്യത്യസ്ത അഭിപ്രായങ്ങളാണ് ഉള്ളത്. പറയിപെറ്റ പന്തിരുകുലം മുതൽ സംഘകാലഘട്ടത്തിൽ രാജകൽപ്പനകൾ അറിയിക്കുന്ന വിളംബരങ്ങൾ മുഴക്കുന്ന പെരുമ്പറ എന്ന വാദ്യങ്ങൾ മുഴക്കുന്നവർവരെ പറയ വംശജർ ആണ്. സംഘകാല സൈനിക വിഭാഗതലവൻ വള്ളുവൻ ആണ്. വള്ളുവന്റെ കീഴിലുള്ള സൈനികരെ പൊതുവെ പറയർ എന്നു

വിളിച്ചിരുന്നു. യുദ്ധത്തിനു പോകുമ്പോഴും യുദ്ധാവസരത്തിലും യുദ്ധാനന്തര വിജയം ആഘോഷിക്കുമ്പോഴും പറ, പെരുമ്പറ ചെണ്ട, മുരശ്, തുടി ശംഖ് മുതലായ വാദ്യങ്ങൾ മുഴക്കുന്ന ജോലി പറയർക്കായിരുന്നു. സംഘകാലഘട്ടത്തിൽ ആനകൾ മദമിളകി വരുമ്പോൾ ഓരങ്ങളിൽ നിന്നും മാറി നിൽക്കുന്നതിന് പെരുമ്പറ മുഴക്കി അറിയിപ്പ് നൽകുന്നത് പറയ സമുദായക്കാർ ആയിരുന്നെന്ന് പറയുന്നുണ്ട്. പറയ വംശജരുടെ കുലം, മഹിമ, ധീരത ഇവ എക്കാലത്തും വാഴ്ത്തപ്പെട്ടിട്ടുണ്ട്. പറയെന്ന വാദ്യോപകരണത്തിൽ നിന്നും വന്നുചേർന്നതാണ് പറയർ എന്ന വാക്കെന്ന് പൊതുവേ അംഗീകരിച്ചു പോരുന്നു. തമിഴിലെ പ്രസിദ്ധമായ തിരുക്കുറൽ എന്ന കൃതിയുടെ കർത്താവായ തിരുവള്ളൂർ പറയ സമുദായമാണെന്ന് കരുതപ്പെടുന്നു. തമിഴ് ചലച്ചിത്ര താരമായിരുന്ന ശിവാജി ഗണേശൻ പള്ളർ എന്ന ആദിവാസി വിഭാഗമായിരുന്നു. പറയ സമുദായക്കാർ പല്ലവ രാജാക്കന്മാരുടെ പുരോഹിതർ ആയിരുന്നുവെന്ന് 1891-ലെ സെൻസസ് റിപ്പോർട്ടിൽ സ്റ്റ്യുവർട്ട് രേഖപ്പെടുത്തിയിട്ടുണ്ട്. ആര്യന്മാർ ഇവിടെ കുടിയേറി പാർത്ത കാലത്ത് ഓരോ ദേശക്ഷേത്രങ്ങളിലും ഉണ്ടാകുന്ന കൽപ്പനകളും മറ്റും പൊതുജനങ്ങളെ വിളംബരങ്ങൾകൊട്ടി അറിയിക്കുന്ന വിഭാഗമായിരുന്നു എന്നുമാണ് കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാട് തന്റെ ആര്യന്മാരുടെ കുടിയേറ്റം എന്ന കൃതിയിൽ പറയുന്നത്. പൂരത്തിന് പറ കൊട്ടുന്നത് പറയരാണ്. ഓരോ ദേശത്തിലും ഉള്ള ഭദ്രകാളി കാവുകളിൽ നടത്തിവരാറുള്ള പൂരത്തിന് ഇന്നും 'പറേതുവേല' എന്നാണ് പറഞ്ഞു വരുന്നത്. പറ കൊട്ടിവിളംബരം അറിയിക്കുന്നതോടൊപ്പം ഈറ, ചൂരൽ എന്നിവ കൊണ്ട് ഉല്പന്നങ്ങൾ ഉണ്ടാക്കി ജീവിത ചെലവുകൾക്കുള്ള ഉപാധികൾ ഇവർ കണ്ടെത്തിയിരുന്നു. പറയർക്ക് നെയ്ത്തിലുള്ള കൈവിരുത് അപാരമാണ്. അളവ് കുട്ട വളരെ സൂക്ഷ്മതയോടെയാണ് ഇവർ നിർമ്മിക്കുന്നത്. അതുപോലെ നെല്ല് വിതയ്ക്കാൻ നെയ്തെടുക്കുന്ന കോരുകുട്ട, ഓലക്കുട നിർമ്മാണം എന്നിവയിലും ഇവർ വിദഗ്ദ്ധരാണ്. ദക്ഷിണേന്ത്യയിൽ മാത്രമല്ല എല്ലാ ഭാഗത്തും പറയർ ഉണ്ട്. വ്യത്യസ്ത പേരുകളിൽ ആണെന്ന് മാത്രം. പുറനാനൂറിൽ തുടിയൻ, പറയൻ, പാണൻ, കടമ്പൻ തുടങ്ങിയ പറയ വിഭാഗങ്ങളെക്കുറിച്ച് പറയുന്നുന്നുണ്ട്.. ഉത്തര കേരളത്തിൽ പറയരെ കണ്ടുവരുന്നത് മലപ്പുറം, പാലക്കാട്, പാലശ്ശേരി, പേരാമ്പ്ര തുടങ്ങിയ സ്ഥലങ്ങളിൽ ആണ്.

തമിഴിലെ സംഘകാല കൃതികളിൽ പറയരെ കുറിച്ച് പരാമർശം ഉണ്ട്. ഒരുകാലത്ത് ഭരണവർഗ്ഗമായിരുന്ന പുലയനും പറയനും കുറവനും കടമ്പനും. സവർണ്ണ മേൽക്കോയ്മ ശക്തമായതോടെ പിൽക്കാലത്ത്

ഇവർ സമൂഹത്തിന്റെ അടിത്തട്ടിലായി. പുലയരുടെയും പറയരുടെയും സാമൂഹ്യ ജീവിതം ഏകദേശം ഒരുപോലെയാണ്. അവരുടെ ആചാരങ്ങൾ, സാമൂഹിക അവസ്ഥ, ജീവിതരീതി എന്നിവയിൽ പറയത്തക്ക മാറ്റമൊന്നുമില്ല.. ജനനം, മരണം, വിവാഹം, മരണാനന്തര ചടങ്ങുകൾ വിശ്വാസങ്ങൾ ഇവയെല്ലാം ഏതാണ്ട് ഒരുപോലെയാണ് ഇരു കൂട്ടർക്കും. ഇന്ന് സമൂഹത്തിൽ ഏറ്റവും കൂടുതൽ അയിത്തവും അവഹേളനങ്ങളും പീഡനങ്ങളും അനുഭവിക്കുന്നത് പറയനും പുലയനും മാത്രമാണ്. സംഘകാലഘട്ടത്തിൽ അതിപ്രശസ്തരായ പറയരെ കുറിച്ച് പറയുന്ന ഭാഗത്ത് തുടിയൻ, പാണൻ, പറെയർ, കടമ്പർ എന്നിവരെ കുറിച്ച് കൂടി പറയുന്നുണ്ട്. പറയർ മലവാസിയും പർവതവാസിയും ആയിരുന്നു എന്നാണ് സംഘകൃതികൾ നൽകുന്ന സൂചന. രാജരാജ ചോളന്റെ(10000) ലിഖിതങ്ങളിൽ പറയരെക്കുറിച്ചുള്ളവ്യക്തമായ സൂചനകൾ ഉണ്ട്. എട്ടും പത്തും നൂറ്റാണ്ടുകളിൽ സാമന്ത പദവി ഉണ്ടായിരുന്ന പറയരുടെ ചേരികളെക്കുറിച്ചും ഗ്രാമത്തിൽ കരമൊഴിവായ സ്ഥലങ്ങളെകുറിച്ചും പറയുന്നുണ്ട്. പൂർവാർജ്ജിത ഭൂമിയിൽ നിന്നും ആട്ടിപ്പായിക്കപ്പെട്ട ജനം എന്നാണ് പത്തൊമ്പതാം നൂറ്റാണ്ടിൽ ഇന്ത്യഭരിച്ചിരുന്ന ഇംഗ്ലീഷുകാർ പറയ സമുദായത്തെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നത്. പറയർ എന്ന പേര് അവരുടെ കുലത്തൊഴിലിൽ നിന്ന് രൂപപ്പെട്ടതാണ്. നമ്പൂതിരി മുതൽ നായാടി വരെയുള്ള ജാതികളെ തൊഴിലിന്റെ അടിസ്ഥാനത്തിൽ വർഗീകരിക്കുകയും അതിന്റെ ഭാഗമായി അവരെ ആ പേരിൽ അറിയപ്പെടാൻ തുടങ്ങുകയും അങ്ങനെ ജാതി നാമങ്ങൾ ഉടലെടുക്കുകയുമാണ് ഉണ്ടായത്.[3] ബ്രാഹ്മണരുടെ അധികാര വാഴ്ചയെ പല്ലും നഖവും ഉപയോഗിച്ച് എതിർക്കുകയും പറയ സമുദായത്തെയും പുലയ സമുദായത്തെയും ചരിത്രത്തിൽ ഇല്ലാത്തവരാക്കി മാറ്റേണ്ടതും ബ്രാഹ്മണരുടെ ആവശ്യമായിരുന്നു. ആഘോഷങ്ങൾക്ക് പറയ വംശജർ തപ്പ്, തുടി, ശംഖ് തുടങ്ങിയ വാദ്യോപകരണങ്ങൾ ഉപയോഗിച്ചിരുന്നു.. കേരളത്തിലെ പറയ സമുദായം കാളീപൂജയിലാണ് ജാഗ്രത കാണിക്കുന്നത്. കൊച്ചി രാജാവ് പ്രത്യേക ഉത്സവാവകാശങ്ങൾ പറയ വംശജർക്ക് അനുവദിച്ചിരുന്നു. മലബാറിലെ പ്രധാന വിനോദമായിരുന്ന പോത്തോട്ടം പറയ സമുദായത്തിന്റെ അവകാശമായിരുന്നു.

മലയാള നോവലിന്റെ ചരിത്രം തുടങ്ങുന്നത് തന്നെ ജാതി അധിഷ്ഠിത സാമൂഹ്യവ്യവസ്ഥയുടെ വിമർശനം എന്ന നിലയിലാണ്. പാർശ്വവൽകൃതരുടെയും കീഴാളരുടെയും ചരിത്രം സരസ്വതി വിജയം മുതൽ ആരംഭിക്കുന്ന മലയാളത്തിലെ ദളിത് നോവലുകളിൽ കാണാം. ജാത്യാധികാരം സൃഷ്ടിച്ച മുഖ്യധാരാ സംസ്കാരത്തിന്റെയും ചരിത്രത്തി

ന്റെയും കെട്ടുപാടുകൾ, ജാതിവ്യവസ്ഥയ്ക്കെതിരെ നടന്ന പ്രാദേശിക ചെറുത്തു നിൽപ്പുകൾ, ഗോത്ര ജീവിതത്തിൽ നിന്ന് നാടുവാഴിത്തത്തിലേക്കും അവിടെനിന്ന് കൊളോണിയലിസത്തിലേക്കും തുടർന്ന് മുതലാളിത്തത്തിലേക്ക് നീങ്ങുന്ന സാമൂഹ്യ ജീവിതക്രമം എന്നിവ സാഹിത്യകൃതികളിൽ ദർശിക്കാവുന്നതാണ്. അവ ഓരോന്നിന്റെയും ചൈതന്യത്തിൽ നിന്ന് രൂപം കൊള്ളുന്ന അധികാര വ്യവസ്ഥ മലയാള നോവലിൽ അപകോളനി കരണത്തിന്റെ നവ മാതൃകസൃഷ്ടിച്ചെടുക്കുന്നു. ആദ്യകാല നോവലുകളിൽ കൊളോണിയൽ മോഡേണിറ്റിയാണെങ്കിൽ നവോത്ഥാനകാലത്തേക്ക് എത്തുമ്പോഴേക്കും ഉപരിപ്ലവ ഭാവനയും അതിനെ പിന്തുണയ്ക്കുന്ന നിരൂപണ വ്യവഹാരങ്ങളുമാണ് ഉള്ളത്. ആധുനിക കാലഘട്ടത്തെ സംബന്ധിച്ച് മുഖ്യധാരയുടെ സൗന്ദര്യബോധത്തെയും പ്രത്യയശാസ്ത്രത്തെയും മാറ്റിമറിക്കാനോ പുതുക്കിപ്പണിയാനോ കഴിഞ്ഞിട്ടില്ല എന്നതാണ് യാഥാർത്ഥ്യം. വ്യവസ്ഥാപിത നിർവചനങ്ങളെ പുതുക്കിപ്പണിയുന്ന പുതുകാലം മനുഷ്യാനുഭവങ്ങളുടെ വൈവിധ്യങ്ങളെ ഉൾക്കൊള്ളാൻ സജ്ജമാകുമെന്നപ്രതീക്ഷ നൽകുന്നു. അരികു ജീവിതങ്ങൾ പ്രകാശിപ്പിക്കപ്പെടുന്ന രചനകളെ എഴുത്തിന്റെയും പരീക്ഷണങ്ങളുടെയും പാരാവാരത്തിൽ തളയ്ക്കാൻ കഴിയില്ലെന്നതാണ് യാഥാർത്ഥ്യം. അതായത് പുലയ വംശത്തിന്റെയും പറയ വംശത്തിന്റേയും ജീവിതം പറയുന്നത് മാത്രമാണ് കീഴാളസാഹിത്യം എന്ന വ്യവസ്ഥാപിത നിർവചനം അസാധുവാണെന്ന് അർത്ഥം. വിശാലമായ അർത്ഥത്തിൽ ഒഴിവാക്കപ്പെടുന്ന എല്ലാ മനുഷ്യരും സാമൂഹ്യ വിഭാഗങ്ങളും ദേശങ്ങളും സംസ്കാരവൈവിധ്യങ്ങളും ഭാഷയും എല്ലാം ഈ മണ്ഡലത്തിൽ വരേണ്ടതാണ്.[4] രാഘവൻ അത്തോളിയുടെ ചോരപ്പരിശം, പ്രദീപൻ പാമ്പിരിക്കുന്നിന്റെ എരി, വിനോയ് തോമസിന്റെ കരിക്കോട്ടക്കരി, ഐ.കെ. മോഹനന്റെ കണ്ണിന്റെ നേരെ നേരെ, രാജു കെ വാസുവിന്റെ ചാവ് തുള്ളൽ, പി.എ.ഉത്തമന്റെ എന്റെ ചാവൊലി, കല്ലേൻ പൊക്കുടന്റെ ആത്മകഥയായ കണ്ടൽക്കാടുകൾക്കിടയിൽ എന്റെ ജീവിതം തുടങ്ങിയവ ദളിത് കീഴാള പ്രമേയങ്ങൾ കൈകാര്യം ചെയ്യുന്ന ഉത്തമ രചനകളാണ്.

**എരി : സ്വത്വാന്വേഷണത്തിന്റെ രചിത രേഖ:**

പറയനെരി ഒരു അത്ഭുതമായിരുന്നു.... എന്ന് ആരംഭിക്കുന്ന പ്രദീപൻ പാമ്പിരിക്കുന്നിന്റെ എരി എന്ന നോവൽ. ആധുനിക സാമൂഹ്യ അവബോധത്തിലേക്ക് കേരളീയരെ നയിച്ച വിവിധ നവോത്ഥാന ശ്രമങ്ങളിൽ ഒന്നായ സാഹിത്യത്തിന്റെ ആവിഷ്കാരമാണ്.. ചിതറി കിടക്കുന്ന മിത്തുകളെയും ഓർമ്മകളെയും ചേർത്തുവച്ച് ലിഖിത പാഠം സൃഷ്ടി

ക്കുകയാണ് എരിയിൽ എഴുത്തുകാരൻ. പഴയ മലബാറിലെ കുറുമ്പ്രനാട് താലൂക്കിൽ ഉൾപ്പെടുന്ന പറയനാർപുരമെന്ന ദേശത്താണ് നോവലിലെ കഥ നടക്കുന്നത്. പാമ്പിരിക്കുന്ന്, പയ്യോളി, അഞ്ചാം പീടിക, പന്നിയൂർ, കൽപ്പത്തൂർ പൈങ്കുളം, അരിക്കുളം തുടങ്ങിയ പ്രദേശങ്ങളും നോവലിൽ കടന്നുവരുന്നുണ്ട്. 19, 20 നൂറ്റാണ്ടുകളിൽ കുറുമ്പ്രനാട്ടിൽ നടന്ന ജാതിധ്വംസനത്തിൽ ഊന്നിയ നവോത്ഥാന ശ്രമങ്ങളാണ് നോവലിന്റെ പശ്ചാത്തലം. എരിയുടെ അമ്മ വെളിയന്നൂർ മാതു എന്ന മലയസ്ത്രീ. അവരെ പ്രണയിച്ച വെള്ളാരം കണ്ണുള്ള ജാതിയിൽ പറയ വംശനായ പേരില്ലാത്ത എരിയുടെ പിതാവ്. പറയ സമുദായത്തിന്റെ ആത്മബോധ ത്തെ ഉണർത്തിയ എരി എന്ന ഐതിഹാസിക പുരുഷനാണ് നായക ബിംബം. സവർണരുടെ എച്ചിലും ചത്ത മൃഗങ്ങളുടെ മാംസവും ഭക്ഷണമാക്കിയ പറയ സമുദായത്തിലെ ജനങ്ങളെ ചത്ത പശുവിന്റെ മാംസം ഭക്ഷിക്കരുതെന്ന് വിലക്കിയ എരി. കുട്ടയും മുറവും പായും വിറ്റ് ജീവിച്ച അവരുടെ അധ്വാനത്തിന് ന്യായമായ വില ഉറപ്പുവരുത്തുകയും അവർക്ക് താങ്ങും തണലുമായി അതിജീവനത്തിന് കരുത്ത് പകർന്ന എരി. മരുന്നും മന്ത്രവും പ്രയോഗിച്ചു ഭ്രാന്തൻ കുട്ടാലിയുടെ ഭ്രാന്ത് മാറ്റുന്ന, തോട്ടിലെ മീനിനെ ധ്യാനിച്ചു വരുത്തുന്ന, കല്ല് മന്ത്രിച്ച് വസ്തുക്കളെ എറിഞ്ഞു വീഴ്ത്തുന്ന, മന്ത്രവിദ്യയിലും ആയോധനകലയിലും സംസ്കൃത ഭാഷയിലും പ്രാവിണ്യം നേടിയ എരി. എരിയെക്കുറിച്ചും പറയസമുദായത്തെക്കുറിച്ചും ഒരു സാഹിത്യ ഗവേഷണ വിദ്യാർത്ഥി നടത്തുന്ന യാത്രയെന്ന നിലയിലാണ് എരിയുടെ കഥ രൂപപ്പെടുന്നത്. ജാതീയതക്കെതിരെയുള്ള കലാപം കൂടിയാണ് 29 അധ്യായവും 127 പേജുകളുമുള്ള ഈ കൃതി. പണ്ഡിറ്റ് രാമപണിക്കർ തന്റെ ഗ്രന്ഥശാലയിൽ സൂക്ഷിച്ച തെയ്യോൻ പാടിയ പറയോല എന്ന ഗ്രന്ഥം കണ്ടെത്തുന്ന തോടെയാണ് ഇരുട്ടിൽ മറഞ്ഞു കിടന്ന എരിയുടെ ജീവിതം തെളിഞ്ഞു വരുന്നത്. തെയ്യോൻ പറയന്റെ ദാമ്പത്യ ജീവിതത്തിന്റെ കഥയാണ് പറയോല . തെയ്യോൻ പറയന്റെ ഭാര്യ പഞ്ചമിയുടെ കൊലപാതകവും അതിന് സമ്മതിച്ച് അമ്പട്ടൻ രാമോട്ടിയും ഒസ്സാന്ത്രവും നടത്തുന്ന ചർച്ചകളിലേക്ക് നോവൽ വഴിമാറുന്നു. ഓർമ്മകളുടെ ചരിത്രം മാത്രമുള്ള ജനതയുടെ പ്രതിനിധികളായ ഓരോ മനുഷ്യരും കഥകളിലൂടെ അനുഭവങ്ങളിലൂടെ എരിയിൽ പ്രത്യക്ഷപ്പെടുന്നു. കാളി പറയാൻ, ഭ്രാന്തൻ രാമനാഥൻ, ഗംഗാധരൻ തുടങ്ങിയവരിലൂടെ കഥവികസിക്കുന്നു. കണ്ണൂരിൽ നിന്ന് രാത്രി 12 മണിയോടെ തിരിച്ചുവരികയായിരുന്നു ചാലിയൻ രാമനും എരിയും തമ്മിലുള്ള കൂടിക്കാഴ്ച. ചൂട്ടില്ലാതെ ഇരുട്ടിൽ തപ്പി തടഞ്ഞ ചാലിയം രാമന് തന്റെ സഞ്ചിയിലെ ഡപ്പിയിൽ നിന്ന്

എന്തോ മരുന്നെടുത്ത് രാമന്റെ കണ്ണിൽ പുരട്ടി വെളിച്ചം കാട്ടുന്ന എരി. ബ്രാഹ്മണ വിധവയുടെ ദുരന്തവും ഗോവിന്ദൻ കിടാവിന്റെ മരുമകൾ ദേവകിയമ്മയുമായി ബന്ധം പുലർത്തിയ ചോയിയുടെ ദുരന്തവും മാത്രമല്ല മേൽ ജാതി സ്ത്രീകളുടെ ദാമ്പത്യഅസ്വാസ്ഥ്യങ്ങളെയും ജീവിത ദുരിതങ്ങളെയും എരി എന്ന നോവൽ ചിത്രീകരിക്കുന്നു. കുന്നുമ്മൽ ജാനുവിന്റെയും ചാപ്പൻ കോമരത്തിന്റെയും മൂകാനു രാഗം തകരുന്നത് ജാതി ചതിക്കുന്നത് മൂലമാണ്, നായർ ആകുവാൻ കഴിയാത്തതിന്റെ സങ്കടം ദേഹത്തെ ദേവിക്ക് സമർപ്പിച്ചു ദേഹി ആകുന്നതിലൂടെയാണ് ചാപ്പൻ കോമരം തീർക്കുന്നത്. തെയ്യം പാടിയ എരിയോലയിലെ പഞ്ചമി എന്ന പറയ സുന്ദരിയുടെ അന്ത്യം അടിയാള യുവതിയുടെ സൗന്ദര്യം ഉണർത്തിയ പകയുടെ അനന്തരഫലമാണ്. മേലാളന്റെ ആസക്തി കരിച്ചു കളഞ്ഞ പെണ്ണുങ്ങളുടെ പ്രതിരൂപമാകുന്നു പഞ്ചമി. അത്ഭുത വിദ്യകളുടെ അരങ്ങാണ് എരിയെന്ന നോവൽ. ഭക്ഷണമില്ലാതെ ഇരുന്ന ഒരുകാലത്ത് പലതിനെയും ഭക്ഷിക്കാൻ അടിയാള ജനത നിർബന്ധിക്കപ്പെട്ടു. ചത്ത മൃഗത്തിന്റെ മാംസവും തിന്നാൻ വിധിക്കപ്പെട്ടവർ. ചത്തതിനെ തിന്നില്ല എന്ന് എരി സമുദായ അംഗങ്ങളെ കൊണ്ട് പ്രതിജ്ഞ എടുപ്പിക്കുന്നുണ്ട്. പശുവിനെ തങ്ങൾ തിന്നില്ലെന്ന് പ്രഖ്യാപിക്കുന്ന സമുദായത്തെ കൃഷിയിലേക്ക് ഇതര തൊഴിലുകളിലേക്ക് ഇറങ്ങുന്നതിനും എരി പ്രേരിപ്പിക്കുന്നുണ്ട്. തേവർവെള്ളാൻ എന്ന പുലയ സമുദായ പരിഷ്കർത്താവിനെ തേടിയും എരി പോകുന്നുണ്ട്. ആലം ചിറക്കൽ കിട്ടപ്പൻ നമ്പ്യാരുടെ കൊട്ടിയൂർ യാത്ര. കിട്ടപ്പ നമ്പ്യാരും എരിയും തമ്മിലുള്ള കൂടിക്കാഴ്ച, നവോത്ഥാന ചരിത്രത്തോടുള്ള പ്രതിരോധവും കൊളോണിയൽ ആധുനികതയുടെയും ദേശീയബോധത്തിന്റെയും നിരാകരണം ആയും നോവൽ മാറുന്നു. ആദ്യമായി പുലയ കുട്ടി മിഷനറി സ്കൂളിൽ പഠിക്കാൻ പോയതിന് പുലയക്കുന്നു മുഴുവൻ തീയിടുന്ന നായർ മാടമ്പിമാർ നോവലിലുണ്ട്. കീഴാള പ്രതിരോധവും അതിജീവനവുമാണ് നോവൽ കാഴ്ച വയ്ക്കുന്നത്. സംസ്കൃതം പഠിച്ച പറയനായിരുന്നു എരി. യോഗ്യനും മാന്ത്രികനുമായ എരിയുടെ കയ്യിലുള്ള വിദ്യകൾ മനസ്സിലാക്കിയ ഉന്നതകുലജാതിക്കാർ എരിയെ പരിഗണിക്കുകയും കാര്യസാധ്യങ്ങൾക്കായി ഉപയോഗിക്കുകയും ചെയ്യുന്നുണ്ട്. മഹാ മന്ത്രവാദിയായ കണാരൻ പണിക്കരും രാമപ്പനമ്പ്യാരും. തന്റെ വംശത്തിലെ ജ്ഞാന രൂപങ്ങളെക്കുറിച്ചുള്ള ആത്മബോധം കൊണ്ട് തന്റെ പറയത്വത്തെ നമ്പ്യാർക്ക് സമശീർഷമാക്കി. എരിയുടെ ജ്ഞാനമാണ് മറ്റുള്ളവരിൽ ബഹുമാനം ഉണ്ടാക്കുന്നത്. പറയ സമുദായാംഗമായിട്ടും എരിയെ ആരും അകറ്റി നിർത്താത്തതിന്റെ കാരണം അറിവാണ്. വിദ്യയാണ് പ്രധാനം

എന്ന് മനസ്സിലാക്കിയവൻ ആണ് എരി. മന്ത്രവാദം എന്ന വിദ്യ പറയനായ എരിയെ ജ്ഞാനാധികാരിയാക്കി. വെള്ളത്തിന്റെയും വെളിച്ചത്തിന്റെയും വസ്ത്രത്തിന്റെയും ആഹാരത്തിന്റെയും സ്വാതന്ത്ര്യത്തിലേക്ക് നടന്ന് അടുക്കുവാൻ ആരാലും പറയപ്പെടാത്തവരായും കാണപ്പെടാത്തവരായും പകൽ പുറത്തിറങ്ങാൻ ഭയപ്പെട്ടു നിന്നവരായ പറയ കുലത്തെ ഒറ്റപ്പെടുത്തലിന്റെ മലമുകളിൽ നിന്ന് മേൽ ജാതിയുടെ കാഴ്ചകളിലേക്ക് നടന്നു കയറുവാൻ വർത്തമാനകാല സമതലത്തിലേക്ക് നയിച്ച ധീരൻ ആകുന്നു എരി. എരി കത്തിച്ചതിരിവെട്ടം ചരിത്രത്തിൽ കീഴാളരുടെമേൽ മനുഷ്യ കുലം കാണിച്ച കൊടിയനീതികേടുകൾക്ക്, ജാതീയതയുടെ അസമത്വത്തിന്റെ അന്യതാവൽക്കരണത്തിന്റെ വരേണ്യതയുടെ നെരിപ്പോടുകളിൽ ഇപ്പോഴും എരിഞ്ഞു കൊണ്ടിരിക്കുന്നു. മന്ത്രവാദം, നാട്ടുവൈദ്യം, സംസ്കൃത വിദ്യാഭ്യാസം തുടങ്ങി പുലയജനത ആർജ്ജിച്ച ജ്ഞാന ബോധവും നോവൽ പ്രതിപാദിക്കുന്നുണ്ട്. പറയ സമുദായത്തിന്റെ ജീവിത ദൈന്യവും അതിജീവനവുമാണ് നോവൽ കാഴ്ചവയ്ക്കുന്നത് എങ്കിലും ഒരിക്കൽ ചരിത്രം പുറന്തള്ളിയവരുടെ ജീവിതം വീണ്ടെടുക്കുകയാണ് യഥാർത്ഥത്തിൽ ഈ നോവലിൽ എഴുത്തുകാരൻ ചെയ്യുന്നത്. സാമൂഹിക അധികാരത്തിലും സാംസ്കാരിക മേഖലയിലും പങ്കാളിത്തം ഇല്ലായിരുന്ന പാർശ്വവൽകൃത വിഭാഗങ്ങൾ അറിവുകളിൽ നിന്നും ഉയർന്നു വന്ന കാലം കൂടിയാണിത്. ശബ്ദമില്ലാത്തവർക്ക് ശബ്ദവും അദൃശ്യരായിരുന്നവർക്ക് ദൃശ്യതയും കൈവന്നവർത്തമാന കാലത്ത് സ്വത്വാധിഷ്ഠിതമായ ഭാവുകത്വ രൂപീകരണത്തിനും സാംസ്കാരിക സംവാദത്തിനും വേദിയൊരുക്കുന്നതിനപ്പുറം സ്വസമുദായത്തെ ശക്തിപ്പെടുന്നതിനും മാറ്റത്തിന്റെ അലയൊലികൾ വൈജ്ഞാനിക മണ്ഡലത്തിൽ കൊണ്ടെത്തിക്കുന്നതിനും എരി എന്ന നോവലിനു സാധിച്ചു. വരേണ്യവർഗ്ഗ നിലപാടുകളുടെ പൊളിച്ചെഴുത്തിലൂടെ കേരളീയ നവോത്ഥാനചരിത്രത്തിന്റെ അടയാളപ്പെടുത്തലുകളിൽ ഒന്നായി എരി എന്ന നോവൽ മാറുന്നു.

**കുറിപ്പുകൾ**

1. പറയർ : കുലം, ഗോത്രം, സാമൂഹിക ജീവിതം, ഒർണ കൃഷ്ണൻ കുട്ടി, പേജ് : 10
2. അടി കൊള്ളാൻ ചെണ്ട പണം വാങ്ങാൻ മാരാർ ഒ.അബ്ദുല്ല, അവർണ്ണ പക്ഷ രചനകൾ, പേജ്: 63
3. ആര്യന്മാരുടെ കുടിയേറ്റം, കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാട്, പേജ് : 87.

4. ആധുനികാന്തര മലയാള നോവൽ, പാർശ്വഭാവനയുടെ ചരിത്രവും സമകാലികതയും, ഡോ. ഒ.കെ. സന്തോഷ്, പേജ്:558.

**സഹായക ഗ്രന്ഥങ്ങൾ**


1. പറയർ : കുലം, ഗോത്രം, സാമൂഹിക ജീവിതം. കൃഷ്ണൻ കുട്ടി ഒർണ. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2018.
2. അപർണപക്ഷരചനകൾ, ദൂത് ബുക്സ്, എടവനക്കാട് എറണാകുളം, 1997.
3. ആര്യന്മാരുടെ കുടിയേറ്റം, കാണിപ്പയ്യൂർ ശങ്കരൻ നമ്പൂതിരിപ്പാട്
4. സംസ്കാരവും സാഹിത്യവും, കെ.കെ.ശിവദാസ്,ഡോ. മാളൂബൻ പബ്ലിക്കേഷൻസ്, തിരുവനന്തപുരം,2012.
5. വസന്തൻ. എസ്.കെ., ഡോ. നമ്മൾ നടന്ന വഴികൾ മലയാള പഠന ഗവേഷണ കേന്ദ്രം, തൃശ്ശൂർ .2006 .

# ദൃശ്യതയുടെയും അദൃശ്യതയുടെയും രാഷ്ട്രീയബോധ്യം 'എതിരിൽ'

**ആശാ സ്റ്റീഫൻ**
അസിസ്റ്റന്റ് പ്രൊഫസർ, മലയാളവിഭാഗം
എഫ്.എം.എൻ. കോളേജ്, കൊല്ലം

**സംഗ്രഹം**

മാറുന്ന ലോകത്തെ കുറിച്ചല്ല മാറേണ്ട ക്രമത്തെക്കുറിച്ചുള്ള നിലപാടുകളുടെ ആഖ്യാനമാണ് 'എതിര്'. ഒരു ആത്മകഥ/ഓർമ്മ പുസ്തകം എങ്ങനെയാണ് സ്ഥാപനവൽക്കരിക്കപ്പെട്ട ഇടങ്ങളുടെ എതിരാവുന്നത് എന്ന അന്വേഷണമാണ് പഠനലക്ഷ്യം. നവോത്ഥാന പ്രസ്ഥാനങ്ങളും ആധുനികതയും സാധ്യമാക്കിയെന്നു മേനി നടിക്കുന്ന സമത്വദർശനത്തെ ഈ കൃതി അഴിച്ചെടുത്തു പരിശോധിക്കുന്നു. സാമൂഹിക അവഗണനയിൽ നിന്നും അപമാനങ്ങളിൽ നിന്നുമാർജ്ജിച്ച പ്രതിബോധ്യമാണ് കൃതിയുടെ കരുത്ത്.

**താക്കോൽ വാക്കുകൾ**

ദൃശ്യത, അദൃശ്യത, പ്രതിബോധ്യം, നൈനികത, പ്രാതിനിത്യം, ജൈവധൈഷിണികത.

**ആമുഖം**

ഒര വ്യക്തി ഉൾക്കൊണ്ട സാമൂഹ്യഘടനയും വ്യക്തിയെ ഉൾക്കൊണ്ട സമൂഹവും തമ്മിലുള്ള വൈരുദ്ധ്യത്തിന്റെ ബോധമാണ് 'ചെറോണയുടെയും അയ്യപ്പന്റെയും മകന്റെ ജീവിതസമരം'. ജാതിമത കേരളത്തിലെ അടഞ്ഞ അധ്യായം അല്ല ദൃശ്യതയേക്കാൾ അവന്റെ അദൃശ്യതയെയാണ് ഭയക്കേണ്ടത്. ഒരു ജനതയെ ഇരുട്ടു നിറഞ്ഞ ഇടങ്ങളിലേക്ക് അതിന്റെ ചുറ്റുവരിയലുകളിലേക്ക് കടത്തിവിട്ട സാമൂഹിക ഘടനയെ

അഴിച്ചു പരിശോധിക്കുന്നു. ജനാധിപത്യക്രമത്തിലേക്ക് മാറ്റപ്പെട്ടോ എന്ന ചോദ്യവും പ്രസക്തമാകുന്നു.

ഒരു സാമ്പത്തിക വിദഗ്ദ്ധന്റെ, രാഷ്ട്രീയ ചിന്തകന്റെ, സാമൂഹിക അന്വേഷകന്റെ അതിജീവന നിലപാടുകളുമാണ് എതിര്.

**ഓർമ്മകൾ ബാല്യകാലാനുഭവം**

സ്ഥാപനവൽക്കരിക്കപ്പെട്ട ഇടത്തിന്റെ അതിന്റെ എല്ലാവിധ കോയ്മകളോട് കൂടി തന്നെ ഒരു ജനതയുടെ ജീവിതത്തെ എപ്രകാരം അടഞ്ഞ ഒരിടമാക്കി മാറ്റാൻ ശ്രമിക്കുന്നു. ദളിത് വ്യക്തിത്വം മറച്ചുവെക്കുകയല്ല, ആവർത്തിച്ചുറപ്പിക്കുകയാണ് കുഞ്ഞാമൻ. സാമൂഹ്യഘടനയുടെ നൈതികതയ്ക്ക് എതിരെ ചോദ്യമുയർത്തുന്ന വിധത്തിലാണ് ഓർമ്മകളെ അടുക്കുന്നത്. വൈയക്തികമായ അപമാനങ്ങളുടെ ആഖ്യാനത്തിലൂടെ ഒരു സാമൂഹിക ഘടനയെ അഴിച്ചെടുക്കാനുള്ള ശ്രമത്തിലാണ്.

വിശപ്പിന്റെ തീവ്രത എല്ലാ ലജ്ജകളേയും ശമിപ്പിക്കുന്നതായിരുന്നു. കുഴി കുഴിച്ചു കിട്ടിയ കഞ്ഞിയെക്കുറിച്ച്, പട്ടിയുമായി ഭക്ഷണത്തിനുവേണ്ടി നടത്തിയ മത്സരത്തെക്കുറിച്ച് എച്ചിലെടുത്ത് അതു തിന്നു ജീവിച്ച ബാല്യകാലാനുഭവം രേഖപ്പെടുത്തുന്നുണ്ട്. സമൂഹസൃഷ്ടിയാണ് വിശപ്പെന്ന ബോധ്യം വിഭവാധികാര്യത്തിന്റെ അപര്യാപ്തതയെയും വിതരണത്തിലെ അപാകതയും അസമത്വവും.

**ജാതിശരീരം**

സത്യത്തിൽ എന്റെ സമൂഹം എനിക്കു തന്നത് അഞ്ചുകാര്യങ്ങളായിരുന്നു. ദാരിദ്ര്യം, ഭയം, അപകർഷതാബോധം, ആത്മവിശ്വാസമില്ലായ്മ, ധൈര്യമില്ലായ്മ - ഈ തരിച്ചറിവാണ് എതിരിനെ 'ചെറോണയുടെയും അയ്യപ്പന്റെയും മകന്റെ ജീവിതസമരം' ആക്കുന്നത്. 'നാട്ടിലെ പ്രമാണിയായ' അധ്യാപകനിൽ നിന്നാണ് പാണൻ വിളി അഭിമുഖീകരിക്കേണ്ടി വന്നത്. ജനാധിപത്യ ഇന്ത്യയിലെ (സിവിൽ സമൂഹം) ഉന്നതവിദ്യാഭ്യാസമേഖലയിലെ ആത്മഹത്യകളെ ഇതോടു ചേർത്തു വായിക്കേണ്ടതാണ്.

ജാതി ശരീരം വർഗ്ഗശരീരമായി പരിവർത്തിക്കപ്പെട്ടപ്പോഴും ആ ശ്രമങ്ങൾ നടന്നപ്പോഴും വിധേയത്വവും ആശ്രിതത്വവും ഇല്ലാതായോ എന്ന ചോദ്യം പ്രസക്തമാണ്. ജന്മിയുടെ വീട്ടിലേക്ക് പോകുമ്പോൾ പാലിക്കേണ്ട സ്വയം ചെറുതാകൽ വിവരിക്കുന്നത്. 1957-ന് ശേഷവും ഇതായിരുന്നു അവസ്ഥ. തുടർന്ന് വരുമ്പോൾ തെളിയുന്ന രാഷ്ട്രീയവും ശ്രദ്ധേ

യമാണ്. സാമ്പത്തിക പരാശ്രിതത്വമുള്ള ഒരാളെ സമൂഹത്തിനു പല നിലയിലും ബന്ധിക്കാൻ കഴിയുമെന്ന തിരിച്ചറിവ്. സമ്പത്തുള്ളവനേ സ്വാതന്ത്ര്യമുള്ളു അവർക്കേ ധൈര്യമുണ്ടായിരുന്നുള്ളു. ആത്മാഭിമാനമുണ്ടായിരുന്നുള്ളു. അസ്പൃശ്യത എന്ന പദം പദാർത്ഥത്തിൽ മാറ്റപ്പെടുമ്പോഴും അതിന് ഇന്നുകളിൽ പല പ്രായോഗിക രീതികളുമുണ്ടെന്ന് സമകാല സംഭവങ്ങൾ ഓർമ്മപ്പെടുന്നു. മാറ്റങ്ങൾ കേവലമായ മാറ്റങ്ങൾമാത്രം.

വൈജ്ഞാനിക പ്രതിനിധാനങ്ങളെ പൂർണ്ണമായും ഉൾക്കൊള്ളാൻ ഇപ്പോഴും സവർണ്ണാധിപത്യത്തിന് കഴിഞ്ഞിട്ടില്ല എന്ന പ്രഖ്യാപനം ആധുനിക ജനാധിപത്യക്രമത്തിലും കീഴാളജീവിതങ്ങൾ എങ്ങനെയാണ് ബോധപൂർവ്വം/ പൂർവ്വനിശ്ചിതമായി ഒഴിവാക്കപ്പെട്ടത് എന്ന ബോധ്യം.

**സമമാകുന്ന ദലിത് അനുഭവങ്ങൾ**

അംബേദ്കറിന്റെ സ്കൂൾ ജീവിതത്തിൽ നിന്ന് വലിയ ദൂരമില്ല കുഞ്ഞാമന്റെ വിദ്യാലയാനുഭവങ്ങൾക്ക്. വീട്ടിൽ നിന്നു കൊണ്ടുപോകുന്ന ചാക്ക് ക്ലാസ് മുറിയുടെ മൂലക്കിട്ട് അതിലിരുന്ന് പഠിച്ച അംബേദ്കർ. പ്യൂൺ ഉയർന്ന ജാതിക്കാരനായതു കൊണ്ട് ആ ചാക്കിൽ സ്പർശിച്ചിരുന്നില്ല. ചെറുപ്പകാലത്തെ വിവേചനത്തെ വിധിയാണെന്ന് വിശ്വസിച്ചിരുന്ന ഒരു ഘടന എങ്ങനെയാണ് പ്രവർത്തിച്ചത്. ജാതീയത അതിരൂക്ഷമായ സ്വാതന്ത്ര്യപ്രശ്നമാകുന്നു എന്ന തിരിച്ചറിവ് ആത്മകഥാകാരൻ രേഖപ്പെടുത്തുന്നു. വിധേയത്വം, ബഹുമാനം, അച്ചടക്കം പോലുള്ള ഫ്യൂഡൽ മൂല്യങ്ങളെ നിലനിർത്താൻ ശ്രമിക്കുന്ന സവർണ്ണയുക്തിയെ നന്നായി മനസ്സിലാക്കുന്നുണ്ട്.

**ജനാധിപത്യക്രമത്തിലെ സവർണ്ണയുക്തി**

എം.എ.യ്ക്ക് ഒന്നാം റാങ്ക് കിട്ടിയ കുഞ്ഞാമൻ അധ്യാപകനായി ജോലിക്ക് കയറുന്നത് എസ്.സി./എസ്.ടി. സംവരണത്തിന്റെ സൂപ്പർ ന്യൂമററി പട്ടിക തയ്യാറാക്കപ്പെട്ടാണ്. 'ഉന്നത വിദ്യാഭ്യാസ മേഖലയുടെ പുറംപോക്കിൽ കുടിൽകെട്ടി ജീവിക്കുന്ന ചാത്തനാണ് ഞാൻ' എന്നതുകൂടി കൂട്ടി വായിക്കേണ്ടതാണ്. 'ദലിതന് മുഖ്യമന്ത്രി കസേരയിൽ ഇരിക്കണമെങ്കിൽ അയാൾ മൂട്ടയായി പുനർജനിക്കേണ്ടിവരും' സമ്പത്ത് എന്ന ഒറ്റ മാനദണ്ഡത്തിലോ വിഭവാധികാരത്തിലോ ഒതുക്കാൻ പറ്റുന്നതല്ല ഈ വിവേചനം. സാമ്പത്തിക ശാസ്ത്രം ക്ലാസുകളിൽ ഇതു വരേണ്യവർഗ്ഗത്തിന്റെ സാമ്പത്തിക ശാസ്ത്രമാണെന്ന് അധ്യാപകനോട് കലഹിക്കേണ്ടിവരുന്നു.

**ചരിത്രപാഠങ്ങളുടെ അപനിർമ്മാണം.**

'നുറുങ്ങ് സംഭവകഥകൾ ബൃഹദാഖ്യാനങ്ങൾ സുഷിരങ്ങൾ ഉണ്ടാക്കുന്നു എന്നത് 'എതിരിൽ' സാധ്യമാകുന്നു. ഒരു വിഭാഗം അനുഭവിച്ച വിശപ്പിന്റേയും അപമാനത്തിന്റെയും ഭയത്തിന്റെയും വേട്ടയാടലുകളുടെയും ദുരന്തമുഖങ്ങൾ ഏതു രേഖീയചരിത്രത്തിലാണ് അടയാളപ്പെടുത്തിയത്. കേരളത്തിന്റെ വ്യവഹാരമണ്ഡലങ്ങളിൽ ഒരു വ്യക്തിക്ക് നേരിടേണ്ടി വന്ന ജീവിതാനുഭവങ്ങളും രേഖീയ ചരിത്രത്തിലെ ദേശനിർമ്മിതിയും ഈ കൃതിയെ ചരിത്രപാഠമാക്കുന്നു. നവോത്ഥാനപ്രസ്ഥാനങ്ങളും ആധുനികതയും സാധ്യമാക്കിയെന്നു കരുതിയ സമത്വത്തിന്റെ ഇടങ്ങളോടുള്ള നൈതിക കലഹമായി ഇതിന്റെ ചരിത്രപാഠം നിലകൊള്ളുന്നു.

**രാഷ്ട്രീയബോധ്യം**

ശരിയായ രാഷ്ട്രീയം ഭരണത്തിൽ പ്രാതിനിത്യവും പങ്കാളിത്തവും ലഭിക്കുക എന്നതല്ല. അധികാരത്തെ ചോദ്യം ചെയ്യുക എന്നതാണ്. മാർക്സിയൻ ആദർശങ്ങളെ അടിസ്ഥാനമാക്കുമ്പോഴും കക്ഷിരാഷ്ട്രീയത്തിലെ ചില നേതൃത്വ സമീപനങ്ങളോടുള്ള വിയോജിപ്പ് പ്രകടമാണ്. സാമ്പത്തിക അടിത്തറയിൽ മാറ്റമോ ഉൽപ്പാദനബന്ധങ്ങളിൽ മാറ്റമോ വരുത്താതെ അധികാരത്തിൽ ഏറിയ പാർട്ടിക്ക് സമൂഹത്തിൽ അടിസ്ഥാനമാറ്റം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ഇത് ഒരു ജനതയെ തുടർന്നും വിധേയത്വത്തിലും അടിമത്വത്തിലും തളച്ചിട്ടു. പ്രാതിനിധ്യവും പങ്കാളിത്തവുമല്ല പ്രശ്നം. ഒരു വ്യക്തി സാമൂഹിക പദവിയിൽ എത്തിയതുകൊണ്ട് സാമൂഹിക ഘടനയിൽ എന്തു മാറ്റമുണ്ടാക്കാൻ കഴിഞ്ഞു എന്ന ചോദ്യം പ്രസക്തമാകുന്നു. സ്വത്താണ് അവകാശം എന്ന് ആവർത്തിക്കുന്നുണ്ട്. സാമ്പത്തികമായി തിരുത്തപ്പെടേണ്ടതാണ് പിന്നോക്കാവസ്ഥ കേന്ദ്രത്തിൽ നിന്ന് പിന്തള്ളപ്പെട്ട വിഭാഗത്തിലാണ് സംവരണം. സംവരണം നിയമപരമായ സംരക്ഷണമാണ്. തലമുറയായി നീണ്ടുനിൽക്കേണ്ടതല്ല. സാമ്പത്തിക തുല്യതയും നീതിയും നടപ്പിലായാൽ സംവരണത്തിന്റെ ആവശ്യമില്ല.

ഭൂതകാലാനുഭവങ്ങളുടെ അപമാനത്തിൽ നിന്നുകൊണ്ട് ബൗദ്ധികവും ധൈക്ഷണികവുമായ നിലപാടിൽ ഉറച്ചുനിന്നുകൊണ്ട് നേടിയ ചിന്തകളും നിലപാടുകളുമാണ് ഈ ആത്മകഥയെ അതിജീവനപാഠമാക്കുന്നത്. മനുഷ്യാന്തസ്സിന്റെ ഹനനം കാണാതെ പോയ ചരിത്രപാഠങ്ങളെയും രാഷ്ട്രീയ ബോധ്യങ്ങളെയും ഈ കൃതി നിശിതമായി വിമർശി

ക്കുന്നു. ഒരു ജനതയുടെ ജീവിതത്തെ മൂടിനിൽക്കുന്ന ആധിപത്യയുക്തികളെ കുടഞ്ഞുമാറ്റേണ്ട ബാധ്യത അവരവർക്ക് തന്നെയാണ്. ജ്ഞാനോൽപ്പാദനത്തിനും സഹജീവനത്തിനുമുള്ള സാധ്യത ആരായലായി 'എതിര്' അതിജീവിക്കുന്നു.

**സഹായകഗ്രന്ഥങ്ങൾ**


1. കുഞ്ഞാമൻ എം., ഡി.സി. ബുക്സ്, കോട്ടയം, 2017
2. ജയറാം സി.ആർ. (വിവ.), തിരഞ്ഞെടുത്ത സാംസ്കാരിക രചനകൾ, അന്റോണിയോ ഗ്രാംഷി, ഗ്രാംഷി ബുക്സ്, കൊല്ലം, 2013
3. ബിനു സി. (വിവ.), അംബേദ്കർ ഒരു ജീവിതം, ഡി.സി. ബുക്സ്, കോട്ടയം 2023
4. ലിൻസി കെ. തങ്കപ്പൻ (വിവ.), അംബേദ്കർ ഒരു ജീവിതം, ഡി.സി. ബുക്സ്, കോട്ടയം 2023
5. മലയാള പഠനസംഘം, സംസ്കാരപഠനം, ചരിത്രം സിദ്ധാന്തം പ്രയോഗം, 2007

# അധികാരത്തിന്റെയും ഹിംസയുടെയും ഇടങ്ങൾ - ജോജിയിൽ

**ആതിരഎസ്. പിള്ള**

**പ്രബന്ധസംഗ്രഹം**

ഒരു വ്യക്തിയെ പരുവപ്പെടുത്തുന്നതിൽ അവൻ ജീവിക്കുന്ന ഇടം വളരെ പ്രധാനപ്പെട്ടതാണ്. അവന്റെ ജീവിതത്തെയും ജീവിതസാഹചര്യങ്ങളെയും നിർമ്മിക്കുന്നതിൽ ഈ ഇടങ്ങൾ പ്രധാന പങ്കുവഹിക്കുന്നു. തന്റെ ആവാസവ്യവസ്ഥയെ തനിക്ക് അനുകൂലമായും പ്രതികൂലമായും പരിണാമപ്പെടുത്തുന്ന മനുഷ്യന്റെ സ്വഭാവരൂപീകരണത്തിൽ ഈ ഇടങ്ങൾ എപ്രകാരമാണ് സ്വാധീനിക്കുന്നത് എന്ന അനേഷണമാണ് ഈ പ്രബന്ധത്തിൽ .

**താക്കോൽവാക്കുകൾ**

അധികാരം, ഹിംസ, ഇടം, ചലച്ചിത്രപഠനം

മനുഷ്യന്റെ അനുഭവങ്ങളെയും വികാരങ്ങളെയും ഇടപെടലുകളെയും രൂപപ്പെടുത്തുന്ന ഭൗതികവും സാംസ്കാരികവുമായ തലമാണ് ഇടം ഈ നിർവചനപ്രകാരം ഒരുവ്യക്തിയുടെ ജീവിതത്തെ പരുവപ്പെടുത്തുന്നതിനും സ്വഭാവരൂപീകരണങ്ങളെ സ്വാധീനിക്കുന്നതിലും ഇടങ്ങൾ പ്രധാനപങ്കുവഹിക്കുന്നു. സാഹിത്യത്തിന്റെയും സംസ്കാര ത്തിന്റെയും വളർച്ചാഘട്ടങ്ങളിൽ ഇടങ്ങളെ പൊതുവെ സ്ഥലം, കാലം, ദേശം എന്നിവയ്ക്കുള്ളിലിരിക്കുന്ന അല്ലെങ്കിൽ ഇവയുടെ പരിധികളിൽ മാത്രമായി നിലകൊള്ളുന്ന ഒന്നായിട്ടേ വ്യാഖ്യാനിച്ചിരുന്നുള്ളൂ. അരിസ്റ്റോട്ടിലിന്റെ കാലംമുതലേ ഇടത്തെ സംബന്ധിച്ച ചിന്തകൾ ഉണ്ടായിരുന്നുവെങ്കിലും ഇരുപതാംനൂറ്റാണ്ടിനുശേഷം ഫ്രഞ്ച് ചിന്തകനായ ലെഫെവെറിന്റെ കാലത്താണ് ഇടത്തിന്റെ വ്യത്യസ്തമായ

ആശയങ്ങളെ സിദ്ധാന്തവൽക്കരിക്കുന്നത്. സാമൂഹികബന്ധങ്ങളുടെ അടിത്തറയായിട്ടാണ് ലെഫെവെറെ ഇടത്തെ നിർവചിക്കുന്നത്. ഇടമെന്ന പരികല്പനയെ സിദ്ധാന്ത പരിധിക്കുള്ളിൽ ഒതുക്കുന്നതിനപ്പുറമായി അവയുടെ അർത്ഥതലങ്ങളെ പരിശോധിക്കുകയും അതിലൂടെ നിർമ്മിക്കുന്ന സ്ഥല - ദേശ - കാല ബന്ധങ്ങൾക്ക് സാംസ്കാരികമായ അടിത്തറകൾ രൂപപ്പെടുത്തുന്നത് എങ്ങനെയെന്ന് അന്വേഷിക്കുകയാണ് ലെഫെവെറെ ചെയ്യുന്നത്.

ലെഫെവെറെ ഇടത്തെ മൂന്നുതലങ്ങളിലൂടെ ഉല്പാദിപ്പിക്കപ്പെടുന്ന ഒന്നായാണ് കാണുന്നത്. അവയിൽ ആദ്യത്തേത് ഇടത്തിന്റെ ഭൗതിക തലമാണ് ജീവിതത്തിലെ മൂർത്തമായ ആശയങ്ങളും ചിന്തകളും ചലനങ്ങളും ഉൾച്ചേർന്നതാണ് ഈതലം. രണ്ടാമത്തേത് മാനസികതലം ഇടത്തിന്റെ പ്രതിനിധാനസ്വഭാവങ്ങളായ സിനിമകൾ, സാഹിത്യം ഭൂപടങ്ങൾ എന്നിവയാണ് ഇവിടെയുള്ളത്. മൂന്നാമത്തേതായ സാമൂഹ്യ തലത്തിൽ മനുഷ്യന്റെ ജീവിതമണ്ഡലങ്ങളെയും അവൻ അനുഭവിക്കുന്ന ഇടങ്ങളെയും ചേർത്തിരിക്കുന്നു. ഈ മൂന്ന് തലങ്ങളുടെയും പരസ്പര ചേർച്ചയിലൂടെയാണ് ഇടം നിർമ്മിക്കപ്പെടുന്നത്. ഇവയുടെ മൂന്നിന്റെയും സ്വഭാവങ്ങൾ ഒരുമനുഷ്യനിൽ അന്തർലീനവുമാണ്.

ഒരു വ്യക്തി നിലനിൽക്കുന്ന ഭൂമികയെ അവൻ പലമാനദണ്ഡ ങ്ങളിലാണ് തരംതിരിക്കുന്നത്. മനുഷ്യന്റെ സഹജസ്വഭാവങ്ങളായിട്ടുള്ള അധികാരം, ഹിംസപ്രണയം, ലൈംഗികത, പാതകം, കുറ്റകൃത്യ താൽപര്യങ്ങൾ ഇവയെ പ്രകടിപ്പിക്കാനും അടിച്ചമർത്താനും പലതരം ഭൂമികൾ മനുഷ്യന് ആവശ്യമാണ്. സമൂഹത്തിന്റെ പ്രതിനിധാനമാതൃ കകളെന്ന നിലയിൽ സിനിമയിലും സാഹിത്യത്തിലും വ്യക്തിയെയും വ്യക്തിഗതഇടങ്ങളെയും വ്യത്യസ്തമായ പരിവേഷത്തോടെയാണ് അവതരിപ്പിക്കുന്നത്. ഇടത്തെ കേവലപശ്ചാത്തലമെന്നതിൽനിന്നും മനുഷ്യന്റെ നിലനിൽപ്പിന്റെയും ആവശ്യബോധങ്ങളുടെയും നിർമ്മിതി കളാക്കി മാറ്റാൻ ഈ അവതരണരൂപങ്ങൾ ശ്രമിക്കുന്നുണ്ട്. മലയാള സിനിമയുടെ പ്രാരംഭംതൊട്ട് തന്നെ കഥാഖ്യാനത്തിന്റെ പൂർണ്ണതയ്ക്ക് വേണ്ടി സിനിമനിർമ്മിക്കുന്ന ഇടങ്ങൾ വളരെപ്രാധാന്യമുള്ള ഒന്നാണ്. കഥയുടെ പോക്കിനെ സ്വാധീനിക്കാനും പ്രേക്ഷകനിൽ ഉദ്വേഗം നില നിർത്താനും ഒരുപരിധിവരെ ഈ ഇടങ്ങൾ സഹായിക്കുന്നുണ്ട്. ഇരകൾ, താഴ്വാരം, ജെല്ലിക്കെട്ട്, എന്നീ സിനിമകളിലൊക്കെ ഇടങ്ങൾ പങ്കുവയ്ക്കുന്ന കഥാഖ്യാനത്തിലൂടെ സിനിമയെ വ്യാഖ്യാനിക്കാൻ പ്രേക്ഷകന് കഴിയുന്നു.

**പനച്ചേൽ ബംഗ്ലാവെന്ന അധികാരശൃംഖല**

മനുഷ്യനിൽ നിലകൊള്ളുന്ന അധികാരഭ്രമത്തിന്റെ വ്യത്യസ്ത മായൊരാഖ്യാനമാണ് ദിലീഷ്പോത്തന്റെ ജോജിയെന്ന (2021) സിനിമ. മധ്യകേരളത്തിലെ കിഴക്കൻമലയോരപ്രദേശങ്ങളിലെ ക്രിസ്ത്യൻ കുടുംബങ്ങളിൽ കാണുന്ന ആന്തരികസംഘർഷങ്ങളും അവസ്ഥക ളുമാണ് സിനിമയുടെ മുഖ്യപ്രമേയം. പനച്ചേൽ കുട്ടപ്പൻ (സണ്ണിപി.എൻ.) എന്ന സർവ്വാധികാരിയായ പിതാവിന്റെ അധികാരനിയന്ത്രണങ്ങൾക്കു നടുവിൽപെട്ട് ഉഴലുന്ന മക്കളുടെ സ്വാതന്ത്ര്യമില്ലായ്മ സിനിമയിൽ കാണാം. അവിടെ ഉള്ളതെല്ലാം പനച്ചേൽകുട്ടപ്പന്റെ അധികാര പരിധിയിലുള്ള ഇടങ്ങളാണ്. സിനിമയുടെ തുടക്കത്തിൽ ഒരുകൊറിയർ സർവീസുകാരൻ ബൈക്കിൽ പനച്ചേൽ ബംഗ്ലാവിലേക്ക് വരുന്ന സീനിൽ ബൈക്ക് ഓടിക്കുന്ന വഴിയുടെ ഏരിയൽ ഷോട്ടിലൂടെ വഴിയുടെ രണ്ടുഭാഗത്തുമുള്ള ഇടങ്ങളെ കാണിക്കുന്നുണ്ട്. മനുഷ്യന്റെ സമൃദ്ധമായ ജീവിതരീതികളെ സൂചിപ്പിക്കുന്ന മലയോര ഭാഗങ്ങളാണ് അവിടെ കാണിക്കുന്നത്. എന്നാൽ ആ ബൈക്കുകാരനോടൊപ്പം പ്രേക്ഷകനെയും പനച്ചേൽ ബംഗ്ലാവിന്റെ അകത്തേക്ക് കൊണ്ടുപോകുന്ന സംവിധായകൻ സിനിമയുടെ നിർമ്മിത ഇടങ്ങളിലെ മനുഷ്യാവസ്ഥയെ കാട്ടുന്നതിലൂടെ ജീവിതത്തിന്റെ സമൃദ്ധിക്കുമപ്പുറമുള്ള അരക്ഷിതാവസ്ഥകളെ ബിംബ വൽകരിക്കുന്നു. അപ്പന്റെ മുറി, ജോജിയുടെ മുറി, അടുക്കള ഇവയെല്ലാം സ്വാഭാവികമായി കാണിക്കുമ്പോഴും ആളൊഴിഞ്ഞ ഒരേ സമയം പത്തു പേർക്ക് ഇരുന്നു ആഹാരം കഴിക്കാൻ കഴിയുന്ന വിശാലമായൊരു തീൻമേശ നിഗൂഢമായി കാണിക്കുന്നുണ്ട്. പലപ്പോഴും ജോജി (ഫഹദ്ഫാസിൽ) അടുക്കളയിൽ ഇരുന്നാണ് ആഹാരം കഴിക്കുന്നത്. നല്ലകാലം മുഴുവൻ നിനക്കൊക്കെ ഈ സ്ലാബിന്റെ പുറത്തിരുന്ന് കഴിക്കാനാടാ വിധി (42:54) ജോജിയോടുള്ള ബിൻസി (ഉണ്ണിമായപ്രസാദ്) യുടെ ഈ സംഭാഷണശകലത്തിൽനിന്നും വ്യക്തമാണ് പനച്ചേൽ കുട്ടപ്പന്റെ അധികാരത്തിന്റെ ഇടങ്ങളായി ആ ബംഗ്ലാവ് എങ്ങനെ മാറുന്നു വെന്നത്. സ്വന്തം വീട്ടിൽ സ്വാതന്ത്ര്യമില്ലാതെ എല്ലാ കാര്യങ്ങൾക്കും അപ്പനോട് സമ്മതം ചോദിക്കേണ്ടിവരുന്ന നിസ്സഹായ അവസ്ഥയാണ് മക്കൾക്കുള്ളത്. സ്വതന്ത്രമായി നിൽക്കാൻ കഴിയാത്ത നിരന്തരം അപമാനങ്ങൾ ഏറ്റുവാങ്ങേണ്ടി വരുന്ന തങ്ങളുടെ ഇഷ്ടത്തിന് ജീവിക്കാൻ കഴിയാത്ത ഒരു നിർമ്മിതഇടമാണ് റബ്ബർകാടുകൾക്കിടയിൽ തലയു യർത്തി നിൽക്കുന്ന പനച്ചേൽബംഗ്ലാവ്.

**കുളമെന്ന ഹിംസാത്മക ഇടം**

അപ്രതീക്ഷിതമായ പിതാവിന്റെ വീഴ്ചയിൽ സ്വാതന്ത്ര്യത്തിന്റെ രുചി മനസ്സിലാക്കിയ ജോജി

അതിൽനിന്ന് കൊണ്ട് സ്വന്തം പിതാവിനോട് ഒരു തുറന്നയുദ്ധം നടത്താൻ ആരംഭിക്കുന്നിടത്തു നിന്നും സിനിമയുടെ കഥാഗതി മാറുകയാണ്. കുട്ടപ്പന്റെ മുമ്പിൽമാത്രം അശക്തനായി നിലകൊള്ളുന്ന ജോജി വീട്ടിലെ മറ്റുഅംഗങ്ങളോടും മറ്റ് ഇടങ്ങളോടും പലപ്പോഴും തന്റെ ശക്തികാട്ടുന്നുണ്ട്. ബിൻസിയോടും പോപ്പിയോടും (അലിസ്റ്റർ അലക്സ്) രണ്ട് രീതിയിലാണ് ജോജിപെരുമാറുന്നത്. വീടിനും വീട്ടിലെ അംഗങ്ങൾക്കും ഉപരിയായി തനിക്കുള്ളിൽ താൻ നിർമ്മിച്ചുകൊണ്ടിരിക്കുന്ന സങ്കീർണമായ ഒരുലോകത്തിൽ ജീവിക്കാനും ആ ലോകത്തെ തന്റെ ചുറ്റുപാടുമുള്ള ഇടങ്ങളിലേക്ക് പറിച്ചുനടാനും ജോജി ശ്രമിക്കുന്നുണ്ട്. അതിന്റെ ഉത്തമ ഉദാഹരണമാണ് തന്നെ നിരന്തരമായി അപമാനിക്കുകയും ഉപദ്രവിക്കുകയും ചെയ്യുന്ന അപ്പനോടുള്ള ദേഷ്യം ജോജി തീർക്കുന്നത് അപ്പൻ നിർമ്മിച്ചകുളത്തിന്റെ കരയിലാണ്. തന്റെ ദേഷ്യം തീർക്കുക എന്നതിലുപരിയായി അപ്പന്റെ അധികാരഇടങ്ങളെ ഓരോന്നായി തന്നിലേക്ക് കൊണ്ടുവരിക എന്നൊരു ആഗ്രഹത്തെ കൂടിയാണ് ഇതിലൂടെ നിറവേറ്റുന്നത്. തന്റെ അപ്പനെ വധിക്കാനുള്ള ഓരോ പദ്ധതികളും കുളത്തിന്റെ കരയിലാണ് ജോജി ആസൂത്രണം ചെയ്യുന്നത്. ഒരേ സമയം ആവാസവ്യവസ്ഥയെ സൃഷ്ടിക്കാനും തകർക്കാനും കഴിവുള്ള ബിംബമായി ജോജിയിൽ കുളം പ്രതിഫലിക്കുന്നു.

ഇഞ്ചിഞ്ചായി തന്റെ അപ്പനെ കൊല്ലുന്ന ജോജി തന്റെ ആസൂത്രണയിടങ്ങൾ മാറ്റുന്നുണ്ട്. ആദ്യം അദ്ദേഹത്തിനു കൊടുക്കാനുള്ള ഗുളികകൾക്ക് പകരം അതേനിറത്തിലും വലുപ്പത്തിലും ഉള്ള മരണകാരണമാകുന്ന ഗുളികകൾ മാറ്റിവെച്ചതിനുശേഷം അടുത്തതായി എന്ത്ചെയ്യണം എന്നുള്ള ആലോചനകൾ പറമ്പിലും റബർ തോട്ടത്തിലും വീടിന്റെ മറ്റുചുറ്റുപാടുകളിലും നിന്നുകൊണ്ടാണ് ആലോചിക്കുന്നത്. ഇതിലൂടെ കുട്ടപ്പന്റെ അധികാരഇടങ്ങളെ തന്റെ ഹിംസാത്മക ഇടങ്ങളാക്കി മാറ്റുകയാണ് ജോജി. വിജയകരമായി ഒന്നാംഘട്ടം പൂർത്തിയാക്കിയ ജോജി അതിനുശേഷം കുളത്തിൽ വന്ന് മീൻപിടിക്കാൻ ചൂണ്ടയിടുന്ന ഒരു സീൻ (50:18) കാണിക്കുന്നുണ്ട്. കുളത്തിലെ ആവാസവ്യവസ്ഥകളെ നശിപ്പിച്ചുകൊണ്ട് തന്റെ ഇരയ്ക്കുവേണ്ടി വലവിരിച്ചു എന്ന സത്യത്തെ ജോജി പ്രേക്ഷകരോട് വിളിച്ചുപറയുകയാണ്. മൂന്നാമത്തെ ഘട്ടത്തിലും ഗുളികകൾ മാറ്റിവച്ചതിനുശേഷം സിനിമയിൽ കൊഴിഞ്ഞ ഇലകൾ വീണുകിടക്കുന്ന വലയും കുളത്തിന്റെ പരിസരങ്ങളും കാണിക്കുന്ന സീൻ (52:06).

പ്രധാനപ്പെട്ടതാണ് ജോജിയുടെ ദൗത്യത്തിന്റെ പടിപടി യായിട്ടുള്ള വിജയസൂചനയാണത് അർത്ഥമാക്കുന്നത്. കൊഴിഞ്ഞ ഇലകൾ മരണത്തി

ലേക്ക് പോകുന്ന മനുഷ്യാവസ്ഥയെ സൂചിപ്പിക്കുന്നു. അപ്പൻ മരിക്കുന്ന ആനിമിഷവും ജോജി കുളത്തിലെ മീനുകളെ ചൂണ്ടയിടുകയാണ് തന്റെ ഇരയ്ക്കു മുകളിൽ പൂർണ്ണമായും താൻ ആധിപത്യം സ്ഥാപിച്ചു എന്നതിന്റെ സൂചനയാണിവിടെ തെളിയുന്നത്. അപ്പൻ മരിച്ചസമയം വീട്ടിൽനിന്നും ബിൻസിയുടെയും വേലക്കാരന്റെയും നിലവിളികൾ കേൾക്കുമ്പോൾ വളരെ സാവധാനത്തിൽ ചൂണ്ട തിരിച്ചു വെക്കുകയും റബർതോട്ടത്തിലൂടെ വളരെ ലാഘവമായ ഭാവത്തിൽ വീട്ടിലേക്ക് നടക്കുന്ന ജോജിയെ കാണാൻ കഴിയും. അപ്പന്റെ കാലത്ത് തനിക്ക് അന്യമായിരുന്ന ഈ പറമ്പും തോട്ടവും മറ്റും തന്റേതെന്ന തോന്നലിലാണ് അയാൾ മുന്നോട്ടു പോകുന്നത്. അപ്പന്റെ മരണത്തിനു ശേഷം സ്വത്തിന്റെ ഭാഗംവെയ്പ്പുകൾ ചർച്ചചെയ്യുന്ന വേളയിൽ വീട് തനിക്കാണെന്ന് മനസ്സിലാക്കുന്ന ജോജി ആ ഭാഗംവെപ്പിനെ അംഗീകരിക്കുന്നു. കുഞ്ഞുനാൾ മുതൽ അപ്പന്റെ അധികാരത്തിന്റെ അഹന്തകൾ സഹിച്ചു ജീവിച്ച, സ്വന്തം വീട്ടിൽ പോലും തനിക്ക് അപ്രാപ്യമായിരുന്ന പലയിട ങ്ങളും, അപ്പന് ഉണ്ടായിരുന്ന പലസുഖങ്ങളും മക്കൾക്ക് നിഷേധിച്ച ആ വീട് തന്റേതാക്കുന്ന സന്തോഷം ജോജിയുടെ കണ്ണുകളിൽ കാണാം. അപ്പന്റെ മരണശേഷം തന്റെ വീടിനെ മലയോരങ്ങൾക്കു മുകളിൽ നിന്ന് ആവീടിന്റെ അധിപനായി നിന്നുനോക്കുന്ന ഒരുസീനും (58:26) സിനിമ യിൽ കാണാം. പരിമിതമായ ഇടങ്ങളിൽ നിന്നും അധികാരത്തിന്റെ വലിയൊരു ഭൂമികയിലേക്കുള്ള മനുഷ്യന്റെ സ്ഥാനാന്തരത്തെയാണ് ജോജിയിലൂടെ വരച്ചിടുന്നത്.

തനിക്കു മീതെ വളരുന്നത് അച്ഛനാണെങ്കിലും സഹോദരനാ ണെങ്കിലും നശിപ്പിക്കണമെന്ന നിലയിലേക്കാണ് ജോജിയിൽ ഹിംസ പ്രവർത്തിക്കുന്നത്. തന്റെ പിതാവിന്റെ മരണത്തിൽ ജോജിയെ സംശയിക്കുന്ന ജോമോൻ (ബാബുരാജ്) ജോജിയുടെ സ്വാതന്ത്ര്യങ്ങൾക്ക് ഒരു ഭീഷണിയാവുന്നുണ്ട്. നാട്ടിൽ പലരും നിനക്ക് അപ്പന്റെ മരണത്തിൽ പങ്കുണ്ടെന്ന് പറയുന്നുണ്ടെന്നും അവയുടെ സത്യാവസ്ഥകൾ അറിയാനും പറഞ്ഞവനെ രണ്ടെണ്ണം പൊട്ടിക്കാനും ജോജിയെ ജോമോൻ കിഴക്കൻ ചാലിലേക്ക് കൂട്ടിക്കൊണ്ടു പോകുന്നുണ്ട്. എന്നാൽ അവിടെവെച്ച് നാട്ടുകാർ പറഞ്ഞുനടക്കുന്നതിൽ സത്യമുണ്ടെന്ന് മനസ്സിലാക്കുന്ന ജോമോൻ ജോജിയെ ചോദ്യംചെയ്യുകയും അത് സംഘട്ടനത്തിലേക്ക് വഴിവെക്കുകയുംചെയ്യുന്നു. തനിക്ക് മീതെ ചായുന്ന ജോമോൻ എന്ന ശിഖരത്തെ വെട്ടിമാറ്റാൻ തക്കമായ സമയം ഇതാണെന്ന് തിരിച്ചറിയുന്ന ജോജി കിഴക്കൻ ചാലിൽ വച്ച് ജോമോനെ കൊല്ലുകയാണ്. അവിടെയും നീരുറവ കുറഞ്ഞൊരു ജലാശയം ഒരു പ്രധാന ഇടമായി കടന്നുവരുന്നു.

ഒരു ചാൽ എന്ന ബിംബത്തിന്റെ ആവിഷ്കരണത്തിലൂടെ കൊലപാതകത്തെ സിനിമയിൽ വീണ്ടും ആവിഷ്കരിക്കുന്നു. തന്റെ ഓരോ കൊലപാതകത്തിലും ഒരുതരിപോലും മനസ്താപം ഇല്ലാത്ത ജോജി ഹിംസയുടെ മൂർത്തിമദ്ഭാവമാവുകയാണ്. തന്റെ വിധി സ്വയം തിരഞ്ഞെടുത്തു ആശുപത്രിയിൽ കിടക്കുമ്പോഴും താൻ ചെയ്ത കുറ്റങ്ങൾ സമ്മതിക്കുന്നുണ്ടോ (1:48:13) എന്ന് പോലീസ് ഉദ്യോഗസ്ഥൻ ചോദിക്കുമ്പോൾ സമ്മതിക്കുന്നുണ്ടെങ്കിൽ കണ്ണുകൾ അടയ്ക്കാൻ പറയുമ്പോൾ വളരെ ബലമായി കണ്ണുകൾ തുറന്നുപിടിച്ചുകൊണ്ട് തന്റെ ഇടങ്ങളെയും താൻ നേടിയ ഇടങ്ങളെയും ചേർത്തു വയ്ക്കുന്നതിലൂടെ അധികാരത്തിന്റെ ആനന്ദത്തെ ആഘോഷിക്കുകയാണ് ജോജി.

**അടുക്കളയ്ക്കുള്ളിലെ സ്വാതന്ത്ര്യമോഹങ്ങൾ**

മലയാള സിനിമയുടെ അങ്ങേതല മുതൽ ഇങ്ങേതലവരെ പരിശോധിക്കുമ്പോൾ അടുക്കള എന്നഇടത്തെ സിനിമ അവതരിപ്പിക്കുന്നത് സ്ത്രീകളുടെ ഭൂമിക മാത്രമായിട്ടാണ്. അടുക്കളയെന്നാൽ സ്ത്രീകൾക്കായുള്ള ഒരിടം എന്ന മുദ്രാവാക്യത്തോടു കൂടിയാണ് ആദ്യകാലസിനിമകൾ അധികവും പ്രചരിപ്പിച്ചിരുന്നത്. എന്നാൽ അവിടെനിന്നും പുതിയ കാലത്തേക്ക് എത്തുമ്പോൾ അടുക്കയെന്ന ഇടത്തിലേക്ക് പുരുഷനെ കൊണ്ടുനിർത്തി സമത്വത്തിന്റെ ചില സമവാക്യങ്ങൾ രൂപപ്പെടുത്തുമ്പോഴും അവ പൂർണ്ണമാകാതെ പോകുകയാണ്. ജോജി എന്ന സിനിമയിലും അടുക്കള ഒരു പ്രധാനഇടമാണ്. അഞ്ചാറുപുരുഷന്മാരുള്ള ഒരു വീട്ടിൽ അവർക്കായി ഭക്ഷണം പാകം ചെയ്യുന്നതും മറ്റുജോലികൾ ചെയ്യുന്നതും എല്ലാം ബിൻസിയാണ്. ആഹാരം കഴിക്കാൻ വേണ്ടിമാത്രം അടുക്കളയുടെ സ്ലാബിന്റെ ഭാഗത്തേക്ക് വരുന്ന ജോജി മാത്രമല്ലാതെ മറ്റുപുരുഷന്മാർ ആരും തന്നെ അടുക്കളയിലേക്ക് എത്തിനോക്കാറില്ല. മറ്റുള്ളവർക്ക് വെച്ച് വിളമ്പിയും അപ്പന്റെ അധികാരഗർവ്വിനു താഴെ അടിമപ്പെട്ടും ജീവിക്കുന്ന ബിൻസിയുടെ അലർച്ചകളെല്ലാം കേൾക്കുന്നത് ഈ അടുക്കളയാണ്. ജോജിയെ ഹിംസയുടെ പാതയിലേക്ക് നടത്തുന്നത് ബിൻസി തന്നെയാണ്. ജോജി ആഗ്രഹിക്കുന്നത് അപ്പൻ അടക്കിഭരിക്കുന്ന ഈ ഇടങ്ങളെയാണെങ്കിൽ ബിൻസി സ്വാതന്ത്ര്യത്തിന്റെ ഇടങ്ങളെയാണ് കൊതിക്കുന്നത്. കല്യാണത്തിനുശേഷം അടുക്കളയിൽ തളയ്ക്കപ്പെട്ട ബിൻസിയുടെ ജീവിതത്തിന് മോചനം കിട്ടുന്നതും അപ്പന്റെ വീഴ്ചയോടുകൂടിയാണ്. അപ്പൻ ആശുപത്രിയിൽ ആകുന്നതിനു ശേഷം തന്റെ വീടിന്റെ സിറ്റൗട്ടിൽ ഇരുന്നു നെയിൽപോളിഷ് ഇടുന്ന ബിൻസിയെ കാണിക്കു

ന്നുണ്ട് അവിടെമുതൽ അവൾ സ്വാതന്ത്ര്യം ആസ്വദിക്കുകയാണ്. പലപ്പോഴും തന്റെ ഉള്ളിലെ ഹിംസയുടെ ആൾരൂപങ്ങളെ അവൾ പരിപാലിക്കുന്നത് ഈ അടുക്കളയ്ക്കുള്ളിൽ ആണ്. ബിൻസിയുടെ ബിംബങ്ങളെല്ലാം അടുക്കളയിൽ നിന്നും ഉരുതിരിഞ്ഞ് വരുന്നതാണ്. ജോജിയോട് നിനക്കെന്നും ഈ സ്ലാബിന്റെ പുറത്തിരുന്ന് കഴിക്കാനേ വിധിയുള്ളൂ എന്ന് പറയുന്നതും, ഈ ഗ്യാസ് കുറ്റി കത്തിതീർന്നാലും അപ്പന്റെ കാര്യത്തിൽ നീക്കിപ്പോക്ക് ഉണ്ടാവില്ല എന്നുപറയുന്നതും ഇതിന്റെ ഉദാഹരണങ്ങളാണ്. അടിമത്വത്തിന്റെയും, ലൈംഗിക കേളികളുടെയും, ഹാസ്യത്തിന്റെയും രംഗമായിരുന്ന അടുക്കള എപ്രകാര മാണ് ഹിംസയിലൂടെ സ്വാതന്ത്ര്യമോഹങ്ങളിലേക്ക് മാറുന്നതെന്ന് ഈ സിനിമ വ്യക്തമാക്കുന്നു.

ദേശകാലങ്ങളുടെ അതിർത്തിക്കുള്ളിൽ ഇടങ്ങൾ എങ്ങനെയാണ് സംവദിക്കുന്നതെന്നതിനപ്പുറമായി ഇടങ്ങളെ ആധുനികാനന്തരതയുടെ വിചാരസന്ദർഭത്തിലാണ് വിശാലമായ അർത്ഥത്തിൽ നോക്കികാണാൻ തുടങ്ങിയത്. പുതിയകാലത്ത് സാഹിത്യത്തിലും സിനിമയിലും ഇടങ്ങൾ ചർച്ചാവിഷയങ്ങൾ ആകുന്നുണ്ട്. പ്രമേയത്തിന്റെ പൂർണ്ണതയ്ക്കായി പലഘടക ങ്ങളെയും സിനിമയിൽ ഉപയോഗിക്കാറുണ്ട്. കഥയുടെ ആവിഷ്കരണത്തിനായി തിരഞ്ഞെടുക്കുന്ന ആഖ്യാനപരിസരങ്ങൾ ഒരുതരത്തിൽ അല്ലെങ്കിൽ മറ്റൊരുതരത്തിൽ കഥാഖ്യാനത്തിന്റെ ഗതിയെ സ്വാധീനിക്കുന്നു. ജോജി എന്ന സിനിമയിൽ പ്രമേയത്തിന്റെ ആവിഷ്ക രണങ്ങൾ പൂർണ്ണമാകുന്നത് അവയിലെ ഇടങ്ങളുടെ ദൃശ്യഭാഷയി ലൂടെയാണ്. കഥാപാത്രങ്ങളിൽ നിഴലിക്കുന്ന സഹജവാസനകളുടെ രൂപീകരണത്തിന് കാരണമാകുന്ന ജീവിതപരിസരങ്ങളെ വിശദീകരിക്കാൻ ഉപയുക്തമായ ആശയം ഇടം തന്നെയാണ്. ഓരോ പ്രമേയത്തിനും യോജിക്കുന്ന ഇടങ്ങളുടെ നിർമ്മിതിയിലൂടെ പ്രമേയത്തിന്റെ സമ്പൂർ ണ്ണമായ ആഖ്യാനത്തെ നിർമ്മിച്ച്എടുക്കാൻ ഇവിടെ സംവിധായകന് കഴിയുന്നുണ്ട്. മനുഷ്യപ്രവർത്തനങ്ങളിലൂടെ ഇടങ്ങൾ എങ്ങനെ രൂപം കൊള്ളുന്നുവെന്നും ഇടത്തെ മനുഷ്യർ എങ്ങനെ ഉപയോഗപ്പെടുത്തുന്നു വെന്നതും ജോജിയിലൂടെ വ്യക്തമാണ്.

**ഗ്രന്ഥസൂചി**

1. അൻവർഅലി എൻ, ഇടം സൂത്രവാക്കുകൾ കലാസൗന്ദര്യത്തിലേ ക്കൊരു പദകോശം (നിഘണ്ടു), ഗയപുത്തകച്ചാല, തൃശ്ശൂർ, 2020

2. യേശുദാസൻ ടി.എം, ഇടം താക്കോൽവാക്കുകൾ വിചാരമാതൃകകൾ കേരളീയനോട്ടങ്ങൾ, വിദ്വാൻ പി.ജി. നായർ സ്മാരക ഗവേഷണ കേന്ദ്രം, യു.സി. കോളേജ് , ആലുവ, 2017

3. രാഹുൽ രാധാകൃഷ്ണൻ , ഹിംസയുടെ ജനിതകം, സമകാലിക മലയാളം വാരിക, 4 ഫെബ്രുവരി 2019.

4. ഷീബ എം.കുര്യൻ, (ഡോ.) (എഡി), സിനിമ സാങ്കേതികതയും സംസ്കാരവും, കേരളസർവകലാശാല തിരുവനന്തപുരം , 2016.

# ആധുനികാനന്തരമലയാളനോവലും ദേശീയതയുടെ പുനരാഖ്യാനവും: ആനന്ദിന്റെ വിഭജനങ്ങൾ മുൻനിർത്തിയുള്ള പഠനം.

**അഞ്ജന വിജയൻ**
ഗവേഷക, കേരളപഠനവിഭാഗം
കാര്യവട്ടംക്യാമ്പസ്, തിരുവനന്തപുരം

**പ്രബന്ധസംഗ്രഹം**

ആധുനികാനന്തര മലയാളനോവൽ ആഖ്യാനത്തിന്റെയും പ്രമേയത്തിന്റെയും പുത്തൻ മേച്ചിൽപ്പുറങ്ങൾ തേടിക്കൊണ്ടിരിക്കുകയാണ്. ദേശീയതയുടെ പുനരാവിഷ്കാരം അതിനാൽത്തന്നെ ആധുനികാനന്തര നോവലിന്റെ ശ്രദ്ധാകേന്ദ്രത്തിലുണ്ട്. നോവലിന്റെയും ദേശീയതയുടെയും വേരുകൾ ആധുനികതയോട് ചേർന്നുകിടക്കുന്നവയാണ്. ദേശം, ദേശീയത, രാഷ്ട്രം മുതലായ സങ്കൽപ്പങ്ങൾ തുടക്കം മുതൽത്തന്നെ നോവലിൽ പലമട്ടിൽ കടന്നുവന്നിട്ടുണ്ട്. ആധുനികാനന്തരതയിലെത്തുമ്പോൾ മലയാളനോവൽ ദേശീയതയ്ക്കും അതിന്റെ ആവിഷ്കാരത്തിനും നവാഖ്യാനരീതികൾ തേടുകയും പരീക്ഷിക്കുകയും ചെയ്യുന്നുണ്ട്. അതിന്റെ ഫലമായാണ് ദേശീയതാവിമർശനം നോവലിന്റെ പ്രമേയകേന്ദ്രത്തിലെത്തുന്നത്. മലയാളനോവലിന്റെ വർത്തമാനകാലാഖ്യാനരൂപങ്ങൾ ദേശീയതയെ എങ്ങനെ അവതരിപ്പിക്കുന്നു എന്ന് ആനന്ദിന്റെ വിഭജനങ്ങൾ മുൻനിർത്തി പരിശോധിക്കാനാണ് ഈ പ്രബന്ധത്തിൽ ശ്രമിക്കുന്നത്.

**താക്കോൽവാക്കുകൾ**

ദേശീയത, ദേശരാഷ്ട്രം, ആധുനികത, ആധുനികാനന്തരം, അപരവത്കരണം, കല്പിതസമൂഹം, ചരിത്രം.

ഒരു പ്രത്യേക ഭൂപ്രദേശത്ത് തങ്ങളുടേത് മാത്രമായ മിത്തുകളും ഓർമകളും ചരിത്രവും പങ്കിടുന്ന, ഒരേ സാംസ്കാരിക - സാമ്പത്തിക യുക്തികൾ പിന്തുടരുന്ന ജനസഞ്ചയത്തെയാണ് ആന്റണി ഡിസ്മിത്ത് ദേശീയത എന്ന് നിർവചിക്കുന്നത്[1]. തീർച്ചയായും അതൊരു ആധുനിക മായ സങ്കല്പമാണ്. ആധുനികതയുടെ രാഷ്ട്രീയയുക്തി എന്നനില യിലാണ് ദേശീയതയെ പൊതുവിൽ വിലയിരുത്താറുള്ളത്. അതുകൊണ്ടു തന്നെയാണ് ആധുനികതയുടെ സാംസ്കാരിക പശ്ചാത്തലത്തിൽ രൂപപ്പെട്ട രാഷ്ട്രം ഒരു കല്പിതസമൂഹം അഥവാ ഭാവനാസമുദായം (Imagined community) ആണെന്ന് ബെനഡിക്ട് ആൻഡേഴ്സ? അഭിപ്രായ പ്പെടുന്നത്[2]. ദേശീയതയുടെ ഏകതാനമായുള്ള ഈ നിൽപ്പ് വർത്തമാന കാല സന്ദർഭങ്ങളിൽ പലമട്ടിൽ വിമർശിക്കപ്പെടുന്നുണ്ട്. ഏകീകരണം അടിസ്ഥാന യുക്തിയായി പേറുന്ന ദേശീയതബാഹ്യമായും ആഭ്യന്തര മായും സൃഷ്ടിക്കുന്ന വിഭജനങ്ങളും അതിന്മൂലമുണ്ടാകുന്ന അപരസമൂഹ സൃഷ്ടിയും ദേശീയതയുടെ ഇരട്ടമുഖം വെളിപ്പെടുത്തുന്നു.

ഇന്ത്യൻ ദേശീയത ഒരേസമയം ആഗോളമായ ദേശീയതകളോട് സംവദിക്കുന്നതും എന്നാൽ അതേസമയം അവയിൽ നിന്ന് വ്യത്യസ്ത മായി നിലകൊള്ളുകയും ചെയ്യുന്ന ഒന്നാണ്. പാശ്ചാത്യ ദേശീയതകളെ നയിച്ച/ നയിച്ചുകൊണ്ടിരിക്കുന്ന സാമ്രാജ്യത്വമോഹങ്ങളോ അധിനിവേശ സംസ്കാരമോ അല്ല ഇന്ത്യൻദേശീയതയെ നിർമിച്ചെടുത്തത്. ഇന്ത്യൻദേശീയത അധിനിവേശശ്രമങ്ങളിൽ നിന്നുള്ള ഒരു വിമോചക പ്രക്രിയയുടെ ഭാഗമായി ഉയർന്നു വന്നതാണ്[3]. സ്വാതന്ത്ര്യലബ്ധി, പരമാധികാരരാഷ്ട്രം, സ്വതന്ത്രഭരണകൂടം തുടങ്ങിയ രാഷ്ട്രീയയുക്തി കളാണ് ഇന്ത്യൻദേശീയതയെ നിർമിച്ചെടുത്തത്. ഭാഷ, ദേശം, സംസ്കാരം, മതം, ജാതി, വംശം, ലിംഗം തുടങ്ങിയ ഭിന്നതകൾക്ക തീതമായ വിമോചക ശക്തിയായാണ് ദേശീയത ഇവിടെ ഉദയംകൊണ്ടത്. സ്വാതന്ത്ര്യലബ്ധിയോടെ ഇന്ത്യൻദേശീയതയുടെ ഈ രാഷ്ട്രീയ യുക്തി ലക്ഷ്യംകണ്ടു എങ്കിലും ദേശീയതയുടെ സാംസ്കാരിക യുക്തി ഉയർ ത്തിയ പ്രശ്നങ്ങൾ അവിടെ ആരംഭിക്കുകയായിരുന്നു. നാനാത്വത്തിൽ ഏകത്വം എന്ന ആപ്തവാക്യത്താൽ ഇന്ത്യൻദേശീയതയുടെ സാംസ്കാരിക വൈവിധ്യത്തെ അഭിസംബോധന ചെയ്യാൻ ശ്രമിച്ചു എങ്കിലും ദേശീയതയുടെ ഏകതായുക്തി അതിനെ എല്ലാക്കാലത്തും പ്രശ്നപൂരിതമാക്കി നിർത്തി. ദേശീയത എന്ന ആധുനികസങ്കൽപം സൃഷ്ടിക്കുന്ന വിഭജനങ്ങൾ ഇന്ത്യയിലും ഒരു യാഥാർഥ്യമായി മാറി. സ്വതന്ത്രപൂർവഭാരതത്തിലെ ദേശീയപ്രസ്ഥാനങ്ങൾ നിർമിച്ചു വെച്ച ഭദ്രലോകചിത്രങ്ങൾ തകർന്നടിയുന്ന ചരിത്രസന്ദർഭങ്ങളുടെ പശ്ചാത്ത

ലത്തിലാണ് വർത്തമാനകാലസമൂഹം ദേശീയതയെ ആഖ്യാനം ചെയ്യുന്നത്.

ദേശീയത സൃഷ്ടിക്കുന്ന അപരസമൂഹങ്ങളെ അഭിസംബോധന ചെയ്യാനും അവയെ ദേശീയതാ വിമർശനത്തിനായി ഉപയോഗപ്പെടുത്താനുമുള്ള ശ്രമങ്ങൾ സാഹിത്യത്തിൽ, വിശേഷിച്ചും നോവലിൽ ഉണ്ടായിവരുന്നുണ്ട്. മലയാളനോവലിന്റെ ആരംഭകാലം മുതൽ ദേശീയത ശ്രദ്ധേയസാന്നിധ്യമായി നിലവിലുണ്ട്. സ്ഥലരാശിയായും ഒരു വിമോചകമൂല്യമായും ഭരണകൂടമെന്ന മൂർത്തസങ്കല്പമായുമെല്ലാം പലമട്ടിൽ അത് നോവലിൽ കടന്നു വന്നിട്ടുണ്ട്. വർത്തമാനകാലത്തെ ആഖ്യാനങ്ങളിൽ ദേശീയത പലമട്ടിൽ വിമർശിക്കപ്പെടുന്നുണ്ട്. ദേശീയതയുടെ പരമ്പരാഗത മൂല്യങ്ങൾ മാത്രമല്ല, അതിന്റെ വിഭജനയുക്തിയും അപരവത്കരണ ശ്രമങ്ങളും ദേശരാഷ്ട്രം തന്നെയും ദേശീയതാവിമർശനത്തിന്റെ കേന്ദ്രസ്ഥാനത്തെത്തുന്നു. ജാതി, മതം, വംശം, ഭാഷ, ലിംഗം, പ്രദേശം തുടങ്ങിയ ദേശീയതയുടെ വിഭജനയുക്തികളെ ഫലപ്രദമായി ഉപയോഗിച്ചുകൊണ്ടും അവയെ ആഖ്യാനത്തിന്റെ കേന്ദ്രത്തിൽ നിർത്തിക്കൊണ്ടുമാണ് നോവലിന്റെ വർത്തമാനകാലം ദേശീയതാ വിമർശനം നടത്തുന്നത്. അവയിൽത്തന്നെ ആനന്ദിന്റെ വിഭജനങ്ങൾ എന്നനോവൽ സവിശേഷമായി നിൽക്കുന്നുണ്ട്. രൂപപരമായും ആഖ്യാനപരമായും എങ്ങനെയാണു ഈ നോവൽ ദേശീയതയുടെ വർത്തമാനകാലാഖ്യാനങ്ങളിൽ തന്നെ വേറിട്ടൊരു ആവിഷ്കാരമാതൃക സൃഷ്ടിക്കുന്നതെന്ന് വിശദമായി പരിശോധിക്കാം.

**ദേശീയതയുടെ വിഭജനയുക്തി വിഭജനങ്ങളിൽ**

1999-ൽ ഗുജറാത്തിലെ വഡോദരയിലെത്തുന്ന ആഖ്യാതാവിലൂടെയാണ് നോവൽ പുരോഗമിക്കുന്നത്. 37 വർഷങ്ങൾക്കു മുൻപ് അയാൾ അവിടെ രണ്ടുവർഷം ജോലി ചെയ്തിരുന്നു. അഹിംസയെ ജീവിതാദർശമാക്കി മാറ്റിയ ഗാന്ധിജിയുടെ നാട് ഈ മൂന്നരപതിറ്റാണ്ടിനുള്ളിൽ ഹിംസയുടെയും കലാപത്തിന്റെയും അക്രമത്തിന്റെയും ചരിത്രത്തിലേക്ക് വഴുതി വീണുകഴിഞ്ഞു എന്ന തിരിച്ചറിവാണ് കഥാനായകൻ തുടക്കത്തിലേ ഉണ്ടാകുന്നത്. അവിടെനിന്ന് അയാളുടെ ഓർമകളിലൂടെയും അയാൾ ഉൾപ്പെടുന്ന ചർച്ചകളിലൂടെയും ചരിത്രം ചുരുളഴിയുന്നു.

നോവലിന്റെ തുടക്കം തന്നെ വിഭജനങ്ങൾ സംബന്ധിച്ച ചർച്ച കടന്നുവരുന്നു. ആധുനികതയുടെ ശാസ്ത്രയുക്തിയായി വിഭജനം എങ്ങനെ സ്വീകരിക്കപ്പെട്ടു എന്ന് ചർച്ച ഉണ്ടാകുന്നു. എന്തിനെയും

വർഗീകരിക്കാനും വിഭജിക്കാനുമുള്ള മനുഷ്യന്റെ നിരന്തരപരിശ്രമങ്ങൾക്ക് ശാസ്ത്രത്തിന്റെ പിൻബലമുണ്ടാകുന്നു. ആധുനികതയുടെ രാഷ്ട്രീയ യുക്തിയായ ദേശീയത, ആധുനികതയുടെ ശാസ്ത്രയുക്തിയായ വിഭജനവുമായി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്ന വിഷയത്തിലേക്ക് നോവൽ കടക്കുന്നത് ഇങ്ങനെയാണ്. തുടർന്ന് ആധുനികതയുടെ ബൃഹദാഖ്യാനങ്ങളെ ദേശീയതയും കമ്മ്യൂണിസവും ശാസ്ത്രവും പുരുഷകേന്ദ്രിതവ്യവസ്ഥയും ഉൾപ്പടെ ഉള്ളവയെ നോവൽ ചരിത്രപരമായ വിശകലനങ്ങളിലൂടെ വിലയിരുത്തുന്നു. വിഭജനങ്ങളെ ഒരു രീതിശാസ്ത്രമായി ഉപയോഗപ്പെടുത്തിക്കൊണ്ട് ദേശീയതയുടെ ആഭ്യന്തരവും ബാഹ്യവുമായ വ്യവഹാരങ്ങളെ ചരിത്രപരമായ വിലയിരുത്തലുകളിലൂടെ അവതരിപ്പിക്കുകയാണ് നോവലിൽ. പ്രധാനപ്പെട്ട പല വിഭജനസന്ദർഭങ്ങളെയും ഇത്തരത്തിൽ നോവൽ മുന്നോട്ടു വെയ്ക്കുന്നുണ്ടെങ്കിലും ദേശീയതയെ മുൻനിർത്തി അവയെ പ്രധാനമായും രണ്ട് തരത്തിൽ കാണാം.

1. ഇന്ത്യൻദേശീയതയുടെ ചരിത്രവും വർത്തമാനവുമായി ബന്ധപ്പെട്ടു കിടക്കുന്ന വിഭജന സന്ദർഭങ്ങൾ

2. ആഗോള ദേശീയത സൃഷ്ടിച്ചിട്ടുള്ള വിഭജനസന്ദർഭങ്ങളും അവയുടെ അവശേഷിപ്പുകളും പ്രത്യാഘാതങ്ങളും

പൊതുവെ ഇവയെ ദേശീയത ആഭ്യന്തരമായും ബാഹ്യമായും സൃഷ്ടിച്ചിട്ടുള്ള വിഭജനങ്ങൾ എന്ന് പറയാം. മതപരവും വംശീയവും പ്രാദേശികവും ലിംഗപരവുമായ വിഭജനസന്ദർഭങ്ങൾ രണ്ടിടത്തും ഒരേപോലെ അരങ്ങേറിയിട്ടുണ്ടെങ്കിലും സാംസ്കാരികവും സാമൂഹികവും രാഷ്ട്രീയവുമായി അവ സൃഷ്ടിച്ചിട്ടുള്ള ആഘാതങ്ങൾ വ്യത്യസ്ത നിലകളിലുള്ളതാണ്.

**ഇന്ത്യൻദേശീയതയുടെ വിഭജനസന്ദർഭങ്ങൾ**

ജാതി, മതം, വംശം, അധിനിവേശം, കുടിയേറ്റം തുടങ്ങിയവയിന്മേൽ ദേശീയത സൃഷ്ടിക്കുന്ന വിഭജനശ്രമങ്ങളെ നോവൽ തുറന്ന ചർച്ചയ്ക്കെടുക്കുന്നുണ്ട്. ആഖ്യാതാവിന്റെ സുഹൃത്തായ സുഹൃദ് വഴിപരിചയപ്പെടുന്ന ഛാരാഗോത്രത്തിലെ ചെറുപ്പക്കാർ, ഗുജറാത്തിലെ ആദിവാസി സമൂഹമായ റാവാകൾ , നാടോടികളായ ബൻജാരകൾ തുടങ്ങിയവിഭാഗങ്ങളെല്ലാം ദേശീയത സൃഷ്ടിച്ച വിഭജനങ്ങളാൽ തമസ്കൃതരായവരാണ്. ബ്രിട്ടീഷ് രാജിൽ കുറ്റവാളിഗോത്രമായി കണക്കാക്കപ്പെട്ട ഛാരാകൾ സ്വാതന്ത്ര ഇന്ത്യയിൽ നിയമപരമായി അത്തരമൊരു

മേൽവിലാസത്തിൽ നിന്ന് രക്ഷപെടുമ്പോളും ദേശീയതയുടെ അബോധ ത്തിൽ കുറ്റവാളികളായി തുടരുന്നു. ഛാരാകളിലെ ആഖ്യാതാവിന്റെ വിദ്യാർഥി സുഹൃത്തുക്കളിൽ ഒരാൾ ഉന്നയിക്കുന്ന ചോദ്യങ്ങൾ പ്രസക്തമാണ്.

ഞങ്ങൾ ഇന്നും കുറ്റവാളികളാണ്. എന്താണ് ഞങ്ങൾക്ക് ഈ അവസ്ഥ വരുത്തിവച്ചത്? എന്താണ് ഈ മായാത്ത വിഭജനം ഉണ്ടാക്കുന്ന ഞങ്ങളുടെ കുറ്റം? ഞങ്ങൾക്ക് ഞങ്ങളുടേതായ ഒരു പുതിയ ഐഡന്റിറ്റി ഉണ്ടാക്കുകയാണോ ഇതിന്റെ പരിഹാരം? അതോ ആ ഐഡന്റിറ്റിയെ വിശാലമായ മുഖ്യധാരയിൽ ഏറ്റവും ആഴത്തിൽ കുഴിച്ചുമൂടുകയോ? (പുറം 13)

ഈ ചോദ്യങ്ങൾ ഇന്ത്യൻ ദേശീയതയുടെ നേർക്കുള്ളതാണ്. ഗുജറാത്തിന്റെ സമൃദ്ധിയുടെ കാരണം മദ്യനിരോധനം എന്ന ബോർഡ് കാണുന്ന ആഖ്യാതാവ് കടന്നു ചെല്ലുന്ന സ്ഥലത്തെ പ്രധാനനിരോധിത വാറ്റുചാരായ നിർമാണസ്ഥലത്താണ്. അതിനു ഒത്താശ ചെയ്യുന്നത് പോലീസും. രാജ്യത്തെ ദേശീയത പ്രതിനിധാനം ചെയ്യുന്ന ഒരു പ്രബല സമൂഹത്തെ/ മുഖ്യധാരയെ വളർത്തുകയും മറുപുറത്ത് 'കുറ്റവാളി ഗോത്ര'ങ്ങളെ ആ മേൽവിലാസത്തിൽ ആജീവനാന്തം തളച്ചിടുകയും ചെയ്യുന്ന ദേശീയതയുടെ അനീതിയുടെ വിഭജനയുക്തി നോവലിൽ ഇങ്ങനെ ആവിഷ്കരിക്കുന്നു. ഉയർന്ന ജാതിയിലെ അഭ്യസ്തവിദ്യരായ മനുഷ്യരുടെ കുറ്റങ്ങൾ പൊറുക്കുകയും മറ്റൊരുകൂട്ടരെ ഭൂതകാലത്തെ കുറ്റത്തിന്റെ പാരമ്പര്യവാഹകരായി നിലനിർത്തുകയും ചെയ്യുന്ന ഭരണകൂടനീതിയുടെ ഇരട്ടമുഖം കാംജിലാൽ വക്കീലിന്റെ വാക്കുകളിൽ തെളിഞ്ഞുകാണാം. വ്യക്തികൾക്ക് ഒരേപേരുള്ള ഇന്ത്യൻ ഗോത്രവിഭാഗ ജനതയെപ്പറ്റി നോവലിൽ സൂചനയുണ്ട്. ഇതു മുതലെടുത്തുകൊണ്ട് ആ സമൂഹത്തെ പീഡിപ്പിച്ചുകൊണ്ട് ഇന്ത്യൻ നീതിന്യായ വ്യവസ്ഥയിലെ പഴുതുകളിലൂടെ രക്ഷപെടുന്ന ഒരുവിഭാഗത്തെ നോവലിൽ കാണാം. ഈ വിഭാഗത്തെ സംരക്ഷിക്കുന്ന ദേശീയതയുടെ നീതിബോധത്തെ നോവൽ വായനക്കാർക്ക് ചോദ്യംചെയ്യാൻ പഴുതുണ്ട്. സാംസ്കാരിക ചരിത്ര ത്തിനു സമാന്തരമായി സഞ്ചരിക്കുന്ന നാടോടികളുടെ ചരിത്രം ദേശീയത യുടെ അടിസ്ഥാനയുക്തികളെ ചോദ്യംചെയ്യുകയോ അട്ടിമറിക്കുകയോ ചെയ്യുന്നതാണ് എന്നോർമപ്പെടുത്തുന്നതാണ് നോവലിലെ ബൻജാര നാടോടികളുടെ വിവരണം.

കുടിയേറ്റം സൃഷ്ടിക്കുന്ന സ്വത്വപ്രതിസന്ധിയെയും ഇതോടൊപ്പം ചേർത്തുവായിക്കാം. ഭാഷനഷ്ടപ്പെട്ടപ്പോളും സ്വത്വം സംരക്ഷിച്ച പാഴ്സി

കളുടെയും ഭാഷയും സ്വത്വവും നഷ്ടപ്പെട്ട 'നക്ലിസമൂഹ'മായി ജീവിക്കുന്ന സിന്ധികളുടെയും ചരിത്രം ദേശീയതയുടെ മറ്റൊരു വിഭജനമാതൃകയെ മുന്നോട്ടു വെയ്ക്കുന്നതായി നോവൽ വരച്ചിടുന്നു.

ഇന്ത്യൻദേശീയതയെ പാശ്ചാത്യദേശീയതയിൽ നിന്ന് വ്യതിരിക്തമാക്കി നിർത്തിയത് അത് ഒരു പ്രത്യേക പ്രത്യയശാസ്ത്രത്തെ പിന്തുടരുന്നില്ല എന്നത് കൊണ്ട് കൂടിയാണ്. നാനാവിധത്തിലുള്ള ജാതിമതങ്ങളെ അഭിസംബോധന ചെയ്യുമ്പോളും ഇന്ത്യൻദേശീയത അവയ്ക്ക് അതീതമായി നിലകൊള്ളുന്നു എന്നാണ് സങ്കൽപം. എന്നാൽ രാഷ്ട്രീയ കക്ഷികളായി രൂപാന്തരം പ്രാപിച്ച ജാതി-മത സമുദായങ്ങൾ അധികാരം കയ്യാളുന്നതാണ് സമകാല ഇന്ത്യൻദേശീയതയുടെ അവസ്ഥ. ജാതി - മത - വർണ - ലിംഗഭേദങ്ങൾക്ക് അതീതമെന്ന് വിശേഷിപ്പിക്കപ്പെടുന്ന ഇന്ത്യൻഭരണഘടന ഈ ഘട്ടത്തിൽ നിശബ്ദമാകുന്നത് എങ്ങനെയെന്ന് നോവൽ ചൂണ്ടിക്കാട്ടുന്നുണ്ട്. ജാതി തിരിച്ചു വരികമാത്രമല്ല അത് തത്വവത്കരിക്കപ്പെടുകയും ശാശ്വതീകരിക്കപ്പെടുകയും ചെയ്യുന്നു എന്നതാണ് ഇന്ത്യൻദേശീയതയുടെ വിഭജനമുഖത്തെ യാഥാർത്ഥ്യമാക്കുന്നത്.

ഭാഷയുടെയും സംസ്കാരത്തിന്റെയും പേരിൽ ഇന്ത്യയിൽ ഉടലെടുത്ത കലാപങ്ങൾ ഇന്ത്യൻദേശീയതയുടെ യാഥാർത്ഥ്യങ്ങളാണ്. ഗോവയിലെ ഉപദേശീയതയ്ക്കായുള്ള പോരാട്ടം, സംസ്ഥാനരൂപീകരണവുമായി ബന്ധപ്പെട്ട് ബോംബയിൽ ഉണ്ടായകലാപം എന്നിവയെക്കുറിച്ചുള്ള സൂചനകൾ നോവലിൽ കടന്നുവരുന്നത് ഈ വസ്തുതയെ ചൂണ്ടിക്കാട്ടുവാനാണ്.

**ദേശീയതയുടെ ബാഹ്യവിഭജനയുക്തിയും വിഭജനശ്രമങ്ങളും**

ആഗോളമായ ദേശീയതയുടെ വിഭജനസന്ദർഭങ്ങളെയും നോവൽ ചരിത്രപരമായി വിലയിരുത്തുന്നുണ്ട്. ചൈനയുടെ ഏകീകരണശ്രമങ്ങൾ, ജപ്പാന്റെ അധിനിവേശ ശ്രമങ്ങൾ, ഇന്ത്യ- പാക് വിഭജനം, ഒന്നും രണ്ടും ലോക മഹായുദ്ധങ്ങൾ, ആഫ്രിക്കയിലെ യൂറോപ്യൻ അധിനിവേശ ശ്രമങ്ങൾ തുടങ്ങി പാശ്ചാത്യദേശീയതയുടെ അധിനിവേശയുക്തികളെയും സാമ്രാജ്യത്വമോഹങ്ങളെയും നോവൽ തുറന്നിടുന്നുണ്ട്. മനുഷ്യരെ നിറത്തിലും വംശത്തിലും വിഭജിച്ചുകൊണ്ട് കീഴടക്കി വെക്കാനുള്ള ദേശീയതയുടെ ആഗോളയുക്തിയെയും അതിന്റെ ചരിത്ര പരമായ ആവർത്തനത്തെയും നോവൽ വരച്ചിടുന്നുണ്ട്. വെള്ളക്കാരനും മഞ്ഞനിറക്കാരനും - വെള്ളക്കാരനും കറുത്തവനും - വെള്ളക്കാരനും തവിട്ടുനിറക്കാരനും തമ്മിൽ ഉടലെടുത്ത സംഘർഷങ്ങളും അത്തരത്തിലുള്ള വിടവു

കൾ സൃഷ്ടിച്ചെടുക്കുന്ന ദേശീയതയുടെ അടഞ്ഞയുക്തിയും നോവലിൽ വിമർശിക്കപ്പെടുന്നു. യോജിക്കുന്നത് മാത്രമല്ല വിഭജിക്കുന്നതും മനുഷ്യ നെയും സമൂഹങ്ങളേയും സംബന്ധിച്ച് നിത്യമായ യാഥാർഥ്യമാണെന്ന് നോവൽ സമർഥിക്കുന്നുണ്ട്. വിഭജനത്തിനു ശേഷം 5000 വർഷത്തെ സ്വതന്ത്രചരിത്രം ഉണ്ടാക്കി എടുക്കാൻ ശ്രമിക്കുന്ന, ഇന്ത്യയുമായി നില നിൽക്കുന്ന വ്യത്യാസങ്ങളെ ചരിത്രപരമായി കണ്ടെത്താൻ ശ്രമിക്കുന്ന പാകിസ്താന്റെ ചിത്രം ദേശീയത സൃഷ്ടിക്കുന്ന വിഭജനങ്ങളുടെ നേർചിത്രമായാണ് നോവലിൽ പ്രതിപാദിക്കുന്നത്.

കമ്മ്യൂണിസത്തെ സംബന്ധിച്ചുള്ള ശ്രദ്ധേയമായ നിരീക്ഷണ ങ്ങളെയും ദേശീയതയോട് ചേർത്ത് വായിക്കാം. ആധുനികതയുടെ ബൃഹദാഖ്യാനങ്ങളാണ് കമ്മ്യൂണിസവും ദേശീയതയും. കമ്മ്യൂണിസം പ്രത്യക്ഷമായി തന്നെ മനുഷ്യരെ രണ്ടായി വിഭജിക്കുന്നു. അതിൽ വിശ്വസി ക്കാത്തവരെ പുറത്തുനിർത്തുന്നു. ദേശീയതയും മറ്റൊരുതരത്തിൽ ഈ പുറത്തുനിർത്തൽ നടത്തുന്നുണ്ട്. പ്രത്യയശാസ്ത്രവിമർശനം സ്റ്റേറ്റിനെ അട്ടിമറിക്കാൻ ഉള്ളശ്രമം എന്ന സോവിയറ്റ് ആശയം മറ്റൊരു തരത്തിൽ ദേശീയ തനടപ്പിലാക്കുന്നു. ഭരണകൂടവിമർശനം = ദേശവിരുദ്ധത എന്ന ആശയത്തിലേക്ക് അതിനെ കൊണ്ടെത്തിക്കുന്നു.

**ആഖ്യാനപരമായ സവിശേഷതകൾ**

ആഖ്യാനപരമായും സവിശേഷതകൾ പുലർത്തുന്ന നോവലാണ് വിഭജനങ്ങൾ. ആധുനികാനന്തര നോവലുകളിൽത്തന്നെ പലമട്ടിൽ ദേശീയതയും ദേശീയതാ വിമർശനവും ആവിഷ്കരിക്കപ്പെടുന്നുണ്ട്. അവയിൽ വിഭജനങ്ങൾ വളരെ വ്യത്യസ്തമായ ഒരു നോട്ടക്കോണിൽ നിന്നുകൊണ്ടാണ് ദേശീയതയെ വിലയിരുത്തുന്നതും ആഖ്യാനം ചെയ്യുന്നതും.

1. വിഭജനത്തിന്റെ രീതിശാസ്ത്രം ഉപയോഗിച്ചുകൊണ്ട് ദേശീ യതയെ ചരിത്രപരമായി വിലയിരുത്തുന്ന രീതിയാണ് ഈ നോവലിൽ കാണുന്നത്. എന്തിനെയും വിഭജിക്കാനും വർഗ്ഗീകരിക്കാനുമുള്ള മനുഷ്യ പ്രയത്നങ്ങളുടെ മറ്റൊരു മുഖമായാണ് ദേശീയതയെയും അതിന്റെ വിഭജനയുക്തികളെയും നോവൽ ചൂണ്ടിക്കാട്ടുന്നത്. ചരിത്രസന്ദർഭ ങ്ങളുടെ കൂട്ടുപിടിച്ചാണ് നോവലിസ്റ്റ് ഇത് ചെയ്യുന്നത്.

2. ചരിത്രപരമായ ആവർത്തനങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് വിഭജനങ്ങളുടെ ആഗോളമായ ആഘാതങ്ങൾ വെളിവാക്കുന്നു. ദേശീയത ആഗോളമായി സൃഷ്ടിക്കുന്ന പ്രതിസന്ധികൾ പലതും ഒരേപാറ്റേണിൽ

ഉള്ളവയാണെന്നും അവ പലകാലങ്ങളിൽ പല ഇടങ്ങളിൽ ആർത്തിക്കപ്പെടുന്നുവെന്നും സൂചിപ്പിക്കാൻ ചരിത്രസർഭങ്ങളെ നോവലിസ്റ്റ് ഉപയോഗിച്ചിട്ടുണ്ട്.

3. നോവലിൽ അദ്ധ്യായവിഭജനം സ്വീകരിച്ചിട്ടില്ല. നോവൽ സന്ദർഭങ്ങളും ചർച്ചകളും ഒരുതുടർച്ചയായി പോവുകയാണ്. വിഭജനങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന നോവൽ ആഖ്യാനത്തിൽ അധ്യായ വിഭജനരീതി പിന്തുടരാത്തത് കേവല യാദൃശ്ചികതയല്ല. ചരിത്രം തുടർച്ചയാണെന്നും പലപ്പോഴും ആവർത്തന സ്വഭാവമുള്ളതെന്നുമുള്ള ധാരണയെ ഊട്ടിയുറപ്പിക്കുന്ന ആഖ്യാനതന്ത്രമായി ഇതിനെ വ്യാഖ്യാനിക്കാൻ പഴുതുണ്ട്. ദേശീയത അടക്കമുള്ള ബൃഹദാഖ്യാനങ്ങൾ സൃഷ്ടിക്കുന്ന വിഭജനങ്ങളുടെ നേർക്ക് ബോധപൂർവമുള്ള എതിർപ്പ് കൂടിയാണത്.

നോവലിൽ അറ്റ്ലസുകളെ പറ്റിയുള്ള സൂചന പ്രധാനപ്പെട്ട ഒന്നാണ്. ഓരോ കൊല്ലവും നമുക്ക് പുതിയ അറ്റ്ലസുകൾ മാറ്റിവാങ്ങേണ്ടി വന്നേക്കും' (പുറം 215) എന്ന ആഖ്യാതാവിന്റെ ചിന്ത ദേശീയത എന്ന സങ്കല്പനത്തിന്റെ അസ്ഥിരതയെയും അത് സൃഷ്ടിക്കുന്ന വിഭജന നൈരന്തര്യത്തെയും ചൂണ്ടിക്കാട്ടുന്നതാണ് .

അവസാനം കോണ്ടിനെന്റൽ ഡ്രിഫ്ട് തിയറി സൂചിപ്പിച്ചു കൊണ്ടാണ് നോവൽ അന്ത്യത്തിലേക്ക് എത്തുന്നത്. കരയുടെ വിഭജനത്തിൽ തുടങ്ങി ദേശീയതയും കടന്ന് വീണ്ടും തുടരുന്ന വിഭജനങ്ങളെക്കുറിച്ച് സൂചിപ്പിച്ചുകൊണ്ട് നോവൽ അവസാനിക്കുന്നു. അതിർത്തികളുടെ താൽക്കാലികതയും യുദ്ധസൂചനയും സൃഷ്ടിക്കുന്ന ദേശീയതയുടെ ഈ വിഭജനയുക്തി, ദേശീയത ഒരു കല്പിതസമൂഹമെന്ന സങ്കല്പത്തെ അടിവരയിടുന്നുണ്ട്.

മാന്റിലിന്റെ ദ്രാവകരൂപത്തിലുള്ള ഉപരിതലമായ എസ്തനോസ്ഫിയറും അതിൽ പൊന്തിക്കിടന്നു നീന്തുന്ന 100 കിലോമീറ്ററോളം കട്ടിയുള്ള പ്ളേറ്റുകളും. പ്ളേറ്റുകൾ പുറത്തു വഹിക്കുന്ന ഭൂതലത്തെ ഭൂമിശാസ്ത്രം ആദ്യം കരയും കടലുമായി വിഭജിക്കുന്നു. കടലിനു പിന്നെ വേറെവേറെ പേരുകൾ നൽകി വ്യത്യസ്ത സമുദ്രങ്ങളായി. കരയെ നമ്മൾ വൻകരകളായും , പിന്നെ ഓരോ യുദ്ധത്തിനും വിപ്ലവത്തിനും ശേഷം മാറ്റി മാറ്റി കുറ്റിയടിച്ചു വേലികെട്ടി അതിർത്തി അടയാളപ്പെടുത്തുന്ന രാജ്യങ്ങളായും വിഭജിക്കുന്നു. പിന്നെ അതിന്റെയും മീതെ സംസ്കാരങ്ങളുടെയും വംശങ്ങളുടെയും ഭാഷകളുടെയും മതങ്ങളുടേയുമൊക്കെ വ്യത്യസ്തസ്വ

ത്വങ്ങളും, തന്റേതാണ് സത്യമെന്നും മറ്റേതൊക്കെ തെറ്റാണെന്നുമുള്ള വാദങ്ങളും, പ്രത്യയശാസ്ത്രങ്ങളും ഒക്കെയൊക്കെ, പ്രവാചകന്മാരുടെയും ആചാര്യന്മാരുടെയും നേതാക്കന്മാരുടെയും വാശികളും ആജ്ഞകളും ഫത്വാകളും വേറെ. യുദ്ധങ്ങൾ, ഹിംസ, ചോര, പലായനം, അതിജീവിക്കാൻ വേണ്ടിവരുന്ന കയ്യേറ്റങ്ങൾ. പതിന്നാലു പ്ളേറ്റുകളിൽ ഏതെങ്കിലും രണ്ടെണ്ണം ഒരുനിമിഷത്തിന്റെ അംശത്തിൽ കൂട്ടിമുട്ടുകയോ തമ്മിലുരസുകയോ അകലുകയോചെയ്യുമ്പോൾ അവയുടെ മീതെ ഊറ്റംകൊള്ളുന്ന ഈ വിഭജനങ്ങളൊക്കെ ഇളകുന്നു. പക്ഷെ ആ ഇളകലുകൾ അവയെ മായ്ചുകളയണം എന്നില്ല. (പുറം 211) ദേശീയത സൃഷ്ടിക്കുന്ന വിഭജനങ്ങളുടെ പരിണതിയെ ഏറ്റവും യാഥാർത്ഥ്യബോധത്തോടെ നോവൽ ഈ ഭാഗത്ത് നോക്കിക്കാണുന്നുണ്ട്. ആധുനികതയുടെ ശാസ്ത്രയുക്തിയായ വിഭജനത്തെ ആധുനികതയുടെ രാഷ്ട്രീയയുക്തിയായ ദേശീയതയോട് ഏറ്റവും സൂക്ഷ്മമായി നോവലിസ്റ്റ് ബന്ധിപ്പിക്കുന്നത് ഇവിടെയാണ്.

**ഉപസംഹാരം**

ദേശത്തെയും ദേശീയതയെയും ആധുനികാനന്തരനോവൽ ആഖ്യാനം ചെയ്യുന്നത് വിമർശനാത്മകമായ നോട്ടക്കോ ണിലൂടെയാണ്. ദേശീയതയുടെ സംവർഗങ്ങളുപയോഗിച്ചു തന്നെ ദേശീയതയെ വിലയിരുത്താനും വിമർശിക്കാനുമുള്ള ശ്രമങ്ങൾ നോവലിന്റെ വർത്തമാനകാലാഖ്യാനങ്ങളിൽ ധാരാളമായി കാണാം. അതിൽത്തന്നെ ആനന്ദിന്റെ വിഭജനങ്ങൾ നോവൽ എങ്ങനെ വ്യത്യസ്തമായ ഒരുപാത സ്വീകരിക്കുന്നു എന്നാണ് ഈ പ്രബന്ധം പരിശോധിച്ചത്. ദേശീയതയുടെ ആന്തരികവും ബാഹ്യവുമായ വിഭജനയുക്തിയെ ചരിത്രപരമായി നോക്കിക്കാണുന്ന ഈ നോവൽ വർത്തമാനകാല ദേശീയതാവിമർശനത്തിന്റെ തന്നെ വ്യത്യസ്തമായ ആഖ്യാനമാണ്.

**കുറിപ്പുകൾ**

1. In reluctant acceptance of modernity, or rather the relevance of the political element in the rise of nations, the nation is defined by smith as 'a group of human beings, possessing common and distinctive elements of culture, a unified economic system, citizenship rights for all members, a sentiment of solidarity arising out of common experience, and occupying a common territory'. Harris, Erica., Nationalism: Theories and Cases. Pp52.

2. In an anthropological spirit, then I propose the following definition of the nation : it is an imagined political community þ and imagined as both inherently limited and sovereign”. Anderson, Benedict., Imagined Communities. Pp 5,6.

3. സുനിൽപി. ഇളയിടം. പടരുന്നഇരുട്ടിനെതിരെ ( അവതാരിക) രവീന്ദ്രനാഥടാഗോർ., ദേശീയത.

**ഗ്രന്ഥസൂചി**


1. ആനന്ദ്. (2007) : വിഭജനങ്ങൾ. കോട്ടയം, ഡി.സി. ബുക്ക്സ്.

2. ആര്യ, കെ. (2017) : വിഭജനങ്ങൾ : അറിവിന്റെ നീതിശാസ്ത്രം. കെ.ബി. ശെൽവമണി (എഡി.), ആനന്ദ് : ജീവിതം സംഭാഷണം പഠനം. തിരുവനന്തപുരം, ഒലിവ് പബ്ലിക്കേഷൻസ്.

3. രവീന്ദ്രനാഥടാഗോർ. (2022) : ദേശീയത (വിവ: രാജീവ്ചേലനാട്ട്). കോഴിക്കോട്, മാതൃഭൂമി ബുക്ക്സ്.

4. Anderson, Benedict. (2006) : Imagined Communities: Reflections on the Origin and Spread of Nationalism. London, Verso.

5. Chatterjee, Partha. (1993) : The Nation and its Fragments. New Jersey, Princeton University Press.

6. Harris, Erica. (2009) : Nationalism: Theories and Cases. Edinburgh, Edinburgh University Press Ltd.

# ക്വിയർസൗന്ദര്യശാസ്ത്രം

**ഫ്രീഡാജിഇശയ്യജി. ജെ**
ഗവേഷക, മലയാളവിഭാഗം, കാര്യവട്ടംക്യാമ്പസ്.

**സംഗ്രഹം**

മനുഷ്യർ ഉണ്ടായകാലം മുതൽക്കേ ക്വിയർ സാന്നിധ്യം ഉണ്ടായിരുന്നു. അവ പ്രത്യേക പഠനവിഷയമായി രൂപപ്പെട്ടിട്ട് അധികം കാലമായിട്ടില്ല. ക്വിയർ സ്റ്റഡീസിന്റെ ഭാഗമായി സമകാലീനസമൂഹം നിലനിൽക്കുന്ന ആശയങ്ങളുടെ ക്വിയർ പക്ഷവായനകൾ നടത്തുന്നുണ്ട്. ഇവ ആസ്വാദനത്തിന്റെ പുതുതലങ്ങളെ അവതരിപ്പിക്കുന്നു. ക്വിയർ ആശയങ്ങളെയും വ്യക്തികളെയും ഉൾക്കൊള്ളുന്ന ഇവ സ്ഥാപിതാശയങ്ങളെ വിമർശിക്കുന്നു. നവഭാവനയെ അവതരിപ്പിക്കുന്ന ക്വിയർ സൗന്ദര്യശാസ്ത്രചിന്തകളെ അവതരിപ്പിക്കുകയാണീപ്രബന്ധം.

**താക്കോൽവാക്കുകൾ**

അതിജീവനം, പ്രതിരോധം, അധികാരബലതന്ത്രം, പദവിപ്രമാണം.

വ്യത്യസ്ത ലൈംഗികത പുലർത്തുന്ന വ്യക്തികളെ സൂചിപ്പിക്കുന്ന സംജ്ഞയാണ് ക്വിയർ. 1980 കളിൽ വിചിത്രം എന്ന അധിക്ഷേപാർത്ഥം ഉണ്ടായിരുന്ന ഈ സംജ്ഞ, പ്രതിരോധരാഷ്ട്രീയത്തിന്റെ ഫലമായി അന്തസ്സിന്റെ പ്രതീകമായി. എൽജിബിറ്റിക്യൂഐഎ+ എന്ന ചുരുക്കെഴുത്തിലെ ഒരോ അക്ഷരവും ഓരോ ലൈംഗികാഭിമുഖ്യത്തെ പ്രതിനിധാനം ചെയ്യുന്നു. എൽ- ലെസ്ബിയൻ, ജി-ഗേ, ബി - ബൈസെക്ഷ്വൽ, റ്റി - ട്രാൻസ്ജെൻഡർ, ക്യൂ - ക്വിയർ / ക്വസ്റ്റനിങ്, ഐ - ഇന്റർസെക്സ്, എ - എസെക്ഷ്വൽ,+ എന്ന ചിഹ്നം ഇനിയും ചേർക്കപ്പെട്ടേ ചുരുക്കെഴുത്തുകളെ സൂചിപ്പിക്കുന്നു. സമൂഹം, മൂല്യത്തകർച്ചയുടെ ഗണത്തിലുൾപ്പെടുത്തിയ ലൈംഗിക ചോദനകൾ ഉൾകൊള്ളുന്ന വ്യക്തികളെ ഈ പദം പ്രതിനിധീകരിക്കുന്നു. ക്വിയർ എന്ന വാക്ക് കൂട്ടിചേർക്കലുകളുടെ കൂട്ടിചേർക്കപ്പെടേണ്ടവയുടെ പ്രതീക്ഷാകേന്ദ്രമാണ്.

ക്വിയർ സൗന്ദര്യശാസ്ത്രം മുന്നോട്ട് വയ്ക്കുന്നത് ലൈംഗികന്യൂന പക്ഷങ്ങളുടെ അതിജീവനശ്രമങ്ങളാണ്. ഫൂക്കോ, ലിംഗം[1] (gender) എന്ന സംവർഗത്തെ നിർവചിച്ചതു മുതൽ ഇങ്ങോട്ട് സമൂഹത്തിൽ ക്വിയർ കാഴ്ചപ്പാടുകൾക്ക് വ്യതിയാനമുണ്ടായി. 1930നു മുമ്പുള്ള ക്വിയർ വ്യക്തികളുടെ ജീവിതം, വികാരങ്ങൾ, സംഘർഷങ്ങൾ, അതിജീവനങ്ങൾ എന്നിവയെപ്പറ്റിയുള്ള എഴുതപ്പെട്ട രേഖകൾ ലഭിച്ചിട്ടില്ല. അതിനർത്ഥം അവർ ഇല്ലായിരുന്നു എന്നല്ല, അവരെ അമർച്ച ചെയ്തസമൂഹം ഇവിടെ ഉണ്ടായിരുന്നുവെന്നാണ്. ആദ്യകാലത്ത് ബിംബങ്ങൾ, സൂചനങ്ങൾ, ഉപമകൾ, ഉൽപ്രേക്ഷകൾ എന്നിവയിലൂടെ സാഹിത്യാദികലകളിൽ ക്വിയർ പ്രതിനിധാനം നടത്തി. 1970 തിൽ പ്രത്യക്ഷപ്പെട്ട റാഡിക്കൽ സ്ത്രീവാദം സ്ത്രീയുടെ നിലനിൽപ്പിന്റെ അനിവാര്യതയെയും അവകാശങ്ങളെയും ഉയർത്തിക്കാട്ടി. ലൈംഗികതാൽപര്യങ്ങളെ സ്ത്രീവാദസാഹിത്യം അവതരിപ്പിച്ചതിലൂടെയാണ് ലെസ്ബിയനിസം പൊതുധാരയിൽ എത്തിയത്. അതിന്റെ ചുവടുപിടിച്ചാണ് ക്വിയർ പ്രഖ്യാപനങ്ങൾ ആരംഭിച്ചത്.

ക്വിയർ ആയിരിക്കുക എന്നതിനർത്ഥം രാഷ്ട്രീയപ്രഖ്യാപനം നടത്തുകയെന്നാണ്. പരമ്പരാഗതവും 'അംഗീകൃത'വുമായ പ്രണയ ലൈംഗികതകളുടെ ദ്വന്ദ്വസങ്കല്പനങ്ങളിൽ നിന്ന് മാനവികമായ സ്വാതന്ത്ര്യത്തിലേക്കും അന്തസ്സിലേയ്ക്കും ഭൂമിയിലെ വൈവിദ്ധ്യത്തെ സ്ഥാപിച്ചെടുക്കുകയാണ് അതിന്റെ ഉദ്ദേശ്യം.[2] മറ്റു പ്രസ്ഥാനങ്ങളെപ്പോലെ പാശ്ചാത്യസ്വാധീനത്താലാണ് കേരളത്തിൽ ക്വിയർ ശബ്ദം ഉയർന്നു കേട്ടത്. ക്രമേണ അവർ സംഘടിക്കുകയും സാമൂഹികസാംസ്കാരിക മേഖലകളിൽ പ്രവർത്തിക്കുകയും തങ്ങളുടെ അവകാശങ്ങൾക്കും നീതിയ്ക്കും വേണ്ടി പോരാടുകയും ചെയ്തു. ലിംഗപദവിവ്യത്യ സ്തമാവുമ്പോൾ അനുഭവങ്ങളും വ്യത്യസ്തമാകുന്നുവെന്ന് ക്വിയർ വ്യക്തികൾ ചൂണ്ടിക്കാട്ടുന്നു.

നോൺനോർമേറ്റീവ് എന്നു വിളിക്കപ്പെടുന്ന പദമാണ് ക്വിയർ. അതുവരെയുണ്ടായിവന്ന സൗന്ദര്യസങ്കല്പനത്തിന്റെ അപനിർമ്മാണ മാണ് ക്വിയർസൗന്ദര്യശാസ്ത്രം. ഹൈറ്ററോ സെക്ഷ്വൽ ആധിപത്യം കൈയാളുന്ന സമൂഹത്തിൽ ക്വിയർ പ്രതിനിധാനവും ജീവിതയാഥാർത്ഥ്യ ങ്ങളും തമ്മിലുള്ള ബന്ധത്തെ ക്വിയർസൗന്ദര്യശാസ്ത്രം വിശകലനം ചെയ്യുന്നു. സമൂഹത്തിന്റെ അധിക്ഷേപവും തുറിച്ചുനോട്ടവും, അഭിപ്രായപ്രകടനങ്ങളും മനുഷ്യർ എന്ന പരിഗണനയ്ക്ക് പുറത്തേക്ക് അവരെ പലപ്പോഴും നയിക്കുന്നു. ക്വിയർ ലൈംഗികത / ശരീരം / പ്രണയം

തുടങ്ങിയവയുടെ മൂടിവയ്ക്കലുകളിലോ അടിച്ചമർത്തലുകളിലോ എത്തിച്ചേരുന്നു. പൊതുസമൂഹത്തിന്റെ ഹൈറ്ററോസെക്ഷ്വൽ ജീവിതത്തിന്റെ നിർബന്ധിത അടിച്ചേൽപ്പിക്കലുകൾ ക്വിയർവ്യക്തികളെ കൂടുതൽ സമ്മർദത്തിലാക്കുന്നു. അവകലാപരമായ ആവിഷ്കാരം ആകുമ്പോൾ പലപ്പോഴും ഹോമോഫോബിക്ക് മനുഷ്യരോടുള്ള സമരമായി പ്രത്യക്ഷപ്പെടുന്നു. സമരങ്ങളിലൂടെ മാത്രമേ സൗന്ദര്യത്തിന്റെ പ്രത്യക്ഷികരണം സാധ്യമാകൂ. അവ ഉള്ളടങ്ങുന്ന മനോവ്യപാരങ്ങളെയും അവയുടെ പ്രതിസന്ധികളെയും വൈവിധ്യങ്ങളുടെ സ്വീകാര്യതയെയും അനിവാര്യതയും മുന്നോട്ട് വയ്ക്കുന്നു.

സ്വത്വം (identity), ലിംഗത്വം (gender), നോർമാറ്റിവിറ്റി (normatively), ഉട്ടോപ്പിയനിസം (utopianism) എന്നിങ്ങനെ ഒരുകൂട്ടം വിശാലമായ ആശയങ്ങളെ ക്വിയർ സൗന്ദര്യശാസ്ത്രം കൈകാര്യം ചെയ്യുന്നു. അതുവഴി ക്വിയർവ്യക്തികൾ മുന്നോട്ടുവയ്ക്കുന്ന രാഷ്ട്രീയം സൗന്ദര്യശാസ്ത്രത്തിന്റെ ഭാഗമായി രൂപപ്പെടുന്നു. ക്വിയർ ആവിഷ്കാരങ്ങളുടെ സൂക്ഷ്മവായനയിൽനിന്നും അവയുടെ ഘടന, പ്രതിനിധാനം ബിംബകല്പനങ്ങൾ, പ്രയോഗരീതികൾ എന്നിവ കണ്ടെത്തതുണ്ട്. അവയിലെ ഫാന്റസി, ഭാവന, ആലങ്കാരികത, വൈകാരികത എന്നിവയുടെ സംവേദനത്തിന്റെ ആരംഭം അവർ ജീവിക്കുന്ന സാഹചര്യമോ, കടന്നുവന്ന സമൂഹ്യസന്ദർഭങ്ങളോ കൊണ്ട് ഭിന്നമാണെങ്കിലും അവയുടെ ഉള്ളാക്കം അതിജീവനസ്വഭാവമുള്ളതാണ്. അവയുടെ വായന, ചില ജൈവികവ്യതിയാനങ്ങളോടുള്ള അന്വേഷണമോ കൗതുകമോ അത്ഭുതമോ സഹജബോധമോ കൊണ്ടാവാം നിർവ്വഹിക്കപ്പെടുന്നത്. സിദ്ധാന്തങ്ങളുടെ ക്വിയർ പുനർവായനകൂടി നടത്തേതുണ്ട്. പുരുഷൻ സ്ത്രീ എന്ന ദ്വന്ദ്വത്തെ കേന്ദ്രമാക്കി വളർന്നുവന്ന പ്രത്യയശാസ്ത്രധാരണകളെയും രാഷ്ട്രീയത്തെയും ചോദ്യം ചെയ്യുകയാണ് ക്വിയർ സൗന്ദര്യശാസ്ത്രത്തിന്റെ ലക്ഷ്യം.

യാഥാർത്ഥ്യത്തിന് അപ്പുറമാണ് ഓരോ കലാസൃഷ്ടിയും. സൗന്ദര്യാസ്വാദനം ഒരു പ്രേരിതസ്വപ്നവും, അതിലെ സൗന്ദര്യം സാങ്കല്പികമൂല്യവുമാണ്. അതിൽ ലോകത്തിന്റെ തിരസ്കാരം അന്തർഭവിച്ചിരിക്കുന്നുവെന്ന് സാർത്ര്പറയുന്നു. സ്വാതന്ത്ര്യവും സന്ദർഭവും തമ്മിലുള്ള പരസ്പരപ്രവർത്തനം കൊണ്ടാണ് കലാകാരന്റെ കാഴ്ചപ്പാട് രൂപികരിക്കപ്പെടുന്നതന്ന് അദ്ദേഹം വാദിക്കുന്നു. സൗന്ദര്യമെന്നാൽ രാഷ്ട്രീയാബോധത്തിന്റെ പേരുമാത്രമാണെന്ന് ടെറി ഇഗ്ൾട്ടന്റെ നിരീക്ഷിക്കുന്നു. സൗന്ദര്യശാസ്ത്രത്തിന്റെ വിമർശനമെന്നാൽ സൗന്ദര്യ വ്യവഹാരത്തെ

നിർവചിക്കുന്ന ചരിത്രത്തിലെ സൂക്ഷ്മാധികാര ബലതന്ത്രങ്ങളുടെ വിമർശനവും അപനിർമ്മാണവുമാകുന്നു. ജൊനാഥൻ ഡാളിമർ (Dollimore) ദറീദയുടെ ആശയങ്ങളിൽ പ്രചോദിതനായി ലൈംഗികദ്വന്ദ ങ്ങളുടെ അപനിർമ്മാണം അവതരിപ്പിച്ചു. ഈ പുനർവായന ക്വിയർ രാഷ്ട്രീയത്തിന്റെ അടിസ്ഥാനമാണ്. മാക്സിസ്റ്റ് ചിന്തയിലെ കുടുംബം, തൊഴിൽഘടന, പിതൃസ്വത്ത് എന്നീ ആശയങ്ങളെയും ഇവിടെ അപനിർമിക്കേണ്ടിയിരിക്കുന്നു.

മനുഷ്യന്റെ സർഗ്ഗാത്മകതയും ലൈംഗികതയും തമ്മിലുള്ള സജീവതയെ ഫ്രോയിഡിന്റെ മനഃശാസ്ത്രചിന്ത സിദ്ധാന്ത വൽക്കരിക്കുന്നു. കല, സാഹിത്യം, സംഗീതം, എന്നീ സർഗ്ഗമേഖലകൾ ലൈംഗികതയിൽ നിന്നാണ് രൂപമെടുക്കുന്നത്. പുരാണങ്ങൾ, ഇതിഹാസ ങ്ങൾ തുടങ്ങിയ ഉപാദാനങ്ങളിൽ, ദൈവവും ദൈവികശേഷി കൈ ക്കൊള്ളുന്ന കഥപാത്രങ്ങളും പലപ്പോഴും ക്വിയർവ്യക്തികളായി അവതരിപ്പിക്കപ്പെടാറുണ്ട്. മഹാഭാരതത്തിലെ ബൃഹന്നള എന്നകഥാ പാത്രം, ഡ്രാഗ്[3] രൂപത്തിൽ പ്രത്യക്ഷപ്പെട്ട അർജ്ജുനൻ എന്നതിലുപരി അത് ബൃഹന്നള എന്ന സ്വത്വത്തെ ഉൾക്കൊള്ളുന്നു. എന്നാൽ ക്വിയർ വ്യക്തികൾ അവരുടെ സ്വത്വം വെളിപ്പെടുത്തുന്നത് സമൂഹം മൂല്യത്ത കർച്ചയായി കണ്ടിരുന്നു. സമകാലീന സമൂഹത്തിലും ഇത് പ്രകടമാണ്.

ലൈംഗികവിമോചനം എന്ന ഫൂക്കോയുടെ ആശയത്തിൽ, അധികാരകേന്ദ്രങ്ങൾ നിർമ്മിച്ചെടുത്ത ഹെറ്ററോസെക്ഷ്വൽ ലൈംഗികത യുടെ ഇടയിൽ ചുരുങ്ങിപ്പോയ, അടിച്ചമർത്തപ്പെട്ട /മറച്ചുവയ്ക്കപ്പെട്ട ലൈംഗികതയായി ക്വിയർസ്വത്വത്തെ (identity) അടയാളപ്പെടുത്തുന്നു. കലാപരവും സൗന്ദര്യാത്മകവുമായ സാമൂഹികനിയമലംഘനമായും വൈവിധ്യമായതുമായി ക്വിയർലൈംഗികതയെ ഫൂക്കോദർശിച്ചു.

ഭൗതികവാദചിന്തകർ ഒരുതരം ഭിന്നശേഷിയായി ക്വിയർ വ്യക്തി കളെ അവതരിപ്പിക്കുകയുണ്ടായി. ഭൂരിപക്ഷം ജനതയിൽ നിന്നും ഭിന്നമാണ് ക്വിയർ, അതിനാൽ അവർ വ്യത്യസ്തരും നോ?- നോമലു മാണെന്ന് വിധിക്കപ്പെട്ടു. ക്വിയർ വ്യക്തികൾ ദുർബ്ബലരും ശാരീരികബലം കുറഞ്ഞവരുമാണെന്ന് ചിത്രീകരിക്കുകയും അത്തരത്തിലുള്ള പ്രചരണം വ്യാപകമാവുകയും ചെയ്തു. 1981ൽ അമേരിക്കയിൽ നടന്ന എയ്ഡ്സ് (AIDS) വ്യാപനത്തിൽ ക്വിയർ വ്യക്തികൾ പ്രതിയാക്കപ്പെട്ടത് ഇതിനുദാ ഹരണമാണ്. രക്തം (blood), ശുക്ലം (semen) എന്നിവയിലൂടെ പകരുന്ന രോഗമാണിത്. ആദ്യകാലത്ത് ഗേപുരുഷന്മാരിൽ പ്രകടമായതിനാൽ എയ്ഡ്സ് ഗേകാൻസർ (Gay Cancer) / ഗേപ്ലേഗ് (Gay plague) എന്നറി

യപ്പെട്ടു. 1983 ജൂലൈയിലെ ജെറിഫാൾവെലിന്റെ (Jerry Falwell) മോറൽ മെജോറിറ്റി റിപ്പോർട്ട് (Moral Marjority report) സ്വവർഗ്ഗാനുരാഗികളുടെ രോഗമാണ് എയ്ഡ്ൽസെന്ന് പ്രചരാണത്തിനിടയാക്കി. മാധ്യമങ്ങളും അന്ന് ഇതിനെ അനുകൂലിച്ച് വാർത്തകൾ പ്രചരിപ്പിച്ചു. ഇത്തരത്തിലുള്ള തെറ്റായ വിവരങ്ങൾ സമൂഹത്തെ കൂടുതൽ ഹോമോഫോബിക്ക് ആക്കുക യുണ്ടായി. ഇത് ക്വിയർ വ്യക്തികളെ പ്രതികൂലമായി ബാധിക്കുകയും നരഹത്യകൾക്ക് ഇടയാക്കുകയും ചെയ്തു. ഇതിനെതിരെ 1988ൽ ആക്റ്റ്അപ്പ് (ACT UP) പ്രതിഷേധപ്രകടനങ്ങൾ ഉണ്ടായി.

മനുഷ്യന്റെ ചലനവിധേയമായ, പരിധികൾ കല്പിക്കാത്ത വൈവിധ്യമാർന്ന അകക്കാഴ്ചകളെ ക്വിയർ ലക്ഷ്യംവയ്ക്കുന്നതായി ഡാളിമർ അവതരിപ്പിക്കുന്നു[4]. ഇത് ശരീരപരവും ആഗ്രഹപരവുമായ സ്റ്റീരിയോടൈപ്പുകളെ ചോദ്യം ചെയ്യുന്നു. 1970 ലെ രണ്ടാംതരംഗ സ്ത്രീവാദം ജെൻറർ (Gender) എന്ന ആശയത്തെ ഉൾകൊണ്ടുള്ളതാ യിരുന്നു. ലെസ്ബിയനിസം ലൈംഗികാഭി മുഖ്യമായും സ്വത്വമായും കടന്നുവരികയും പുരുഷാധിപത്യ ത്തിനെതിരായ രാഷ്ട്രീയമെന്നനിലയിൽ അവതരിപ്പിക്കപ്പെടുകയും ചെയ്തു. ഷാർലൈറ്റ്ബഞ്ച് (Cherlotte Burch), മോനിങ്വിറ്റിങ് (Moning witting), ഷീലജെഫ്രിസ് (Sheila Jeffery) എന്നിവർ പ്രധാനലെസ്ബിയൻ സൈദ്ധാന്തികരാണ്. സാമൂഹികവും സാംസ്കാരിക വുമായ നിലയിൽ വളർന്നുവന്ന ശാരീരിക നിർമ്മിതികളുടെ പൊളിച്ചെഴു ത്തായിരുന്നു ഇവരുടെ സിദ്ധാന്തങ്ങൾ

തിയഡോർ അഡോണയുടെ സൗന്ദര്യസങ്കല്പനത്തിൽ, കാമനകളെ അടിച്ചമർത്തുന്ന നിലനില്പിന്റെ നിബന്ധനകളായ പ്രത്യയ ശാസ്ത്രങ്ങളോട് വൈരുദ്ധ്യാത്മകമായി ഇടപെടുന്ന കർത്തൃത്വത്തിന്റെ ആവിഷ്കാരമാണ് കല എന്നു നിർവചിക്കുന്നു. അവ നിയന്ത്രണങ്ങളിൽ നിന്നുള്ള മോചനത്തിനാണ് പ്രവർത്തിക്കുന്നതെന്ന് അഡോണോ വ്യക്തമാക്കുന്നു. അദ്ദേഹം സമൂഹത്തിന്റെ സൂക്ഷ്മവിമർശനമായി കലമാറുന്നതായി അടയാളപ്പെടുത്തുന്നു. ക്വിയർ ആവിഷ്കാരങ്ങൾ അവകാശങ്ങൾക്കുവേണ്ടിയും അതിജീവന സമരങ്ങളുടെയും ഭാഗമ ായാണ് ഉയർന്നുവന്നത്.

ഹൈറ്ററോ - സെക്ഷ്വൽ സൗന്ദര്യശാസ്ത്രം അനുവദിച്ചു നൽകിയ വയിൽനിന്നും ഭിന്നമായ അവതരണം ക്വിയർഭാഷ, സാഹിത്യം, കല, ദൃശ്യശ്രവ്യാവിഷ്കാരങ്ങൾ, ഫാഷൻ എന്നിവയിൽ പ്രകടമാകുന്നു. ക്വിയർ കലാകാരന്മാരും ക്വിയർസമൂഹത്തെ പിന്തുണയ്ക്കുന്നവരും

ഈമേഖലകളിൽ പ്രവർത്തിക്കുന്നു. അവർ കലാവസ്തുകൾക്കൊപ്പം ക്വിയർസിദ്ധാന്തത്തിന്റെ വികാസവും അവതരിപ്പിക്കുന്നു. കേന്ദ്രാശയ ത്തിന്റെ ചുറ്റും നിന്നുകൊണ്ട് പുതുമയുള്ള ആശയങ്ങളുടെ അവതരണം കൂടിയാണവ. പലപ്പോഴും അവലിംഗഭേദം ഇല്ലാത്തവയും ദ്വന്ദ്വലിംഗ വ്യവസ്ഥയോട് തർക്കിക്കുന്നവയുമാണ്. ഇത്തരം പ്രകടനങ്ങൾ സാമൂഹി കാംഗീകാരം ലഭിച്ച സൗന്ദര്യശാസ്ത്രമുൻവിധികളെ പൊളിച്ചെഴു തുന്നവയാണ്.

**ഭാഷ, സാഹിത്യം**

ലോകത്തിൽ ഭൂരിഭാഗം ഭാഷകളും വളർന്നുവന്നത് പുല്ലിംഗം/ സ്ത്രീലിംഗം എന്ന ദ്വന്ദ്വത്തിലൂടെയാണ്. കോളനിവൽക്കരണം, ഭാഷയെ അധികാരത്തിന്റെയും അധിവേശത്തിന്റെയും ആയുധമാക്കി. ഇന്നും അവയിൽ പലതും അങ്ങനെതന്നെ നിലനിൽക്കുന്നു. ഭാഷ സ്വയം പ്രകാശനത്തിനുള്ള ഉപാധിയാണ് ഭാഷാശാസ്ത്രം വ്യക്തമാക്കുമ്പോഴും അതിൽ ക്വിയർമനുഷ്യരുടെ സ്ഥാനം എവിടെയാണെന്നത് അന്വേഷി ക്കേണ്ടിയിരിക്കുന്നു. പ്രതിരോധിക്കാനുള്ള / ആശയപ്രകടനത്തിനുള്ള ഭാഷ മാറിനിർത്തിയ വൈവിധ്യം ധാരാളമുണ്ട്.' പലപ്പോഴും ആസ്ഥാനം സ്വഭാവികഭാഷയുടെ പരിമിതി എന്നനിലയിൽ പുറന്തള്ളപ്പെട്ടു കൊണ്ടേ യിരിക്കുന്നു. അനുഭവങ്ങളിൽ നിന്നാണ് പദങ്ങളുടെ അർത്ഥം ഉണ്ടാവുന്നത്. അനുഭവസന്ദർഭം അനുസരിച്ച് പദങ്ങളുടെ അർത്ഥം മാറിക്കൊണ്ടേരിക്കും. 'ക്വിയർ' എന്ന പദത്തിന്റെ അർത്ഥകേന്ദ്രം അധിക്ഷേപം എന്നതിൽ നിന്നും അഭിമാനമായി മാറിയത് പോലെയാണത്.

നിലനിൽക്കുന്ന ഭാഷയിൽനിന്നും ബോധപൂർവ്വമായ മാറ്റമാണ് ക്വിയർ സൗന്ദര്യശാസ്ത്രം ലക്ഷ്യംവയ്ക്കുന്നത്. വ്യാകരണ- ഭാഷണ രീതികളിൽ നിന്നുകൊണ്ട് ഇന്ന് ക്വിയർ അനുഭവങ്ങളെ ആവിഷ്കരിക്കാൻ ശ്രമിക്കുന്നത് ശ്രദ്ധേയമാണ്. ഭാഷയെ 'ജെൻഡർ ന്യൂട്രലാക്കുക' എന്നതിന്റെ പ്രയോഗികത മിക്കവാറും അക്കാദമിക മേഖലയിൽ മാത്രമായി നിലകൊള്ളുന്നു. അതിനുള്ള സമൂഹ്യസ്വീകാര്യത എത്ര ത്തോളം എന്നു ചിന്തിക്കേണ്ടിരിക്കുന്നു. ഭാഷയെ പുനർനിർമിക്കുന്നതിൽ മാധ്യമങ്ങളുടെ പങ്ക് വളരെ വലുതാണ്. അതിനാൽ മാധ്യമഭാഷയിൽ ലിംഗനീതിസ്ഥാപിതമായാൽ അതു സമൂഹത്തെയും സ്വാധീനിക്കും.

സാഹിത്യം ചരിത്രത്തിന്റെ സൂക്ഷ്മാധികാര ബലതന്ത്രങ്ങളുടെ നിർമ്മിതിയാണ്. റിയലിസവും തുടർന്നുണ്ടായ സ്ത്രീവാദവും സാമൂഹികസാംസ്കാരിക യാഥാർത്ഥ്യങ്ങൾ സാഹിത്യത്തിൽ അവതരിപ്പി ക്കുന്നത് പ്രോത്സാഹിപ്പിച്ചു. അങ്ങനെയുണ്ടായ രചനകളിൽ ഭൂരിഭാഗവും

സാമൂഹിക മൂല്യങ്ങളെയും പരമ്പരാഗത ചിന്തകളെയും ചോദ്യം ചെയ്യുന്ന വയായിരുന്നു. അവ ലൈംഗികതയെ അവതരിപ്പിച്ചു. അവയുടെ വൈവിധ്യ ത്തെ പറ്റിയുള്ള അവതരണങ്ങൾക്കൊപ്പം ക്വിയർവ്യക്തികളും സാഹിത്യം കൈകാര്യംചെയ്ത അധീശശക്തികളെ ചോദ്യം ചെയ്തു.

ഇന്ത്യൻ ക്വിയർ സൗന്ദര്യശാസ്ത്രപഠനങ്ങൾ കൂടുതലായും ചലച്ചിത്രങ്ങളുടെയോ സാഹിത്യകൃതികളുടെയോ പഠനമായാണ് നില നിൽക്കുന്നത്. അവ മുൻപറഞ്ഞ സൂക്ഷ്മാധികാരങ്ങളെ വേർതിരിച്ചെടു ക്കുകയാണ് ചെയ്യുന്നത്. ദ്വാൾലോണിനസ്സ് (1928), നാൻസ്ഗാർഡിന്റെ 'ലാർക്ക് ഇൻ ദ് മോണിങ്' (1991), മോൺടിങ്വിറ്റിങ്ങിന്റെ 'ദ് ലെസ്ബിയൻ ബോഡി' (1973), 'ഗുഡ്മൂൺ റൈസിങ്' (1994) ജെഫ്റിയൂജിനിഡേയുടെ 'മിഡിൽ സെക്സും' (2002), ഇമോജൻ ബിന്നിയുടെ 'നെവാഡ' (2013) ഷാനി മൂടോയുടെ 'മൂവിങ് ഫോർവേഡ് ലൈക്ക് എ ക്രാബ്' (2014), എന്നീ നോവലുകളും അമേരിക്കൻ ലെസ്ബിയൻ കഥകളുടെ സമാഹാരമായ 'വുമൺ ഓൺ വുമണും' (1990) വൈവിധ്യമുള്ള സൃഷ്ടികളാണ്. ഓട്ടോ തിയറിയുടെ രൂപത്തിൽ 2013 യിൽ പ്രസിദ്ധീകൃതമായ പോൾ ബെപിസി യാഡോയുടെ 'ടെസ്റ്റോജെൻകിയും', ജൂലിയറ്റ് ജാക്വിസിന്റെ ഓർമ്മ ക്കുറിപ്പുകളായ 'ട്രാൻസ്: എമെമോയർ' (Trans : A Memoir – 2015), ജാനറ്റ്മോ മോ ക്കിന്റെ 'റിഡിഫയ്നിംഗ് റിയൽ നൈസ് : മയ്പാത്ത് റ്റു വുമൺ ഹുഡ്, ഐഡിറ്റി, ലൗ ആന്റ് സോമച്ച് മോർ' (Redefining Realness : My Path to women hood, identity, Love & So much more –2014) എന്നീ പുസ്തകങ്ങളും ക്വിയറനുഭവങ്ങളെ അവതരിപ്പിക്കുന്നു.

ഇന്ത്യൻ സാഹിത്യവും ക്വിയർ അവതരണങ്ങളിൽ ഒട്ടും പിന്നിലല്ല. ഇസ്മത്ചുഗ്തായുടെ 'ലിഹഫ്' (ഉറുദു), നിഷാ സാകുൻഹയുടെ 'ലാലോറെനോറെ' എന്നീ ചെറുകഥകൾ, ശോഭാഡേയുടെ 'സ്ട്രൈഞ്ച് ഒബ്സഷൻ', ഫിർദൗസ്കങ്കയുടെ 'ട്രൈയിംഗ് ടു ഗ്രോ' എന്നീ നോവലു കളും വിജയ് ടെണ്ടുൽക്കറുടെ 'മിത്രാ ചിഗോഷ്ടാ' എന്ന നാടകവും ക്വിയർ രചനകളാണ്. കൽകി സുബ്രഹ്മണ്യത്തിന്റെ 'വി ആർ നോട്ട് ദ അദേഴ്സ്', മനോബിബന്ധോപാദ്ധ്യായയുടെ 'എ ഗിഫ്റ്റ് ഓഫ് ഗോഡ് ലക്ഷ്മി', ഷെരീഫ്ഡിരംഗേറിന്റെ 'സ്ട്രെയ്റ്റ് ടു നോർമൽ' എന്നിവയും ഇന്ത്യൻ പശ്ചാത്തലത്തിലുള്ളവയാണ്. മലയാളത്തിൽ ക്വിയർ കഥകളും നോവലുകളും നിരവധിയാണ്.

ബഷീറിന്റെ 'ശബ്ദങ്ങൾ' കെ. പി. രാമനുണ്ണിയുടെ 'ചരമവാർഷികം' 'സൂഫിപറഞ്ഞകഥ', എസ്.കെ. പൊറ്റക്കാടിന്റെ 'ഒരുദേശത്തിന്റെ കഥ' എന്നീ നോവലുകളും കെ.ആർ. മീരയുടെ 'കമിങ് ഔട്ട്', സി.എസ്.

ചന്ദ്രികയുടെ 'കനി', ജി.ആർ. ഇന്ദുഗോപന്റെ 'ഉറങ്ങാതിരിക്കുക, കള്ളനെപിടിക്കാം' പ്രമോദ്രാമന്റെ 'സപുംസകരുടെ പടവുകൾ' എന്നീ ഗേചിത്രീകരണങ്ങൾ ഉള്ളവയാണ്. ഒ. വി. വിജയന്റെ 'ഖസാക്കിന്റെ ഇതിഹാസം', എം. മുകുന്ദന്റെ 'രാവും പകലും' എന്നീ നോവലുകളിൽ ഗേ കഥാപാത്രങ്ങൾ കടന്നുവരുന്നുണ്ട്. ഡോ. രശ്മി ജി., അനിൽകുമാർ കെ.എസ്. എന്നിവർ എഡിറ്റു ചെയ്ത 'കനി' മലയാളത്തിലെ ഗേ കഥകളുടെ ആദ്യസമാഹാരമാണ്.

വി.ടി. നന്ദകുമാറിന്റെ 'രണ്ടുപെൺകുട്ടികൾ', സന്ധ്യാവി. സതീഷിന്റെ 'വീണ്ടും രണ്ടു പെൺകുട്ടികൾ', സാറാ ജോസഫിന്റെ 'ആളോഹരി ആനന്ദം', സംഗീത ശ്രീനിവാസന്റെ 'ആസിഡ്' എന്നീ നോവലുകളിൽ ലെസ്ബിയൻ പശ്ചത്തലമുണ്ട്. മാധവിക്കുട്ടിയുടെ 'സ്ത്രീ', 'ചതി', എസ്.സിതാരയുടെ 'സ്പർശം', സി.എസ്. ചന്ദ്രികയുടെ 'കാഞ്ചിപുരം', ഇന്ദുമേനോന്റെ 'ഒരു ലെസ്ബിയൻ പശു', വി.ആർ. സുധീഷിന്റെ 'വിമതലൈംഗികം', സാറാ ജോസഫിന്റെ 'കോഫി ഹൗസ്', കെ.എ. ബീനയുടെ 'സാന്ത്വനം', ശ്രീബാല കെ. മേനോന്റെ 'മായലോസ്റ്റ്@ഹോട്ട്മെയിൽകോം', കെ. ദീലിപ്കുമാറിന്റെ 'നക്ഷത്രമഴ', ബി. മുരളിയുടെ ലെസ്സി, ഹരിതവൈശികം എന്നീ കഥകളും ലെസ്ബിയൻ പശ്ചാത്തലത്തിലാണ് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. 'ലെസ്ബോസ്' എന്ന പേരിൽ മലയാളത്തിലെ ലെസ്ബിയൻ കഥകളുടെ സമാഹാരം രശ്മി ജി., അനിൽകുമാർ കെ.എസ്. എന്നിവർ എഡിറ്റു ചെയ്തിട്ടുണ്ട്. പ്രമോദ് രാമന്റെ 'രതി മാതാവിന്റെ പുത്രൻ' ദ്വന്ദ്വലൈംഗികത (bisexuality) അവതരിപ്പിക്കുന്ന കഥയാണ്.

ട്രാൻസ്ജെൻഡർ പ്രതിനിധാനങ്ങളും മലയാളസാഹിത്യ ത്തിലുണ്ട്. അവയുടെ അവതരണരീതി കാലഘട്ടത്തിനനുസരിച്ച് മാറുന്നു. എം.പി. നാരായണപിള്ളയുടെ 'ഹിജഡ', പ്രമോദ് രാമന്റെ 'ഛേദാംശജീവിതം', ഇന്ദുമേനോന്റെ 'ഹിജഡയുടെ കുട്ടി', എന്നീ കഥകൾ ട്രാൻസ്ജെൻഡർ ജീവിതം ചിത്രീകരിക്കുന്നവയാണ്. ആഷാമനോയുടെ 'ദി തേഡ് കോളം' എന്ന നോവൽ ട്രാൻസ്ജെൻഡർ വ്യക്തിജീവിതത്തിന്റെ അടയാളപ്പെടുത്തലാണ്. അഖിൽ പി.ധർമ്മജന്റെ 'റാം കെയർ ഓഫ് ആനന്ദി', മാധവിക്കുട്ടിയുടെ 'എന്റെ കഥ' എന്നീ കൃതികളിൽ ട്രാൻസ്/ ക്വിയർ ജീവിതം പരാമർശം കടന്നുവരുന്നു വിജയരാജമല്ലികയുടെയും ക്വിയർ ആക്റ്റിവിസ്റ്റായ ആദിയുടെയും (ആദർശ് ഇ.) കവിതകൾ ക്വിയർ അനുഭവങ്ങൾ ചിത്രീകരിക്കുന്നു. വിജയരാജമല്ലികയുടെ ആത്മകഥയായ 'മല്ലികാവസന്തം', സൂര്യയുടെ ജീവിതകഥ അവളിലേക്കുള്ള ദൂരം

(എഴുത്ത്: ഡോ. രശ്മി ജി., അനിൽകുമാർ കെ.എസ്.) എന്നിവ കേരളീയ പശ്ചാത്തലത്തിലെ ട്രാൻസ്ജെൻഡർ അനുഭവങ്ങൾ തുറന്നു കാട്ടുന്നവയാണ്. കിഷോർകുമാറിന്റെ പുസ്തകമായ 'രണ്ടു പുരുഷന്മാർ ചുംബിക്കുമ്പോൾ' എന്നതിന്റെ ആദ്യഭാഗം ആത്മകഥയാണ്. എന്റെ വെളിപ്പെടുത്തൽ കഥതലക്കെട്ട് നൽകി തന്റെ ഗേ സ്വത്വജീവിതത്തെ അവതരിപ്പിച്ചിരിക്കുന്നു.

കേൾക്കാത്ത ശബ്ദങ്ങൾ എന്ന സമാഹാരം (എഡി: വിജയരാജമല്ലിക, അനസ് എൻ.എസ്, കേരള സാഹിത്യഅക്കാദമി, 2024) പുതിയ കാലത്തെ ക്വിയർ മനുഷ്യരുടെ നഷ്ടബോധവും, സ്വീകാര്യതയും, പുറംതള്ളലും അടങ്ങുന്ന സമാഹാരമാണ്. ഇതുവരെ സാഹിത്യലോകം അടയാളപ്പെടുത്താത്ത അലൈംഗികതയുടെ സാന്നിധ്യവും ഈ സമാഹാരത്തിലെ രചനകളിൽ കാണാം. ഇത്തരത്തിൽ മലയാളസാഹിത്യം ക്വിയർ ശബ്ദങ്ങളെ സജീവമായി അടയാളപ്പെടുത്തുന്നു.

ചുരുക്കത്തിൽ, ക്വിയർ രചനകളെ സംബന്ധിച്ച് 1930 നു ശേഷമുള്ള സാഹിത്യത്തിന്റെ ആദ്യഘട്ടം വൈവിദ്ധ്യമുള്ള ലൈംഗികലോകം പരിചയപ്പെടുത്തുന്നതായിരുന്നു. 1980 നു ശേഷം അവയുടെ സ്വഭാവം അതിജീവനം കൈവരിക്കാൻ ശ്രമിച്ചു. രണ്ടായിരത്തിനുശേഷം ക്വിയർ മനുഷ്യരുടെ മാനസിക വൈകാരികതകളെയും പങ്കാളിയെ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യത്തെയും സംബന്ധിക്കുന്ന എഴുത്തുകളായി സാഹിത്യം വികസിച്ചു.

ഷേക്സ്പിയർ സാഹിത്യത്തിലെ ക്വിയർ വായനകൾ ഇപ്പോൾ പ്രസിദ്ധീകരിക്കപ്പെട്ടുന്നുണ്ട്. അവയിലെ ക്വിയർ പ്രതിധിനാനങ്ങൾ പലപ്പോഴും സ്ത്രീ/പുരുഷൻ എന്ന ദ്വന്ദ്വത്തിൽ ഒളിപ്പിച്ചു വെച്ച ഒന്നായി അവതരിപ്പിക്കപ്പെടുന്നു[4]. അക്കിലസ്, സീയുസ്, ഹെർകുലീസ് എന്നിവർക്ക് സ്വവർഗ്ഗപ്രണയം ഉണ്ടായിരുന്നു എന്നതിന് ഗ്രീക്ക് ഇതിഹാസങ്ങളിൽ പരാമർശമുണ്ട്. ബൃഹന്നളയും യുയൂത്സുവും ഭാരതീയമായ ക്വിയർ ജീവിതത്തിന്റെ ഉദാഹരണങ്ങളാണ്. അധികാര പ്രത്യയശാസ്ത്രത്തിന്റെ നിരാകരണവും ബഹുതലത്തിലുള്ള വായനകളും അപഗ്രഥനവുമാണ് ഇത്തരം പുനർആഖ്യാനങ്ങളിൽ പ്രത്യക്ഷപ്പെടുന്നത്.

**ചലച്ചിത്രമേഖല**

ക്വിയർ ജീവിതം ചിത്രീകരിക്കുന്ന ചലച്ചിത്രങ്ങൾ അനവധിയാണ്. അവ പലപ്പോഴും കഥാപാത്രങ്ങളുടെ വൈയക്തികാനുഭവത്തെയും മനോനിലയെയും അവതരിപ്പിക്കുന്നു. 'ഒരു ക്വിയർ സിനിമ അത് എന്തെങ്കിലും തരത്തിൽ ഹെറ്ററോ സെക്ഷ്വാലിറ്റിയെ വെല്ലുവിളിക്കുന്ന

തായിരിക്കും. എൽജിബിറ്റിക്യൂ കഥപാത്രങ്ങളെ അവതരിപ്പിക്കുന്നത് കൊണ്ടോ, ശൈലികൊണ്ടോ അത് ഹൈറ്റോ- ഫിലിം സൗന്ദര്യശാസ്ത്ര ത്തെ വെല്ലുവിളിക്കുന്നു.'[5] എന്നിങ്ങനെ ഹെലൻ റെയ്റ്റ് ക്വിയർ ചലച്ചിത്രത്തെ വിശദീകരിക്കുന്നു. ജനപ്രിയമായ വിദേശ സിനിമങ്ങളിൽ ചിലതാണ്: 'ഡിഫറന്റ് ഫ്രം അദേഴ്സ്' (1919), 'സോംഗ് ഓഫ് ലൗ' (1950),' ദ ബോയ്സ് ഇൻ ദ ബാന്റ്' (1970), 'മൈ ബ്യൂട്ടിഫുൾ ലാൻഡ്രെന്റേ (1985), 'ബോ? ഇൻ ഫെയ്മസ് (1983),' ഷി മസ്റ്റ് ബി സീയിങ് തിങ്സ് (1987), മൂൺലൈറ്റ് (2016), പോട്രേയ്റ്റ് ഓഫ് എ ലേഡി ഓൺ ഫയർ ( 2019), റെഡ്, വൈറ്റ് & റോയർ ബ്ലൂ (2023). ഇന്ത്യൻ പശ്ചാത്തലത്തിലുള്ള സിനിമകളാണ്, 'ബഡ്നാംബസ്തി' (1970), 'ഫയർ' (1996), 'മാംഗോ സ്യൂഫൈ' (2002), 'മൈ ബ്രദർ .... നിഖിൽ' (2023), 'മെമ്മറീസ് ഇൻ മാർച്ച്' (2010), 'ചിത്രാംഗദ' (2012), 'അലിഗർ' (2015) എന്നിവ.

മലയാളത്തിലും ക്വിയർ ആശയങ്ങളുള്ള സിനിമകൾ ഉണ്ടായിട്ടുണ്ട്. കെ. ആർ. മോഹന്റെ 'രണ്ടു പെൺകുട്ടികൾ' (1978), പത്മരാജന്റെ 'ദേശാടനക്കിളി കരയാറില്ല' (1986), സന്തോഷ് സൗപർണികയുടെ 'അർദ്ധനാരി' (2012) ലിജ പുല്ലാപ്പള്ളിയുടെ 'സഞ്ചാരം' (2014), സെയ്ദ് ഉസ്മാന്റെ 'സെലൻറ് വാലി' (2012) റോഷൻ ആൻഡ്രൂസിൻ 'മുംബൈപോലീസ്' (2013), എം.ബി. പത്മകുമാറിന്റെ 'മൈ ലൈഫ് പാർട്ണർ' (2014), രജിത്ത്ശങ്കറിന്റെ 'ഞാൻ മേരിക്കുട്ടി' (2018), ഉണ്ണികൃഷ്ണൻ ആവാലയുടെ 'ഉടലാഴം' (2018), ഗീതു മോഹൻദാസിന്റെ 'മൂത്തോൻ' (2019), ജിയോബേബിയുടെ 'കാതൽ ദി കോർ' (2023) എന്നിവ ക്വിയർ പ്രതിനിധാനം ഉള്ളവയാണ്. ഇവയിൽ ജനപ്രിയരായ താരങ്ങൾ അഭിനയിക്കുന്നുണ്ട്. അത് പ്രേക്ഷകരെ കൂടുതൽ ക്വിയർ സിനിമകളി ലേക്ക് ആകർഷിക്കുന്നുണ്ട്. അല്ലാത്തവ കമ്പോളത്തിൽ പരാജയപ്പെടുന്നു. അതിനുദാഹരണമാണ് റാസി മുഹമ്മദിന്റെ വെളുത്തരാത്രികൾ (2015). വിബ്ജിയോർ ഫിലിംഫെസ്റ്റിൽ പ്രദർശിപ്പിച്ചുവെങ്കിലും തിയറ്ററുകളിൽ അതിന്റെ പ്രദർശനത്തിൽ താൽപര്യം കാണിച്ചില്ല. സമൂഹസ്വീകരണം ഉണ്ടാവില്ല എന്ന മുൻവിധിയാണ് മുഖ്യകാരണം.

**അനിമേഷൻ, ഗ്രാഫിക് നോവൽ**

അനിമേഷൻ, ചിത്രങ്ങളുടെ കൂട്ടത്തെ, കണ്ണിന്റെ വീക്ഷണസ്ഥിരത എന്ന സവിശേഷത മുൻനിർത്തി വേഗത്തിൽ ചലിപ്പിക്കുമ്പോൾ അവ ചലിക്കുന്നതായി തോന്നുന്നവയാണ്. അവയും ക്വിയർ ബിംബങ്ങളെ അവതരിപ്പിച്ചിട്ടുണ്ട്. ഓൺലൈൻ പ്ലാറ്റ്ഫോമുകളായ വാട്സ്ആപ്പ്, ടെലഗ്രാം എന്നീ ആപ്പുകൾ നൽകുന്ന, രണ്ടോമൂന്നോ സെക്കന്റുകൾ

മാത്രം നീളുന്ന അനിമേഷനുകളായ സ്റ്റിക്കർ, ജിഫ് (gif) എന്നീവയിലും ക്വിയർ പ്രതിനിധാനങ്ങൾ പ്രകടമാണ്. പരസ്പരം ചുംബിക്കുന്നതും കെട്ടിപ്പിടിക്കുന്നതുമായ സ്ത്രീകളെയും പുരുഷന്മാരെയും ട്രാൻസ്ജെൻഡർ വ്യക്തികളെയും അവയിൽ കാണാം. പലപ്പോഴും ഇവ കളിയാക്കലുകളുടെയോ വികാരപ്രകടനങ്ങളുടെയോ ഉപാധിയായിമാറുന്നു. അവയിൽ ചിലത് പോണോഗ്രഫിയുടെ ഭാവവും ഉൾകൊള്ളുന്നു. ഷീൻ ഗ്രിഫിന്റെ (Sean Griffin) 'പ്രാനൗ? ട്രെബിൾസ് : ദ് ക്വിയർ നൈസ് ഓഫ് അനിമേഷൻ' (Pronoun Trouble: The queerness of Animation), പോൾ വെലിന്റെ (Paul Well) അൺഡർ സ്റ്റാന്റിങ് അനിമേഷൻ (Understanding Animation) എന്നീ പുസ്തകങ്ങൾ അനിമേഷനിലെ ക്വിയർ സാന്നിധ്യത്തെ അടയാളപ്പെടുത്തിയിട്ടുണ്ട്. അലൈംഗികവും, ബൈസെക്ഷ്വലും ട്രാൻസ്ജെൻഡറും ജെൻഡർ ഫ്ലൂയിഡുമായ കഥാപാത്രങ്ങളെ അവർ പഠിച്ചു.

കാർട്ടൂൺമേഖലയിലും അതിന്റെ തുടർച്ചയായി രൂപം കൊണ്ട കോമിക്കിലും ക്വിയർ കഥാപാത്രങ്ങളുണ്ട്. അവ സാങ്കേതികവിദ്യയുടെ കടന്നുവരവോടെ 2ഡി (2D - two dimensional) 3 ഡി (3D - dimensional) അനിമേഷനുകളായി പുറത്തിറങ്ങി. മനുഷ്യൻ (human) ജെൻഡർ (Gender), ലൈംഗികത (Sexuality) എന്നീ ആശയങ്ങളെ അവ അപനിർമ്മിച്ചു. അനിമേഷൻ കഥാപാത്രങ്ങൾ ഭാവങ്ങൾക്കു പ്രാധാന്യം നൽകി. വാൾട്ട്ഡിസ്നി, മാക്സ്ഫ്ലെഷർ എന്നിവരുടെ അനിമേഷൻ കഥാപാത്രങ്ങളിൽ ക്വിയർ സാന്നിധ്യം ഉള്ളതായി വിലയിരുത്തപ്പെട്ടു. അനിമേഷൻ കഥാപാത്രങ്ങളായ ആമിറ്റി , ലൂസ്, വിന്നി ദ പൂ എന്നിവ ഉദാഹരണങ്ങളാണ്. ഇന്ത്യൻ പശ്ചാത്തലത്തിൽ 'ടെൽസ് ഓഫ് അംനീഷ്യ'യാണ് ഉദാഹരണം. മായാവി കാർട്ടൂണിലേയും അനിമേഷനിലേയും മായാവിയും ലുട്ടാപ്പിയും അലൈംഗികസ്വഭാവം പുലർത്തുന്നവയാണ്. ഇത്തരം പ്രാദേശിക അനിമേഷൻ കഥാപാത്രങ്ങൾ ക്വിയർ സ്വഭാവം പുലർത്തിയാലും അവ പശ്ചാത്തലത്തിൽ ഒതുക്കപ്പെട്ടു.

ജപ്പാൻ, ചൈന, നോർത്ത്അമേരിക്ക എന്നിവിടങ്ങളിൽ ആരംഭിച്ച കലാപ്രവർത്തനമാണ് ഗ്രാഫിക് നോവൽ'[6]. ഇവർ മാൻഗാ(Manga) / യൗവി (Yaoi) /ബോയ്സ് ലൗ Boy's love), ഗേൾസ് ലൗ (girls love) എന്നീ ഉൾവിഭാഗത്തിൽ ക്വിയർ രചനകൾ ഉണ്ടായി. ഇറോട്ടിക് (erotic) ചിത്രീകരണത്തിന് പ്രാധാന്യം നൽകിയവയായിരുന്നു അവ. ഒമേഗവേഴ്സ്[7] രൂപങ്ങളെയും പുരുഷഗർഭധാരണം, പ്രസവം എന്നീ ഫാന്റസികളെ അവതരിപ്പിച്ചു. അവയ്ക്ക് ആരാധകസമൂഹവുമുണ്ടായി. ബ്ലൂ ഈസ് ദ

വാമസ്റ്റ് കളർ , ഇറ്റ്സ് നോട്ട് മീ ബേബീ, മൈ ബ്രെദേഴ്സ് ഹസ്ബന്റ്, ദ് പ്രിൻസ് ആന്റ് ദ ഡ്രസ്സ്മേക്കർ, ബ്ലൂം , ദ് റ്റീ ഡ്രാഗൺ സൊസൈറ്റി, ദ് ഗേൾ ഫ്രം ദ് സീ, ഫൺ ഹോം, ഇൻറ്റോക്സിക്കേറ്റഡ് , എന്നിവ പ്രചാരം നേടിയ ഗ്രാഫിക് നോവലുകളാണ്. ഇവ അച്ചടി എന്ന മാധ്യമത്തെയും കടന്ന് പലരൂപത്തിൽ നവമാധ്യമങ്ങളിലൂടെ പ്രചരിക്കപ്പെട്ടു. യൂട്യൂബിലെ വോയ്സ്ഓവർ ഗ്രാഫിക് നോവലുകളായും, ആപ്പുകളിലൂടെ ലഭ്യമാകുന്ന അച്ചടിയുടെ ഡിജിറ്റൽ വേർഷനുകളായും അനുകല്പന സ്വഭാവം പുലർത്തിയത് വായനക്കാരുടെ എണ്ണത്തെ വർധിപ്പിച്ചു. ഇവയിൽ പലതും സീരിയൽ രൂപത്തിൽ സമീപകാലത്ത് ലഭ്യമായിട്ടുണ്ട്. ഹാർട്ട്സ്റ്റോപ്പർ (2022) ഇതിനുദാഹരണമാണ്.

**സീരിയൽ, ഹ്രസ്വചിത്രം, ഡോക്യുമെന്ററി**

സീരിസുകളായി പുറത്തിറങ്ങുന്ന ക്വിയർചിത്രങ്ങൾ അനവധിയാണ്. അമേരിക്ക, ബ്രിട്ടൺ, തായ്ലൻഡ്, വിയറ്റ്നാം, ജപ്പാൻ, കൊറിയ എന്നിവിടങ്ങളിൽ നിന്നും പുറത്തിറങ്ങുന്ന ഗേ, ലെസ്ബിയൻ സീരിസുകൾ ശ്രദ്ധേയമാണ്. യൂട്യൂബ്, നെറ്റ്ഫ്ലിക്സ്, എംഎക്സ്പ്ലെയർ, വിക്കി, ഐകി എന്നീ പ്ലാറ്റ്ഫോമുകളിലൂടെയും അവ ആസ്വാദകരിൽ എത്തുന്നു. അവയുടെ പ്രദർശനം ജനങ്ങളെ സ്വാധിനിക്കുന്നു. വ്യത്യസ്ത പശ്ചാത്തലത്തിലും തികച്ചും സ്വതന്ത്രവുമായ അനുകല്പനങ്ങളും ഇവിടെ കാണാം. 'സെഐഡു', '9-1-1 ലോൺ സ്റ്റാർ', 'ഹാർട്ട് സ്റ്റോപ്പർ' തുടങ്ങിയ ഇംഗ്ലീഷ്സിരീസുകളും തായ്ഭാഷയിൽ പുറത്തിറങ്ങിയ 'ബാഡ് ബഡി', 'തൗസന്റ് സ്റ്റാർസ്', 'ക്യൂട്ടിപൈ', 'റ്റുഗെദർ', 'ഗ്യാപ്പ്' എന്നിവയും ജപ്പാനീസ് ഭാഷയിൽ പുറത്തിറങ്ങിയ 'ഒസാൻസ് ലൗ ' 'ടോക്കിയോ ഇൻ ഏപ്രിൽ ഇസ്'... 'യൂറി ഓർ അനദെർ' എന്നിങ്ങനെ ധാരാളം ക്വിയർ സൗഹാർദ സീരിസുകളുണ്ട്.

ഇന്ത്യൻ പശ്ചാത്തലത്തിലുള്ള 'റോമിൽ & ജുഗൽ', 'താലി', 'ഹാപ്പി ഫാമിലി കണ്ടീഷൻസ് അപ്ലേ', 'ദ അദർ ലൗ സ്റ്റോറി', 'ക്ലാസ്സ്', 'അനന്തം' എന്നിവ പ്രേഷക ശ്രദ്ധ ആകർഷിച്ചവയാണ്. മലയാളത്തിൽ അമൃത ടിവിയിൽ പ്രദർശിപ്പിച്ച ആൺപിറന്നോൾ എന്ന സീരിയൽ, ട്രാൻസ്ജെൻഡർ ജീവിതത്തെ അവതരിപ്പിച്ചു. ഈ സീരിയലിനു 2025ലെ മികച്ച ടെലിവിഷൻ പരമ്പരയ്ക്കുള്ള സംസ്ഥാന ടെലിവിഷൻ അവാർഡ് ലഭിച്ചു.

ഹ്രസ്വചിത്രരംഗത്ത് ക്വിയർ ആശയങ്ങൾക്ക് മാറ്റങ്ങൾ ഉണ്ടായി. ബേഡ്സ് ഓഫ് പാരഡൈസ് (2018), അമർ, പ്രേം (2018) കവർസ്റ്റോറി , ബേബിസ്റ്റെപ്പ്സ് , യു ഫോർ ഉഷ ( 2019), ഐവെയ്കെവെയ്കെ (2024),

നൈറ്റ് ക്വീൻ (2024), കേജ്ഡ് (2024) തുടങ്ങി ധാരാളം ഹ്രസ്വചിത്രങ്ങൾ ഇന്ത്യൻ പശ്ചാത്തലത്തിലുണ്ട്. മലയാളത്തിൽ പുറത്തിറങ്ങിയ ഹ്രസ്വ ചിത്രങ്ങളായ ന്യൂ നോർമൽ, വഫനില, ലവ് ഈസ് ലൗ, കമിങ്ഔട്ട് എന്നിവ ക്വിയർ ജീവിതങ്ങളെ കേന്ദ്രീകരിച്ചുണ്ടായവയാണ്. ക്വിയർ വ്യക്തികളെ മാറ്റിനിർത്തുന്ന പ്രേഷക കാഴ്ചപ്പാടുകളെ അവ സ്വാധീനി ക്കുന്നു. ഇവയിലെ നിറം, ചുറ്റുപാടുകൾ, പ്രകാശതീവ്രത എന്നിവ മറ്റുപ്രമേയങ്ങൾ അടങ്ങുന്നവയിൽ നിന്നും തികച്ചും വ്യത്യസ്തമാണ്.

ഡോക്യുമെന്ററി മേഖലയിലും ക്വിയർ സാന്നിധ്യം അടയാളപ്പെടു ത്തപ്പെട്ടിട്ടുണ്ട്. പല്ലവി സോമസെട്ടിയുടെ' എസ്കേപ്പിക് ആഗ്ര' (2016) അരുൺകുമാർ സെന്തിലിന്റെ 'ദ് ന്യൂട്ടിറ്റി' (2020), ഭാർഗവ്ലേക്കാറിന്റെ 'കാസിയോലി - റ്റുവേഡ്സ് ഹോപ്പ്' (2021), വിനയ് ഗിരിധറിന്റെ 'എമർജെൻസ് : ഔട്ട് ഓഫ് ദ ഷാഡോ' (2021) തുടങ്ങിയ ഇന്ത്യൻ ഡോക്യുമെന്ററികളാണ്. ഇവ ക്വിയർ വ്യക്തിജീവിതം, പ്രവാസം, പ്രണയം, അതിജീവനം എന്നിവയുടെ നേർച്ചിത്രങ്ങളാൽ നിർമ്മിക്കപ്പെട്ടിരിക്കുന്നു.

**ഗാനമേഖല**

ഗാനമേഖലയിൽ ക്വിയർ ആശയങ്ങൾ പ്രത്യക്ഷപ്പെടുന്നുണ്ട്. പലതും ക്വിയർ ആന്തം (queer anthem) എന്ന പേരിൽ അറിയപ്പെടുകയും പ്രൈഡ് മാർച്ചുകൾ, ക്യാമ്പുകൾ എന്നിവിടങ്ങളിൽ വിമോചനത്തിന്റെ ഭാഗമായി പ്രത്യക്ഷപ്പെടുന്നവയാണ് ഗാനങ്ങളിൽ വലിയഭാഗം. ലേഡി ഗാഗയുടെ 'ബോ? ദി സ്വേ' എന്ന ഗാനം ക്വിയർ സമൂഹത്തെ മുഴുവൻ ഉൾക്കൊള്ളുന്നു. റ്റി.എ.റ്റി.യുവിന്റെ പുറത്തിറക്കിയ 'ആൾ ദ തിങ്ക്സ് ഷിസെഡ്' ലെസ്ബിയൻ പ്രണയത്തെയും മാഡ്സായുടെ 'സ്റ്റാൻസീസ്ബ്രദർ' ഗേ പ്രണയത്തെ അവതരിപ്പിക്കുന്നു. റ്റോ ഡ്രിക്ഹാളിന്റെ 'ബോത്ത്', ടെയിലർ സിഫ്റ്റിന്റെ' യു നീഡ് ടു കാം ഡൗൺ', സാംസ്മിത്തിന്റെ 'അൺ ഹോളി' മെനസ്കിൻ എന്ന ബാന്റ് പുറത്തിറക്കിയ 'ഐ വാനാ ബി യുവർ' എന്നീ ഗാനങ്ങളുടെ ആവിഷ്ക രണത്തിൽ ക്വിയർ സമൂഹത്തിന്റെ സാന്നിധ്യം കാണാം.

ഇന്ത്യൻ പശ്ചാത്തലത്തിലും ക്വിയർ സ്വാധീനം ഗാനങ്ങളിൽ പ്രകടമാണ്. ക്യോൻ ക്വിയർ (2024) നില (2023) ടോറേബിനാ (2022) എന്നീ ഗാനങ്ങൾ ശ്രദ്ധ നേടിയവയാണ്. മലയാളത്തിൽ ഈ ആശയങ്ങൾ പ്രകടമായ ഗാനങ്ങൾ ഉണ്ടെങ്കിലും അവ എണ്ണത്തിൽ കുറവാണ്. മാഗോസ്റ്റിൻ ക്ലബ് പുറത്തിറക്കിയ 'കാതോരം', ഗോൾഡൻ ഫിൻഞ്ചസ് പ്രൊഡക്ഷന്റെ 'അമോർ - ട്യൂൺ ഓഫ് ലൗ' എന്നിവ മലയാളത്തിൽ നിന്നുള്ള ഉദാഹരണങ്ങളാണ്. ഈ വീഡിയോകളുടെ കഥാപാത്രങ്ങളായി

കടന്നുവരുന്നവരുടെ അഭിനയവും പശ്ചാത്തലവും ക്വിയർ കേന്ദ്രീകൃത മാണ്. അവരുടെ വസ്ത്രധാരണ രീതി, ആഭരണധാരണം, മേക്കപ്പ്, രാഷ്ട്രീയം എന്നിവ ക്വിയർ വ്യക്തിസൗന്ദര്യത്തിന്റെ ഭാഗമായി അവതരി പ്പിക്കപ്പെടുന്നു.

**ഫാഷൻമേഖല**

ലിംഗകേന്ദ്രീകൃതമായ സമൂഹം വസ്ത്രങ്ങളെയും വസ്ത്രധാരണ ശൈലിയെയും ദ്വന്ദ്വങ്ങളിൽ ഉള്ളടക്കം ചെയ്തു. എന്നാൽ ക്വിയർ സൗന്ദര്യശാസ്ത്രം അതിനെ ഡ്രാഗ് വസ്ത്രധാരണത്തിലൂടെ പൊളി ച്ചെഴുതി. എതിർലിംഗത്തിന്റെ വസ്ത്രധാരണരീതി സ്വീകരിക്കുകയും ശരീരഭാഗങ്ങളെ പെരുപ്പിച്ചുകാട്ടുകയുമാണ് ഡ്രാഗുകൾ ചെയ്യുന്നത്. ദ്വന്ദ്വസമൂഹം ശാരീരിക ഘടകങ്ങളെ പൊളിച്ചുകൊണ്ട് പുതിയൊരു ശരീരശാസ്ത്രത്തിന്റെ നിർമ്മാണം നടത്തുകയാണിവിടെ. ഇതിൽ ഫാഷനും കാര്യമായ പങ്കുവഹിച്ചിട്ടുണ്ട്. സ്കർട്ട് ഇട്ട, ക്രോപ്പ് ടോപ്പ് ഇട്ട, മേക്കപ്പിട്ട പുരുഷനെയും, മസിലും താടിയും വച്ച മേക്കപ്പില്ലാത്ത സ്ത്രീകളെയും ഫാഷൻസമൂഹത്തിനുമുമ്പിൽ എത്തിച്ചു. ശാരീരിക വൈവിധ്യങ്ങളെയും, താൽപര്യങ്ങളെയും ആഗ്രഹങ്ങളെയും അവ പ്രതിനിധാനം ചെയ്തു. വസ്ത്രസങ്കൽപ്പത്തിലെ ദ്വന്ദ്വാത്മകതയെ അവ തകർത്തു. പുതിയ സങ്കൽപനങ്ങളെ നിർമ്മിച്ചു. 'നിങ്ങൾക്ക് താൽപര്യ മുള്ള വസ്ത്രം നിങ്ങളുടെ താൽപര്യത്തിനനുസരിച്ച് ധരിക്കൂ', 'നിങ്ങൾ നിങ്ങൾ ആയിരിക്കൂ' (be your self) എന്ന പ്രഖ്യാപനവും ഈ അവത രണങ്ങൾ നടത്തി.

**ചിത്രകല, ഫോട്ടോഗ്രഫി**

പ്രാചീന ചിത്രകലയിൽ ബിംബങ്ങളിലൂടെയും അല്ലാതെയും ക്വിയർ പ്രതിനിധാനങ്ങൾ പ്രത്യക്ഷപ്പെടുന്നു. ഗ്രീക്ക്, ഈജിപ്ത് എന്നീ സംസ്കാരങ്ങളിലെ ചിത്രകലയിലും ശില്പകലയും കാണാം. പരസ്പരം ചുംബിക്കുന്ന സ്ത്രീകളെയും പുരുഷന്മാരെയും നഗ്നശരീരങ്ങളെയും ചിത്രീകരിക്കുന്നതും, വിവാഹവസ്ത്രം ധരിച്ച് ഒന്നിച്ചിരിക്കുന്ന സ്ത്രീകളെയും ചിത്രകലയിലും ശില്പകലയിലും കാണാം. സമകാലീന ഇന്ത്യൻചിത്രകല അവയെ പ്രകടവും വ്യക്തമായും അവതരിപ്പിക്കുന്നു. ഭൂപൻ ഖാക്കർ, ചിത്രഗണേഷ്, വീർശർമ്മ, പ്രിയദാലി , ജുഗൽകുമാർ എന്നിവരുടെ ക്വിയർ ഇല്ലുസ്ട്രേഷൻസ്, സാമൂഹ്യമാറ്റം മുൻനിർത്തിയാണ് പ്രവർത്തിക്കുന്നത്. 'റ്റു മെൻ ഇൻ ബനാറസ്', 'യു കാന്റ് പ്ലീസ് ആൾ', 'യയാതി', 'ഹാപ്പി മേരേജ്' എന്നിവ വൈവിധ്യമാർന്ന ശബ്ദങ്ങളെ ചേർത്തു കൊണ്ടുള്ള ഐക്യബോധത്തെ അവതരിപ്പിക്കുന്നു. ഇവരുടെ

ചിത്രങ്ങൾ ശാരിരികവൈവിധ്യങ്ങളെ അവതരിപ്പിക്കുന്നതും, വൈയക്തിക ലൈംഗികബോധത്തിന്റെ സൗന്ദര്യത്തെ ചിത്രീകരിക്കുന്നതുമാണ്

ഫോട്ടോഗ്രഫിയുടെ സൗന്ദര്യശാസ്ത്രത്തെയും ക്വിയർ വൈവിധ്യമുള്ളതാക്കി മാറ്റി. നാൻ ഗോൾട്ടന്റെ 'മിസ്റ്റി എന്റ് ജിമ്മി പോളേറ്റ് ഇൻ എ ടാക്സി' (1991) കാതറീൻ ഒപൈയുടെ 'മെലിസ എന്റ്ഡ്യൂക്ക്' (1998), സാൻലേമുഹോലിയുടെ 'ഫേയ്സ് & ഫേയ്സ്സ്' (2012) സീരിയസ് പോട്രേറ്റുകൾ, ഫാഷിം ഇൻമദാനിയുടെ 'ടാർഹോ ആന്റ് ഇൽമസ്റി', 'ബഷാഷാ ആന്റ് ഫ്രണ്ട്', 'നാജിം ആന്റ് അസ്മർ' എന്നിവ പരമ്പരാഗത സൗന്ദര്യസങ്കല്പങ്ങളെ തകർത്തുകൊണ്ടും സമൂഹത്തിന്റെ നോട്ടങ്ങളെ ചോദ്യം ചെയ്തുകൊണ്ടും അമിതലൈംഗികതയെ അവതരിപ്പിച്ചു.' ഏതൊരു വ്യക്തിയാണോ തന്നെപോലെയുള്ള മറ്റുള്ളവരെ അറിയാതെ ഒറ്റയ്ക്കാകുന്നത്, അവർക്ക് പിന്തുണയുമായി എത്തിച്ചേരാനുള്ള വഴി'[8] എന്നാണ് സാൻലേ മുഹോലി തന്റെ ചിത്രങ്ങളെപറ്റി പറയുന്നത്. അവ അടുത്ത തലമുറയ്ക്ക് വേണ്ട അടയാളപ്പെടുത്തലും രേഖപ്പെടുത്തലും ആകുന്നു.

**നവമാധ്യമങ്ങളുടെ പങ്ക്**

സൈബർ ലോകത്തിന്റെ കടന്നുവരവും ഡിജിറ്റൽ മീഡിയയുടെ സ്വാധീനവും ക്വിയർ ആശയങ്ങളുടെ പ്രചാരണത്തിൽ സ്വാധീനം ചെലുത്തി. എന്തിനെയും കുറിച്ചുള്ള വിവരങ്ങൾ വിരൽത്തുമ്പിൽ എത്തുമ്പോൾ, അവയുടെ യാഥാർഥ്യം ചോദ്യംചെയ്യപ്പെടുന്നു. ഫാൻറസിയുടെയും അമിതലൈംഗികതയുടെയും, ലൈംഗികപ്രകടനങ്ങളുടെയും വിവിധ വശങ്ങൾ സൈബർലോകം തുറന്നിടുന്നു. ഫെയ്സ്ബുക്ക്, ഇൻസ്റ്റഗ്രാം എന്നീ മാധ്യമങ്ങൾ നൽകുന്ന സ്വാതന്ത്ര്യം തങ്ങളുടെ ആശയങ്ങൾ പ്രകടപ്പിക്കാനുള്ള ഇടമായി മാറിയത്, ക്വിയർ സർഗ്ഗസൃഷ്ടികളെയും സ്വാധീനിച്ചു. സാഹിത്യം, ചിത്രങ്ങൾ, ഫോട്ടോ എന്നിവ ഇത്തരത്തിൽ പ്രത്യക്ഷപ്പെട്ടു. അവ ഭാവനയെയും കാഴ്ചയുടെ സൗന്ദര്യശാസ്ത്രത്തെ സ്വാധീനിക്കുന്നു. ക്വിയർ ഓൺലൈൻ കൂട്ടായ്മകളും ഡേറ്റിംഗ് ആപ്പുകളും അനവധിയാണ്. തന്റെ ലൈംഗിക ആഭിമുഖ്യത്തിൽ ഉള്ളവരെ അറിയാനും സുഹൃത്തുക്കളാകുവാനും പങ്കാളിയെ കണ്ടെത്തുന്നതിനും അവ സഹായിക്കുന്നു. ക്വിയർ വ്യക്തികളുടെ കൂട്ടായ്മയുടെ രൂപപ്പെടലും ക്വിയർ പൊതുബോധമുള്ള സമൂഹത്തിലേക്കുള്ള മാറ്റവും ഇതിലൂടെ സംഭവിച്ചു. ക്യൂറള, ലെസ്ബിറ്റ്, സഹയാത്രിക, ക്വിയറിതം, കേരള ക്വിയർ പ്രൈഡ് എന്നിവ കേരളത്തിലെ ക്വിയർ സമൂഹകൂട്ടായ്മകളാണ്.

സ്ത്രീശരീരങ്ങളെപോലെ പലപ്പോഴും ക്വിയർ ശരീരങ്ങളും കമ്പോളവൽക്കരണത്തിന്റെ ഭാഗമായി മാറുന്നുണ്ട്. കച്ചവടവൽക്കരിക്കപ്പെടുന്ന ക്വിയർ സ്വത്വങ്ങൾ പലപ്പോഴും ചൂഷണങ്ങൾക്ക് ഇരയാകുന്നു. തൊഴിലിട

ങ്ങളിലെയോ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയോ ഹോമോഫോബിയയുടെ ഇരകളായവരിൽ ചിലർ ക്രമേണ ഫാൻസി / സ്ട്രിപ്പ് ക്ലബുകളിൽ (Strip club) ജോലി ചെയ്യുന്നവരോ ലൈംഗികത്തൊഴിലുകൾ ചെയ്യുന്നവരോ ആയിത്തീരുന്നു. ഉപഭോക്താകളെ ആകർഷിക്കുക എന്ന ചുമതലയുള്ള ഇവർ, അവരുടെ മുന്നിൽ പണത്തിനായി ഭോഗവസ്തുവോ, ഓൺലൈൻ മാധ്യമങ്ങളിൽ ലൈക്കുകൾക്കുള്ള ഉപാധിയായോ മാറുന്നു. അശ്ലീലചുവയുള്ള നോട്ടങ്ങളും കമന്റുകളും ഇവർക്ക് നേരിടേണ്ടിവരുന്നു.

ക്വിയർ സമരങ്ങൾ, സർഗ്ഗപ്രവർത്തനങ്ങൾ എന്നിവ ഇപ്പോൾ ജനപ്രിയമാകുന്നുണ്ട്. പലവ്യക്തികളും ലൈംഗികാഭിമുഖ്യങ്ങൾ പരസ്യപ്പെടുത്തുമ്പോൾ, സമൂഹത്തിൽ അവരോടുള്ള സഹാനുഭൂതിയോ ആകാംക്ഷയോ കൗതുകമോ കൊണ്ട് ആ പരസ്യപ്പെടുത്തൽ ജനപ്രിയമാകുന്നു. ചിലപ്പോൾ ഇത് കമ്പോളതന്ത്രങ്ങളുടെ ഭാഗമായിമാറുന്നുമുണ്ട്. പലപ്പോഴും ക്വിയർ ശരീരത്തിന്റെ ഫ്രാക്മെന്റേഷനായി അടിസ്ഥാന വൽക്കരിക്കപ്പെടുന്നു. പലപ്പോഴും വൈകാരികതയും ഇത്തരത്തിൽ പ്രത്യക്ഷപ്പെടുന്നു. നിരവധി ടിവിഷോകളും യൂട്യൂബ് ഇൻറർവ്യൂകളും ഇതിനുദാഹരണമാണ്. അവയ്ക്ക് നൽകപ്പെടുന്ന തലക്കെട്ടുകൾ ചരിഞ്ഞനോട്ടം, ചുഴിഞ്ഞുനോട്ടം, എത്തിനോട്ടം എന്നിവയെ ഉൾക്കൊള്ളുന്നവയാണ്. അവയിൽ ആകൃഷ്ടരായാണ് പലരും അവിടെ എത്തിച്ചേരുന്നത്.

മതങ്ങളുടെയും കൊളോണിലിസത്തിന്റെയും ഭാഗമായി, സ്വവർഗ്ഗാനുരാഗം പലരാജ്യങ്ങളിലും കുറ്റകൃത്യമായി. ഇന്ത്യയിൽ 377-ാം വകുപ്പ്പ്രകാരം സ്വവർഗ്ഗാനുരാഗം കുറ്റകൃത്യമായി. 2009-ൽ ഈനിയമം ഭേദഗതിചെയ്തു. എന്നാൽ ഇതിനെതിരെ മതനേതാക്കൾ ശബ്ദമുയർത്തി. പങ്കാളിയ്ക്ക് നിയമസാധുത, പങ്കാളിയെ തെരഞ്ഞെടുക്കൽ, ദത്തെടുക്കൽ എന്നിവയിൽ നിയമങ്ങൾ ഇനിയും ഉണ്ടാകേ തുണ്ട്. അതിനായുള്ള നിയമപോരാട്ടങ്ങൾ നടക്കുന്നുമുണ്ട്. ആ സമരങ്ങൾ കോടതിക്രമങ്ങളിലൂടെയാണ് സാധ്യമാകുന്നത്. ന്യൂനപക്ഷസമരങ്ങൾ എന്നുവിളിക്കാവുന്ന ഈ സമരങ്ങൾ' സമരം എന്ന ആശയത്തിന്റെ നവഭാവന നിർമ്മിക്കുകയാണ്.

ഹോമോഫോബിക് പ്രതികരണങ്ങളിൽ നിന്നും ക്വിയർ വ്യക്തിത്വങ്ങളോടുള്ള എതിർപ്പ് മാറിവരുന്നുണ്ട്. പലപ്പോഴും അത് നഗരകേന്ദ്രീകൃതമാകുന്നു. ക്വിയർ സൗന്ദര്യവും വൈവിധ്യവും നഗരത്തിലാണെന്നും, അവ നഗരത്തിന് ഇണങ്ങിയതാണെന്നും ക്വിയർ സംസ്കാരം നാഗരിക ഉൽപ്പന്നങ്ങളിൽ ഒന്നാണെന്നും ജനങ്ങൾ കരുതിവരുന്നു. എന്നാൽ ഇത് മനുഷ്യന്റെ ഉള്ളിൽ ഉള്ളടങ്ങുന്നതാണെന്നും അതിനു പ്രദേശസ്വാധീനം ഉണ്ടാകുന്നില്ലെന്നും വ്യക്തമാണ്. എങ്കിലും ജനിച്ചുവളർന്ന പ്രദേശങ്ങളിൽ

തങ്ങൾക്ക് സ്വതന്ത്രജീവിതം സാധ്യമാകാതെവരുമ്പോൾ ലൈംഗികസ്വത്വം വെളിപ്പെടുത്തിയവരും വെളിപ്പെടുത്താൻ ആഗ്രഹിക്കുന്നവരും ശിഷ്ടജീവിതം അംഗീകരിക്കപ്പെടും എന്ന് വിശ്വസിക്കുന്ന സ്ഥലങ്ങളിൽ കുടിയേറുന്നു. അവർ ക്രമേണ ജനിച്ചുവളർന്ന സ്ഥലത്തിന് അപരിചിതരാകുന്നു. ഇതവരുടെ സർഗപ്രവർത്തനങ്ങളിൽ പ്രകടമാകുന്നു.

ജൂലൈ മാസത്തിൽ ലൈംഗിക സ്വാഭിമാനഘോഷത്തിന്റെ പ്രൈഡ് മാർച്ചുകൾ ലോകം മുഴുവൻ നടക്കുന്നുണ്ട്. ക്വിയർ വ്യക്തികളും അവരെ പിന്തുണയ്ക്കുന്നവരും ഈ റാലികളിൽ പങ്കെടുക്കുന്നു. 2009 മുതൽ കേരള ത്തിലും വിവിധ ക്വിയർ സംഘടനകളുടെ നേതൃത്വത്തിൽ ക്വിയർ പ്രൈഡ് റാലി നടന്നുവരുന്നു. ഇത്തരം റാലികളിൽ മഴവിൽ നിറമുള്ള പതാക കൂടാതെ, ലെസ്ബിയൻ, ഗേ, ബൈസെക്ഷ്വൽ എന്നിവയെ പ്രതിനിധാനം ചെയ്യുന്ന പതാകകളും ഉണ്ടാകാറുണ്ട്. തങ്ങളുടെ സ്വത്വരാഷ്ട്രീയം അവർ അതിലൂടെ അവതരിപ്പിക്കുന്നു. എതിർലിംഗ കേന്ദ്രീകൃതമായ വസ്ത്രങ്ങളുടെ പൊളി ച്ചെഴുത്തുകളും ഇത്തരം റാലികളിൽ കാണാം.

സർഗ്ഗപ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്ന സൗന്ദര്യം പലപ്പോഴും ശാരീരികമായ അനുഭവങ്ങളെ കൈകാര്യം ചെയ്യുകയും അവയെ ഉള്ളടക്കം ചെയ്യുന്നവയായിക്കും. ക്വിയർ സർഗ്ഗാത്മകത ഉൾകൊള്ളുന്ന സൗന്ദര ്യോപാധികൾ അതിജീവനശ്രമമായോ, പ്രതിരോധത്തിന്റെ ഭാഗമായോ അവർതന്നെ സൃഷ്ടിച്ചെടുത്തവയാണ്. അവയുടെ സംവേദനക്ഷമത കാഴ്ചക്കാരുടെ/ആസ്വാദകരുടെ പ്രത്യക്ഷത്തിലുള്ള ഹോമോഫോബി ക്കാഴ്ചപ്പാടുകൾ, സാഹചര്യങ്ങൾ, അഭിപ്രായങ്ങൾ എന്നിവയെ ചോദ്യം ചെയ്യുന്നു. അശ്ലീലമായോ തമാശയ്ക്കുള്ള ഉപാധിയായോ ഉപയോഗിച്ചിരുന്ന ഇവ സമകാലീന സാഹചര്യത്തിൽ ഗൗരവമായ ചിന്താമേഖലയായിത്തീർന്നു. വിമർശനവും ദർശനങ്ങളും ഇന്ന് ക്വിയർ കാഴ്ചപ്പാടുകൾ അവതരിപ്പിക്കുന്നു. ഇതുവരെ ഉണ്ടായിരുന്ന പദവിപ്രമാണങ്ങളെ പൊളിച്ചെഴുതി ലൈംഗിക സാധാരണീകരണത്വം ലക്ഷ്യം വയ്ക്കുകയാണ് ക്വിയർ സൗന്ദര്യശാസ്ത്രം ചെയ്യുന്നത്. ചുരുക്കത്തിൽ, ക്വിയർ സൗന്ദര്യശാസ്ത്രം ക്വിയർ വ്യക്തികളെയും ക്വിയർ ആശയങ്ങളെയും ഉൾക്കൊള്ളുന്നതും സ്ഥാപിതാ ശയങ്ങളുടെ പുനർവായനയും അവയുടെ ഉള്ളടക്കം വിപുലീകരിക്കാനുമുള്ള ശ്രമവുമാണ്.

**കുറിപ്പുകൾ**

1. Sex was not something one simply judged; it was a thing one administered. It was in the nature of a public potential; it called for management procedures; it had to be taken charge of by analytical discourses. (The History of Sexuality, Michel Foucault, Page 24)

2. ഡ്രാഗ് (Drag) സാധാരണയായി പുരുഷൻ എതിർലിംഗത്തിന്റെ വസ്ത്രമോ സ്വഭാവിക ശാരീരികപ്രകൃതിയോ അനുകരിച്ചും പെരുപ്പിച്ചും അവതരിപ്പിക്കുന്നത്. ഇതൊരു പ്രകടനകലയായി കണക്കാക്കപ്പെടുന്നു.

3. An introduction to Queer literary studies reading queerly,will stockton, introductionþ A brief history of queer theory ( page 1þ31)

4. "Even nature, conceived as the opposite of culture and art,retains a social dimension... especially when it signifies nature as ideological mystification of the social; that is why, for (oscar)wilde, anyone trying to be natural is posing, embarrassingly so, since they are to mythify the social as natural" ( Dallimore,1991:10)

5. "... a film is queer if it somehow counters or challenges heterosexuality.That could be through representing LGBTQ+ Characters or it could be through a stylistic approach which is somehow queer or which counters hetero þfilm aesthetics." Just what makes a flim 'queer', Frankie Allan ,2 december 2018.

6. ഗ്രാഫിക് നോവൽ - കോമിക്സ് സ്ട്രിപ്പ് ഫോർമാറ്റിൽ അവതരിപ്പിച്ച് പുസ്തകമായി പ്രസിദ്ധീകരിക്കുന്ന നോവൽ.

7. ഒമേഗ വേഴ്സ് - ആൽഫാ, ബെറ്റാ, ഒമേഗാ (A,B,O/a,ß,O) എന്നും അറിയപ്പെടുന്നു. ഇറോട്ടിക് സാഹിത്യത്തിലെ കഥാപാത്രങ്ങളുടെ ലൈംഗികതാൽപര്യങ്ങളെ അടിസ്ഥാന മാക്കിയാണ് ഈപദങ്ങൾ രൂപപ്പെട്ടിരിക്കുന്നു. മൃഗങ്ങളിലുൾ ക്കൊള്ളുന്ന സഹജവാസനങ്ങളോട് ഈ കഥാപാത്രങ്ങൾ ചേർന്നുനിൽക്കുന്നു. ഹീറ്റ്സൈക്കിളുകൾ, ഫെറോമോണൽ ആകർഷണം എന്നീ ജന്തുജീവിത പ്രത്യേകതകൾ ഈ കഥാപാത്രങ്ങൾക്ക് എഴുത്തുകാർ കല്പിച്ചുനൽകുന്നു. ഫാന്റസി ഫാൻഫിക്ഷൻ എഴുത്തുകാർ കഥാപാത്രം, കഥാഗതി എന്നിവയുടെ രൂപീകരണത്തിൽ കൂടുതലായി ഉപയോഗിക്കുന്നു.

8. " ...and to ensure that any person, who thinks there are alone can instead know that there are others like them, and know that they could reach out þ where possibleþfor support." Zanele Muholi, 2020.

**ഗ്രന്ഥസൂചി**

1. ആഷാമനോ, ദി തേർഡ് കോളം, കറന്റ് ബുക്സ്, കോട്ടയം, 2024.

2. കെ.ഇ.എൻ, കറുപ്പിന്റെ സൗന്ദര്യശാസ്ത്രം, ഫേബിയൻ ബുക്സ്, മാവേലിക്കര, 2024.

3. ജയറാം സി.എസ്., സമകാലീന സൗന്ദര്യശാസ്ത്രം, ഡി.സി. ബുക്സ്, കോട്ടയം, 2003.

4. രാധാകൃഷ്ണൻ കെ.എസ്., സൗന്ദര്യശാസ്ത്രം ഒരുപഠനം, പുസ്തക പ്രസാധകസംഘം, കോട്ടപ്പുറം, കൊടുങ്ങല്ലൂർ, 1992.

5. രശ്മി ജി., അനിൽകുമാർ കെ.എസ്., വിമതലൈംഗികത : ചരിത്രം സിദ്ധാന്തം രാഷ്ട്രീയം, ചിന്താ പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2016.

6. വിജയ രാജമല്ലിക, അനസ് എൻ. എസ്., കേൾക്കാത്ത ശബ്ദങ്ങൾ ക്വിയർ രചനകൾ, കേരള സാഹിത്യഅക്കാദമി, 2024.

7. വിജയ രാജമല്ലിക, ദൈവത്തിന്റെ മകൾ, ചിന്താപബ്ലിക്കേഷൻസ്, തിരുവനന്തപുരം, 2018.

8. വിജയരാജമല്ലിക, മുലമുളയ്ക്കാത്ത മാറിലെ കുതിരപ്പന്തയങ്ങൾ, മാക്ബത്ത് പബ്ലിക്കേഷൻ, കോഴിക്കോട്, 2022.

9. Gayatri Gopinath, impossible desires, queer disporas and south asian public figures,Duke University press,2005.

10. Rajeev Kumaramkandath & Sanjay Srivastava, (Hi)Stories of Desire: sexuality and culture in modern India, Cambridge University press, United Kingdom, 2020

11. Theodor w. Adorno, Aesthetic theory,Bloomsbury Academic, London,2013.

12. Will Stockton, An introduction to Queer literary studies reading queerly, Routledge taylor and Francis group , New York,2023.

13. Raj Rao R., Criminal love? Queer theory, culture,and politics in India,SAGE publication, India,2017.

14. Nancy L. Fischer, introducing the new sexuality studies, (Fourth edition)Routledge taylor and Francis group,New York,2022.

15. Corinne L Mason (Ed.),Routledge handbook of queer development studies, Routledge, London,2018.

16. Michael Foucault,The history of sexuality, Robert hurky (translater), Pantheon books,New York,1978

17. Tyler bradway, McCallum (ed.), After queer studies: literature, Theory and sexuality in the 21st Century, Cambridge University Press, United Kingdom, 2019.

18. Siobhan Somerville (ed.), The Cambridge Companion to queer studies, Cambridge University Press, New York, 2020.

**വെബ് ജേണലുകൾ**

1. Halika Halder ,"Mapping the cultural footprint of the queer community in India", harpers Bazaar India, 26 March 2024.

2. Matthew Isherwood (2020) Toward a Queer Aesthetic Sensibility:Orientation, Disposition, and Desire, Studies in Art Education, 61:3, 230þ239, DOI: 10.1080/00393541.2020.177843, https://doi.org/10.1080/00393541.2020.17784 37.

3. Amy keating,Sticky aesthetic,sticky affect: connecting through queer art,60 (1/2021):75þ91,

4. Kadji Amin,Amber Jamilla & musser and Roy perez, Project muse, ASAP/Journal, volume 2, number 2,may 2017: 227þ229,https://doi.org/10.1353/asa.2017.0031.

5. VallesþMorales, Jesus I. and LeMaster, Benny (2015) "On Queer of Color Criticism, Communication Studies, and Corporeality,"Kaleidoscope: A Graduate Journal of Qualitative Communication Research: Vol. 14 , Article 8.,http://opensiuc.lib.siu.edu/kaleidoscope /vol14 /iss1/8

# സാഹിതീയ ചികിത്സാശാസ്ത്രവും വൈദ്യശാസ്ത്ര മാനവികതയും : നൂതന കാവ്യസംസ്ക്കാരത്തിൽ

**അന്ന മരിയ ജോസഫ്**
ബി.എഡ് വിദ്യാർത്ഥി, മാർ തെയോഫിലോസ് ട്രെയിനിങ്ങ് കോളേജ്, നാലാഞ്ചിറ

**സംഗ്രഹം**

നൂതനമായ ഒരു അന്തർവൈജ്ഞാനിക പഠനമേഖലയാണ് സാഹിത്യ ചികിത്സാശാസ്ത്രം. മനുഷ്യന്റെ ബോധ-അബോധതലങ്ങൾ അത്യന്തം സങ്കീർണമാണ്. ഇതരവൈജ്ഞാനിക മേഖലകളെ സമാന്ത രമായി പഠിക്കുകയും അതിസങ്കീർണമായ മനുഷ്യന്റെ ആന്തരഘടനയെ സാഹിത്യം വഴിപരിവർത്തനപ്പെടുത്താൻ കഴിയുന്ന സാധ്യതകൾ സാഹിതീയ ചികിത്സാശാസ്ത്രത്തിൽ കാണുന്നുണ്ട്. സാഹിത്യത്തിലൂടെ മനുഷ്യന്റെ വൈകാരികമായ മനോഘടന മനസ്സിലാക്കാൻ സാധിക്കുന്നു. നാഡീശാസ്ത്ര വിജ്ഞാനിയത്തിന്റെ അടിസ്ഥാനത്തിൽ പരിശോധി ച്ചപ്പോൾ നൂതന കാവ്യ സംസ്കാരത്തിൽ ഓർമ്മ എന്ന ഘടകത്തെ തെറാപ്യൂട്ടിക്കായി ഉപയോഗിക്കുന്നതിന്റെ സാധ്യതകൾ കാണുന്നുണ്ട്. മസ്തിഷ്കത്തിലെ മിറർ ന്യൂറോണിന്റെ പ്രവർത്തനം സാഹിത്യവായന യുമായി അഭേദ്യബന്ധം പുലർത്തുന്നുണ്ടെന്ന് ഈ പ്രബന്ധത്തിൽ വ്യക്തമാക്കുന്നു.

**താക്കോൽ വാക്കുകൾ**

സാഹിതീയ ചികിത്സാശാസ്ത്രം (Literary Therapy), സൈക്കോ അനാലിസിസ് (Psycho analysis), ഭദ്രമായ ഈഗോ(Strong ego), വൈദ്യ ശാസ്ത്രമാനവികത (Medical humanities)

'തെറാപ്പി' എന്ന ഗ്രീക്ക് വാക്ക് പ്രതിനിധാനം ചെയ്യുന്ന ആശയ പരിസരം വളരെ വിശാലമാണ്. പ്രകടനാത്മകകലാചികിത്സ (Expressive Art Therapy) എന്ന വൈദ്യശാസ്ത്രശാഖ തെറാപ്പിയുടെ സർഗ്ഗാത്മക

രൂപമാണ്. ഇത് മനുഷ്യനിലെ സർഗ്ഗാത്മകതയെ ഉദ്ദീപിപ്പിക്കുകയും ആന്തരികമായ ഒരു ചികിത്സാരൂപമായി കലയെ ഉപയോഗിക്കുകയും ചെയ്യുന്നു. അമേരിക്കൻ സൈക്കോളജിസ്റ്റായ മാർഗരറ്റ് നംബർഗ് (Margaret Naumburg) ആണ് സർഗ്ഗാത്മകതയെ ഒരു സൈക്കോ ഡൈനമിക് (Psycho dynamic) ഉപകരണമായി പരീക്ഷിക്കുന്നത്. ഉപബോധമനസ്സിലെ പൂർവ്വാനുഭവങ്ങളോടും ആശയങ്ങളോടുമാണ് കലയിലൂന്നിയുള്ള ഇത്തരം സൈക്കോ ഡൈനമിക് ഇടപെടലുകൾ നടത്തുന്നത്. 1968-ൽ മാർഗരറ്റ് നംബർഗ് Dinamically Oriented Art Therapy: Its Principles and Practices: Illustrated with Three Case Studies എന്ന പുസ്തകത്തിൽ ഇത്തരമൊരു രീതിയെക്കുറിച്ച് വിവരിക്കുന്നുണ്ട്. ഫ്രോയിഡിയൻ സിദ്ധാന്തങ്ങളിലൂന്നി കലയെ എങ്ങനെ ഉപബോധ മനസ്സിനെ ചികിത്സിക്കാൻ ഉപയോഗിക്കാമെന്ന് നംബർഗ് നിരീക്ഷിച്ചു. പലരീതിയിലുള്ള പ്രകടനാത്മക കലാചികിത്സ (Expressive Art Therapy) രീതികളുണ്ട്. നൃത്തം, നാടകം, സംഗീതം, പുസ്തകം എന്നിവ ഉപയോഗിച്ച് ചികിത്സനടത്തുന്നു. പ്രകടനാത്മക കലാചികിത്സയുടെ ഭാഗമാണ് ബിബ്ലിയോതെറാപ്പി ലിഖിതരൂപത്തിലുള്ള ഒരു പാഠത്തെ ഉപയോഗിച്ചാണ് ഇവിടെ ഒരു വ്യക്തിയുടെ വൈകാരിക തലത്തെ ചികിത്സിക്കുന്നത്. ബിബ്ലിയോ തെറാപ്പി (Biblio Therapy) എന്ന പദം 1916 ആഗസ്റ്റ് മാസം The Atlantic എന്ന അമേരിക്കൻ മാസികയിൽ സാമുവൽ മർക്കോഡ്ക്രോതേഴ്സ് (Samuel McChord Crothers) ഉപയോഗിച്ചതിനുശേഷമാണ് മെഡിക്കൽ നിഘണ്ടുക്കളിൽ ഈ വാക്ക് പ്രയോഗത്തിൽ വരുന്നത്. 1919-ൽ പുറത്തുവന്ന ക്രിസ്റ്റഫർ മോർലിയുടെ The Haunted book Shop എന്ന കൃതിയിലും ഈ പ്രയോഗം കാണാം.

**സാഹിതീയ ചികിത്സാശാസ്ത്രം (Literary Therapy)**

സാഹിതീയ ചികിത്സാശാസ്ത്രം(Literary Therapy)ഒരു അന്തർ വൈജ്ഞാനിക (Inter disciplinery)പഠനമേഖലയാണ്. പ്രായോഗിക സാഹിത്യവിദ്യയുടെ ഏറ്റവും നൂതനഘട്ടമായി ഇതിനെ കാണാം (Applied Literary Science). സാഹിത്യം യഥാർത്ഥമായി മനുഷ്യജീവിതത്തെ ആവിഷ്കരിക്കുന്നു. അതിലൂടെ മനുഷ്യരുടെ വൈകാരിക ചോദന കളെയും അതിനെ നിയന്ത്രിക്കുന്ന മാനസികഘടകങ്ങളെയും കൂടുതൽ അടുത്തറിയാൻ കഴിയുന്നു. ചികിത്സാവേളയിൽ രോഗിയെ കൂടുതൽ ആർദ്രമായി (Humane doctoring) പരിചരിക്കുന്നതിനുള്ള പാഠങ്ങൾ സാഹിത്യത്തിലുണ്ട്. ലിറ്ററി തെറാപ്പി എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് സാഹിത്യം രോഗിയെ നേരിട്ട് ചികിത്സിക്കുന്നുവെന്നല്ല. ലിറ്ററി തെറാപ്പി

യെക്കുറിച്ച് പരാമർശിക്കുമ്പോൾ ജോസി ബില്ലിംഗ്ടൺ ഇപ്രകാരം അഭിപ്രായപ്പെടുന്നുണ്ട്. സാഹിത്യമെന്നത് തീർത്തും നിഷ്പക്ഷമായ ഒന്നാണ്. തന്റെ വായനക്കാർ രോഗിയാണോ അല്ലയോ എന്നത് ഒരു കൃതിയും അറിയുകയോ ശ്രദ്ധിക്കുകയോ ചെയ്യുന്ന കാര്യമല്ല. ഏതൊരു സാഹിത്യകൃതിയുടെയും ചികിത്സാപരമായ മൂല്യം രൂപപ്പെടുന്നത് ആ കൃതി രോഗചികിത്സയ്ക്കുവേണ്ടി എഴുതിയത് എന്ന നിലയിലുമല്ല. അതുകൊണ്ട്, ഒരു കൃതിയും ഡോക്ടർക്കോ, തെറാപ്പിസ്റ്റിനോ, കൗൺസിലർക്കോ പകരം നിൽക്കുന്നതോ അവരുടെ കൂട്ടുപ്രവർത്തിക്കാരോ അല്ല. (സിദ്ദീഖ് എം.എ., പു: 10).'ലിറ്ററി തെറാപ്പി' എന്ന പഠനമേഖല ഇതരവൈജ്ഞാനിക ശാഖകളിലൂന്നി പഠിക്കപ്പെടേണ്ടതാണ്. നാഡീശാസ്ത്ര വിജ്ഞാനീയത്തിലൂടെയും മനഃശാസ്ത്രത്തിലൂടെയും ഈ വിഷയത്തെ കൂടുതൽ ശാസ്ത്രീയമായി പഠിക്കേണ്ടതായുണ്ട്. ഫ്രോയിഡ് ആവിഷ്കരിച്ച മനഃശാസ്ത്ര ചികിത്സാപദ്ധതിയാണ് സൈക്കോ തെറാപ്പി, സൈക്കോ തെറാപ്പിക്ക് വിധേയരാകുന്നവരിൽ ഭദ്രമായ ഈഗോ (Strong ego) രൂപപ്പെടുത്തിയെടുക്കുക എന്നതാണ് ഈ ചികിത്സാപദ്ധതിയുടെ ലക്ഷ്യം. മനുഷ്യനിലെ ആനന്ദദായകമായ അനുഭവങ്ങളോടുള്ള അഭിനിവേശമാണ് ഇദ്(Id) സമൂഹം രൂപകൽപ്പനചെയ്ത ഘടനയുടെയും പ്രത്യയശാസ്ത്രങ്ങളുടെയും ആവരണമാണ് സൂപ്പർ ഈഗോ (Super ego). സൂപ്പർ ഈഗോയുടെ സമ്മർദ്ദത്തിൽ മനുഷ്യനിലെ അടിച്ചമർത്തപ്പെട്ട വികാരങ്ങളുടെ പ്രതലത്തെയാണ് ഈഗോ എന്ന് പറയുന്നത്. ഇത്തരം അടിച്ചമർത്തപ്പെട്ട വികാരങ്ങൾ മനുഷ്യന്റെ ഉപബോധമനസിലാണ് കാണപ്പെടുന്നത്. അതിനെ ബോധമനസ്സിലേക്ക് കൊണ്ടുവരികയും, സ്ട്രോങ് ഈഗോ ആയി രൂപപ്പെടുത്തുകയുമാണ് സൈക്കോ അനാലിസിസിൽ (Psycho analysis) ചെയ്യുന്നത്. സാഹിത്യത്തിലെ തെറാപ്യൂട്ടിക് അംശങ്ങളിലൂന്നിയ വായനയിൽ ഈ പ്രക്രിയയെ പുനരാലോചിച്ചാൽ സമൂഹം രൂപപ്പെടുത്തിയെടുത്ത സൂപ്പർ ഈഗോയോടുള്ള പ്രതികരണങ്ങൾ സാഹിത്യത്തിൽ കാണാം.

നാഡീശാസ്ത്രവിജ്ഞാനീയത്തിന്റെ പശ്ചാത്തലത്തിൽ ലിറ്ററി തെറാപ്പിയുടെ ശാസ്ത്രീയ വശങ്ങളെക്കുറിച്ചുള്ള ചിന്ത സാധ്യമാകുന്നുണ്ട്. ദർപ്പണ നാഡീകോശങ്ങൾ[1] വ്യക്തിബന്ധങ്ങളിൽ നിർണായക പങ്കുവഹിക്കുന്നുണ്ട്. ന്യൂറോസൈക്കോളജിസ്റ്റായ ഡോ. വി.എസ്. രാമചന്ദ്രൻ സ്വത്വനിർമ്മിതിയെക്കുറിച്ച് പറയുന്നത് ഇപ്രകാരമാണ്. കാഴ്ച, കേൾവി എന്നിവ പോലുള്ള മസ്തിഷ്കത്തിന്റെ പ്രവർത്തനമാണ് സ്വത്വബോധം. 'ഞാൻ (I)' എന്നത് മസ്തിഷ്കത്തെ സംബന്ധിച്ചിടത്തോളം മറ്റൊരു വ്യക്തിയാണ്. പക്ഷേ, ആ വ്യക്തിയുമായി കുറെക്കൂടി

അടുത്ത ആന്തരിക നാഡിബന്ധം ഉള്ളതിനാൽ ആ വ്യക്തിയെ കൂടുതൽ വ്യക്തവും കൃത്യവുമായി മസ്തിഷ്കം മനസ്സിലാക്കുന്നു. അങ്ങനെയാണ് 'ഞാൻ' ജനിക്കുന്നത്. മസ്തിംഷ്കത്തിന്റെ വിവിധ പ്രവർത്തനങ്ങളുടെ പാർശ്വഫല മായുണ്ടാകുന്ന ഒരു ഏകതാബോധമാണ് (Sense of unity) സ്വത്വബോധത്തിന്റെ (Self conscious) അടിസ്ഥാനം (രാമചന്ദ്രൻ. വി. എസ്., പു: 12). ഇത്തരത്തിൽ നോക്കിയാൽ ബോധമനസ്സിലെ ധാരണകൾ നിർമ്മിക്കപ്പെടുന്നത് മനുഷ്യനുമായിബന്ധപ്പെട്ടുകിടക്കുന്ന ജീവിതപരിസ രങ്ങളിൽ നിന്നാണെന്ന് മനസ്സിലാക്കാം. സാഹിത്യം എന്ന മാധ്യമം ഒരു മനുഷ്യന്റെ മസ്തിഷ്കത്തെ എങ്ങനെ സ്വാധീനിക്കുന്നുവെന്ന് ഗവേഷണം ചെയ്യപ്പെടേണ്ടതാണ്. ഇവിടെയാണ് ലിറ്ററി തെറാപ്പി എന്ന പഠനമേഖല പ്രസക്തമാകുന്നത്.

**ഓർമ്മയും ഭാവനയും**

നാഡീശാസ്ത്രവിജ്ഞാനീയത്തിന്റെ അടിസ്ഥാനത്തിൽ വിശ കലനം ചെയ്യുമ്പോൾ സ്വത്വം എന്നത് ജീവിതകാലംകൊണ്ട് സംഭരിച്ച ഓർമ്മകൾ അടുക്കിവച്ചിരിക്കുന്നതാണ്. പ്രത്യേക സംഭവത്തെക്കുറിച്ചുള്ള ഓർമ്മയാണ് സംഭവസ്മൃതി (episodic memory). അത് വൈയക്തികമായ ഒരു സ്ഥിതിവിശേഷമാണ്. സ്റ്റീവൻ പിഗർ ഇതിനെ കുറച്ചുകൂടി വ്യക്തമാ ക്കുന്നുണ്ട്. ആര് ആരോട് എപ്പോൾ എവിടെവച്ച് സംസാരിച്ചു എന്നതിനെ സംബന്ധിച്ച ഓർമ്മയാണത്. വ്യക്തിജീവിതത്തിലെ ഇത്തരം സംഭവ സ്മൃതികൾക്ക് സ്വത്വബോധവുമായി ഗാഢബന്ധം കാണാൻ സാധിക്കും. അതിനാൽ വൈയക്തിക അനുഭൂതിയുടെ വിശകലനത്തിൽ സംഭവ സ്മൃതി വളരെ പ്രധാനമാണ്. തെറാപ്യൂട്ടിക് ഭാവനയുടെ പ്രധാനപ്പെട്ട ഒരു മാധ്യമമാണ് ഓർമ, ക്ലേശകരമായ ജീവിതാനുഭവങ്ങളെ മരവിപ്പി ക്കുകയും (Freeze), ശാന്തമായ സ്ഥിരചിത്തത്തെ വീണ്ടെടുക്കുകയും ചെയ്യുന്ന തെറാപ്യൂട്ടിക് ഇമാജിനേഷനാണിത്. ബ്രയാൻ വേക്ക്മാൻ, Poetry as Research and as Therapy എന്ന ലേഖനത്തിൽ ഇത്തരം കുറെമാതൃകകൾ അവതരിപ്പിക്കുന്നുണ്ട്. ഓർമ്മകളെ തീക്ഷ്ണമായി മടക്കിവിളിക്കുന്നതും, വേദനകളും ആനന്ദവും ഒരുപോലെ വിണ്ടെടുക്കു ന്നുതുമായ ആത്മശുദ്ധീകരണ (Refreshing the soul) മാണ് കവിത, 'Reminiscences of experiences' എന്ന് ഇതിനെ വേക്ക്മാൻ വിളിക്കുന്നു. ഇത്തരത്തിൽ വിഭിന്നമായ അനേക തലങ്ങൾ ഉൾക്കൊള്ളുന്ന സാഹിതീയ ചികിത്സാശാസ്ത്രം എന്ന വൈജ്ഞാനികശാഖ ഏതെല്ലാം തരത്തിലാണ് നൂതന കാലഘട്ടത്തിലെ രചനകളിൽ പ്രതിഫലിക്കുന്നതെന്ന് ഈ പ്രബന്ധം വിശകലനം ചെയ്യുന്നു.

**എഴുത്ത് : പ്രതിരോധം ആശ്രയത്വം**

മനുഷ്യൻ തന്റെ വികാരങ്ങളോട് സംവദിക്കുന്നത് പലവിധത്തിലാണ്. ഈ സംവാദം ചിലർക്ക് എഴുത്താണ്. നവകാവ്യഭാവുകത്വത്തെ വിലയിരുത്തിയാൽ എഴുത്ത് പ്രതിരോധത്തിന്റെ രാഷ്ട്രീയമായി രൂപാന്തരപ്പെടുന്നത് കാണാം. നവഎഴുത്തിൽ ശരിതെറ്റുകളുടെ മാനദണ്ഡങ്ങൾ പാരമ്പര്യ ധാർമികബോധത്തെ കടത്തിവെക്കുന്നു. കോപം ദുഃഖത്തെ സൃഷ്ടിക്കുന്നവെന്നു പറഞ്ഞ ധാർമിക ഭക്തിപ്രസ്ഥാനകാല ചിന്തകൾക്ക് നൽകിയിരുന്ന തെറാപ്യൂട്ടിക് വായനകളെ നവകാവ്യ പരിസരങ്ങളെ മുൻനിർത്തി വിശകലനം ചെയ്യുമ്പോൾ ഭേദഗതി വരുന്നതായി കാണാം. കോപത്തെ ഉന്മൂലനം (Suppressed emotion) ചെയ്യുക എന്ന രീതിയിൽ നിന്ന് അവ പ്രകടിപ്പിക്കുക (Express) എന്ന രീതിയിൽ ധാരണകൾക്ക് മാറ്റം സംഭവിച്ചിട്ടുണ്ട്. സാമൂഹിക ധാരണകളോടുള്ള എതിർപ്പും മനുഷ്യന്റെ അസ്ഥിത്വസംഘർഷങ്ങളും എഴുത്തിൽ സംക്രമിക്കുന്നതു കാണാം. കെ.ആർ. ടോണിയുടെ 'വാക്കിന്റെ ശക്തി' എന്ന കവിതയിലെ വരികൾ ശ്രദ്ധിക്കുക:

തിരക്കിട്ട് നടന്നുപോയ അന്യന്റെ
ഭാര്യയെ കൈകാട്ടി വിളിച്ചു
നിർത്തി അടുത്തുചെന്ന് രാത്രി വരട്ടെ
എന്നു ചോദിക്കുമ്പോഴുടൻ കിട്ടുന്നു ചെകിട്ടത്തൊരടി
(പോൾ എം.എസ്., പു. 29)

ഇവിടെ പ്രതിരോധത്തിന്റെ ഭാഷ രൂപപ്പെടുന്നു. സാമൂഹിക ബോധ്യങ്ങൾക്ക് അനുസൃതമായി ഉപബോധമനസ്സിൽ അന്തർലീനമായി കിടക്കുന്ന അടിച്ചമർത്തപ്പെട്ട വികാരങ്ങളുടെ (Suppressed Emotion) പ്രതിഫലനമായി ഇത്തരം എഴുത്തുകൾ മാറുന്നു. സൈക്കോ അനാലിസിസിൽ ഉപബോധമനസ്സിനെ ശക്തിപ്പെടുത്തുന്ന പ്രതിരോധമുറകളോട് (Defence Mechanism) ഇതിന് സമാനത കൽപ്പിക്കാം. ഇവിടെ എഴുത്ത് എന്ന പ്രക്രിയ തെറാപ്യൂട്ടിക്ക് ആകുന്നു. പ്രതിരോധം എന്നതുപോലെ തന്നെ എഴുത്ത് ആശ്രയത്വംആകുന്ന സന്ദർഭങ്ങളും കാണാം.ഡോണ മയൂരയുടെ 'ലാവണ്ടർ' എന്ന കവിത പരിശോധിക്കാം. പ്രണയം, വേദന, വിരേചനം എന്നിവ ഒന്നുപോലെ അവയിൽ കാണാം.

ഇവിടെ പ്രണയിനിയോടുള്ള കവിയുടെ സംഭാഷണമായി കവിത മാറുന്നു.

കവിതേ,
മഞ്ഞപ്പൂക്കളുടെ

കുപ്പായമണിഞ്ഞവളേ...
ലാവൻഡർ പുഷ്പങ്ങളുടെ സുഗന്ധമുള്ളവളേ...
മുറിവുകളിൽ തലോടി
വസന്തമാക്കുന്നവളേ... (മയൂര ഡോണ, പു. 79)

ഇങ്ങനെ ആരംഭിക്കുന്ന കവിതയിൽ ഘ്രാണാനുഭൂതി (Olfactory image) അന്തർഭവിച്ചിരിക്കുന്നത് കാണാം. ഭാവനയുടെ രൂപരേഖയിൽ കവിത മഞ്ഞക്കുപ്പായം അണിഞ്ഞ ലാവണ്ടർ പുഷ്പങ്ങളുടെ സുഗന്ധ മുള്ളവളായി മാറുന്നു. കവിതയുടെ ആവരണത്താൽ തീർത്ത കുപ്പായം കൊണ്ട് പ്രണയിനി തന്നെ ചുംബിച്ചപ്പോൾ ദൈവത്തിന്റെ ഹൃദയത്തോ ണിയിലേറി അവളുടെ പാദങ്ങളിലേക്ക് കവി ഒഴുകുന്നു. കവിതയുടെയും കവിയുടെയും ഒന്നായിത്തീരലിനെയാണ് ഇവിടെ സൂചിപ്പിക്കുന്നത്. ഇവിടെ കവി കവിതയിൽ കa ത്തുന്ന ആശ്രയത്വം തെറാപ്യൂട്ടിക്കാണ്.

വ്രണിത കവിതകളാലലംകൃതമായ
ഹൃദയത്തിൽ നിന്നാവിർഭവിക്കുന്ന
കാവ്യത്തിലൊരുന്മാദിയെപ്പോലെ
നിന്നെ എഴുതിച്ചേർത്തുകൊണ്ടിരിക്കുന്നു
ഒടുവിൽ നിന്നിലേക്ക് ഞാൻ നമ്മെ മറിച്ച് ചേർക്കുന്നു
(മയൂര ഡോണ പു 29)

കവിതയിൽ കവി കണ്ടെത്തുന്ന ആശ്രയത്വം കവിതയിൽ സമരസ പ്പെടുന്ന കവിയുടെ അസ്തിത്വമാണ്. കവി കവിതയായി മാറുന്നു. തന്റെ പ്രണയത്തെയും അനുഭൂതിയെയും സ്പർശിക്കുന്ന മാധ്യമമായി ഇവിടെ കവിത മാറുന്നു. ഇവിടെ ഭദ്രമായ ഒരു ഈഗോ (Strong ego) രൂപപ്പെടുന്നു. അടിച്ചമർത്തപ്പെട്ട വികാരങ്ങളോടുള്ള തന്റെ പ്രതികരണത്തിന്റെ മാധ്യമ മായി കവിത മാറുന്നു. സമാന അനുഭൂതി സൃഷ്ടിക്കുന്ന അനുവാചകരുടെ മനോഘടനയിലും തെറാപ്യൂട്ടിക് ഭാവനയുടെ സാധ്യത കാണാവു ന്നതാണ്. വ്യക്ത്യധിഷ്ഠിതമായ ഒരു ഘടനയിൽനിന്ന് ഉത്തരമാനകീകൃത (Post Humanism) ഇടത്തിലേക്കുള്ള സമൂഹത്തിന്റെ പരിണാമം വിലയിരുത്തിയാൽ മനുഷ്യവികാരങ്ങളെ നിയന്ത്രിക്കുന്നത് യാന്ത്രികമായ പ്രത്യയശാസ്ത്രങ്ങളും സമ്മിശ്രമായ വികാരങ്ങളുമാണെന്ന് കാണാം. സാമൂഹിക ധാരണകളുടെ ഈ മാറ്റത്തെ അടയാളപ്പെടുത്തുന്ന അംശ ത്തെ വായിച്ചെടുക്കാൻ ലിറ്ററി തെറാപ്പിയിലൂടെ സാധിക്കുന്നു.

പുതിയ രോഗങ്ങളെ ചികിത്സിക്കാൻ പുതിയ മരുന്നുകൾ ആവശ്യ മാണ്. സമകാല ജീവിതപശ്ചാത്തലങ്ങളെ അടിസ്ഥാനപ്പെടുത്തി വിശകലനം ചെയ്യുകയാണെങ്കിൽ മാനസികസംഘർഷം (Depression)

സമൂഹത്തിൽ വളരെ അധികമായി വ്യാപിച്ചിരിക്കുന്നതായി കാണാം. നാഡീഘടനയിൽ നമ്മുടെ വികാരങ്ങളെയും (Emotion), മാനസികസ്ഥിതിയെയും (Mood) നിയന്ത്രിക്കുന്ന ന്യൂറോ ട്രാൻസ്മിറ്ററുകളാണ് സെറോട്ടോണിൻ (serotonin), ഡോപ്പമിൻ (Dopamine) മുതലായവ. ഇവയിൽ ഉണ്ടാകുന്ന വ്യതിയാനം ബൈപോളാർ ഡിസോഡറിന് (Bipolar Disorder) കാരണമാകുന്നുവെന്ന് പഠനങ്ങൾ തെളിയിക്കുന്നു. ഉന്മാദവും, വിഷാദവും (Depression) ആണ് ഈ രോഗത്തിന്റെ രണ്ടുധ്രുവങ്ങൾ.

ഡോണ മയൂരയുടെ 'ഐസ്ക്യൂബ്' എന്ന കവിതാ സമാഹാരത്തിലെ 'യെല്ലോ സ്റ്റിക്കി' എന്ന കവിത പരിശോധിക്കാം. നിഗൂഢമായ കറുത്ത ഫലിതത്തിന്റെ ആവരണം ഈ കവിതയിൽ കാണാം.

You are not romantic!
ഫ്രിഡ്ജിലെ യെല്ലോ സ്റ്റിക്കിയിൽ നേർപ്പാതിയുടെ കുറിപ്പ്
How can I be,
being a forensic pathologist?
തിണർത്തുവന്നൊരാംഗലേയത്തിനു
പിന്നാലെ മനസ്സ്
പോസ്റ്റ്മോർട്ടം ടേബിളിലന്നുണ്ടായിരുന്ന
സൗരഭ്യം പടർത്തിക്കിടന്നിരുന്ന
കറുത്ത സൗന്ദര്യത്തിനടുത്തേക്കെടുത്തുചാടി
മരണത്തിനു മുന്നേ
തലയ്ക്കടിയേറ്റിരുന്നുവെന്ന പ്രാഥമിക
റിപ്പോർട്ട് സ്ഥിതീകരിക്കണം
Is my mind searching for salt and papper shakers?
പുട്ടുകുറ്റിയിൽ നിന്നുമുയരുന്ന ആവിയെന്നപോലെ,
A KissOn your lips.
യെല്ലോ സ്റ്റിക്കിക്ക് താഴെയായി
കുറിച്ചിടുമ്പോൾ കരിഞ്ഞുപോയ
ചുണ്ടുകൾക്കും മീതെ ചിരിക്കുന്നു
കരിക്കറപുരണ്ട പല്ലുകൾ. (മയൂര ഡോണ, പു. 59)

ഫോറൻസിക് പാത്തോളജിസ്റ്റായ വ്യക്തി തന്റെ നേർപാതിയോട് മാനസികമായി നൽകുന്ന പ്രതികരണമാണ് ഈ കവിത. ജീവിതത്തോടുള്ള കാമന നഷ്ടപ്പെട്ട വ്യക്തി ശരീരത്തിന്റെ വൈകാരികതയോട് നിസംഗമായി പ്രതികരിക്കുന്നതാണ് ഇവിടെ കാണുന്നത്. ജഡമായ തന്റെ കരിഞ്ഞ ചുണ്ടുകൾക്ക് മീതെ കരിപുരണ്ട പല്ലുകൾ കാട്ടിമനോഹരമായി ചിരിക്കുന്നതിലെ വൈരുധ്യം അനാവരണം ചെയ്യുന്നതിലൂടെ അടച്ചു

വയ്ക്കപ്പെട്ട മാനസിക സമ്മർദ്ദങ്ങളെ പുറത്തു കൊണ്ടുവരുവാൻ കഴിയാതെപോകുന്ന മനുഷ്യന്റെ എതിർവികാരത്തെ (Opposite Emotion) ആണ് ഇവിടെ സൂചിപ്പിക്കുന്നത്.

സാഹിത്യം ഇവിടെ എന്താണ് ചെയ്യുന്നത്? വൈകാരികമായ മനുഷ്യന്റെ മനോഘടനയെ സാഹിത്യം ആവിഷ്കരിക്കുന്നതിനാൽ വ്യക്തിയുടെ ആന്തരഘടനയെ മനസ്സിലാക്കുന്നതിനും സാഹിത്യം സഹായകരമാകുന്നു. ബി. ഇക്ബാൽ തന്റെ 'ആലീസിന്റെ അത്ഭുത ലോകം' എന്ന കൃതിയിൽ ഈ വൈകാരികാംശം വ്യക്തമാക്കുന്നുണ്ട്. രോഗങ്ങളുടെ ശാരീരികേതര(non-organic) വശങ്ങളും രോഗികളുടെ വൈയക്തികാനുഭവങ്ങളും പലപ്പോഴും സർഗാത്മക സാഹിത്യകൃതികളി ലാണ് ആഴത്തിൽ വിശകലനം ചെയ്തിട്ടുള്ളതെന്നു കാണാൻ കഴിയും. സാഹിത്യകൃതികളിൽ നിന്നുമാത്രം ലഭിക്കാനിടയുള്ള ഈ ഉൾക്കാഴ്ച രോഗികൾ നേരിടുന്ന വൈകാരികവും മാനസികവും ധാർമ്മികവും നൈതികവുമായ പ്രശ്നങ്ങൾ മനസ്സിലാക്കാൻ ഡോക്ടർമാരെയും മറ്റ് ആരോഗ്യപ്രവർത്തകരെയും സഹായിക്കും രോഗചികിത്സയിൽ സമഗ്ര മായ സമീപനം കൈവരിക്കാൻ ഇതുവഴി ഡോക്ടർമാർക്ക് കഴിയുന്നു. സാഹിത്യത്തിന്റെ ചികിത്സാപരമായ ഈ പ്രസക്തി സമീപകാലത്ത് ഒട്ടനവധി കൃതികളുടെ വൈദ്യശാസ്ത്രപരമായ പുനർവായനയ്ക്കു കാരണമായിട്ടുണ്ട്. സാഹിതീയമായ ഇത്തരം ഉൾക്കാഴ്ചകൾ, സമാന്തര മായി ജ്ഞാനികശാഖ എന്ന നിലയിലും 'മലയാള സാഹിത്യത്തെ' ബലവത്താക്കുന്നു.

**ഓർമ്മയുടെ ആന്തരഘടന**

മനുഷ്യനിലെ ഓർമ്മ എന്ന അംശത്തെ തെറാപ്യൂട്ടിക്കായി ഉപയോഗിക്കുന്നതിനെപ്പറ്റി വെയ്ക്ക്മാൻ 'Poetry as Research and Therapy'എന്ന ലേഖനത്തിൽ പറയുന്നുണ്ട്. സിന്ധു കെ.വിയുടെ 'ടച്ച് തെറാപ്പി' എന്ന കവിത പരിശോധിക്കാം. ഗന്ധവും തലോടലും സാന്ത്വന വും ഒരേ ബിന്ദുവിൽ സമന്വയിക്കുന്നതായ ടച്ച് (Touch) എന്ന അനുഭവ ത്തെയാണ് ഈ കവിതയിൽ കാണുന്നത്. കവിയുടെ ഓർമ്മയാണ് ഈ കവിതയെ തെറാപ്യൂട്ടിക് ഘടനയോട് ബന്ധിപ്പിക്കുന്നത്. അമ്മയുടെ സ്പർശം മാതൃത്വത്തിന്റെ അംശം നിറഞ്ഞതാണ്. ദീർഘദൂരം സഞ്ചരിച്ച ജീവിതത്തിലെ ട്രാക്കിൽനിന്ന് പിന്നിലേക്ക് തിരിഞ്ഞു നോക്കുകയാണ് കവി.

വലിയ വാഷ്ബേസിനടിയിലെ
ഷവറിനു കീഴിലേക്ക് ഇറക്കിവച്ച തലയിൽ
ആദ്യത്തെ നനവറിഞ്ഞതും
ഒരു മുപ്പതുകൊല്ലമെങ്കിലും പിറകിലേക്ക് ഒലിച്ചുപോയി
കുടയില്ലാതെ, അറ്റമില്ലാത്ത വരമ്പത്ത് നനഞ്ഞു
തലവഴി, ഉടൽ വഴി മഴയിലുടുപ്പുകൾ നനഞ്ഞൊട്ടി
ഉണക്കമുള്ളൊരു തോർത്തിനാൽ ആരാണ് വഴക്കിട്ട്,
മുടിയാകെ ഉലച്ചു തോർത്തുന്നത്
മുറിയിലപ്പോൾ ഇലഞ്ഞിപ്പൂവിന്റെ മണം'

(സിന്ധു. കെ.വി., പു. 26)

കവിയുടെ ഗതകാലത്തിലേക്കുള്ള ഓർമ്മയുടെ സഞ്ചാരമാണിത്. വീണ്ടും തന്റെ ബാല്യത്തെ ആഗ്രഹിക്കുന്ന വ്യക്തിയുടെ മനോഘടനയാണിവിടെ സ്പഷ്ടമാകുന്നത്. ഒരു കുഞ്ഞിനെപ്പോലെ ചേർത്തുപിടിക്കപ്പെടാൻ മനുഷ്യനിൽ സ്വതവേയുള്ള ശൈശവസ്മൃതിയാണിതിൽ കാണുന്നത്. ക്ഷണികവും ഭ്രാന്തവുമായ തിരക്കുകളുടെ ലോകത്തിൽ നിന്ന് അമ്മയിലേക്ക് ഒരു കുഞ്ഞിന്റെ മടക്കയാത്രയാണിത്.

ആരോ, പിന്നെയും കൈപിടിച്ച്
നടത്തയിൽ വീഴാതെ കൊ ുചെന്നിരുത്തുന്നു
മുടിയിഴകളെ ഉണക്കിയുലർത്തുന്നു
നെറ്റിമേൽ അലിവോടെ വിരലുകളോടുന്നു
ഒലിച്ചേ പോകുന്നു കർക്കടകപ്പാതിയിലെ
ഏതോ ഒരു ദിവസത്തിന്റെ പനിച്ചൂടിലേക്ക്
നെറ്റിമേൽ നനച്ചിട്ട തുണി
ഉണങ്ങുകയും നനയുകയും ചെയ്തു?കൊ േയിരുന്നു
സ്നേഹത്തോടെ ആരോ തലോടിക്കൊ േയിരുന്നു
മുറിയിൽ തുളസിയിലകൾ വെന്തമരുന്ന ആവിമണം
അടഞ്ഞ നാസാരന്ധങ്ങൾ തുറക്കുന്നു
പതിയെ പതിയെ
ഉറക്കത്തിലെന്നതുപോലെ
ഏതോ കാലത്തിലേക്ക് നടന്നുപോകുന്നു

(സിന്ധു. കെ.വി, പു. 50)

ക്ലേശകരമായ ജീവിതാനുഭവങ്ങളെ മരവിപ്പിക്കുകയും (Freeze) ശാന്തമായ സ്ഥിരചിത്തത്തെ വീണ്ടെടുക്കുകയും ചെയ്യുന്ന തെറാപ്യൂട്ടിക്ക്

ഇമാജിനേഷനാണിത്. ബ്രയാൻ വേക്ക്മാൻ 'Poetry as Research and Therapy' എന്ന ലേഖലനത്തിൽ ഇത്തരം മാതൃകകൾ ഉദാഹരിക്കുന്നു. ഓർമ്മകളെ മടക്കിവിളിക്കുകയും വേദനകളും ആനന്ദവും ഒരുപോലെ വീണ്ടെടുക്കുന്നതുമായ ആത്മീയ ശുദ്ധീകരണമാണ് കവിത (Refreshing the soul) 'Reminiscences of Experience' എന്ന് വേക്ക്മാൻ ഇതിനെ വിളിക്കുന്നു. കഥാർസിസിന്റെ ചികിത്സാപരമായ മൂല്യത്തെ ഉറപ്പിക്കുന്ന വാദമാണിത്.

സിന്ധു കെ.വിയുടെ തന്നെ 'ക്വാറന്റൈൻ' എന്ന കവിത പരിശോധിക്കാം. കോവിഡ് പത്തൊമ്പതിന്റെ പശ്ചാത്തലത്തിലാണ് സമകാലിക സമൂഹത്തിന്റെ നിഘണ്ടുവിൽ 'ക്വാറന്റൈൻ' എന്ന പദം ഇടം നേടുന്നത്. മുൻപരിചയങ്ങളില്ലാത്ത രോഗാതുര അന്തരീക്ഷത്തോട് ഗതകാല അനുഭവങ്ങളെ ചേർത്തുവയ്ക്കുകയാണ് ഈ കവിതയിൽ ചെയ്യുന്നത്. ഇവിടെ ഓർമ്മ തെറാപ്യൂട്ടിക്ക് അംശങ്ങളെ ഉൾക്കൊള്ളുന്നു.

> ഒരു മനുഷ്യജീവിയെക്കാണാനുള്ള വ്യഗ്രതയിൽ
> നാളുകൾക്കുശേഷം വീട്ടിൽനിന്നും പുറത്തിറങ്ങി
> അടുത്ത വീടുകളിലെല്ലാം അടഞ്ഞ വാതിലുകൾ
> വിജനമായ വഴികൾ പട്ടിയോടും
> പൂച്ചയോടും കോഴിയോടുമൊത്തു മിണ്ടിമിണ്ടി
> ഞങ്ങൾക്കിടയിലൊരു പൊതുഭാഷ
> രൂപപ്പെട്ടു എന്നിരുന്നാലും നമ്മളു മനുഷന്മാരല്ലേ?

(സിന്ധു, കെ.വി,.പു. 24)

മനുഷ്യൻ ഒരു സമൂഹജീവിയാണ്. ആ മനുഷ്യൻ തന്നിലേക്കു തന്നെ ഒറ്റപ്പെട്ടു പോകുന്നതിന്റെ ആന്തര സംഘർഷത്തിൽനിന്ന്, ഓർമ്മകളിലൂടെ സഞ്ചരിക്കുയാണ് 'ക്വാറന്റൈൻ' എന്ന കവിത. സ്പർശം (Touch) ഒരു തെറാപ്യൂട്ടിക് പ്രക്രിയയാണ്. തന്നിലേക്ക് മാത്രമായി ഒരു വ്യക്തിക്ക് എത്രനാൾ ജീവിക്കാം? യാഥാർത്ഥ്യത്തിൽ നിൽക്കുമ്പോഴും പിന്നിലേക്കുള്ള ഈ സഞ്ചാരം തെറാപ്യൂട്ടിക് അംശം ഉളവാക്കുന്നതായി കാണാം. അപരിചിതമായൊരു പുതിയ പരിതസ്ഥിതിയെ രോഗാതുരമായ മനുഷ്യസമൂഹം എങ്ങനെ അഭിമുഖീകരിച്ചു എന്നുകൂടി ഈ കാലഘട്ടം ഓർമ്മപ്പെടുത്തുന്നു.

> ചില സമയങ്ങളിൽ
> വിറയോടെ ഒരു മനുഷ്യജീവിയെ
> തൊടാനാഗ്രഹിച്ചിട്ടുണ്ട്
> ഊഷ്മളമായൊരു പുണരലിനു കൊതിച്ചിട്ടുണ്ട്

നിങ്ങളെനിക്കത് നിരസിക്കുകതന്നെ
ചെയ്തു അത്രയും അവജ്ഞയോടെ
അകറ്റിനിർത്തി സ്വയം പുതപ്പുപോലെ
ചൂടുപകർന്ന് എത്രനാൾ ഒരാൾ അയാളെ സംരക്ഷിക്കും?
(സിന്ധു, കെ.വി,.പു. 50)

മനുഷ്യർക്കിടയിലെ ആർദ്രമായ കൈത്താങ്ങാണ് പ്രാഥമികമായി ഒരു വ്യക്തിയെ നിലനിർത്തുന്നതെന്ന്ഈ കവിത സംവദിക്കുന്നു. അവയിലെല്ലാം കാണുന്നതും തെറാപ്യൂട്ടിക് ഘടകങ്ങളുടെ അംശമാണ്. മനുഷ്യന്റെ ചുറ്റുപാടുകളും ജീവിതപരിസരവും സാഹിത്യം കൃത്യമായി അടയാളപ്പെടുത്തുന്നുണ്ടെന്ന് ഇവിടെ നിന്നും വ്യക്തമാണ്.

**ഉപസംഹാരം**

സാഹിതീയ ചികിത്സാശാസ്ത്രം എന്നത് വിശാലമായ അന്തർവൈജ്ഞാനിക (Inter disciplinary) പഠനമേഖലയാണ്. ഈ മേഖലയുടെ വിവിധങ്ങളായ ആശയതലത്തിലേക്ക് നയിക്കുന്ന അന്വേഷണമാണ് കാവ്യഭാവുകത്വത്തിലെ തെറാപ്യൂട്ടിക്ക് വായന. സാഹിത്യം ഇവിടെ ചർച്ചചെയ്യപ്പെടുന്നതും അന്തർവൈജ്ഞാനികശാഖ എന്ന നിലയിലാണ്. കവിത എന്ന സാഹിത്യരൂപം ഉൾക്കൊണ്ടിരിക്കുന്ന ഇന്ദ്രിയാനുഭൂതിയുടെയും വൈകാരിക അനുഭൂതിയുടെയും തലങ്ങളെ ഭാവനയിലൂടെ സമന്വയിപ്പിക്കുകയാണ് ഇവിടെ ചെയ്യുന്നത്. ഇതിനായി കവിത എന്ന സർഗ്ഗാത്മക മാധ്യമത്തിൽ ഉൾക്കൊണ്ടിരിക്കുന്ന തെറാപ്യൂട്ടിക് ഘടകങ്ങളെയാണ് പഠനവിധേയമാക്കിയത്. മലയാള സാഹിത്യധാരയിൽ പുതിയൊരു വായനാസാധ്യതയാണ് തെറാപ്യൂട്ടിക് വായനമുന്നോട്ട് വയ്ക്കുന്നത്. സാഹിത്യം എന്ന പഠനമേഖല വിവിധ ജ്ഞാനമേഖലകളിലൂന്നി സമാന്തരമായൊരു വൈജ്ഞാനിക മേഖലയായി രൂപപ്പെടുന്നതിന് ഇത്തരം അന്വേഷണം സഹായകരമാകുന്നു.

വൈദ്യശാസ്ത്ര മാനവികതയുടെ നൂതന മുഖമായി പുതിയ കവിതകളെ പഠനവിധേയമാക്കിയപ്പോൾ അവ രണ്ടുരീതിയിൽ പ്രകടമാണ്. എഴുത്ത് എന്ന മാധ്യമം പ്രതിരോധമായും ആശ്രയത്വമായും മാറുന്നു. അടിച്ചമർത്തപ്പെട്ട വികാരങ്ങളിൽ നിന്നുള്ള വിരേചനം എഴുത്തിലൂടെ സാധ്യമാകുന്നുണ്ട്. ഡോണ മയൂരയുടെ 'യെല്ലോ സ്റ്റിക്കി', 'ലാവണ്ടർ' എന്നീ കവിതകളിൽ എഴുത്ത് എന്ന പ്രക്രിയ ആശ്രയത്വമാകുന്ന തെറാപ്യൂട്ടിക് വായനയായി കാണാം. അടിച്ചമർത്തപ്പെട്ട വികാരങ്ങളോടുള്ള തന്റെ പ്രതികരണത്തിന്റെ മാധ്യമമായി ഈ സന്ദർഭത്തിൽ കവിത മാറുന്നു. നൂതന കാവ്യഭാവുകത്വത്തിൽ ഓർമ്മ എന്ന

ഘടകത്തെ തെറാപ്യൂട്ടിക്കായി ഉപയോഗിക്കുന്നതിന്റെ സാധ്യതയാണ് സിന്ധു കെ.വിയുടെ 'ടച്ച് തെറാപ്പി' എന്ന കവിതയിൽ കാണുന്നത്. രോഗ ബാധിതമായ കോശം ഇല്ലാതാക്കുന്ന വൈദ്യശാസ്ത്ര പ്രക്രിയപോലെ സാഹിത്യം മനുഷ്യന്റെ മാനസികതലങ്ങളെ ചികിത്സിക്കുന്നു. ഇങ്ങനെ സാഹിത്യത്തിന് കേവലം ആസ്വാദ്യതമാത്രമല്ല ഉള്ളതെന്നും മറിച്ച് അവ മനുഷ്യന്റെ അബോധത്തെപ്പോലും സ്വാധീനിക്കുന്ന വൈദ്യശാസ്ത്ര രൂപമായി പ്രവർത്തിക്കുന്നുവെന്നും ഇവിടെ നിന്ന് മനസ്സിലാക്കാം. ശബ്ദം ഒരു ഊർജ്ജരൂപമാണ്. ശബ്ദാർത്ഥങ്ങളിൽനിന്ന് രൂപപ്പെടുന്ന സാഹിത്യം മറ്റൊരു ഊർജ്ജമായി പരിവർത്തനം ചെയ്യപ്പെടുന്നു. കാവ്യാത്മകമായ ഭാഷ രൂപപ്പെടുത്തുന്ന സർഗ്ഗാത്മക ഭാവനയിലെ തെറാപ്യൂട്ടിക് അംശ ങ്ങളെ വിലയിരുത്തിയാൽ അവ വൈദ്യശാസ്ത്ര മാനവികതയുടെ ആശയങ്ങളെ ഉൾക്കൊള്ളുന്നുവെന്ന് മനസ്സിലാക്കാൻ സാധിക്കുന്നു.

**കുറിപ്പുകൾ**

1. നാം ഒരു പ്രവൃത്തി ചെയ്യുമ്പോൾ സക്രിയമാക്കപ്പെടുന്ന ചില മസ്തിഷ്ക കോശങ്ങൾ അതേ പ്രവൃത്തി മറ്റൊരാൾ ചെയ്യുന്നത് കണ്ടാലും സമാനമായി സക്രിയമാക്കപ്പെടുന്നുണ്ട്. ഇവയാണ് ദർപ്പണ നാഡീകോശങ്ങൾ. മറ്റൊരാളുടെ ദുഃഖവും സന്തോഷവും ആവേശവു മൊക്കെ കണ്ടുനിൽക്കുന്ന നമുക്ക് സമാനമായ വികാരം ഉണ്ടാകുന്നതിന്റെ രഹസ്യം ഈ നാഡീകോശങ്ങളാണ്. നമ്മിൽ തന്മയീഭാവവും (empathy) സഹതാപവുമൊക്കെ ജനിപ്പിക്കുന്ന ഇത്തരം കോശങ്ങൾ സാമൂഹിക ബന്ധങ്ങളിൽ നിർണ്ണായകമാണ്

**ഗ്രന്ഥസൂചി**


1. ഗിരീഷ്, പി.എം. സാഹിത്യവായനയുടെ ജീവശാസ്ത്രം. തുഞ്ചത്തെ ഴുത്തച്ഛൻ മലയാള സർവകലാശാല: തിരൂർ, 2023.
2. നിത്യചൈതന്യയതി, മനഃശാസ്ത്രം ജീവിതത്തിൽ. ഡി.സി. ബുക്ക്സ്: കോട്ടയം, 1987.
3. പോൾ, എം.എസ്. ഉത്തരാധുനിക കവിത പഠനങ്ങൾ. കേരള സാഹിത്യ അക്കാദമി: തൃശ്ശൂർ, 2014.
4. മയൂര, ഡോണ. നീല മൂങ്ങ. ഇൻസൈറ്റ് പബ്ലിഷേഴ്സ് കോഴിക്കോട്, 2012.
5. രാമചന്ദ്രൻ, വി.എസ്, മസ്തിഷ്കം കഥപറയുന്നു. വിവ. രവിചന്ദ്രൻ, സി. ഡി.സി. ബുക്ക്സ്: കോട്ടയം, 2016.

6. സിദ്ദിഖ്, എം.എ.(ഡോ.) ലിറ്ററി തെറാപ്പി, ലോഗോസ് ബുക്ക്സ്, 2024.

7. സിന്ധു, കെ.വി. നിറയെ നാരുള്ള നേരങ്ങൾ, സാഹിത്യപ്രവർത്തക സഹകരണസംഘം: കോട്ടയം, 2023.

8. ജോസഫ് സ്കറിയ (ഡോ.). ഇന്ദ്രിയാനുഭവങ്ങളും ഭാഷയും. ഭാഷാപോഷിണി, 47, 4 (ഏപ്രിൽ 2023) 30–35.

9. Hedges, Diana. Poetry, Therapy and Emotional Life, Radcliffe Publishing: New York, 2013.

**ഓൺലൈൻ റഫറൻസുകൾ**

1. https://societyforpsychotherapy.org/book-review-the-therapeutic-imagination/

2. https://pmc.ncbi.nlm.nih.gov/articles/PMC3031316/

3. https://thepolyphony.org/2022/07/07/the-long-history-of-the-medical-humanities/

# ഫോക്‌ലോറിന്റെ നവീനമുഖം; അർബൻഫോക്‌ലോറിന്റെ സാധ്യതകൾ

**വിനയ്. പി. ദാസ്**
ഒന്നാം വർഷം ബി.എഡ് മലയാളം
Kerala University College Of Teacher Education, Aryad, Alappuzha

**പ്രബന്ധസംഗ്രഹം**

ജനജീവിതവുമായി ബഹുവിധത്തിൽ ബന്ധപ്പെട്ടിരിക്കുന്ന ആന്തരികവും ബാഹ്യവുമായ എല്ലാഘടകങ്ങളുടെയും മിശ്രണമാണ് സംസ്കാരം. വ്യവസായവത്കരണവും നഗരവത്കരണവും പിന്നിട്ട് ഉത്തരാധുനിക യുഗത്തിൽ (Late modernism) ജനജീവിതം എത്തിനിൽക്കുമ്പോൾ, വൈവിധ്യങ്ങളായ സ്വരൂപിക്കലിന്റെയും കീഴടങ്ങലിന്റെയും ഉപേക്ഷിക്കലിന്റെയും കർമ്മപരിപാടികളിലൂടെ സംസ്കാരം കടന്നുപോകുന്നുണ്ട്. ആഗോളസംസ്കാരമായി വളരുമ്പോഴും തനത്സ്വത്വം നിലനിർത്താനും തങ്ങളുടെ വംശീയവ്യക്തിത്വം (Ethnic Identity) നിലനിർത്താനും മനുഷ്യർ നിരന്തരമായ ശ്രമങ്ങൾ തുടരുകയാണ്. സാമൂഹികനരവംശശാസ്ത്ര (Social Anthropology) വീക്ഷണത്തിലൂടെയും സാംസ്കാരപഠന (Cultural Studies) ശാഖയുടെയും വീക്ഷണത്തിലൂടെ സമീപിക്കുമ്പോൾ ഫോക്‌ലോർ പഠനത്തിൽ ഇതുവരെയും നിലനിന്നിരുന്ന പലധാരണകളും മാറേണ്ടതുണ്ടെന്ന് വ്യക്തമാകും. സംസ്കാരത്തെയും അതിനുള്ളിലെ വ്യത്യസ്തങ്ങളായ ഉപസംസ്കാരങ്ങളെയും സവിശേഷമായി പഠനവിധേയമാക്കിക്കൊണ്ട് അവയിലെ പ്രാക്തനമായ അംശങ്ങളെ നിലനിർത്തുവാനും അവയുടെ രൂപമാറ്റത്തെ കൃത്യമായി അടയാളപ്പെടുത്തുവാനും പ്രാപ്തമായ വിജ്ഞാനശാഖയായി ഫോക്‌ലോർപഠനം മാറേണ്ടതുണ്ട്. എന്നാൽ പഴമയുടെ പഠനം എന്ന നിലയിൽ മാത്രം ഒതുങ്ങിപ്പോവുന്ന ഫോക്‌ലോറിൽ കാലികമായ മാറ്റങ്ങൾ വരുത്തേണ്ടതിന്റെ സാംഗത്യത്തെക്കുറിച്ച് ചിന്തിക്കുകയാണ് ഈ പഠനം.

**താക്കോൽ വാക്കുകൾ**

ഫോക്‌ലോർ, നഗരികത (Urbanism), നാഗരിക ഫോക് (Urban Folk), നിഗൂഢഭാഷ (Esoteric language), നിർദ്ദിഷ്ട സാംസ്കാരിക മേഖലയെ (Cultural Zone), വിനിമയശൃംഖലയാൽ (Network of Communication), നഗരകേന്ദ്രമേഖലയെന്നും (High Inreractive Zone), തീവ്രസമ്പർക്കമേഖല (High Inreractive Zone) , ലോലസമ്പർക്കമേഖലയെ മേഖല (Low Inreractive Zone), മദ്ധ്യവർത്തിമേഖല (Medium interactive Zone)

സാമൂഹികാവിഷ്കാരങ്ങൾക്കായി ഒരുവിഭാഗം ആളുകൾ തുല്യമായി പങ്കിടുന്ന സാംസ്കാരിക മൂലകങ്ങളാണ് ഫോക്‌ലോർ (Folklore) അഥവാ നാട്ടറിവുകൾ. പഴമപഠനം എന്നനിലയിൽ മാത്രം ഫോക്‌ലോറിനെ മനസ്സിലാക്കുന്നതും പഴമയിലൂന്നിക്കൊണ്ട് ഗവേഷണത്തിന് ശ്രമിക്കുന്നതും ഈ ശാഖയുടെ പരിണാമസ്വഭാവ ത്തെയും ശാസ്ത്രീയതയെയും നിരാകരിക്കുന്നതിലേക്ക് വഴിവയ്ക്കു മെന്നത് തീർച്ചയാണ്. ഫോക്‌ലോർ വിജ്ഞാനീയം ഇനിയും നഗര ത്തെയും നാഗരികസംസ്കാരത്തെയും പഠനമേഖലയുടെ കാതലായ വശത്തേക്ക് കൊണ്ടുവരാൻ വിമുഖത കാണിക്കുന്നുവെന്ന് കാണാം. സമകാലിക സമൂഹത്തിൽ അതിജീവനത്തിനും നിലനിൽപ്പിനുമായി മനുഷ്യർ നിരന്തരമായ പലായനങ്ങളും കുടിയേറ്റങ്ങളും നടത്തിക്കൊണ്ടി രിക്കുകയാണ്. ഈ സ്ഥാനവിപര്യയത്തിനൊപ്പം അതത് ഫോക്കിനിടയിൽ നിലനിൽക്കുന്ന ലോറുകൾ രാജ്യത്തിനുള്ളിൽത്തന്നെ വ്യത്യസ്ത നഗരങ്ങളിലേക്കും വിദേശരാജ്യങ്ങളിലേക്കും കൈമാറ്റം ചെയ്യപ്പെടുന്നു വെന്നതാണ് സാമൂഹികയഥാർത്ഥ്യം. എന്നാൽ ഗ്രാമങ്ങളിൽനിന്നും നഗരങ്ങളിലേക്കും തിരിച്ചും സ്ഥാനമാറ്റത്തിലൂടെ കലർപ്പുകൾ സംഭവിക്കുന്ന ഈ അറിവുരൂപങ്ങളെ കൃത്യമായി ശേഖരിക്കുവാനും അപഗ്രഥനാത്മകമായി പഠിക്കുവാനും ഫോക്‌ലോർ എന്ന വിജ്ഞാന ശാഖയ്ക്ക് ഉണ്ടായിരുന്ന പരിമിതിയെന്നത് നഗരത്തെ അതിന്റെ സമഗ്രതയിൽ പഠനവിധേയയമാക്കുന്നതിൽ പരാജയപ്പെട്ടു എന്നതാണ്. അനുഭവങ്ങളുടെയും അറിവുകളുടെയും ഗ്രാമീണ മണ്ഡലത്തിൽ നിന്നും നഗരസജ്ജീകരണങ്ങളിലേക്ക് പറിച്ചുനട്ട ഫോക് സമൂഹത്തിന്റെ ജ്ഞാനമാതൃകകൾ മനസ്സിലാക്കുന്നതിനായി നഗരത്തെ വംശപരവും വർഗ്ഗപരവുമായ വിഭാഗങ്ങളായി (Ethnic and Generic Compartments) വേർതിരിച്ചു കാണാൻ ഫോക്‌ലോർ മേഖല ശ്രമിക്കുന്നു. ഈ സമീപനം നഗരികതയെ (Urbanism) ഭൗമശാസ്ത്രപരവും പാരിസ്ഥിതികവുമായ

പ്രതിഭാസമായും നഗരത്തെ (City) കൃത്യമായ ഇടത്തിൽ (Space) ബന്ധിച്ച് നിർത്തിയിരിക്കുന്ന ഭൗതിക അസ്തിത്വമായും മാത്രം മനസ്സിലാക്കുന്നു. എന്നാൽ ഈ സമീപനത്തിലൂടെ നിരാകരിക്കപ്പെടുന്നത് നഗരത്താൽ സ്വാധീനിക്കപ്പെടുന്ന മനുഷ്യന്റെ പ്രകടനാത്മക സ്വഭാവത്തെയാണ് (Expressive Behaviour). മാനസിക, ബൗദ്ധിക, ആവിഷ്കാരമാതൃകകളെ സ്വാധീനിക്കുന്നതിൽ നഗരാനുഭവങ്ങൾക്കുള്ള പങ്കിനെ ഫോക് വിജ്ഞാനീയത്തിന്റെ വീക്ഷണത്തിലൂടെ നോക്കുകയും പഠനവിധേയമാക്കുകയും ചെയ്യുകയാണ് നാഗരികഫോക്‌ലോർ.

പഠനസൗകര്യാർത്ഥം നാഗരികഫോക്കിനെ (Urban Folk) വ്യത്യസ്ത സാംസ്കാരിക ഉപവർഗ്ഗങ്ങളായി (Subcultures) തരംതിരിക്കേണ്ടത് അനിവാര്യമാണ്. നാഗരിക ജീവിതാനുഭവങ്ങളെ അവയുടെ പൂർണമായ അർത്ഥത്തിൽ മനസ്സിലാക്കുവാൻ കൃത്യമായ വിനിമയ ശൃംഖലയാൽ (Network of Communication) പരസ്പരം ബന്ധിക്കപ്പെട്ട നാഗരിക ഉപസംസ്കാരങ്ങളുടെ പഠനത്തിലൂടെ മാത്രമേ സാധ്യമാവുകയുള്ളൂ. ഈ സാംസ്കാരിക ഉപവർഗ്ഗങ്ങൾക്കിടയിൽ കൃത്യമായ സംവേദനം സാധ്യമാക്കുന്ന പദപ്രയോഗങ്ങൾ, അർത്ഥതലങ്ങൾ, ചിഹ്നങ്ങൾ, നിഗൂഢഭാഷ (Esoteric language), സംഗീതം, പുരാവൃത്തങ്ങൾ എന്നിവ നിലനിലക്കുന്നു. ഒരു പൊതുവിനിമയസംവിധാനത്തിന്റെ (Common System of Communication) പിന്തുണയ്ക്കുവാനുണ്ടെങ്കിൽ മാത്രമേ ഇവയ്ക്ക് അർത്ഥസാധുതയുണ്ടാവുകയുള്ളൂ. വിനിമയസംവിധാനത്തിനുള്ളിൽ (System of Communication) ഫോക്‌ലോറിനുള്ള സ്ഥാനത്തെ വിവരിക്കുകയും വിലയിരുത്തുകയും ചെയ്യുക എന്നത് ഒരു നിർദ്ദിഷ്ട സാംസ്കാരികമേഖലയെ (Cultural Zone) പഠനവിധേയമാക്കുന്നതിനു പിന്നിലെ സുപ്രധാന ഘടകമാണ്.

സാംസ്കാരികലോകം (Cultural World) വിസ്തൃതവും അമൂർത്തവുമാണ് (Amorphous). അതിന്റെ കാഴ്ചകളിൽ ക്രിയാത്മകമായ അംശവും ദൃശ്യപരമായ അംശവും അടങ്ങിയിരിക്കുന്നുവെന്ന് സൂക്ഷ്മവായനയിൽ കാണാനാവും. ഉദാഹരണത്തിന് ഫുട്ബോൾ സ്റ്റേഡിയത്തിനുള്ളിലെ ഫോക്പ്രവർത്തനങ്ങളെ തിരഞ്ഞെടുക്കാം, ഇവിടെ കായികമായ പ്രവർത്തനങ്ങളിൽ മുഴുകിയിരിക്കുന്നത് എണ്ണപ്പെട്ട കായികതാരങ്ങൾ മാത്രമാണെങ്കിലും, അവരോടൊപ്പം തന്നെ വൈകാരികമായി അതിൽ മുഴുകിയിരിക്കുന്നത് ദൃശ്യപരമായിമാത്രം ആ കായിക മത്സരത്തിൽ ഇടപഴകുന്ന സ്റ്റേഡിയത്തിലെ ഫോക് സമൂഹമാണ്. ഇവിടെ പഠനവിധേയമാകുന്നത് രണ്ട് വ്യത്യസ്ത സാംസ്കാരിക ഉപ

വർഗ്ഗങ്ങളാണ് (Subcultures). പ്രകടനാത്മക സ്വഭാവമുള്ള ഒരുരംഗവും അതിനെ ആശ്രയിച്ചു നിൽക്കുന്ന മറ്റൊരുരംഗവും ഒരേസമയം ദൃശ്യ മാകുന്നുണ്ട്. നാഗരിക ഫോക്സമൂഹത്തിനുള്ളിൽ എന്തൊക്കെ വ്യവഹാരങ്ങളാണ് നടക്കുന്നതെന്ന് മനസ്സിലാക്കുവാൻ ഈ ഒരു സാഹചര്യം തന്നെ ഒരു ഫോക്‌ലോറിസ്റ്റിനെ സംബന്ധിച്ച് വിലപ്പെട്ട ഉപാദാനമാണ്. ഇത്തരത്തിൽ നാഗരികസാഹചര്യങ്ങളെ (Urban Context) അവയുടെ ഇടപെടലുകളുടെയും (Interaction) സ്വാധീനത്തിന്റെയും അടിസ്ഥാനത്തിൽ കൃത്യമായി തരംതിരിക്കാനാവുന്നതാണ്. ഏറ്റവും അധികം ജനങ്ങൾ മുഖാമുഖസമ്പർക്കം പുലർത്തുന്ന മേഖലയെ തീവ്രസമ്പർക്കമേഖലയെന്നും (High Inreractive Zone) ദൃശ്യപരമായി മാത്രം ജനങ്ങൾ ഇടപഴകുന്ന ലോലസമ്പർക്കമേഖലയെ മേഖല (Low Inreractive Zone) എന്നും രണ്ടിന്റെയും ഇടയിൽ നിൽക്കുന്ന മേഖലയെ മദ്ധ്യവർത്തിമേഖല (Medium interactiveZone ) എന്നും തരംതിരിക്കാം.

മേൽപ്പറഞ്ഞ സന്ദർഭത്തിലെ പ്രകടനസ്വഭാവവും അതിനെ തുടർന്ന് ദൃശ്യപരമായി അതിൽ പങ്കാളികളാകുന്ന സമൂഹത്തിന്റെ സ്വഭാവവും പ്രത്യക്ഷമായും പരോക്ഷമായും സമൂഹത്തിൽ വ്യത്യ സ്തമായ ചലനങ്ങൾ സൃഷ്ടിക്കുന്നു. ഇവ പലപ്പോഴും ഗുണകരമായോ ദോഷകരമായോ പ്രതിഫലിക്കാൻ സാധ്യതയുണ്ട്. ഉദാഹരണത്തിന് വിഖ്യാതനായ അർബൻ ഫോക്‌ലോർ പഠിതാവ് മാർട്ടിൻലാബ (Martin Laba) പാശ്ചാത്യഫോക്‌ലോർ (Western Folklore) എന്ന ഗ്രന്ഥത്തിൽ നഗരങ്ങളിലെ മദ്യശാലകളിൽ സ്ട്രിപ്പേർസ് (Strippers) ആയി അഥവാ മാദകനൃത്തം ആടുന്നവരായി തൊഴിൽചെയ്യുന്ന നിരവധി സ്ത്രീകളെ ആസ്പദമാക്കി നടത്തിയ ഒരു ഫീൽഡ് വർക്കിന്റെ പഠനഫലമനുസരിച്ച് അവരുടെ തൊഴിലിന്റെ പ്രകടനപരമായ (Expressive Nature) അംശംമൂലം സ്വാധീനിക്കപ്പെടുന്നത് കാഴ്ചക്കാരുടെ പെരുമാറ്റം കൂടിയാണ് എന്നത് ശ്രദ്ധേയമാണ്. ഈ തൊഴിൽ സമൂഹത്തിൽ നിന്ന് ശേഖരിച്ച ദത്തങ്ങൾ പ്രകാരം, അവരുടെ ജീവിതസാഹചര്യങ്ങളും സ്വഭാവങ്ങളും വ്യത്യ സ്തമാണെങ്കിലും സമാനമായ അനുഭവങ്ങളാണ് അവർക്ക് തൊഴിലിട ത്തിൽ ഉണ്ടാകുന്നത് എന്ന് മാർട്ടിൻലാബ കണ്ടെത്തുന്നു. ബാർഹോട്ട ലുടമകളുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നർത്തകിമാർ ഉപഭോ ക്താക്കളോടൊത്ത് ഊർജ്ജസ്വലമായി നൃത്തമാടുന്നത് മദ്യവില്പനയുടെ അളവ് വർദ്ധിപ്പിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ പ്രകടനസ്വഭാവം പലപ്പോഴും സ്ട്രിപ്പേർസിന്റെ തൊഴിലിടത്തിലെയും സമൂഹത്തിലെയും സുരക്ഷയെ ബാധിക്കുകയും നിരവധി ദുരനുഭവങ്ങ ളിലേക്കും നിയമനടപടികളിലേക്കും നയിക്കുകയും ചെയ്യുന്നുവെന്ന് ലാബ വ്യക്തമാക്കുന്നു.

ഇത് സാമൂഹികസുരക്ഷയെ ബാധിക്കുന്നതും പുരുഷന്മാരുടെ പെരുമാറ്റഗതിയെ (Customary patterns)ക്കുറിച്ച് നിർണായകമായ വിവരങ്ങൾ നല്കുന്നതുമായ ഫോക്‌ലോർ പഠനത്തിന്റെ ഒരു ഉദാഹരണമാണ്. പ്രകടനപരമായ നാഗരികഫോക്‌ലോറുകളുടെ പെരുമാറ്റരീതികളെക്കുറിച്ചുള്ള പഠനവും ദത്തശേഖരണവും പ്രസ്തുത നാഗരിക സാഹചര്യങ്ങളിൽ കൃത്യമായ നിയന്ത്രണം ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകതയിലേക്ക് വിരൽചൂണ്ടുന്നു. നാഗരികഫോക്‌ലോർ പഠനത്തിന്റെ പ്രയുക്തമായ സാധ്യതയെയാണ് ഇതിലൂടെ വ്യക്തമാക്കാൻ ശ്രമിച്ചത്. മേല്പറഞ്ഞ വിധത്തിലുള്ള സമീപനം ഈ മേഖലയോട് പുലർത്തിയാൽ മാത്രമേ പുതിയ ലോറുകളെ സ്വീകരിച്ചുകൊണ്ട് നവീകരണശ്രമം നടത്തിക്കൊണ്ടേയിരിക്കുന്ന സാമൂഹിക സാഹചര്യത്തെ രേഖപ്പെടുത്തുവാനും അപഗ്രഥനവിധേയമായി പഠിക്കുവാനും ഈ പഠനശാഖയ്ക്ക് സാധിക്കുകയുള്ളൂ.

**അർബൻ ഫോക്ലോർ; അറിവ്പുതുക്കൽ**

ആധുനികസാങ്കേതികത, മാറുന്ന വിനിമയരീതികൾ എന്നിവ സങ്കൽപ്പനങ്ങളിലും ആവിഷ്കാരങ്ങളിലും ജീവിതരീതിയിലും മോഹങ്ങളിലും വൈകാരിതയിലും കൊണ്ടുവന്നമാറ്റങ്ങളെ അടയാളപ്പെടുത്താൻ നാഗരികഫോക്‌ലോർ തികച്ചും ഉചിതമായ ഉപകരണമാണ്. നഗരം ശ്രദ്ധാകേന്ദ്രമാകുന്നതിനു പകരം നഗരത്തിലേക്ക് എല്ലാവരുടെയും ശ്രദ്ധക്ഷണിക്കുവാനും നഗരത്തിൽ നിക്ഷിപ്തമായ അറിവുകൾ ശേഖരിക്കാനും അവലോകനം ചെയ്യാനുമാണ് നാഗരികഫോക്‌ലോർ പഠനങ്ങൾ ശ്രമിക്കുന്നത്.

ഫോക്‌ലോറിന്റെ ചരിത്രലക്ഷ്യങ്ങളിൽ ഒന്ന് ഒരു വലിയവിഭാഗം ജനതയുടെ പൊതുസവിശേഷതകൾ കണ്ടെത്തി അവരെ ഒന്നിച്ചുകൂട്ടുക എന്നതായിരുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ അർബൻ ഫോക്‌ലോർ, സോഷ്യലിസ്റ്റ് പ്രക്ഷോഭകരുടെ ശ്രദ്ധയാകർഷിച്ചതിന്റെ പ്രധാനഘടകം നഗരങ്ങളിലെ ഫാക്ടറിത്തൊഴിലാളികളുടെ ലോറുകളാണ്. അവയിൽനിന്ന് ബഹുജനത്തൊഴിലാളികളെ വിപ്ലവത്തിന് അണിനിരത്തുന്നതിന് ഉപയുക്തമായ ശക്തമായ ചിഹ്നങ്ങൾ അവർ കണ്ടെത്തുകയും ചെയ്തു.

സമകാലിക സാഹചര്യത്തിൽ നാഗരികഫോക്‌ലോറിന്റെ ലക്ഷ്യങ്ങൾ കുറേക്കൂടി വിപുലവും മാനവികവുമാണ്. (Humanitarian) ആഗോള

സംസ്കാരത്തിലേക്ക് നിരന്തരമായ പരിവർത്തനം നടത്തിക്കൊണ്ടിരിക്കുകയാണ് സമൂഹം. ഗ്രാമങ്ങളെല്ലാം തന്നെ അർദ്ധനഗരങ്ങളായിക്കൊണ്ടിരിക്കുന്ന പരിവർത്തനകാലഘട്ടത്തിൽ (Transitional Period) ഗ്രാമീണലോറുകൾ മാത്രം പഠനവിധേയമാക്കുന്ന ശാഖയായി ഫോക്‌ലോർവിജ്ഞാനീയം നിലനിന്നാൽ നിരന്തരം നിർമ്മിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ഫോക് സമൂഹത്തിന്റെ ജ്ഞാനമാതൃകകൾ രേഖപ്പെടുത്തപ്പെടാതെ പോകുന്നതിന് അത് വഴിവയ്ക്കും.

മനുഷ്യന്റെ സജീവപാരമ്പര്യങ്ങളെയും സർഗ്ഗാത്മകാവിഷ്കാരങ്ങളെയും അപഗ്രഥനവിധേയമായി പഠിക്കാനും ജീവിതാവസ്ഥകളെ കൂടുതൽ പരിചയപ്പെടാനുമുള്ള ഉപാധിയായിക്കൂടിയാണ് ഈ മേഖല പ്രവർത്തിക്കുന്നത്. മാത്രമല്ല ഫോക്‌ലോറുകളുടെ പ്രയുക്തസാധ്യതകളെ അറിയുവാനുംപഠിക്കുവാനും അവ എങ്ങനെ കച്ചവടതാത്പര്യങ്ങളുടെ വർദ്ധനവുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നും ലോകസംസ്കാരങ്ങളിലും അവരുടെ അറിവുരീതികളിലും മറ്റും എങ്ങനെ പ്രവർത്തിക്കുന്നുവെന്നും മനസ്സിലാക്കാനും ഫോക്‌ലോർ പഠനത്തിന്റെ സമകാലികവത്കരണം കൊണ്ടു സാധിക്കും. ജീവിതചര്യകളെയും ആഘോഷങ്ങളെയും വസ്ത്രധാരണത്തെയും ഭാഷയേയും ആഖ്യാനസമ്പ്രദായങ്ങളെയും ഭാവനയെയും ഗൃഹാതുരതയെയും തനതുരുചികളെയും വർഗ്ഗ-വർണ്ണ വ്യവസ്ഥകളെയും സ്ഥാപിതതാത്പര്യങ്ങളെയും സംരക്ഷിക്കാനും പ്രചരിപ്പിക്കാനുമുള്ള ഉപാധിയായി ഫോക്‌ലോറിനെ തിരഞ്ഞെടുക്കാറുണ്ട്. പഠിതാക്കളുടെ സമീപനങ്ങൾ അല്ലെങ്കിൽ അന്വേഷണരീതികൾ എന്നിവ വ്യക്തിഗതവിഭവമായോ നയപരിവർത്തനോപാധിയായോ അവസ്ഥകൾ മാറ്റുന്നതിനോ ഉപയോഗിക്കുന്നതിനെ പ്രായോഗികഫോക്‌ലോർ എന്നുവിളിക്കുന്നു.

അർബൻഫോക്‌ലോർ പൂർണമായും നാഗരികതയുടെ പലതലങ്ങളെ സൂക്ഷ്മപഠനത്തിന് വിധേയമാക്കുന്നു. അർബൻഫോക് എന്ന പദംതന്നെ നഗരികതയുടെയും ജനാധിപത്യവത്കരണത്തിന്റെയും സാമ്പത്തിക ഉച്ചനീചത്വങ്ങളുടെയും പലതലങ്ങളെ ചൂണ്ടിക്കാണിക്കുകയാണെന്നുവരുമ്പോൾ നാഗരികഫോക്കിനൊപ്പം തെരുവിന്റെ ഫോക് അഥവാ (Street Folk) എന്ന വിഭാഗവും പഠനവിധേയമാകേണ്ടതുണ്ട്. നഗരനിർമ്മിതിയിൽ അഥവാ നഗരാനുഭവനിർമ്മിതിയിൽ പങ്കുകാരാവുന്ന, ഒരുപക്ഷേ നഗരാനുഭവങ്ങളുടെ ഏറ്റവും ദുഷ്കരവും അസുഖകരവുമായ സാഹചര്യങ്ങളിലൂടെ കടന്നുപോകുന്ന ഒരുകൂട്ടം ജനങ്ങളുടെ ലോറുകളാണ് ഇവിടെ പഠനവിധേയമാകുന്നത്. ചുമട്ടുതൊഴിലാളികൾ,

ലൈംഗികത്തൊഴിലാളികൾ, കൊള്ളസംഘങ്ങൾ, ഗുണ്ടാസംഘങ്ങൾ, ശുചീകരണത്തൊഴിലാളികൾ, യാചകർ തുടങ്ങി മുഖ്യധാരാനാഗരിക സമൂഹത്തിന്റെ സാമൂഹികസാഹചര്യങ്ങളും അറിവുമാതൃകകളും ജീവിതരീതികളും അന്യമാകുന്ന വിഭാഗങ്ങളുടെ ജ്ഞാനമാതൃകകൾ അറിഞ്ഞിരിക്കേണ്ടതിന്റെ ആവശ്യകതയെയാണ് തെരുവിന്റെ ഫോക്‌ലോർ (Street Folklore) ചൂണ്ടിക്കാട്ടുന്നത്. ഇത് അർബൻ ഫോക്പഠനത്തിന്റെ ഒരു ഉപമേഖലയാണ്.

നാഗരികത (Urbanism) എന്നത് ഫോക്‌ലോർ വിഭവങ്ങളുടെ (Folkloric Resources) ലഭ്യതയെ അടിസ്ഥാനമാക്കിയുള്ള നിർമ്മിതിയായതിനാൽത്തന്നെ സമാനമായ വിനിമയശൃംഖലയിലുള്ള ഉപവർഗ്ഗങ്ങളെയും അവരുടെ ഇടയിൽ നിലനിൽക്കുന്ന പാരസ്പര്യത്തിന്റെ മാതൃകകളെയും സവിശേഷശ്രദ്ധയോടെ പഠിക്കേണ്ടത് മലയാളത്തിന്റെ ഫോക്‌ലോർ മേഖലയെ ജനവിജ്ഞാനപഠനമായി ഉയർത്താൻ അനിവാര്യമാണ്.

നിലനിൽക്കുന്ന വിനിമയസാഹചര്യങ്ങളിൽ മനുഷ്യരുടെ അഭിരുചികൾ ഏതുവിധമാണെന്നും അവയെ സ്വാധീനിക്കുന്ന മുതലാളിത്ത, മാധ്യമ, നാഗരിക, വിശ്വാസ, രാഷ്ട്രീയസംഹിതകൾ എന്തൊക്കെയാണെന്നും അപഗ്രഥനവിധേയമായി പഠിക്കുവാൻ കഴിഞ്ഞാൽ അത് ജീവിതത്തിന്റെ പുരോഗതിയിലേക്കുപോലും നയിച്ചേക്കാം. തൊഴിലാളികളുടെ ലോറുകൾ എപ്രകാരമാണ് വിദ്യാർത്ഥികളുടെ ലോറുകളോട് സംവദിക്കുന്നത്, ടെലിവിഷൻ സീരിയലുകളുടെ ലോറുകൾ എങ്ങനെയാണ് കുടുംബപ്രേക്ഷകരുടെ ജീവിതത്തെ സ്വാധീനിക്കുന്നത്, വിശ്വാസസംഹിതകൾ എങ്ങനെയാണ് കലാരൂപങ്ങളെ സ്വാധീനിക്കുന്നത് എന്നെല്ലാം കണ്ടെത്തുന്നത് ഒരുസമൂഹത്തിന്റെ പുരോഗതിയുടെ അളവുകോൽ കൂടിയാണ്. പലപ്പോഴും പഠിതാക്കൾ ശ്രദ്ധിക്കാതെ പോകുന്ന ഉപവർഗ്ഗങ്ങളുടെയിടയിലെ ഈ വിനിമയം എത്രത്തോളം മനസ്സിലാക്കുന്നോ അത്രയധികം സൂക്ഷ്മമായി സമൂഹത്തിന്റെ പൊതുവായ പെരുമാറ്റരീതികളെയും സ്വഭാവങ്ങളെയും മനസ്സിലാക്കുവാൻ സാധിക്കും.

ഉദാഹരണമായി പ്രൈവറ്റ്ബസ് ജീവനക്കാരുടെ ലോറുകളും വിദ്യാർത്ഥികളുടെ ലോറുകളും തമ്മിലുള്ള വിനിമയം സവിശേഷമായ ശ്രദ്ധയർഹിക്കുന്ന ഫോക്പഠനമേഖലയ്ക്ക് ഒരുദാഹരണമാണ്. ഇവിടെ അനുദിനയാത്രയിൽ ബസ് സംബന്ധമായി പ്രയോഗിക്കപ്പെടുന്ന പദങ്ങൾ, നേരിടുന്ന പ്രതിസന്ധികൾ, യാത്രാ സംബന്ധമായ സൗകര്യങ്ങളുടെ

ലഭ്യതയും അലഭ്യതയും, ബസ് തൊഴിലാളികളുടെ സമരങ്ങളാലും പ്രതിഷേധങ്ങളാലും തടസ്സപ്പെടുന്ന വിദ്യാഭ്യാസം തുടങ്ങി നിരവധി സാമൂഹികവും നാഗരികവുമായ ഫോക് സാഹചര്യങ്ങൾ നിലനിൽക്കുന്നു. ഇത് കൃത്യമായി ശേഖരിക്കപ്പെടുകയും പഠനവിധേയമാക്കുകയും ചെയ്താൽ മാത്രമേ സമൂഹത്തിൽ സന്ദർഭോചിതമായ ഇടപടലുകൾ നടത്താനും ഫോക്പ്രശ്നങ്ങളെയും പ്രവർത്തനങ്ങളെയും അവയുടെ വിനിമയസംവിധാനത്തിനുള്ളിൽ (System of Communication) നിന്നുകൊണ്ട് മനസ്സിലാക്കാനും വ്യക്തികൾ, സംഘടനകൾ, രാഷ്ട്രം മുതലായ സംവിധാനങ്ങൾക്ക് സാധിക്കുകയുള്ളൂ. ഒരു വിനിമയ പ്രക്രിയയ്ക്കുള്ളിലെ അംശങ്ങൾ (ഘടകങ്ങൾ) തമ്മിലുള്ള ബന്ധങ്ങളെ വിശകലനം ചെയ്യുന്ന അല്ലെങ്കിൽ വിലയിരുത്തുന്ന വ്യവഹാരത്തെ മെറ്റാകമ്യൂണിക്കേഷൻ എന്നുവിളിക്കാം. ഒരു ഫോക്‌ലോർ രൂപത്തെ വിശദീകരിച്ചുകൊണ്ടോ വിലയിരുത്തിക്കൊണ്ടോ ഉരുവപ്പെടുന്ന ഫോക്‌ലോറാണ് മെറ്റാഫോക്‌ലോർ. പഴഞ്ചൊല്ലിൽപതിരില്ല എന്ന പഴ ഞ്ചൊല്ല് ആ ജനുസ്സിനെ വിശകലനം ചെയ്തുകൊണ്ട് രൂപംകൊണ്ടതാണ് എന്നതുപോലെതന്നെയാണ് മെറ്റാഫോക്‌ലോറും പ്രവർത്തിക്കുന്നതെന്ന് ചുരുക്കം.

### അർബൻ ഫോക്‌ലോർ സാധ്യതകൾ

ഫോക്‌ലോർ എന്നത് ഒരു വലിയവിഭാഗം മനുഷ്യരുടെ വിനിമയ ശൃംഖലയ്ക്കുള്ളിൽ അവർ പരസ്പരം പങ്കുവയ്ക്കുന്ന ജ്ഞാനമാതൃകകളെ പഠനവിധേയമാക്കുന്നുണ്ടെങ്കിലും, ഓരോ ഫോക് സമൂഹത്തിനുള്ളിലും ഉപവർഗ്ഗങ്ങളുണ്ടെന്നും അവർ സമാനമായ വിനിമയ സംവിധാനത്തിനുള്ളിൽത്തന്നെ വ്യതിരിക്തമായ അസ്തിത്വം സൂക്ഷിക്കുന്നുവെന്നും പഠിക്കാൻ സമകാലിക ഫോക്‌ലോർപഠനം ശ്രമിക്കുന്നു. ആദ്യകാല ഫോക്പഠനങ്ങളുടെ പട്ടണപ്പാട്ടുകൾ, ഗ്രാഫിറ്റികൾ, ക്ഷണലോറുകൾ, യാനസംബന്ധിയായ ആഖ്യാനങ്ങൾ എന്നിവയായിരുന്നു ശേഖരണത്തിനും അപഗ്രഥനത്തിനും വിധേയമായിരുന്നതെങ്കിൽ ഇന്ന് നഗരമെന്ന ഇടത്തിന്റെ വ്യാപ്തിയും സാധ്യതകളും ഉൾക്കൊള്ളാൽ ശേഷിവർദ്ധിച്ചതിനൊപ്പം നാഗരിക ഫോക്‌ലോർ എന്ന മേഖലയുടെ സാധ്യതകളും ഉയർന്നിരിക്കുകയാണ് . പലഗ്രാമങ്ങളിലും നിന്ന് മനുഷ്യർ അതിജീവനത്തിന്റെ ഭാഗമായി നഗരങ്ങളിലേക്ക് കുടിയേറുമ്പോൾ ഗ്രാമീണസ്വത്വങ്ങൾ നഗരപാരമ്പര്യങ്ങളാൽ രൂപാന്തരപ്പെടുന്നുണ്ട്. അതിനെ സൂക്ഷമമായി പഠിക്കേണ്ടത് ഫോക്‌ലോറിന്റെ പ്രയുക്തസാധ്യതകളെക്കുറിച്ച് അറിയുവാനും ജനസഞ്ചയത്തിന്റെ പെരുമാറ്റരീതികളിൽ

പ്രകടനാത്മകമായി (Expressive) അവ പ്രതിഫലിക്കുന്നതെങ്ങനെയെന്ന് മനസ്സിലാക്കുവാനും ഉപകരിക്കും. ഒന്നിലധികം ഫോക് സമൂഹങ്ങൾ കൂടിക്കലരുന്ന നാഗരികസാഹചര്യത്തിൽ ലോറുകളുടെ സങ്കലനം നടക്കാനുള്ള സാധ്യതകളെയും നാഗരികഫോക്‌ലോർ തള്ളിക്കള യുന്നില്ല. വ്യാവസായിക വിദ്യാഭ്യാസ രാഷ്ട്രസംബന്ധമായ പ്രധാന്യ മുള്ള നഗരകേന്ദ്രങ്ങളിൽ അത്തരം മിശ്രണങ്ങൾ എങ്ങനെ നടക്കുന്നു വെന്നും, ഒരേ വിനിമയശൃംഖലയ്ക്കുള്ളിൽ അവയുടെ പ്രധാന്യ മെന്തെന്നും മനസ്സിലാക്കാൻ നാഗരികഫോക്‌ലോർ പഠനത്തിലൂടെ സാധിക്കും.

ഫോക്‌സമൂഹത്തിന്റെ ജ്ഞാനമാതൃകകൾ കച്ചവടവത്കരിക്ക പ്പെടുന്നത് ഏതുതരത്തിലാണെന്നും അവയെങ്ങനെയാണ് കലകളുടെ ഭാഗമായിമാറുന്നതെന്ന് പഠിക്കാനും കലയുമായും സമൂഹവുമായും എങ്ങനെ ശൃംഖലപോലെ അറിവുകളുടെ കൈമാറ്റം നടത്തുന്നുവെന്ന് അന്വേഷിക്കാനും, ഫോക്‌സമൂഹത്തിന്റെ പ്രകടനാത്മകസ്വഭാവത്തിലൂടെ (Expressive Behaviour) എങ്ങനെയാണ് നാഗരികഫോക്‌ലോറുകൾ വ്യവഹരിക്കുന്നതെന്ന് സമഗ്രമായി പഠിക്കുവാനുമാണ് അർബൻ ഫോക്‌ലോർ ലക്ഷ്യംവയ്ക്കുന്നത്.

**ആധാരസൂചി**


1. ഫോക്‌ലോർപഠനങ്ങൾ, സമ്പാ: പി രാമൻ, ദേശമംഗലംരാമകൃഷ്ണൻ. 1999, മലയാളവിഭാഗം, കേരളസർവ്വകലാശാല, തിരുവനന്തപുരം
2. ഫോക്‌ലോർസിദ്ധാന്തവും പ്രയോഗവും, കെ എം രതൻ, 2022, മൈത്രിബുക്സ്, തിരുവനന്തപുരം
3. ഫോക്‌ലോർസിദ്ധാന്തങ്ങൾ, ഡോ. സി ആർ രാജഗോപാലൻ, 2019, കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം
4. Urban Folklore : A Behavioural Approach, Martin Laba, Western Folklore, 1979, Vol.3, Western Folklore Society, United States of America
5. Louis Wirth warns against this type of conceptualization of the city in his seminal essay “Urbanism as a Way of Life,” in Louis Wirth: On Critics and Social Life, ed. Albert J. Reiss, Jr. (Chicago, 1964), 63
6. Images of the American City (New York, 1961), 5þ7.

7. Kenneth Moore, “The City as Context: Context as Process,” Urban Anthroþ pology 4 (1975): 8.

8. James T. Borhek and Richard F. Curtis, A Sociology of Belief (New York, 1975), 52.

9. John Irwin, Scenes (Beverly Hills, California, 1977), 23

10. Dell Hymes, “Breakthrough into performance,” in Folklore: Performance and Communication, ed. Dan BenþAmos and Kenneth S. Goldstein (The Hague, 1975), 13.

11. https://www.jstor.org/stable/1499239

## ഹരിതഭാഷയും ജ്ഞാനവ്യവസ്ഥയും : ആനവേട്ടയെ മുൻനിർത്തിയുള്ള പഠനം

**സുജീഷ് ജോയ്**
ഗവേഷകൻ, കേരളപഠനവിഭാഗം
കേരളസർവ്വകലാശാല

**പ്രബന്ധസംഗ്രഹം**

ഭാഷ, ദേശം, സംസ്കാരം എന്നിവ പരസ്പരബന്ധിതമായി നിൽക്കുന്നവയാണ്. ഓരോ ദേശത്തിനും തനതായ പദസമ്പത്തും ഭാഷാശൈലികളുമുണ്ട്. ഭൂമിശാസ്ത്ര പ്രത്യേകതകൾക്കനുസരിച്ച് പദങ്ങളും പ്രയോഗങ്ങളും ഭാഷയിൽ രൂപംകൊള്ളുന്നു. അതുകൊണ്ട് ഓരോ പാരിസ്ഥിതികമേഖലയും ഓരോ ഭാഷാമേഖലയാണ്. ദേശത്തിന്റെ സവിശേഷതകൾക്കനുസരിച്ച് ഉണ്ടാകുന്ന പദങ്ങൾ, വ്യത്യസ്ത ഭൗതിക സാഹചര്യമുള്ള മറ്റൊരു പ്രദേശത്ത് വ്യവഹാരത്തിൽ ഉണ്ടാകില്ലെന്നും ഇതിനുകാരണം മനുഷ്യന്റെ ജ്ഞാനവ്യവസ്ഥയും ഭൗതികസാഹചര്യവും തമ്മിലുള്ള പാരസ്പര്യമാണെന്നും ഈ പ്രബന്ധം വ്യക്തമാക്കുന്നു. ഒരുപദം വാച്യാർത്ഥത്തിൽ നിന്നും ലാക്ഷണികാർത്ഥത്തിൽ പ്രയോഗിക്കുന്നതിനു പിന്നിൽ മനുഷ്യന്റെ ബുദ്ധിയുടെയും സൂക്ഷ്മമായ നിരീക്ഷണത്തിന്റെയും ഫലങ്ങൾ കണ്ടെത്താൻ സാധിക്കും. മാത്രമല്ല ലക്ഷകങ്ങൾക്ക് പ്രയോഗസാധ്യതയുണ്ടാകുന്നതും അത് സർഗ്ഗാത്മകമാകുന്നതും സാഹചര്യങ്ങൾക്കനുസരിച്ചാണെന്ന്  ഈ പ്രബന്ധം വ്യക്തമാക്കുന്നു.

**താക്കോൽവാക്കുകൾ**

പാരിസ്ഥിതികത (Ecology), ഭാഷാമേഖല, ഭൂമിശാസ്ത്രമേഖല, ഭാഷാശൈലി, വ്യവഹാരം, ജ്ഞാനവ്യവസ്ഥ (knowledge system)

മനുഷ്യന്റെ ഭൗതികസാഹചര്യങ്ങളിൽ നിന്ന് രൂപപ്പെടുന്ന ധൈഷണിക പ്രക്രിയയാണ് ഭാഷ. ഭാഷരൂപപ്പെടുന്നതിന് പിന്നിലുള്ള

മസ്തിഷ്കത്തിന്റെ പ്രവർത്തനം സവിശേഷമാണ്. മനുഷ്യൻ ഒരുകാര്യ ത്തെ മനസ്സിലാക്കുന്നത് ഇന്ദ്രിയത്തിലൂടെയാണ്. ഇന്ദ്രിയാധിഷ്ഠിതമായി ഉണ്ടാകുന്ന അറിവിനെ ബുദ്ധിയിൽ സംഭരിച്ച് വെയ്ക്കാനുള്ളശേഷി മസ്തിഷ്കത്തിനുണ്ട്. ഒരു വ്യക്തി തന്റെ ഭൗതികസാഹചര്യങ്ങളെ എങ്ങനെ മനസ്സിലാക്കുന്നുവെന്നതിനനു സരിച്ചാണ് വിനിമയസാധ്യത രൂപപ്പെടുന്നത്. ഇത്തരത്തിൽ ഒരു വ്യക്തി ജീവിക്കുന്ന പരിസ്ഥിതി അയാളുടെ ഭാഷയെ രൂപപ്പെടുത്തുന്നതിന് കാരണമാകുന്നു. മനുഷ്യൻ തന്റെ ഭൗതികസാഹചര്യങ്ങളെ നിരീക്ഷിച്ചുകൊണ്ട് അതുമായി ബന്ധ പ്പെട്ടുള്ള എല്ലാ അവസ്ഥകളും മനസ്സിലാക്കുന്നു. പിന്നീട് സമാന സാഹചര്യത്തിലുള്ള മറ്റൊന്നിൽ ഈ അവസ്ഥയെ ആരോപിക്കാനുള്ള കഴിവും മനുഷ്യനുണ്ടാകുന്നു. ഇതിന് കാരണം ബുദ്ധിയിൽ സംഭരിച്ചു വച്ചിരിക്കുന്ന മുന്നറിവുകളാണ്. അറിവുകളെ പരസ്പരം താരതമ്യം ചെയ്തുകൊണ്ടാണ് മനുഷ്യൻ ഒരു നിഗമനത്തിലെത്തുന്നത്.

നിലമ്പൂരിന്റെ വനമേഖലയെ പശ്ചാത്തലമാക്കി ഇന്ദുമേനോൻ എഴുതിയ നോവലാണ് 'ആനവേട്ട'. ആനവേട്ടക്കായി കാട്ടിലെത്തുന്ന വേട്ടക്കാരുടെ സംഭാഷണങ്ങളിലൂടെയാണ് പശ്ചാത്തലത്തെയും പരിസ്ഥിതിയെയും വായനക്കാർ മനസ്സിലാക്കുന്നത്. വനമേഖലയുടെ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് ആഖ്യാനം ചെയ്യുമ്പോൾ, നോവലിന്റെ ഭാഷയിൽ ആ പരിസ്ഥിതിയുടെ ഇടപെടൽ സ്വഭാവികമായി ഉണ്ടാകുന്നു. ഇങ്ങനെ വിനിമയസാധ്യതയെ രൂപപ്പെടുത്തുന്നതിനുപിന്നിലുള്ള ഭൗതികസാഹചര്യങ്ങളെ മനസ്സിലാക്കുന്നതോടൊപ്പം ആ ദേശത്തിന്റെ സംസ്കാരത്തെ മനസ്സിലാക്കാനുള്ള ശ്രമവും ഈ പ്രബന്ധത്തിൽ നടത്തുന്നു.

പഠനസൗകര്യാർത്ഥം പ്രബന്ധത്തെ നാല് ഉപശീർഷകങ്ങളായി തിരിച്ചിരിക്കുന്നു. പരിസ്ഥിതിയും ഭാഷാപ്രയോഗസാധ്യതകളും എന്ന ഒന്നാംഭാഗത്ത്, പാരിസ്ഥിതിക ഭാഷാശാസ്ത്രത്തിന്റെ (Ecolinguistics) ഉത്ഭവവും വളർച്ചയും വിശദീകരിക്കുന്നതോടൊപ്പം ഭാഷയുടെ ജൈവികസ്വഭാവത്തെ അവതരിപ്പിക്കുകയും ചെയ്യുന്നു. ആനവേട്ടയിലെ ഭാഷാപരിസരം എന്നരണ്ടാമത്തെ ഭാഗത്ത്, വിനിമയം ചെയ്യുന്ന ഭൂമി ശാസ്ത്രമേഖലയുമായി ഭാഷ എങ്ങനെ ബന്ധപ്പെടുന്നുവെന്ന് നോവ ലിലെ ഭാഷയെ മുൻനിർത്തി പഠിക്കുന്നു. വിനിമയവും സാംസ്കാരിക വൈവിധ്യവും എന്ന മൂന്നാമത്തെ ഭാഗത്ത്, ഭാഷയിലൂടെ ഒരുദേശത്തിന്റെ സംസ്കാരം വെളിപ്പെടുന്നതെങ്ങനെയെന്നും സംസ്കാരത്തെ രൂപപ്പെടു ത്തുന്നതിനു പിന്നിലുള്ള ഭൗതിക സാഹചര്യങ്ങൾ എന്തെല്ലാമാണെന്നും

ജ്ഞാനവ്യവസ്ഥ പുതിയ പ്രയോഗങ്ങളെ രൂപപ്പെടുത്തുന്നതെങ്ങെനെയെന്നും വിശദീകരിക്കുന്നു. ഹരിതസംസ്കാരവും ശരീരഭാഷയും എന്ന അവസാനഭാഗത്ത് ശരീരവുമായി ബന്ധപ്പെട്ട് നിൽക്കുന്ന ഹരിതലക്ഷകങ്ങളെക്കുറിച്ചും അത് രൂപപ്പെടാൻ ഉള്ള സാഹചര്യത്തെക്കുറിച്ചും നോവലിലെ ഉദാഹരണങ്ങളെ മുൻനിർത്തി അവതരിപ്പിക്കുന്നു.

**പരിസ്ഥിതിയും ഭാഷാപ്രയോഗസാധ്യതകളും**

മനുഷ്യന്റെ ബോധഅബോധങ്ങളെ പ്രതിഫലിപ്പിക്കാൻ സാധിക്കുന്ന ശക്തമായ മാധ്യമമാണ് ഭാഷ. അബോധത്തിൽ ഉൾച്ചേർന്നിരിക്കുന്ന ഇന്ദ്രിയാധിഷ്ഠിതമായ അറിവുകളും ആശയങ്ങളും അനുഭവങ്ങളും ദൃശ്യങ്ങളും സന്ദർഭോചിതമായി വിനിമയങ്ങളിൽ കടന്നുവരുന്നു. സന്ദർഭത്തിനനുസരിച്ച് വിനിമയം ചെയ്യുമ്പോഴാണ് ഭാഷയുടെ സൗന്ദര്യാത്മകത വെളിവാകുന്നത്. സാമൂഹികവും ഭൂമിശാസ്ത്രപരവുമായ പ്രത്യേകതകൾ മനുഷ്യന്റെ ചിന്തയെയും ഭാഷയെയും സ്വാധീനിക്കുന്നു. ബ്രിട്ടീഷ് ഭാഷാശാസ്ത്രജ്ഞനായ ആർ. എച്ച്. റോബിൻസ് ഭാഷയെ നിർവചിച്ചിരിക്കുന്നത് ഇപ്രകാരമാണ്. ഭാഷകരുടെ മാറുന്നആവശ്യത്തിനും അവസ്ഥയ്ക്കുമനുസരിച്ച് പരിഷ്ക്കരിക്കാവുന്നതും വിപുലീകരിക്കാവുന്നതുമായ ചിഹ്നവ്യവസ്ഥയാണ് ഭാഷ (പ്രസാദ് സി.ആർ.,2023:44) എന്നാണ്. ഇതിൽനിന്ന് ഭാഷകരുടെ മാറുന്ന എല്ലാഅവസ്ഥകളും ഭാഷാപരിണാമത്തിന് കാരണമാകുന്നുവെന്ന് മനസ്സിലാക്കാൻ സാധിക്കുന്നു. സമൂഹത്തിന്റെ ധാരണകളിൽ ഉണ്ടാകുന്ന മാറ്റവും പാരിസ്ഥിതികമായ മാറ്റവുമെല്ലാം ഭാഷയെ പരിവർത്തനപ്പെടുത്തുന്നു. ഇതിന്റെ ഭാഗമായി നിലവിൽ പ്രയോഗത്തിൽ ഉണ്ടായിരുന്ന പദങ്ങൾ കാലക്രമത്തിൽ നഷ്ടപ്പെട്ടുപോവുകയും പുതിയപദങ്ങൾ ഉണ്ടാവുകയും ചെയ്യുന്നു. ഭാഷനിരന്തരമായി പുതുക്കപ്പെടുന്ന ഒന്നാണെന്ന് ഇതിൽനിന്ന് വ്യക്തമാകുന്നു. ഭൂമിശാസ്ത്രപരമായി ഭാഷയെ പരിഗണിക്കുമ്പോൾ വ്യത്യസ്ത പാരിസ്ഥിതികമേഖലകളിൽ വസിക്കുന്ന മനുഷ്യരുടെ പ്രയോഗസാധ്യതകൾ വ്യത്യസ്തമായിരിക്കും. കാരണം ഭാഷയെ രൂപപ്പെടുത്തുന്ന പ്രധാനഘടകങ്ങളിലൊന്ന് സാഹചര്യമാണ്. അതുകൊണ്ട് വനപ്രദേശങ്ങളിൽ താമസിക്കുന്ന മനുഷ്യരുടെയും കടലോരവാസികളുടെയും നാഗരികരുടെയുമെല്ലാം പ്രയോഗസാധ്യതകൾ വ്യത്യസ്തവും വൈവിധ്യപൂർണവുമായിരിക്കും.

1912 ൽ അമേരിക്കൻ ഭാഷാശാസ്ത്രജ്ഞനായ എഡ്വേർഡ് സപീർ 'ഭാഷയും പരിസരവും' എന്ന പ്രബന്ധത്തിലൂടെ ഭാഷയും പരിസ്ഥിതിയും തമ്മിലുള്ളബന്ധം വ്യക്തമാക്കുന്നുണ്ട്. കടലോരവാസികളായ ഗോത്ര

വർഗ്ഗക്കാരുടെ ഭാഷയിൽ സ്വനതലത്തിലും പദസമ്പത്തിലുമുള്ള (vocabulary) വൈവിധ്യത്തെ കണ്ടെത്തുകയും അവയെ ഈ പ്രബന്ധ ത്തിൽ അവതരിപ്പിക്കുകയും ചെയ്തിരിക്കുന്നു. സപീറിന്റെ ദർശനങ്ങളുടെ ചുവടുപിടിച്ചുകൊണ്ട് 1970 കളിൽ എയ്നർ ഹോഗൻ 'ഭാഷയും പരിസ്ഥിതിയും' എന്ന വിഷയത്തിലൂടെ ഭാഷയുടെ പാരിസ്ഥിതികതയെ (Ecology of language) വ്യക്തമാക്കാൻ ശ്രമിച്ചു. ജൈവവ്യൂഹം (Ecosystem) എന്ന തത്ത്വത്തിനു സമാന്തരമായി ഭാഷാലോകവ്യൂഹം എന്നസങ്കല്പം അദ്ദേഹം അവതരിപ്പിക്കുന്നുന്നത് ഈ പ്രബന്ധത്തിലാണ് (ശ്രീവത്സൻ ടി., 2013 :22-26). മനുഷ്യന്റെ സാമൂഹ്യവും പാരിസ്ഥിതിക വുമായ സാഹചര്യങ്ങൾക്കനുസരിച്ച് മാററങ്ങൾക്ക് വിധേയമാകുന്ന ഒന്നാണ്ഭാഷ എന്ന് ഇവിടെനിന്ന് വ്യക്തമാകുന്നു.

**ആനവേട്ടയിലെ ഭാഷാപരിസരം**

ഭാഷ അത് വിനിമയംചെയ്യുന്ന ഭൂമിശാസ്ത്രമേഖലയുമായി ഗാഢമായ ബന്ധം പുലർത്തുന്നു. ഓരോപാരിസ്ഥിതിക മേഖലയിലെയും പ്രയോഗസാധ്യതകൾ വ്യത്യസ്തമായിരിക്കും. അവകൂടുതലും പ്രതിഫലി ക്കുന്നത് പദതലത്തിലാണ്. എഡ്വേർഡ് സപീർ തന്റെ 'ഭാഷയും പരിസരവും' എന്ന പ്രബന്ധത്തിൽ സൂചിപ്പിച്ചതുപോലെ പാരിസ്ഥിതിക മേഖലകൾക്കനുസരിച്ച് സ്വനതലത്തിലും പദസമ്പത്തിലും മാറ്റങ്ങളു ണ്ടാകും. അതുകൊണ്ട് ഓരോ പാരിസ്ഥിതികമേഖലയും ഓരോ ഭാഷാ മേഖലയാണ്. ആനവേട്ട എന്ന നോവലിന്റെ പശ്ചാത്തലം നിലമ്പൂരിലെ വനപ്രദേശമാണ്. ആ പ്രദേശത്തിന്റെ ഭൂപ്രകൃതിയുമായും സംസ്കാര വുമായും ബന്ധപ്പെട്ടുകൊണ്ടുള്ള പദാവലികൾ നോവലിൽ കണ്ടെത്താൻ സാധിക്കും. വനത്തിലുള്ള ധാരാളം മരങ്ങളുടെ പേരുകൾ നോവലിൽ പരാമർശിക്കുന്നുണ്ട്. ഉദാഹരണമായി ബൂറ്റിമരം, മത്തിമരം, നായ്ക്കൊ മ്പകം, പുളിച്ചക്കമരം, പലകാളുങ്ക് തുടങ്ങിയവ വനപ്രദേശങ്ങളിൽ കണ്ടു വരുന്ന മരങ്ങളാണ്. അതുകൊണ്ട് ഇത്തരം മരങ്ങളുടെ പേരുവിവരങ്ങൾ ഈ ഭാഷാമേഖലയ്ക്കപ്പുറമുള്ളവർക്ക് സുപരിചിതമാകണമെന്നില്ല. കാരണം ഒരുപ്രദേശത്ത് വ്യവഹാരത്തിലുള്ള പദം മറ്റൊരുപ്രദേശത്ത് ഉണ്ടാകണമെന്നില്ല. ഇതുകൂടാതെ നിലമ്പൂരിൽ മാത്രം പ്രചാരത്തിലുള്ള മറ്റുപദങ്ങളും ഈ നോവലിൽ കണ്ടെത്താൻ സാധിക്കും. ഉദാ: ദൊഡ്ഡജ്യേ നുക്കുഞ്ഞികൾ (വലിയതേനീച്ചക്കുട്ടികൾ), നെളി (നെയ്യ്), മുട്ടിപ്പഴം (പഴം മൂട്ടിൽ കായ്ക്കുന്നതുകൊണ്ടാണ് ഈ പേര് വന്നത്), പുള്ളികുത്തൽ (വെടിവെപ്പുചടങ്ങ്), കരടിക്കുമ്മ (കരടിക്കൂൺ), തായാരീ (അമ്മ) കൊച്ചാരി (കുഞ്ഞ്) തുടങ്ങിയപദങ്ങൾ സൂചിപ്പിക്കുന്നതും ഭാഷയുടെ വൈവിധ്യമാണ്.

**വിനിമയവും സാംസ്കാരിക വൈവിധ്യവും**

മനുഷ്യൻ തന്റെ സംസ്കാരത്തെ വിനിമയം ചെയ്യുന്നത് പ്രധാനമായും ഭാഷയിലൂടെയാണ്. ഓരോ ദേശത്തിനും വ്യതസ്തമായ സാംസ്കാരിക ചുററുപാടുകളാണുള്ളത്. ഇങ്ങനെയുള്ള സാംസ്കാര വൈവിധ്യം അവരുടെ ദേശഭാഷയിലും പ്രതിഫലിക്കുന്നുണ്ട്. സൂക്ഷ്മമായി നിരീക്ഷിച്ചാൽ സാംസ്കാരികമായ പരിണാമത്തിനൊപ്പം ഭാഷാപരിണാമവും സംഭവിക്കുന്നുവെന്ന് കാണാൻ സാധിക്കുന്നു. ജർമ്മൻ ഭാഷാശാസ്ത്രജ്ഞനായ മാത്തിയാസ്യുങ് പത്രവാർത്തകളുടെ ശേഖരത്തെ അപഗ്രഥിച്ചുകൊണ്ട് പാരിസ്ഥിതിക പദാവലികൾക്ക് കാലക്രമത്തിൽ വരുന്നപരിണാമത്തെ പഠിക്കുകയുണ്ടായി (ശ്രീവത്സൻ, ടി., 2013:26). പരിസ്ഥിതിക്ക് വരുന്നമാറ്റം സാംസ്കാരികമാറ്റത്തിനും തുടർന്ന് ഭാഷാപരിണാമത്തിനും കാരണമാകുന്നുവെന്ന് ഈ പഠനം വ്യക്തമാക്കുന്നു. പരിസ്ഥിതി, സംസ്കാരം, ഭാഷ എന്നിവ പരസ്പരം കെട്ടുപിണഞ്ഞു കിടക്കുന്നവയാണെന്നും ഏതെങ്കിലും ഒന്നിന്മാത്രമായി പരിണാമം സംഭവിക്കുന്നില്ലെന്നും ഇതിൽ നിന്ന് വ്യക്തമാകുന്നു.

ഭൂമിശാസ്ത്രപരമായി മറ്റൊരുദേശവുമായി അധികം ബന്ധമില്ലാതെ പ്രത്യേക പാരിസ്ഥിതികപ്രദേശമായി നിലനിൽക്കുന്നവയാണ് വനമേഖലകൾ. അതിനാൽ അവിടെ വസിക്കുന്ന മനുഷ്യരുടെ വിനിമയ സാധ്യത ചുരുങ്ങിയപ്രദേശത്തെ അടിസ്ഥാനമാക്കിയാണ് നിലനിൽക്കുന്നത്. പുറംലോകവുമായി അധികം ബന്ധപ്പെടാതെ നിൽക്കുന്ന ഒരുജനതയെന്നനിലയിൽ അവിടുത്തെ ആചാരവും സംസ്കാരവും വ്യത്യസ്തമാണ്. മാത്രമല്ല തൊഴിലുമായും പ്രകൃതിയുമായും ബന്ധപ്പെട്ടുകൊണ്ട് ഓരോപ്രദേശങ്ങൾക്കും വ്യത്യസ്ത ആരാധനാമൂർത്തികൾ ഉണ്ടായിരിക്കും. ഇത്തരത്തിൽ ഒരുജനതയുടെ ആചാരങ്ങളിലും വിശ്വാസങ്ങളിലും ഭൂപ്രകൃതിയുടെ ഇടപെടൽ ഉണ്ടെന്ന് ആനവേട്ടയിൽ കണ്ടെത്താൻ സാധിക്കും. 'യേനൈദൈവ്വെ അയാൾ പ്രാർത്ഥനാപൂർവ്വം ഒന്നുറഞ്ഞു' (ഇന്ദുമേനോൻ,2024:20). 'യേനൈദൈവ്വെ' എന്നത് കാട്ടുനായ്ക്കർ ഗോത്രത്തിൽപ്പെട്ടവർ ആരാധിച്ചിരുന്ന ആനകളുടെ പൂർവ്വികനായ മുത്തശ്ശനാനയാണ്. തങ്ങളെ ഭയപ്പെടുത്തിയിരുന്ന പ്രകൃതിശക്തികളെയും മൃഗങ്ങളെയും ആരാധിച്ചിരുന്ന പ്രാക്തനരീതിയാണ് ഇവിടെ കാണാൻ സാധിക്കുന്നത്. ആനയെ ദൈവമായി സങ്കല്പിച്ചിരിക്കുന്നതിന് പിന്നിൽ മുമ്പ് സൂചിപ്പിച്ച പരിസ്ഥിതിയുടെ സ്വാധീനത കാണാൻ സാധിക്കും.

'ആദിച്ചൻ തെയ്വമേ. നീയ്യെ തുണ' അയാൾ പച്ചത്തമ്പിരാട്ടികൾക്കും മലദൈവങ്ങൾക്കും കാട്ടുപാലകനും വെറ്റയിൽ പാൽ നൂറ് തേച്ച്

ഴാപ്പാണപ്പുകയില തുണ്ടംവെട്ടി. ഇനി മലതെയ്‌വങ്ങള് കാത്തോളും (ഇന്ദുമേനോൻ, 2024:19).

ഇവിടെ 'ആദിച്ചൻ ദൈവം' എന്നത് സൂര്യനെയും 'പച്ചത്തമ്പിരാട്ടി' എന്നത് ഊരാളിഗോത്ര ദേവതയെയും സൂചിപ്പിക്കുന്നു. മലദൈവങ്ങൾ, കാട്ടുപാലകൻ എന്നിങ്ങനെയുള്ള വിവരണത്തിൽ നിന്ന്തന്നെ പ്രകൃതിയെ ആരാധിക്കുന്ന ആചാരരീതി മനസ്സിലാക്കാൻ സാധിക്കുന്നു. മാത്രമല്ല പ്രാക്തനാരീതിയിലുള്ള കാഴ്ചവസ്തുക്കളാണ് ഇവർ ദൈവങ്ങൾക്ക് അർപ്പിക്കുന്നത്. ചുട്ടമൃഗത്തിന്റെ പടുക്ക (ദൈവങ്ങൾക്ക് നൽകുന്ന പ്രത്യേക കാഴ്ചവസ്തു), വെറ്റിലയും പുകയിലയും, കള്ളുംമാംസവും എന്നിവയാണ് കാഴ്ചവസ്തുക്കൾ. പ്രത്യേക ഭൂപ്രകൃതിയായി ഒററതിരിഞ്ഞ് ജീവിക്കുന്ന ജനതയെന്നനിലയിൽ മറ്റുജനതയുമായി ഇടകലരാതെ ജീവിക്കുന്നതുകൊണ്ട് ഇവരുടെ സംസ്കാരവും ആചാരവും ഒരുപരിധി വരെ മാറ്റങ്ങൾക്ക് വിധേയപ്പെടാതെ നിലനിൽക്കുന്നു. ഇതിൽ നിന്ന് സംസ്കാരത്തെ രൂപപ്പെടുത്തുന്നതിൽ പരിസ്ഥിതിക്കുള്ള പങ്ക്മനസ്സിലാക്കാൻ സാധിക്കും.

**ജ്ഞാനവ്യവസ്ഥയുംഭാഷാസാധ്യതയും**

അറിവ്, ഭാഷ എന്നിവയെ വിശകലനം ചെയ്യുമ്പോൾ, മനുഷ്യൻ അറിവാർജ്ജനം നടത്തുന്നത് ഇന്ദ്രിയങ്ങളിലൂടെയാണെന്ന് മനസ്സിലാക്കാൻ സാധിക്കും. ഇന്ദ്രിയാധിഷ്ഠിതമായി രൂപപ്പെടുത്തുന്ന അറിവിനെ ഭാഷയിലൂടെ പ്രതിഫലിപ്പിക്കാനുള്ള കഴിവ് മനുഷ്യമസ്തിഷ്കത്തിനുണ്ട്. നാം ആർജ്ജിച്ചെടുക്കുന്ന അറിവ് ബുദ്ധിയിൽ ഒരുക്കി സൂക്ഷിച്ചു വെയ്ക്കുന്നത് ബിംബശൃംഖലയാണ്. പരസ്പരം ബന്ധപ്പെട്ട സങ്കല്പനങ്ങളെ കൂട്ടിച്ചേർത്തും അവയെ മുൻകാലസംഭവങ്ങളും അനുഭവങ്ങളുമായി കൂട്ടിച്ചേർത്തും നിർത്തുന്നത് ബിംബശൃംഖലയാണ് (ഗിരീഷ്, പി.എം., 2023:38) ഇത്തരത്തിൽ ഇന്ദ്രിയാധിഷ്ഠിതമായി രൂപംകൊള്ളുന്ന അറിവിനെ മസ്തിഷ്കം സൂക്ഷിച്ചുവെക്കുകയും അവസരോചിതമായി വിനിമയം ചെയ്യുകയും ചെയ്യുന്നു. മനുഷ്യൻ ഒരുദൃശ്യത്തെ നിരന്തരമായി വീക്ഷിക്കുമ്പോൾ, ആ ദൃശ്യത്തിന്റെ എല്ലാഅവസ്ഥകളെയും അവൻ ബുദ്ധിയിൽ ഒരുക്കി സൂക്ഷിക്കുന്നു. പിന്നീട് സമാനസാഹചര്യത്തിലുള്ള മറ്റൊന്നുമായി ആദ്യത്തെ അവസ്ഥയെ താരതമ്യം ചെയ്യാനുള്ള കഴിവ് മനുഷ്യ മസ്തിഷ്കത്തിനുണ്ട്. ഇതിനുള്ള ഉദാഹരണങ്ങൾ ആനവേട്ട എന്ന നോവലിൽ കണ്ടെത്താൻ സാധിക്കും. അമ്പാടൻ കാമാച്ചിയുടെ ശരീരപ്രകൃതി വിവരിക്കുന്ന അവസരത്തിൽ ഇത് വ്യക്തമാകുന്നു.

'ചന്ദ്രഹാസൻ, അമ്പാടൻ കാമാച്ചിയെ ചുഴിഞ്ഞുനോക്കി. ആനയുടെ മസ്തകം പോലെ പേശിയുറച്ച കട്ടനെഞ്ചിൽനിന്നും വിയർപ്പ് ചാലിട്ട്

പൊക്കിൾക്കുഴിയിലേക്ക് വന്നുനിറഞ്ഞു. ശരീരം ഇംഗ്ലീഷ് അക്ഷരത്തിലെ വിപോലുള്ള ആകൃതിയും. അസാമാന്യവീതിയുള്ള നെഞ്ചും തോളും അരക്കെട്ടിൽ എത്തുമ്പോൾ വല്ലാതെ ഒതുങ്ങി. അയാളുടെ തലച്ചുമടിൽ ദിവസങ്ങളോളം അവർക്ക് കഴിക്കാനുള്ള അരിയും കുടിക്കാനുള്ള വാററുചാരായവും മററുസാധനങ്ങളും കേററിയിരുന്നു. മിനുക്കമുള്ള കറുത്ത ടാർപോളിൻ കൊണ്ടുമൂടിയതു കണ്ടാൽ കറുകറുത്തൊരു കുട്ടിയാന മലകയറിവരുന്നതുപോലെ തോന്നൂ' (ഇന്ദുമേനോൻ, 2024:15).

ഇവിടെ നിരവധി ദൃശ്യങ്ങളെ കോർത്തിണക്കിക്കൊണ്ടാണ് അമ്പാടൻ കാമാച്ചിയുടെ രൂപത്തെ വിവരിക്കുന്നത്. ഇംഗ്ലീഷ് അക്ഷരമാലയിലെ 'വി' എന്ന അക്ഷരത്തിന്റെ ആകൃതി കണ്ട് മനസ്സിലാക്കിയ ഒരു വ്യക്തി, രൂപകരമായി അതിനു സമാനതപുലർത്തുന്ന ശരീരപ്രകൃതിയിൽ ആ അക്ഷരത്തിന്റെ ആകൃതിയെ ആരോപിക്കുന്നു. മാത്രമല്ല നൂററിയൻപത് കിലോഭാരം ചുമക്കുന്ന കാമാച്ചി, കറുത്ത ടാർപോളിൽ ഷീറ്റ്, വലിയ ശരീരപ്രകൃതി എന്നിവയാണ് അദ്ദേഹത്തെ ഒരുകുട്ടിയാനയോട് താരതമ്യംചെയ്യാൻ കാരണം. ഇത്രയും വലിയഭാരം ചുമക്കുന്ന ജീവി ആനയാണെന്നും അതിന് കറുത്തനിറമാണെന്നുമുള്ള മുന്നറിവിൽനിന്ന്, വ്യത്യസ്ത ജനുസ്സിൽപ്പെടുന്ന മനുഷ്യനെയും മൃഗത്തെയും പരസ്പരസമാനതയുടെ അടിസ്ഥാനത്തിൽ ഇവിടെ താരതമ്യം ചെയ്യുന്നു. ഒന്നിന്റെ രൂപം മറൊന്നിൽ ആരോപിക്കാനുള്ള മനുഷ്യന്റെ കഴിവാണ് ഇവിടെ വെളിവാകുന്നത്. ഇതിന് സമാനമായ നിരവധി ഉദാഹരണങ്ങൾ നോവലിൽ കണ്ടെത്താൻ സാധിക്കും. ഉദാ : 'ചെങ്കുത്തായ പാറയിൽ നൊടിയന്റെ കൂടുകൾ കുടവയറൻ സഞ്ചിപോലെ തൂങ്ങിനിന്നു', 'മുയൽച്ചെവി കൂർത്തുനിൽക്കും പോലെയുള്ള ജാഗരൂകതയാണ് അവരെ നയിച്ചത്', 'ഒരു നായച്ചെവി പോലെ വി അക്ഷരത്തിൽ ആണ്ടിക്കുഞ്ഞിന്റെ ചെവി പിളർന്നു. വന്ധ്യംകരണം ചെയ്ത നായയെപ്പോലെ അവൻ ഭയന്നു' (ഇന്ദുമേനോൻ, 2024:13-22).

**ഹരിതസംസ്കാരവുംശരീരഭാഷയും**

മനുഷ്യൻ തന്റെ ജീവിത സാഹചര്യങ്ങളിൽ നിന്നും അനുഭവങ്ങളിൽനിന്നും രൂപപ്പെടുത്തുന്ന ജ്ഞാനത്തിൽ നിന്നാണ് ഭാഷാശൈലികൾ രൂപം കൊള്ളുന്നത്. അനുഭവങ്ങളെ വിനിമയം ചെയ്യുന്നതിനുള്ള ആശയമാക്കി മാററാനുള്ള കഴിവ് മനുഷ്യമസ്തിഷ്കത്തിനുണ്ട്. തങ്ങൾ ജീവിക്കുന്ന പരിസരങ്ങളെ മനസ്സിലാക്കാനും വ്യാഖ്യാനിക്കാനും തങ്ങൾക്കനുകൂലമാക്കാനും വേണ്ടി മനുഷ്യർ ഭാഷ ഉപയോഗിക്കുന്നുവെന്ന് ബ്രിട്ടീഷ് ഭാഷാശാസ്ത്രജ്ഞനായ മൈക്കിൾ ഹാലിഡേ നിരീക്ഷിക്കുന്നു

(ശ്രീവത്സൻ, ടി., 2013:27). ഭാഷയ്ക്ക് പരിസ്ഥിതിയുമായുള്ള ജൈവബന്ധ മാണ് ഇവിടെ വെളിവാകുന്നത്. സൂക്ഷ്മമായി നിരീക്ഷിച്ചാൽ പരിസ്ഥിതി യുമായി ബന്ധപ്പെട്ടുകൊണ്ട് പദങ്ങൾ മാത്രമല്ല ഭാഷാശൈലിയും രൂപപ്പെടുന്നുണ്ടെന്ന് കാണാൻ കഴിയും. ഒരുപദത്തെ ശൈലിയാക്കി മാററുന്നതിനു പിന്നിൽ മനുഷ്യന്റെ സർഗ്ഗാത്മകമായ ഇടപെടലുകളുണ്ട്. സാഹചര്യങ്ങൾക്ക് അനുസരിച്ച് ഉചിതമായ രീതിയിൽ ഒരുപദം പ്രയോഗി ക്കുമ്പോഴാണ് അത് ശൈലിയായി മാറുന്നത്. ഉദാ: 'ചന്ദ്രഹാസന്റെ മുഖംമുറുകി' (ഇന്ദുമേനോൻ, 2024:18). 'മുറുകി' എന്നപദം കയറുമായി ബന്ധപ്പെട്ടാണ് നിൽക്കുന്നത്. ഒരു കയറ് മുറുകുമ്പോൾ അതിന് വരുന്നമാററം, അതിന് പിന്നിൽ പ്രയോഗിക്കുന്ന ബലം, പരിധിയിൽ കൂടുതൽ ബലപ്രയോഗം ഉണ്ടായാൽ പൊട്ടിപോകുന്ന അവസ്ഥ എന്നിവപോലെ മുഖഭാവത്തിനുണ്ടാകുന്ന മാററം, മനസ്സിന് ഉണ്ടാകുന്ന സമ്മർദ്ദം (ടഋലൈ), പരിധിയിൽ കൂടുതൽ സമ്മർദ്ദം ഉണ്ടായാൽ ബോധ ക്ഷയം ഉണ്ടാകുന്ന അവസ്ഥ എന്നിവ ഈ ശൈലിക്ക് പിന്നിലുണ്ട്. പരസ്പരമുള്ള ഒരു താരതമ്യമാണ് ഇവിടെനടക്കുന്നത്. ചുരുക്കത്തിൽ വാച്യാർഥത്തിൽ പ്രയോഗിക്കുന്ന പദം ലാക്ഷണികാർഥത്തിലേക്ക് എത്തുമ്പോൾ ശൈലിയായി മാറുന്നു. ഉദാ: കയറ് മുറുകുക (സ്രോതസ്ഥലം) -മുഖംമുറുകുക, പ്രണയം മുറുകുക, ജീവിതം മുറുകുക, കടഭാരംമുറുകുക (ലക്ഷ്യസ്ഥലം).

പരിസ്ഥിതിയും ഭാഷയുമായുള്ള ബന്ധത്തെ പ്രതിഫലിപ്പിക്കുന്ന നിരവധി ശൈലികൾ ഭാഷയിലുണ്ട്. ഇത്തരത്തിൽ വാച്യാർത്ഥത്തിലും ലാക്ഷണികാർഥത്തിലും രൂപംകൊള്ളുന്ന ഹരിതപദങ്ങളെ ഹരിതലക്ഷക ങ്ങളെന്ന് വിളിക്കുന്നു (ഗിരീഷ് പി.എം., 2012:71). ആനവേട്ടയുടെ പശ്ചാത്തലം വനപ്രദേശമായതിനാൽ സ്വാഭാവികമായും നോവലിന്റെ ഭാഷയിൽ ഹരിതസംസ്കാരം കടന്നുവരുന്നുണ്ട്. 'ആനച്ചൂരിന്റെയും പിണ്ഡമൂത്രങ്ങളുടെയും കാരമണം വേർതിരിച്ച് അറിഞ്ഞുകൊണ്ട് ചന്ദ്രഹാസൻ മൂക്കുവിടർത്തി' (ഇന്ദുമേനോൻ, 2024:18) 'വിടരുക' എന്നപദം പൂവുമായി ബന്ധപ്പെട്ടുള്ളതാണ്. മൊട്ടിൽനിന്ന് പൂവായി മാറുമ്പോൾ അതിനുണ്ടാകുന്ന രൂപപരമായ മാററം (physical change) പോലെതന്നെ, മൂക്കിന്റെ ചലനമാററത്തെ സർഗ്ഗാത്മകമായി അവതരിപ്പി ക്കാനുള്ള ഭാഷയുടെ ആരോപണശേഷിയാണ് ഈ ഹരിതലക്ഷക ത്തിലൂടെ പ്രതിഫലിക്കുന്നത്. ശരീരവുമായി ബന്ധപ്പെട്ട നിരവധി ഹരിത ലക്ഷകങ്ങൾ ഈ കൃതിയിൽ കണ്ടെത്താൻ സാധിക്കും. ഉദാ: ചന്ദ്രഹാസ നൊഴികെയുള്ള മൂവരുടെ മുഖത്തും ഭയം കോടകെട്ടി, വാപ്പുവിന്റെ കവിളത്ത് അവരുടെ വിരലടയാളം പൂവിടർന്നു, മുരുകയ്യൻ നിന്നനിൽപ്പിൽ

മൂത്രമൊഴിച്ച് ഒടിഞ്ഞുവീണു (ഇന്ദുമേനോൻ, 2024:21-59). ഇവിടെ പ്രകൃതിയിൽനിന്ന് ഇന്ദ്രിയങ്ങളിലൂടെ മനുഷ്യൻ രൂപപ്പെടുത്തിയെടുത്ത അറിവിനെ സന്ദർഭത്തിനനുസരിച്ച് പ്രയോഗിക്കാൻ കഴിയുന്ന ബുദ്ധിയുടെ സൂക്ഷ്മതയാണ് വെളിവാകുന്നത്.

**ഉപസംഹാരം**

ദേശഭാഷ രൂപപ്പെടുന്നതിനു പിന്നിലുള്ള ഭൗതികസാഹചര്യങ്ങൾ വ്യത്യസ്തമാണ്. ഓരോ പ്രദേശവും തങ്ങളുടെ തനതറിവുകളെ സൂക്ഷിക്കുന്നത് ഭാഷയിലാണ്. അതുകൊണ്ട് ഒരുദേശത്ത് വ്യവഹാരത്തിലുള്ള പദം മറ്റൊരുദേശത്ത് ഉണ്ടാകണമെന്നില്ല. കാരണം ഓരോ പാരിസ്ഥിതിക മേഖലയും ഓരോ ഭാഷാമേഖല തന്നെയാണ്. ദേശഭാഷയെന്നത് അവിടുത്തെ അറിവുകളുടെയും സംസ്കാരത്തിന്റെയും ആകെത്തുകയാണ്. അതിനാൽ ദേശം, ഭാഷ, സംസ്കാരം എന്നിവ പരസ്പര ബന്ധിതമാണ്. ഇവയിൽ ഏതെങ്കിലും ഒന്നിന്റെമാററം മററുള്ളവയെയും സ്വാധീനിക്കുന്നു. ദേശങ്ങളുടെ ഭൂമിശാസ്ത്രങ്ങൾ ക്കനുസരിച്ച് ഭാഷയിൽ പദങ്ങളും പ്രയോഗങ്ങളും രൂപപ്പെടുന്നുണ്ടെന്ന് ആനവേട്ട എന്ന നോവലിനെ മുൻനിർത്തി പറയാൻ സാധിക്കുന്നു. നിലമ്പൂരിലെ വനവാസികളായ ഗോത്രജനതയുടെ ഭാഷയിലും സംസ്കാരത്തിലും പ്രതിഫലിക്കുന്ന വൈവിധ്യത്തിന് കാരണവും അവിടുത്തെ ഭൗതിക സാഹചര്യമാണ്. മനുഷ്യൻ തന്റെ ഭൗതികസാഹചര്യത്തെ എപ്രകാരമാണ് ബുദ്ധിയിലൂടെ മനസ്സിലാക്കുന്നത് എന്നതിന്റെ അടിസ്ഥാനത്തിലാണ് ഭാഷ രൂപംകൊള്ളുന്നത്. ഇന്ദ്രിയാധിഷ്ഠതമായി ബുദ്ധിയിൽ സംഭരിച്ച അറിവുകളെ സമാനസാഹചര്യത്തിലുള്ള മറ്റൊന്നിൽ ആരോപിക്കാനുള്ള മസ്തിഷ്കത്തിന്റെ കഴിവിനെ നോവലിലെ ഭാഷാപ്രയോഗത്തിൽ നിന്ന് വായിച്ചെടുക്കാൻ സാധിക്കുന്നു. ഭാഷയിൽ ശൈലികൾ രൂപ്പെടുന്നതിനു പിന്നിലുള്ള മനുഷ്യന്റെ നിരീക്ഷണവും സർഗ്ഗാത്മകമായ ഇടപെടലുകളും ഈ നോവലിൽ കണ്ടെത്താൻ കഴിയുന്നു.

**ഗ്രന്ഥസൂചി**

1. ഇന്ദുമേനോൻ, ആനവേട്ട, ഡി.സി.ബുക്സ് : കോട്ടയം, 2024.
2. ഗിരീഷ്, പി.എം., അറിവും ഭാഷയും, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട് : തിരുവനന്തപുരം, 2012.
3. ഗിരീഷ്, പി.എം., ജോർജ്ജ് ലക്കോഫ് ഭാഷയുടെ രാഷ്ട്രീയമനസ്സ്, ചിന്ത പബ്ലിഷേഴ്സ്: തിരുവനന്തപുരം, 2016.

4. ഗിരീഷ്, പി.എം., സാഹിത്യവായനയുടെ ജീവശാസ്ത്രം, തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല: തിരൂർ, 2023.

5. പ്രസാദ്, സി. ആർ., ഭാഷാസ്വത്വം നിർമ്മിതിയും സാധ്യതയും, പരിധി പബ്ലിക്കേഷൻസ്: തിരുവനന്തപുരം, 2023.

6. ശ്രീവത്സൻ, ടി., ഹരിതഭാഷാവിചാരം, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട് : തിരുവനന്തപുരം, 2013.

7. സീമാ ജെറോം (ഡോ), ഭാഷ വ്യവസ്ഥയും വ്യവഹാരവും, കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്: തിരുവനന്തപുരം, 2023.

# സക്കറിയയുടെ ബൈബിൾ കഥകൾ

**ലിബിൻ ജോർജ്**
ഗവേഷകൻ, മലയാളവിഭാഗം

ബൈബിൾ ക്രൈസ്തവരുടെ മതഗ്രന്ഥമാണെങ്കിലും (പഴയ നിയമം യഹൂദരുടെ മത സംഹിത കൂടിയാണ്) അതിനൊരു സാഹിതീയ സ്വഭാവമുണ്ട്. അനവധിയായ ആശയങ്ങളുടെ കലവറയാണ് ബൈബിൾ. ആഖ്യാനത്തിലും കലയിലും ഇതര ചിന്താഗതികളിലും അതിന്റെ സ്വാധീനം പ്രകടമാണ്. പൗരസ്ത്യദേശത്താണ് ബൈബിൾ രൂപപ്പെട്ട തെങ്കിലും അതിന്റെ സ്വാധീനം ഏറ്റവും കൂടുതൽ ദൃശ്യമായത് പാശ്ചാത്യ ലോകത്താണ്. ചിത്രകലകൾ, ശില്പങ്ങൾ, വാസ്തുവിദ്യ, സാഹിത്യം എന്നിവയിൽ അതിന്റെ സ്വാധീനം പ്രകടമാണ്. ക്രിസ്തുവിന്റെ ആശയം എഴുത്തുകാരെയും ചിന്തകരെയും സ്വാധീനിച്ചിട്ടുണ്ട്. ബൈബിൾ കഥകൾ, അതിലെ ആശയങ്ങൾ, കഥാപാത്രങ്ങൾ എന്നിവയെ ഉപയോഗിച്ച് ആഖ്യാനം നിർവ്വഹിച്ച സക്കറിയയുടെ ബൈബിൾ കഥകളെ പഠിക്കുകയാണ് ഈ ലേഖന ത്തിലൂടെ.

**താക്കോൽ വാക്കുകൾ**

ബൈബിൾ സ്വാധീനം കലയിലും സാഹിത്യത്തിലും, പശ്ചാത്യ സാഹിത്യത്തിൽ ബൈബിൾ, ബൈബിൾ ആഖ്യാനം മലയാള സാഹിത്യ ത്തിൽ, പോൾ സക്കറിയ, സക്കറിയയുടെ ബൈബിൾ കഥകൾ.

ഒരു മതഗ്രന്ഥം എന്നതിലുപരിയായി ലോകത്തെ സ്വാധീനിച്ച എണ്ണം പറയാവുന്ന ഗ്രന്ഥങ്ങളിൽ ഒന്നാണ് ബൈബിൾ. Ta-biblia എന്ന ഗ്രീക്ക് വാക്കിൽ നിന്നാണ് ബൈബിൾ എന്ന പദം ഉണ്ടാകുന്നത്. (The book's) ആ പുസ്തകങ്ങൾ എന്നാണ് ഇതിന്റെ അർത്ഥം. ബൈബിൾ ഒരു പുസ്തകസഞ്ചയമാണെന്ന് പേര് സൂചിപ്പിക്കുന്നു. ബി.സി 1500 മുതൽ എ.ഡി 96 വരെയുള്ള 16 നൂറ്റാണ്ടുകൾ കൊണ്ട് ഏകദേശം നാല്പതിനു മുകളിൽ എഴുത്തുകാർ ഇതിന്റെ രചനയിൽ സഹകരിച്ചിട്ടുണ്ട്. പഴയ

നിയമം ഹീബ്രു ഭാഷയിലും (എബ്രായ ഭാഷയിലും പുതിയ നിയമം ഗ്രീക്ക് ഭാഷയിലും രചിച്ചിരിക്കുന്നു. പഴയ നിയമത്തിലെ ദാനിയേലിന്റെ പുസ്തകവും പുതിയ നിയമത്തിലെ മത്തായിയുടെ സുവിശേഷവും അരാ മിക്ക് ഭാഷയിലാണ് എഴുതിയിട്ടുള്ളത്.

ഗാന്ധിയൻ സമരമുറകളായ നിരാഹാരവും അഹിംസയും ബൈബിളിൽ നിന്ന് കടംകൊണ്ടതാണ്. ഡാവിഞ്ചി വരച്ച അന്ത്യാത്താഴവും വെർജിൻ ഓഫ് റോക്കും, മൈക്കലാഞ്ചലോയുടെ അവസാന വിധി, ആദാമിന്റെ സൃഷ്ടി, പൗലോ വെറോനിസിന്റെ വെഡിംഗ് ഓഫ് കാനാ, നിക്കോളാസ് പൗസിന്റെ ദി ജഡ്ജ്മെൻ്റ് ഓഫ് സോളമൻ, പീയ്റ്റർ ബ്രൂഗെലിന്റെ ദി ടവർ ഓഫ് ബാബേൽ എന്നീ വിശ്വപ്രസിദ്ധരായ ചിത്രകാരന്മാരിലും ആംഗലേയ സാഹിത്യത്തിലും ബൈബിളിന്റെ സ്വാധീനം വളരെയാണ്. ഒരു പക്ഷേ ലോകത്തിൽ ഏറ്റവും അധികം മതവിശ്വാസികളുള്ളതുകൊണ്ടാണ് ബൈബിളിന് ഇത്രയും പ്രചാരം കിട്ടിയത് എന്ന് പറയാമെങ്കിലും ക്രിസ്ത്യാനികൾ അല്ലാത്ത വ്യക്തികളിലും ബൈബിളിന്റെ സ്വാധീനം ഉണ്ടായിട്ടുണ്ട്. ഗാന്ധിയും, രാജാറാം മോഹൻ റോയിയും വള്ളത്തോൾ നാരായണ മേനോനും, പി കുഞ്ഞിരാമൻ നായരും, കെ.പി. അപ്പനും, കൈനിക്കര പത്മനാഭപിള്ളയും, എസ്.കെ. പൊറ്റക്കാടും, റാഫിയും, ജി. ശങ്കരക്കുറുപ്പ് സുഗതകുമാരിയും സച്ചിദാനന്ദനും ക്രിസ്ത്യാനികളെ ആയിരുന്നില്ല. പക്ഷേ ഇവരെയൊക്കെ ബൈബിൾ സ്വാധീനിച്ചിട്ടുണ്ട് അല്ലായെങ്കിൽ ബൈബിൾ ഇതിവൃത്തത്തെ അധികരിച്ച് സാഹിത്യ രചനകൾ നിർവഹിച്ച വ്യക്തികളാണ്.

**ബൈബിൾ ആംഗലേയ സാഹിത്യത്തിൽ**

1549 ൽ പുറത്തുവന്ന ആംഗ്ലിക്കൻ പ്രയർ ബുക്കും 16-ാം നൂറ്റാണ്ടിൽ പുറത്ത് വന്ന റ്റിൻഡലിന്റെയും (Tyndle) കവർഡലെ (Coverdale) യുടെയും ബൈബിൾ വിവർത്തനങ്ങളും ഇംഗ്ലീഷ് ഭാഷയുടെ വളർച്ചയെ സഹായിച്ചിട്ടുണ്ട്. ഇംഗ്ലണ്ടിലെ രാജാവായിരുന്ന കിംഗ് ജയിംസ് ഒന്നാമൻ 1611 ൽ വിവർത്തനം ചെയ്ത ഇംഗ്ലീഷ് ബൈബിളാണ് ഇംഗ്ലീഷ് ഭാഷയുടെ വ്യാകരണനിയമത്തെ ഊട്ടിയുറപ്പിച്ചത്.

വില്യം ഷേക്സ്പിയർ തന്റെ ഒട്ടുമിക്ക നാടകങ്ങളിലും ബൈബിൾ ബിംബങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. മർച്ചന്റ് ഓഫ് വെനീസ്, ടെമ്പസ്റ്റ്, ഒഥല്ലോ, ജൂലിയ സീസർ, ആസ് യു ലൈക് ഇറ്റ്, മാക്ബത്ത്, ഹാംലെറ്റ് എന്നീ നാടകങ്ങൾ ഇതിനുദാഹരണമാണ്. യേശു ക്രിസ്തുവിന്റെ ഗിരിപ്രഭാഷണ ശൈലിയിലാണ് വെനീസിലെ വ്യാപാരിയിൽ പോർഷ്യയുടെ സംഭാഷണ ശൈലി.

The Waste Land എന്ന പ്രശസ്ത കാവ്യത്തിൽ ടി.എസ്. എലിയറ്റ് ഏറെ ബൈബിൾ ബിംബങ്ങൾ പ്രയോഗിച്ചിരിക്കുന്നത് കാണാം. അദ്ദേഹത്തിന്റെ തന്നെ A Love Song to Prufrock എന്ന കവിതയിൽ April is the cruellest of months എന്നു പ്രയോഗിച്ചിരിക്കുന്നത് കാൽവരിയിലെ മഹായജ്ഞത്തെ അനുസ്മരിപ്പിക്കാനാണ്. The Ash Wednesday എന്ന കവിതയിലെ പ്രമേയവും ബൈബിളടിസ്ഥാനമാക്കിയാണ്.

ഹോപ്കിൻസിന്റെ കവിതകളിൽ ബൈബിൾവാങ്മയ ചിത്രങ്ങൾ കൂടുതൽ ഉപയോഗിച്ചിരിക്കുന്നതു കാണാം. ഡാന്റെയുടെ ഡിവൈൻ കോമഡി, ജോൺ മിൽട്ടന്റെ പാരഡൈസ് ലോസ്റ്റ്, ജോൺ ബുനയന്റെ പിൽഗ്രീം പ്രോഗ്രസ്സ്, സ്റ്റെയിൻ ബെക്കിന്റെ ഈസ്റ്റ് ഓഫ് ഏദൻ, ജോസ് സരമാഗോയുടെ ദി ഗോസ്പൽ അക്കോർഡിംഗ് ടു ജീസസ് ക്രൈസ്റ്റ്, വില്യം ഗോൾഡിംഗിന്റെ ദി ഇൻഹെറിറ്റേഴ്സ് തുടങ്ങിയ അനവധിയായ പശ്ചാത്യ ലോകത്തെ സാഹിത്യകാരന്മാരിൽ ബൈബിൾ സ്വാധീനങ്ങൾ ദർശിക്കാനാവും.

**ബൈബിളിന്റെ സ്വാധീനം മലയാളത്തിൽ**

മലയാളസാഹിത്യത്തിൽ ബൈബിൾ സ്വാധീനത്തിന്റെ ആദ്യാങ്കുരങ്ങൾ കാണുന്നത് നാട്ടു മൊഴിഗാനങ്ങളിലാണ്. മാർഗ്ഗംകളിപ്പാട്ട്, റമ്പാൻ പാട്ട്, ആദത്തിന്റെ വട്ടക്കളിപ്പാട്ട്, അങ്കം ചാർത്തുപാട്ട്, മംഗല്യഗീത, മൈലാഞ്ചിപ്പാട്ട്, മാർത്തോമ്മൻ പാട്ട്, അടച്ചുതുറപ്പാട്ട് തുടങ്ങിയ നാട്ടുമൊഴി ഗാനങ്ങളിൽ ബൈബിൾ ദർശനത്തിന്റെയും ക്രിസ്തീയ ജീവിതത്തിന്റെയും ദർശനങ്ങൾ കാണാം. ബൈബിൾപരിഭാഷകൾ ഉണ്ടാകുന്നതിനുമുമ്പ് വാമൊഴിയായി പുരോഹിതരിൽനിന്നു കേട്ട ബൈബിൾ ഭാഗങ്ങളാകാം അവയ്ക്കു പ്രചോദനമായത്.

അച്ചടിച്ച് കിട്ടുന്നതിനുമുമ്പേ മലയാള സാഹിത്യരംഗത്ത് ബൈബിളിന്റെ സ്വാധീനം പ്രകടമായിരുന്നു. ബൈബിൾസ്വാധീനത്തിൽ ആദ്യകാലരചനകളിൽ ഏർപ്പെട്ടവർ അർണോസ് പാതിരി, പൗലീനോസ് പാതിരി, ആഞ്ചലോ ഫ്രാൻസിസ്സ് തുടങ്ങിയവരാണ്. അമ്പതുനോമ്പു കാലത്ത് പാടാനായി അർണോസ് പാതിരി തയ്യാറാക്കിയ മിശിഹാചരിത്രം പുത്തൻപാനയാണ് ഒരു ബൈബിൾകഥയുടെ പുനരാഖ്യാനമെന്ന നിലയിൽ മലയാളത്തിൽ ലഭ്യമായി ട്ടുള്ള ആദ്യത്തെ ബൈബിൾകാവ്യം. ക്രൈസ്തവഭവനങ്ങളിൽ ആലപിച്ചിരുന്ന മിശിഹാ ചരിതം പുത്തൻപാന, ഉമ്മാടെ ദുഃഖം, വ്യാകുലപ്രബന്ധം എന്നീ പ്രസിദ്ധ ബൈബിൾകാവ്യങ്ങൾ മലയാളസാഹിത്യത്തെ സമ്പന്നമാക്കി. വള്ളത്തോളിന്റെ മഗ്ദലന

മറിയം 1921-ൽ പ്രസിദ്ധീകരിച്ചു. ഭരതമുനിയുടെ നാട്യശാസ്ത്ര കല്പിതമായ ഹസ്തമുദ്രകളോടുകൂടി കേരളീയ വാദ്യസംഗീത ശൈലിയിൽ ഒലിവേർ വിജയം ആട്ടക്കഥ (കഥകളി) 1897-ലും, ആചാര്യ ദണ്ഡിയുടെ മഹാകാവ്യലക്ഷണനിർദ്ദേശങ്ങൾ അനുസരിച്ചു സംസ്കൃതവൃത്തങ്ങളിൽ ശ്രീയേശുവിജയം മഹാകാവ്യം 1926-ൽ കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള എഴുതി. എഴുത്തച്ഛന്റെ കാവ്യശൈലിയിൽ കെ.വി. സൈമണിന്റെ വേദവിഹാരം 1931-ൽ പ്രകാശിതമായി. പുത്തൻകാവു മാത്തൻ തരകന്റെ വിശ്വദീപത്തിൽ, മറിയത്തിന്റെ സ്തോത്രഗീതവും യേശുവിന്റെ ജനനസമയത്ത് മാലാഖമാർ ആലപിച്ച ദിവ്യഗീതവും കാവ്യമാക്കിയിരിക്കുന്നു. പ്രവിത്താനം പി.എം. ദേവസ്യായുടെ ഇസ്രായേൽ വംശം, മഹാപ്രസ്ഥാനം, രാജാക്കന്മാർ എന്നിവയും ബൈബിൾ മഹാകാവ്യങ്ങളാണ്. ററി.വി. മാത്യുവിന്റെ ദിവ്യസംഗീതത്തിൽ ബൈബിളിലെ ഇരുനൂറോളം സന്ദർഭങ്ങൾ ആവിഷ്കരിച്ചിരിക്കുന്നു. മേരി ബനീഞ്ഞ അബ്രാഹത്തിന്റെ കഥപറയുന്ന ഈശപ്രസാദവും, പൂർവ്വ യൗസേപ്പിന്റെ കഥപറയുന്ന വിധിവൈഭവവും ശ്രദ്ധേയമായ ബൈബിൾ കാവ്യങ്ങളാണ്. വിഷ്ണുനാമ സഹസ്രത്തിനു തുല്യമായി ഐ.സി. ചാക്കോ എഴുതിയതാണ് ക്രിസ്തുസഹസ്രനാമം.

വർഗീസുമാപ്പിളയുടെ എബ്രായക്കുട്ടി, സി.ജെ. തോമസിന്റെ ആ മനുഷ്യൻ നീ തന്നെ, റൂത്ത്, അവൻ വീണ്ടും വരുന്നു, കൈനിക്കര പത്മനാഭപിള്ളയുടെ കാൽവരിയിലെ കല്പ പാദപം, മുട്ടത്ത് വർക്കിയുടെ വലിയ മുക്കുവൻ, ജി. ശങ്കരപ്പിള്ളയുടെ ഭാരതവാക്യം, എബ്രഹാം ജോസഫിന്റെ പീലാത്തോസ് എന്നിവ മലയാളത്തിലെ ഈടുറ്റ ബൈബിൾ സ്വാധീനത്തിൽ എഴുതപ്പെട്ട നാടകങ്ങളാണ്

ഒരു വിശ്വസാഹിത്യമെന്ന നിലയിൽ ബൈബിളിനെ സമീപിക്കുകയും അതിന്റെ സ്വാധീനത്താൽ രചനകൾ നടത്തിയിട്ടുള്ള കവികളാണ് വള്ളത്തോൾ (മഗ്ദലന മറിയം) ജി. ശങ്കരക്കുറുപ്പ്, (ഇന്നു ഞാൻ നാളെ നീ) സുഗതകുമാരി (പുണ്യരാത്രി) സച്ചിദാനന്ദൻ (ബലി മുഹൂർത്തം) പി. കുഞ്ഞിരാമൻനായർ (ക്രിസ്മസ് സമ്മാനം) തുടങ്ങിയവർ.

പോഞ്ഞിക്കര റാഫിയുടെ സ്വർഗ്ഗദൂതനിൽ സവിശേഷമായും ഇതര നോവലുകളിൽ പൊതുവായും ബൈബിൾസ്വാധീനം കാണുന്നുണ്ട്. ഇതിവൃത്തം, മിത്തുകൾ, ദർശനങ്ങൾ, ഭാഷ എന്നീ തലങ്ങളെ പഠന വിഷയമാക്കുമ്പോൾ റാഫിയുടെ സ്വർഗ്ഗദൂതനിൽ പഴയനിയമത്തി ലെയും കാക്കനാടന്റെ ഏഴാം മുദ്രയിൽ പുതിയ നിയമത്തിലെയും മിത്തുകളുടെ സ്വാധീനതയുണ്ട്. പാറപ്പുറത്തിന്റെ അരനാഴികനേരത്തിൽ ബൈബിൾ

സ്വാധീനത്തിന്റെ ശക്തവും ബലിഷ്ഠവുമായ അടിത്തറ കാണാം. അര നാഴികനേരത്തിലെ മുഖ്യകഥാപാത്രമായ കുഞ്ഞേനാച്ചന്റെ ഓർമ്മയിൽ കുടിയിരിക്കുന്ന ബൈബിൾവാകൃങ്ങൾ മറ്റുകാരൃങ്ങൾക്കൊപ്പം ഇടയ്ക്കിടെ മിന്നിത്തെളിയുന്നതു മറയുന്നതും കാണാം. സി.വി. ബാലകൃഷ്ണന്റെ ആയുസ്സിന്റെ പുസ്തകം, കണ്ണാടിക്കടൽ, എസ്.കെ. പൊറ്റക്കാടിന്റെ വിഷകന്യക, പോഞ്ഞിക്കര റാഫിയുടെ കാനായിലെ കല്യാണം, മുട്ടത്തു വർക്കിയുടെ സലോമി, സ്വാമി ബ്രഹ്മവ്രതന്റെ എസ്ഥേർ എന്ന യഹൂദ സുന്ദരി, വൈക്കം ചന്ദ്രശേഖരൻ നായരുടെ കായീന്റെ വംശം, ജോസഫ് മറ്റത്തിന്റെ തേനും പാലും, ടി. വി. വർക്കി യുടെ കഴുകിത്തുടച്ച കാൽപാദങ്ങൾ, കെ.എം തരകന്റെ ഓർമ്മകളുടെ രാത്രി, കാനം ഇ. ജെ. യുടെ വാളും കുരിശും, ജോസഫ് കരിങ്കടയുടെ ആദിയിൽ തുടങ്ങിയ കൃതികളിലും ബൈബിൾ സ്വാധീനത പ്രകടമാണ്.

ക്രൈസ്തവബിംബങ്ങളും വിശ്വാസങ്ങളും ആചാരങ്ങളും ദൈവ ശാസ്ത്രദർശനങ്ങളും തന്റെ കഥകൾക്കു വിഷയമായി തിരഞ്ഞെടുത്ത എഴുത്തുകാരനാണ് പോൾ സക്കറിയ. ദൈവങ്ങളും ക്രിസ്തുവും മനുഷ്യ നും മൃഗവുമൊക്കെ സക്കറിയയുടെ കഥാവിഷയങ്ങളായിട്ടുണ്ട്. മധ്യ കേരളത്തിലെ നസ്രാണിവിശ്വാസങ്ങളും, ക്രൈസ്തവമതത്തിലെ ദുർന ടപ്പും, ഉത്തരംകിട്ടാത്ത ചോദ്യങ്ങളും, മൂല്യമുണർത്തുന്ന ആശയങ്ങളും സക്കറിയ തന്റെ കഥകളിൽ പ്രതിപാദന വിഷയങ്ങളാക്കുന്നുണ്ട്. ബൈബിളിൽ വിവരിക്കുന്ന കഥാസന്ദർഭങ്ങളും പ്രധാന സംഭവങ്ങളും കഥാപാത്രങ്ങളും തന്റെ കഥകൾക്ക് വിഷയമായി തെരഞ്ഞെടുത്ത വ്യക്തിയാണ് സക്കറിയ. അതോടൊപ്പം ബൈബിളിലെ സംഭവങ്ങളെ മറ്റൊരു രീതിയിൽ അവതരിപ്പിക്കുകയും അതിനു വ്യാഖ്യാനങ്ങൾ നിർമ്മിച്ച് ആഖ്യാനമായി മാറ്റുകയും അതോടൊപ്പം ബൈബിൾ സന്ദർഭ ങ്ങളെ തിര്യക്ക് സ്വഭാവത്തിൽ അവതരിപ്പിക്കുന്നതും സക്കറിയയുടെ രീതിയാണ്. സക്കറിയയുടെ ഒരിടത്ത് എന്ന കഥ മരണത്തിനും ജീവിത ത്തിനുമിടയിലെ ഗദ്സമൻ മുതൽ കാൽവരിവരെയുള്ള ക്രിസ്തു കഥ യുടെ സക്കറിയ വെർഷനാണെന്ന് റോസി തമ്പി അഭിപ്രായപ്പെടുന്നുണ്ട്.

1969 ഏപ്രിലിൽ യുഗരശ്മിയിൽ പ്രസിദ്ധീകരിച്ച നാല് കവിതാ വസ്തുക്കൾ എന്ന കഥയിൽ പരിശുദ്ധാരൂപീ, നിന്റെ വെളിവിന്റെ കതിരിനെ ആകാശത്തിൽനിന്നും നീ അയക്കണമേ. അപ്പോൾ ചന്ദ്രന്റെ കീഴിലുള്ള ഭ്രാന്തൻ പറഞ്ഞുവത്രെ എനിക്ക് ആ വെളിവില്ല കുറെ കാലങ്ങൾക്ക് ശേഷം അയാൾ ഒരു മഴക്കാല പുലരിയിൽ ഒരു തണുത്ത മരത്തിന്മേൽ മരിച്ചു. ഇന്നലെ ഞാൻ എന്റെ അമ്മയ്ക്കൊപ്പം നിലാവുള്ള

തിണ്ണയിലിരുന്ന് പ്രാർത്ഥിക്കുകയായിരുന്നു. പരിശുദ്ധാരുപിയോടുള്ള പ്രാർത്ഥന എത്തിയപ്പോൾ മുറ്റത്ത് നിഴലുകൾ കുലുങ്ങിയപ്പോൾ അമ്മ തിരിഞ്ഞെന്നോട് കിറുക്കനെപ്പറ്റി പറഞ്ഞു. അപ്പോൾ അയാൾ എന്റെ മനസ്സിന്റെ പുതുഭൂമിയിൽ ജനിച്ചു. മരണത്തിന്റെ മാറാല പൊക്കി സമയത്തെ പിളർന്ന് ഉയർത്തു. എന്റെ അമ്മ അയാളുടെ മാതാവായി. ഓർമ്മ ഒരു ഗർഭപാത്രമായി. ഞാൻ അയാൾ വീണ്ടും ജനിച്ച പ്രപഞ്ചവും. എന്റെ ചെവിയിൽ പൊട്ടിത്തളിർത്ത വാക്കുകളിലയാൾ കായ്ച്ചു. ഞാൻ പ്രപഞ്ചത്തിന്റേതാണെന്നപോലെ അയാളും എന്റെതാണ്.ഞാൻ മരിക്കുമ്പോൾ മാത്രമേ അയാൾക്കും മരണമുള്ളൂ

ക്രിസ്തുവിനെ ഇവിടെ കിറുക്കനായി അവതരിപ്പിച്ചിരിക്കുകയാണ്. കാരണം മരത്തിൽ മരിച്ചത് ക്രിസ്തുവാണ്. ബൈബിൾ സംഭവങ്ങളിലും ക്രിസ്തുവിന് മാനസിക വിഭ്രാന്തി ഉണ്ടെന്ന് ശാസ്ത്രിമാരും പരീശന്മാരും പറയുന്ന സന്ദർഭങ്ങളുണ്ട്. ഏതൊരു സമൂഹത്തിലും നിലനിൽക്കുന്ന സംഭവങ്ങളെ ആചാരങ്ങളെ. അനുഷ്ഠാനങ്ങളെ, ഭക്തിയെ, വിശ്വാസങ്ങളെ ചോദ്യം ചെയ്യപ്പെടുമ്പോൾ അല്ലായെങ്കിൽ തിരുത്താൻ ശ്രമിക്കുമ്പോൾ ആ വ്യക്തി സമൂഹത്തിന്റെ കണ്ണിൽ സക്കറിയ പ്രയോഗിക്കുന്ന കിറുക്കൻ തന്നെയാണ്. ക്രിസ്തുവിന് ഭ്രാന്താണെന്ന് ധരിച്ചതുകൊണ്ടായിരിക്കാം യഹൂദ സമൂഹം അവനെ മരത്തിൽ കുരിശിച്ചുകൊന്നത്. ബിംബ വൽക്കരണങ്ങൾ കൊണ്ട് ക്രിസ്തു സംഭവങ്ങളെ തന്നെയാണ് സക്കറിയയും ഈ കഥയിൽ വിവരിക്കാൻ ശ്രമിക്കുന്നത്. 1969ലാണ് ബൈബിളിലെ സംഭവങ്ങളെ അഥവാ ക്രിസ്തു സംഭവങ്ങളെ വക്രീകരിച്ച് ഇൻഡയറക്ടായി തന്റെ കൃതികളിൽ രേഖപ്പെടുത്താൻ സക്കറിയ തുടങ്ങുന്നത്, അല്ലായെങ്കിൽ ആരംഭം കുറിക്കുന്നത്.

ബൈബിളിൽ നിന്ന് നേരിട്ട് ഒരു കഥാപാത്രത്തെ കേന്ദ്ര കഥാപാത്രമായ സോളമൻ (ശലോമോൻ) രാജാവ് കേന്ദ്ര കഥാപാത്രമാകുന്ന കഥയാണ് കിംഗ്(ങ്) സോളമൻ(ൻ). ഇസ്രായേലിലെ മൂന്നാമത്തെ രാജാവായ ശലോമോനെക്കുറിച്ചുള്ള ഒരു ലഘു വിവരണം സക്കറിയ കഥ ആരംഭിക്കുമ്പോൾ തന്നെ നൽകുന്നുണ്ട്. പിന്നീട് ശലോമോന്റെ രാജ്യഭരണത്തിൽ നടക്കുന്ന കാര്യങ്ങളെക്കുറിച്ചുള്ള വിവരണങ്ങളും കഥാസന്ദർഭങ്ങളായി ഈ കഥയിൽ വരുന്നുണ്ട്.

നമ്മുടെ പറുദീസാനഷ്ടം എന്ന ചെറുകഥ ഏദൻ തോട്ടത്തിൽ നിന്ന് ബഹിഷ്കൃതനാകുന്ന ആദമിന്റെയും ഹവ്വായുടെയും സ്ഥാനത്ത് എലികൾ കഥാപാത്രമായി വരുന്നു. ബൈബിൾ സന്ദർഭങ്ങളെ തിര്യക്ക് വേർഷനായി സക്കറിയ അവതരിപ്പിക്കുന്നു.

ചെറുകഥാ രചന ആരംഭിച്ച ആദ്യത്തെ പതിനെട്ടുവർഷക്കാലം ക്രിസ്തുവോ ക്രിസ്തുചരിതമോ നേരിട്ട് സക്കറിയയുടെ കഥകളിൽ പ്രതിപാദന വിഷയമായിവന്നിട്ടില്ല. 1983 മുതൽ സക്കറിയയുടെ ചെറുകഥകളിൽ ക്രിസ്തുവും ക്രിസ്തുസംഭവങ്ങളും നേരിട്ട് പ്രതിപാദന വിഷയങ്ങളാവുന്നതായി കാണാം. അത്തരത്തിൽ വന്ന ആദ്യത്തെ കഥയാണ് അന്നമ്മ ടീച്ചർ ഒരു ഓർമ്മക്കുറിപ്പ്. ഈ കഥയിൽ അന്നമ്മ ടീച്ചറിനോളം പ്രാധാന്യമുള്ള കഥാപാത്രമായി യേശുവും കടന്നു വരുന്നു. മാത്രമല്ല അന്നമ്മ ടീച്ചർ ക്രിസ്തുമരിച്ച ദുഃഖവെള്ളിയാഴ്ച്ച തന്നെയാണ് ഈ കഥയിൽ മരണപ്പെടുന്നതും. മറ്റൊരു സന്ദർഭത്തിൽ തന്റെ മുപ്പത്തി മൂന്നാം പിറന്നാളിന്റെയന്ന് പള്ളിയിൽ പോയി കുമ്പസാരിച്ചു കുർബാന കൈക്കൊണ്ടു മടങ്ങുമ്പോൾ അന്നമ്മ യേശുവിനോടു പറഞ്ഞു: ഇന്നു മുതൽ നീ എന്റെ അനിയനാണ്. ഇനി എനിക്കേ പ്രായം കൂടൂ. ഇനി ഞാൻ നിന്റെ ചേച്ചിയാണ്. നീ ചെറുപ്പക്കാരനായിട്ട് എന്റെ കുഞ്ഞനിയനായിട്ട് കഴിയണം. ദുഃഖവെള്ളിയാഴ്ചകളിൽ പള്ളിക്കലിരുന്ന് അന്നമ്മ അവനോട് പറയും: പാവം. എന്തു വേദനിച്ചാണ് നീ മരിച്ചത്. ഇന്നത്തെ നിന്റെ മഹിമ സ്വപ്നം കാണാൻകൂടി നിനക്കു കഴിഞ്ഞോ?. കുരിശിന്മേലേ നിന്റെ നിലവിളി ഒരു വലിയ നിലവിളിയല്ലായിരുന്നോ? എന്തൊരു പാവമായിരുന്നു ഈശോയെ നീ.

തുണിയലക്കിത്തീർന്നപ്പോഴേക്കും ആകാശത്തിൽ ഒരു മൂടൽ വന്നെത്തിയിരുന്നു. തുണികൾ ഉണങ്ങാൻ വിരിച്ചിട്ട്, തളർച്ച നീങ്ങട്ടെ യെന്നു കരുതി വെള്ളത്തിൽ കുറേനേരം മുങ്ങിക്കിടന്നു. ആകാശത്തിലെ കാറിന്റെ മങ്ങൽ വീണ വെള്ളം ഒഴുകുന്നേയില്ലെന്ന് അന്നമ്മയ്ക്കു തോന്നി. അന്നമ്മ എണീറ്റ് സോപ്പു തേക്കാൻ തുടങ്ങി. അപ്പോഴാണ് ഒരു കണ്ണിന്റെ കോണിലൂടെ പെരിങ്ങലക്കാടുകളിൽ ഒരനക്കം അന്നമ്മ കണ്ടത്. അവൾ അങ്ങോട്ടു പെട്ടെന്നു തിരിഞ്ഞു. ഒരു തല ചെടിത്ത ലപ്പുകൾക്കു പിന്നിലേക്കു മാഞ്ഞു. അന്നമ്മയ്ക്കു വലിയ ദേഷ്യം വന്നു. പെണ്ണുങ്ങൾ കുളിക്കുന്നിടത്ത് ഒളിഞ്ഞു നോക്കുന്നോ? ഇതാരാണെന്ന് അറിയണമല്ലോ. അവൾ പെട്ടെന്നു കരയ്ക്കു കയറി ഒരു നിമിഷം കൊണ്ട് പെരിങ്ങലക്കാടുകൾക്കുള്ളിലെത്തി. അവിടെ ഒരു ചെറുപ്പക്കാരൻ നിന്നിരുന്നു.

നീയോ? അന്നമ്മ മന്ത്രിച്ചു: നീയ് ഇങ്ങനെ ചെയ്യുമെന്നു ഞാൻ കരുതിയില്ല. ഇന്നു പ്രത്യേകിച്ച് നീ പാപം ചെയ്യാൻ പാടുണ്ടോ? അവന്റെ തോളുകളിൽ പിടിച്ചുകൊണ്ട് അന്നമ്മ ചോദിച്ചു: കുഞ്ഞനിയാ, നിനക്ക് ഈ തോട്ടുവക്കത്തു വരണമായിരുന്നോ എന്നെ കാണാൻ? ഇത്രയേ യുള്ളോ നിന്റെ ശക്തി.

ഇന്ന് നീ എനിക്കുവേണ്ടി എത്രയോ കരഞ്ഞു. ചെറുപ്പക്കാരൻ പറഞ്ഞു: ഇനി നിന്നെ ആശ്വസിപ്പിക്കാനായി ഞാൻ വന്നതാണ്. ഈ ഒഴുക്കുവെള്ളത്തിന്റെ ശുദ്ധിയിൽ നീ നില്ക്കുമ്പോഴല്ലേ, എല്ലാ പണിയുമൊഴിഞ്ഞ് നീ നിന്റേതുമാത്രമായി ഒരു നിമിഷം നില്ക്കുമ്പോഴല്ലേ ഞാൻ നിന്നെ കാണാൻ വരേണ്ടത്, ചേച്ചീ? പെട്ടെന്നെന്നെക്കണ്ട് ഭയപ്പെട്ടാലോ എന്നു കരുതി ഞാൻ ഒളിഞ്ഞതാണ്.

ചെറുപ്പക്കാരൻ അന്നമ്മയുടെ രണ്ടു കൈകളും തന്റെ കൈകളിലെടുത്ത് തന്റെ ചുണ്ടുകളിലമർത്തിയശേഷം മെല്ലെ ചരിഞ്ഞുകൊണ്ടിരുന്ന അന്നമ്മയെ താങ്ങിക്കൊണ്ട് മന്ത്രിച്ചു: ഉറങ്ങു ചേച്ചീ, വിശ്രമിക്കൂ. എനിക്കിന്നും ശക്തിയൊന്നുമില്ല. നിന്റെ തളർച്ചയിൽ താങ്ങാൻ മാത്രം ഞാൻ വന്നതാണ്.

ഒരു മനുഷ്യൻ എന്ന നിലയിലും ദൈവം എന്ന നിലയിലുമാണ് ഈ കഥയിൽ സക്കറിയ യേശുവിനെ അവതരിപ്പിച്ചിരിക്കുന്നത്. പൂർണ്ണ ദൈവവും പൂർണ്ണ മനുഷ്യനും എന്ന അലക്സാന്ദ്രിയൻ ദൈവശാസ്ത്രത്തിന്റെ ആശയമാണ് സക്കറിയ ഈ കഥയിലെ പ്രധാന കഥാപാത്രമായ യേശുവിന് നൽകുന്നത്.

പുതിയ നിയമത്തിൽ വിവരിക്കുന്ന ക്രിസ്തുവിന്റെ ജനനവും അതിനോടനുബന്ധിച്ച് ആ രാജ്യത്തു നടന്ന മൂന്നു വയസ്സിൽ താഴെയുള്ള ആൺ കുഞ്ഞുങ്ങളുടെ വധത്തെയും അതിനു നിയോഗിക്കപ്പെട്ട പട്ടാളക്കാരുടെ അന്വേഷണവും അതേത്തുടർന്ന് നവജാതശിശുവായ ക്രിസ്തുവിനെയും കൊണ്ട് അവന്റെ മാതാപിതാക്കൾ നടത്തിയ നസ്രേത്തിലേക്കുള്ള പാലായനവും അടിസ്ഥാനമാക്കി സക്കറിയ രചിച്ച കഥയാണ് ആർക്കറിയാം. 1986 ഏപ്രിൽ ആറിന് മാതൃഭൂമി ആഴ്ചപ്പതിപ്പിലാണ് ഈ കഥ പ്രസിദ്ധീകരിക്കപ്പെട്ടത്. ഈ കഥയിലെ വേശ്യാലയ നടത്തിപ്പുകാരി മറിയത്തിനോട് പറയുന്ന സംഭാഷണത്തിൽ നിന്റെ മകൻ വളർന്ന് രാജാവാകുമ്പോൾ ഞങ്ങളെയും രക്ഷിക്കാൻ പറയൂ. ഞങ്ങൾ വേശ്യകളാണ്. പക്ഷേ അമ്മയുടെ വാക്കുകൾ അവൻ അനുസരിക്കും എന്ന് രേഖപ്പെടുത്തുന്നുണ്ട്. വിമോചന ദൈവശാസ്ത്രത്തിൽ അടിമത്വത്തിൽ കീഴിലായിരിക്കുന്നവരെ വിമോചിപ്പിക്കുന്ന രക്ഷകനായിട്ടാണ് യേശുവിനെ നിർവ്വചിക്കുന്നത്. ആർക്കറിയാം എന്ന കഥയിലും സക്കറിയ യേശുവിനെ രക്ഷകനായ വിമോചകനായി ചിത്രീകരിക്കുന്നു.

യേശുവിനെ കേന്ദ്ര കഥാപാത്രമായി അവതരിപ്പിക്കുന്ന മറ്റൊരു കഥയാണ് കണ്ണാടി കാൺമോളവും. അലച്ചിലിനു ശേഷം തന്റെ നാട്ടിലേക്ക് മടങ്ങിയെത്തുന്ന യേശുവിന് കണ്ണാടിയിൽ തന്റെ പ്രതി

ബിംബം കാണുമ്പോൾ ഉണ്ടാകുന്ന മാനസിക സംഘർഷങ്ങളെ വിവരിക്കുന്ന കഥയാണിത്. ബൈബിളിലെ ചില സന്ദർഭങ്ങളും കൂട്ടിക്കുഴച്ചാണ് സക്കറിയ ഇതിന്റെ ആഖ്യാനം നടത്തുന്നത്.

എന്തുണ്ട് വിശേഷം പീലാത്തോസേ എന്ന ലഘു നോവലിലും ബൈബിൾ സന്ദർങ്ങളും യേശുവും പീലാത്തോസും മഗ്ദലനമറിയവും പിലാത്തോസിന്റെ ഭാര്യയുമൊക്കെ കഥാപാത്രങ്ങളായി വരുന്നുണ്ട്. ബൈബിൾ സന്ദർഭത്തിലെ ന്യായാധിപസംഘത്തിന്റെ മുമ്പിൽ നിൽക്കേണ്ടിവരുന്ന ക്രിസ്തുവും പീലാത്തോസും തമ്മിലുള്ള സംഭാഷണങ്ങളും ഉയർത്തെഴുന്നേറ്റ ക്രിസ്തുവിനെ കാണാൻ പോകുന്ന സന്ദർഭങ്ങളും ഈ കഥയിൽ വിവരിക്കുന്നുണ്ട്.

2018 ജൂലൈ 29ന് മാതൃഭൂമി ആഴ്ചപ്പതിപ്പിൽ വന്ന കഥയാണ് യേശുവിന്റെ ചില ദിവസങ്ങൾ ഒരു പുലർച്ചെ, ഒരു മധ്യാഹ്നം, ഒരു സായാഹ്നം, ഒരു രാത്രി എന്നിങ്ങനെ ദിവസത്തിന്റെ വിവിധ ഭാഗങ്ങളിൽ യേശു ചെയ്ത കാര്യങ്ങളിൽ ആഖ്യാനാത്മകമായി പറയാൻ ശ്രമിക്കുകയാണ് ഈ കഥയിൽ സക്കറിയ. ഒരു മധ്യാഹ്നം എന്ന കഥാഭാഗത്ത് ബൈബിളിലെ ലാസറിനെ ഉയർപ്പിക്കുന്ന വേദഭാഗത്തിൽനിന്നുള്ള കാര്യമാണ് വിവരിക്കുന്നത്.

നീ ഇവിടെയുണ്ടായിരുന്നെങ്കിൽ എന്റെ സഹോദരൻ മരിക്കുമായിരുന്നില്ല. അവളുടെ ചുടുകണ്ണീർ യേശുവിന്റെ പാദങ്ങളിൽ വീണു. യേശു കരഞ്ഞു. മറിയം എണീറ്റ് യേശുവിന്റെ കണ്ണീർ തുടച്ചു. യേശു ചോദിച്ചു. അവനെ എവിടെ അടക്കിയിരിക്കുന്നു? മറിയം പറഞ്ഞു, നീ വന്ന് കാണുക. കല്ലറയ്ക്ക് മുമ്പിൽ യേശു നിന്നു. അത് അടച്ചിരുന്ന കല്ല് കുറച്ചുപേർ ഉരുട്ടിമാറ്റി. അകത്തെ ഇരുട്ടിൽ ലാസർ ഒരു ബന്ധിയെപ്പോലെ കിടക്കുന്നുണ്ട്. യേശു കുനിഞ്ഞ് ഉള്ളിലേക്ക് നോക്കി വിളിച്ചു, ലാസറേ, കൂട്ടുകാരാ, ഞാൻ വന്നിരിക്കുന്നു. നീ എണീറ്റു വരൂ. ലാസറിന്റെ പൊതിഞ്ഞു കെട്ടിയ രൂപം അനങ്ങി. എണീറ്റിരിക്കാൻ ശ്രമിച്ചു. യേശു ഉള്ളിലേക്ക് എത്തിവലിഞ്ഞ് അവനെ ഉയർത്തിക്കൊണ്ട് പറഞ്ഞു: നീ ഉറങ്ങിയത് മതി. കുറച്ചുപേർ ചേർന്ന് ലാസറിനെ എടുത്ത് പുറത്തു കൊണ്ടുവന്നു. അവന്റെ കെട്ടുകൾ അഴിച്ചുതുടങ്ങി. മറിയവും മാർത്തയും യേശുവിന്റെ കൈകളെടുത്ത് അവരുടെ കണ്ണീരൊട്ടുന്ന മുഖങ്ങളിലമർത്തി. യേശു കെട്ടുകൾ അഴിക്കപ്പെടുന്ന ലാസറിനെ അദ്ഭുത ത്തോടെ നോക്കിക്കൊണ്ട് അവരോട് പറഞ്ഞു: ഞാൻ പറഞ്ഞില്ലേ? അവൻ ഉറങ്ങുകയായിരുന്നു!

ക്രിസ്തുവിന്റെ പ്രവൃത്തികൾ മാനുഷികമായും അതോടൊപ്പം കബറടക്കിയ ലാസ്സറിനെ മരണത്തിൽ നിന്ന് വിളിച്ചെഴുന്നേൽപ്പിക്കുന്നതിനെ സാധാരണ ഒരു മനുഷ്യനു സാധ്യമല്ലാത്ത ക്രിസ്തുവിനു മാത്രം സാധ്യമാകുന്ന അത്ഭുത പ്രവൃത്തിയായിട്ടുമാണ് കഥാകൃത്തിവിടെ വിവരിക്കുന്നത്. ക്രിസ്തുവിന്റെ സംഭാഷണങ്ങൾ മാനുഷികവും എന്നാൽ അവന്റെ പ്രവൃത്തികൾ ദൈവികവുമായി സക്കറിയ കരുതുന്നു.

കോട്ടയം ജില്ലയിലെ പാലാക്കടുത്ത് ഉരുളിക്കുന്നത്താണ് സക്കറിയ ജനിച്ചത്. അപ്പൻ നാമമാത്ര ക്രിസ്ത്യാനിയും അമ്മയ്ക്ക് വിശ്വാസവും ഭക്തിയും പള്ളിയിൽ പോകുന്ന സ്വഭാവവും ഉണ്ടായിരുന്നു എന്ന് സക്കറിയ ഓർമ്മക്കുറിപ്പിൽ പറയുന്നുണ്ട്. മതപരമായ ഒരു അന്തരീക്ഷത്തിലാണ് ഞാൻ വളർന്നത്. അതായത് ഞാൻ ജനിച്ചു വളർന്ന മീനച്ചിൽ താലൂക്കിൽ ക്രൈസ്തവമതാന്തരീക്ഷം വളരെ ശക്തമാണ്. അക്കാലത്ത് പള്ളിയുടെ നിയമപ്രകാരം ഒരു ബാലന് സിദ്ധിക്കേണ്ട മതപരമായ ശിക്ഷണങ്ങൾ എനിക്കും ലഭിച്ചിട്ടുണ്ടെന്ന് സക്കറിയ തുറന്നുപറയുന്നുണ്ട്.

മൈസൂരിലെ സെന്റ് ഫിലോമിനാസ് കോളേജിൽ ബി.എ. ഇംഗ്ലീഷ് ലിറ്ററേച്ചറിന് പഠിക്കുമ്പോഴാണ് സക്കറിയക്ക് ബൈബിൾ പഠിക്കേണ്ടി വന്നത്. ഇംഗ്ലീഷ് ഭാഷയുടെ ചരിത്രവും വികാസവും പഠിക്കണമെങ്കിൽ ബൈബിൾ പഠിക്കേതുണ്ട്. അതിന്റെ ഫലമായി അന്ന് ബി.എ. ഇംഗ്ലീഷ് സാഹിത്യ സിലബസ്സിന്റെ ഭാഗമാണ് ബൈബിൾ. ഭാഷാ പഠനത്തിന്റെ ഭാഗമായിട്ടാണ് അദ്ദേഹത്തിന് ബൈബിൾ പഠിക്കേണ്ടിവന്നതെങ്കിലും വിമർശനാത്മകമായി അതിനെ സമീപിക്കുവാൻ അദ്ദേഹത്തിനായി. പിന്നീട് ജീസസ്: സൺ ഓഫ് മാൻ എന്ന ജിബ്രാൻ കൃതിയിലൂടെയാണ് യേശുവിനെ മനുഷ്യനായി സക്കറിയ ആദ്യം പരിചയപ്പെടുന്നത്. അതോടൊപ്പം ക്രിസ്തുവിനെ മനുഷ്യനായി പുനർവിഭാവനം ചെയ്ത നിക്കോസ് കസൻദ് സാക്കിസിനെയും വായിക്കുകയും റോബർട്ട് ഇംഗർ സോളിനെയും ബെർട്രാൻഡ് റസ്സലിനെയും പോലുള്ള യുക്തിചിന്തകരെ മറ്റൊരു വശത്തും വായിച്ചു കഴിഞ്ഞിരുന്നു. ഇങ്ങനെയാണ് യേശു എങ്കിൽ ആ യേശുവിനെ ബൈബിളിലും ഉണ്ടായിരിക്കണമല്ലോ അങ്ങനെയാണ് ബൈബിളിൽ ഞാൻ യഥാർത്ഥ യേശുവിനെ തിരഞ്ഞു തുടങ്ങിയത് എന്ന് സക്കറിയ അഭിപ്രായപ്പെടുന്നു. ഇതരത്തിലുള്ള സക്കറിയയുടെ വായനയാണ് ബൈബിളുമായിട്ടുള്ള അഭേദ്യ ബന്ധത്തിലേക്ക് അദ്ദേഹത്തെ നയിച്ചത്. ക്രിസ്തുവിൽ നിന്നും ബൈബിളിൽ നിന്നും വിട്ടുപോരാനാകാത്ത എന്തോ ഒന്ന് സക്കറിയയിൽ രൂഢമൂലമായി കിടക്കുന്നുണ്ട്. അതുകൊണ്ടാണ് അദ്ദേഹം വീണ്ടും വീണ്ടും ബൈബിൾ സന്ദർഭങ്ങളെയും

ബൈബിൾ കഥാപാത്രങ്ങളെയും അധികരിച്ചുകൊണ്ട് ആഖ്യാനം നടത്തുന്നത്.

**സഹായകഗ്രന്ഥങ്ങൾ**


1. ജോൺ എം.എസ്., വേദപുസ്തക വിജ്ഞാനസംഗ്രഹം, സി. എസ്. എസ്, തിരുവല്ല 2014
2. പോൾ മണലിൽ, ക്രിസ്തുദർശനം മലയാള സാഹിത്യത്തിൽ, എഡി: സി. എസ്. എസ്, തിരുവല്ല, 2019
3. റോസി തമ്പി, ബൈബിളും മലയാളവും സി. എസ്. എസ്, തിരുവല്ല. 2009
4. സക്കറിയ, സക്കറിയയുടെ കഥകൾ, ഡി.സി. ബുക്സ്, കോട്ടയം. 2017
5. സക്കറിയ, പറക്കും സ്ത്രീ, ഡി.സി. ബുക്സ്, കോട്ടയം. 2023
6. സക്കറിയ, സംസാരങ്ങൾ, കറന്റ് ബുക്സ്, തൃശ്ശൂർ. 2011
7. സക്കറിയ, എഴുത്തുകാരന് പറയാനുള്ളത്, ഗ്രീൻ ബുക്സ്, തൃശ്ശൂർ. 2017

**ഭാഷാസാഹിതിയിലേക്ക് അയയ്ക്കുന്ന പ്രബന്ധങ്ങളിൽ ഘടനാപരമായി പാലിക്കേണ്ട കാര്യങ്ങൾ**

1. പ്രബന്ധഭാഷ ഋജുവും യുക്തിഭദ്രവും ആശയവ്യക്തതയുള്ളതും തലക്കെട്ടിനോട് നീതി പുലർത്തുന്നതുമായിരിക്കണം.
2. ലേഖനഭാഷ വിഷയാനുസൃതവും യുക്തിബദ്ധവും വ്യക്തതയുള്ള തുമായിരിക്കണം.
3. ഗവേഷണരീതിശാസ്ത്രം ഉപയോഗിച്ച് എഴുതുന്ന പഠനലേഖനങ്ങൾ മാത്രമാണ് ഭാഷാസാഹിതിയിൽ പ്രസിദ്ധീകരിക്കുക.
4. പ്രബന്ധങ്ങൾ പരിശോധനാസമിതിക്ക് അയച്ച് കൊടുക്കേണ്ടതിനാൽ ശീർഷകം, എഴുതുന്നയാളുടെ പേര്, വിലാസം എന്നിവ പ്രത്യേകം പേജിൽ അയച്ചു തരേണ്ടതാണ്. പ്രബന്ധം എഴുതുന്ന പേജിൽ അവ ആവർത്തിക്കുകയുമരുത്.
5. പേജ്മേക്കറിലോ (Pagemaker) വേഡിലോ (Word) MLTT-Revathi എന്ന ഫോണ്ടിലാണ് ലേഖനം ടൈപ്പു ചെയ്യേണ്ടത്. (കേരളസർവകലാശാലയുടെ പ്രസ്സിൽ യൂണിക്കോട് നടപ്പാക്കുമ്പോൾ ഇതിനു മാറ്റം വരും. അത്തരം മാറ്റങ്ങൾ തീർച്ചയായും അറിയിക്കുന്നതാണ്.) ഇംഗ്ലീഷ് വാക്കുകളോ വാക്യങ്ങളോ ഉണ്ടെങ്കിൽ എന്ന calibri ഫോണ്ടിൽ ടൈപ്പു ചെയ്യണം.
6. ലേഖനത്തിനുള്ളിലെ ഉപശീർഷകങ്ങൾ ഇടതുമാർജിൻ ചേർത്തെഴുതണം. അവ തടിച്ച ലിപിയിൽ (bold letters) ആയിരിക്കണം. എന്നാൽ, വ്യത്യസ്തഫോണ്ടുപയോഗിക്കുകയോ ഫോണ്ടിന്റെ വലുപ്പം കൂട്ടുകയോ ചെയ്യേണ്ടതില്ല.
7. ഫോണ്ടിന്റെ വലുപ്പം 13 ആയിരിക്കണം.
8. വരികൾ തമ്മിൽ 1.5 അകലം ഉടനീളമുണ്ടായിരിക്കണം.
9. A4 കടലാസിന്റെ നാലുവശത്തും 2 സെന്റീമീറ്റർ മാർജിൻ നൽകണം.
10. ലേഖനത്തിന്റെ തുടക്കത്തിൽ, ഏതാനും വാക്യങ്ങളിൽ, മുഖ്യ ആശയം സംഗ്രഹം എന്ന ഉപശീർഷകത്തിൽ നൽകണം.
11. സംഗ്രഹത്തെ തുടർന്ന് താക്കോൽവാക്കുകൾ (Key words) ഏതൊക്കെയെന്ന് എഴുതണം.
12. ഉദ്ധരണികളുടെയും മറ്റും സൂചന അതതിടങ്ങളിൽ ഉദ്ധരണിക്കു പിന്നാലെ ബ്രായ്ക്കറ്റിൽ നൽകാം. അവ ഗ്രന്ഥകർത്താവ്, ഗ്രന്ഥത്തിന്റെ പേര്, പുറം എന്ന രീതിയിലാകണം.

13. പ്രബന്ധത്തിന്റെ അവസാനമാകണം വിശദീകരണക്കുറിപ്പുകൾ, ഗ്രന്ഥസൂചി, ഓൺലൈൻ വിവരങ്ങൾ എന്നിവ ക്രമത്തിൽ നൽകേണ്ടത്.
14. ഗ്രന്ഥസൂചി തയ്യാറാക്കേണ്ടത് MLA Style Sheet രീതിയിലാകണം. (A-B-P-P-Y)
15. പേജ്നമ്പർ എല്ലാപ്പുറത്തിലും മുകളിൽ വലതുവശത്തായിരിക്കണം.
16. ഗവേഷണരീതിശാസ്ത്രം ഉപയോഗിച്ച് എഴുതുന്ന പഠനലേഖനങ്ങൾ മാത്രമാണ് ഭാഷാസാഹിതിയിൽ പ്രസിദ്ധീകരിക്കുക.
17. മറ്റെവിടെയെങ്കിലും പ്രസിദ്ധീകരിച്ച പ്രബന്ധങ്ങൾ ഭാഷാസാഹിതിയിലേക്ക് അയയ്ക്കാൻ പാടില്ല.
18. പ്രസിദ്ധീകരണത്തിനായി തെരഞ്ഞെടുത്തവ മറ്റ് പ്രസിദ്ധീകരണങ്ങളിലോ സമാഹാരങ്ങളിലോ അയയ്ക്കാനും പാടില്ല.
19. ഒടുവിൽ പറഞ്ഞ നിർദ്ദേശങ്ങൾ ഉറപ്പുവരുത്തിക്കൊണ്ടുള്ള സമ്മതപത്രവും പ്രബന്ധത്തോടൊപ്പം അയയ്ക്കേണ്ടതാണ്.

**അയയ്ക്കേണ്ടരീതി**

- ♦ പ്രബന്ധത്തിന്റെ രണ്ടു കോപ്പി അയയ്ക്കണം
- ♦ ഒരു സോഫ്റ്റ് കോപ്പി (Soft copy) bhaashaasaahithi@ kerala university.ac.in എന്ന ഇ-മെയിലിലേക്കും ടൈപ്പു ചെയ്തു പ്രിന്റെടുത്ത മറ്റൊരു കോപ്പി (Hard copy) Hod, Dept. of Malayalam, University of Kerala, Kariavattom, Thiruvananthapuram. Pin : 695581 എന്ന മേൽവിലാസത്തിലേക്കുമാണ് അയയ്ക്കേണ്ടത്.

**പ്രബന്ധം പ്രസിദ്ധീകരിക്കുന്നത്**

ഓരോ പ്രബന്ധവും പരിശോധകസമിതിയിലെ പണ്ഡിതരെക്കൊണ്ടു പരിശോധിപ്പിച്ചശേഷമുള്ള നിർദ്ദേശത്തിനനുസരിച്ചായിരിക്കും പ്രസിദ്ധീകരണത്തിനു സ്വീകരിക്കുന്നത്.

കാര്യവട്ടം
09-04-2025

**പ്രൊഫ. സീമാ ജെറോം**
വകുപ്പദ്ധ്യക്ഷ
(പത്രാധിപർ, ഭാഷാസാഹിതി)
മലയാളവിഭാഗം, കേരളസർവകലാശാല

## ഭാഷാസാഹിതി

## തപാലിൽ ലഭിക്കാൻ

ഭാഷാസാഹിതി തപാലിൽ ലഭിക്കാൻ വാർഷിക വരിസംഖ്യയായ 400 രൂപയ്ക്കൊപ്പം 4 പ്രവാശ്യത്തെ തപാൽ ചാർജ്ജായ 200 രൂപകൂടി ഉൾപ്പെടുത്തി 600 രൂപ (ഒറ്റക്കോപ്പിയാണെങ്കിൽ 100 രൂപയും തപാൽ ചാർജ്ജും ഉൾപ്പെടെ 150 രൂപ) HoD, Malayalam Department എന്നപേരിൽ PD അക്കൗണ്ടിലേക്ക് (Account No. 57007266575 IFSCode: SBIN 0070043) അയയ്ക്കുകയും അതിന്റെ രേഖ malayalam@keralauniversity.ac.in എന്ന മെയിൽ ഐഡിയി ലേക്ക് അയക്കുകയും ചെയ്താൽമതി. മല യാളവിഭാഗത്തിൽനിന്നും പാളയത്തെ സെയിൽസ് എമ്പോറിയത്തിൽനിന്നും കോപ്പികൾ നേരിട്ടു വാ ങ്ങാവുന്നതാണ്. നേരിട്ടു വാങ്ങുകയാണെങ്കിൽ ഒറ്റ പ്രതിക്ക് 100 രൂപ, വാർഷികവരിസംഖ്യ 400 രൂപ.

**BHAASHAASAAHITHI**
Peer Reviewed Journal of Research and
Literary Studies in Malayalam

**Vol. 47, No.4 (192)**
**2024 October - December**

Published four times a year
Annual Subscription Rupees 400/-
Single copy Rupees 100/-

Edited printed and published by
Prof. (Dr.) Seema Jerome
Head of the Department of Malayalam
University of Kerala at the
Kerala University Press,
Palayam, Thiruvananthapuram

Editorial and business communications
should be address to the

**Professor and Head**
Department of Malayalam
University of Kerala, Kariavattom
Thiruvananthapuram - 695581

Design: Godfrey Das